www.malankaralibrary.com

സീറോമലബാർസഭയുടെ കുർബാന



റാസക്രമം

www.malankaralibrary.com

© All Rights reserved to the
Syro-Malabar Bishops' Synod

Imprimatur

Mount St. Thomas
15 August 2021

✠ **Mar George Cardinal Alencherry**
Major Archbishop of the
Syro-Malabar Church

✠ **Bishop Thomas Elavanal MCBS**
Bishop of Kalyan
Chairman
Syro-Malabar Major Archiepiscopal
Commission for Liturgy

Published by

Secretariat, Commission for Liturgy
Major Archiepiscopal Curia
Mount St. Thomas, P.B. No. 3110
Kakkanad P.O., Kochi - 682 030
India
Ph : (+91) 0484 - 2426235, 9446477924

Printed at

St. Joseph Orphanage Press
Changanacherry

www.malankaralibrary.com

To the Bishops, Clergy, Religious and Laity
of the Syro-Malabar Church

Dear Brothers and Sisters in Christ,

The Holy See regards with special approval and encouragement the agreement unanimously reached by the Synod of Bishops of the Syro-Malabar Church in 1999 - and repeatedly endorsed in subsequent years - for a uniform mode of celebrating the Holy *Qurbana*, considering this an important step towards increasing stability and ecclesial communion within the whole body of your beloved Church. The concerted efforts towards applying this auspicious development in the great Jubilee Year 2000 gave joyful confidence in your *sui iuris* Church to my saintly predecessor Pope John Paul II.

Notwithstanding some difficulties, which require ongoing discernment in the life of your vibrant Church, the approved norms for the Eucharistic celebration have borne considerable fruit including evangelization in those places, especially the missionary Eparchies, where the whole community has joined in peaceful and prayerful observance, interpreting the continuing consensus of the Hierarchy as a fruit of the Holy Spirit.

www.malankaralibrary.com

I strongly urge the Syro-Malabar Bishops to persevere, and I confirm their ecclesial "walking together" with God's people, trusting that "time is greater than space" (cf. *Evangelii Gaudium*, 222-225) and that "unity prevails over conflict" (cf. *ibid*, 226-230).

I willingly take the occasion of the recognition of the new *Raza Qurbana Taksa* to exhort all the clergy, religious and lay faithful to proceed to a prompt implementation of the uniform mode of celebrating the Holy *Qurbana*, for the greater good and unity of your Church. May the Holy Spirit foster harmony, fraternity and unity among all members of your Church as you work to implement the Synodal decision.

Entrusting all of you to the intercession of the Blessed Virgin Mary, the Holy Patriarch Saint Joseph and the Apostle Saint Thomas, I gladly impart my Apostolic Blessing. I assure you of my closeness in prayer and ask you, please, to pray for me.

Francis

Rome, Saint John Lateran, 3 July 2021

www.malankaralibrary.com

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

Prot. N. 248/2004

June 9, 2021

Your Beatitude,

This Congregation has attentively reviewed the modifications and revisions of the text of the Holy *Qurbana*, unanimously approved by the Synod of Bishops of the Syro-Malabar Church, in accordance with canon 657 §1 *CCEO*.

The Dicastery gladly grants the *recognitio* to the Malayalam *Raza Qurbana Taksa*, hoping that the venerable Syro-Malabar Church may be for all others an exemplary witness of ecclesial unity, supremely expressed in the worthy and faithful celebration of the Holy Eucharist.

In particular, the Apostolic See enthusiastically anticipates great spiritual fruit from the fact that the new *editio typica* will coincide with implementation of the uniform mode of celebration for the Divine Liturgy in your Rite, whether in its simple, solemn or most solemn (*Raza*) form: as unanimously decided by Synod of Bishops in November 1999 and recently reconfirmed in January 2020, the celebrant shall face the faithful at the *Bema* during the Liturgy of the Word, turn towards the Altar - in the same direction that the faithful are facing - for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion.

This Congregation trusts that the people of God will abide by the decision of the Synod, and expects a cohesive commitment from every Bishop and priest of your Church *sui iuris*, both collegially and individually.

Expressing my closeness to the whole Syro-Malabar Church, I remain, with fraternal regards,

Sincerely yours in Christ,

Leonardo Card. Sandri
Prefect

Giorgio Demetrio Gallaro
Archbishop Secretary

www.malankaralibrary.com

www.malankaralibrary.com

Prot. No. 0775/2021

DECREE

After due consultation and deliberation in the forums concerned, with the approval of the Synod of Bishops of the Syro-Malabar Church in the First Session of XXVIII Synod (2020) and after having obtained the *recognitio* of the Congregation for the Oriental Churches (Prot. N. 248/2004, dated 09 June 2021), the undersigned, Cardinal George Alencherry, the Major Archbishop of the Syro-Malabar Church, hereby promulgates the definitive *Taksa* of the *Raza*, Solemn and Simple forms of the Holy *Qurbana* in Malayalam to be effective from 28 November 2021 (First Sunday of the Season of Annunciation), as per the decision of the Second Session of the XXIX Synod (2021). It is further decreed that all other texts in Malayalam hitherto in use for the celebration of the Holy *Qurbana* stand abrogated from the date of promulgation of the new *Taksa*.

I am privileged to place on record immense gratitude to His Holiness Pope Francis for his Apostolic Letter, signed on 03 July 2021, addressed to the Bishops, Clergy, Religious and Laity of the Syro-Malabar Church, affirming the unanimous decision of the Synod of Bishops of the Syro-Malabar Church in 1999 for a uniform mode of celebrating the Holy *Qurbana*, repeatedly endorsed in subsequent years, and exhorting its prompt implementation on the occasion of recognition of the new *Raza Qurbana Taksa*, for the greater good and unity of the Church.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 08 September 2021, Feast of the Nativity of Blessed Virgin Mary.

Cardinal George Alencherry
Major Archbishop of the Syro-Malabar Church

www.malankaralibrary.com

Prot. No. 1508/2021

15 ആഗസ്റ്റ് 2021

പ്രസ്താവന

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ വിശ്വാസപൈതൃകത്തിലും പൗരസ്ത്യസുറിയാനിപാരമ്പര്യത്തിലുമുള്ളതാണ് സീറോമലബാർ സഭയുടെ കുർബാന. നിലവിലുണ്ടായിരുന്ന നമ്മുടെ കുർബാനക്രമത്തിൽ 1599 ലെ ഉദയംപേരൂർ സൂനഹദോസ് സാരമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. അതിനുശേഷവും കാലാകാലങ്ങളിൽ ആവശ്യകമായ മാറ്റങ്ങൾ കുർബാനതക്സയിൽ വരുത്തിയിട്ടുണ്ട്. 1962 ൽ പുനരുദ്ധരിച്ചു മലയാളത്തിൽ പ്രസിദ്ധീകരിച്ച കുർബാനക്രമം 1968 ൽ ഏതാനും ഭേദഗതികളോടെ നവീകരിക്കുകയും പരീക്ഷണാർഥം ഉപയോഗിക്കാൻ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിൽനിന്ന് അനുവാദം ലഭിക്കുകയും ചെയ്തു. നമ്മുടെ തക്സയിൽ വേണ്ട മാറ്റങ്ങൾ വരുത്തി കുർബാനക്രമം പ്രസിദ്ധീകരിക്കാൻ 1980 ൽ പൗരസ്ത്യതിരുസംഘം ആവശ്യപ്പെട്ടു. അതിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ തക്സയ്ക്ക് 1985 ഡിസംബർ 19-ാം തീയതി പൗരസ്ത്യതിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയും 1986 ഫെബ്രുവരി 8-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്ത് അൽഫോൻസാമ്മയെയും ചാവറയച്ചനെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുന്ന കർമങ്ങളോടനുബന്ധിച്ചു റാസ കുർബാനയർപ്പിച്ച് ഔദ്യോഗികമായി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ആഘോഷപൂർവകമായ ക്രമത്തിനും സാധാരണക്രമത്തിനും 1989 ഏപ്രിൽ 3-ാം തീയതി പൗരസ്ത്യതിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. അഞ്ചുവർഷത്തിനുള്ളിൽ ഈ കുർബാന തക്സയിൽ മാറ്റങ്ങൾ വരുത്തരുതെന്ന് നിർദേശമുണ്ടായിരുന്നു.

വിശുദ്ധ കുർബാന ഏകീകൃതരൂപത്തിൽ അർപ്പിക്കാനുള്ള 1999 ലെ സീറോ മലബാർ സിനഡിന്റെ തീരുമാനം ഇപ്രകാരമായിരുന്നു: 'വിശുദ്ധകുർബാനയുടെ ആരംഭംമുതൽ അനാഫൊറവരെയുള്ള ഭാഗം ജനാഭിമുഖമായും, അനാഫൊറ മുതൽ വിശുദ്ധകുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗം അൾത്താരാഭിമുഖമായും, വിശുദ്ധ കുർബാനസ്വീകരണത്തിനുശേഷമുള്ള ഭാഗം ജനാഭിമുഖമായും നടത്തേണ്ടതാണ്' (VII Synod, 14-20 November, 1999). ഈ തീരുമാനത്തിന് 1999 ഡിസംബർ 17-ാം തീയതി ചില നിർദേശങ്ങളോടുകൂടെ പൗരസ്ത്യതിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയും ഇത് 2000 ജൂലൈ 3-ാം തീയതി നടപ്പിലാക്കുകയും ചെയ്തു. എല്ലാ രൂപതകളും ഈ തീരുമാനം നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് 2009 ആഗസ്റ്റിലെ സിനഡ് ഓർമിപ്പിച്ചു.

2013 ആഗസ്റ്റ് മാസത്തിലെ സിനഡ് വിശുദ്ധ കുർബാനയുടെ നവീകരണവുമായി മുന്നോട്ടുപോകാൻ ലിറ്റർജി കമ്മീഷനോടു നിർദേശിച്ചു. 2014 ജനുവരിയിലെ സിനഡ് എല്ലാ മെത്രാന്മാരോടും നവീകരണം സംബന്ധിച്ച നിർദേശങ്ങൾ ലിറ്റർജി കമ്മീഷനെ അറിയിക്കാൻ ആവശ്യപ്പെട്ടു. ലഭിച്ച നിർദേശങ്ങളെല്ലാം ലിറ്റർജി

www.malankaralibrary.com

കമ്മീഷൻ ക്രോഡീകരിച്ച് 2015 ആഗസ്റ്റിലെ സിനഡിൽ അവതരിപ്പിച്ചു. കുർബാന തക്സയുടെ നവീകരണത്തെ സംബന്ധിച്ച് എല്ലാ രൂപതകളിലെയും വൈദികരുടെ പ്രതിനിധികളും സന്ന്യസ്ത, അല്മായ പ്രതിനിധികളും ദൈവശാസ്ത്ര, ആരാധനക്രമ പണ്ഡിതരും ഉൾക്കൊള്ളുന്ന സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി ചർച്ചചെയ്ത് അഭിപ്രായങ്ങൾ സമർപ്പിക്കുകയുണ്ടായി. 2017 ജനുവരിയിലെ സിനഡ് ആവശ്യപ്പെട്ടതനുസരിച്ച് സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി വീണ്ടും ചർച്ചചെയ്ത് അഭിപ്രായങ്ങൾ സമാഹരിച്ചു. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഒരു ഡ്രാഫ്റ്റ് 2017 ആഗസ്റ്റിലെ സിനഡിൽ അവതരിപ്പിച്ചു. സിനഡിൽനിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി ഡ്രാഫ്റ്റിൽ വേണ്ട മാറ്റങ്ങൾ വരുത്തി. ഇങ്ങനെ നവീകരിച്ച ഡ്രാഫ്റ്റ് 2019 ജനുവരിയിലെ സിനഡിൽ അവതരിപ്പിച്ചു പഠനവിധേയമാക്കി. സിനഡിൽനിന്നു ലഭിച്ച നിർദേശങ്ങൾകൂടി ഉൾപ്പെടുത്തി സ്പെഷ്യൽ കമ്മറ്റി ഡ്രാഫ്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി. വീണ്ടും എന്തെങ്കിലും നിർദേശങ്ങളുണ്ടെങ്കിൽ അവ നല്കാനായി ഈ ഡ്രാഫ്റ്റ് എല്ലാ മെത്രാന്മാർക്കും അയച്ചുകൊടുത്തു. ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി ആവശ്യമായ തിരുത്തലുകൾ ഡ്രാഫ്റ്റിൽ വരുത്തുകയുണ്ടായി.

ഇതുവരെയുള്ള പഠനങ്ങളുടെയും നിർദേശങ്ങളുടെയും വെളിച്ചത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയ ഡ്രാഫ്റ്റ് 2020 ജനുവരിയിലെ സിനഡിൽ അവതരിപ്പിച്ചു. സിനഡ് ചില ഭേദഗതികളോടെ ഡ്രാഫ്റ്റ് അംഗീകരിക്കുകയും, പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള അംഗീകാരത്തിനായി കുർബാനതക്സ അയയ്ക്കാൻ നിർദേശിക്കുകയും ചെയ്തു. വീണ്ടും മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ കൂടി കുർബാനതക്സ അന്തിമമായി പരിശോധിച്ചു. അതിനുശേഷം, 2020 ജൂലൈ 10-ാം തീയതി പരിശുദ്ധസിംഹാസനത്തിന്റെ അംഗീകാരത്തിനായി കുർബാനതക്സ മേജർ ആർച്ചുബിഷപ്പ് അയച്ചുകൊടുത്തു. ഇതിനു മറുപടിയായി, പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കോൺഗ്രിഗേഷൻ കുർബാനതക്സ അംഗീകരിച്ചു കല്പന പുറപ്പെടുവിച്ചു (Prot. N. 248/2004, June 9, 2021). ഏകീകൃതരൂപത്തിൽ കുർബാന അർപ്പിക്കാനുള്ള 1999 ലെ സിനഡുതീരുമാനവും നവീകരിച്ച കുർബാനക്രമവും താമസംവിനാ നടപ്പിലാക്കണമെന്ന് സീറോമലബാർ സഭാസമൂഹത്തോട് ആഹ്വാനംചെയ്തുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ 2021 ജൂലൈ 3-ാം തീയതി മേജർ ആർച്ചുബിഷപ്പിനു കത്തയച്ചു.

പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കോൺഗ്രിഗേഷന്റെ നിർദേശപ്രകാരവും സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ കല്പനപ്രകാരവും റാസകുർബാനയുടെ തക്സയും ആഘോഷപൂർവകമായ കുർബാനയുടെയും സാധാരണകുർബാനയുടെയും തക്സയും പ്രസിദ്ധീകരിക്കുന്നു.

+ ബിഷപ്പ് തോമസ് ഇലവനാൽ
ചെയർമാൻ
സീറോമലബാർസഭ ആരാധനക്രമകമ്മീഷൻ

പരിശുദ്ധ കന്യകാമറിയത്തിന്റെ
സ്വർഗാരോപണത്തിരുനാൾ, 2021

www.malankaralibrary.com

സീറോമലബാർസഭയുടെ കുർബാനക്രമത്തെ സംബന്ധിക്കുന്ന പൊതുനിർദ്ദേശങ്ങൾ

1. നമ്മുടെ കുർബാനയ്ക്കു മൂന്നു രൂപങ്ങളാണുള്ളത്: ഏറ്റവും ആഘോഷപൂർവകമായ കുർബാന (Most Solemn Form = റാസ [Raza]), ആഘോഷപൂർവകമായ കുർബാന (Solemn Form), സാധാരണകുർബാന (Simple Form). ആഘോഷഘടകങ്ങളുടെ കൂടുതൽ കുറവാണ് ഈ രൂപഭേദങ്ങൾക്ക് അടിസ്ഥാനം.

2. ആഘോഷപൂർവകമായ കുർബാനയിൽ റാസയുടെ ചില ഘടകങ്ങൾ സന്ദർഭോചിതമായി കൂട്ടിച്ചേർക്കാവുന്നതാണ്. അപ്രകാരംതന്നെ, സാധാരണകുർബാനയിൽ ആഘോഷപൂർവകമായ കുർബാനയുടെയും റാസയുടെയും ഘടകങ്ങളും ചേർക്കാം.

3. റാസയിലും ആഘോഷപൂർവകമായ കുർബാനയിലും ഗാനാത്മകതയും ധൂപാർപ്പണവും നിർബന്ധമാണ്. ഇവ സാധാരണകുർബാനയിലും അഭിലഷണീയമാണ്.

4. ഞായറാഴ്ചകളിലും തിരുനാളുകളിലും പ്രധാനകുർബാനയെങ്കിലും സാഘോഷം അർപ്പിക്കണം.

5. ദൈവാലയത്തിന് സമൂഹവേദി (ഹൈക്കല), ഗായകവേദി (കെസ്ത്രോമ്മ), ബലിവേദി (മദ്ബഹ) എന്നീ മൂന്നു ഭാഗങ്ങൾ ഉണ്ട്. ഗായകവേദി സമൂഹവേദിയിൽനിന്ന് ഒരു പടിയും ബലിവേദി ഗായകവേദിയിൽനിന്നു മൂന്നു പടികളും ഉയർന്നു സ്ഥിതിചെയ്യുന്നു. ബലിവേദിക്കും ഗായകവേദിക്കും ഇടയ്ക്കാണ് മദ്ബഹവിരി. വിരിയിടുന്നത് കുർബാനയുടെ തുടക്കംമുതൽ 'സകലത്തിന്റെയും നാഥാ ...' എന്ന പ്രാർഥനയുടെ ആരംഭംവരെയും സുവിശേഷവായനയ്ക്കുശേഷമുള്ള കാറോസൂസയുടെ സമയത്തും കർത്താവിന്റെ തിരുനാളുകളിൽ, കുർബാനസ്വീകരണത്തിനു മുമ്പുള്ള പ്രത്യേക ഗീതത്തിന്റെ (ദ്ഹീലത്ത്) സമയത്തും ആണ്. ആഘോഷപൂർവകമായ കുർബാനയിലും സാധാരണകുർബാനയിലും വിരി ഉപയോഗിക്കണമോ എന്നു തീരുമാനിക്കേണ്ടതു രൂപതാധ്യക്ഷനാണ്.

www.malankaralibrary.com

6. വചനശുശ്രൂഷയ്ക്കായി ബലിപീഠത്തിൽനിന്നു വ്യത്യസ്തമായ ഒരു വേദി (ബേമ്മ = വചനവേദി) ഉണ്ടായിരിക്കണം. സമൂഹവേദിയുടെ മധ്യത്തിലാണ് അതു സ്ഥാപിക്കുക. അതു ഗായകവേദിയിലും സജ്ജമാക്കാവുന്നതാണ്. വചനവേദിയിൽ സുവിശേഷഗ്രന്ഥം, പ്രദക്ഷിണത്തിനുപയോഗിക്കുന്ന സ്ലീവ, തിരിക്കാലുകൾ എന്നിവ വയ്ക്കാൻ ഒരു മേശയും (വചനപീഠം) വായനകൾക്കുള്ള പീഠങ്ങളും (പ്രഘോഷണപീഠങ്ങൾ) കാർമികർക്കും ശുശ്രൂഷികൾക്കുമുള്ള ഇരിപ്പിടങ്ങളും ഉണ്ടായിരിക്കണം.

7. വിശുദ്ധകുർബാനയർപ്പണക്രമം ഇപ്രകാരമാണ്: കുർബാനയുടെ ആരംഭംമുതൽ മദ്ബഹാപ്രവേശനപ്രാർഥനവരെയുള്ള ഭാഗം ജനാഭിമുഖമായും, കൂദാശക്രമ (അനാഫൊറ) ഭാഗത്തിന്റെ ആരംഭംമുതൽ വിശുദ്ധകുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗം ബലിപീഠത്തിന് അഭിമുഖമായും, വിശുദ്ധകുർബാനസ്വീകരണത്തിനുശേഷമുള്ള ഭാഗം ജനാഭിമുഖമായും അർപ്പിക്കുന്നു.

8. ബലിപീഠത്തിലേക്കു നോക്കിനില്ക്കുന്ന ആരാധനാസമൂഹത്തിന്റെ 'വലത്ത്', 'ഇടത്ത്' എന്ന അർഥത്തിലാണ് ഈ കുർബാന പുസ്തകത്തിലെ (തക്സയിലെ) ക്രമവിധികളിൽ 'വലത്ത്', 'ഇടത്ത്' എന്നീ പ്രയോഗങ്ങൾ മനസ്സിലാക്കേണ്ടത്.

9. മദ്ബഹയുടെ കിഴക്കുഭാഗത്താണ് ബലിപീഠം (ദൈവാലയത്തിന്റെ ദർശനം പടിഞ്ഞാറോട്ട് എന്നാണ് സങ്കല്പം). ബലിപീഠത്തിൽ ഇടത്തുഭാഗത്തു സുവിശേഷഗ്രന്ഥം വയ്ക്കുന്നു. ബലിയർപ്പണത്തിന് ആവശ്യകമായ വസ്തുക്കൾ മാത്രമേ ബലിപീഠത്തിന്മേൽ വയ്ക്കാവൂ. തിരികൾ, പൂക്കൾ മുതലായവ ബലിപീഠത്തിന്മേലല്ല വയ്ക്കുക.

10. മദ്ബഹയിൽ ഇരുവശത്തുമായി രണ്ടു ഉപപീഠങ്ങൾ (ബേസ്ഗസ്സ) ഉണ്ടായിരിക്കണം. ഇടത്തുവശത്തെ ബേസ്ഗസ്സയിൽ അപ്പവും വലത്തുവശത്തേതിൽ വീഞ്ഞും തയ്യാറാക്കുന്നു. ഇടത്തുവശത്തെ ബേസ്ഗസ്സയിൽ കൈകഴുകാൻ വെള്ളവും തുടയ്ക്കാൻ തൂവാലയും വച്ചിരിക്കണം.

11. കാർമികനും സഹകാർമികരും കൊത്തീന, സൂനാറ, ഊറാറ, സന്ദേ, പൈന എന്നിവയും മ്ശംശാനമാരും (ഡീക്കന്മാർ) ഹെവ്പദ്യാക്ക്നമാരും (സബ്ഡീക്കന്മാർ) കൊത്തീന, സൂനാറ, ഊറാറ എന്നിവയും കാറോയപ്പട്ടം സ്വീകരിച്ചിട്ടുള്ളവരും സഹായികളും കൊത്തീന, സൂനാറ എന്നിവയും ധരിക്കുന്നു.

www.malankaralibrary.com

12. മ്ശംശാനമാരുടെ അഭാവത്തിൽ, അവരുടെ സ്ഥാനം ഹെവ്പ ദ്യാക്ക്ന, കാറോയ എന്നീ പട്ടമുള്ളവർക്കു വഹിക്കാവുന്നതാണ്. എന്നാൽ ചില കർമങ്ങളും ശുശ്രൂഷകളും അവയുടെ സ്വഭാവ ത്താൽത്തന്നെ മ്ശംശാനപ്പട്ടമുള്ളവർക്കു മാത്രമായി മാറ്റിവച്ചു പോരുന്നതാണ്. ഹെവ്പദ്യാക്ക്ന, കാറോയ എന്നീ പട്ടമുള്ളവർ അവ നിർവഹിക്കാൻ പാടില്ല. ഉദാ. ദിവ്യരഹസ്യങ്ങൾ ഒരുക്കി ബലിപീഠത്തിലേക്കു സംവഹിക്കുന്നത്. വിശുദ്ധ കുർബാന നല്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന അസാധാരണശുശ്രൂഷികളും (Extra-ordinary ministers) ഇടവകവികാരിയുടെ നിർദേശാനുസരണം വിശുദ്ധ കുർബാന നല്കുന്നു. എന്നാൽ മ്ശംശാനമാർക്കു മാത്രമേ കാസയിൽനിന്നു തിരുരക്തം സ്വീകരിക്കാൻ അനുവാദമുള്ളൂ.

13. ജനങ്ങൾക്ക് അഭിമുഖമായിനിന്നു ചൊല്ലാൻ നിർദേശിച്ചിരി ക്കുന്ന കാറോസൂസകൾ ഒഴികേ മറ്റു നിർദേശങ്ങൾ നല്കുമ്പോൾ മ്ശംശാന ബലിപീഠത്തിന്നഭിമുഖമായാണോ ജനങ്ങൾക്കഭിമുഖ മായാണോ നില്ക്കേണ്ടതെന്നു രൂപതാധ്യക്ഷനാണു തീരുമാനിക്കു ന്നത്.

14. കൈവിരിച്ചു പ്രാർഥിക്കുമ്പോൾ കൈകൾ ശിരസ്സിനു മുകളിൽ വരാതെയും കൈമുട്ടുകൾ ദേഹത്തുതൊടാതെയും ഉള്ളംകൈ കൾ മുകളിലേക്കു തുറന്നും പിടിക്കണം.

15. കാർമികൻ തന്റെമേൽത്തന്നെ കുരിശു വരയ്ക്കുമ്പോൾ താഴെ പ്പറയുന്ന ക്രമം പാലിക്കണം: വലത്തുകൈ ശിരസ്സിനു മുകളിൽ കാണത്തക്കവിധം ഉയർത്തി ഉള്ളംകൈ നെറ്റിയിൽ വയ്ക്കണം. 'ഇപ്പോഴും' എന്നു ചൊല്ലുമ്പോൾ കൈ നെഞ്ചിനു താഴെവരെ താഴ്ത്തുകയും 'എപ്പോഴും' എന്നു ചൊല്ലുമ്പോൾ വലത്തെത്തോൾ വരെയും 'എന്നേക്കും' എന്നു ചൊല്ലുമ്പോൾ ഇടത്തെത്തോൾവരെയും കൊണ്ടുവരുകയും ചെയ്യണം.

16. തിരുക്കർമങ്ങളിൽ സജീവമായി പങ്കെടുക്കാൻ ഗായകസംഘം സമൂഹത്തെ സഹായിക്കുന്നു. മദ്ബഹയിലുള്ളവരും ഗായക സംഘവും മാറിമാറി ആലപിക്കുന്ന അവസരങ്ങളിൽ, സമൂഹം ഗായക സംഘത്തോടുചേർന്ന് ആലപിക്കുന്നു. അംഗീകൃതമായ ഗാനങ്ങളും രീതി കളും മാത്രമേ കുർബാനയിൽ ഉപയോഗിക്കാവൂ. കർമാനുഷ്ഠാ നങ്ങളുടെ സമയത്ത് ആലപിക്കാൻ നിർദേശിച്ചിട്ടുള്ള ഗീതങ്ങൾ സാധാരണമായി ആ അനുഷ്ഠാനങ്ങൾ കഴിഞ്ഞു തുടരേണ്ടതില്ല. ഉദാ. മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ), സുവിശേഷഗീതം (ഓനീസാ ദ്ഏവൻഗലിയോൻ).

www.malankaralibrary.com

17. സുവിശേഷം ചുംബിക്കുന്നു എന്നോ ബലിപീഠം ചുംബിക്കുന്നു എന്നോ നിർദേശമുള്ളപ്പോൾ, അവ ചുംബിക്കുകയോ നെറ്റി അവയിൽ തൊടുവിക്കുകയോ കൈകൾ അവയിൽ തൊടുവിച്ചു നെറ്റിയിൽ വയ്ക്കുകയോ ചെയ്യാവുന്നതാണ്.

18. റാസയിൽ സങ്കീർത്തനമാലയിലെ (മർമീസ) ഒരു സങ്കീർത്തനം ചൊല്ലിയാലും മതിയാകും.

19. സർവാധിപനാം ..., സുവിശേഷപ്രദക്ഷിണം, സ്ഥാപനവിവരണം, റൂഹാക്ഷണം, തിരുവോസ്തി ഉയർത്തൽ എന്നീ സന്ദർഭങ്ങളിൽ മണിയടിക്കാവുന്നതാണ്. വിഭജനശുശ്രൂഷയ്ക്കുമുമ്പായി കാർമികൻ തിരുവോസ്തി ഉയർത്തുന്ന വേളയിൽ ധൂപിക്കുകയും ചെയ്യാവുന്നതാണ്.

20. നിർദിഷ്ടപ്രാർഥനകൾ ചൊല്ലി അപ്പവും വീഞ്ഞും ബേസ്ഗസ്സയിൽ ഒരുക്കാനും ഒരുക്കിയവ ബലിപീഠത്തിലേക്ക് സംവഹിക്കാനും മ്ശംശാനപ്പട്ടമെങ്കിലും ഉള്ളവർക്കേ അനുവാദമുള്ളൂ. എന്നാൽ പ്രാർഥനകൾ ചൊല്ലി അപ്പവും വീഞ്ഞും പ്രതിഷ്ഠിക്കുന്നത് ആർച്ചുഡീക്കനോ സഹകാർമികനോ കാർമികനോ ആയിരിക്കണം.

21. ബലിവസ്തുക്കൾ പ്രതിഷ്ഠിക്കുമ്പോൾ പീലാസകൊണ്ടു കാസയിന്മേൽ മൂന്നുപ്രാവശ്യം മുട്ടുന്ന കർമം ഉപേക്ഷിക്കാവുന്നതാണ്.

22. കാർമികൻ സമൂഹത്തെ കുരിശടയാളത്തിൽ ആശീർവദിക്കുമ്പോൾ സമൂഹം തങ്ങളുടെമേൽ കുരിശടയാളം വരയ്ക്കുന്നു.

23. സമാധാനം നല്കുന്നത്, കൊടുക്കുന്ന ആൾ തന്റെ കൂപ്പുകൈ സ്വീകരിക്കുന്ന ആളിന്റെ കൈപ്പത്തികൾക്കകത്തു വച്ചുകൊണ്ടാണ്. കൂപ്പുകൈകളോടെ ശിരസ്സുനമിച്ചുകൊണ്ടും സമാധാനം നല്കാവുന്നതാണ്.

24. നമ്മുടെ കുർബാനയിൽ മൂന്നു കൂദാശക്രമങ്ങളാണ് (അനാഫൊറ) ഉള്ളത്: ഒന്നാമത്തെ കൂദാശക്രമം (മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമം) ഓശാനഞായർ കഴിഞ്ഞുള്ള തിങ്കൾമുതൽ പള്ളിക്കൂദാശക്കാലം അവസാനംവരെ ഉപയോഗിക്കുന്നു; രണ്ടാമത്തെ കൂദാശക്രമം (മാർ തെയദോറിന്റെ കൂദാശക്രമം) മംഗളവാർത്തക്കാലം ഒന്നാം ഞായർമുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിലും മൂന്നാമത്തെ കൂദാശക്രമം (മാർ നെസ്തോറിയസിന്റെ കൂദാശക്രമം) ദനഹാ, വിശുദ്ധ യോഹന്നാൻ മാംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ ഓർമ, മൂന്നു നോമ്പിലെ ബുധൻ, പെസഹാവ്യാഴം എന്നീ അഞ്ച്

www.malankaralibrary.com

ദിവസങ്ങളിലും ഉപയോഗിക്കുന്നു. എന്നാൽ, നിർദിഷ്ട ദിവസങ്ങളിൽ മാത്രമല്ല മറ്റുദിവസങ്ങളിലും ഈ മൂന്നു കൂദാശക്രമങ്ങൾ ഉപയോഗിക്കാവുന്നതാണ്.

25. ഒന്നാം പ്രണാമജപം (ഗ്രന്ഥ) കാർമികൻ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പിപ്പിടിച്ചു ചൊല്ലുന്നു. മറ്റു ഗ്രന്ഥകൾ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പിപ്പിടിച്ചുകൊണ്ടോ ഇരുകരങ്ങളും മുകളിലേക്കു തുറന്നു പിടിച്ചുകൊണ്ടോ ചൊല്ലാവുന്നതാണ്.

26. ദിവ്യകാരുണ്യസ്വീകരണത്തിനു മുമ്പുള്ള 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ...' കാർമികനും സമൂഹത്തിനും കൈകൾ ഉയർത്തി ചൊല്ലാവുന്നതാണ്.

27. വിശ്വാസികൾക്ക്, തങ്ങൾ പങ്കെടുക്കുന്ന കുർബാനയിൽത്തന്നെ കൂദാശചെയ്യപ്പെട്ട തിരുശരീരരക്തങ്ങൾ സ്വീകരിക്കാൻ കഴിയുന്നവിധം, മതിയാകുവോളം ഓസ്തി സാധാരണമായി ഓരോ കുർബാനയിലും കൂദാശ ചെയ്യേണ്ടതാണ്.

28. സാഹചര്യംകൊണ്ട് അസാധ്യമാകുകയോ വലിയ അസൗകര്യം ഉളവാകുകയോ ചെയ്യാത്തപക്ഷം, ദിവ്യകാരുണ്യം ഇരുസാദൃശ്യങ്ങളിലും നല്കേണ്ടതാണ്.

29. കുർബാനയ്ക്കു പുറമേയുള്ള ദിവ്യകാരുണ്യസ്വീകരണത്തിനും ആരാധനയ്ക്കുംവേണ്ടി പരിശുദ്ധകുർബാന സക്രാരിയിൽ സൂക്ഷിക്കുന്നു.

30. സഹകാർമികരോ മ്ശംശാനപ്പട്ടം സ്വീകരിച്ചവരോ ഉണ്ടെങ്കിൽ അവരിലൊരാളാണ് കാസയും പീലാസയും കഴുകിത്തുടയ്ക്കേണ്ടത്. കാസ തയ്യാറാക്കിയ ബേസ്ഗസ്സിയിൽ ഇതു ചെയ്യണം. കാസയും പീലാസയും കുർബാനയ്ക്കുശേഷം കഴുകിത്തുടച്ചാലും മതി.

31. റാസയുടെ പ്രത്യേക ഭാഗങ്ങൾ [▭ ഈ അടയാളങ്ങളിൽ ഒന്നുകൊണ്ടാണ് വേർതിരിച്ചിരിക്കുന്നത്.

[ഈ അടയാളം കാണുന്ന ഭാഗങ്ങൾ റാസയ്ക്കും ആഘോഷപൂർവകമായ കുർബാനയ്ക്കും പൊതുവായിട്ടുള്ളതാണ്. ആഘോഷപൂർവകമായ കുർബാനയിലും സാധാരണകുർബാനയിലും ഉപേക്ഷിക്കാവുന്ന ഭാഗങ്ങൾ ⌜ ⌟ ഇങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു. മൂന്നു രൂപങ്ങളിലും ഉപേക്ഷിക്കാവുന്ന ഭാഗങ്ങളാണു ചെറിയ അക്ഷരത്തിൽ അച്ചടിച്ചിരിക്കുന്നത്.

www.malankaralibrary.com

ആഘോഷപൂർവകമായ കുർബാനയ്ക്കും സാധാരണകുർബാനയ്ക്കുമുള്ള പ്രത്യേകനിർദേശങ്ങൾ

1. 'നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച് ഈ കുർബാന ആരംഭിക്കാം' എന്നതിനുപകരം ഹ്രസ്വമായ ഒരാമുഖത്തോടെ കാർമികനു കുർബാന ആരംഭിക്കാം.

2. 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' ഒരു പ്രാവശ്യം ചൊല്ലിയാലും മതി.

3. ആരംഭത്തിലെ 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ...' എന്ന പ്രാർഥനയ്ക്കുശേഷംവരുന്ന പ്രാർഥന, കാറോസൂസയുടെ സമാപന പ്രാർഥന, കുർബാനസ്വീകരണത്തിനു ശേഷംവരുന്ന കൃതജ്ഞതാ പ്രാർഥനകൾ, സമാപനാശീർവാദം എന്നിവ പ്രോപ്രിയയിൽനിന്ന് അവസരോചിതം തിരഞ്ഞെടുക്കാവുന്നതാണ്.

4. സങ്കീർത്തനമാലയ്ക്ക് ഉചിതമായ ഏതു സങ്കീർത്തനവും തക്സയിൽനിന്ന് തിരഞ്ഞെടുക്കാവുന്നതാണ്. അതിന്റെ ഏതാനും പാദങ്ങൾ ചൊല്ലിയാലും മതി.

5. സാധാരണകുർബാനയുടെ ആരംഭത്തിൽ സുവിശേഷഗ്രന്ഥം പ്രദക്ഷിണമായി കൊണ്ടുവന്ന് വചനപീഠത്തിന്മേൽ പ്രതിഷ്ഠിക്കാവുന്നതാണ്. അപ്പോൾ, സുവിശേഷവായനയ്ക്കു മുമ്പുള്ള പ്രദക്ഷിണവും ഹല്ലേലുയ്യാഗീതവും (സൂമാറ) ഉപേക്ഷിക്കാം.

6. ആഘോഷപൂർവകമായ കുർബാനയിൽ 'സർവാധിപനാം കർത്താവേ ...', 'പരിപാവനനാം സർവേശാ ...' എന്നീ കീർത്തനങ്ങൾ രണ്ടു പ്രാവശ്യം പാടിയാലും മതി. അപ്പോൾ, രണ്ടാമത്തേത് 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി; ആദിമുതൽ എന്നേക്കും,

www.malankaralibrary.com

ആമ്മേൻ' എന്ന ത്രിത്വസ്തുതി കൂട്ടിച്ചേർത്ത് ആലപിക്കണം. പ്രസ്തുത കീർത്തനങ്ങൾ സാധാരണകുർബാനയിൽ ഒരു പ്രാവശ്യം പാടിയാലും മതി.

7. ആഘോഷപൂർവകമായ കുർബാനയിൽ നാലു വായനകളാണുള്ളത്. മൂന്നെങ്കിൽ, ആദ്യത്തേതു പഴയനിയമത്തിൽനിന്ന് ആയിരിക്കണം. രണ്ടെങ്കിൽ, സാമാന്യമായി ആദ്യത്തേതു സുവിശേഷമൊഴികെയുള്ള പുതിയനിയമഭാഗങ്ങളിൽനിന്നാണ് എടുക്കുക. ചില സന്ദർഭങ്ങളിൽ ആദ്യപ്രഘോഷണം പഴയനിയമത്തിൽനിന്നുമാകാം. അവസാനത്തെ പ്രഘോഷണം എപ്പോഴും സുവിശേഷത്തിൽനിന്നായിരിക്കണം. കുർബാനയിൽ വായനകൾ ബൈബിളിൽനിന്നു മാത്രമായിരിക്കണം.

8. രണ്ടു വായനകൾ മാത്രമുള്ളപ്പോൾ പ്രകീർത്തനം (ശൂറായ) ഉപേക്ഷിക്കാം. സാധാരണകുർബാനയിൽ, സഹകാർമികനോ ശുശ്രൂഷിയോ ഇല്ലെങ്കിൽ, സുവിശേഷപ്രദക്ഷിണവും ഹല്ലേലുയ്യാഗീതവും ഉപേക്ഷിക്കാവുന്നതാണ്.

9. സുവിശേഷത്തിനുശേഷമുള്ള ഒന്നാമത്തെ കാറോസൂസ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. എന്നാൽ, അതിൽ ഒന്നുമുതൽ ഏഴുവരെയുള്ള പ്രാർഥനകളും സമാപനപ്രാർഥനയും ('കർത്താവായ മിശിഹായേ, ...') ഉപേക്ഷിക്കാൻ പാടില്ല. രണ്ടാമത്തെ കാറോസൂസ ഐച്ഛികമാണെങ്കിലും അതിന്റെ അവസാനപാദം ('നമുക്കെല്ലാവർക്കും നമ്മെയും ...') ചൊല്ലേണ്ടതാണ്.

10. സാധാരണമായി ബലിവസ്തുക്കൾ ഒരുക്കുന്നത് സുവിശേഷവായനയ്ക്കുശേഷം വരുന്ന കാറോസൂസയുടെ സമയത്താണ്. എന്നാൽ, കുർബാന ആരംഭിക്കുന്നതിനുമുമ്പും ബലിപീഠത്തിലേക്കു സംവഹിക്കുന്നതിനു തൊട്ടുമുമ്പും ബലിവസ്തുക്കൾ ഒരുക്കാവുന്നതാണ്.

a) കുർബാനയ്ക്കു മുമ്പാണെങ്കിൽ

തിരുവസ്ത്രങ്ങളണിഞ്ഞ്, ബലിവേദിയിൽ വന്ന്, താഴെ വിവരിക്കുംവിധം ചെയ്യുന്നു: കാർമികൻ തനിച്ചോ ഒരു ശുശ്രൂഷിയോടുകൂടെയോ ബലിയർപ്പിക്കുമ്പോൾ, കാർമികൻ ഇടത്തെ ബേസ്ഗസ്സയിൽ അപ്പവും വീഞ്ഞും ഒരുക്കുന്നു. കാർമികനോടൊത്തു സഹകാർമികരോ മ്ശംശാനമാരോ ഉണ്ടെങ്കിൽ, അവരാണ് അപ്പവും വീഞ്ഞും ഒരുക്കുന്നത്.

www.malankaralibrary.com

b) കുർബാനയുടെ ഇടയ്ക്കാണെങ്കിൽ

(i) ഒരു മ്ശംശാന മാത്രമുള്ളപ്പോൾ, അദ്ദേഹം അപ്പവും വീഞ്ഞും ഇടത്തെ ബേസ്ഗസ്സയിൽ തയ്യാറാക്കി, ബലിപീഠത്തിലേക്ക് യഥാസമയം സംവഹിക്കുകയും കാർമികൻ പ്രാർഥന ചൊല്ലി അവ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

(ii) രണ്ടു മ്ശംശാനാമാർ ഉണ്ടെങ്കിൽ, അവർ രണ്ടു ബേസ്ഗസ്സകളിലായി അപ്പവും വീഞ്ഞും ഒരുക്കി, ഒരേസമയം ബലിപീഠത്തിലേക്കു സംവഹിക്കുകയും കാർമികൻ പ്രാർഥന ചൊല്ലി അവ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

(iii) കാർമികനോടൊത്ത് ഒരു സഹകാർമികൻ ഉണ്ടെങ്കിൽ

സഹകാർമികൻ അപ്പവും വീഞ്ഞും ഇടത്തെ ബേസ്ഗസ്സയിൽ തയ്യാറാക്കി, ബലിപീഠത്തിലേക്കു സംവഹിക്കുകയും പ്രാർഥന ചൊല്ലി പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

(iv) കാർമികനോടൊത്ത് ഒരു സഹകാർമികനും ഒരു മ്ശംശാനയും ഉണ്ടെങ്കിൽ

അവർ രണ്ടു ബേസ്ഗസ്സകളിലായി അപ്പവും വീഞ്ഞും തയ്യാറാക്കുകയും സഹകാർമികൻ പ്രാർഥന ചൊല്ലി പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. അവർ താഴേക്കു മടങ്ങിവന്നതിനു ശേഷമാണു കാർമികൻ ഔപചാരികമായി ബലിവേദിയിൽ പ്രവേശിച്ചു ബലിപീഠത്തെ സമീപിക്കുന്നത്.

(v) ഒരു കാർമികൻ മാത്രമുള്ളപ്പോൾ

സഹകാർമികന്റെയോ മ്ശംശാനയുടെയോ സഹായം കൂടാതെ വൈദികൻ ബലിയർപ്പിക്കുമ്പോൾ താഴെവരുന്ന ക്രമവും പാലിക്കാവുന്നതാണ്:

കൈ കഴുകിയതിനുശേഷം 'കർത്താവായ ദൈവമേ, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും ...' എന്ന പ്രാർഥന ചൊല്ലി ബലിവേദിയിൽ പ്രവേശിക്കുന്നു. ഇടത്തെ ബേസ്ഗസ്സയിൽച്ചെന്ന് അപ്പവും വീഞ്ഞും തയ്യാറാക്കുന്നു. ബലിവസ്തുക്കൾ ബലിപീഠത്തിലേക്കു സംവഹിച്ചു പ്രാർഥന ചൊല്ലി പ്രതിഷ്ഠിക്കുന്നു.

www.malankaralibrary.com

ബലിപീഠത്തിങ്കൽത്തന്നെ നിന്നുകൊണ്ട് ഓനീസാ ദ്റാസേയുടെ വ്യതിയാനവിധേയമല്ലാത്ത ഭാഗവും വിശ്വാസ പ്രമാണവും ബലിപീഠപ്രവേശന പ്രാർഥനയും ചൊല്ലുന്നു.

11. കാസ ഒരുക്കുമ്പോഴുള്ള മൂന്നു പ്രാർഥനകളിൽ ഒന്നുമാത്രം ചൊല്ലിയാലും മതിയാകും. രണ്ടാമത്തേതാണ് ('പടയാളികളിൽ ഒരുവൻ ...') കൂടുതൽ അഭികാമ്യം.

12. ആഘോഷപൂർവകമായ കുർബാനയിലും സാധാരണകുർബാനയിലും ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ) ബലിവസ്തുക്കൾ തയ്യാറാക്കി ബലിപീഠത്തിന്മേൽ പ്രതിഷ്ഠിച്ചു കഴിയുന്നതുവരെ പാടിയാൽ മതിയാകും.

13. ആഘോഷപൂർവകമായ കുർബാനയിലും സാധാരണകുർബാനയിലും ദിവ്യരഹസ്യഗീതത്തിന്റെ വ്യതിയാനവിധേയമായ ആദ്യഭാഗത്തിൽനിന്ന് ഒരു പാദവും (ഉദാ. 'കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു ...') വ്യതിയാനവിധേയമല്ലാത്ത രണ്ടാം ഭാഗത്തെ മൂന്നു പാദങ്ങളിൽനിന്ന് 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ...' എന്ന് ആരംഭിക്കുന്ന ഒന്നാം പാദവും അതിന്റെ പ്രത്യുത്തരവുമെങ്കിലും ചൊല്ലേണ്ടതാണ്.

14. സാധാരണദിവസങ്ങളിൽ (Ferial days) സാധാരണകുർബാനയ്ക്കു വിശ്വാസപ്രമാണം ചൊല്ലണമെന്നു നിർബന്ധമില്ല. എന്നാൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരിക്കലും വിശ്വാസപ്രമാണം ഉപേക്ഷിക്കാൻ പാടില്ല.

15. സാധാരണകുർബാനയിൽ കാർമികൻ പ്രാർഥനാഭ്യർഥന ഒരു പ്രാവശ്യം നടത്തിയാലും മതി.

16. തിരുശരീരം ഉയർത്തിയതിനുശേഷമുള്ള തിരുവോസ്തി ചുംബനവും അതോടനുബന്ധിച്ചുള്ള 'അവർണനീയമായ ...' എന്ന പ്രാർഥനയും ഉപേക്ഷിക്കാവുന്നതാണ്.

17. പ്രണാമജപങ്ങൾ (ഗ്ഹാന്തകൾ) താഴ്ന്നസ്വരത്തിൽ, അതേസമയം സമൂഹത്തിനു വ്യക്തമായി കേൾക്കത്തക്കവിധത്തിൽ ചൊല്ലണം.

18. വലത്തുകൈ നീട്ടി കമഴ്ത്തിപ്പിടിച്ചുകൊണ്ടു സമാപനപ്രാർഥന (ഹൂത്താമ്മ) ചൊല്ലാവുന്നതാണ്. എന്നാൽ, ജനങ്ങളുടെമേൽ കുരിശടയാളം വരച്ചുകൊണ്ടാണ് സമാപനാശീർവാദം നല്കേണ്ടത്.

www.malankaralibrary.com

19. കുർബാനയുടെ സമയത്തു ജനങ്ങൾ നില്ക്കുകയും ഇരിക്കുകയും മുട്ടുകുത്തുകയും ചെയ്യുന്നത് താഴെപ്പറയും പ്രകാരമാണ്.

നില്ക്കുന്നു:

- കുർബാനയുടെ ആരംഭംമുതൽ വിശുദ്ധഗ്രന്ഥപാരായണത്തിന്റെ ആരംഭംവരെ
- സുവിശേഷവായനയുടെ സമയത്ത്
- കാറോസൂസയുടെ സമയത്ത്
- വിശ്വാസപ്രമാണത്തിന്റെ സമയത്ത്
- കൂദാശക്രമത്തിന്റെ (അനാഫൊറ) സമയത്ത്
- കുർബാനസ്വീകരണത്തിനുമുമ്പുള്ള 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ...' മുതൽ കുർബാനയുടെ സമാപനംവരെ.

ഇരിക്കുന്നു:

- റാസയിൽ വ്യാഖ്യാനഗീതങ്ങളുടെ (തുർഗാമ) സമയത്ത്
- പഴയനിയമവായന, ലേഖനവായന ഇവയുടെ സമയത്ത്
- വചനസന്ദേശസമയത്ത്
- കാറോസൂസയ്ക്കുശേഷം (വിശ്വാസപ്രമാണം ഒഴികെ) അനാഫൊറയുടെ തുടക്കംവരെ (ഐച്ഛികം).

മുട്ടുകുത്തുന്നു:

- 'ദൈവമേ, അങ്ങയുടെ കൃപയ്ക്കൊത്തവിധം ...' എന്നതുമുതൽ '... ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ' എന്നതുവരെ.

www.malankaralibrary.com

സമൂഹബലിക്കുള്ള പ്രത്യേകനിർദേശങ്ങൾ

1. കുർബാന മൂന്നു രൂപങ്ങളിലും സമൂഹബലിയായി അർപ്പിക്കാം. എങ്കിലും സമൂഹബലി ഏറ്റവും സമുചിതമായിരിക്കുന്നത് മെത്രാൻ വൈദികരോടൊത്തു കുർബാന അർപ്പിക്കുമ്പോഴും കാർമിക നോടൊപ്പം ഒന്നിലധികം വൈദികർ സഹകാർമികരായി റാസയോ ആഘോഷപൂർവകമായ കുർബാനയോ അർപ്പിക്കുമ്പോഴും ആണ്.

2. സമൂഹബലിയിൽ ഒന്നാം പ്രണാമജപത്തിന്റെ ആരംഭംമുതൽ കൂദാശക്രമത്തിന്റെ (അനാഫൊറ) അവസാനംവരെയുള്ള പ്രാർഥന കളും റൂഹാക്ഷണപ്രാർഥനയും തുടർന്നുള്ള സമാപനസ്തുതിപ്പുകളും (doxologies) കാർമികൻതന്നെയാണു ചൊല്ലേണ്ടത്.

3. കാർമികൻമാത്രം ഉയർന്നസ്വരത്തിൽ പ്രാർഥിക്കുമ്പോൾ സഹകാർമികർ അദ്ദേഹത്തോടൊത്ത് അതേ സ്വരത്തിൽ പ്രാർഥന ചൊല്ലരുത് (No choral recitation). കാർമികന്റെ സ്വരം മാത്രമേ കേൾക്കാവൂ. സഹകാർമികരുടെ ശബ്ദം ഒരുവിധത്തിലും കാർമികന്റെ സ്വരത്തിനു വിഘാതമാകരുത് (No other voice is heard murmuring to interfere with and muffle the proclamation of prayer). അവർ താഴ്ന്നസ്വരത്തിലേ (*submissa voce*) ചൊല്ലാവൂ.

4. കാർമികനും സഹകാർമികരും ഒരുമിച്ച് ഉയർന്നസ്വരത്തിൽ പ്രാർഥിക്കുന്നത്, കാർമികനും സമൂഹവും മാറിമാറിയോ കാർമികൻ സമൂഹത്തോടുചേർന്നോ പ്രാർഥനകൾ ചൊല്ലുമ്പോൾ മാത്രമാണ് (ഉദാ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, സകലത്തി ന്റെയും നാഥാ, ത്രിശുദ്ധകീർത്തനം, വിശ്വാസപ്രമാണം).

5. സഹകാർമികർക്കു മാറിമാറി ചൊല്ലാവുന്ന പ്രാർഥനകൾ താഴെ പ്പറയുന്നവയാണ്:

   - ഞങ്ങളുടെ കർത്താവായ ദൈവമേ,
     അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ... (പേജ് 24)
   - ഞങ്ങളുടെ കർത്താവായ ദൈവമേ,
     അങ്ങു നല്കിയിട്ടുള്ളതും ... (പേജ് 25)

www.malankaralibrary.com

- എന്റെ കർത്താവേ, നീ സത്യമായും ... (പേജ് 28)
- വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന ... (പേജ് 30)
- ഞങ്ങളുടെ കർത്താവായ ദൈവമേ,
  അങ്ങയുടെ ജീവദായകവും ... (പേജ് 34)
- അനുസ്മരണപ്രാർഥന (ഡിപ്റ്റിക്സ്) ... (പേജ് 70)
- സ്വർഗവാസികളുടെ സമാധാനവും ... (പേജ് 85)
- ഹൂത്താമ്മയ്ക്കു മുമ്പുള്ള രണ്ടു കൃതജ്ഞതാപ്രാർഥനകൾ.

6. കാർമികന്റെ സഹായാഭ്യർഥനയിൽ, 'കർത്താവേ, ആശീർവദിക്കണമേ. എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ നിങ്ങൾ പ്രാർഥിക്കുവിൻ' എന്നു ചൊല്ലാവുന്നതാണ്. ജനങ്ങളുടെ മറുപടിയിൽ '... നിങ്ങളെ ശക്തരാക്കട്ടെ' എന്നും ചൊല്ലാവുന്നതാണ്.
7. കൂദാശക്രമത്തിലെ (അനാഫൊറ) മധ്യസ്ഥപ്രാർഥന ജനങ്ങൾക്കു മറുപടി ചൊല്ലാവുന്ന രീതിയിൽ നടത്തുമ്പോൾ, അതിലെ പ്രാർഥനകൾ സഹകാർമികർക്കു മാറിമാറി ചൊല്ലാവുന്നതാണ്. സമൂഹ ബലിയിൽ മധ്യസ്ഥപ്രാർഥനയുടെ മൂന്നാംഭാഗത്ത് '... ഈ ജനത്തിനും അയോഗ്യരായ ഞങ്ങൾക്കുംവേണ്ടി ...' എന്നു ചൊല്ലാവുന്നതാണ്.
8. സഹകാർമികരാണ് ബലിവസ്തുക്കളൊരുക്കി ബലിപീഠത്തിലേക്കു സംവഹിക്കുകയും പ്രാർഥനചൊല്ലി പ്രതിഷ്ഠിക്കുകയും ചെയ്യുന്നത്.
9. സ്ഥാപനവാക്യങ്ങളുടെ സമയത്തു സഹകാർമികർ ഉള്ളംകൈ മുകളിലേക്കാക്കി വലത്തുകരം ബലിവസ്തുക്കൾക്കുനേരേ നീട്ടിപ്പിടിക്കുന്നു; റൂഹാക്ഷണപ്രാർഥനയുടെ സമയത്തു സഹകാർമികർ വലത്തുകരം ദിവ്യരഹസ്യങ്ങൾക്കുനേരേ നീട്ടി കമഴ്ത്തിപ്പിടിക്കുന്നു.
10. കാർമികനും സഹകാർമികരും അതതു കുർബാനയിൽ കൂദാശ ചെയ്ത തിരുശരീരരക്തങ്ങളാണു സ്വീകരിക്കേണ്ടത്.

www.malankaralibrary.com

www.malankaralibrary.com

സീറോമലബാർസഭയുടെ കുർബാന റാസക്രമം

കാർമികൻ കൈകൾ കഴുകി തിരുവസ്ത്രങ്ങൾ അണിഞ്ഞ്, ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളണിഞ്ഞ ആർച്ചുഡീക്കൻ ശുശ്രൂഷികൾ, സഹായികൾ എന്നിവരോടുകൂടെ പ്രദക്ഷിണമായി മദ്ബഹയിലേക്കു പോകുന്നു. പ്രദക്ഷിണത്തിൽ ധൂപക്കുറ്റി, സ്ലീവ തിരികൾ, സുവിശേഷഗ്രന്ഥം എന്നിവയുണ്ടായിരിക്കണം. എല്ലാവരും മദ്ബഹയിൽ പ്രവേശിക്കുന്നു.

സുവിശേഷഗ്രന്ഥം വഹിക്കുന്ന ശുശ്രൂഷി അതു ബലിപീഠത്തിന്മേൽ ഇടത്തുഭാഗത്തു വയ്ക്കുന്നു. എല്ലാവരും ബലിപീഠത്തെ വണങ്ങി വചനവേദിയിൽ (ബേമ്മ) വന്നു ജനാഭിമുഖമായി നില്ക്കുന്നു.

സ്ലീവ വഹിക്കുന്ന ശുശ്രൂഷി അതു വചനപീഠത്തിന്മേൽ തിരികളുടെ മധ്യേ വയ്ക്കുന്നു.

വചനവേദിയിൽ കാർമികനും, വലത്തുവശത്ത് ആർച്ചുഡീക്കനും, കാർമികന്റെ പുറകിൽ ഒന്നാം ശുശ്രൂഷിയും, ആർച്ചുഡീക്കന്റെ പുറകിൽ രണ്ടാം ശുശ്രൂഷിയും നില്ക്കുന്നു.

കാർമികന്റെ പുറകിൽ ഇരുവശത്തുമായി ശുശ്രൂഷികൾ നില്ക്കുന്നു; അവരുടെ വശങ്ങളിലായി സഹായികളും.

കാർമി. **അന്നാപ്പെസഹാത്തിരുനാളിൽ**
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

സമൂ. **അനുരഞ്ജിതരായ്ത്തീർന്നീടാം**
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

www.malankaralibrary.com

(അല്ലെങ്കിൽ)

കാർമി. നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച്
ഈ കുർബാന ആരംഭിക്കാം.

സമൂ. മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ
നാം ഇത് അർപ്പിക്കുന്നത്.

കാർമി. അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

സമൂ. ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

(അല്ലെങ്കിൽ)

കാർമി. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

സമൂ. ആമ്മേൻ. (3)

കാർമി. ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

കാർമി. സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

www.malankaralibrary.com

സമൂ. സ്വർഗസ്ഥിതനാം താതാ, നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ,
ആമ്മേനാമ്മേനെന്നേക്കും.

www.malankaralibrary.com

കാർമി. താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

സമൂ. സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

കാർമി. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

www.malankaralibrary.com

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു സ്വർഗത്തിലെപ്പോലെ
ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

www.malankaralibrary.com

(ഞായറാഴ്ചകളിലും സാധാരണ ഓർമത്തിരുനാളുകളിലും
മറ്റു സാധാരണതിരുനാളുകളിലും)

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ,
മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി
അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവം നല്കിയ
ദിവ്യരഹസ്യങ്ങളുടെ പരികർമത്തിനു
ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

(കർത്താവിന്റെ [മാറാനായ] തിരുനാളുകളിലും
പ്രധാന ഓർമത്തിരുനാളുകളിലും മറ്റു പ്രധാന തിരുനാളുകളിലും)

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ തിരുനാമത്തിൽ
ഉറച്ചു വിശ്വസിക്കുകയും
ആ വിശ്വാസം പരമാർഥതയോടെ
ഏറ്റുപറയുകയും ചെയ്യുന്ന ഞങ്ങളെ
അങ്ങു ശക്തരാക്കണമേ.
ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന
ഈ പരിഹാരരഹസ്യങ്ങൾ
ഞങ്ങൾ വിശുദ്ധിയോടെ പരികർമം ചെയ്യട്ടെ.
നിർമലഹൃദയത്തോടും വിശുദ്ധ വിചാരങ്ങളോടുംകൂടെ
ഞങ്ങൾ അങ്ങേക്കു പുരോഹിതശുശ്രൂഷ ചെയ്യുകയും
അങ്ങു കനിഞ്ഞു നല്കിയ രക്ഷയെപ്രതി
നിരന്തരം അങ്ങയെ സ്തുതിക്കുകയും ചെയ്യട്ടെ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

(സാധാരണദിവസങ്ങളിൽ)

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ മഹനീയത്രിത്വത്തിന്റെ
സംപൂജ്യമായ നാമത്തിനു
സ്വർഗത്തിലും ഭൂമിയിലും
എപ്പോഴും സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

കാർമികൻ സങ്കീർത്തനമാല (മർമീസ) ആരംഭിക്കുന്നു.
രണ്ടു ഗണമായി തുടരുന്നു.

(സങ്കീർത്തനം 144)

കാർമി. കർത്താവേ, മമരാജാവേ,
പാടും നിൻ പുകളെന്നും ഞാൻ
സകലേശാ, നിൻ തിരുനാമം
വാഴ്ത്തീടും ഞാനനവരതം.

സമൂ. കർത്താവേ, നിൻ സ്തുതി പാടും
അനുദിനമങ്ങയെ വാഴ്ത്തും ഞാൻ
നാഥൻ മഹിമ നിറഞ്ഞവനും
പാരം സ്തുത്യനുമെന്നെന്നും.

അനവദ്യൻ മമനാഥാ, നിൻ
മഹിമയ്ക്കളവില്ലറിവൂ ഞാൻ
തലമുറ തലമുറയോടെന്നും
തവ കർമങ്ങൾ വിവരിക്കും.

നാഥാ, നിൻ കരവിരുതെന്നും
നരകുലമഖിലം ഘോഷിക്കും
മഹനീയം നിൻ കീർത്തി സദാ
മഹിയിൽ വർണിച്ചീടും ഞാൻ.

www.malankaralibrary.com

ഭീതിദമാം നിൻ മഹിമാവും
ശക്തിയുമദ്ഭുത ചെയ്തികളും
വിരവൊടു കീർത്തിച്ചീടുമവർ
തവ തിരുനാമം വാഴ്ത്തും ഞാൻ.

നീ വർഷിക്കും നന്മകൾതൻ
ഓർമകളവരുദ്ഘോഷിക്കും
താവകനീതി പ്രകീർത്തിക്കും
ഉച്ചസ്വരത്തിൽ സാമോദം.

നാഥൻ കരുണാവാരിധിയാം
ദയതൻ വിളനിലമവനെന്നും
ശാന്തി നിറഞ്ഞു വസിക്കുന്നു
നല്ലവനവനെന്നറിവൂ നാം.

സൃഷ്ടികളിൽ തൻ കാരുണ്യം
കർത്താവെന്നും ചൊരിയുന്നു
നിഖിലചരാചര സൃഷ്ടികളും
നാഥനു നന്ദി പറഞ്ഞീടും.

നാഥാ, നിന്റെ വിശുദ്ധന്മാർ
നിതരാം നിന്നെ വണങ്ങുന്നു
നിൻ രാജ്യത്തിൻ മഹിമയതും
വർണിച്ചീടും നന്ദിയൊടെ.

നിൻകരവൈഭവമവരെല്ലാം
ഏറ്റുപറഞ്ഞു നമിച്ചീടും
നിൻ ചെയ്തികളും മഹിമകളും
മർത്ത്യരെ നിത്യവുമറിയിക്കും.

താവകരാജ്യം കർത്താവേ,
നിതരാം മഹിമയിൽ നിലനില്ക്കും
തലമുറതോറും സുസ്ഥിരമായ്
നിന്നധികാരം നിലകൊള്ളും.

വാഗ്ദാനങ്ങളിലന്യൂനം
കർത്താവെന്നും വിശ്വസ്തൻ
തൻ ചെയ്തികളിൽ കുറവെന്യേ
നീതി നിറഞ്ഞവനെന്നെന്നും.

www.malankaralibrary.com

നിപതിക്കുന്നവരഖിലരെയും
നാഥൻ താങ്ങിനിറുത്തുന്നു
നിപതിച്ചവരെ കനിവോടെ
നാഥൻ താങ്ങിയുയർത്തുന്നു.

കണ്ണുകളെല്ലാം കർത്താവേ,
നിന്നെത്തന്നെ തേടുന്നു
എന്തെന്നാൽ നീ ആഹാരം
ചിതമാം സമയത്തേകുന്നു.

തൃക്കൈ നീട്ടുന്നഖിലേശൻ
സൃഷ്ടിക്കെല്ലാം നല്കുന്നു
സദയം തൻ പരിപാലനയാൽ
ആഗ്രഹപൂർത്തി വരുത്തുന്നു.

നാഥാ, നിന്നുടെ പാതകളിൽ
നീതി നിറഞ്ഞവനല്ലോ നീ
നിൻ ചെയ്തികളിൽ നീയെന്നും
കാരുണ്യത്തിൻ വിളനിലവും.

ഉള്ളുതുറന്നു വിളിക്കുമ്പോൾ
നാഥനടുത്തുണ്ടതു കേൾക്കാൻ
തന്നെ ഭയത്തൊടു സേവിക്കും
നരരുടെയിഷ്ടമവൻ ചെയ്യും.

അവരുടെ യാചന കേൾക്കുമവൻ
രക്ഷയവർക്കവനേകീടും
ഭക്തജനങ്ങളെയഖിലേശൻ
സദയം കാത്തരുളീടുന്നു.

ദുഷ്ടജനങ്ങളെ സകലരെയും
നിശിതം നിഹനിച്ചീടുമവൻ
വിവരിക്കും ഞാൻ കർത്താവിൻ
സ്തുതികൾ, നാവാൽ സാമോദം.

പാവനമവനുടെ തിരുനാമം
വാഴ്ത്തും സകലരുമെന്നേക്കും
പാവനമവനുടെ തിരുനാമം
വാഴ്ത്തും സകലരുമെന്നേക്കും.

www.malankaralibrary.com

(സങ്കീർത്തനം 145)

എന്നാത്മാവേ, പാടുക നീ
കർത്താവിൻ സ്തുതിഗീതങ്ങൾ
ജീവിതകാലം മുഴുവൻ ഞാൻ
നാഥനു ഗീതികൾ പാടീടും.

ഞാനീ മന്നിൽക്കഴിവോളം
ദൈവസ്തുതികൾ പാടീടും
അരചനിലോ നരനൊരുവനിലോ
ശരണം തേടാൻ തുനിയരുതേ.

അവനൊരുനാളും കഴിവില്ലീ-
യവനിയിൽ രക്ഷ നിനക്കേകാൻ
ആത്മാവൊരുനാൾ വെടിയുമ്പോൾ
മണ്ണോടവനും ചേരുന്നു.

ആ ദിനമവനുടെ ചിന്തകളും
ശൂന്യതതന്നിലമർന്നീടും
യാക്കോബിൻ പ്രിയ ദൈവത്തിൻ
തുണയുള്ളവനോ സൗഭാഗ്യം.

മണ്ണും വിണ്ണും കടലുകളും
നിർമിച്ചഖിലം പാലിക്കും
കർത്താവാകും ദൈവത്തിൽ
ശരണം നിതരാമവനുണ്ടാം.

അവിടന്നല്ലോ സത്യത്തെ
അവികലമെന്നും പാലിപ്പോൻ
പീഡിതരായ ജനങ്ങൾക്കായ്
ന്യായമവൻ വിധിചെയ്തീടും.

കനിവൊടു കർത്താവരുളുന്നു
പശിയുള്ളോർക്കിങ്ങാഹാരം
ബന്ധിതരായോർക്കെന്നെന്നും
നാഥൻ മോചനമേകുന്നു.

കുരുടന്മാരുടെ നയനങ്ങൾ
കർത്താവാണു തുറന്നിടുവോൻ
താഴ്ന്ന മുഖങ്ങളുയർത്തിടുവോൻ
കർത്താവല്ലോ എന്നാളും.

www.malankaralibrary.com

നീതി പുലർത്തും മാനവരെ
കർത്താവെന്നും സ്നേഹിപ്പൂ
അഗതികളെയവനലിവോടെ
നിത്യം കാത്തരുളീടുന്നു.

വിധവകളെയുമനാഥരെയും
ദൈവം തീറ്റിപ്പോറ്റുന്നു
ദുഷ്ടജനത്തിൻ മാർഗമവൻ
നിശിതം തട്ടിനശിപ്പിക്കും.

എന്നാളും ഭരണാധിപനായ്
കർത്താവല്ലോ വാഴുന്നു
സെഹിയോനേ, നിൻ ദൈവത്തിൻ
ഭരണം നിതരാം നിലനില്ക്കും.

(സങ്കീർത്തനം 146)

നല്ലതുമുചിതവുമല്ലോ നാം
പാടുക ദൈവസ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം
ദൈവം നിത്യൻ സ്തുത്യർഹൻ.

ചിതറിയൊരിസ്രേൽ ജനതതിയെ
നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലേം നഗരിയവൻ
കരുണാവാരിധിയവനല്ലോ

പൊട്ടിനുറുങ്ങിയ മനസ്സുകളിൽ
ദൈവം സൗഖ്യം പകരുന്നു
ആകുലമാകെയകറ്റിയവൻ
ശാന്തി ജനത്തിനു നല്കുന്നു.

താരകനിരകളെയെണ്ണിയവൻ
വിണ്ണിൽ നിയമിച്ചാക്കുന്നു
നാമമവയ്ക്കവനേകുന്നു
പാതയവയ്ക്കു തുറക്കുന്നു.

www.malankaralibrary.com

ദൈവം ബലവാൻ വലിയവനും
സീമാതീത ജ്ഞാനമവൻ
എളിയവനുന്നതി നല്കുന്നു
ദുഷ്ടനെ നിശിതം താഴ്ത്തുന്നു.

കിന്നരരാഗം മീട്ടി മുദാ
നാഥനു ഗാനം പാടിടുവിൻ
മുകിലുകളാലവനാകാശം
മൂടുന്നു, മഴ നല്കുന്നു.

പരിചൊടലംകൃതമാക്കുന്നു
തൃണജാതികളാൽ മലനിരകൾ
പക്ഷിമൃഗാദിക്കവനെന്നും
കരുണയൊടേകുന്നാഹാരം.

അശ്വബലം കണ്ടൊരുനാളും
നാഥനു പ്രീതി ജനിക്കില്ല
ബലവാനിയലും ശക്തിയിലും
നാഥനു തുഷ്ടി ജനിക്കില്ല.

ഭയവും നല്ല പ്രതീക്ഷയുമായ്
തന്നെത്തേടും നരതതിയിൽ
സ്നേഹമരന്ദം വർഷിക്കും
കർത്താവെന്നും കുറവെന്യേ.

കൂട്ടിച്ചേർക്കുന്നു

(സങ്കീർത്തനം 35)

ജനരാശികളുടെ മധ്യേ ഞാൻ
നിൻസ്തുതിഗീതം പാടീടും
വളരെ ജനത്തിൻ മുമ്പിൽ ഞാൻ
നിൻസ്തുതിപാടി വണങ്ങീടും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

ശുശ്രൂ. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

www.malankaralibrary.com

(അല്ലെങ്കിൽ)

(സങ്കീർത്തനം 144)

കാർമി. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും;
അങ്ങയുടെ നാമം എന്നെന്നും പ്രകീർത്തിക്കും.

സമൂ. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും;
അങ്ങയുടെ നാമം എന്നെന്നും പ്രകീർത്തിക്കും.

അനുദിനം ഞാൻ അങ്ങയെ വാഴ്ത്തും;
അങ്ങയുടെ നാമം എന്നേക്കും പുകഴ്ത്തും.

നമ്മുടെ കർത്താവു വലിയവനാകുന്നു;
അത്യന്തം സ്തുത്യർഹനാകുന്നു;
അവിടത്തെ മഹത്ത്വം നിസ്സീമമാകുന്നു.

തലമുറ തലമുറയോട്
അങ്ങയുടെ ചെയ്തികൾ അറിയിക്കും;
അങ്ങയുടെ ശക്തി വെളിപ്പെടുത്തും.

ഭീതിദമായ ശക്തി അവർ പ്രഘോഷിക്കും;
അങ്ങു ചെയ്ത വൻകാര്യങ്ങൾ വിവരിക്കും;
അങ്ങയുടെ മഹത്ത്വം പ്രകീർത്തിക്കും.

അങ്ങയുടെ കൃപാതിരേകത്തിന്റെ സ്മരണ
നീതിമാന്മാർ അനുഷ്ഠിക്കും;
അവർ അതു കണ്ടെത്തുകയും ചെയ്യും.

കർത്താവു ദയാലുവും കരുണാമയനുമാകുന്നു;
ക്ഷമാശീലനും കൃപാനിധിയുമാകുന്നു.

കർത്താവു നല്ലവനാകുന്നു;
എല്ലാ ദാസരിലും
അവിടന്നു കരുണ ചൊരിയുന്നു.

കർത്താവേ, അങ്ങയുടെ ദാസർ
അങ്ങയെ സ്തുതിക്കുന്നു;
നീതിമാന്മാർ അങ്ങയെ പ്രകീർത്തിക്കുന്നു.

www.malankaralibrary.com

അങ്ങയുടെ രാജ്യത്തിന്റെ പ്രതാപം
അവർ വെളിപ്പെടുത്തും;
അങ്ങയുടെ ശക്തി വിളംബരം ചെയ്യും.

അങ്ങയുടെ മഹത്ത്വവും രാജ്യത്തിന്റെ പ്രതാപവും
മാനവരോട് അവർ പ്രഘോഷിക്കും.

അങ്ങയുടെ രാജ്യം എന്നേക്കുമുള്ളതാണ്;
ആധിപത്യം തലമുറതോറും.

കർത്താവു തന്റെ വചനത്തിൽ വിശ്വസ്തനാകുന്നു;
പ്രവൃത്തികളിലെല്ലാം നീതിമാനാകുന്നു.

വീഴുന്നവരെ അവിടന്നു താങ്ങുന്നു;
വീണവരെ എഴുന്നേല്പിക്കുന്നു.

എല്ലാവരുടെയും കണ്ണുകൾ അങ്ങിലേക്കുയർന്നിരിക്കുന്നു;
യഥാസമയം അങ്ങ് അവർക്കു ഭക്ഷണം നല്കുന്നു;
കൈ തുറന്ന് ഏവരെയും സംതൃപ്തരാക്കുന്നു.

കർത്താവു തന്റെ മാർഗങ്ങളിൽ നീതിമാനും
പ്രവൃത്തികളിൽ കാരുണ്യവാനുമാണ്.

ആത്മാർഥമായി തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക്
കർത്താവു സമീപസ്ഥനാകുന്നു.

ഭക്തരുടെ ആഗ്രഹങ്ങൾ അവിടന്നു സഫലമാക്കുന്നു;
അവരുടെ യാചനകൾ ശ്രവിക്കുന്നു;
അവരെ രക്ഷിക്കുന്നു.

ഭക്തരെ കർത്താവു സംരക്ഷിക്കുന്നു;
ദുഷ്ടരെ നശിപ്പിക്കുന്നു.

അധരത്താൽ ഞാൻ കർത്താവിനെ പ്രകീർത്തിക്കും;
ജീവജാലങ്ങൾ എന്നെന്നും തിരുനാമം പുകഴ്ത്തും.

www.malankaralibrary.com

(സങ്കീർത്തനം 145)

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
ആയുഷ്കാലംമുഴുവൻ അവിടത്തെ പുകഴ്ത്തുക.

ജീവിച്ചിരിക്കുന്നിടത്തോളം കാലം
ഞാൻ എന്റെ ദൈവത്തെ പാടിസ്തുതിക്കും.

അധികാരികളിലോ മറ്റുള്ളവരിലോ ആശ്രയംവയ്ക്കരുത്;
രക്ഷനല്കാൻ അവർക്കു കഴിയുകയില്ല.

ശ്വാസം നിലയ്ക്കുമ്പോൾ അവർ മണ്ണിലേക്കു മടങ്ങുന്നു;
അവരുടെ പദ്ധതികളെല്ലാം തകരുന്നു.

യാക്കോബിന്റെ ദൈവം തുണയായുള്ളവൻ ഭാഗ്യവാനാകുന്നു;
അവന്റെ ആശ്രയം ദൈവമായ കർത്താവിലാകുന്നു.

ആകാശവും ഭൂമിയും സമുദ്രവും
അവയിലുള്ള സമസ്തവും അവിടന്നു സൃഷ്ടിച്ചതാണ്.

അവിടന്ന് എന്നെന്നും സത്യം സംരക്ഷിക്കുന്നു;
മർദിതർക്കു നീതിനടത്തുന്നു.

കർത്താവു വിശക്കുന്നവർക്ക് ആഹാരമേകുന്നു;
ബന്ധിതരെ സ്വതന്ത്രരാക്കുന്നു.

കർത്താവ് അന്ധരുടെ കണ്ണുതുറക്കുന്നു;
കുനിപ്പോയവരെ നിവർത്തുന്നു.

കർത്താവു നീതിമാന്മാരെ സ്നേഹിക്കുന്നു;
അഗതികളെ പരിപാലിക്കുന്നു.

അനാഥരെയും വിധവകളെയും പോറ്റുന്നു;
അധർമികളുടെ മാർഗം തകർക്കുന്നു.

കർത്താവ് എന്നേക്കും വാഴുന്നു;
സെഹിയോനേ, നിന്റെ ദൈവം തലമുറകളോളം.

(സങ്കീർത്തനം 146)

ദൈവത്തെ പ്രകീർത്തിക്കുന്നത്
നല്ലതും ആനന്ദകരവുമാകുന്നു;
സ്തുതി അവിടത്തേക്കു യോഗ്യമാകുന്നു.

www.malankaralibrary.com

കർത്താവ് ഓറെശ്ലെം പണിതുയർത്തുന്നു;
ചിതറിപ്പോയ ഇസ്രായേൽജനത്തെ ഒരുമിച്ചുകൂട്ടുന്നു.

ഹൃദയംതകർന്നവരെ അവിടന്ന് സുഖപ്പെടുത്തും;
അവരുടെ വ്യഥകൾ ഇല്ലാതാക്കും.

നക്ഷത്രങ്ങളുടെ സംഖ്യ തിട്ടപ്പെടുത്തി
അവിടന്ന് അവയ്ക്കെല്ലാം പേരുനല്കി.

കർത്താവു വലിയവനും പ്രബലനുമാണ്;
അവിടത്തെ ജ്ഞാനം നിസ്സീമമാണ്.

കർത്താവു ദരിദ്രരെ ഉയർത്തുന്നു;
ദുഷ്ടരെ ഭൂമിയോളം താഴ്ത്തുന്നു.

കർത്താവിനു സ്തോത്രമാലപിക്കുവിൻ;
കിന്നരംമീട്ടി അവിടത്തെ സ്തുതിക്കുവിൻ.

മേഘങ്ങളാൽ അവിടന്ന് ആകാശം മൂടുന്നു;
ഭൂമിയിൽ മഴപെയ്യിക്കുന്നു;
മലകളിൽ പുല്ലുമുളപ്പിക്കുന്നു.

മൃഗങ്ങളെയും കരയുന്ന പക്ഷിക്കുഞ്ഞുങ്ങളെയും
അവിടന്നു തീറ്റിപ്പോറ്റുന്നു.

അശ്വബലത്തിൽ അവിടന്നു സന്തോഷിക്കുന്നില്ല;
മല്ലന്റെ ശക്തിയിൽ സംപ്രീതനല്ല.

തന്റെ ഭക്തരിലും തന്റെ കൃപ കാത്തിരിക്കുന്നവരിലും
കർത്താവു സംപ്രീതനാകുന്നു.

കൂട്ടിച്ചേർക്കുന്നു

(സങ്കീർത്തനം 35)

വലിയ സഭയിൽ ഞാൻ അങ്ങയെ സ്തുതിക്കും;
ജനങ്ങളുടെ മധ്യേ പാടിപ്പുകഴ്ത്തും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

ശുശ്രൂ. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

www.malankaralibrary.com

(സാധാരണദിവസങ്ങളിൽ)

(സങ്കീർത്തനങ്ങൾ 15, 116)

കാർമി. ആരുവസിക്കും നാഥാ, നിൻ
കൂടാരത്തിൽ ചിരകാലം?
നിന്നുടെ പാവനഗിരിതന്നിൽ
വിശ്രമമാർക്കു ലഭിച്ചീടും?

സമൂ. പാവനചിന്തകളോടെ നിൻ
ബലിപീഠത്തിനടുത്തണയാൻ
കർത്താവേ, നിൻ സന്നിധിയിൽ
നില്ക്കാൻ നീ തുണയേകണമേ.

കറകൂടാതെ വസിപ്പവനും
ചെയ്തിയിൽ നീതി നിറഞ്ഞവനും
നാവിൽ ചതിയില്ലാത്തവനും
ഹൃത്തിൽ സത്യമുറച്ചവനും.

സ്നേഹിതനെതിരായണുപോലും
തിന്മ വരുത്താതുള്ളവനും
കൈക്കൂലിക്കു വഴങ്ങാതെ
നന്മയിൽ നിലനില്ക്കുന്നവനും.

കോപിപ്പിക്കും വൈരികളെ
വിഗണിച്ചീടും മാനവനും
ദൈവാരാധകരേവരെയും
മാനിച്ചീടും സോദരനും.

നിർദോഷിക്കെതിരാകാതെ
പലിശയതൊന്നും തേടാതെ
ധാർമികനായി വസിപ്പവനും
വാഗ്ദാനം പാലിപ്പവനും.

ജീവിതവീഥിയിലിവരെല്ലാം
നീതിയെഴുന്നവരാണെന്നും
ഇളകിപ്പോകില്ലൊരുനാളും
വിജയം നേടി വിരാജിക്കും.

ജനമേ, ജനതകളേ, നിങ്ങൾ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ
കർത്താവെന്നും നിലനില്ക്കും
അവനുടെ കൃപയോ ശാശ്വതമാം.

www.malankaralibrary.com

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

നിഖിലം നിർമലമാക്കീടും
പരിപാവനനാം സർവേശാ,
പാവനമാം നിൻ ബലിപീഠം
എത്ര മനോജ്ഞം മഹനീയം!

(അല്ലെങ്കിൽ)

(സങ്കീർത്തനം 15)

കാർമി. കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വിശ്രമിക്കും?

സമൂ. (കാനോന) പരിശുദ്ധമായ ചിന്തകളോടെ
അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കാൻ
കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വിശ്രമിക്കും?

കറകൂടാതെ ജീവിക്കുന്നവനും നീതി പ്രവർത്തിക്കുന്നവനും
ഹൃദയത്തിൽ സത്യമുള്ളവനും നാവുകൊണ്ടു വഞ്ചിക്കാത്തവനും.

കൂട്ടുകാരനോടു തിന്മ ചെയ്യാത്തവനും
അയല്ക്കാരനെതിരായി കൈക്കൂലി വാങ്ങാത്തവനും.

കോപിപ്പിക്കുന്നവനെ അവഗണിക്കുന്നവനും
കർത്താവിനെ ഭയപ്പെടുന്നവരെ മാനിക്കുന്നവനും.

സത്യപ്രതിജ്ഞ ലംഘിക്കാത്തവനും
പണം പലിശയ്ക്കു കൊടുക്കാത്തവനും
നിർദോഷിക്കെതിരേ കൈക്കൂലി വാങ്ങാത്തവനും.

ഇങ്ങനെ ജീവിക്കുന്നവൻ നീതിമാനാകുന്നു;
അവൻ ഒരിക്കലും ഇളകുകയില്ല.

www.malankaralibrary.com

(സങ്കീർത്തനം 150)

വിശുദ്ധ മന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ;
പ്രാഭവമേറിയ ആകാശപ്പരപ്പിൽ
അവിടത്തെ പുകഴ്ത്തുവിൻ.

തന്റെ ശക്തിപ്രാഭവത്തിൽ അവിടത്തെ സ്തുതിക്കുവിൻ;
ഉന്നതമഹിമാവിനെക്കുറിച്ച് അവിടത്തെ പുകഴ്ത്തുവിൻ.

കാഹളനാദത്താൽ അവിടത്തെ സ്തുതിക്കുവിൻ;
വീണകളാലും കിന്നരങ്ങളാലും അവിടത്തെ പുകഴ്ത്തുവിൻ.

ഇമ്പമുള്ള തന്ത്രികളാൽ അവിടത്തെ സ്തുതിക്കുവിൻ;
കർണാനന്ദകരമായ കൈത്താളങ്ങളാൽ
അവിടത്തെ പുകഴ്ത്തുവിൻ.

ആരവത്താലും ആർപ്പുവിളിയാലും
അവിടത്തെ സ്തുതിക്കുവിൻ.

ജീവജാലങ്ങളെല്ലാം കർത്താവിനെ പുകഴ്ത്തട്ടെ;
എല്ലാ ശ്വാസത്തിലും നമുക്കു കർത്താവിനെ സ്തുതിക്കാം.

(സങ്കീർത്തനം 116)

ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ;
ജനതകളേ, അവിടത്തെ പുകഴ്ത്തുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടത്തെ കൃപ
നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു;
സത്യമായും കർത്താവ് എന്നേക്കും നിലനില്ക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിശുദ്ധമായ ചിന്തകളോടെ
അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കാൻ
കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വിശ്രമിക്കും?

എല്ലാറ്റിനെയും വിശുദ്ധീകരിക്കുന്ന ദൈവമേ,
അങ്ങയുടെ ബലിപീഠം എത്ര മഹനീയവും മനോഹരവുമാകുന്നു!

www.malankaralibrary.com

(അല്ലെങ്കിൽ)

(സങ്കീർത്തനം 15)

നിൻ ഗേഹത്തിൽ വാഴുന്നതിനോ
പാവനമാം നിൻ മാമലയിങ്കൽ
പാർക്കുന്നതിനോ യോഗ്യതയുള്ളോർ
എൻ കർത്താവേ, ആരീ ഭൂവിൽ?

വ്യാപാരത്തിൽ നിഷ്ക്കന്മഷനും
ന്യായം മാത്രം നോക്കുന്നവനും
സത്യം തന്നെ പറയുന്നവനും
വഞ്ചന നാവിൽ തീണ്ടാത്തവനും.

നിസ്സാരതരം തിന്മകൾ പോലും
സ്നേഹിതനെതിരായ് ചെയ്യാത്തവനും
അയൽവാസികളെ ദ്രോഹിപ്പതിനായ്
കൈക്കൂലിയിനം വാങ്ങാത്തവനും. (നിൻ ഗേഹത്തിൽ ...)

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

(ഞായറാഴ്ചകളിലും സാധാരണതിരുനാളുകളിലും)

കാർമി. മഹോന്നതനായ കർത്താവേ,
അങ്ങയുടെ സംപൂജ്യമായ ത്രോണോസിന്റെയും
സ്തുത്യർഹമായ സിംഹാസനത്തിന്റെയും
സ്നേഹചൈതന്യം തുളുമ്പുന്ന
ഭയഭക്തിജനകമായ ന്യായാസനത്തിന്റെയും മുമ്പാകെ
അങ്ങയുടെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഞങ്ങൾ
അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു.

അങ്ങു സ്നേഹപൂർവം സ്ഥാപിച്ചതും
പവിത്രീകരിക്കുന്നതുമായ മദ്ബഹയുടെ മുമ്പിൽ,
ദിവ്യമഹത്ത്വം കുടികൊള്ളുന്ന തിരുസന്നിധാനത്തിങ്കൽ,
ക്രോവേമാരുടെ ആയിരങ്ങൾ ഹല്ലേലുയ്യാ പാടുന്നു;
സ്രാപ്പേമാരുടെയും മുഖ്യദൂതരുടെയും പതിനായിരങ്ങൾ
പരിശുദ്ധൻ എന്നു പ്രകീർത്തിക്കുന്നു.

www.malankaralibrary.com

അവരോടുചേർന്ന്
അങ്ങയുടെ മേച്ചിൽസ്ഥലത്തെ അജഗണമായ ഞങ്ങൾ
അങ്ങേക്കു നിരന്തരം സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

(കർത്താവിന്റെ തിരുനാളുകളിലും
പ്രധാന തിരുനാളുകളിലും)

കാർമി. മഹോന്നതനായ കർത്താവേ,
അങ്ങയുടെ ഭയഭക്തിജനകമായ ന്യായാസനത്തിന്റെയും
ഉന്നതമായ ത്രോണോസിന്റെയും
അലംകൃതവും സ്തുത്യർഹവുമായ
സിംഹാസനത്തിന്റെയും മുമ്പാകെ
അങ്ങയുടെ ശുശ്രൂഷകരായ ക്രോവേമാർ
ഇടവിടാതെ സ്തുതിക്കുകയും
സ്രാപ്പേമാർ പരിശുദ്ധൻ എന്നു നിരന്തരം
ഉദ്ഘോഷിക്കുകയും ചെയ്യുന്നു.
അവരോടുചേർന്നു ഞങ്ങളും അങ്ങേക്ക്
ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

(സാധാരണദിവസങ്ങളിൽ)

കാർമി. മഹോന്നതനായ കർത്താവേ,
അങ്ങയുടെ മഹനീയത്രിത്വത്തിന്റെ
സംപൂജ്യവും ഭയഭക്തിജനകവും
സ്തുത്യർഹവും അഗ്രാഹ്യവുമായ തിരുനാമത്തെയും
മനുഷ്യവംശത്തോടുള്ള അങ്ങയുടെ കൃപയെയും

www.malankaralibrary.com

നിരന്തരം സ്തുതിക്കാനും
ആരാധിക്കാനും പുകഴ്ത്താനും
ഞങ്ങൾ കടപ്പെട്ടവരാകുന്നു.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

അനന്തരം, ഒന്നാം ശുശ്രൂഷി സ്ലീവായെടുത്തു കാർമികനെ ഏല്പിക്കുന്നു. അദ്ദേഹം അതു സ്വീകരിച്ച് ചുംബിച്ചതിനുശേഷം ആർച്ചുഡീക്കനെയും ശുശ്രൂഷികളെയും സഹായികളെയും വിശ്വാസികളെയും മുത്തിക്കുന്നു. തദവസരത്തിൽ സമൂഹം ഗായകസംഘത്തോടുചേർന്ന് താഴെവരുന്നതോ ദിവസത്തിന്റേതോ ആയ മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ) ആലപിക്കുന്നു / ചൊല്ലുന്നു.

ഗായക. I നാഥനിലെന്നും നമ്മുടെ ഹൃദയം ആനന്ദിച്ചീടും.
സമൂ. സ്ലീവ നമ്മൾക്കെന്നും നന്മകൾതൻ ഉറവിടമാം
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

ഗായക. II ശരണം ഞങ്ങൾ തേടീടുന്നു തിരുനാമത്തിൽ.
സമൂ. സ്ലീവ നമ്മൾക്കെന്നും നന്മകൾതൻ ഉറവിടമാം
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

ഗായക. I താതനുമതുപോലാത്മജനും
ദിവ്യറൂഹായ്ക്കും സ്തുതിയെന്നെന്നും.
സമൂ. രക്ഷകനാം മിശിഹായേ, കനിവൊടു നീ തിരുസഭയെ
പാവനമാക്കണമേ, നിൻ മഹിമയ്ക്കായ് അർപ്പിതമാം
ദൈവാലയമിതിലങ്ങേ കാരുണ്യം ചൊരിയണമേ.
സുസ്ഥിരമാക്കണമിതിൽ നിൻ ബലിപീഠം, തിരുമെയ്യും
നിണവുമിതിൽ പരികർമം ചെയ്യുന്നു ആഘോഷമോടെ.

www.malankaralibrary.com

ഗായക. II **ആദിമുതല്ക്കേ എന്നെന്നേക്കും ആമ്മേനാമ്മേൻ.**
സമൂ. **ചോദിപ്പോർക്കു ലഭിക്കും തേടുന്നോർ കണ്ടെത്തും**
കരുണയൊടേവം ദാസരോടരുൾചെയ്ത കർത്താവേ,
ജീവിതവീഥികളിൽ നിൻ തിരുവിഷ്ടം നിറവേറ്റാൻ
ആവശ്യകമാം കഴിവും തുണയുമിവർ യാചിക്കുന്നു.

ഗായക. I **സർവരുമൊന്നായ് പാടീടട്ടെ ആമ്മേനാമ്മേൻ.**
സമൂ. **സ്ലീവ നമ്മൾക്കെന്നും നന്മകൾതൻ ഉറവിടമാം**
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

(അല്ലെങ്കിൽ)

ഗായക. I നമ്മുടെ ഹൃദയം കർത്താവിൽ ആനന്ദിക്കട്ടെ.

സമൂ. സ്ലീവ നമുക്ക് അനുഗ്രഹങ്ങളുടെ ഉറവിടമാകുന്നു.
അതുവഴി മർത്ത്യഗണം രക്ഷിക്കപ്പെട്ടിരിക്കുന്നു.
കർത്താവേ, ഈ സ്ലീവ ഞങ്ങൾക്ക് ഉറപ്പുള്ള കോട്ടയായിരിക്കട്ടെ.
അതുവഴി ഞങ്ങൾ പിശാചിനെയും അവന്റെ കെണികളെയും
പരാജയപ്പെടുത്തട്ടെ.

ഗായക. II അവിടത്തെ തിരുനാമത്തിൽ ഞങ്ങൾ ശരണപ്പെടുന്നു.
സമൂ. സ്ലീവ നമുക്ക് ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
സമൂ. ഞങ്ങളുടെ രക്ഷകനായ മിശിഹായേ,
നിന്റെ കരുണയാൽ തിരുസഭയെ വിശുദ്ധീകരിക്കണമേ.
നിന്റെ ബഹുമാനത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദൈവാലയത്തിൽ
നിന്റെ കാരുണ്യം നിവസിപ്പിക്കണമേ.
അതിനുള്ളിൽ നിന്റെ ബലിപീഠത്തെ ഉറപ്പിക്കണമേ.
അതിന്മേൽ നിന്റെ ശരീരരക്തങ്ങൾ
സാഘോഷം പരികർമം ചെയ്യപ്പെടുന്നു.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. ചോദിക്കുന്നവർക്കു ലഭിക്കും.
അന്വേഷിക്കുന്നവർ കണ്ടെത്തും.
ഇപ്രകാരം നിന്റെ ദാസരോടു
കാരുണ്യപൂർവം വാഗ്ദാനംചെയ്ത കർത്താവേ,

www.malankaralibrary.com

ഞങ്ങളുടെ പ്രവൃത്തികളാൽ
നിന്റെ തിരുഹിതം നിറവേറ്റാൻ ആവശ്യകമായ
ശക്തിയും സഹായവും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു

ഗായക. I ജനങ്ങളെല്ലാം ആമ്മേൻ, ആമ്മേൻ എന്ന് ഉദ്ഘോഷിക്കട്ടെ.

സമൂ. സ്ലീവ നമുക്ക് ...

സ്ലീവാചുംബനത്തിനുശേഷം ഒന്നാംശുശ്രൂഷി സ്ലീവ യഥാസ്ഥാനത്തു വയ്ക്കുന്നു. അപ്പോൾ ഗീതം നിർത്തുന്നു.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടു വരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നുപ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമി. **പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ,**
അങ്ങയുടെ ബഹുമാനത്തിനായി
ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം
അങ്ങയുടെ മഹനീയത്രിത്വത്തിന്റെ
നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ.
ഇത് അങ്ങയുടെ പ്രസാദത്തിനും
അങ്ങയുടെ അജഗണത്തിന്റെ
പാപങ്ങളുടെ മോചനത്തിനും
കാരണമാകട്ടെ, എന്നേക്കും.

ശുശ്രൂ. **ആമ്മേൻ.**

ശുശ്രൂ. **സമാധാനം നമ്മോടുകൂടെ.**

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

കാർമി. **ഞങ്ങളുടെ കർത്താവായ ദൈവമേ,**
അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും
അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം
ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ,
സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന
അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ
ഞങ്ങൾക്ക് ഇടയാകട്ടെ.

www.malankaralibrary.com

സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ്
മുടിചൂടി നില്ക്കുന്ന സഭയിൽ
നിരന്തരം അങ്ങയെ സ്തുതിക്കാനും
മഹത്ത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ.
എന്തുകൊണ്ടെന്നാൽ,
അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

(സാധാരണദിവസങ്ങളിൽ)

കാർമി. **ഞങ്ങളുടെ കർത്താവായ ദൈവമേ,**
അങ്ങു നല്കിയിട്ടുള്ളതും
എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ
ഞങ്ങൾക്കു കഴിയാത്തതുമായ
എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി
സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ്
മുടിചൂടി നില്ക്കുന്ന സഭയിൽ
ഞങ്ങൾ അങ്ങയെ നിരന്തരം
സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യട്ടെ.
എന്തുകൊണ്ടെന്നാൽ,
അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്. താഴെവരുന്ന കീർത്തനം ആഘോഷപൂർവകമായ കുർബാനയിൽ രണ്ടു പ്രാവശ്യവും (ഒന്നാമത്തേതും മൂന്നാമത്തേതും) സാധാരണ കുർബാനയിൽ ഒരു പ്രാവശ്യവും (ഒന്നാമത്തേത്) പാടിയാലും മതി.

www.malankaralibrary.com

ഗായക. സമൂ. സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോനാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

വചന വേദിയിലുള്ളവർ കർത്താവേ, അങ്ങേക്കു നന്ദി പറയുന്നത് ഉത്തമമാകുന്നു;
അത്യുന്നതാ, അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും.

സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോനാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

(സാധാരണദിവസങ്ങളിൽ)

വചന വേദിയിലുള്ളവർ കർത്താവേ, ഞാൻ കൈകൾ കഴുകി നിർമലമാക്കുകയും
അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം
വയ്ക്കുകയും ചെയ്തു.

സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോനാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

www.malankaralibrary.com

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

ഗായക. സമൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോനാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

(അല്ലെങ്കിൽ)

ഗായക. സമൂ. സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

വചന വേദി യിലു ള്ളവർ കർത്താവേ, അങ്ങേക്കു നന്ദി പറയുന്നത് ഉത്തമമാകുന്നു;
അത്യുന്നതാ, അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും.

സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

www.malankaralibrary.com

(സാധാരണദിവസങ്ങളിൽ)

വചന വേദിയിലുള്ളവർ — കർത്താവേ, ഞാൻ കൈകൾ കഴുകി നിർമലമാക്കുകയും
അങ്ങയുടെ ബലിപീഠത്തിനു
പ്രദക്ഷിണം വയ്ക്കുകയും ചെയ്തു.

സകലത്തിന്റെയും നാഥാ,
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

ഗായക. സമൂ. — പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ,
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

ശുശ്രൂ. — നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. — എന്റെ കർത്താവേ, നീ സത്യമായും
ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനും
ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു.
ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും
ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. — ആമ്മേൻ.

www.malankaralibrary.com

താഴെവരുന്ന കീർത്തനം ആഘോഷപൂർവകമായ കുർബാനയിൽ രണ്ടു പ്രാവശ്യം പാടിയാലും മതി. രണ്ടാമത്തേത് 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി; ആദിമുതൽ എന്നേക്കും, ആമ്മേൻ' എന്ന ത്രിത്വസ്തുതി കൂട്ടിച്ചേർത്ത് ആലപിക്കുന്നു. സാധാരണകുർബാനയിൽ ഒരു പ്രാവശ്യം (ഒന്നാമത്തേത്) പാടിയാലും മതി.

ശുശ്രൂ. ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

ഗായക. സമൂ. പരിപാവനനാം സർവേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

വചന വേദിയിലുള്ളവർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

പരിപാവനനാം സർവേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

ഗായക. സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിപാവനനാം സർവേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

സമൂ. പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

വചന വേദിയിലുള്ളവർ — പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ഗായക. സമൂ. — ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. — നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. — വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന
പരിശുദ്ധനും സ്തുത്യർഹനും
ബലവാനും അമർത്ത്യനുമായ കർത്താവേ,
അങ്ങയുടെ സ്വഭാവത്തിനൊത്തവിധം
എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും
ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. — ആമ്മേൻ.

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്കഭിമുഖമായിനിന്നു പറയുന്നു.

സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

സമൂഹം ഇരിക്കുന്നു.

... പുസ്തകത്തിൽനിന്നുള്ള വായന.

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

www.malankaralibrary.com

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമി. **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

വായന കഴിയുമ്പോൾ രണ്ടാം വായനക്കാരൻ ഒന്നാം വായന നടത്തിയ സ്ഥലത്തുതന്നെ ജനങ്ങൾക്കഭിമുഖമായിനിന്നു പറയുന്നു.

സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ.

... പുസ്തകത്തിൽനിന്നുള്ള വായന.

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

കാർമികൻ ഇരുന്നുകൊണ്ടുതന്നെ താഴെവരുന്ന പ്രാർഥന ചൊല്ലി ആശീർവദിക്കുന്നു.

കാർമി. **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

www.malankaralibrary.com

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

വായന കഴിയുമ്പോൾ

സമൂ. **ദൈവമായ കർത്താവിനു സ്തുതി.**

ശുശ്രൂഷി ഉദ്ഘോഷിക്കുന്നു

ശുശ്രൂ. **പ്രകീർത്തനം / ശൂറായ ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.**

കാർമികൻ ജനങ്ങൾക്ക് അഭിമുഖമായി വചനവേദിയിൽ നില്ക്കുന്നു. താഴെവരുന്നതോ ദിവസത്തിന്റേതോ ആയ പ്രകീർത്തനം ആലപിക്കുന്നു / ചൊല്ലുന്നു.

കാർമി. **അംബരമനവരതം**
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.
ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
ധന്യൻ തോമാശ്ലീഹാതൻ
(കർത്താവിൻ തിരുജനനത്തിൻ)
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II **തൻകരവിരുതല്ലോ**
വാനവിതാനങ്ങൾ
ഉദ്ഘോഷിക്കുന്നു.

സമൂ. **ദിവ്യാത്മാവിൻ ഗീതികളാൽ**
ഹല്ലേലുയ്യാ ഗീതികളാൽ
ധന്യൻ തോമാശ്ലീഹാതൻ
(കർത്താവിൻ തിരുജനനത്തിൻ)
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

കാർമി. **നിത്യപിതാവിനും**
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

www.malankaralibrary.com

സമൂ.	**ദിവ്യാത്മാവിൻ ഗീതികളാൽ** **ഹല്ലേലുയ്യാ ഗീതികളാൽ** **ധന്യൻ തോമാശ്ലീഹാതൻ** **(കർത്താവിൻ തിരുജനനത്തിൻ)** **നിർമലമാകുമനുസ്മരണം** **കൊണ്ടാടാം ഇന്നീ വേദികയിൽ.**
ശുശ്രൂ. I	**ആദിയിലെപ്പോലെ** **ഇപ്പോഴുമെപ്പോഴും** **എന്നേക്കും ആമ്മേൻ.**
സമൂ.	**ദിവ്യാത്മാവിൻ ഗീതികളാൽ** **ഹല്ലേലുയ്യാ ഗീതികളാൽ** **ധന്യൻ തോമാശ്ലീഹാതൻ** **(കർത്താവിൻ തിരുജനനത്തിൻ)** **നിർമലമാകുമനുസ്മരണം** **കൊണ്ടാടാം ഇന്നീ വേദികയിൽ.**
ശുശ്രൂ. II	**ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**
	(അല്ലെങ്കിൽ)
കാർമി.	ആകാശമണ്ഡലം ദൈവമഹത്ത്വം പ്രകീർത്തിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഗീതികളാൽ (മാർതോമാശ്ലീഹായുടെ / വിശുദ്ധ പത്രോസിന്റെ / ...) സ്മരണ ആചരിക്കാം. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
ശുശ്രൂ. II	വാനവിതാനം അവിടത്തെ കരവേല വിളംബരം ചെയ്യുന്നു.
സമൂ.	പരിശുദ്ധാത്മാവിന്റെ ഗീതികളാൽ (മാർതോമാശ്ലീഹായുടെ / വിശുദ്ധ പത്രോസിന്റെ / ...) സ്മരണ ആചരിക്കാം. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

www.malankaralibrary.com

കാർമി.	പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
സമൂ.	പരിശുദ്ധാത്മാവിന്റെ ഗീതികളാൽ (മാർതോമാശ്ലീഹായുടെ / വിശുദ്ധ പത്രോസിന്റെ / ...) സ്മരണ ആചരിക്കാം. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
ശുശ്രൂ. I	ആദിമുതൽ എന്നേക്കും, ആമ്മേൻ.
സമൂ.	പരിശുദ്ധാത്മാവിന്റെ ഗീതികളാൽ (മാർതോമാശ്ലീഹായുടെ / വിശുദ്ധ പത്രോസിന്റെ / ...) സ്മരണ ആചരിക്കാം. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
ശുശ്രൂ. II	ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. **ഞങ്ങളുടെ കർത്താവായ ദൈവമേ,**
അങ്ങയുടെ ജീവദായകവും ദൈവികവുമായ
കല്പനകളുടെ മധുരസ്വരം
ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും
ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ.
അതുവഴി, ആത്മശരീരങ്ങൾക്കുപകരിക്കുന്ന
സ്നേഹവും ശരണവും രക്ഷയും
ഞങ്ങളിൽ ഫലമണിയുന്നതിനും
നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും
അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും
ഞങ്ങളെ സഹായിക്കണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

കാർമി. സർവജ്ഞനായ ഭരണകർത്താവും
തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ
വിസ്മയനീയനായ പരിപാലകനും
സകല നന്മകളുടെയും സൗഭാഗ്യങ്ങളുടെയും
ഉറവിടവുമായ ദൈവമേ,
അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.
അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും
ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും
ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂഷികൾ രണ്ടുപേരും പ്രഘോഷണപീഠത്തിങ്കൽ ജനങ്ങൾക്ക് അഭിമുഖം നിന്നുകൊണ്ടു വ്യാഖ്യാനഗീതം (തുർഗാമ) ആലപിക്കുന്നു. ഈ സമയത്ത് കാർമികനും ആർച്ചുഡീക്കനും ജനങ്ങളും ഇരിക്കുന്നു.

ശുശ്രൂ. I **സകലേശ്വരനാം ദൈവം**
ഭൂവിന്നുടയോൻ രാജമഹേശൻ തന്റെ
സ്നേഹവിരുന്നിൻ ക്ഷണമുള്ളോരേ, വരുവിൻ നിങ്ങൾ.

ശുശ്രൂ. II **പരിശോധിപ്പിൻ വേഗം**
സുവിശേഷത്തിൻ ദിവ്യപ്രഭയിൽ നിങ്ങൾ
ശുചിയാക്കീടിൻ ഭൗതികചിന്താസരണികളെല്ലാം.

നാഥൻ സദയം നല്കി
സൗഭാഗ്യത്തിൻ നിക്ഷേപങ്ങൾ മന്നിൽ
പാപികൾ വരുവിൻ, കടബാധ്യതകൾ നീക്കുക നിങ്ങൾ.

ദൈവികരാജ്യം നേടാൻ
ഹൃദയതലങ്ങൾ ശുചിയാക്കിടുവിൻ ചേലിൽ
ശിശുവിനുതുല്യം നിർമലരായിത്തീരുക വീണ്ടും.

ദൈവാത്മാവിൻ ഗീതം
ചൊരിയുകയല്ലോ ദൈവികരാജ്യം കാതിൽ
ശാശ്വതഭാഗ്യം നിറയും വഴികൾ വെളിവാക്കുന്നു.

www.malankaralibrary.com

നിഴലാം നിയമം വിട്ടു
നൂതനനിയമം പാലിച്ചവനാം പൗലോസ്
ശ്ലീഹാതന്നുടെ മാതൃക നിങ്ങൾ കൈക്കൊണ്ടിടുവിൻ.

ഇസ്രായേലിൻ തീക്ഷ്ണൻ
ശാവോലിനെയാ നാഥൻ പരിചിൽ നേടി
തിരുസഭതന്നിൽ തീക്ഷ്ണതയേറും മാതൃക നല്കാൻ.

ശാവോലന്നാൾ യൂദൻ
നിയമം ചാർത്തും തിരശ്ശീലകളാൽ അന്ധൻ
മിശിഹാ അവനിൽ തൻ നിയമത്താൽ കാഴ്ച പകർന്നു.

തെസലോന്യർക്കായ് (റോമാക്കാർക്കായ്) പൗലോസ്
എഴുതിയ കത്താൽ നമ്മെയുമിപ്പോൾ മോദാൽ
ദൈവികദൗത്യം അറിയിപ്പതു നാം കേൾക്കുക യുക്തം.

(അല്ലെങ്കിൽ)

ശുശ്രൂ. I

ഭൂസ്വർഗങ്ങളുടെ രാജാവിന്റെ രക്ഷാകരമായ വിരുന്നിന്
ദൈവത്തിന്റെ അനന്തപരിപാലനത്താൽ ക്ഷണിക്കപ്പെട്ടവരേ,
ദൈവവചനത്തിന്റെ വെളിച്ചത്തിൽ നിങ്ങളെത്തന്നെ പരിശോധിച്ച്
നിങ്ങളുടെ മനസ്സിലെ എല്ലാ ഭൗതികചിന്തകളും
ദൈവാഗ്നിയിൽ ശുദ്ധീകരിക്കുവിൻ.

ശുശ്രൂ. II

യാചിക്കുന്നവരുടെ മുമ്പാകെ സൗഭാഗ്യദായകമായ ഭണ്ഡാഗാരം
തുറന്നുവച്ചുകൊണ്ട് കർത്താവ് അരുൾചെയ്തു:
പാപികളേ, നിങ്ങൾ വരുവിൻ;
നിങ്ങളുടെ കടപ്പത്രം തിരികെ വാങ്ങിക്കൊള്ളുവിൻ.

നിങ്ങൾ സ്വർഗരാജ്യത്തിന് അവകാശികളും
അതിന്റെ അംഗങ്ങളുമാകാൻവേണ്ടി
നിങ്ങളുടെ ഹൃദയങ്ങൾ പവിത്രീകരിച്ച്
ശിശുക്കളെപ്പോലെ ആകുവിൻ.

കണ്ടാലും, ആത്മീയ സ്വരവീചികളാൽ
നിങ്ങളോടു ദൈവരാജ്യം പ്രസംഗിക്കപ്പെടുകയും
നിത്യാനന്ദത്തിലേക്കുള്ള വഴി
നിങ്ങൾക്കായി തുറക്കപ്പെടുകയും ചെയ്യുന്നു.

നിഴലിനു തുല്യമായ നിയമങ്ങളിൽനിന്ന്
യഥാർഥമായ നിയമത്തിലേക്ക്
എബ്രായനായ പൗലോസിനെപ്പോലെ
നിങ്ങൾ തിരിയേണ്ടിയിരിക്കുന്നു.

www.malankaralibrary.com

ഇസ്രായേൽക്കാരിൽ തീക്ഷ്ണമതിയായി താൻ കണ്ട
ധീരനായ സാവൂളിനെ കർത്താവ്
ക്രിസ്തീയസമൂഹത്തിനുവേണ്ടി
തീക്ഷ്ണമതിയാകാൻ വിളിച്ചു.

ഒരിക്കൽ അവൻ യഹൂദനിയമത്താലും
പാരമ്പര്യത്താലും അന്ധനായിരുന്നു.
എന്നാൽ പിന്നീടു, മിശിഹായുടെ പ്രബോധനത്തിന്റെ ശക്തിയാൽ
അവന്റെ നയനങ്ങൾ തുറക്കപ്പെട്ടു.

അവന്റെ മഹത്ത്വപൂർണമായ സത്യവചനങ്ങൾ
ശ്രവിക്കുന്നതു യുക്തമാകുന്നു.
അവൻ ഇപ്പോൾ (തെസലോണിയർക്കുള്ള ...) ലേഖനത്തിലൂടെ
പഠിപ്പിക്കുന്നു.

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണപീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്കഭിമുഖമായി നിന്നു പറയുന്നു.

സഹോദരരേ, ... ശ്ലീഹാ ... എഴുതിയ ലേഖനം.

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമി. **മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ**
നിന്നെ ജ്ഞാനിയാക്കട്ടെ.
നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന
പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും
അവിടന്നു തന്റെ കൃപാതിരേകത്താൽ
നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.

(അല്ലെങ്കിൽ)

മിശിഹാ ✠ അനുഗ്രഹിക്കട്ടെ.

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു.

www.malankaralibrary.com

വായന കഴിയുമ്പോൾ

സമൂ. നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും
അവിടത്തെ പ്രതിരൂപവുമായ മിശിഹായേ,
മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും
ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ
സുവിശേഷവെളിച്ചത്താൽ
പ്രകാശിപ്പിക്കുകയും ചെയ്ത നിനക്ക്
ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും
കൃതജ്ഞതയും സമർപ്പിക്കുന്നു.
സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.

കാർമികൻ ആർച്ചുഡീക്കനോടും തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുംകൂടെ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

കാർമി. ലോകത്തിന്റെ പ്രകാശവും
സകലത്തിന്റെയും ജീവനുമായ മിശിഹായേ,
നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച
അനന്തകാരുണ്യത്തിന്
എന്നേക്കും സ്തുതി. ആമ്മേൻ.

അനന്തരം ശുശ്രൂഷി താഴെവരുന്ന സുവിശേഷഗീതം (ഓനീസാ ദ്ഏവൻഗലിയോൻ) ആരംഭിക്കുന്നു. തത്സമയം ജനങ്ങൾ എഴുന്നേൽക്കുന്നു

ശുശ്രൂ. പുസ്തകങ്ങളുടെ ആരംഭത്തിൽ
എന്നെപ്പറ്റി എഴുതിയിരിക്കുന്നു.

എഴുതീ നരകുലരക്ഷകനാം
മിശിഹാരാജൻ തൻമൊഴികൾ
സുവിശേഷത്തിൻ തിരുഗ്രന്ഥം

പരിശുദ്ധാത്മനിവേശത്താൽ
യൂദയാസഭയിൽ മത്തായി
മർക്കോസ് റോമിലെ ജനതയ്ക്കായ്
ലൂക്കാ ഈജിപ്തിലെ സഭയിൽ

www.malankaralibrary.com

യോഹന്നാൻ എഫേസൂസിൽ
നാഥാ, ജനതതിയീഗ്രന്ഥം
ധ്യാനിപ്പൂ; നിൻ മഹിമകളെ
മന്നിതിൽ വാഴ്ത്തി നമിക്കുന്നു.

ഈ സമയം കാർമികൻ സുവിശേഷഗ്രന്ഥം എടുത്ത് മുത്തിയതിനുശേഷം ആർച്ചുഡീക്കനെയും ശുശ്രൂഷികളെയും മുത്തിക്കുന്നു.

ഗായക. **ദൈവമേ, അങ്ങയുടെ തിരുവിഷ്ടം നിറവേറ്റാൻ**
ഞാൻ ആഗ്രഹിച്ചു.
എഴുതീ നരകുലരക്ഷകനാം ...

ശുശ്രൂ. **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**
എഴുതീ നരകുലരക്ഷകനാം ...

(അല്ലെങ്കിൽ)

ശുശ്രൂ. പുസ്തകങ്ങളുടെ ആരംഭത്തിൽ
എന്നെപ്പറ്റി എഴുതിയിരിക്കുന്നു.

നമ്മുടെ രാജാവും രക്ഷകനുമായ മിശിഹായുടെ
സുവിശേഷമാകുന്ന മഹാഗ്രന്ഥം
അദ്ഭുതപ്രവർത്തകരായ നാലു ഗ്രന്ഥകാരന്മാർ
പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിരചിച്ചു.
മത്തായി യൂദയായിലെ വിശ്വാസികൾക്കും
മർക്കോസ് റോമിലെ സഭാംഗങ്ങൾക്കും
ലൂക്കാ ഈജിപ്തിലെ ദൈവജനത്തിനും
യോഹന്നാൻ എഫേസൂസിലെ സഭയ്ക്കുംവേണ്ടി
സുവിശേഷം എഴുതി.
ഇപ്പോൾ ഇതാ, കർത്താവേ,
അങ്ങയുടെ മഹാശക്തിയെ പ്രകീർത്തിച്ചുകൊണ്ട്
ജനതകൾ നാനാദിക്കുകളിലും
ഈ ഗ്രന്ഥങ്ങൾ ധ്യാനവിഷയമാക്കുന്നു.

ഗായക. ദൈവമേ, അങ്ങയുടെ തിരുവിഷ്ടം നിറവേറ്റാൻ ഞാൻ ആഗ്രഹിച്ചു.
നമ്മുടെ രാജാവും രക്ഷകനുമായ ...

ശുശ്രൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
നമ്മുടെ രാജാവും രക്ഷകനുമായ ...

www.malankaralibrary.com

(അല്ലെങ്കിൽ)

ശുശ്രൂ. മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ സുവിശേഷകന്മാരേ, നിങ്ങളുടെ പ്രാർഥന ഞങ്ങൾക്കു കോട്ടയായിരിക്കട്ടെ.

അനന്തരം സുവിശേഷഗ്രന്ഥം ബലിപീഠത്തിന്മേൽ വച്ചിട്ട് കാർമികനും ആർച്ചുഡീക്കനും ജനങ്ങളും ഇരിക്കുന്നു. ശുശ്രൂഷികൾ മദ്ബഹയുടെ കവാടത്തിങ്കൽച്ചെന്ന് ജനങ്ങൾക്കഭിമുഖംനിന്നു ഗായകസംഘവുമായി ഒന്നിടവിട്ടു വ്യാഖ്യാനഗീതം (തുർഗാമ) ആലപിക്കുന്നു.

ശുശ്രൂ. **വിശ്വാസികളേ, കേൾപ്പിൻ**
സൗഖ്യവുമുയിരും പകരും മൊഴികൾ മോദാൽ
ദൈവകുമാരൻ നരനായ് നമ്മെ മോചിതരാക്കി.

ഗായക. **ഈ മൊഴി നിങ്ങൾക്കേകി**
ഭാഗ്യം നിറയും വലിയൊരു നിധിയീ ഭൂവിൽ
ഈ സദ്ഗ്രന്ഥം ജീവൻ നല്കും ഔഷധമല്ലോ.

ജീവൻ നല്കാൻ പോരും
ജീവത്വചനം കേൾക്കിലൊളിക്കും സാത്താൻ
ബാധകളേതും ഭീതിയൊടുടനേ ഒഴിവായീടും.

സ്വർഗം പൂകാൻ പോരും
വാതിലിതല്ലോ വഴിയുമിതല്ലോ നിത്യം
ഈ വഴി പോയാൽ അപകടമെന്യേ രാജ്യം നേടാം.

മൃതരീ ശബ്ദം കേൾക്കിൽ
ജീവൻ നേടും സ്വർഗം പൂകും ചേലിൽ
ഇതു നിരസിക്കിൽ ജീവിപ്പവരും മൃതരായ് തീരും.

പ്രഭ വിതറീടും ദീപം
ജീവൻതന്നെ ഈ സദ്വചനം പാരിൽ
വിധിയാളനെയീ വചനം സുതരാം വെളിവാക്കുന്നു.

ജനതതിയെല്ലാം ചേലിൽ
രക്ഷിതരായി നാഥൻ വഴിയായ് ഭൂവിൽ
പാപം നിയതം മോചിപ്പവനീ നാഥൻ മാത്രം.

www.malankaralibrary.com

വിത്തു വിതയ്ക്കും നാഥൻ
തിരുവചനത്തിൻ വിത്തു വിതയ്ക്കാൻ വന്നു
വയലിനു പകരം ഹൃദയനിലങ്ങൾ നല്കുക നിങ്ങൾ.

നാഥൻ മൊഴിയും നാദം
ഭാഗ്യവുമുയിരും കരുണയുമുലകിൽ തൂകും
ശരണവുമനിശം കൃപയുമിതേകും മനുജനു മോദാൽ.

ആശ്രയമവനിൽ ചേർക്കും
വിശ്വാസികളോ ഭാഗ്യം നിയതം ചൂടും
അവരൊരുനാളിൽ മൃതരായാലും ജീവൻ നേടും.

ആശ്രിതരെയാ നാഥൻ
കൈവെടിയില്ല കാത്തരുളീടും നിത്യം
പാപാങ്കിതരായ് അവരിലൊരാളും മൃതിയടയില്ല.

ദൈവകുമാരൻ ഭൂവിൽ
മാനവനായി തിരുവവതാരം ചെയ്തു
കന്യകയിൽ നിന്നവനൊരുനാളിൽ ജാതനുമായി.

രോഗം സദയം നീക്കി
മൃതരിൽ ജീവൻ പുനരവനേകി മോദാൽ
തിരുവുത്ഥാനം ചെയ്തൊരു നാഥൻ സ്വർഗം പൂകി.

റൂഹായെയാ നാഥൻ
ശിഷ്യർക്കേകി ശിക്ഷണമേകി ചേലിൽ
ശിക്ഷണമേകാൻ സദയമയച്ചു ദിശകളിലെല്ലാം.

യോഹന്നാൻ തൻ സാക്ഷ്യം
(സുവിശേഷകനാം മത്തായി / മർക്കോസ് / ലൂക്കാ)
അനുഭവമധുനാ വിവരിക്കുന്നു കേൾക്കാൻ
ചെവിയുള്ളവനോ കേട്ടു ഫലങ്ങൾ നല്കീടട്ടെ.

(അല്ലെങ്കിൽ)

www.malankaralibrary.com

ശുശ്രൂ. പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നവരേ,
നിങ്ങൾ വരുവിൻ.

ഗായക. ശരീരത്തെ സൗഖ്യമാക്കുകയും ആത്മാവിനെ ജീവിപ്പിക്കുകയും ചെയ്യുന്ന
വചനങ്ങൾ നിങ്ങൾ ശ്രവിക്കുവിൻ.

ദൈവപുത്രൻ മനുഷ്യരുടെ ഇടയിൽ മനുഷ്യനായി അവതരിച്ചു;
തന്റെ നിയമംവഴി അവിടന്നു മനുഷ്യരെ പാപത്തിൽനിന്നു മോചിപ്പിച്ചു.

ഈ വചനം നിങ്ങൾക്കായി വലിയൊരു നിധി തുറന്നിരിക്കുന്നു;
ഈ പുസ്തകം ജീവനും സൗഭാഗ്യവും നിറഞ്ഞതാകുന്നു.

സജീവവും ജീവദായകവുമായ ഈ വചനം കേൾക്കുമ്പോൾ
സാത്താൻ പലായനം ചെയ്യുകയും
ദുഷ്ടാരൂപികൾ ഭയത്തോടെ ഓടിയകലുകയും ചെയ്യുന്നു.

ഇതു മനുഷ്യനു സ്വർഗരാജ്യത്തിലേക്കുള്ള വാതിലാകുന്നു;
കെണികളില്ലാതെ സജ്ജമാക്കപ്പെട്ടിരിക്കുന്ന വഴിത്താരയുമാകുന്നു.

മരിച്ചവർ ഈ ശബ്ദം ശ്രവിച്ചാൽ ജീവിക്കും;
ജീവിക്കുന്നവർ ഈ വചനം തിരസ്കരിച്ചാൽ മരിക്കുകയും ചെയ്യും.

ഇതു പ്രകാശമാകുന്നു; ഇത് ദീപമാകുന്നു; ഇതു ജീവനാകുന്നു;
മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കാനിരിക്കുന്നവൻ
ഈ വചനംവഴി പ്രസംഗിക്കപ്പെടുന്നു.

എല്ലാ ജനതകളും അവിടന്നുവഴി രക്ഷിക്കപ്പെടുന്നു;
ഇക്കാര്യം എല്ലാവരും അറിഞ്ഞിരിക്കേണ്ടതാകുന്നു;
അതുപോലെ അവിടന്നുവഴി എല്ലാ പാപങ്ങളും മോചിക്കപ്പെടുന്നുവെന്ന്
നിങ്ങൾ വിശ്വസിക്കുകയും ബോധ്യപ്പെടുകയും ചെയ്യുവിൻ.

വചനമാകുന്ന വിത്തു വിതയ്ക്കാൻ വിതക്കാരൻ പുറപ്പെട്ടിരിക്കുന്നു;
നിങ്ങളുടെ ഹൃദയമാകുന്ന വയലുകൾ അവന്റെ മുമ്പാകെ സമർപ്പിക്കുവിൻ.

അവന്റെ ശബ്ദം ജീവനും ആനന്ദവും ദയയും കാരുണ്യവുമാകുന്നു;
അവന്റെ വചനം പ്രത്യാശയും ആയുസ്സും കൃപയും നന്മയുമാകുന്നു.

അവനിൽ ആശ്രയിക്കുകയും
അവന്റെ വചനത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ;
അവനിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും;
ജീവിക്കുന്നവനോ, പാപത്തിൽ മരിക്കുകയുമില്ല.

www.malankaralibrary.com

ദൈവത്തിന്റെ ഏകപുത്രൻ
ലോകത്തിൽ അവതരിക്കാൻ തിരുമനസ്സാകുകയും
മാലാഖമാരുടേതിനേക്കാൾ ഉപരിയായ പ്രകൃതിയിൽ
കന്യകയിൽനിന്നു ജനിക്കുകയും ചെയ്തു.

അവിടന്നു രോഗികളെ സുഖപ്പെടുത്തി; മരിച്ചവരെ ഉയിർപ്പിച്ചു;
പിശാചുക്കളെ ബഹിഷ്കരിച്ചു;
മരണത്തെ പരാജയപ്പെടുത്തി;
എന്തെന്നാൽ, അവിടന്നു മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും
സ്വർഗത്തിലേക്കു കരേറുകയും ചെയ്തു.

അവിടന്നു ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ
അയച്ച് അവരെ വിവേകികളാക്കി;
അനന്തരം, സുവിശേഷം പ്രസംഗിക്കുന്നതിനായി
അവരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അയച്ചു.

ഇപ്പോൾ (മത്തായി / മർക്കോസ് / ലൂക്കാ / യോഹന്നാൻ)
ഇതാ! താൻ കാണുകയും കേൾക്കുകയും ചെയ്തവ വിശദീകരിക്കുന്നു;
ആകയാൽ, കേൾക്കാൻ ചെവിയുള്ളവൻ അതു കേൾക്കട്ടെ.

ശുശ്രൂഷി കുന്തുരുക്കവും ധൂപകലശവും കൊണ്ടുവരുന്നു.
കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന
പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

കാർമി. **എന്റെ കർത്താവേ, പാപിനിയായ മറിയം**
നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ
നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം
ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ.
നിന്റെ ബഹുമാനത്തിനും
ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും
മോചനത്തിനുമായി
ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു.
സകലത്തിന്റെയും നാഥാ, എന്നേക്കും.

ശുശ്രൂ. **ആമ്മേൻ.**

ശുശ്രൂ. **ഹല്ലേലുയ്യാ. (3)**

www.malankaralibrary.com

തുടർന്ന്, രണ്ടു ഗണമായി താഴെവരുന്നതോ ദിവസത്തിന്റേതോ ആയ ഹല്ലേലുയ്യാഗീതം (സൂമാറ) ആലപിക്കുന്നു / ചൊല്ലുന്നു.

ഗായക. സമൂ. **ഹല്ലേലുയ്യാ പാടീടുന്നേൻ**
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

നല്ലോരാശയമെൻ മനതാരിൽ
വന്നു നിറഞ്ഞു തുളുമ്പീടുന്നു.

രാജാവിൻ തിരുമുമ്പിൽ കീർത്തന
മധുവായ് ഞാനതൊഴുക്കീടട്ടെ.

ഏറ്റമനുഗ്രഹപൂരിതനാം കവി
തൻ തൂലികപോലെൻ നാവിപ്പോൾ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

(അല്ലെങ്കിൽ)

എന്റെ ഹൃദയത്തിൽ ഒരു നല്ല ആശയം നിറഞ്ഞു തുളുമ്പുന്നു.
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

അതു കീർത്തനമായി രാജാവിനുമുമ്പിൽ ഞാൻ ആലപിക്കും.
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

എന്റെ നാവ് അനുഗൃഹീതനായ കവിയുടെ തൂലിക പോലെയാകുന്നു.
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ആദിമുതൽ എന്നേക്കും, ആമ്മേൻ.
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

കാർമികൻ ബലിപീഠത്തെ സമീപിച്ചു സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും ആർച്ചുഡീക്കനോടുകൂടെ കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

www.malankaralibrary.com

കാർമി. **കർത്താവായ മിശിഹായേ,**
നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ.
നിന്റെ ജ്ഞാനത്താൽ
ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ.
നിന്റെ സത്യത്താൽ
ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ.
അങ്ങനെ, ഞങ്ങൾ എപ്പോഴും
നിന്റെ വചനങ്ങൾ പാലിക്കുന്നവരും
കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ.
സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

ശുശ്രൂ. **നമുക്കു ശ്രദ്ധാപൂർവംനിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

(അല്ലെങ്കിൽ)

നിങ്ങൾ മൗനമായിനിന്നു ശ്രദ്ധാപൂർവം
പരിശുദ്ധ സുവിശേഷം ശ്രവിക്കുവിൻ.

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

കാർമി. **സമാധാനം ✠ നിങ്ങളോടുകൂടെ.**

സമൂ. **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

കാർമി. **വിശുദ്ധ മത്തായി / മർക്കോസ് / ലൂക്കാ / യോഹന്നാൻ**
അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ
പരിശുദ്ധ സുവിശേഷം.

സമൂ. **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

കാർമികൻ സുവിശേഷം വായിക്കുമ്പോൾ കത്തിച്ച തിരികളുമായി രണ്ടു സഹായികൾ ഇരുവശത്തും നില്ക്കുന്നു. മറ്റൊരു സഹായി മുമ്പിൽനിന്ന് ധൂപാർപ്പണം നടത്തുന്നു.

സ്ലീവ വഹിക്കുന്ന മ്ശംശാന ഇടത്തുവശത്തു നില്ക്കുന്നു.

സുവിശേഷവായന തീരുമ്പോൾ

സമൂ. **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

www.malankaralibrary.com

കാർമികൻ സുവിശേഷഗ്രന്ഥമടച്ച് അതിന്മേൽ ചുംബിച്ച് ഒന്നാം ശുശ്രൂഷിയെ ഏല്പിക്കുന്നു. ശുശ്രൂഷി അത് ബലിപീഠത്തിന്മേൽ | രാസയിൽ വചനപീഠത്തിന്മേൽ | വയ്ക്കുന്നു.
തിരികളും സ്ലീവായും അതതിന്റെ സ്ഥാനത്തു വയ്ക്കുന്നു.

വചനസന്ദേശം

രണ്ടാം ശുശ്രൂഷി പ്രഘോഷണപീഠത്തിങ്കൽ നിന്നുകൊണ്ട് കാറോസൂസ ആരംഭിക്കുന്നു. ഈ സമയത്ത് മദ്ബഹയുടെ വിരിയിടുന്നു.

I

ശുശ്രൂ. **നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടും** (ഞായറാഴ്ചകളിലും തിരുനാളുകളിലും – **സന്തോഷത്തോടും ഉത്സാഹത്തോടും** –) **കൂടെനിന്ന്, 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **കാരുണ്യവാനായ പിതാവേ, ആശ്വാസദായകനായ ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **ഞങ്ങളുടെ രക്ഷകനും പരിപാലകനും**
സകലത്തിന്റെയും ദാതാവുമായ
അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **സമസ്ത ലോകത്തിന്റെയും സകല സഭകളുടെയും സമാധാനത്തിനും ഐക്യത്തിനും നിലനില്പിനുംവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **ഞങ്ങളുടെ രാജ്യത്തിനും മറ്റെല്ലാ രാജ്യങ്ങൾക്കും അവയിൽ വസിക്കുന്ന വിശ്വാസികൾക്കുംവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

www.malankaralibrary.com

ശുശ്രൂ. അനുകൂലമായ കാലാവസ്ഥയ്ക്കും
സമൃദ്ധമായ വിളവുകൾക്കും സുഭിക്ഷമായ വത്സരത്തിനും
ലോകം മുഴുവന്റെയും ഐശ്വര്യത്തിനുംവേണ്ടി
അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ
ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ (പേര്) പാപ്പായുടെയും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായുടെയും
ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്)
മെത്രാപ്പോലീത്തായുടെയും
ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്)
മെത്രാന്റെയും അവരുടെ സഹശുശ്രൂഷികളുടെയും
ക്ഷേമത്തിനുവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. എല്ലാറ്റിനെയും കൃപാപൂർവം ഭരിക്കുന്ന കാരുണ്യവാനായ
ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. അനുഗ്രഹസമ്പന്നനും കരുണാവാരിധിയുമായ
അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നന്മതന്നെ ആയവനും സകല നന്മകളുടെയും ദാതാവുമായ
അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സ്വർഗത്തിൽ സ്തുതിക്കപ്പെടുന്നവനും
ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായ
അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പ്രകൃത്യാ മരണമില്ലാത്തവനും
ഉജ്ജ്വലശോഭയിൽ വസിക്കുന്നവനുമായ
അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

www.malankaralibrary.com

സമൂ. കർത്താവേ,
ഞങ്ങളുടെമേൽ
കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ,
നിന്റെ കൃപയാൽ
ഞങ്ങളെ എല്ലാവരെയും
രക്ഷിക്കുകയും നിന്റെ
ശാന്തിയും സമാധാനവും
ഞങ്ങളിൽ വർധിപ്പി
ക്കുകയും ഞങ്ങളെ
അനുഗ്രഹിക്കുകയും
ചെയ്യണമെന്ന് ഞങ്ങൾ
പ്രാർഥിക്കുന്നു.

സമൂ. കർത്താവേ,
ഞങ്ങളുടെമേൽ
കരുണയുണ്ടാകണമേ.

II

ശുശ്രൂ. സമാധാനത്തിന്റെയും
അനുഗ്രഹത്തിന്റെയും
മാലാഖയെ അയയ്ക്ക
ണമെന്ന് വിനയപൂർവം
ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ,
അങ്ങയോടു ഞങ്ങൾ
യാചിക്കുന്നു.

ശുശ്രൂ. ഞങ്ങളുടെ ആയുസ്സിലെ
എല്ലാ ദിവസവും രാവും
പകലും ഞങ്ങൾക്കു
പാപരഹിതമായ
ജീവിതവും അങ്ങയുടെ
സഭയ്ക്കു ശാശ്വതമായ
സമാധാനവും ഞങ്ങൾ
യാചിക്കുന്നു.

കാറോസൂസയുടെ സമയത്ത് ആർച്ചുഡീക്കൻ കാർമികൻ ധൂപകലശം വഹിക്കുന്ന ശുശ്രൂഷിയോടുകൂടെ വലത്തുവശത്തുള്ള ഉപപീഠത്തിലേക്ക് (ബേസ്ഗസ്സ) പോയി താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് കാസ എടുത്ത് ശുശ്രൂഷിയുടെ നേരേ തിരിഞ്ഞ് റൂശ്മ ചെയ്യുകയും ശുശ്രൂഷി അതിനെ ധൂപിക്കുകയും ചെയ്യുന്നു.

ആർച്ചുഡീക്കൻ കാർമികൻ

കർത്താവായ ദൈവമേ,
പരിമളസസ്യങ്ങളുടെയും
സുഗന്ധദ്രവ്യങ്ങളുടെയും നാഥാ,
വാഗ്ദാനപേടകത്തിന്റെ
താത്കാലികകൂടാരത്തിൽ
ശ്രേഷ്ഠപുരോഹിതനായ
അഹറോന്റെ കാസയെ
എന്നതുപോലെ
ഈ കാസയെയും അങ്ങു
സുഗന്ധപൂരിതമാക്കണമേ.
പിതാവിന്റെയും പുത്രന്റെയും ✠
പരിശുദ്ധാത്മാവിന്റെയും
നാമത്തിൽ, ആമ്മേൻ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, കാസയിൽ കുരിശാകൃതിയിൽ വീഞ്ഞ് ഒഴിക്കുന്നു.

ആർച്ചുഡീക്കൻ കാർമികൻ

നമ്മുടെ കർത്താവീശോമിശിഹാ
യുടെ കാസയിൽ
അവിടത്തെ അമൂല്യമായ രക്തം
ഒഴിക്കപ്പെടുന്നു.
പിതാവിന്റെയും പുത്രന്റെയും ✠
പരിശുദ്ധാത്മാവിന്റെയും
നാമത്തിൽ, ആമ്മേൻ.

www.malankaralibrary.com

സമൂ. കർത്താവേ,
അങ്ങയോടു ഞങ്ങൾ
യാചിക്കുന്നു.

ശുശ്രൂ. പരിശുദ്ധാത്മാവിന്റെ
നിറവിലൂടെ ലഭിക്കുന്ന
പരിപൂർണതയുടെ
ബന്ധമായ സ്നേഹ
ത്തിന്റെ ഐക്യം
ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ,
അങ്ങയോടു ഞങ്ങൾ
യാചിക്കുന്നു.

ശുശ്രൂ. പാപമോചനവും
ഞങ്ങളുടെ ജീവിതത്തിന്
ഉപകരിക്കുകയും
ദൈവമായ അങ്ങയെ
പ്രസാദിപ്പിക്കുകയും
ചെയ്യുന്ന ദാനങ്ങളും
ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ,
അങ്ങയോടു ഞങ്ങൾ
യാചിക്കുന്നു.

ശുശ്രൂ. അങ്ങയുടെ
അനുഗ്രഹവും കൃപയും
എന്നും ഞങ്ങൾക്കു
നല്കണമെന്നു
ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ,
അങ്ങയോടു ഞങ്ങൾ
യാചിക്കുന്നു.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, കാസയിൽ കുരിശാകൃതിയിൽ അല്പം വെള്ളം ഒഴിക്കുന്നു.

ആർച്ചുഡീക്കൻ കാർമികൻ

പടയാളികളിൽ ഒരുവൻ വന്ന്
നമ്മുടെ കർത്താവിന്റെ
തിരുവിലാവിൽ
കുന്തംകൊണ്ടു കുത്തി.
ഉടനെ രക്തവും വെള്ളവും
പുറപ്പെട്ടു. അതുകണ്ട ആൾതന്നെ
സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.
അവന്റെ സാക്ഷ്യം
സത്യവുമാകുന്നു.
പിതാവിന്റെയും പുത്രന്റെയും ✠
പരിശുദ്ധാത്മാവിന്റെയും
നാമത്തിൽ, ആമ്മേൻ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, കാസയിൽ കുരിശാകൃതിയിൽ വീഞ്ഞ് ഒഴിക്കുന്നു.

വീഞ്ഞു വെള്ളത്തോടും
വെള്ളം വീഞ്ഞിനോടും
കലർത്തപ്പെടുന്നു.
പിതാവിന്റെയും പുത്രന്റെയും ✠
പരിശുദ്ധാത്മാവിന്റെയും
നാമത്തിൽ, ആമ്മേൻ.

അനന്തരം ഇടത്തുവശത്തെ ബേസ്ഗസ്സയിൽ ചെന്ന് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ടു ക്രമപ്രകാരം പീലാസ ധൂപിക്കുന്നു.

കർത്താവായ ദൈവമേ,
വാഗ്ദാനപേടകത്തിന്റെ
താത്കാലികകൂടാരത്തിൽ
ശ്രേഷ്ഠപുരോഹിതനായ

www.malankaralibrary.com

ശുശ്രൂ. നമുക്കെല്ലാവർക്കും
നമ്മെയും
നാമോരോരുത്തരെയും
പിതാവിനും പുത്രനും
പരിശുദ്ധാത്മാവിനും
സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ
ദൈവമായ കർത്താവേ,
അങ്ങേക്കു ഞങ്ങൾ
സമർപ്പിക്കുന്നു.

അഹറോന്റെ പീലാസയെ
എന്നതുപോലെ
ഈ പീലാസയെയും
സുഗന്ധപൂരിതമാക്കണമേ.
പിതാവിന്റെയും പുത്രന്റെയും ✠
പരിശുദ്ധാത്മാവിന്റെയും
നാമത്തിൽ, ആമ്മേൻ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, അപ്പം എടുത്ത് പീലാസയിൽ വയ്ക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരംകൊണ്ട്
ഈ പീലാസ
രൂശ്മ ചെയ്യപ്പെടുന്നു.
പിതാവിന്റെയും പുത്രന്റെയും ✠
പരിശുദ്ധാത്മാവിന്റെയും
നാമത്തിൽ, ആമ്മേൻ.

കാറോസൂസയുടെ അവസാനത്തിൽ മദ്ബഹയുടെ വിരിനീക്കുന്നു. കാർമികൻ വചനപീഠത്തിങ്കൽ നിന്നുകൊണ്ട് കൈകൾ വിരിച്ചുപിടിച്ച് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. കർത്താവേ, ബലവാനായ ദൈവമേ,
അങ്ങയോടു ഞങ്ങൾ വിനയപൂർവം പ്രാർഥിക്കുന്നു.
അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ.
അങ്ങയുടെ ദാനങ്ങൾ
ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കണമേ.
അങ്ങയുടെ കൃപയും അനുഗ്രഹവും
അങ്ങു കാരുണ്യാതിരേകത്താൽ തിരഞ്ഞെടുത്ത
അങ്ങയുടെ അജഗണമായ ജനം മുഴുവന്റെയും
കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ആർച്ചുഡീക്കൻ സ്ലീവായെടുത്തു കാർമികനെയും കാർമികൻ അത് ഒന്നാം മ്ശംശാനയെയും ഏല്പിക്കുന്നു. ആർച്ചുഡീക്കൻ സുവിശേഷഗ്രന്ഥമെടുത്ത് കാർമികനെയും കാർമികൻ അത് രണ്ടാം മ്ശംശാനയെയും ഏല്പിക്കുന്നു. മ്ശംശാനമാർ ബലിപീഠത്തിങ്കൽച്ചെന്നു മുഖാഭിമുഖം നില്ക്കുന്നു. കാർമികനും ആർച്ചുഡീക്കനും സമൂഹവേദിയിൽ (ഹൈക്കല) കുരിശടയാളമുള്ള വിരിപ്പുവിരിച്ചിരിക്കുന്ന സ്ഥലത്ത് മദ്ബഹയിലേക്കു തിരിഞ്ഞുനില്ക്കുന്നു.

ശുശ്രൂ. **കർത്താവേ, ആശീർവദിക്കണമേ. സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.**

എല്ലാവരും തല കുനിക്കുന്നു. കാർമികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പുപ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

കാർമി. **കർത്താവേ, ശക്തനായ ദൈവമേ,**
അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു.
ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ
യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ
കൈവയ്പുവഴി നല്കപ്പെടുന്നു.
വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷ അംഗങ്ങളാകാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ
അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി.
കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ.
അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

www.malankaralibrary.com

(സാധാരണദിവസങ്ങളിൽ)

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ,
സാർവത്രികവും ശ്ലൈഹികവുമായ സഭയുടെമേൽ
അങ്ങയുടെ കരുണനിറഞ്ഞ
വലംകൈ നീട്ടണമേ.
ദൃശ്യവും അദൃശ്യവുമായ
സകല വിപത്തുകളിലുംനിന്ന്
അതിനെ സംരക്ഷിക്കണമേ.
ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ
അങ്ങയുടെ മുമ്പാകെ ശുശ്രൂഷചെയ്യാൻ
ഞങ്ങളെല്ലാവരെയും
ദയാപൂർവം യോഗ്യരാക്കണമേ.

കാർമികൻ നിവർന്നുനിന്ന് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. കരുണാനിധിയായ ദൈവമേ,
ഞങ്ങളെല്ലാവരും ഒന്നുചേർന്ന്
ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന
നീതിയുടെ പ്രവൃത്തികളാൽ
ജീവിതകാലം മുഴുവനും
അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ
ഞങ്ങളെ അനുഗ്രഹിക്കണമേ.
അങ്ങേക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും
നിരന്തരം സമർപ്പിക്കാൻ
ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

മാമോദീസാർഥികൾ ഉള്ളപ്പോൾ ശുശ്രൂഷികൾ ജനങ്ങൾക്കഭിമുഖമായിനിന്ന്, മാറിമാറി ചൊല്ലുകയോ ഗായകസംഘം രണ്ടു ഗണമായി ആലപിക്കുകയോ ചെയ്യുന്നു.

ശുശ്രൂ. I **മാമോദീസ സ്വീകരിച്ചിട്ടില്ലാത്തവർക്കു പോകാം.**

ശുശ്രൂ. II **ജീവന്റെ അടയാളം സ്വീകരിച്ചിട്ടില്ലാത്തവർക്കു പോകാം.**

ശുശ്രൂ. I **വിശുദ്ധ കുർബാന സ്വീകരിക്കുന്നില്ലാത്തവർക്കു പോകാം.**

ശുശ്രൂ. II **ശ്രോതാക്കളേ, നിങ്ങൾ പോയി വാതില്ക്കൽ കാവൽ നില്ക്കുവിൻ.**

മാമോദീസാർഥികൾ ഇല്ലാത്തപ്പോഴും മുൻപറഞ്ഞ കർമരീതി ഉചിതമല്ലാത്തപ്പോഴും താഴെവരുന്ന ഉദ്ബോധനം നല്കാവുന്നതാണ്.

ശുശ്രൂ. **മാമോദീസ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.**

ഒന്നാം മ്ശംശാന രണ്ടാം മ്ശംശാനയിൽനിന്നു സുവിശേഷ ഗ്രന്ഥം ചുംബിച്ചു സ്വീകരിക്കുന്നു. രണ്ടാം മ്ശംശാന ഒന്നാം മ്ശംശാനയിൽനിന്നു സ്ലീവ ചുംബിച്ചു സ്വീകരിക്കുന്നു. സ്ലീവായും സുവിശേഷഗ്രന്ഥവും ബലിപീഠത്തിന്മേൽ വച്ചതിനുശേഷം ജനങ്ങൾക്കഭിമുഖമായി നിന്ന് ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമികൻ ആലപിക്കുന്നു

കാർമി. **നിന്നുടെ വൈദികരണിയും നീതി;**
നിൻ വിശുദ്ധർ മഹിമാവും.

ഗായക. **പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ**
സ്വർഗത്തേക്കു കരങ്ങളുയർത്തിയവൻ റൂഹായെ
പ്രാർഥനയോടെ ക്ഷണിപ്പൂ; സ്വർഗത്തിൽനിന്നുമിതാ
റൂഹാ വന്നു വസിച്ചു, മിശിഹാതൻ തിരുഗാത്രം
പാവനമാക്കുകയാണീ യാഗത്തിൽ ✠
തൻശോണിതവും.

www.malankaralibrary.com

കാർമികൻ മുട്ടുകുത്തി വിരിപ്പിന്മേൽ മൂന്നു പ്രാവശ്യം ചുംബിക്കുന്നു. എഴുന്നേറ്റതിനുശേഷം 'തൻശോണിതവും' എന്ന് ആലപിക്കുമ്പോൾ ആശീർവദിക്കുന്നു. വലത്തു വശത്തേക്കു പോകുന്നു. വിരിപ്പിന്റെ മൂന്നു വശത്തും ഇതാവർത്തിക്കുന്നു.

ശുശ്രൂ. **കൂടാരത്തിൽ ചെന്നെത്തീടാം; അവനെ വണങ്ങീടാം.**

ഗായക. **പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ**
സ്വർഗത്തേക്കു കരങ്ങളുയർത്തിയവൻ റൂഹായെ
പ്രാർഥനയോടെ ക്ഷണിപ്പൂ; സ്വർഗത്തിൽനിന്നുമിതാ
റൂഹാ വന്നു വസിച്ചു, മിശിഹാതൻ തിരുഗാത്രം
പാവനമാക്കുകയാണീ യാഗത്തിൽ ✠
തൻശോണിതവും.

വലത്തുവശത്തേക്കു പോകുന്നു.

കാർമി. **താതനുമതുപോലാത്മജനും**
ദിവ്യറൂഹായ്ക്കും സ്തുതിയെന്നെന്നും.

ഗായക. **പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ**
സ്വർഗത്തേക്കു കരങ്ങളുയർത്തിയവൻ റൂഹായെ
പ്രാർഥനയോടെ ക്ഷണിപ്പൂ; സ്വർഗത്തിൽനിന്നുമിതാ
റൂഹാ വന്നു വസിച്ചു, മിശിഹാതൻ തിരുഗാത്രം
പാവനമാക്കുകയാണീ യാഗത്തിൽ ✠
തൻശോണിതവും.

വലത്തുവശത്തേക്കു പോകുന്നു.

ശുശ്രൂ. **ആദിമുതല്ക്കേ എന്നെന്നേക്കും ആമ്മേനാമ്മേൻ.**

ഗായക. **പാവനമാം ബലിപീഠേ വന്നെത്തി വൈദികൻ**
സ്വർഗത്തേക്കു കരങ്ങളുയർത്തിയവൻ റൂഹായെ
പ്രാർഥനയോടെ ക്ഷണിപ്പൂ; സ്വർഗത്തിൽനിന്നുമിതാ
റൂഹാ വന്നു വസിച്ചു, മിശിഹാതൻ തിരുഗാത്രം
പാവനമാക്കുകയാണീ യാഗത്തിൽ ✠
തൻശോണിതവും.

കാർമികൻ മധ്യത്തിൽവന്നു നില്ക്കുന്നു.
അപ്പോൾ മ്ശംശാനമാർ ബലിപീഠത്തിലേക്കു തിരിഞ്ഞ് തലകുനിച്ചുകൊണ്ട് ആലപിക്കുന്നു.

www.malankaralibrary.com

ശുശ്രൂ. ഇന്നും എന്നും എന്നെന്നേക്കും,
കർത്താവാം മിശിഹായേ,
നിൻ കാരുണ്യമതിൻ വലത്തുകരം നീട്ടണമേ
നിന്നജഗണമാമിവരിൽ ആശിസ്സുകൾ ഏകീടാൻ
നിൻ കാരുണ്യമനന്തം കർത്താവേ, ഞങ്ങളെ നീ
ദുഷ്ടാത്മാവിൻ കൈകളിലൊരുനാളും ഏല്പിക്കരുതേ.

കാർമികനുനേരേ തിരിഞ്ഞുനിന്നുകൊണ്ട് ആലപിക്കുന്നു.

ശുശ്രൂ. കരുണാമയനാം കർത്താവേ,
ശിഷ്യഗണത്തിനു നല്കിയതാം
വാഗ്ദാനം നീ കരുണയൊടേ
ഞങ്ങൾക്കും നല്കീടണമേ.

കാർമി. കണ്ടാലും ഞാനെന്നാളും
ലോകാന്തംവരെയെന്നെന്നും
നിങ്ങളൊടൊത്തു വസിച്ചീടും
നിങ്ങളൊടൊത്തു വസിച്ചീടും. (3)

ശുശ്രൂ. കർത്താവേ, നീയെന്നാളും
ശ്ലീഹരൊടൊത്തു വസിച്ചതുപോൽ
ഞങ്ങളൊടൊത്തു വസിക്കണമേ
നിൻ കൃപയെന്നും ചിന്തണമേ. (3)

ഈ ഗീതം ആവർത്തിക്കുന്ന ഓരോ പ്രാവശ്യവും മ്ശംശാനമാർ അല്പാല്പം നടന്ന് കാർമികന്റെ അടുത്തേക്കു വരുന്നു. അവർ വിരിപ്പിന്റെ കിഴക്കുവശത്ത് കാർമികന് അഭിമുഖം നില്ക്കുന്നു. അനന്തരം വിരിപ്പിനടുത്തുള്ള എല്ലാവരുംചേർന്ന് ആലപിക്കുന്നു.

എല്ലാവരും നിൻ തിരുനാമം വാഴ്ത്തീടാൻ
നന്ദി പറഞ്ഞു നമിച്ചീടാൻ
ദുഷ്ടനെ ദൂരെയകറ്റണമേ
ശാന്തിദമാം ദിനമേകണമേ.

എല്ലാവരും മുട്ടുകുത്തി വിരിപ്പിന്മേൽ ചുംബിക്കുന്നു. അതിനുശേഷം കാർമികൻ ചൊല്ലുന്നു.

www.malankaralibrary.com

കാർമി. **സകലത്തിന്റെയും നാഥനായ ദൈവം**
നിങ്ങളുടെ ശുശ്രൂഷ സ്വീകരിക്കട്ടെ.
സകലവിധ വരങ്ങളുംകൊണ്ട്
അവിടന്നു നിങ്ങളെ അലങ്കരിക്കട്ടെ.

എല്ലാവരും എഴുന്നേല്ക്കുന്നു.

കാർമി. **സകലത്തിന്റെയും നാഥനായ ദൈവം**
തന്റെ കൃപാതിരേകത്താൽ നാമെല്ലാവരോടുംകൂടെ ✠
എപ്പോഴുമുണ്ടായിരിക്കട്ടെ.

ആർച്ചുഡീക്കനും മ്ശംശാനമാരും കാർമികന്റെ ഊറാറ ചുംബിക്കുന്നു. തുടർന്ന്, കാർമികനും ആർച്ചുഡീക്കനും മ്ശംശാനമാരും വചനവേദിയിലേക്കു തിരികെ പോകുന്നു.

(അല്ലെങ്കിൽ)

കാർമി. അങ്ങയുടെ പുരോഹിതന്മാർ നീതിയും
വിശുദ്ധന്മാർ മഹത്ത്വവുമണിയുന്നു.

ഗായക. പുരോഹിതൻ വിശുദ്ധ മദ്ബഹയിൽ പ്രവേശിച്ച് നിർമലമായ കരങ്ങൾ സ്വർഗത്തിലേക്കുയർത്തി പരിശുദ്ധാത്മാവിനെ ക്ഷണിച്ച് അപേക്ഷിക്കുന്നു. പരിശുദ്ധാത്മാവ് ഉന്നതങ്ങളിൽനിന്നിറങ്ങി മിശിഹായുടെ ശരീരത്തെയും

കാർമികൻ മുട്ടുകുത്തി വിരിപ്പിന്മേൽ മൂന്നു പ്രാവശ്യം ചുംബിക്കുന്നു. എഴുന്നേറ്റു കുരിശടയാളം വരച്ചുകൊണ്ട്

രക്തത്തെയും ✠ പവിത്രീകരിക്കുന്നു.

വലത്തുവശത്തേക്കു പോകുന്നു

ശുശ്രൂ. നമുക്ക് അവിടത്തെ കൂടാരത്തിൽ പ്രവേശിച്ച് പാദപീഠം വണങ്ങാം.

ഗായക. പുരോഹിതൻ ...

പരിശുദ്ധാത്മാവ് ... (കാർമികൻ മുട്ടുകുത്തി ...)

കാർമി. രക്തത്തെയും ✠ പവിത്രീകരിക്കുന്നു.

വലത്തുവശത്തേക്കു പോകുന്നു

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഗായക. പുരോഹിതൻ ...

പരിശുദ്ധാത്മാവ് ... (കാർമികൻ മുട്ടുകുത്തി ...)

കാർമി. രക്തത്തെയും ✠ പവിത്രീകരിക്കുന്നു.

വലത്തുവശത്തേക്കു പോകുന്നു

ശുശ്രൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

ഗായക. പുരോഹിതൻ ...

പരിശുദ്ധാത്മാവ് ... (കാർമികൻ മുട്ടുകുത്തി ...)

കാർമി. രക്തത്തെയും ✠ പവിത്രീകരിക്കുന്നു.

വലത്തുവശത്തേക്കു പോകുന്നു

കാർമികൻ മധ്യത്തിൽവന്നു നില്ക്കുന്നു.
അപ്പോൾ മ്ശംശാനമാർ ബലിപീഠത്തിലേക്കു തിരിഞ്ഞ്
തലകുനിച്ചുകൊണ്ടു ചൊല്ലുന്നു.

ശുശ്രൂ. ഇന്നും എന്നും എന്നേക്കും.
കർത്താവായ മിശിഹായേ,
നിന്റെ കരുണയുടെ വലത്തുകരം നീട്ടി
നിന്റെ ജനത്തെയും നിന്റെ അജഗണത്തെയും ആശീർവദിക്കണമേ.
കർത്താവേ, നിന്റെ കാരുണ്യം അനന്തമാകുന്നു.
നിന്റെ കരവേലയായ ഞങ്ങളെ
ദുഷ്ടാരൂപിയുടെ കൈകളിൽ ഏല്പിച്ചുകൊടുക്കരുതേ.

കാർമികനുനേരേ തിരിഞ്ഞുനിന്നുകൊണ്ടു ചൊല്ലുന്നു.

നിന്റെ പന്ത്രണ്ടുപേരുടെ ഗണത്തോടു നീ ചെയ്ത വാഗ്ദാനം
ഞങ്ങളിലും സ്ഥിരീകരിക്കണമേ.

കാർമി. ഇതാ ലോകാവസാനംവരെ
ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. (3)

ശുശ്രൂ. ശ്ലീഹന്മാരോടുകൂടെ ആയിരുന്നതുപോലെ
അങ്ങയുടെ കൃപയുടെ സഹായത്താൽ
ഞങ്ങളോടുകൂടെയും ആയിരിക്കണമേ. (3)

www.malankaralibrary.com

ഈ പ്രാർഥന ആവർത്തിക്കുന്ന ഓരോ പ്രാവശ്യവും മ്ശംശാനമാർ അല്പാല്പംനടന്നു കാർമികന്റെ പക്കലേക്കു വരുന്നു. അവർ വിരിപ്പിന്റെ കിഴക്കുവശത്ത് കാർമികന് അഭിമുഖം നില്ക്കുന്നു. അനന്തരം വിരിപ്പിനടുത്തുള്ള എല്ലാവരും ചേർന്നു ചൊല്ലുന്നു.

എല്ലാവരും

പ്രലോഭനങ്ങളിൽനിന്നു ഞങ്ങളെ കാത്തുരക്ഷിക്കണമേ.
മഹനീയമായ നിന്റെ തിരുനാമത്തെ
നിരന്തരം ആരാധിക്കുകയും സ്തുതിക്കുകയും
ഏറ്റുപറയുകയും ചെയ്യുന്നതിന്
സമാധാനപൂർണമായ കാലം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

താഴെവരുന്ന പ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

കാർമി. **സകലത്തിന്റെയും നാഥനായ ദൈവം**
തന്റെ കൃപാസമുദ്രത്തിൽ
നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ
കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും
നമ്മുടെ പാപങ്ങളുടെ മാലിന്യം
തുടച്ചുനീക്കുകയും ചെയ്യട്ടെ.

താഴെവരുന്നതോ ദിവസത്തിന്റേതോ ആയ ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ) ആലപിക്കുന്നു / ചൊല്ലുന്നു.

ഗായക. **കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു.**

സമൂ. **മിശിഹാകർത്താവിൻ**
തിരുമെയ്നിണവുമിതാ
പാവനബലിപീഠേ.
സ്നേഹഭയങ്ങളൊടണയുക നാം
അഖിലരുമൊന്നായ് സന്നിധിയിൽ
വാനവനിരയൊടു ചേർന്നേവം
പാടാം, ദൈവം പരിശുദ്ധൻ
പരിശുദ്ധൻ, നിത്യം പരിശുദ്ധൻ.

www.malankaralibrary.com

ഗായക. ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും.

സമൂ. മിശിഹാകർത്താവിൻ ...

(അല്ലെങ്കിൽ)

ഗായക. കർത്താവിൽ ഞാൻ
ദൃഢമായി ശരണപ്പെട്ടു.

സമൂ. വിശുദ്ധ ബലിപീഠത്തിന്മേൽ
മിശിഹായുടെ അമൂല്യമായ ശരീരവും രക്തവും.
നമുക്കെല്ലാവർക്കും ഭയഭക്തിയോടെ
അവിടത്തെ സമീപിക്കുകയും
മാലാഖമാരോടൊന്നിച്ച്
ദൈവമായ കർത്താവ്
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്നു പാടി സ്തുതിക്കുകയും ചെയ്യാം.

ഗായക. ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും.

സമൂ. വിശുദ്ധ ബലിപീഠത്തിന്മേൽ ...

ദിവ്യരഹസ്യഗീതത്തിന്റെ ആരംഭത്തിൽ ആർച്ചുഡീക്കൻ കാർമികൻ ബേസ്ഗസ്സയിൽനിന്ന് പീലാസ കൈകളിലെടുത്ത് നെറ്റിവരെ ഉയർത്തിപ്പിടിച്ചുകൊണ്ട് ബലിപീഠത്തിങ്കലേക്കു വരുന്നു. ഒന്നാം മ്ശംശാന കാസമേല് പറഞ്ഞവിധം എടുത്ത്, ബലിപീഠത്തിങ്കലേക്കു കൊണ്ടുവന്ന് ആർച്ചുഡീക്കനെ കാർമികനെ ഏല്പിക്കുന്നു. ആർച്ചുഡീക്കൻ കാർമികൻ വലത്തുകൈയിൽ കാസയും ഇടത്തുകൈയിൽ പീലാസയും എടുത്ത് ഇടത്തുകൈ താഴെ വരത്തക്കവിധത്തിലും കൈപ്പത്തികൾ നെറ്റിയുടെ ഒപ്പം വരത്തക്കവിധത്തിലും കുരിശാകൃതിയിൽ ഉയർത്തിപ്പിടിക്കുന്നു. അപ്പോൾ ശുശ്രൂഷി താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

ശുശ്രൂ. നമുക്കു പ്രാർഥിക്കാം,
സമാധാനം നമ്മോടുകൂടെ.

www.malankaralibrary.com

ആർച്ചുഡീക്കൻ കാർമികൻ

(താഴ്ന്നസ്വരത്തിൽ) അങ്ങയുടെ ആരാധ്യമായ ത്രിത്വത്തെ
എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിക്കും.

ശുശ്രൂ. ആമ്മേൻ.

ആർച്ചുഡീക്കൻ കാർമികൻ

നമ്മുടെ രക്ഷയ്ക്കുവേണ്ടി
തന്നെത്തന്നെ ബലിയർപ്പിക്കുകയും
തന്റെ പീഡാനുഭവത്തിന്റെയും
മരണത്തിന്റെയും സംസ്കാരത്തിന്റെയും
ഉത്ഥാനത്തിന്റെയും ഓർമ ആചരിക്കാൻ
കല്പിക്കുകയുംചെയ്ത മിശിഹാ
തന്റെ കൃപയാലും അനുഗ്രഹത്താലും
ഈ കുർബാന നമ്മുടെ കരങ്ങളിൽനിന്നു
സ്വീകരിക്കുമാറാകട്ടെ. ആമ്മേൻ.

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ കല്പനയനുസരിച്ച്,
(പീലാസകൊണ്ടു കാസയിൽ മൂന്നുപ്രാവശ്യം മുട്ടുന്നു)
മിശിഹായുടെ സ്വർഗത്തിൽനിന്നുള്ള
മഹത്ത്വപൂർണമായ രണ്ടാമത്തെ ആഗമനംവരെ
അവിടത്തെ വിശുദ്ധ പീഠത്തിന്മേൽ
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ
ഈ രഹസ്യങ്ങൾ സജ്ജീകരിക്കപ്പെടുന്നു.
അവിടത്തേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും
ആരാധനയും ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും എപ്പോഴും എന്നേക്കും.

ശുശ്രൂ. ആമ്മേൻ.

ആർച്ചുഡീക്കൻ കാർമികൻ പീലാസ തന്റെ വലത്തുവശത്തും കാസ ഇടത്തുവശത്തുമായി ബലിപീഠത്തിന്മേൽ വയ്ക്കുകയും ശോശപ്പകൊണ്ടു മൂടുകയും ചെയ്യുന്നു.

www.malankaralibrary.com

(എല്ലാ ദിവസത്തേക്കുമുള്ളത്)

കാർമി. താതനുമതുപോലാത്മജനും
ദിവ്യറൂഹായ്ക്കും സ്തുതിയെന്നും.
ദൈവാംബികയെയും
മാർ യൗസേപ്പിനെയും
സാദരമോർത്തീടാം
പാവനമീ ബലിയിൽ.

സമൂ. ആദിയിലെപ്പോൽ എന്നെന്നേക്കും
ആമ്മേനാമ്മേൻ.
സുതനുടെ പ്രേഷിതരേ,
ഏകജസ്നേഹിതരേ,
ശാന്തി ലഭിച്ചിടുവാൻ
നിങ്ങൾ പ്രാർഥിപ്പിൻ.

കാർമി. സർവരുമൊന്നായ് പാടീടട്ടെ
ആമ്മേനാമ്മേൻ.
മാർ തോമായെയും
നിണസാക്ഷികളെയും
സത്കർമികളെയും
ബലിയിതിലോർത്തീടാം.

സമൂ. നമ്മുടെകൂടെ ബലവാനാം
കർത്താവെന്നെന്നേക്കും.
രാജാവാം ദൈവം
നമ്മോടൊത്തെന്നും
യാക്കോബിൻ ദൈവം
നമ്മുടെ തുണയെന്നും.

കാർമി. ചെറിയവരെല്ലാം വലിയവരൊപ്പം
കാത്തുവസിക്കുന്നു.
മൃതരെല്ലാരും നിൻ
മഹിതോത്ഥാനത്തിൽ
ശരണം തേടുന്നു
ഉത്ഥിതരായിടുവാൻ.

www.malankaralibrary.com

സമൂ. തിരുസന്നിധിയിൽ ഹൃദയഗതങ്ങൾ
ചൊരിയുവിനെന്നേക്കും.
നോമ്പും പ്രാർഥനയും
പശ്ചാത്താപവുമായ്
ത്രിത്വത്തെ മോദാൽ
നിത്യം വാഴ്ത്തീടാം.

(അല്ലെങ്കിൽ)

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ദൈവമാതാവായ കന്യകാമറിയത്തിന്റെയും
നീതിമാനായ മാർ യൗസേപ്പിന്റെയും സ്മരണ
വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.
ദൈവപുത്രന്റെ ശ്ലീഹന്മാരേ,
ഏകജാതന്റെ സ്നേഹിതരേ,
ലോകത്തിൽ സമാധാനമുണ്ടാകാൻവേണ്ടി
പ്രാർഥിക്കുവിൻ.

കാർമി. ദൈവജനമെല്ലാം ആമ്മേൻ, ആമ്മേൻ
എന്ന് ഉദ്ഘോഷിക്കട്ടെ.
നമ്മുടെ പിതാവായ
മാർ തോമാശ്ലീഹായുടെ ഓർമയോടുകൂടെ
വിജയംവരിച്ച നീതിമാന്മാരുടെയും
മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണ
വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.

സമൂ. ബലവാനായ കർത്താവു നമ്മോടുകൂടെ;
നമ്മുടെ രാജാവു നമ്മോടുകൂടെ;
നമ്മുടെ ദൈവം നമ്മോടുകൂടെ;
യാക്കോബിന്റെ ദൈവം നമ്മുടെ സഹായിയും.

www.malankaralibrary.com

കാർമി. ചെറിയവരും വലിയവരും.
നിന്റെ സ്തുത്യർഹമായ ഉത്ഥാനംവഴി
നീ മഹത്ത്വത്തോടെ
ഉയിർപ്പിക്കുമെന്ന പ്രതീക്ഷയിൽ
മരിച്ചവരെല്ലാവരും നിദ്ര ചെയ്യുന്നു.

സമൂ. അവിടത്തെ സന്നിധിയിൽ
നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ.
ഉപവാസവും പ്രാർഥനയും അനുതാപവുംവഴി
മിശിഹായെയും അവിടത്തെ പിതാവിനെയും
പരിശുദ്ധാത്മാവിനെയും
നമുക്കു പ്രസാദിപ്പിക്കാം.

വചനവേദിയിലുള്ളവർ മദ്ബഹയുടെ കവാടത്തിലേക്കുവരുന്നു.

കാർമികൻ നന്നായികുനിഞ്ഞ് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. കർത്താവായ ദൈവമേ,
കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും
വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടുംകൂടെ
അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ച്
ഭക്തിയോടും ശ്രദ്ധയോടും
വിശുദ്ധിയോടുംകൂടെ
അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കാൻ
ഞങ്ങളെ അനുഗ്രഹിക്കണമേ.
ആധ്യാത്മികവും മാനുഷികവുമായ ബലികൾ
യഥാർഥവിശ്വാസത്തോടെ അങ്ങേക്കർപ്പിക്കാൻ
ഞങ്ങളെ യോഗ്യരാക്കണമേ.

www.malankaralibrary.com

കാർമികൻ നിവർന്നുനിന്ന് കൈകൾ വിരിച്ചുപിടിച്ച് ഉയർന്നസ്വരത്തിൽ ആലപിക്കുന്നു / ചൊല്ലുന്നു.

കാർമി. സർവശക്തൻ താതനുമായിടുമേക
ദൈവത്തിൽ വിശ്വസിക്കുന്നു ഞങ്ങൾ.

സമൂ. ദൃശ്യാദൃശ്യങ്ങൾ സർവവും സൃഷ്ടിച്ചവൻ
സ്രഷ്ടാവിൽ വിശ്വസിക്കുന്നു ഞങ്ങൾ.

ദൈവത്തിന്റെ ഏകാത്മജനെല്ലാ–
സൃഷ്ടികൾക്കും മുൻപുള്ളോരാദ്യജാതൻ.

സർവയുഗങ്ങൾക്കും മുൻപായ് പിതാവിൽനിന്നും
ജാതനെന്നാൽ സൃഷ്ടിക്കപ്പെട്ടിടാത്തോൻ;

ഏകകർത്താവാം ഈശോമിശിഹായിൽ
എന്നെന്നും വിശ്വസിക്കുന്നു ഞങ്ങൾ.

സത്യദൈവത്തിൽനിന്നുള്ള സത്യദൈവമവൻ
താതനോടൊത്തു സത്തയിലേകനുമാം.

സർവപ്രപഞ്ചത്തിൻ സംവിധായകനവനാൽ
എല്ലാമെല്ലാം സൃഷ്ടിക്കപ്പെട്ടു.

മർത്ത്യകുലത്തിൻ രക്ഷയ്ക്കായ് സദയം
സ്വർലോകത്തിൽനിന്നുമവൻ താണിറങ്ങി.

ദിവ്യാത്മാവാൽ കന്യാമേരിയിൽനിന്നും
ഗാത്രമെടുത്തു മർത്ത്യനായ് ജനിച്ചു.

പന്തിയോസ് പീലാത്തോസിൻ കാലം
പീഡകളേറ്റു സ്ലീവായിൽ മരിച്ചു.

തിരുലിഖിതംപോൽ കല്ലറയിൽനിന്നവൻ
മൂന്നാംനാൾ ഉത്ഥാനം ചെയ്തു.

സ്വർലോകത്തിൽ ആരോഹിതനായ്
സ്ഥിതി ചെയ്വൂ താതൻതൻ വലംഭാഗേ.

മൃതരെയും ജീവിക്കുന്നവരെയും
വിധി ചെയ്വാൻ വരുമവൻ വീണ്ടും.

www.malankaralibrary.com

ജീവൻ നല്കും സത്യാത്മാവേകൻ
ദിവ്യാത്മാവിലും വിശ്വസിക്കുന്നു ഞങ്ങൾ.

സാർവത്രികമാം ശ്ലൈഹിക, മേകവുമാം
തിരുസഭയിൽ വിശ്വസിക്കുന്നു ഞങ്ങൾ.

പാപകടങ്ങൾ മോചിപ്പതിനായ്
നല്കിടുമേക മാമോദീസയും.

മർത്ത്യശരീരത്തിൻ ഉത്ഥാനവുമതുപോൽ
നിത്യായുസ്സും പ്രഖ്യാപിക്കുന്നു ഞങ്ങൾ.

(അല്ലെങ്കിൽ)

കാർമി. സർവശക്തനും പിതാവുമായ
ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

(സമൂഹവുംചേർന്നു തുടരുന്നു)

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും
സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു.
ദൈവത്തിന്റെ ഏകപുത്രനും
സകലസൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും
യുഗങ്ങൾക്കെല്ലാംമുമ്പു പിതാവിൽനിന്നു ജനിച്ചവനും
എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏകകർത്താവുമായ
ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു.
അവിടന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും
പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു.
അവിടന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും
എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു.
മനുഷ്യരായനമുക്കുവേണ്ടിയും നമ്മുടെരക്ഷയ്ക്കുവേണ്ടിയും
അവിടന്നു സ്വർഗത്തിൽനിന്നിറങ്ങി
പരിശുദ്ധാത്മാവിനാൽ, കന്യകാമറിയത്തിൽനിന്ന്
ശരീരം സ്വീകരിച്ചു മനുഷ്യനായിപ്പിറന്നു.
പന്തിയോസ് പീലാത്തോസിന്റെ കാലത്ത്
പീഡകൾ സഹിക്കുകയും
സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും
സംസ്കരിക്കപ്പെടുകയും

www.malankaralibrary.com

എഴുതപ്പെട്ടിരിക്കുന്നതുപോലെ
മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.
അവിടന്നു സ്വർഗത്തിലേക്ക് എഴുന്നള്ളി
പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു.
മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കാൻ
അവിടന്നു വീണ്ടും വരാനിരിക്കുന്നു.
പിതാവിൽനിന്നും – പുത്രനിൽനിന്നും – പുറപ്പെടുന്ന
സത്യാത്മാവും ജീവദാതാവുമായ
ഏകപരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.
ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ
സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.
പാപമോചനത്തിനുള്ള ഏകമാമോദീസായും
ശരീരത്തിന്റെ ഉയിർപ്പും നിത്യായുസ്സും
ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

മാർ തെയദോറിന്റെയോ മാർ നെസ്തോറിയസിന്റെയോ
കൂദാശക്രമമാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ അത് ഇപ്പോൾ ആരംഭിക്കുന്നു.

കാർമികൻ ശുശ്രൂഷിയെ ആശീർവദിച്ചു കൊണ്ട് ചൊല്ലുന്നു.

കാർമി. സകലത്തിന്റെയും നാഥനായ ദൈവം
തന്റെ സ്തുതികൾ ആലപിക്കാൻ
നിന്നെ ✠ ശക്തനാക്കട്ടെ.

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്ന് താഴെവരുന്ന കാറോസൂസ ചൊല്ലുന്നു.

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.
പാത്രിയാർക്കീസുമാരും മേജർ ആർച്ചുബിഷപ്പുമാരും
മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ
നമ്മുടെ പിതാക്കന്മാർ, പുരോഹിതന്മാർ,
ശുശ്രൂഷികൾ എന്നിവരുടെയും
ബ്രഹ്മചാരികളുടെയും കന്യകകളുടെയും
നമ്മുടെ മാതാപിതാക്കന്മാർ, പുത്രീപുത്രന്മാർ,
സഹോദരീസഹോദരന്മാർ എന്നിവരുടെയും
ഓർമയാചരിച്ചുകൊണ്ടു നിങ്ങൾ പ്രാർഥിക്കുവിൻ.

www.malankaralibrary.com

മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ
എല്ലാ ഭരണകർത്താക്കളെയും
സത്യവിശ്വാസത്തോടെ മരിച്ച്,
ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ
എല്ലാവരെയും അനുസ്മരിക്കുവിൻ.

എല്ലാ പ്രവാചകരെയും ശ്ലീഹന്മാരെയും
രക്തസാക്ഷികളെയും വന്ദകരെയും ഓർമിക്കുവിൻ.
മരിച്ചവരുടെ ഉയിർപ്പിൽ അവരെ മുടിചൂടിക്കുന്ന ദൈവം
അവരോടുകൂടെ നമുക്കു പ്രത്യാശയും പങ്കാളിത്തവും ജീവനും
സ്വർഗരാജ്യത്തിൽ അവകാശവും നല്കട്ടെ.
ഈ കുർബാന സംപ്രീതിയോടെ സ്വീകരിക്കപ്പെടുകയും
ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മാവിനാലും
വിശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ.

മിശിഹായുടെ കൃപയാൽ ഈ ബലി
നമുക്കു സഹായത്തിനും രക്ഷയ്ക്കും
സ്വർഗരാജ്യത്തിൽ നിത്യജീവനും കാരണമാകട്ടെ.

ഈ സമയത്ത് കാർമികൻ മൂന്നു പ്രാവശ്യം നന്നായി കുനിഞ്ഞ് ആചാരംചെയ്യുന്നു. ഓരോ ആചാരത്തിനും ശേഷം അല്പാല്പം മുമ്പോട്ടു കയറി ബലിപീഠത്തെ സമീപിക്കുന്നു. തദവസരത്തിൽ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. **പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,**
സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ,
അങ്ങേക്കു ഞാൻ നന്ദി പറയുന്നു.
അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ രഹസ്യങ്ങളെ
അങ്ങേക്കർപ്പിക്കാൻ
പാപിയായിരുന്നിട്ടും എന്നെ
അങ്ങു കാരുണ്യപൂർവം യോഗ്യനാക്കി.
അങ്ങയുടെ അജഗണമായ ജനത്തിന്റെ
കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും
ആത്മാക്കളുടെ രക്ഷയ്ക്കും
ലോകം മുഴുവന്റെയും അനുരഞ്ജനത്തിനും
എല്ലാ സഭകളുടെയും സമാധാനത്തിനും ശാന്തിക്കുംവേണ്ടി
ഞാൻ ഇവ അനുഷ്ഠിക്കുന്നു.

www.malankaralibrary.com

കാർമികൻ ബലിപീഠത്തെ സമീപിച്ച്, ആരാധനാസമൂഹം നില്ക്കുന്ന അതേദിശയിൽത്തന്നെ ബലിപീഠത്തിന് അഭിമുഖമായി നിലകൊള്ളുകയും ബലിപീഠത്തിൽ മധ്യത്തിലും ഇടത്തേയറ്റത്തും വലത്തേയറ്റത്തും ആചാരംചെയ്തു ചുംബിക്കുകയും ചെയ്യുന്നു. അനന്തരം മധ്യത്തിൽവന്ന് കാർമികൻ സമൂഹത്തോടു പ്രാർഥന യാചിക്കുന്നു.

കാർമി. **കർത്താവേ, ആശീർവദിക്കണമേ.**

ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ,
ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ
നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ.

ബലിപീഠത്തിനുനേരേ തിരിയുന്നു.

സമൂ. **സകലത്തിന്റെയും നാഥനായ ദൈവം**
തന്റെ അഭീഷ്ടം നിറവേറ്റാൻ അങ്ങയെ ശക്തനാക്കട്ടെ.
ഈ കുർബാന അവിടന്നു സ്വീകരിക്കട്ടെ.
അങ്ങേക്കും ഞങ്ങൾക്കും ലോകം മുഴുവനുംവേണ്ടി
അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ
അവിടന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

അനന്തരം താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമി. കർത്താവും ദൈവവുമായ മിശിഹായേ,
ഞങ്ങളുടെ നിരവധിയായ പാപങ്ങൾ പരിഗണിക്കരുതേ.
ഞങ്ങളുടെ ദുഷ്ടതയുടെ ആധിക്യംനിമിത്തം നീ കോപിക്കരുതേ.
നീ സ്വീകരിച്ച ഞങ്ങളുടെ മനുഷ്യത്വത്തോടെ
സമയത്തിന്റെ സമാപ്തിയിൽ നീ പ്രത്യക്ഷനാകുമ്പോൾ,
തിരുസന്നിധിയിൽ
കൃപയും അനുഗ്രഹവും കണ്ടെത്തുന്നതിനും
സ്വർഗീയഗണങ്ങളോടുചേർന്നു നിന്നെ സ്തുതിക്കുന്നതിനും
ഞങ്ങൾ യോഗ്യരാകാൻവേണ്ടി
ഈ ബലി നിന്റെ അവർണനീയകൃപയാൽ
പവിത്രീകരിക്കണമേ.
ഞങ്ങളുടെ പാപങ്ങൾ തുടച്ചുനീക്കാൻ
ഇതിനു ശക്തി നല്കുകയും ചെയ്യണമേ.

www.malankaralibrary.com

ഒന്നാമത്തെ കൂദാശക്രമം

മാർ അദ്ദായിയുടെയും മാർ മാറിയുടെയും ക്രമം

കാർമികൻ കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി ഒന്നാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.

കാർമി. **കർത്താവായ ദൈവമേ,**
അങ്ങു ഞങ്ങളുടെമേൽ വർഷിച്ച
സമൃദ്ധമായ അനുഗ്രഹങ്ങളെപ്രതി
ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു.
അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളാകുന്ന
ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകാൻ
എളിയവരും പാപികളുമായിരുന്നിട്ടും
ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി.
അങ്ങു നല്കിയ ഈ ദാനം
തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടുംകൂടെ
പരികർമംചെയ്യാൻ ഞങ്ങളെ ശക്തരാക്കണമെന്ന്
അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കാർമികൻ ബലിപീഠം ചുംബിച്ചതിനുശേഷം കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തുവച്ചുകൊണ്ട് ചൊല്ലുന്നു.

കാർമി. **ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും**
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.

തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു.

ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

ഈ സമയത്ത് ശുശ്രൂഷികൾ ബലിപീഠത്തിന്റെ പടിയുടെ സമീപം നില്ക്കുന്നു. കാർമികൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ആശീർവദിക്കുന്നു.

കാർമി. **സമാധാനം ✠ നിങ്ങളോടുകൂടെ.**

സമൂ. **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

www.malankaralibrary.com

വലത്തുവശത്തു നില്ക്കുന്ന ശുശ്രൂഷി ആർച്ചുഡീക്കൻ കാർമികനിൽനിന്ന് സമാധാനം സ്വീകരിച്ച് മറ്റു ശുശ്രൂഷിക്ക് ക്രമപ്രകാരം നല്കുന്നു.

ശുശ്രൂ. **സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ സമാധാനം നല്കുവിൻ.**

അനന്തരം ശുശ്രൂഷി മദ്ബഹയിൽ വലത്തും ഇടത്തും നില്ക്കുന്നവർക്കും അതിനുശേഷം ഗായകവേദിയിലുള്ളവർക്കും സമാധാനം നല്കുന്നു. സഹായികളിലൊരാൾ സമൂഹവേദിയിൽ നില്ക്കുന്നവർക്കു സമാധാനം നല്കുന്നു. എല്ലാവരും സമാധാനം നല്കുന്നു. ഈ സമയത്ത് ശുശ്രൂഷി (സഹകാർമികരുണ്ടെങ്കിൽ അവരിലൊരാൾ) ജനങ്ങൾക്കഭിമുഖമായിനിന്ന് അനുസ്മരണപ്രാർഥന (ഡിപ്റ്റിക്സ്) ചൊല്ലുന്നു.

ശുശ്രൂ. **മരണംമൂലം ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ**
പാത്രിയാർക്കീസുമാർ, മേജർ ആർച്ചുബിഷപ്പുമാർ,
മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, പുരോഹിതന്മാർ,
ശുശ്രൂഷികൾ എന്നിവർക്കും
സഭാസമൂഹത്തിലെ മറ്റു ജീവിതാന്തസ്സുകളിൽപ്പെട്ട
പരേതർക്കും (പ്രത്യേകിച്ച് ... ഉം) വേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.
ലോകത്തിൽ സമാധാനം ഉണ്ടാകാനും
വത്സരത്തിലെ വിവിധ കാലങ്ങൾ അങ്ങയുടെ കൃപയാൽ
അനുഗൃഹീതവും ഐശ്വര്യപൂർണവുമാകാനുംവേണ്ടി
ഈ ബലി അങ്ങു കൈക്കൊള്ളണമേ.
അങ്ങയുടെ സന്നിധിയിൽ അർപ്പിക്കപ്പെടുന്ന
ഈ കുർബാനയുടെ സ്വീകരണത്തിനു യോഗ്യരായ
എല്ലാ സഭാതനയർക്കുവേണ്ടിയും
ഇപ്പോൾ തിരുമുമ്പിൽ നില്ക്കുന്ന
അങ്ങയുടെ ദാസന്മാർക്കും ദാസികൾക്കും
ഞങ്ങൾക്കും മറ്റെല്ലാവർക്കുംവേണ്ടിയും
(പ്രത്യേകിച്ച് ... വേണ്ടിയും)
ഈ കുർബാന അങ്ങു സ്വീകരിക്കണമേ.
എന്നേക്കും, ആമ്മേൻ.

www.malankaralibrary.com

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു ചൊല്ലുന്നു.

ശുശ്രൂ. **നമുക്കെല്ലാവർക്കും**
അനുതാപത്തോടും വിശുദ്ധിയോടുംകൂടെ
കർത്താവിനു നന്ദിപറയുകയും
അവിടത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം.
നിങ്ങൾ ആദരപൂർവംനിന്ന്
ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ
സൂക്ഷിച്ചുവീക്ഷിക്കുവിൻ.
ഭയഭക്തിജനകമായ രഹസ്യങ്ങൾ കൂദാശ ചെയ്യപ്പെടുന്നു.
പുരോഹിതൻ (മെത്രാപ്പോലീത്തായോ, മെത്രാനോ ആണ് ബലിയർപ്പിക്കുന്നതെങ്കിൽ **പുരോഹിതശ്രേഷ്ഠൻ** എന്നു പറയുന്നു)
തന്റെ മാധ്യസ്ഥ്യംവഴി സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി
പ്രാർഥിക്കാൻ തുടങ്ങുന്നു.
കണ്ണുകൾ താഴ്ത്തി, വിചാരങ്ങൾ സ്വർഗത്തിലേക്കുയർത്തി
നിശ്ശബ്ദരായി, ഏകാഗ്രതയോടും ഭക്തിയോടുംകൂടെ
നിങ്ങൾ ഹൃദയത്തിൽ പ്രാർഥിക്കുവിൻ.
സമാധാനം നമ്മോടുകൂടെ.

ശുശ്രൂഷി 'നമുക്കെല്ലാവർക്കും' എന്ന് ആരംഭിക്കുമ്പോൾ കാർമികൻ താഴെവരുന്ന പ്രാർഥനകൾ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. **കർത്താവേ, ശക്തനായ ദൈവമേ,**
ബലഹീനനായ എന്നെ ദയാപൂർവം സഹായിക്കണമേ.
അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും
ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി
സജീവവും വിശുദ്ധവുമായ ഈ ബലി
തിരുസന്നിധിയിൽ അർപ്പിക്കാൻ
അങ്ങയുടെ അനുഗ്രഹത്താൽ
എന്നെ യോഗ്യനാക്കുകയും ചെയ്യണമേ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

കാർമികൻ ദിവ്യരഹസ്യങ്ങളെ മൂടിയിരിക്കുന്ന ശോശപ്പ എടുത്ത് അവയ്ക്കുചുറ്റും വച്ചുകൊണ്ടു ചൊല്ലുന്നു.

കാർമി. **കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും**
കൃപാപൂർവം നീ എന്നെ യോഗ്യനാക്കി.
അപ്രകാരംതന്നെ, വിധിദിവസത്തിൽ,
നിന്റെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

www.malankaralibrary.com

ശുശ്രൂഷി കുന്തുരുക്കവും ധൂപകലശവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

കാർമി. **പിതാവും പുത്രനും പരിശുദ്ധാത്മാവുമായ**
അങ്ങയുടെ ബഹുമാനത്തിനായി
ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം
അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠
ആശീർവദിക്കപ്പെടട്ടെ.
ഇത് അങ്ങയുടെ പ്രസാദത്തിനും
അങ്ങയുടെ അജഗണത്തിന്റെ
പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

അനന്തരം കാർമികൻ അവിടെ നിന്നുകൊണ്ടുതന്നെ ബലി വസ്തുക്കളും ബലിപീഠവും ധൂപിക്കുന്നു. ധൂപകലശം ശുശ്രൂഷിയെ ഏല്പിച്ചതിനുശേഷം ഉയർന്നസ്വരത്തിൽ ആലപിക്കുന്നു / ചൊല്ലുന്നു.

കാർമി. **മിശിഹാകർത്താവിൻ കൃപയും**
ദൈവപിതാവിൻ സ്നേഹമതും
റൂഹാതൻ സഹവാസവുമീ ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
നമ്മോടൊത്തുണ്ടാകട്ടെ.

സമൂ. **ആമ്മേൻ.**

കാർമികൻ കൈകൾ ഉയർത്തിക്കൊണ്ട്

കാർമി. **ഉയരങ്ങളിലേക്കുയരട്ടെ**
ഹൃദയവികാര വിചാരങ്ങൾ
ഉയരങ്ങളിലേക്കുയരട്ടെ
ഹൃദയവികാര വിചാരങ്ങൾ.

സമൂ. **പൂർവപിതാവാം അബ്രാഹം,**
ഇസഹാക്ക്, യാക്കോബ് എന്നിവർതൻ
ദൈവമേ, നിത്യം ആരാധ്യൻ
രാജാവേ, നിൻ സന്നിധിയിൽ.

കാർമി. **അഖിലചരാചരകർത്താവാം**
ദൈവത്തിനു ബലിയർപ്പിപ്പൂ.

സമൂ. **ന്യായവുമാണതു യുക്തവുമാം**
ന്യായവുമാണതു യുക്തവുമാം.

www.malankaralibrary.com

(അല്ലെങ്കിൽ)

കാർമി. **നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും**
പിതാവായ ദൈവത്തിന്റെ സ്നേഹവും
പരിശുദ്ധാത്മാവിന്റെ സഹവാസവും
നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

കാർമികൻ കൈകൾ ഉയർത്തിക്കൊണ്ട്

കാർമി. **നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ.**

സമൂ. **അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും**
യാക്കോബിന്റെയും ദൈവമേ,
ആരാധ്യനായ രാജാവേ,
അങ്ങയുടെ സന്നിധിയിലേക്ക്.

കാർമി. **സകലത്തിന്റെയും നാഥനായ ദൈവത്തിന്**
കുർബാന അർപ്പിക്കപ്പെടുന്നു.

സമൂ. **അതു ന്യായവും യുക്തവുമാകുന്നു.**

ശുശ്രൂ. **സമാധാനം നമ്മോടുകൂടെ.**

കാർമികൻ താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ)
ചൊല്ലുന്നു.

കാർമി. കർത്താവേ, ഞങ്ങളുടെ മനസ്സിനെ
എല്ലാ അശുദ്ധതയിലും ദുഷ്ടതയിലും
അസൂയയിലും വഞ്ചനയിലും
വിദ്വേഷത്തിലുംനിന്നു വിമുക്തമാക്കണമേ.
അങ്ങയുടെ കരുണയാൽ, തമ്മിൽത്തമ്മിലും മറ്റെല്ലാവരോടും
സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ.
വിശുദ്ധവും സജീവവുമായ ഈ തിരുക്കർമം
പ്രത്യാശാപൂർവം അനുഷ്ഠിക്കാൻ
ഞങ്ങൾക്ക് ആത്മധൈര്യം നല്കുകയും ചെയ്യണമേ.

www.malankaralibrary.com

കാർമികൻ കുനിഞ്ഞുനിന്നു താഴ്ന്നസ്വരത്തിൽ രണ്ടാം പ്രണാമജപം ചൊല്ലുന്നു. (പ്രണാമജപങ്ങൾ ചൊല്ലുമ്പോൾ കരങ്ങൾ കൂപ്പിപ്പിടിച്ചുകൊണ്ടോ ഇരുകരങ്ങളും മുകളിലേക്കു തുറന്നുപിടിച്ചുകൊണ്ടോ ചൊല്ലാവുന്നതാണ്).

കാർമി. **പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ,**
അങ്ങയുടെ മഹത്ത്വമേറിയ ത്രിത്വത്തിന്റെ
ആരാധ്യമായ നാമം
എല്ലാ അധരങ്ങളിലുംനിന്നു സ്തുതിയും
എല്ലാ നാവുകളിലുംനിന്നു കൃതജ്ഞതയും
എല്ലാ സൃഷ്ടികളിലുംനിന്നു പുകഴ്ചയും അർഹിക്കുന്നു.
എന്തുകൊണ്ടെന്നാൽ, അങ്ങു ലോകത്തെയും
അതിലുള്ള സകലത്തെയും
കനിവോടെ സൃഷ്ടിക്കുകയും
മനുഷ്യവംശത്തോട് അളവറ്റ കൃപ
കാണിക്കുകയുംചെയ്തു.
സ്വർഗവാസികളുടെ ആയിരങ്ങളും
മാലാഖമാരുടെ പതിനായിരങ്ങളും
മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു.
അഗ്നിമയന്മാരും അരൂപികളുമായ സ്വർഗീയസൈന്യങ്ങൾ
അങ്ങയുടെ നാമം പ്രകീർത്തിക്കുന്നു.
പരിശുദ്ധരും അരൂപികളുമായ
ക്രോവേമാരോടും സ്രാപ്പേമാരോടുംചേർന്ന്
നാഥനായ അങ്ങേക്ക് അവർ ആരാധന സമർപ്പിക്കുന്നു.

കാർമികൻ ബലിപീഠം ചുംബിക്കുന്നു. അനന്തരം കൈകൾ ഉയർത്തി ആലപിക്കുന്നു / ചൊല്ലുന്നു.

കാർമി. **ഒന്നായ് ഉച്ചസ്വരത്തിലവർ**
തിരുസന്നിധിയിൽ അനവരതം
സ്തുതിഗീതങ്ങൾ പാടുന്നു.

സമൂ. **ദൈവം നിത്യമഹത്ത്വത്തിൻ**
കർത്താവെന്നും പരിശുദ്ധൻ
ബലവാനീശൻ പരിശുദ്ധൻ.

www.malankaralibrary.com

മണ്ണും വിണ്ണും നിറയുന്നു
മന്നവനവനുടെ മഹിമകളാൽ
ഉന്നതവീഥിയിലോശാന
ദാവീദിൻ സുതനോശാന.

കർത്താവിൻ തിരുനാമത്തിൽ
വന്നവനും യുഗരാജാവായ്
വീണ്ടും വരുവോനും ധന്യൻ
ഉന്നതവീഥിയിലോശാന.

(അല്ലെങ്കിൽ)

കാർമി. **ഉയർന്നസ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ട്**
അവർ ഒന്നുചേർന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

സമൂ. **ബലവാനും കർത്താവുമായ ദൈവം**
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.
അവിടത്തെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
ഉന്നതങ്ങളിൽ ഓശാന;
ദാവീദിന്റെ പുത്രന് ഓശാന.
കർത്താവിന്റെ നാമത്തിൽ വന്നവനും
വരാനിരിക്കുന്നവനുമായവൻ
അനുഗൃഹീതനാകുന്നു.
ഉന്നതങ്ങളിൽ ഓശാന.

കാർമികൻ ഈ സമയം ബലിപീഠം ചുംബിച്ചതിനുശേഷം
താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമി. ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു.
അങ്ങു മാത്രമാകുന്നു യഥാർഥ പിതാവ്.
സ്വർഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും
അങ്ങിൽനിന്നാകുന്നു.
നിത്യനായ പുത്രാ, അങ്ങു പരിശുദ്ധനാകുന്നു.
സമസ്തവും അങ്ങുവഴി സൃഷ്ടിക്കപ്പെട്ടു.
റൂഹാദ്ക്കുദ്ശായേ, അങ്ങു പരിശുദ്ധനാകുന്നു.
എല്ലാം അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു.

www.malankaralibrary.com

കാർമികൻ തുടരുന്നു

ഹാ, എനിക്കു ദുരിതം! ഞാൻ അസ്വസ്ഥനായിരിക്കുന്നു.
കാരണം, എന്റെ അധരങ്ങൾ അശുദ്ധമാകുന്നു.
അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ
ഞാൻ വസിക്കുകയും ചെയ്യുന്നു.
ബലവാനും കർത്താവുമായ രാജാവിനെ എന്റെ നയനങ്ങൾ ദർശിച്ചു.
കർത്താവിനെ ഇന്നു ഞാൻ അഭിമുഖം കണ്ട
ഈ സ്ഥലം എത്ര ഭീതിജനകം!
ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല.
കർത്താവേ, അങ്ങയുടെ കൃപ ഞങ്ങളുടെമേൽ ഉണ്ടാകട്ടെ.
അശുദ്ധരായ ഞങ്ങളെ ശുദ്ധീകരിക്കുകയും
ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ.
എന്റെ കർത്താവേ, നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ
സ്രാപ്പേമാരുടെയും മുഖ്യദൂതരുടെയും
സ്തോത്രങ്ങളോടു ചേർക്കണമേ.
ഭൂവാസികളെ സ്വർഗവാസികളോടൊന്നിപ്പിച്ച
അങ്ങയുടെ കാരുണ്യത്തിനു സ്തുതി.

കാർമി. **കർത്താവേ, ആശീർവദിക്കണമേ.**

ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ, ഈ കുർബാന
എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ
നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ.

ബലിപീഠത്തിനുനേരേ തിരിയുന്നു.

സമൂ. **മിശിഹാ അങ്ങയുടെ പ്രാർഥന കേൾക്കുകയും**
കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ.
അങ്ങയുടെ പൗരോഹിത്യത്തെ
അവിടന്നു സ്വർഗരാജ്യത്തിൽ മഹത്ത്വപ്പെടുത്തട്ടെ.
അങ്ങേക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും
അവിടത്തെ കൃപയും അനുഗ്രഹവും
പ്രത്യാശാപൂർവം കാത്തിരിക്കുന്ന
ലോകം മുഴുവനുവേണ്ടിയും
അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ
അവിടന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

www.malankaralibrary.com

കാർമികൻ മൂന്നാം പ്രണാമജപം ചൊല്ലുന്നു.

കാർമി. കർത്താവായ ദൈവമേ,
ഈ സ്വർഗീയഗണങ്ങളോടുകൂടെ
അങ്ങേക്കു ഞങ്ങൾ കൃതജ്ഞത സമർപ്പിക്കുന്നു.
അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളോടു കല്പിച്ചതുപോലെ,
എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ
അവിടത്തെ നാമത്തിൽ ഒരുമിച്ചുകൂടി
ഞങ്ങളുടെ രക്ഷയുടെ സ്മാരകമായ ഈ രഹസ്യം
തിരുസന്നിധിയിൽ അർപ്പിക്കുന്നു.

കാർമി. കർത്താവായ ദൈവമേ,
അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ
അവിടത്തെ പീഡാനുഭവത്തിന്റെ സ്മരണ
ഞങ്ങൾ ആചരിക്കുന്നു.
താൻ ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ
ഈശോ നിർമലമായ തൃക്കരങ്ങളിൽ അപ്പമെടുത്ത്
(പീലാസ എടുക്കുന്നു) സ്വർഗത്തിലേക്ക്
ആരാധ്യനായ പിതാവേ, അങ്ങയുടെ പക്കലേക്ക്
കണ്ണുകൾ ഉയർത്തി (കണ്ണുകൾ ഉയർത്തുന്നു)
വാഴ്ത്തി ✠ വിഭജിച്ച്
ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അരുൾചെയ്തു:
ഇതു പാപമോചനത്തിനായി
നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു.
നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.

സമൂ. ആമ്മേൻ.

കാർമി. അപ്രകാരംതന്നെ കാസയുമെടുത്ത്
(കാസ എടുക്കുന്നു) കൃതജ്ഞതാസ്തോത്രം ചെയ്ത്
വാഴ്ത്തി ✠ അവർക്കു നല്കിക്കൊണ്ട് അരുൾചെയ്തു:
ഇതു പാപമോചനത്തിനായി
അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന,
പുതിയ ഉടമ്പടിയുടെ എന്റെ രക്തമാകുന്നു.
നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ.

സമൂ. ആമ്മേൻ.

www.malankaralibrary.com

കാർമി. ഞാൻ ഈ ചെയ്തത്
നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ
എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.

എല്ലാവരും കുനിഞ്ഞ് ആചാരംചെയ്യുന്നു.

ܡܕܒܚ ܩܘܪܒܢܐ ܡܢܗܘܢ : ܟܬܝܒ ܗܘ ܕܐܝܟ ܕܥܒܕ ܐܢܐ ܒܪܝܟ
ܕܒܪܟ ܟܝ ܚܝܠܬܟ ܒܝ ܗܐ ܕܡܥܡܠ ܐܐ ܕܝ ܥܒܕ ܒܥܕ
ܟܣܦ : ܡܛܝܒ ܚܙܝ ܠܟܢܝܫܬܟ ܒܟ ܒܪܝܫܐ ܒܪܝܟ ܒܟ ܒܪܝܫܐ
ܕܓܢܝܐ ܡܒܪܟܢܝ ܡܒܕܚ ܒܬܬܐ ܟܥܡܟ ܕܐܡܬ ܒܪܝܟ ܡܒܬܟ
:ܡܒܕܚ ܚܙܝ ܒܬܬܐ ✠ ܒܪܟ ܒܟ ܒܟܫ: ܡܕܒܚ ܩܘܪܒܢܐ
ܟܠܟܒܝܫ ܡܒܪ: ܗܢ ܒܪܝܫ ܦܝܫ ܒܟ: ܫܟܦܚ
ܡܝܡܪ ܠܥܒܕܬ ܫܟܝܫ. ܐܒ ܡܒܪܟ ܡܝ ܚܠܟ.

ܡܫܝܚ : ܐܡܝܢ.

ܡܒܝܟ : ܡܒܪܟ ܐܟ ܒܟ ܚܐ ܟܝ ܠܟܐ ܕܒܪܝܫܐ ✠ ܒܪܟ ܒܕ ܐܡܝܢ
ܒܪܟ ܒܟ ܚܐ: ܡܒܪܟ ܠܐ ܡܒܪ: ܗܢ ܒܪܝܫ ܒܢ ܒܟ:
ܒܕܝܢ ܫܒܪ ܫܟ ܦܟܝܕ ܡܒܝܕ ܠܥܒܕܬ ܫܟܝܫ. ܐܒ
ܡܝܥܐ ܡܝ ܚܠܟ.

ܡܫܝܚ : ܐܡܝܢ.

ܡܒܪ: ܡܒܟ ܡܝܟܥܒ ܒܪܟ : ܥܡ ܠܒܒܟ
ܗܕ ܒܝܟܕ.

www.malankaralibrary.com

കാർമികൻ മൂന്നാം പ്രണാമജപം തുടരുന്നു.

കാർമി. **കർത്താവേ, നന്ദി പ്രകാശിപ്പിക്കാൻ കഴിയാത്തവിധം**
അത്ര വലിയ അനുഗ്രഹമാണ്
നീ ഞങ്ങൾക്കു നല്കിയിരിക്കുന്നത്.
നിന്റെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ
നീ ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും
അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും
മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു.
പാപികളായ ഞങ്ങളെ കടങ്ങൾ ക്ഷമിച്ചു വിശുദ്ധീകരിച്ചു.
ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നല്കി.
ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി.
ഞങ്ങളുടെ ബലഹീനമായ പ്രകൃതിയെ
നിന്റെ സമൃദ്ധമായ അനുഗ്രഹത്താൽ
മഹത്ത്വമണിയിക്കുകയും ചെയ്തു.

കാർമി. **നീ ഞങ്ങൾക്കു നല്കിയ**
എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി
ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

ശുശ്രൂ. **ഹൃദയംകൊണ്ടു നിങ്ങൾ പ്രാർഥിക്കുവിൻ.**
സമാധാനം നമ്മോടുകൂടെ.

(തുടർന്ന്)

അത്യുന്നതങ്ങളിലേക്കു കണ്ണുകൾ ഉയർത്തുവിൻ.
ഹൃദയജ്ഞാനത്തോടെ വീക്ഷിക്കുവിൻ.
നിങ്ങൾ പ്രാർഥിക്കുകയും
ഇപ്പോൾ അനുഷ്ഠിക്കപ്പെടുന്നവയെക്കുറിച്ചു
ധ്യാനിക്കുകയും ചെയ്യുവിൻ.
മിശിഹായുടെ മഹനീയമായ സിംഹാസനത്തിനു മുമ്പിൽ
സ്രാപ്പേമാർ ഭയത്തോടെ നില്ക്കുന്നു.
അവരെല്ലാവരും, പ്രാർഥിക്കുന്ന ജനത്തോടും
ലോകം മുഴുവനുംവേണ്ടി അനുഗ്രഹം യാചിക്കുന്ന
പുരോഹിതനോടുംചേർന്ന്, സജ്ജമാക്കപ്പെട്ടിരിക്കുന്ന ശരീരത്തെയും
കലർത്തപ്പെട്ടിരിക്കുന്ന കാസയെയും
ഉയർന്നസ്വരത്തിൽ നിരന്തരം പാടി സ്തുതിക്കുന്നു.

www.malankaralibrary.com

കാർമികൻ കൈകൾ വിരിച്ചുപിടിച്ച് ചൊല്ലുന്നു.

കാർമി. കർത്താവേ, ശക്തനായ ദൈവമേ,
സാർവത്രികസഭയുടെ പിതാവും തലവനുമായ
മാർ (പേര്) പാപ്പായ്ക്കും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും
ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ
മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും
ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ
മാർ (പേര്) മെത്രാനും
പുരോഹിതന്മാർ, മ്ശംശാനമാർ
– സമർപ്പിതർ, അല്മായപ്രേഷിതർ –
ഭരണകർത്താക്കൾ, മേലധികാരികൾ എന്നിവർക്കും

വിശുദ്ധ കത്തോലിക്കാസഭ മുഴുവനുംവേണ്ടിയും
എല്ലാ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും
രക്തസാക്ഷികളുടെയും വന്ദകരുടെയും ബഹുമാനത്തിനും
അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച
നീതിമാന്മാരും വിശുദ്ധരുമായ
എല്ലാ പിതാക്കന്മാർക്കുംവേണ്ടിയും

ക്ലേശിതരും ദുഃഖിതരും ദരിദ്രരും പീഡിതരും
രോഗികളും ആകുലരുമായ എല്ലാവർക്കും
ഞങ്ങളുടെ ഇടയിൽനിന്ന് അങ്ങയുടെ നാമത്തിൽ
വേർപിരിഞ്ഞുപോയ എല്ലാ മരിച്ചവർക്കും
അങ്ങയുടെ കാരുണ്യത്തെ പ്രത്യാശാപൂർവം
കാത്തിരിക്കുന്ന ഈ ജനത്തിനും
അയോഗ്യനായ എനിക്കുംവേണ്ടിയും
ഈ കുർബാന അങ്ങു സ്വീകരിക്കണമേ.

ആഘോഷപൂർവകമായ കുർബാനയിലും സാധാരണ കുർബാനയിലും താഴെവരുന്ന വിധത്തിലും ചൊല്ലാവുന്നതാണ്.

കാർമി. കർത്താവേ, ശക്തനായ ദൈവമേ,
സാർവത്രികസഭയുടെ പിതാവും തലവനുമായ
മാർ (പേര്) പാപ്പായ്ക്കും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും

www.malankaralibrary.com

ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ
മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും
ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ
മാർ (പേര്) മെത്രാനും
പുരോഹിതന്മാർ, മ്ശംശാനമാർ
– സമർപ്പിതർ, അല്മായപ്രേഷിതർ –
ഭരണകർത്താക്കൾ, മേലധികാരികൾ എന്നിവർക്കും
വിശുദ്ധ കത്തോലിക്കാസഭ മുഴുവനുംവേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.

സമൂ. കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.

കാർമി. എല്ലാ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും
രക്തസാക്ഷികളുടെയും വന്ദകരുടെയും ബഹുമാനത്തിനും
അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച
നീതിമാന്മാരും വിശുദ്ധരുമായ
എല്ലാ പിതാക്കന്മാർക്കുംവേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.

സമൂ. കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.

കാർമി. ക്ലേശിതരും ദുഃഖിതരും ദരിദ്രരും പീഡിതരും
രോഗികളും ആകുലരുമായ എല്ലാവർക്കും
ഞങ്ങളുടെ ഇടയിൽനിന്ന് അങ്ങയുടെ നാമത്തിൽ
വേർപിരിഞ്ഞുപോയ എല്ലാ മരിച്ചവർക്കും
അങ്ങയുടെ കാരുണ്യത്തെ പ്രത്യാശാപൂർവം
കാത്തിരിക്കുന്ന ഈ ജനത്തിനും
അയോഗ്യനായ എനിക്കുംവേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.

സമൂ. കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ കാരുണ്യത്തിനും
കൃപാധിക്യത്തിനും യോജിച്ചവിധം
അങ്ങയുടെ ജനത്തോടും
എളിയവനായ എന്നോടും വർത്തിക്കണമേ.
എന്റെ പാപങ്ങൾക്കും തെറ്റുകൾക്കും തക്കവിധം
അങ്ങു പ്രവർത്തിക്കരുതേ.

www.malankaralibrary.com

അങ്ങയുടെ കൃപയാൽ യഥാർഥവിശ്വാസത്തോടെ
ഞങ്ങൾ സ്വീകരിക്കുന്ന ഈ തിരുശരീരംവഴി
ഞാനും ഇവരും കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും യോഗ്യരാകട്ടെ. ആമ്മേൻ.

കാർമി. **കർത്താവേ, ആശീർവദിക്കണമേ.**

ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ,
നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ.

ബലിപീഠത്തിനുനേരേ തിരിയുന്നു.

സമൂ. **മിശിഹാ അങ്ങയുടെ പ്രാർഥന കേൾക്കുകയും**
കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ.

അങ്ങയുടെ പൗരോഹിത്യത്തെ അവിടന്നു
സ്വർഗരാജ്യത്തിൽ മഹത്ത്വപ്പെടുത്തട്ടെ.
അങ്ങേക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും
അവിടത്തെ കൃപയും അനുഗ്രഹവും പ്രത്യാശാപൂർവം
കാത്തിരിക്കുന്ന ലോകം മുഴുവനുവേണ്ടിയും
അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ
അവിടന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

കാർമികൻ നാലാം പ്രണാമജപം ചൊല്ലുന്നു.

കാർമി. **കർത്താവായ ദൈവമേ,**
അങ്ങു ഞങ്ങളെ പഠിപ്പിച്ചതുപോലെ
നിർമലവും വിശുദ്ധവുമായ ഈ ബലിപീഠത്തിന്മേൽ
അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങൾ
ഞങ്ങൾ അർപ്പിക്കുന്നു.

ഈ ഓർമയാചരണത്തിൽ
ദൈവമാതാവായ കന്യകാമറിയത്തിന്റെയും
അങ്ങയുടെ തിരുസന്നിധിയിൽ സംപ്രീതി കണ്ടെത്തിയ
നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാരുടെയും
പാവനസ്മരണ, അങ്ങയുടെ അവർണനീയവും
സമൃദ്ധവുമായ കൃപയാൽ സംജാതമാക്കണമേ.

www.malankaralibrary.com

ജീവിതകാലംമുഴുവൻ അങ്ങയുടെ ശാന്തിയും
സമാധാനവും ഞങ്ങൾക്കു നല്കണമേ.
അങ്ങു മാത്രമാണ് യഥാർഥ പിതാവായ ദൈവമെന്നും
അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായെ
അങ്ങ് അയച്ചെന്നും ഭൂവാസികൾ എല്ലാവരും അറിയട്ടെ.

ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്ന്,
ജീവദായകമായ സുവിശേഷംവഴി

പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ,
വന്ദകന്മാർ, വേദപാരംഗതന്മാർ,
മെത്രാന്മാർ, പുരോഹിതന്മാർ, മ്ശംശാനമാർ എന്നിവർക്കും

വിശുദ്ധ മാമോദീസായുടെ
സജീവവും ജീവദായകവുമായ അടയാളത്താൽ മുദ്രിതരും
✠ (ബലിപീഠത്തിന്മേൽ കുരിശടയാളം വരയ്ക്കുന്നു)
പരിശുദ്ധ കത്തോലിക്കാസഭയുടെ
സന്താനങ്ങളുമായ എല്ലാവർക്കുംവേണ്ടിയുള്ള
നൈർമല്യവും വിശുദ്ധിയും
ഞങ്ങളെ പഠിപ്പിച്ചെന്നും എല്ലാ മനുഷ്യരും അറിയട്ടെ.

എളിയവരും ബലഹീനരും ക്ലേശിതരുമായ ഈ ദാസരും
അങ്ങു നല്കിയ മാതൃക പരമ്പരാഗതമായി സ്വീകരിച്ച്
അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി
ഇപ്പോൾ തിരുസന്നിധിയിൽ നില്ക്കുന്നു.

കർത്താവേ, ഞങ്ങളുടെ നാഥനും രക്ഷകനുമായ
ഈശോമിശിഹായുടെ
പീഡാനുഭവത്തിന്റെയും മരണത്തിന്റെയും
സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും
മഹനീയവും ഭയഭക്തിജനകവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ ഈ രഹസ്യത്തെ
സന്തോഷത്തോടെ ഞങ്ങൾ സ്മരിക്കുകയും
സ്തുതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

ശുശ്രൂ. **നിങ്ങൾ നിശ്ശബ്ദരായി ആദരപൂർവം പ്രാർഥിക്കുവിൻ.**
സമാധാനം നമ്മോടുകൂടെ.

കാർമികൻ ദിവ്യരഹസ്യങ്ങൾക്കു മുകളിൽ കൈകളുയർത്തി, ഇടത്തുകൈ അടിയിലും വലത്തുകൈ മുകളിലുമായി കുരിശാകൃതിയിൽ കമഴ്ത്തിപ്പിടിക്കുന്നു.

കാർമി. **കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളി വരട്ടെ.**

നിന്റെ ദാസരുടെ ഈ കുർബാനയിൽ
അവിടന്ന് ആവസിച്ച് ഇതിനെ ആശീർവദിക്കുകയും
പവിത്രീകരിക്കുകയും ചെയ്യട്ടെ.
ഇതു ഞങ്ങൾക്കു കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
മരിച്ചവരുടെ ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും
നിന്നെ പ്രീതിപ്പെടുത്തിയ എല്ലാവരോടും ഒന്നിച്ച്
സ്വർഗരാജ്യത്തിൽ നവമായ ജീവിതത്തിനും
കാരണമാകട്ടെ.

(തുടരുന്നു)

കർത്താവായ ദൈവമേ,
ഞങ്ങൾക്കുവേണ്ടിയുള്ള
അങ്ങയുടെ മഹനീയവും വിസ്മയാവഹവുമായ
ഈ രക്ഷാപദ്ധതിയെക്കുറിച്ച്
അങ്ങയെ ഞങ്ങൾ നിരന്തരം പ്രകീർത്തിക്കുന്നു.
അങ്ങയുടെ അഭിഷിക്തന്റെ
അമൂല്യരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ
സന്തോഷത്തോടും പ്രത്യാശയോടുംകൂടെ
ഞങ്ങൾ അങ്ങേക്കു
കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു.

ബലിപീഠം ചുംബിക്കുന്നു.

www.malankaralibrary.com

കാർമി. അതിപൂജിതമാം നിൻ തിരുനാമത്തിനിതാ
സ്തുതിയും ബഹുമതിയും, സ്തോത്രം കീർത്തനവും
നാഥാ ഞങ്ങളണയ്ക്കുന്നു ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
ഇപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. പൂജ്യമായിടും നിന്റെ നാമത്തി-
നാദരാൽ ഞങ്ങളർപ്പിക്കും
സ്തോത്രവും സ്തുതികീർത്തനങ്ങളും ✠
ഇന്നുമെപ്പോഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. സജീവവും പരിശുദ്ധവും ജീവദായകവുമായ
അങ്ങയുടെ നാമത്തിനു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

അല്പം കുനിഞ്ഞ് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. സ്വർഗവാസികളുടെ സമാധാനവും
ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായേ,
ലോകത്തിന്റെ നാനാഭാഗങ്ങളിലും
വിശിഷ്യാ, പരിശുദ്ധ കത്തോലിക്കാസഭയിലും
നിന്റെ ശാന്തിയും സമാധാനവും പുലർത്തണമേ.
സഭയെയും രാഷ്ട്രത്തെയും
ഐക്യത്തിൽ സംരക്ഷിക്കണമേ.
യുദ്ധങ്ങൾ ഒഴിവാക്കണമേ.
യുദ്ധപ്രിയരായി ഭിന്നിച്ചു നില്ക്കുന്ന
ജനതകളെ ചിതറിക്കണമേ.
വിനയത്തിലും ദൈവഭയത്തിലും
സമാധാനപൂർവകവും ശാന്തവുമായ
ജീവിതം നയിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ.
ഞങ്ങൾക്കല്ല കർത്താവേ, ഞങ്ങൾക്കല്ല
നിന്റെ നാമത്തിനു മഹത്ത്വമുണ്ടാകട്ടെ.

www.malankaralibrary.com

നിവർന്നുനിന്നുകൊണ്ടു ചൊല്ലുന്നു.

കാർമി. **ദൈവമേ, അങ്ങയുടെ കൃപയ്ക്കൊത്തവിധം**
എന്നോടു ദയതോന്നണമേ.

സമൂ. **അങ്ങയുടെ കാരുണ്യാതിരേകത്തിനനുസൃതമായി**
എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

കാർമി. എന്റെ അപരാധം നിശ്ശേഷം കഴുകിക്കളയണമേ;
പാപങ്ങളിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ.

സമൂ. എന്തുകൊണ്ടെന്നാൽ, എന്റെ തെറ്റുകൾ ഞാൻ അറിയുന്നു;
എന്റെ പാപങ്ങൾ എപ്പോഴും എന്റെ കൺമുൻപിലുണ്ട്.

കാർമി. അങ്ങേക്കെതിരായി ഞാൻ പാപം ചെയ്തുപോയി;
അങ്ങയുടെ സന്നിധിയിൽ ഞാൻ തിന്മകൾ പ്രവർത്തിച്ചു.

സമൂ. അങ്ങയുടെ വചനങ്ങൾ നീതിയുക്തമാകുന്നു;
അങ്ങയുടെ വിധികൾ വിജയിക്കുന്നു.

കാർമി. പാപത്തോടെയാണു ഞാൻ പിറന്നത്;
ഉത്ഭവംമുതലേ ഞാൻ പാപിയാകുന്നു.

സമൂ. അങ്ങു സത്യത്തിൽ പ്രസാദിച്ചു;
അങ്ങയുടെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എനിക്കു വെളിപ്പെടുത്തി.

കാർമി. സോപ്പാകൊണ്ട് എന്നെ തളിക്കണമേ;
ഞാൻ ശുദ്ധിയുള്ളവനാകും.

(അല്ലെങ്കിൽ)

കാർമി. **സ്വർഗത്തിൽ വസിക്കുന്നവനേ,**
അങ്ങയുടെ പക്കലേക്കു ഞാൻ കണ്ണുകളുയർത്തുന്നു.

സമൂ. **ദാസന്മാരുടെ കണ്ണുകൾ നാഥന്റെ പക്കലേക്കും**
ദാസിയുടെ കണ്ണുകൾ നാഥയുടെ പക്കലേക്കുമെന്നപോലെ.

കാർമി. ദൈവമായ കർത്താവേ, ഞങ്ങളോടു കരുണ തോന്നണമേ;
അതുവരെ ഞങ്ങൾ അങ്ങയെത്തന്നെ നോക്കിയിരിക്കും.

സമൂ. കർത്താവേ, ഞങ്ങളോടു കരുണ കാണിക്കണമേ;
ഞങ്ങളോടു കരുണ തോന്നണമേ.

ശുശ്രൂഷി ധൂപകലശം കൊണ്ടുവരുന്നു. കാർമികൻ താഴെ വരുന്ന പ്രാർഥന ചൊല്ലിക്കൊണ്ടു ധൂപം ആശീർവദിക്കുന്നു.

www.malankaralibrary.com

കാർമി. പരിമളസസ്യങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും നാഥാ,
ശ്രേഷ്ഠപുരോഹിതനായ അഹറോൻ
വാഗ്ദാനപേടകത്തിന്റെ താത്കാലികകൂടാരത്തിൽ
അർപ്പിച്ച ധൂപംപോലെ ഞങ്ങളുടെ പ്രാർഥനകളും ധൂപവും
അങ്ങയെ പ്രസാദിപ്പിക്കട്ടെ.
പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരാ,
എന്നേക്കും.

കാർമികൻ കൈകൾ നീട്ടി ധൂപത്തിനുമുകളിൽ കമഴ്ത്തിപ്പിടിക്കുന്നു. ശുശ്രൂഷി അവയെ ധൂപിക്കുമ്പോൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. കർത്താവായ ദൈവമേ, പാപമാലിന്യങ്ങൾ കഴുകി
അങ്ങയുടെ സ്നേഹത്തിന്റെ ദിവ്യപരിമളത്താൽ
എന്നെ പൂരിതനാക്കണമേ.
വഴിതെറ്റിപ്പോയ ഞങ്ങളെ അന്വേഷിച്ചു
കണ്ടെത്തിയ നല്ലയിടയാ,
എനിക്കറിയാവുന്നതും അറിഞ്ഞുകൂടാത്തതുമായ

കാർമികൻ കൈകൾ നെഞ്ചിന്മേൽ കുരിശാകൃതിയിൽ ചേർത്തുപിടിക്കുന്നു.

എന്റെ കടങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കണമേ.

വലത്തുകരം ശുശ്രൂഷിയുടെമേൽ ഉയർത്തിക്കൊണ്ട്

കാർമി. കർത്താവായ ദൈവമേ,
അങ്ങയുടെ മഹനീയവും വിശുദ്ധവുമായ
ബലിപീഠത്തിനുമുമ്പിൽ നില്ക്കുന്ന ഈ ശുശ്രൂഷിയെ
വിശുദ്ധിയുടെ പരിമളത്താൽ പൂരിതനാക്കണമേ.

വലത്തുകരം ജനങ്ങളുടെമേൽ നീട്ടിക്കൊണ്ട്

കാർമി. കർത്താവായ ദൈവമേ, അങ്ങയുടെ കാരുണ്യം
പ്രത്യാശാപൂർവം കാത്തിരിക്കുന്ന ഈ ജനത്തെ
വിശുദ്ധിയുടെ പരിമളത്താൽ പൂരിതരാക്കണമേ.

ബലിപീഠത്തിന്മേൽ കൈ നീട്ടിക്കൊണ്ട്

കാർമി. കർത്താവായ ദൈവമേ,
മിശിഹായുടെ തിരുക്കല്ലറയുടെ സാദൃശ്യവും
അവിടത്തെ സിംഹാസനവുമായ ഈ ബലിപീഠത്തെയും
പാപമോചകമായ തിരുശരീരരക്തങ്ങളെയും
പരിമളപൂരിതമാക്കണമേ.

www.malankaralibrary.com

ധൂപാശീർവാദ പ്രാർഥനയ്ക്കുശേഷം വരുന്ന നാലു പ്രാർഥനകൾക്കുപകരം ആഘോഷപൂർവകമായ കുർബാനയിലും സാധാരണകുർബാനയിലും താഴെവരുന്ന പ്രാർഥന ചൊല്ലാവുന്നതാണ്.

കാർമി. **കർത്താവായ ദൈവമേ,**
അങ്ങയുടെ കാരുണ്യം
പ്രത്യാശാപൂർവം കാത്തുനില്ക്കുന്ന
ഞങ്ങളുടെ കടങ്ങളും പാപങ്ങളും മോചിച്ച്
അങ്ങയുടെ വിശുദ്ധിയുടെ പരിമളത്താൽ
ഞങ്ങളെ പൂരിതരാക്കണമേ.

കൈകൾ ഉയർത്തിക്കൊണ്ട്

കാർമി. **കർത്താവേ, അനുഗ്രഹിക്കണമേ,**
ഞങ്ങളുടെ കർത്താവായ ദൈവമേ,
ഞങ്ങൾ അയോഗ്യരാകുന്നു;
ഞങ്ങൾ തീർത്തും അയോഗ്യരാകുന്നു.
എങ്കിലും സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിലേക്ക്
അങ്ങയുടെ കാരുണ്യം ഞങ്ങളെ അടുപ്പിക്കുന്നു.

കാർമികൻ കൈകൾ കുരിശാകൃതിയിൽ നെഞ്ചോടു ചേർത്തുപിടിച്ചുകൊണ്ട് ബലിപീഠം ചുംബിക്കുന്നു. തുടർന്ന്, ആചാരം ചെയ്തതിനുശേഷം കാസയുടെ മൂടി (മ്ഖബ്ലാന) മാറ്റുന്നു. പീലാസയിൽനിന്നു തിരുവോസ്തി കരങ്ങളിലെടുത്തുയർത്തി അതിന്മേൽ നോക്കിക്കൊണ്ടു ചൊല്ലുന്നു.

കാർമി. **ഞങ്ങളുടെ കർത്താവീശോമിശിഹായേ,**
നിന്റെ തിരുനാമത്തിനു സ്തുതിയും
നാഥനായ നിനക്ക് ആരാധനയും
എപ്പോഴും ഉണ്ടായിരിക്കട്ടെ.
സജീവവും ജീവദായകവുമായ ഈ അപ്പം
സ്വർഗത്തിൽനിന്ന് ഇറങ്ങിയതും
ലോകത്തിനു മുഴുവനും ജീവൻ നല്കുന്നതുമാകുന്നു.
ഇതു ഭക്ഷിക്കുന്നവർ മരിക്കുകയില്ല.
പ്രത്യുത, പാപമോചനവും രക്ഷയും പ്രാപിക്കുകയും
നിത്യം ജീവിക്കുകയും ചെയ്യും.

ഗായക. **ഞാൻ സ്വർഗത്തിൽനിന്നിറങ്ങിയ**
ജീവനുള്ള അപ്പമാകുന്നു.

www.malankaralibrary.com

സമൂ. രക്ഷകനീശോതൻ
ശിഷ്യരെയറിയിച്ച
ദിവ്യരഹസ്യമിതാ:
സ്വർഗത്തിൽനിന്നാഗതമാം
ജീവൻ നല്കിടുമപ്പം ഞാൻ;
സ്നേഹമൊടെന്നെ കൈക്കൊൾവോൻ
എന്നിൽ നിത്യം ജീവിക്കും;
നേടുമവൻ സ്വർഗം നിശ്ചയമായ്.

ഗായക. നിന്റെ തിരുവിഷ്ടം നിറവേറ്റുന്ന ശുശ്രൂഷകന്മാർ.

സമൂ. ക്രോവേ, സ്രാപ്പേമാർ
ഉന്നതദൂതന്മാർ
ബലിപീഠത്തിങ്കൽ
ആദരവോടെ നില്ക്കുന്നു;
ഭയഭക്തിയൊടെ നോക്കുന്നു;
പാപകടങ്ങൾ പോക്കിടുവാൻ
കർത്താവിൻ മെയ് വിഭജിക്കും
വൈദികനെ വീക്ഷിച്ചീടുന്നു.

ഗായക. നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ.

സമൂ. തിരുസന്നിധിയിങ്കൽ
പാപികളേവരെയും
മാടിവിളിച്ചവനാം
അനുതാപികളാമേവർക്കും
വാതിൽ തുറന്നുകൊടുത്തവനാം
കരുണാമയനാം കർത്താവേ,
നിൻ സവിധേ വന്നനവരതം
നിൻ സ്തുതികൾ ഞങ്ങൾ പാടട്ടെ.

(അല്ലെങ്കിൽ)

സമൂ. "ഞാൻ സ്വർഗത്തിൽനിന്നിറങ്ങിവന്ന
ജീവനുള്ള അപ്പമാകുന്നു."
ഉന്നതങ്ങളിൽ നിന്നിറങ്ങിയ അപ്പം ഞാനാകുന്നു.

www.malankaralibrary.com

സ്നേഹപൂർവം സമീപിച്ച് എന്നെ സ്വീകരിക്കുന്ന എല്ലാവരും
എന്നിൽ നിത്യം ജീവിക്കുകയും
സ്വർഗരാജ്യം അവകാശപ്പെടുത്തുകയും ചെയ്യും
എന്ന രഹസ്യം രക്ഷകൻ അറിയിച്ചു.

അവിടത്തെ തിരുവിഷ്ടം നിറവേറ്റുന്ന ശുശ്രൂഷകരായ
ക്രോവേമാരും സ്രാപ്പേമാരും മുഖ്യദൂതരും
ബലിപീഠത്തിനുമുമ്പിൽ ഭയഭക്തികളോടെനിന്ന്
കടങ്ങളുടെ പൊറുതിക്കായി
മിശിഹായുടെ ശരീരം വിഭജിക്കുന്ന വൈദികനെ
(മെത്രാനെങ്കിൽ – വൈദികശ്രേഷ്ഠനെ)
സൂക്ഷിച്ചു വീക്ഷിക്കുന്നു.

നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ.
പാപികളെ തന്റെ അടുക്കലേക്കു വിളിക്കുകയും
അനുതാപികൾക്കായി വാതിൽ തുറന്നിടുകയും
ചെയ്തിരിക്കുന്ന കാരുണ്യവാനായ കർത്താവേ,
ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ പ്രവേശിച്ച്
രാപകൽ അങ്ങേക്കു സ്തുതി പാടട്ടെ.

ഈ സമയം കാർമികൻ തിരുവോസ്തി (ബുക്ക്റ) ആംഗ്യരൂപേണ കുരിശാകൃതിയിൽ ചുംബിച്ചുകൊണ്ടു ചൊല്ലുന്നു.

കാർമി. അവർണനീയമായ ദാനത്തെക്കുറിച്ച്
കർത്താവേ, അങ്ങേക്കു സ്തുതി.

കാർമി. കർത്താവായ ദൈവമേ, അങ്ങയുടെ നാമത്തിൽ
യഥാർഥമായി വിശ്വസിച്ചുകൊണ്ട്
ഈ വിശുദ്ധരഹസ്യങ്ങളെ ഞങ്ങൾ സമീപിക്കുന്നു.
അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ
ഈശോമിശിഹായുടെ തിരുശരീരരക്തങ്ങളെ
അങ്ങയുടെ അനുഗ്രഹത്താലും കാരുണ്യത്താലും
ഞങ്ങൾ വിഭജിച്ചു രൂശ്മ ചെയ്യുന്നു.
പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, എന്നേക്കും.

തിരുവോസ്തി രണ്ടായി മുറിക്കുന്നു. മുറിച്ച വശം കാസയ്ക്കു നേരേ വരത്തക്കവിധം ഇടത്തുകൈയിലുള്ള ഭാഗം പീലാസയിൽ വയ്ക്കുന്നു. അനന്തരം വലത്തുകൈയിലുള്ള ഭാഗം കൊണ്ടു തിരുരക്തം കുരിശാകൃതിയിൽ രൂശ്മ ചെയ്യുന്നു.

www.malankaralibrary.com

കാർമി. **നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യമായ രക്തം അവിടത്തെ ജീവദായകമായ ശരീരംകൊണ്ട് റൂശ്മ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.**

പീലാസയിലിരിക്കുന്ന ഭാഗം കൈയിലിരിക്കുന്ന ഭാഗംകൊണ്ടു കുരിശാകൃതിയിൽ റൂശ്മ ചെയ്യുന്നു (ഇരുസാദൃശ്യങ്ങളിൽ കുർബാന നല്കുന്നില്ലെങ്കിൽ കൂദാശ ചെയ്ത മറ്റു തിരുവോസ്തികളുടെമേലും ഇപ്രകാരം റൂശ്മ ചെയ്യുന്നു). ആ സമയത്തു ചൊല്ലുന്നു.

കാർമി. **നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം അവിടത്തെ പാപമോചകമായ രക്തംകൊണ്ടു റൂശ്മ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.**

രണ്ടുഭാഗങ്ങളും കൂട്ടിച്ചേർത്തു കാസയുടെ മുകളിൽ പിടിച്ചുകൊണ്ടു ചൊല്ലുന്നു.

കാർമി. **സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്ത്വമേറിയ ത്രിത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമത്തിൽ വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും കലർത്തപ്പെടുകയും പരസ്പരം യോജിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. കർത്താവായ ദൈവമേ, ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള വിശുദ്ധ സഭയ്ക്കും ഞങ്ങൾക്കെല്ലാവർക്കും ഈ രഹസ്യങ്ങൾവഴി കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ഉയിർപ്പിലുള്ള പ്രത്യാശയും സ്വർഗരാജ്യത്തിൽ നവമായ ജീവിതവും ലഭിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.**

തിരുവോസ്തിയുടെ ഭാഗങ്ങൾ ഒന്നിനുമീതേ ഒന്നായി കുരിശാകൃതിയിൽ വയ്ക്കുന്നു. അടിയിലത്തെ ഭാഗം കാസയ്ക്കു നേരേയും മുകളിലത്തെ ഭാഗം കാർമികനു നേരേയും തിരിഞ്ഞിരിക്കണം. ആചാരം ചെയ്തതിനുശേഷം കാർമികൻ നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്നു.

www.malankaralibrary.com

തുടർന്ന്, കാർമികൻ മ്ശംശാനമാരുടെ നെറ്റിയിൽ കുരിശടയാളം വരച്ചുകൊണ്ട് ചൊല്ലുന്നു.

കാർമി. മിശിഹാ നിന്റെ ശുശ്രൂഷ സ്വീകരിക്കുകയും
നിന്റെ വദനം പ്രകാശമാനമാക്കുകയും ചെയ്യട്ടെ.
അവിടന്നു നിന്റെ ജീവനെ പരിരക്ഷിക്കുകയും
നിന്റെ യുവത്വത്തെ പരിപോഷിപ്പിക്കുകയും ചെയ്യട്ടെ.

ശുശ്രൂ. മിശിഹാ അങ്ങയുടെ കുർബാന സ്വീകരിക്കട്ടെ.

ദിവ്യരഹസ്യങ്ങൾക്കുചുറ്റും വച്ചിരിക്കുന്ന ശോശപ്പ നിവർത്തി വച്ചുകൊണ്ട് കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. ഞങ്ങളുടെ കർത്താവീശോമിശിഹായേ, നിനക്കു സ്തുതി.
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ
ശുശ്രൂഷകനും മധ്യസ്ഥനുമായി, അയോഗ്യനായിരുന്നിട്ടും
എന്നെ നീ കാരുണ്യപൂർവം നിയോഗിച്ചിരിക്കുന്നു.
നിന്റെ കൃപാവരത്താൽ കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും എന്നെ യോഗ്യനാക്കണമേ.
ആമ്മേൻ.

കാർമികൻ താഴെവരുന്ന പ്രാർഥന ഉയർന്നസ്വരത്തിൽ ചൊല്ലിക്കൊണ്ടു തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു.

കാർമി. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും
പിതാവായ ദൈവത്തിന്റെ സ്നേഹവും
പരിശുദ്ധാത്മാവിന്റെ സഹവാസവും
നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. നമ്മുടെ രക്ഷകന്റെ
അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ
നമുക്കെല്ലാവർക്കും ഭക്ത്യാദരങ്ങളോടെ സമീപിക്കാം.

www.malankaralibrary.com

നിർമലഹൃദയത്തോടും സത്യവിശ്വാസത്തോടുംകൂടെ
അവിടത്തെ പീഡാനുഭവം സ്മരിക്കുകയും
ഉത്ഥാനത്തെപ്പറ്റി ധ്യാനിക്കുകയും ചെയ്യാം.
നമുക്കുവേണ്ടി ദൈവത്തിന്റെ പ്രിയപുത്രൻ
മർത്ത്യമായ ശരീരവും
അമർത്ത്യവും ധൈഷണികവുമായ ആത്മാവും സ്വീകരിച്ച്
മനുഷ്യനായി.
അവിടന്നു തന്റെ ജീവദായകമായ നിയമങ്ങളും
വിശുദ്ധമായ കല്പനകളുംവഴി
നമ്മെ തെറ്റിൽനിന്ന് അകറ്റി
സത്യത്തിന്റെ അറിവിലേക്കു നയിച്ചു.
മനുഷ്യവംശത്തിന്റെ ആദ്യഫലമായ അവിടന്ന്
നമുക്കുവേണ്ടിയുള്ള
തന്റെ പരിത്രാണപ്രവർത്തനങ്ങളുടെ അന്ത്യത്തിൽ
പീഡകൾ സഹിച്ചു കുരിശിൽ മരിക്കുകയും
ഉയിർത്തെഴുന്നേല്ക്കുകയും
സ്വർഗത്തിലേക്ക് എഴുന്നള്ളുകയും ചെയ്തു.
ഈ കൃപ നാം അനുസ്മരിക്കാൻവേണ്ടി
അവിടന്നു വിശുദ്ധരഹസ്യങ്ങൾ നമുക്കു നല്കി.
പൂർണഹൃദയത്തോടും വിനീതമനസ്സോടുംകൂടെ
നമുക്കു നിത്യജീവന്റെ ദാനം സ്വീകരിക്കാം.
നിഷ്കളങ്കമായ പ്രാർഥനയോടും
അഗാധമായ മനസ്താപത്തോടുംകൂടെ
സഭയുടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.

അനുതാപത്തിൽനിന്നുളവാകുന്ന ശരണത്തോടെ
അപരാധങ്ങളിൽനിന്നു പിന്തിരിഞ്ഞും
പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചും
സഹോദരരുടെ തെറ്റുകൾ ക്ഷമിച്ചുംകൊണ്ട്
നമുക്കു സകലത്തിന്റെയും നാഥനായ ദൈവത്തോട്
കൃപയും പാപമോചനവും യാചിക്കുകയും ചെയ്യാം.

www.malankaralibrary.com

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായി നിന്ന്
ആലപിക്കുന്നു / ചൊല്ലുന്നു.

സമൂ. കർത്താവേ, നിൻ ദാസരാമിവർതൻ
പാപകടങ്ങൾ മോചിക്കണമേ.

ശുശ്രൂ. കലഹം മാറ്റാം ഭിന്നത നീക്കീടാം
മനസ്സാക്ഷി നിർമലമാക്കീടാം.

സമൂ. കർത്താവേ, നിൻ ദാസരാമിവർതൻ
പാപകടങ്ങൾ മോചിക്കണമേ.

ശുശ്രൂ. ദ്വേഷം നീക്കാം ശത്രുത കൈവെടിയാം
ആത്മാക്കൾ പാവനമാക്കീടാം.

സമൂ. കർത്താവേ, നിൻ ദാസരാമിവർതൻ
പാപകടങ്ങൾ മോചിക്കണമേ.

ശുശ്രൂ. ഭക്തിയോടങ്ങേ കൈക്കൊണ്ടീടാം
റൂഹായാൽ അതിനിർമലരായ്ത്തീരാം.

സമൂ. കർത്താവേ, നിൻ ദാസരാമിവർതൻ
പാപകടങ്ങൾ മോചിക്കണമേ.

ശുശ്രൂ. യോജിപ്പോടും സ്നേഹാരൂപിയിലും
ഉൾക്കൊള്ളാം ദിവ്യമീ രഹസ്യങ്ങൾ.

സമൂ. കർത്താവേ, നിൻ ദാസരാമിവർതൻ
പാപകടങ്ങൾ മോചിക്കണമേ.

ശുശ്രൂ. ഞങ്ങൾക്കിവ നീ ഉത്ഥാനത്തിനും
രക്ഷയ്ക്കും കാരണമാക്കണമാമ്മേൻ.

(അല്ലെങ്കിൽ)

സമൂ. കർത്താവേ, അങ്ങയുടെ ദാസരുടെ
പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

ശുശ്രൂ. ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ്
നമ്മുടെ മനസ്സാക്ഷി ശുദ്ധീകരിക്കാം.

സമൂ. കർത്താവേ, അങ്ങയുടെ ദാസരുടെ
പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

ശുശ്രൂ. ശത്രുതയിലും വിദ്വേഷത്തിലുംനിന്ന്
നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം.

www.malankaralibrary.com

സമൂ. **കർത്താവേ, അങ്ങയുടെ ദാസരുടെ**
പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

ശുശ്രൂ. **വിശുദ്ധ കുർബാന സ്വീകരിക്കുകയും**
പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും ചെയ്യാം.

സമൂ. **കർത്താവേ, അങ്ങയുടെ ദാസരുടെ**
പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

ശുശ്രൂ. **യോജിപ്പോടും ഐക്യത്തോടുംകൂടെ**
ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.

സമൂ. **കർത്താവേ, അങ്ങയുടെ ദാസരുടെ**
പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

ശുശ്രൂ. **കർത്താവേ, ഇവ ഞങ്ങളുടെ ശരീരങ്ങളുടെ ഉയിർപ്പിനും**
ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകട്ടെ.

സമൂ. **നിത്യജീവനും കാരണമാകട്ടെ. എന്നേക്കും, ആമ്മേൻ.**

ശുശ്രൂഷി കാറോസൂസ ചൊല്ലുമ്പോൾ, കാർമികൻ കൈകൾ
ഉയർത്തിപ്പിടിച്ചു താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. **ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ,**
അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു.
അങ്ങയുടെ നാമം എന്നും സ്തുത്യർഹമാകുന്നു.
ഞങ്ങളുടെ പാപങ്ങൾക്കനുസരിച്ച്
അങ്ങു ഞങ്ങളോടു പ്രവർത്തിച്ചില്ല;
പ്രത്യുത, അങ്ങയുടെ ദയാധിക്യത്താൽ
അന്ധകാരശക്തികളിൽനിന്ന് അങ്ങു ഞങ്ങളെ രക്ഷിച്ചു.
അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ
ഈശോമിശിഹായുടെ രാജ്യത്തിലേക്കു
ഞങ്ങളെ ക്ഷണിച്ചു.
മിശിഹാവഴി അങ്ങു മരണത്തിന്റെ ശക്തി നശിപ്പിക്കുകയും
അക്ഷയമായ ജീവൻ ഞങ്ങൾക്കു നല്കുകയും ചെയ്തു.

കർത്താവായ ദൈവമേ, അങ്ങയുടെ നിർമലവും
പരിശുദ്ധവുമായ ബലിപീഠത്തിങ്കൽ നിന്നുകൊണ്ട്
ജീവദായകവും പരിശുദ്ധവുമായ ഈ കുർബാന
അങ്ങേക്കർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കിയല്ലോ.
പരിപൂർണവിശുദ്ധിയോടെ ഈ ദാനം സ്വീകരിക്കാൻ
അങ്ങയുടെ കൃപയാൽ ഞങ്ങളെ അർഹരാക്കണമേ.
ഇതു ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ

www.malankaralibrary.com

അങ്ങയുടെ കാരുണ്യത്തിനും
ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനും
മരിച്ചവരുടെ ഉയിർപ്പിനും നിത്യജീവിതത്തിനും നിദാനമാകട്ടെ.

ഞങ്ങളെല്ലാവരും അങ്ങയുടെ മഹത്ത്വത്തിനു പൂർണസാക്ഷികളും
അങ്ങയുടെ വാസത്തിനു യോജിച്ച ആലയങ്ങളുമാകട്ടെ.
മിശിഹായുടെ ശരീരരക്തങ്ങളോട് ഐക്യപ്പെടുന്ന ഞങ്ങൾ
അവിടത്തെ മഹത്ത്വപൂർണമായ പ്രത്യാഗമനത്തിൽ
സകലവിശുദ്ധരോടുംകൂടെ പ്രശോഭിക്കട്ടെ.

അങ്ങേക്കും അങ്ങയുടെ ഏകജാതനും
പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും എപ്പോഴും എന്നേക്കും.

ആവശ്യമെങ്കിൽ, വിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്കു വേണ്ടി കാർമികൻ തിരുവോസ്തികൾ വിഭജിച്ചു തയ്യാറാക്കുന്നു.

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമികൻ കുനിഞ്ഞുനിന്ന് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു

കാർമി. **കർത്താവായ ദൈവമേ,**
അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും
കാരുണ്യപൂർവം ക്ഷമിക്കണമേ.
മഹോന്നതദൈവമായ അങ്ങയെ സ്വർഗരാജ്യത്തിൽ
സകലവിശുദ്ധരോടുമൊന്നിച്ചു സ്തുതിക്കാൻ,
ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ.

കാർമികൻ നിവർന്നുനിന്ന് കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് താഴെവരുന്ന പ്രാർത്ഥന ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

(ഞായറാഴ്ചകളിലും സാധാരണദിവസങ്ങളിലും)

കാർമി. **കർത്താവായ ദൈവമേ,**
കാരുണ്യപൂർവം അങ്ങു ഞങ്ങൾക്കു നല്കിയ
മനോവിശ്വാസത്തോടെ
അങ്ങയുടെ സന്നിധിയിൽ എപ്പോഴും
നിർമലഹൃദയരും പ്രസന്നവദനരും
നിഷ്ക്കളങ്കരുമായി വ്യാപരിക്കാൻ
ഞങ്ങളെ യോഗ്യരാക്കണമേ.
ഞങ്ങളെല്ലാവരും ഒന്നുചേർന്ന്
അങ്ങയെ വിളിച്ച് ഇപ്രകാരം അപേക്ഷിക്കുന്നു.

www.malankaralibrary.com

(കർത്താവിന്റെ തിരുനാളുകളിലും മറ്റു പ്രധാന തിരുനാളുകളിലും)

കാർമി. കർത്താവേ, ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും
ഹൃദയങ്ങളിൽ ശാന്തിയും പുലർത്തണമേ.
ഞങ്ങളുടെ നാവുകൾ നിന്റെ സത്യം പ്രഘോഷിക്കട്ടെ.
ഞങ്ങളുടെ വദനങ്ങളെ പുതിയ വീണകളാക്കുകയും
ജ്വലിക്കുന്ന അധരങ്ങൾകൊണ്ട്
ഞങ്ങൾ സ്തോത്രം ആലപിക്കുകയും ചെയ്യുമ്പോൾ
നിന്റെ കുരിശു ഞങ്ങൾക്കു സംരക്ഷണമായി ഭവിക്കട്ടെ.
"നിങ്ങൾ പ്രാർഥിക്കുമ്പോൾ ഇപ്രകാരം പ്രാർഥിക്കുവിൻ"
എന്നുപദേശിച്ചുകൊണ്ട്
നീ ശിഷ്യന്മാരെ പഠിപ്പിച്ച വിശിഷ്ടമായ പ്രാർഥന
നിന്നിൽനിന്നു ലഭിച്ച മനോവിശ്വാസത്തോടെ ആവർത്തിക്കാൻ
ഞങ്ങളെ യോഗ്യരാക്കണമേ.

കാർമി. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സ്
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ,
രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

www.malankaralibrary.com

തുടർന്നു ചൊല്ലുന്നു

കാർമി. **കർത്താവേ, ശക്തനായ സർവേശ്വരാ,**
നല്ലവനായ ദൈവമേ,
കൃപാപൂർണനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും
ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ, സ്വർഗത്തിലും ഭൂമിയിലും
രാജ്യവും ശക്തിയും പ്രാബല്യവും അധികാരവും
അങ്ങയുടേതാകുന്നു.
ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

'ഇപ്പോഴും' എന്നു പറയുമ്പോൾ കാർമികൻ തന്റെമേൽത്തന്നെ കുരിശടയാളം വരയ്ക്കുന്നു. അനന്തരം ജനങ്ങൾക്കു നേരേ തിരിഞ്ഞുനിന്നുകൊണ്ട് ആശീർവദിക്കുന്നു.

കാർമി. **സമാധാനം ✠ നിങ്ങളോടുകൂടെ.**

സമൂ. **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

കാർമികൻ ബലിപീഠത്തിനുനേരേ തിരിയുമ്പോൾ വലത്തുകരം ദിവ്യരഹസ്യങ്ങൾക്കുനേരേ നീട്ടിക്കൊണ്ടു പറയുന്നു.

കാർമി. **വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു.**

സമൂ. **ഏകപിതാവു പരിശുദ്ധനാകുന്നു.**
ഏകപുത്രൻ പരിശുദ്ധനാകുന്നു.
ഏകറൂഹാ പരിശുദ്ധനാകുന്നു.
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും
എന്നേക്കും സ്തുതി. ആമ്മേൻ.

കർത്താവിന്റെ തിരുനാളുകളിൽ വിരിയിടുന്നു. ബലിവേദിയിലുള്ളവരും സമൂഹവും രണ്ടു ഗണമായി പ്രത്യേകഗീതം (ദ്ഹീലത്ത്) ആലപിക്കുന്നു. അനന്തരം വിരി നീക്കുന്നു.

ശുശ്രൂഷി മദ്ബഹയിൽ വലത്തുവശത്തു നിന്നുകൊണ്ട് പറയുന്നു.

www.malankaralibrary.com

ശുശ്രൂ. **ജീവിക്കുന്ന ദൈവത്തെ നിങ്ങൾ പ്രകീർത്തിക്കുവിൻ.**

താഴെവരുന്നതോ ദിവസത്തിന്റേതോ ആയ ദിവ്യകാരുണ്യ ഗീതം (ഓനീസാ ദ്‌വേമ്മ) സമൂഹം ആലപിക്കുന്നു / ചൊല്ലുന്നു.

സമൂ. **സഭയിൽ അവിടത്തേക്കു സ്തുതിയുണ്ടായിരിക്കട്ടെ.**
എല്ലാ നിമിഷവും എല്ലാ സമയവും
അവിടത്തെ കൃപയും കാരുണ്യവും
നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ.

കാർമികൻ കുനിഞ്ഞ് ആചാരംചെയ്തു തിരുശരീരം കരങ്ങളിൽ എടുത്തു താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു (ആഘോഷപൂർവകമായ കുർബാനയിലും സാധാരണ കുർബാനയിലും താഴെവരുന്ന മൂന്നു പ്രാർഥനകളിൽ ഒന്നു ചൊല്ലിയാലും മതി).

കാർമി. **കർത്താവേ, നിന്റെ തിരുശരീരം**
എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ
കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

കാർമി. **മനുഷ്യവംശത്തിന്റെ പ്രത്യാശയും**
സകലത്തിന്റെയും നാഥനുമായ മിശിഹായേ,
നിന്റെ ദിവ്യശരീരത്താൽ
ഞങ്ങളുടെ ശരീരങ്ങളെ പവിത്രീകരിക്കണമേ.
നിന്റെ അമൂല്യരക്തത്താൽ
ഞങ്ങളുടെ കടങ്ങൾ മോചിക്കണമേ.
നിന്റെ കൃപാതിരേകത്താൽ
ഞങ്ങളുടെ മനസ്സാക്ഷിയെ
നിർമലമാക്കുകയും ചെയ്യണമേ.

കാർമി. **കർത്താവായ മിശിഹായേ, ഞാൻ അയോഗ്യനെങ്കിലും**
നിന്റെ അനുഗ്രഹങ്ങളുടെ നിക്ഷേപം
ഇതാ, എന്റെ കരങ്ങളിൽ.
നിന്റെ കാരുണ്യത്താൽ
ദാനമായി ഞാൻ സ്വീകരിക്കുന്ന
ഭയഭക്തിജനകമായ ഈ രഹസ്യത്തിന്റെ
ശക്തിവിശേഷം എന്നിൽ പ്രകടമാക്കണമേ.

www.malankaralibrary.com

കാർമികൻ തിരുശരീരം ഉൾക്കൊള്ളുന്നു. അനന്തരം കുനിഞ്ഞ് ആചാരംചെയ്തശേഷം കാസ കരങ്ങളിൽ എടുത്തുകൊണ്ടു ചൊല്ലുന്നു.

കാർമി. **സ്വർഗീയമണവാളാ,**
നിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർക്ക്
നിന്റെ അമൂല്യരക്തത്തിന്റെ കാസ നീ സജ്ജമാക്കി.

തിരുരക്തം ഉൾക്കൊള്ളുന്നു. തുടർന്നു ചൊല്ലുന്നു.

അതിൽനിന്നു പാനം ചെയ്യാൻ
പാപിയായ എന്നെയും അനുവദിച്ചു.
നിന്റെ അവർണനീയമായ സ്നേഹത്തിന്
എന്നേക്കും സ്തുതി. ആമ്മേൻ.

വിശുദ്ധ കുർബാന ഇരുസാദൃശ്യങ്ങളിൽ വെവ്വേറെ കൊടുക്കുന്ന ക്രമം

കാർമികൻ വിശുദ്ധ കുർബാന സ്വീകരിച്ചശേഷം ശുശ്രൂഷികൾക്കു (മ്ശംശാനമാർക്ക്) തിരുശരീരവും തിരുരക്തവും നല്കുന്നു.

തിരുശരീരം നല്കിക്കൊണ്ട് ചൊല്ലുന്നു.

കാർമി. **നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം**
ദൈവത്തിന്റെ ഈ ശുശ്രൂഷകന്
കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.

തിരുരക്തം നല്കിക്കൊണ്ട് ചൊല്ലുന്നു.

കാർമി. **നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യരക്തം**
ദൈവത്തിന്റെ ഈ ശുശ്രൂഷകന്
കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.

മുകളിൽ കൊടുത്തിരിക്കുന്ന രണ്ടു പ്രാർഥനകൾക്കു പകരം ചൊല്ലാവുന്നത്:

കാർമി. **ആത്മീയവിരുന്നു നിത്യജീവനു കാരണമാകട്ടെ.**

അനന്തരം ഒന്നാം ശുശ്രൂഷി (മ്ശംശാന) കാർമികനെ സമീപിച്ചു ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

www.malankaralibrary.com

കാർമികൻ ശോശപ്പയും അതിന്മേൽ തിരുവോസ്തിയോടുകൂടെ പീലാസയും ഒന്നാം ശുശ്രൂഷിക്കു നല്കിക്കൊണ്ടു ചൊല്ലുന്നു.

കാർമി. **ദൈവത്തിന്റെ കൃപ നിന്നോടും ഞങ്ങളോടും സ്വർഗരാജ്യത്തിൽ അവിടത്തെ സ്വീകരിക്കുന്നവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

അനന്തരം രണ്ടാം ശുശ്രൂഷി (മ്ശംശാന) കാർമികനെ സമീപിച്ചു ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമികൻ കാസ രണ്ടാം ശുശ്രൂഷിക്കു നല്കിക്കൊണ്ട് ചൊല്ലുന്നു.

കാർമി. **പരിശുദ്ധാത്മാവിന്റെ കൃപ നിന്നോടും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

ദിവ്യകാരുണ്യഗീതത്തിന്റെ ആദ്യഭാഗം അവസാനിക്കുമ്പോൾ കാസ വഹിക്കുന്ന ശുശ്രൂഷി (മ്ശംശാന) പറയുന്നു.

ശുശ്രൂ. **കർത്താവേ, ആശീർവദിക്കണമേ.**

കാർമികൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ആശീർവദിച്ചുകൊണ്ടു ചൊല്ലുന്നു.

കാർമി. **നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം അവിടത്തെ കാരുണ്യത്താൽ നാമെല്ലാവരിലും ✠ സമ്പൂർണമാകട്ടെ.**

സമൂ. **എപ്പോഴും എന്നേക്കും, ആമ്മേൻ.**

താഴെവരുന്നതോ ദിവസത്തിന്റേതോ ആയ അനുഗീതം (ഓനീസാ ദ്വാത്തേ) ശുശ്രൂഷി ആലപിക്കുന്നു / ചൊല്ലുന്നു.

ശുശ്രൂ. **സഹോദരരേ, സ്വർഗരാജ്യത്തിലുള്ള വിശ്വാസത്തോടെ ദൈവപുത്രന്റെ ശരീരം സ്വീകരിക്കാനും അവിടത്തെ രക്തം പാനംചെയ്യാനും തിരുസഭ നിങ്ങളെ ക്ഷണിക്കുന്നു.**

www.malankaralibrary.com

കാസയും പീലാസയും സംവഹിക്കുന്ന ശുശ്രൂഷികളോടുകൂടെ കാർമികൻ മദ്ബഹയുടെ കവാടത്തിങ്കലോ വചനവേദിയുടെ മുമ്പിലോ നില്ക്കുന്നു.

കാർമ്മികൻ പീലാസ ശുശ്രൂഷിയുടെ കൈയിൽനിന്നു വാങ്ങുകയോ ശുശ്രൂഷി അതു പിടിച്ചുകൊണ്ടു നില്ക്കുകയോ ചെയ്യുന്നു.

തിരുശരീരം നല്കിക്കൊണ്ടു ചൊല്ലുന്നു.

കാർമി. **നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം ഭക്തനായ വിശ്വാസിക്കു (ഭക്തയായ വിശ്വാസിനിക്കു) കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.**

തിരുരക്തം നല്കിക്കൊണ്ടു ചൊല്ലുന്നു.

കാർമി. **നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യരക്തം ഭക്തനായ വിശ്വാസിക്കു (ഭക്തയായ വിശ്വാസിനിക്കു) കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.**

മുകളിൽ കൊടുത്തിരിക്കുന്ന രണ്ടു പ്രാർഥനകൾക്കു പകരം ചൊല്ലാവുന്നത്:

കാർമി. **ആത്മീയവിരുന്നു നിത്യജീവനു കാരണമാകട്ടെ.**

വിശുദ്ധ കുർബാന സ്വീകരിക്കുന്നതു പുരോഹിതനോ ശുശ്രൂഷിയോ ആണെങ്കിൽ കാർമികൻ ചൊല്ലുന്നു.

കാർമി. **നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം (തിരുരക്തം) നിർമലനായ പുരോഹിതന് / ദൈവത്തിന്റെ ശുശ്രൂഷിക്ക് കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.**

വിശുദ്ധ കുർബാന ഇരുസാദൃശ്യങ്ങളിൽ ഒരുമിച്ചു നല്കുന്ന ക്രമം

കാർമികൻ ജനങ്ങളെ ആശീർവദിച്ചുകൊണ്ടു ചൊല്ലുന്നു.

കാർമി. **നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം അവിടത്തെ കാരുണ്യത്താൽ നാമെല്ലാവരിലും ✠ സമ്പൂർണമാകട്ടെ.**

സമൂ. **എപ്പോഴും എന്നേക്കും, ആമ്മേൻ.**

www.malankaralibrary.com

താഴെവരുന്നതോ ദിവസത്തിന്റേതോ ആയ അനുഗീതം (ഓനീസാ ദ്വാത്തേ) ശുശ്രൂഷി ആലപിക്കുന്നു / ചൊല്ലുന്നു.

ശുശ്രൂ. **സഹോദരരേ, സ്വർഗരാജ്യത്തിലുള്ള വിശ്വാസത്തോടെ**
ദൈവപുത്രന്റെ ശരീരം സ്വീകരിക്കാനും
അവിടത്തെ രക്തം പാനം ചെയ്യാനും
തിരുസഭ നിങ്ങളെ ക്ഷണിക്കുന്നു.

കാസ എടുത്തിരിക്കുന്ന ശുശ്രൂഷിയോടുകൂടെ കാർമികൻ മദ്ബഹയുടെ കവാടത്തിങ്കലോ വചനവേദിയുടെ മുമ്പിലോ വിശുദ്ധ കുർബാന നല്കുമ്പോൾ ചൊല്ലുന്നു.

കാർമി. **മിശിഹായുടെ ശരീരവും രക്തവും**
കടങ്ങളുടെ പൊറുതിക്കും നിത്യജീവനും കാരണമാകട്ടെ.

ജനങ്ങൾ വിശുദ്ധ കുർബാന സ്വീകരിച്ചുകഴിയുമ്പോൾ കാസയും പീലാസയും യഥാസ്ഥാനം വയ്ക്കുന്നു. ആഘോഷപൂർവകമായ കുർബാനയിലും സാധാരണ കുർബാനയിലും താഴെവരുന്ന മൂന്നു പ്രാർഥനകളിൽ ഒന്നു ചൊല്ലിയാലും മതി.

കാർമി. **മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ,**
ഞങ്ങൾ ഭക്ഷിച്ച തിരുശരീരവും
പാനംചെയ്ത തിരുരക്തവും
ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ
കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും
നിന്റെ സന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ.
സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

കാർമികൻ വലത്തുവശത്തെ ബേസ് ഗസ്സയിലേക്കു പോകുന്നു. ശുശ്രൂഷി കാസയിൽ വീഞ്ഞും വെള്ളവും ഒഴിച്ചുകൊടുക്കുന്നു. അതുൾക്കൊണ്ടതിനുശേഷം കാർമികൻ ചൊല്ലുന്നു.

കാർമി. **മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ,**
നിന്റെ ശരീരം ദൃശ്യമായി സ്വീകരിച്ച ഞങ്ങളിൽ
നിന്റെ ശക്തി ആന്തരികമായി വസിക്കട്ടെ.
ഞങ്ങൾ ആനന്ദത്തോടെ നിന്നെ എതിരേല്ക്കുകയും
നിന്റെ അഭീഷ്ടം നിറവേറ്റുന്ന നീതിമാന്മാരോടൊന്നിച്ച്
നിനക്കു സ്തോത്രം ആലപിക്കുകയും ചെയ്യട്ടെ.
സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

www.malankaralibrary.com

കാസയും പീലാസയും തുടയ്ക്കുമ്പോൾ

കാർമി. മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ,
നിന്റെ ശരീരം ഭക്ഷിക്കുകയും
രക്തം പാനം ചെയ്യുകയുംചെയ്ത ഞങ്ങളെ
നല്ല കള്ളനോടും
നിന്റെ അഭീഷ്ടം നിറവേറ്റുന്ന നീതിമാന്മാരോടുമൊരുമിച്ച്
പറുദീസയിൽ നിന്നെ സ്തുതിക്കാൻ യോഗ്യരാക്കണമേ.
സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

ഈ സമയത്തു സമൂഹം സ്തുതിഗീതം (തെശ്ബൊഹ്ത്ത)
ആലപിക്കുന്നു / ചൊല്ലുന്നു.

(കർത്താവിന്റെ തിരുനാളുകളിലും പ്രധാനതിരുനാളുകളിലും)
(മാറൻ ഈശോ മൽക്കാ സ്ഗീദാ ...)

സമൂ. പാപംപോക്കും പാവനഗാത്രം
കൈക്കൊണ്ടീടാൻ നീട്ടിയ കൈകൾ
കർത്താവേ, നിൻ കാരുണ്യത്താൽ
ബലവത്താക്കാൻ കനിവാകേണം.

മഹിമയെഴും നിൻ ദൈവത്വത്തി-
ന്നനുഗുണമാകും ഫലമേകീടാൻ
കരുണാമയനാം കർത്താവേ, നീ
യോഗ്യത സദയം നല്കീടേണം.

ബലിവേദികയിൽ സ്തുതിഗീതങ്ങൾ
പാടിയ നാവുകൾ സ്വർലോകത്തിൽ
നിത്യവുമങ്ങേ സ്തുതി പാടീടാൻ
യോഗ്യത സദയം നല്കീടേണം.

നിൻ സ്തുതിഗീതം കേട്ടവയാകും
കർണപുടങ്ങൾ ശിക്ഷാവിധിതൻ
ശബ്ദം കേൾക്കാതവയെ നിതരാം
കർത്താവേ, നീ കാത്തീടണമേ.

www.malankaralibrary.com

ഉന്നതമാം നിൻ അലിവും കൃപയും
ദർശിച്ചവയാം കണ്ണുകൾ നിയതം
മഹനീയം നിന്നാഗമനത്തിൻ
ദിവ്യപ്രഭയും ദർശിക്കട്ടെ.

നിൻ സ്തുതി പാടും നാവുകളെന്നും
സത്യം സതതം ഘോഷിപ്പാനായ്
കർത്താവേ, നിൻ കാരുണ്യത്താൽ
സജ്ജീകൃതമായ്ത്തീർത്തീടണമേ.

തിരുഭവനത്തിൽ പരിസഞ്ചരണം
ചെയ്തവയാകും കാലുകളെന്നും
മഹിമയെഴും നിൻ ദിവ്യപ്രഭതൻ
ദ്യോവിൽ നടക്കാൻ വരമരുളേണം.

ജീവനെഴും നിൻ ദിവ്യശരീരം
ഭക്ഷിച്ചവരാം ഞങ്ങളെ നാഥാ,
നവജീവൻ നീ നല്കി നിതാന്തം
നവമാക്കീടാൻ ദയ തോന്നണമേ.

അഖിലേശാ, നിൻ ആരാധകരാം
ഞങ്ങളിലങ്ങേ തുണയാം ദാനം
അനുദിനമെന്നും വർദ്ധിതമാകാൻ
ഇടയാക്കണമേ, കനിവിൻ നാഥാ.

കർത്താവേ, നിൻ വലുതാം സ്നേഹം
ഞങ്ങളിലെന്നും നിവസിക്കട്ടെ
സ്തുതിയും നന്ദിയും അങ്ങേക്കേകാൻ
ധന്യത ഞങ്ങളിലുളവാകട്ടെ.

ഞങ്ങളണയ്ക്കും യാചനകൾക്കായ്
വാതിൽ തുറക്കാൻ കനിവാകണമേ
ഞങ്ങൾ ചെയ്യും ശുശ്രൂഷകൾ നിൻ
സന്നിധിയണയാനിടയാക്കണമേ.

www.malankaralibrary.com

(അല്ലെങ്കിൽ)

സമൂ. ഞങ്ങളുടെ കർത്താവേ,
കടങ്ങളുടെ പൊറുതിക്കായി
വിശുദ്ധ കുർബാന സ്വീകരിച്ച
ഞങ്ങളുടെ കൈകളെ ശക്തമാക്കണമേ.
ദൈവമായ നിനക്ക് എല്ലാ ദിവസവും
സത്ഫലങ്ങൾ സമർപ്പിക്കാൻ
അവയെ യോഗ്യമാക്കണമേ.
വിശുദ്ധ സ്ഥലത്തു കീർത്തനം പാടിയ
ഞങ്ങളുടെ അധരങ്ങളെ
സ്വർഗത്തിൽ നിന്നെ സ്തുതിക്കാൻ അർഹമാക്കണമേ.
നിന്റെ സ്തുതികൾ കേട്ട കാതുകൾ
ശിക്ഷാവിധിയുടെ സ്വരം കേൾക്കാതിരിക്കട്ടെ.
നിന്റെ അളവറ്റ കാരുണ്യം കണ്ട കണ്ണുകൾക്ക്
നിന്റെ അനുഗ്രഹദായകമായ പ്രത്യാഗമനം
കാണാൻ ഇടവരട്ടെ.
നിന്നെ പരിശുദ്ധൻ എന്നു പാടിപ്പുകഴ്ത്തിയ നാവുകളെ
സത്യം പറയാൻ സന്നദ്ധമാക്കണമേ.
ദൈവാലയത്തിൽ സഞ്ചരിച്ച പാദങ്ങൾക്ക്
പ്രകാശത്തിന്റെ സ്ഥലത്തു സഞ്ചരിക്കാൻ ഇടയാകട്ടെ.
നിന്റെ സജീവമായ ശരീരം ഉൾക്കൊണ്ട
ഞങ്ങളുടെ ശരീരങ്ങൾക്ക് നവജീവൻ പ്രദാനംചെയ്യണമേ.
നിന്നെ ആരാധിച്ച ഞങ്ങളുടെ സമൂഹത്തെ
അനുഗ്രഹങ്ങൾകൊണ്ടു സമ്പന്നമാക്കണമേ.
നിന്റെ അനന്തമായ സ്നേഹം
ഞങ്ങളിൽ എന്നും നിലനില്ക്കട്ടെ.
നിനക്കു സ്തുതികൾ സമർപ്പിക്കാൻ
ആ സ്നേഹത്തിൽ ഞങ്ങൾ വളരുകയും ചെയ്യട്ടെ.
ഞങ്ങളേവരുടെയും യാചനകൾക്ക്
നീ വാതിൽ തുറക്കണമേ.
ഞങ്ങളുടെ ഈ ശുശ്രൂഷ
നിന്റെ സന്നിധിയിൽ സ്വീകാര്യമാകുകയും ചെയ്യട്ടെ.
ആമ്മേൻ.

www.malankaralibrary.com

(ഞായറാഴ്ചകളിൽ)
(മാറൻ ഈശോ മൽക്കാ സ്ഗീദാ ...)

സമൂ. സഹനംവഴിയായ് മരണത്തിന്മേൽ
വിജയംനേടിയ മിശിഹാനാഥാ,
പരമാരാധ്യൻ രാജമഹേശാ,
രക്ഷകനായ് നീ രാജിക്കുന്നു.

ഉന്നതമാകും സ്വർലോകത്തിൽ
നവജീവൻ തൻ വാഗ്ദാനങ്ങൾ
കനിവൊടു ഞങ്ങൾക്കേകിയ നാഥാ,
ദൈവപിതാവിൻ സുതനാമീശോ,

കനിവിൻ നാഥാ, ഞങ്ങളിൽനിന്നും
പീഡകളഖിലം നീക്കി നിതാന്തം
ഞങ്ങൾ മേവും ദേശത്തെങ്ങും
കൃപയും ശാന്തിയുമേകീടണമേ.

വിധിദിവസത്തിൽ നിൻ വെളിപാടിൽ
ജീവൻ നിന്നിൽ കണ്ടെത്തട്ടെ
താവകചിത്തം പോലഖിലേശാ
ഞങ്ങൾ നിന്നെ എതിരേല്ക്കട്ടെ.

നാഥാ, മാനവവംശത്തിന്നായ്
നല്കിയ നിൻ കൃപയോർത്തിവരെന്നും
ഓശാനകളാൽ നിൻ തിരുനാമം
നിതരാം വാഴ്ത്തിപ്പാടീടട്ടെ.

കർത്താവേ, നീ ഞങ്ങൾക്കരുളിയ
കാരുണ്യത്തിൻ ആഴമഗാധം
എന്തെന്നാൽ നിൻ കരുണയുമൻപും
മർത്ത്യർ ഞങ്ങളിൽ ഉദയംചെയ്തു.

ഉന്നതമാം നിൻ കാരുണ്യത്താൽ
മർത്ത്യകടങ്ങൾ നീയൊഴിവാക്കി
തിരുനാമസ്തുതി പാടി നിതാന്തം
നിൻ ദാനത്തിനു നന്ദിയണയ്ക്കാം.

www.malankaralibrary.com

നിന്നുടെ കൃപയാൽ സകലേശാ, നിൻ
ദൈവത്വത്തിൻ സ്തുതി പാടീടാൻ
മർത്ത്യർ ഞങ്ങൾക്കഖിലർക്കും നീ
യോഗ്യതയേകാൻ കനിവാകണമേ.

കർത്താവാം നിൻ മഹിതമഹത്ത്വം
നിതരാമെന്നും വാഴ്ത്തീടാനും
അർഹതയേകൂ കരുണാമയനേ,
പാടാമെന്നും ആമ്മേനാമ്മേൻ.

(അല്ലെങ്കിൽ)

സമൂ. ഞങ്ങളുടെ കർത്താവായ ഈശോയേ,
പീഡാസഹനംവഴി മരണത്തെ കീഴടക്കിയ
ആരാധ്യനായ രാജാവേ,
സ്വർഗരാജ്യത്തിൽ ഞങ്ങൾക്കു
നവജീവൻ വാഗ്ദാനം ചെയ്ത ദൈവപുത്രാ,
എല്ലാ ഉപദ്രവങ്ങളും ഞങ്ങളിൽനിന്ന് അകറ്റണമേ.
ഞങ്ങളുടെ ദേശത്ത്
സമാധാനവും കൃപയും വർദ്ധിപ്പിക്കണമേ.
നീ മഹത്ത്വത്തോടെ പ്രത്യക്ഷപ്പെടുന്ന ദിവസം
നിന്റെ സന്നിധിയിൽ ഞങ്ങൾ ജീവൻ കണ്ടെത്തട്ടെ.
നിന്റെ അഭീഷ്ടമനുസരിച്ച്
ഞങ്ങൾ നിന്നെ എതിരേല്ക്കുകയും ചെയ്യട്ടെ.
ഞങ്ങളുടെ വംശത്തിനു നല്കിയ കൃപയെക്കുറിച്ച്
ഓശാനപാടിയ ഞങ്ങൾ
നിന്റെ നാമത്തെ സ്തുതിക്കട്ടെ.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളോടു കാണിച്ച കാരുണ്യം വലുതാകുന്നു.
മർത്ത്യരായ ഞങ്ങളിൽ നിന്റെ സ്നേഹം ഉദയം ചെയ്തു.
നീ ഞങ്ങളുടെ പാപങ്ങൾ കനിവോടെ ഉന്മൂലനം ചെയ്തു.
നിന്റെ ദാനത്തെക്കുറിച്ചു നിനക്കു സ്തുതി.

www.malankaralibrary.com

കനിവോടെ കടങ്ങൾ പൊറുക്കുന്നവനേ,
ഉന്നതങ്ങളിൽനിന്നുള്ള ഈ ദാനം വാഴ്ത്തപ്പെട്ടതാകട്ടെ.
ദൈവമായ നിനക്ക്
കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ
നിന്റെ കരുണയാൽ ഞങ്ങളെല്ലാവരും യോഗ്യരാകട്ടെ.
നാഥനായ നിന്നെ എല്ലാ സമയവും
ഞങ്ങൾ പ്രകീർത്തിക്കുകയും ചെയ്യട്ടെ. ആമ്മേൻ.

(സാധാരണദിവസങ്ങളിൽ)

സമൂ. കർത്താവിൻ തിരുമുമ്പിൽ വന്നതി-
ഭക്തിവിശ്വാസപൂർവകം
ഞങ്ങൾ കൈക്കൊണ്ടൊരീ രഹസ്യങ്ങൾ
പാപമോചനമേകട്ടെ.

ഉന്നതൻ യുഗരാജാവായിടും
കന്യകാസുതനീശോയേ,
ദാസന്റേതുപോൽ സ്രഷ്ടാവിന്റെയും
സാദൃശ്യം നീ, നിനയ്ക്കുകിൽ.

നിന്നിൽ വിശ്വസിച്ചാശ്രയിച്ചവർ
നിന്റെ സങ്കേതം തേടിയോർ
നിന്റെ മാംസനിണങ്ങളാൽ പാപ-
മോചനം നേടി ധന്യരായ്.

വാനമേഘത്തിൽ നീയിനിവരും
നാളിൽ നിന്നെതിരേല്പിനായ്
നിന്റെ മുമ്പിൽ വരാനും വാനവ-
വൃന്ദമൊത്തു നിരന്തരം

നിൻ സ്തുതിഗീതമാലപിക്കാനും
ഞങ്ങളെ യോഗ്യരാക്കണേ (2).

www.malankaralibrary.com

(അല്ലെങ്കിൽ)

സമൂ. ഞങ്ങളുടെ കർത്താവേ,
വിശ്വാസപൂർവം ഞങ്ങൾ സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ
ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.
യുഗങ്ങളുടെ രാജാവായ മിശിഹായേ,
നീ ദാസന്റെയും സ്രഷ്ടാവിന്റെയും സാദൃശ്യമാകുന്നു.
നിന്നിൽ വിശ്വസിച്ച സകലരുടെയും കറകളും കടങ്ങളും
നിന്റെ ശരീരരക്തങ്ങളാൽ
നിർമാർജനം ചെയ്യുകയും ക്ഷമിക്കുകയും ചെയ്തു.
നീ മഹത്ത്വപൂർണനായി പ്രത്യക്ഷപ്പെടുമ്പോൾ
മനോവിശ്വാസത്തോടെ നിന്നെ എതിരേല്ക്കാനും
സ്വർഗീയഗണങ്ങളോടുകൂടെ
നിന്നെ സ്തുതിക്കാനും
ഞങ്ങളെ യോഗ്യരാക്കണമേ.
ആമ്മേൻ.

ശുശ്രൂ. പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ
ഈ രഹസ്യങ്ങളെ സമീപിച്ച്
ഇവയിൽ പങ്കുകൊള്ളാൻ യോഗ്യരാക്കപ്പെട്ട
നമുക്കെല്ലാവർക്കും
ഇവയുടെ ദാതാവായ ദൈവത്തിന്
സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

സമൂ. അവർണനീയമായ ഈ ദാനത്തെക്കുറിച്ച്
കർത്താവേ, അങ്ങേക്കു സ്തുതി.

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമികൻ ബലിപീഠത്തിനുമുമ്പിൽ മധ്യത്തിൽനിന്നുകൊണ്ടോ വചനവേദിയിൽനിന്നുകൊണ്ടോ ജനങ്ങൾക്കഭിമുഖമായി ഉയർന്നസ്വരത്തിൽ താഴെവരുന്ന കൃതജ്ഞതാപ്രാർഥനകളോ ദിവസത്തിന്റെ കൃതജ്ഞതാപ്രാർഥനകളോ ചൊല്ലുന്നു.

www.malankaralibrary.com

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

കാർമി. കർത്താവായ ദൈവമേ,
അങ്ങയുടെ മഹനീയനാമത്തിന്
സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുക
എല്ലാ നാഴികകളിലും യോഗ്യവും
എല്ലാ കാലങ്ങളിലും യുക്തവും ആകുന്നു.
അങ്ങയുടെ ജീവദായകവും ദൈവികവുമായ വചനങ്ങളുടെ
മാധുര്യം ആസ്വദിക്കാനും
മാലാഖമാരോടുകൂടെ തിരുനാമത്തെ സ്തുതിക്കാനും
അങ്ങയുടെ ദാനമായ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാനും
മഹോന്നതനായ ദൈവമേ, അങ്ങേക്ക്
സ്തുതിയുടെയും കൃതജ്ഞതയുടെയും കീർത്തനങ്ങൾ
ഇടവിടാതെ ആലപിക്കാനും
ബലഹീനരായ ഞങ്ങളെ
കാരുണ്യപൂർവം അങ്ങു യോഗ്യരാക്കി.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. സകലത്തെയും പവിത്രീകരിക്കുന്ന
തന്റെ അമൂല്യമായ ശരീരരക്തങ്ങൾ സ്വീകരിക്കാൻ
നമ്മുടെ കർത്താവും ദൈവവും രാജാവും രക്ഷകനും
ജീവദാതാവുമായ മിശിഹാ
കൃപാപൂർവം നമ്മെ യോഗ്യരാക്കി.
വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുംവഴി
തന്നെ പ്രസാദിപ്പിക്കാൻ അവിടന്നു നമ്മെ അനുഗ്രഹിക്കട്ടെ.
കർത്താവേ, ഞങ്ങൾ സ്വീകരിച്ചതും സ്വീകരിക്കുന്നതുമായ
ഈ അച്ചാരം, നിന്റെ കാരുണ്യാതിരേകത്താൽ
ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
മരിച്ചവരുടെ ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും
നിന്റെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച
എല്ലാവരോടുമൊന്നിച്ച്
സ്വർഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

(സാധാരണദിവസങ്ങളിൽ)

കാർമി. കർത്താവായ ദൈവമേ,
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ
കടങ്ങളുടെ മോചനത്തിനായി
അങ്ങു കാരുണ്യപൂർവം ഞങ്ങൾക്കു നല്കി.
ഈ ദാനത്തെക്കുറിച്ച്
അങ്ങയുടെ മഹനീയത്രിത്വത്തിന്
സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും
നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ,
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ ഈ കുർബാനവഴി
നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും
അപരാധങ്ങൾ ക്ഷമിക്കുകയും ചെയ്തു.
ഉന്നതങ്ങളിൽനിന്നുള്ള ആരാധ്യമായ ഈ ദാനം
വാഴ്ത്തപ്പെട്ടതാകട്ടെ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ആഘോഷപൂർവകമായ കുർബാനയിലും സാധാരണ കുർബാനയിലും കർത്ത്യപ്രാർഥന ഉപേക്ഷിക്കാവുന്നതാണ്.

കാർമി. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്)
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

www.malankaralibrary.com

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സ്
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്)
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

www.malankaralibrary.com

കാർമികൻ മദ്ബഹയുടെ കവാടത്തിങ്കൽ ഇടത്തുവശത്തേക്ക് അല്പം മാറിനിന്നുകൊണ്ടോ വചനവേദിയിൽ നിന്നുകൊണ്ടോ ജനങ്ങൾക്കഭിമുഖമായി താഴെവരുന്ന സമാപനാശീർവാദം (ഹൂത്താമ്മ) നല്കുന്നു.

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

കാർമി. കർത്താവാം മിശിഹാവഴിയായ്
ദിവ്യാത്മാവിൻ ദാനങ്ങൾ
സ്നേഹപിതാവാം സകലേശൻ
വിരവൊടു നമ്മിൽ വർഷിച്ചു.

സ്വർലോകത്തിൻ മഹിമയ്ക്കായ്
ദൈവം നമ്മെ വിളിച്ചല്ലോ
അക്ഷയസൗഭഗമാർന്നീടാൻ
ദൈവം നമ്മെ നയിച്ചല്ലോ.

എന്റെ ശരീരം ഭക്ഷിക്കും
എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും
അവനിൽ ഞാനും, നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ
അന്തിമദിവസമുയിർപ്പിക്കും
നിത്യായുസ്സവനേകും ഞാൻ
ഏവം നാഥനരുൾ ചെയ്തു.

അരുളിയപോലിന്നീ ബലിയിൽ
പങ്കാളികളാമഖിലർക്കും
ദൈവം കനിവാർന്നരുളട്ടെ
ദിവ്യാനുഗ്രഹമെന്നെന്നും.

നമ്മുടെ ജീവിതപാതകളിൽ
ആവശ്യകമാം ദാനങ്ങൾ
നല്കിയനുഗ്രഹമരുളട്ടെ
ദൈവം കരുണയൊടെന്നെന്നും.

ജീവൻ നല്കും ദൈവികമാം
ശുദ്ധിയെഴുന്ന രഹസ്യങ്ങൾ
കൈക്കൊണ്ടവരാമഖിലരിലും
ദൈവം വരനിര ചൊരിയട്ടെ.

www.malankaralibrary.com

കുരിശടയാളം വഴിയായ് നാം
സംരക്ഷിതരായ്ത്തീരട്ടെ
മുദ്രിതരായി ഭവിക്കട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. പിതാവായ ദൈവം, നമ്മുടെ കർത്താവീശോമിശിഹാവഴി
എല്ലാ ആധ്യാത്മികദാനങ്ങളും നല്കി നമ്മെ അനുഗ്രഹിച്ചു.
നമ്മുടെ കർത്താവ് തന്റെ രാജ്യത്തിലേക്ക്
നമ്മെ ക്ഷണിക്കുകയും
അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേക്ക്
നമ്മെ നയിക്കുകയും ചെയ്തു.
അവിടന്നു തന്റെ ജീവദായകമായ സുവിശേഷംവഴി
ശിഷ്യഗണത്തോട് ഇപ്രകാരം അരുൾചെയ്തു:
"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
എന്റെ ശരീരം ഭക്ഷിക്കുകയും
എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ
എന്നിലും ഞാൻ അവനിലും വസിക്കും.
അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും.
അവനു ശിക്ഷാവിധി ഉണ്ടാകുകയില്ല.
പ്രത്യുത അവൻ മരണത്തിൽനിന്ന്
നിത്യായുസ്സിലേക്കു പ്രവേശിക്കും."
ഈ കുർബാനയിൽ പങ്കുകൊണ്ട നമ്മുടെ സമൂഹത്തെ
തന്റെ വാഗ്ദാനമനുസരിച്ചു
മിശിഹാ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ.
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ രഹസ്യങ്ങളിൽ പങ്കുകൊണ്ട്
സന്തുഷ്ടരായ നമ്മെ അവിടന്നു മഹത്ത്വമണിയിക്കട്ടെ.
കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ
നിങ്ങളെല്ലാവരും മുദ്രിതരാകട്ടെ.
രഹസ്യവും പരസ്യവുമായ
എല്ലാ വിപത്തുകളിലുംനിന്ന് സംരക്ഷിതരുമാകട്ടെ.
ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

(സാധാരണദിവസങ്ങളിൽ)

കാർമി. ജീവൻ നല്കും ദൈവികമാം
പരിപാവനമീ ബലിവഴിയായ്
നാഥനു സ്തുതിയും ബഹുമതിയും
നമ്മൾ കാഴ്ചയണച്ചല്ലോ.

പ്രീതി കലർന്നു യുഗാന്ത്യത്തിൽ
സ്വർഗീയോർശ്ലം നഗരത്തിൽ
മാലാഖമാരൊത്തു വലം
ഭാഗം നമ്മൾക്കരുളട്ടെ.

നമ്മിൽ ലോകം മുഴുവനിലും
സഭയിലുമവൾതൻ തനയരിലും
നാഥൻ വരനിര ചൊരിയട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾവഴി
നമ്മുടെ കർത്താവീശോമിശിഹായെ
നാം ശുശ്രൂഷിക്കുകയും സ്തുതിക്കുകയും
ബഹുമാനിക്കുകയും ചെയ്തു.
തന്റെ രാജ്യത്തിന്റെ മഹത്ത്വത്തിനും
പരിശുദ്ധ മാലാഖമാരോടൊന്നിച്ചുള്ള നിത്യാനന്ദത്തിനും
തിരുസന്നിധിയിലുള്ള സംപ്രീതിക്കും
സ്വർഗീയഓറെശ്ലമിൽ
തന്റെ വലത്തുഭാഗത്തുള്ള സ്ഥാനത്തിനും
അവിടന്നു നമ്മെ യോഗ്യരാക്കട്ടെ.
നമ്മുടെയും ലോകം മുഴുവന്റെയും
തിരുസഭയുടെയും അവളുടെ സന്താനങ്ങളുടെയുംമേൽ
അവിടന്നു കൃപയും അനുഗ്രഹവും വർഷിക്കട്ടെ.
ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

(അല്ലെങ്കിൽ)

കാർമി. തന്റെ ശരീരത്താൽ നമ്മുടെ കടങ്ങൾ പൊറുക്കുകയും
രക്തത്താൽ നമ്മുടെ പാപങ്ങളുടെ കറ
മായിച്ചുകളയുകയും ചെയ്ത നമ്മുടെ കർത്താവ്
സഭയിൽ വാഴ്ത്തപ്പെട്ടവനാകട്ടെ.
ദൈവത്തിന്റെ അനുഗൃഹീതജനമേ,
കർത്താവിന്റെ മേച്ചിൽസ്ഥലത്തെ അജഗണമേ,
നിങ്ങളുടെമേൽ അവിടന്നു കൃപാവരം ചൊരിയട്ടെ.
അവിടന്നു തന്റെ കാരുണ്യവും അനുഗ്രഹവും
നിങ്ങളിൽ വർഷിക്കട്ടെ.
അവിടത്തെ പരിപാലനയുടെ വലംകൈ
നിങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.
ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

(മരിച്ചവരുടെ അനുസ്മരണദിവസത്തിൽ)

കാർമി. കർത്താവേ, നിൻ സന്നിധിയിൽ
ഞങ്ങളണയ്ക്കും പ്രാർഥനകൾ
ബലികൾ കാഴ്ചകളനവരതം
കനിവൊടു കൈക്കൊണ്ടരുളണമേ.

ആബേൽ നോഹയുമബ്രാഹം
യോബുമണച്ചൊരു ബലിയിൽ നീ
കൃപയാർന്നതുപോലീബലിയും
കൃപയൊടു തൃക്കൺ പാർക്കണമേ.

ഏലിയാനിവ്യാ ശ്ലീഹന്മാ-
രിവരുടെ ബലിയും വിധവയുടെ
കാണിക്കയതും കൈക്കൊണ്ട
നാഥാ കനിയണമീ ബലിയിൽ.

കർത്താവേ, നിൻ ദാസന്നായ്/ദാസിക്കായ്/ദാസർക്കായ്
തിരുസന്നിധിയിലണച്ചീടും
ബലിയിതു തൃക്കൺ പാർക്കണമേ
മൃതരുടെ പാപം മായ്ക്കണമേ.

www.malankaralibrary.com

കരുണാനിധിയാം കർത്താവേ,
ചേർക്കണമേ നിൻ ദാസനെയും/ദാസിയെയും/ദാസരെയും
പരിശുദ്ധന്മാർ മരുവീടും
പരമോന്നതമാം രാജ്യത്തിൽ.

ദിവ്യഗണത്തോടൊത്തനിശം
മഹിമയെഴുന്നൊരു ത്രിത്വത്തിൻ
സ്തുതിഗീതങ്ങളുയർത്തീടാൻ
കരുണയൊടിവനിൽ / ഇവളിൽ / ഇവരിൽ കനിയണമേ.

ഇന്നീ ബലി നിൻ സന്നിധിയിൽ
അർപ്പിച്ചവരാമഖിലർക്കും
കരുണയൊടേകണമഖിലേശാ ✠
ദിവ്യാനുഗ്രഹമെന്നെന്നും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. കർത്താവേ, ഞങ്ങളുടെ പ്രാർഥനയുടെ സ്വരം കേൾക്കണമേ.
ഞങ്ങളുടെ യാചനകൾ അങ്ങയുടെ സന്നിധിയിൽ എത്തട്ടെ.
ഞങ്ങളുടെ ബലികളും കാഴ്ചകളും സ്വീകരിച്ച്,
മരിച്ചവരുടെ കടങ്ങൾ പൊറുക്കണമേ.
നിഷ്കളങ്കനായ ആബേലിന്റെ ആദ്യബലിപോലെയും
നീതിമാനും നിർമലനുമായ നോഹിന്റെയും
കർത്താവിൽ വിശ്വാസം അർപ്പിച്ച അബ്രാഹത്തിന്റെയും
കഷ്ടതകൾ സഹിച്ച ജോബിന്റെയും
സത്യപ്രവാചകനായ ഏലിയായുടെയും
സെഹിയോൻശാലയിലെ ശ്ലീഹന്മാരുടെയും
ബലികൾപോലെയും
വിധവയുടെ കൊച്ചുകാശുപോലെയും
അങ്ങയുടെ ദാസനു (ദാസിക്കു / ദാസർക്കു) വേണ്ടിയുള്ള
ഈ ബലി, കർത്താവേ, കനിവോടെ സ്വീകരിക്കണമേ.
അങ്ങയുടെ അഭീഷ്ടം നിറവേറ്റിയ

www.malankaralibrary.com

സകല നീതിമാന്മാരോടുംകൂടെ
ഈ സഹോദരനെ (സഹോദരിയെ / സഹോദരരെ)
സ്വർഗീയമണവറയ്ക്കു
യോഗ്യനാ (യോഗ്യയാ / യോഗ്യരാ) ക്കണമേ.
കർത്താവേ,
അങ്ങയുടെ ദാസനു (ദാസിക്കു / ദാസർക്കു) വേണ്ടിയുള്ള
ഈ ബലി സ്വീകരിക്കുകയും
ഈ ആളുടെയും (ഇവരുടെയും) ഈ ആളുടെ (ഇവരുടെ)
സ്നേഹിതരുടെയും കടങ്ങൾ പൊറുക്കുകയും
അപരാധങ്ങൾ മായിക്കുകയും ചെയ്യണമേ.
കാരുണ്യവാനായ കർത്താവേ,
അങ്ങയുടെ ഈ എളിയദാസനെ (ദാസിയെ / ദാസരെ)
അങ്ങയുടെ വലത്തുഭാഗത്ത്,
നീതിമാന്മാരോടുകൂടെ,
സ്വർഗീയമണവറയിൽ വസിക്കാൻ
യോഗ്യനാ (യോഗ്യയാ / യോഗ്യരാ) ക്കണമേ.
സ്തുത്യർഹവും ഭാഗ്യപൂർണവുമായ സ്ഥലത്ത്
ഈ സഹോദരനെ (സഹോദരിയെ / സഹോദരരെ)
സ്മരിക്കുകയും
നിത്യാശ്വാസം നല്കി ആനന്ദിപ്പിക്കുകയും ചെയ്യണമേ.
അവിടെ ഈ ആൾ (ഇവർ) ത്രിയേകദൈവത്തിന്
സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും
എന്നേക്കും സമർപ്പിക്കട്ടെ.
ഈ തിരുക്കർമത്തിൽ സംബന്ധിച്ച നിങ്ങൾ എല്ലാവരും
ദൈവാനുഗ്രഹത്താൽ
പാപമോചനത്തിനു യോഗ്യരാകട്ടെ.
ഞങ്ങളുടെ കർത്താവേ,
ഈ സമൂഹത്തെയും ഈ ഭവനത്തെയും
ഞങ്ങളെ എല്ലാവരെയും
സമൃദ്ധമായി ആശീർവദിക്കണമേ.
ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമു. ആമ്മേൻ.

www.malankaralibrary.com

കാർമികൻ മദ്ബഹയുടെ മധ്യത്തിൽവന്ന് താഴെവരുന്ന വിടവാങ്ങൽ പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലി ബലിപീഠം ചുംബിച്ചതിനുശേഷം ആർച്ചുഡീക്കനോടും ശുശ്രൂഷികളോടും സഹായികളോടുംകൂടെ സങ്കീർത്തിയിലേക്കു മടങ്ങുന്നു.

വിടവാങ്ങൽ പ്രാർഥന

കാർമി. **വിശുദ്ധീകരണത്തിന്റെ ബലിപീഠമേ, സ്വസ്തി!**
ഞങ്ങളുടെ കർത്താവിന്റെ കബറിടമേ, സ്വസ്തി!
നിന്നിൽനിന്നു ഞാൻ സ്വീകരിച്ച കുർബാന
കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.
ഇനി ഒരു ബലി അർപ്പിക്കാൻ
ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

www.malankaralibrary.com

രണ്ടാമത്തെ കൂദാശക്രമം

മാർ തെയദോറിന്റെ ക്രമം

വിശ്വാസപ്രമാണത്തിനുശേഷം കാർമികൻ ശുശ്രൂഷിയെ ആശീർവദിച്ചുകൊണ്ട് ചൊല്ലുന്നു.

കാർമി. **സകലത്തിന്റെയും നാഥനായ ദൈവം**
തന്റെ സ്തുതികൾ ആലപിക്കാൻ
നിന്നെ ✠ ശക്തനാക്കട്ടെ.

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്ന് താഴെവരുന്ന കാറോസൂസ ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**
പാത്രിയാർക്കീസുമാരും മേജർ ആർച്ചുബിഷപ്പുമാരും
മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ
നമ്മുടെ പിതാക്കന്മാർ, പുരോഹിതന്മാർ,
ശുശ്രൂഷികൾ എന്നിവരുടെയും
ബ്രഹ്മചാരികളുടെയും കന്യകകളുടെയും
നമ്മുടെ മാതാപിതാക്കന്മാർ, പുത്രീപുത്രന്മാർ,
സഹോദരീസഹോദരന്മാർ എന്നിവരുടെയും
ഓർമയാചരിച്ചുകൊണ്ടു നിങ്ങൾ പ്രാർഥിക്കുവിൻ.
മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ
എല്ലാ ഭരണകർത്താക്കളെയും
സത്യവിശ്വാസത്തോടെ മരിച്ച്,
ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ
എല്ലാവരെയും അനുസ്മരിക്കുവിൻ.

എല്ലാ പ്രവാചകന്മാരെയും ശ്ലീഹന്മാരെയും
രക്തസാക്ഷികളെയും വന്ദകരെയും ഓർമിക്കുവിൻ.
മരിച്ചവരുടെ ഉയിർപ്പിൽ അവരെ മുടിചൂടിക്കുന്ന ദൈവം
അവരോടുകൂടെ നമുക്കും പ്രത്യാശയും പങ്കാളിത്തവും ജീവനും

www.malankaralibrary.com

സ്വർഗരാജ്യത്തിൽ അവകാശവും നല്കട്ടെ.
ഈ കുർബാന സംപ്രീതിയോടെ സ്വീകരിക്കപ്പെടുകയും
ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മാവിനാലും
വിശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ.

മിശിഹായുടെ കൃപയാൽ ഈ ബലി
നമുക്കു സഹായത്തിനും രക്ഷയ്ക്കും
സ്വർഗരാജ്യത്തിൽ നിത്യജീവനും കാരണമാകട്ടെ.

ഈ സമയത്ത് കാർമികൻ മൂന്നു പ്രാവശ്യം നന്നായി കുനിഞ്ഞ് ആചാരംചെയ്യുന്നു. ഓരോ ആചാരത്തിനും ശേഷം അല്പാല്പം മുമ്പോട്ടു കയറി ബലിപീഠത്തെ സമീപിക്കുന്നു. തദവസരത്തിൽ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. **നഷ്ടപ്പെട്ടുപോയവരെ കണ്ടെത്തുകയും**
ചിതറിപ്പോയവരെ ഒരുമിപ്പിക്കുകയും
അകന്നുപോയവരെ അടുപ്പിക്കുകയും
വഴിതെറ്റിയവരെ സത്യത്തിന്റെ അറിവിലേക്ക്
തിരിച്ചുകൊണ്ടുവരുകയും ചെയ്യുന്ന കർത്താവേ,
നിന്നെ ഞാൻ സ്തുതിക്കുന്നു.

ബലഹീനനായ എന്നെ, നിന്റെ കൃപയാൽ വിളിക്കുകയും
കാരുണ്യത്താൽ നിന്റെ പക്കലേക്ക് ആനയിക്കുകയും
നിന്റെ ശ്രേഷ്ഠശരീരമാകുന്ന
പരിശുദ്ധ കത്തോലിക്കാസഭയിലെ
സവിശേഷ അംഗമായി നിയമിക്കുകയും
ബലിയർപ്പിക്കാൻ നിയോഗിക്കുകയുംചെയ്ത കർത്താവേ,
നിനക്കു ഞാൻ നന്ദി പറയുന്നു.

ഞങ്ങളുടെ രക്ഷകനായ
ഈശോമിശിഹായിൽ സംപ്രീതനായി
സകലമനുഷ്യരുടെയും പാപങ്ങൾ മോചിച്ച്
അനുരഞ്ജിപ്പിക്കാൻ തിരുമനസ്സായ ദൈവമേ,

www.malankaralibrary.com

അങ്ങയുടെ പ്രിയപുത്രന്റെ
പീഡാനുഭവത്തിന്റെയും മരണത്തിന്റെയും
സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും
ഓർമയാചരണമായ
സജീവവും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി
അങ്ങയുടെ മുമ്പാകെ ഞാൻ സമർപ്പിക്കട്ടെ.

കാർമികൻ ബലിപീഠത്തെ സമീപിച്ച്, ആരാധനാസമൂഹം നില്ക്കുന്ന അതേദിശയിൽത്തന്നെ ബലിപീഠത്തിന് അഭിമുഖമായി നിലകൊള്ളുകയും ബലിപീഠത്തിൽ മധ്യത്തിലും ഇടത്തേയറ്റത്തും വലത്തേയറ്റത്തും ആചാരംചെയ്ത് ചുംബിക്കുകയും ചെയ്യുന്നു. അനന്തരം മധ്യത്തിൽവന്ന് കാർമികൻ സമൂഹത്തോടു പ്രാർഥനയാചിക്കുന്നു.

കാർമി. **കർത്താവേ, ആശീർവദിക്കണമേ.**

ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ,
ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ
നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ.

ബലിപീഠത്തിനുനേരേ തിരിയുന്നു

സമൂ. **സകലത്തിന്റെയും നാഥനായ ദൈവം**
തന്റെ അഭീഷ്ടം നിറവേറ്റാൻ അങ്ങയെ ശക്തനാക്കട്ടെ.
ഈ കുർബാന അവിടന്നു സ്വീകരിക്കട്ടെ.
അങ്ങേക്കും ഞങ്ങൾക്കും ലോകം മുഴുവനുംവേണ്ടി
അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ
അവിടന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

അനന്തരം താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമി. കർത്താവും ദൈവവുമായ മിശിഹായേ,
ഞങ്ങളുടെ നിരവധിയായ പാപങ്ങൾ പരിഗണിക്കരുതേ.
ഞങ്ങളുടെ ദുഷ്ടതയുടെ ആധിക്യംനിമിത്തം നീ കോപിക്കരുതേ.
നീ സ്വീകരിച്ച ഞങ്ങളുടെ മനുഷ്യത്വത്തോടെ
സമയത്തിന്റെ സമാപ്തിയിൽ നീ പ്രത്യക്ഷനാകുമ്പോൾ,

www.malankaralibrary.com

തിരുസന്നിധിയിൽ
കൃപയും അനുഗ്രഹവും കണ്ടെത്തുന്നതിനും
സ്വർഗീയഗണങ്ങളോടുചേർന്നു നിന്നെ സ്തുതിക്കുന്നതിനും
ഞങ്ങൾ യോഗ്യരാകാൻവേണ്ടി
ഈ ബലി നിന്റെ അവർണനീയമായ കൃപയാൽ പവിത്രീകരിക്കണമേ.
ഞങ്ങളുടെ പാപങ്ങൾ തുടച്ചുനീക്കാൻ
ഇതിനു ശക്തി നല്കുകയും ചെയ്യണമേ.

കാർമികൻ കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി
ഒന്നാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.

കാർമി. **കർത്താവേ, സർവശക്തനും നിത്യനുമായ ദൈവമേ,**
അങ്ങു സകലത്തിന്റെയും
കാരണഭൂതനും സ്രഷ്ടാവുമാകുന്നു.
അഗ്രാഹ്യവും അവർണനീയവും
മഹോന്നതവുമായ കാര്യങ്ങൾ നിർവഹിക്കുന്ന
മഹത്ത്വമുള്ള രാജാവും അങ്ങുതന്നെയാകുന്നു.
അങ്ങയുടെ ഏകജാതനായ കർത്താവീശോമിശിഹാ
തന്റെ മനുഷ്യസ്വഭാവത്തിൽ പൂർത്തിയാക്കിയ
അദ്ഭുതാവഹവും ഭയഭക്തിജനകവുമായ രക്ഷാപദ്ധതിവഴി
പുതുജീവൻ നല്കി ഞങ്ങളെ നവീകരിക്കുകയും
പരിശുദ്ധാത്മാവിനെ അച്ചാരമായി നല്കുകയും ചെയ്തു.
ഞങ്ങൾ അയോഗ്യരാണെങ്കിലും
പരിശുദ്ധവും സ്തുത്യർഹവുമായ ഈ ദിവ്യരഹസ്യങ്ങളെ
അറിയുന്നതിനും സമീപിക്കുന്നതിനും
പൂർത്തീകരിക്കുന്നതിനും സ്വീകരിക്കുന്നതിനും
ഇവയോട് ഏകീഭവിക്കുന്നതിനും
അങ്ങയുടെ കൃപയാൽ അങ്ങു ഞങ്ങളെ യോഗ്യരാക്കി.

എന്റെ കർത്താവേ, ഞങ്ങളുടെ നിസ്സാരതയും
ദൗർബല്യവും അങ്ങു പരിഗണിക്കരുതേ.

www.malankaralibrary.com

അങ്ങയുടെ ദയയാലും
കവിഞ്ഞൊഴുകുന്ന കാരുണ്യത്താലും
പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടു ഞങ്ങളെ നിറയ്ക്കണമേ.
നിർമലമനസ്സാക്ഷിയോടെ തിരുമുമ്പാകെ നില്ക്കാനും
സജീവവും പരിശുദ്ധവും സ്വീകാര്യവും രക്തരഹിതവുമായ
ഈ ബലിവഴി കൃപയും കാരുണ്യവും കണ്ടെത്താനും
ഞങ്ങളെ അനുഗ്രഹിക്കണമേ.

കാർമികൻ ബലിപീഠം ചുംബിച്ചതിനുശേഷം കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തുവച്ചുകൊണ്ട് ചൊല്ലുന്നു.

കാർമി. **അങ്ങയുടെ ഏകജാതന്റെ കൃപയാലും കരുണയാലും**
ആദിമുതൽ അങ്ങയെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടുംകൂടെ
അങ്ങേക്കും ദിവ്യസുതനും പരിശുദ്ധാത്മാവിനും
സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും
ഞങ്ങൾ സമർപ്പിക്കുന്നു.

തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു.

ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

ഈ സമയത്ത് ശുശ്രൂഷികൾ ബലിപീഠത്തിന്റെ പടിയുടെ സമീപം നില്ക്കുന്നു. കാർമികൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ആശീർവദിക്കുന്നു.

കാർമി. **സമാധാനം ✠ നിങ്ങളോടുകൂടെ.**

സമൂ. **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

കാർമികനിൽനിന്ന് ആർച്ചുഡീക്കൻ ശുശ്രൂഷി സമാധാനം സ്വീകരിച്ച് മറ്റു ശുശ്രൂഷിക്ക് ക്രമപ്രകാരം നല്കുന്നു.

ശുശ്രൂ. **സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ**
നിങ്ങൾ സമാധാനം നല്കുവിൻ.

www.malankaralibrary.com

അനന്തരം ശുശ്രൂഷി മദ്ബഹയിൽ വലത്തും ഇടത്തും നില്ക്കുന്നവർക്കും അതിനുശേഷം ഗായകവേദിയിലുള്ള വർക്കും സമാധാനം നല്കുന്നു. സഹായികളിലൊരാൾ സമൂഹവേദിയിൽ നില്ക്കുന്നവർക്കു സമാധാനം നല്കുന്നു. എല്ലാവരും സമാധാനം നല്കുന്നു. ഈ സമയത്ത് ശുശ്രൂഷി (സഹകാർമികരുണ്ടെങ്കിൽ അവരിലൊരാൾ) ജനങ്ങൾക്കഭിമുഖമായിനിന്ന് അനുസ്മരണപ്രാർഥന (ഡിപ്റ്റിക്സ്) ചൊല്ലുന്നു.

ശുശ്രൂ. **മരണംമൂലം ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ**
പാത്രിയാർക്കീസുമാർ, മേജർ ആർച്ചുബിഷപ്പുമാർ,
മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, പുരോഹിതന്മാർ,
ശുശ്രൂഷികൾ എന്നിവർക്കും
സഭാസമൂഹത്തിലെ മറ്റു ജീവിതാന്തസ്സുകളിൽപ്പെട്ട
പരേതർക്കും (പ്രത്യേകിച്ച് ... ഉം) വേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.
ലോകത്തിൽ സമാധാനം ഉണ്ടാകാനും
വത്സരത്തിലെ വിവിധ കാലങ്ങൾ അങ്ങയുടെ കൃപയാൽ
അനുഗൃഹീതവും ഐശ്വര്യപൂർണവുമാകാനുംവേണ്ടി
ഈ ബലി അങ്ങു കൈക്കൊള്ളണമേ.
അങ്ങയുടെ സന്നിധിയിൽ അർപ്പിക്കപ്പെടുന്ന
ഈ കുർബാനയുടെ സ്വീകരണത്തിനു യോഗ്യരായ
എല്ലാ സഭാതനയർക്കുവേണ്ടിയും
ഇപ്പോൾ തിരുമുമ്പിൽ നില്ക്കുന്ന
അങ്ങയുടെ ദാസന്മാർക്കും ദാസികൾക്കും
ഞങ്ങൾക്കും മറ്റെല്ലാവർക്കുംവേണ്ടിയും
(പ്രത്യേകിച്ച് ... വേണ്ടിയും)
ഈ കുർബാന അങ്ങു സ്വീകരിക്കണമേ.
എന്നേക്കും. ആമ്മേൻ.

ശുശ്രൂ. **നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ**
കർത്താവിനു നന്ദി പറയുകയും
അവിടത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം.
നിങ്ങൾ ആദരപൂർവംനിന്ന്
ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ
സൂക്ഷിച്ചുവീക്ഷിക്കുവിൻ.

www.malankaralibrary.com

ഭയഭക്തിജനകമായ രഹസ്യങ്ങൾ കൂദാശ ചെയ്യപ്പെടുന്നു.
പുരോഹിതൻ (മെത്രാപ്പോലീത്തായോ മെത്രാനോ ആണ് ബലിയർപ്പിക്കുന്നതെങ്കിൽ **പുരോഹിതശ്രേഷ്ഠൻ** എന്നു പറയുന്നു.)
തന്റെ മാധ്യസ്ഥ്യംവഴി സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി
പ്രാർഥിക്കാൻ തുടങ്ങുന്നു.
കണ്ണുകൾ താഴ്ത്തി, വിചാരങ്ങൾ സ്വർഗത്തിലേക്കുയർത്തി
നിശ്ശബ്ദരായി, ഏകാഗ്രതയോടും ഭക്തിയോടുംകൂടെ
നിങ്ങൾ ഹൃദയത്തിൽ പ്രാർഥിക്കുവിൻ.
സമാധാനം നമ്മോടുകൂടെ.

ശുശ്രൂഷി 'നമുക്കെല്ലാവർക്കും' എന്ന് ആരംഭിക്കുമ്പോൾ കാർമികൻ താഴെവരുന്ന പ്രാർഥനകൾ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. **കർത്താവേ, ശക്തനായ ദൈവമേ,**
ബലഹീനനായ എന്നെ ദയാപൂർവം സഹായിക്കണമേ.
അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും
ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി
സജീവവും വിശുദ്ധവുമായ ഈ ബലി
തിരുസന്നിധിയിൽ അർപ്പിക്കാൻ
അങ്ങയുടെ അനുഗ്രഹത്താൽ
എന്നെ യോഗ്യനാക്കണമേ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

കാർമികൻ ദിവ്യരഹസ്യങ്ങളെ മൂടിയിരിക്കുന്ന ശോശപ്പ എടുത്ത് അവയ്ക്കുചുറ്റും വച്ചുകൊണ്ടു ചൊല്ലുന്നു.

കാർമി. **കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും**
കൃപാപൂർവം നീ എന്നെ യോഗ്യനാക്കി.
അപ്രകാരംതന്നെ, വിധിദിവസത്തിൽ
നിന്റെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

www.malankaralibrary.com

ശുശ്രൂഷി കുന്തുരുക്കവും ധൂപകലശവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

കാർമി. **പിതാവും പുത്രനും പരിശുദ്ധാത്മാവുമായ**
അങ്ങയുടെ ബഹുമാനത്തിനായി
ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം
അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠
ആശീർവദിക്കപ്പെടട്ടെ.
ഇത് അങ്ങയുടെ പ്രസാദത്തിനും
അങ്ങയുടെ അജഗണത്തിന്റെ
പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

അനന്തരം കാർമികൻ അവിടെ നിന്നുകൊണ്ടുതന്നെ ബലി വസ്തുക്കളും ബലിപീഠവും ധൂപിക്കുന്നു.

ധൂപിക്കുമ്പോൾ കാർമികൻ ചൊല്ലുന്നു

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ മഹനീയമായ ആലയത്തിലെ
വിശുദ്ധ ബലിപീഠത്തിനു മുമ്പിൽ
ഞങ്ങൾ അർപ്പിക്കുന്ന പരിമളധൂപം
അങ്ങയെ പ്രസാദിപ്പിക്കട്ടെ.
അങ്ങയുടെ പരിശുദ്ധനാമത്തിന്റെ സംപ്രീതിക്കും
അങ്ങയുടെ ദാസരായ ഞങ്ങളുടെയും
അങ്ങയുടെ അജഗണത്തിന്റെയും
പാപങ്ങളുടെ മോചനത്തിനും ഇതു കാരണമാകട്ടെ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

ധൂപകലശം ശുശ്രൂഷിയെ ഏല്പിച്ചുകൊണ്ട് ചൊല്ലുന്നു.

എപ്പോഴും തന്റെ അഭീഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നതിന്
മിശിഹാ നിന്നെ ശക്തനാക്കട്ടെ.

www.malankaralibrary.com

ഉയർന്നസ്വരത്തിൽ ആലപിക്കുന്നു / ചൊല്ലുന്നു.

(തിരുനാൾ ദിവസങ്ങളിൽ)

കാർമി. **മിശിഹാകർത്താവിൻ കൃപയും**
ദൈവപിതാവിൻ സ്നേഹമതും
റൂഹാതൻ സഹവാസവുമീ ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
നമ്മോടൊത്തുണ്ടാകട്ടെ.

സമൂ. **ആമ്മേൻ.**

കാർമികൻ കൈകൾ ഉയർത്തിക്കൊണ്ട്

കാർമി. **ക്രോവേ, സ്രാപ്പേവൃന്ദങ്ങൾ**
സ്തുതിഗീതങ്ങൾ പാടീടും
ഉയരങ്ങളിലേക്കുയരട്ടെ
ഹൃദയവികാരവിചാരങ്ങൾ.

സമൂ. **പൂർവപിതാവാം അബ്രാഹം**
ഇസഹാക്ക്, യാക്കോബ് എന്നിവർതൻ
ദൈവമേ, നിത്യം ആരാധ്യൻ
രാജാവേ, നിൻ സന്നിധിയിൽ.

കാർമി. **മർത്ത്യകുലത്തിന്നാദ്യഫലം**
മിശിഹാതൻ തിരുബലിയല്ലോ
സൃഷ്ടികുലത്തിൻ രക്ഷയ്ക്കായ്
സർവാധിപനായ് അർപ്പിപ്പൂ.

സമൂ. **ന്യായവുമാണതു യുക്തവുമാം**
ന്യായവുമാണതു യുക്തവുമാം.

(അല്ലെങ്കിൽ)

കാർമി. **നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും**
പിതാവായ ദൈവത്തിന്റെ സ്നേഹവും
പരിശുദ്ധാത്മാവിന്റെ സഹവാസവും
നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

www.malankaralibrary.com

കാർമികൻ കൈകൾ ഉയർത്തിക്കൊണ്ട്

കാർമി. ക്രോവേമാരും സ്രാപ്പേമാരും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന്
നിരന്തരം പ്രകീർത്തിക്കുന്ന
ഭയഭക്തിജനകവും മഹത്ത്വപൂർണവുമായ ഉന്നതങ്ങളിലേക്ക്
നിങ്ങളുടെ വിചാരങ്ങൾ ഉയർത്തുവിൻ.

സമൂ. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും
യാക്കോബിന്റെയും ദൈവമേ,
ആരാധ്യനായ രാജാവേ,
അങ്ങയുടെ സന്നിധിയിലേക്ക്.

കാർമി. മനുഷ്യവംശത്തിന്റെ ആദ്യഫലമായ മിശിഹായുടെ
സജീവവും മാനുഷികവും രക്തരഹിതവും
സ്വീകാര്യവുമായ കുർബാന
സർവസൃഷ്ടികൾക്കുംവേണ്ടി
സകലത്തിന്റെയും നാഥനായ ദൈവത്തിന്
എല്ലായിടത്തും അർപ്പിക്കപ്പെടുന്നു.

സമൂ. അതു ന്യായവും യുക്തവുമാകുന്നു.

(സാധാരണദിവസങ്ങളിൽ)

കാർമി. മിശിഹാകർത്താവിൻ കൃപയും
ദൈവപിതാവിൻ സ്നേഹമതും
റൂഹാതൻ സഹവാസവുമീ ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
നമ്മോടൊത്തുണ്ടാകട്ടെ.

സമൂ. ആമ്മേൻ.

കാർമികൻ കൈകൾ ഉയർത്തിക്കൊണ്ട്

കാർമി. ഉയരങ്ങളിലേക്കുയരട്ടെ
ഹൃദയവികാര വിചാരങ്ങൾ
ഉയരങ്ങളിലേക്കുയരട്ടെ
ഹൃദയവികാരവിചാരങ്ങൾ.

www.malankaralibrary.com

സമൂ. പൂർവപിതാവാം അബ്രാഹം,
ഇസഹാക്ക്, യാക്കോബ് എന്നിവർതൻ
ദൈവമേ, നിത്യം ആരാധ്യൻ
രാജാവേ, നിൻ സന്നിധിയിൽ.

കാർമി. അഖിലചരാചരകർത്താവാം
ദൈവത്തിനു ബലിയർപ്പിപ്പൂ.

സമൂ. ന്യായവുമാണതു യുക്തവുമാം
ന്യായവുമാണതു യുക്തവുമാം.

(അല്ലെങ്കിൽ)

കാർമി. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും
പിതാവായ ദൈവത്തിന്റെ സ്നേഹവും
പരിശുദ്ധാത്മാവിന്റെ സഹവാസവും
നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

കാർമികൻ കൈകൾ ഉയർത്തിക്കൊണ്ട്

കാർമി. നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ.

സമൂ. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും
യാക്കോബിന്റെയും ദൈവമേ,
ആരാധ്യനായ രാജാവേ,
അങ്ങയുടെ സന്നിധിയിലേക്ക്.

കാർമി. സകലത്തിന്റെയും നാഥനായ ദൈവത്തിന്
കുർബാന അർപ്പിക്കപ്പെടുന്നു.

സമൂ. അതു ന്യായവും യുക്തവുമാകുന്നു.

ശുശ്രൂ. സമാധാനം നമ്മോടുകൂടെ.

www.malankaralibrary.com

കാർമികൻ താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമി. കർത്താവേ, ഞങ്ങളുടെ മനസ്സിനെ
എല്ലാ അശുദ്ധിയിലും ദുഷ്ടതയിലും അസൂയയിലും
വഞ്ചനയിലും വിദ്വേഷത്തിലുംനിന്നു വിമുക്തമാക്കണമേ.
അങ്ങയുടെ കരുണയാൽ തമ്മിൽത്തമ്മിലും മറ്റെല്ലാവരോടും
സ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ.
വിശുദ്ധവും സജീവവുമായ ഈ തിരുക്കർമം
പ്രത്യാശാപൂർവം അനുഷ്ഠിക്കാൻ
ഞങ്ങൾക്ക് ആത്മധൈര്യം നല്കുകയും ചെയ്യണമേ.

കാർമികൻ കുനിഞ്ഞുനിന്നു താഴ്ന്നസ്വരത്തിൽ രണ്ടാം പ്രണാമജപം ചൊല്ലുന്നു (പ്രണാമജപങ്ങൾ ചൊല്ലുമ്പോൾ കരങ്ങൾ കൂപ്പിപ്പിടിച്ചുകൊണ്ടോ ഇരുകരങ്ങളും മുകളിലേക്ക് തുറന്നുപിടിച്ചുകൊണ്ടോ ചൊല്ലാവുന്നതാണ്).

കാർമി. **കർത്താവായ ദൈവമേ,**
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
അങ്ങയുടെ പരിശുദ്ധനാമത്തെ
എന്നും എല്ലായ്പ്പോഴും എവിടെയും
ഏറ്റുപറയുകയും ആരാധിക്കുകയും ചെയ്യുക ഉചിതമാകുന്നു.
എന്തുകൊണ്ടെന്നാൽ,
ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും
സ്രഷ്ടാവും കർത്താവും അങ്ങാകുന്നു.
അങ്ങയുടെ മഹത്ത്വത്തിന്റെ പ്രകാശവും
സത്തയുടെ പ്രതിച്ഛായയുമായ
ഏകജാതനും ദൈവവുമായ വചനംവഴി,
ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും
അങ്ങു സൃഷ്ടിച്ചു ക്രമപ്പെടുത്തി.
പിതാവായ അങ്ങിൽനിന്നുള്ളവനും
സത്യാത്മാവുമായ പരിശുദ്ധാത്മാവ്
സകലസൃഷ്ടികളെയും

www.malankaralibrary.com

ശക്തരാക്കുകയും പവിത്രീകരിക്കുകയും
അങ്ങയുടെ ആരാധ്യമായ ദൈവത്വത്തിന്
സ്തുതികളർപ്പിക്കാൻ അർഹരാക്കുകയും ചെയ്തിരിക്കുന്നു.
ത്രിതൈകദൈവമേ, അങ്ങയുടെ സന്നിധിയിൽ
ആയിരങ്ങളും പതിനായിരങ്ങളുമായ വാനവഗണങ്ങൾ
ആനന്ദപൂർവം തിരുനാമം നിരന്തരം പാടിസ്തുതിക്കുന്നു.
കർത്താവേ, തുല്യരും അവിഭാജ്യരുമായ മൂന്നാളുകളായി
ഏറ്റുപറയപ്പെടുന്ന അങ്ങയുടെ
പരമപരിശുദ്ധിയുടെ മുമ്പാകെ
എല്ലാ സ്വർഗീയഗണങ്ങളും സദാ സ്തുതികളർപ്പിക്കുന്നു.
അവരോടുചേർന്ന് ബലഹീനമായ മർത്ത്യഗണം
പരമോന്നതനായ അങ്ങയെ പാടിസ്തുതിക്കുന്നു.

കാർമികൻ ബലിപീഠം ചുംബിക്കുന്നു. അനന്തരം കൈകൾ ഉയർത്തി ആലപിക്കുന്നു / ചൊല്ലുന്നു.

കാർമി. ഒന്നായ് ഉച്ചസ്വരത്തിലവർ
തിരുസ്സന്നിധിയിൽ അനവരതം
സ്തുതിഗീതങ്ങൾ പാടുന്നു.

സമൂ. ദൈവം നിത്യമഹത്ത്വത്തിൻ
കർത്താവെന്നും പരിശുദ്ധൻ
ബലവാനീശൻ പരിശുദ്ധൻ.

മണ്ണും വിണ്ണും നിറയുന്നു
മന്നവനവനുടെ മഹിമകളാൽ.
ഉന്നതവീഥിയിലോശാന
ദാവീദിൻ സുതനോശാന.

കർത്താവിൻ തിരുനാമത്തിൽ
വന്നവനും യുഗരാജാവായ്
വീണ്ടും വരുവോനും ധന്യൻ
ഉന്നതവീഥിയിലോശാന.

www.malankaralibrary.com

(അല്ലെങ്കിൽ)

കാർമി. **ഉയർന്നസ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ട്**
അവർ ഒന്നുചേർന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

സമൂ. **ബലവാനും കർത്താവുമായ ദൈവം**
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.
അവിടത്തെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
ഉന്നതങ്ങളിൽ ഓശാന;
ദാവീദിന്റെ പുത്രന് ഓശാന.
കർത്താവിന്റെ നാമത്തിൽ വന്നവനും
വരാനിരിക്കുന്നവനുമായവൻ അനുഗൃഹീതനാകുന്നു.
ഉന്നതങ്ങളിൽ ഓശാന.

കാർമികൻ ഈ സമയം ബലിപീഠം ചുംബിച്ചതിനുശേഷം
താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമി. ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു.
അങ്ങുമാത്രമാകുന്നു യഥാർഥപിതാവ്.
സ്വർഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും
അങ്ങിൽനിന്നാകുന്നു.
നിത്യനായ പുത്രാ, അങ്ങു പരിശുദ്ധനാകുന്നു.
സമസ്തവും അങ്ങുവഴി സൃഷ്ടിക്കപ്പെട്ടു.
റൂഹാദ്ക്കുദ്ശായേ, അങ്ങു പരിശുദ്ധനാകുന്നു.
എല്ലാം അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു.

കാർമികൻ തുടരുന്നു

ഹാ, എനിക്കു ദുരിതം! ഞാൻ അസ്വസ്ഥനായിരിക്കുന്നു.
കാരണം, എന്റെ അധരങ്ങൾ അശുദ്ധമാകുന്നു.
അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ
ഞാൻ വസിക്കുകയും ചെയ്യുന്നു.
ബലവാനും കർത്താവുമായ രാജാവിനെ
എന്റെ നയനങ്ങൾ ദർശിച്ചു.

www.malankaralibrary.com

കർത്താവിനെ ഇന്നു ഞാൻ അഭിമുഖം കണ്ട
ഈ സ്ഥലം എത്ര ഭീതിജനകം!
ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല.
കർത്താവേ, അങ്ങയുടെ കൃപ ഞങ്ങളുടെമേൽ ഉണ്ടാകട്ടെ.
അശുദ്ധരായ ഞങ്ങളെ ശുദ്ധീകരിക്കുകയും
ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ.
എന്റെ കർത്താവേ, നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ
സ്രാപ്പേമാരുടെയും മുഖ്യദൂതരുടെയും
സ്തോത്രങ്ങളോടു ചേർക്കണമേ.
ഭൂവാസികളെ സ്വർഗവാസികളോടൊന്നിപ്പിച്ച
അങ്ങയുടെ കാരുണ്യത്തിനു സ്തുതി.

കാർമി. **കർത്താവേ, ആശീർവദിക്കണമേ.**

ജനങ്ങൾക്കുനേരേ തിരിഞ്ഞു കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ, ഈ കുർബാന
എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ
നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ.

ബലിപീഠത്തിനുനേരേ തിരിയുന്നു.

സമൂ. **മിശിഹാ അങ്ങയുടെ പ്രാർഥന കേൾക്കുകയും**
കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ.
അങ്ങയുടെ പൗരോഹിത്യത്തെ
അവിടന്നു സ്വർഗരാജ്യത്തിൽ മഹത്ത്വപ്പെടുത്തട്ടെ.
അങ്ങേക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും
അവിടത്തെ കൃപയും അനുഗ്രഹവും
പ്രത്യാശാപൂർവം കാത്തിരിക്കുന്ന
ലോകം മുഴുവനുവേണ്ടിയും
അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ
അവിടന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

www.malankaralibrary.com

കാർമികൻ മൂന്നാം പ്രണാമജപം ചൊല്ലുന്നു.

കാർമി. കർത്താവേ, അങ്ങു സത്യമായും പരിശുദ്ധനും
എന്നേക്കും സ്തുത്യർഹനുമാകുന്നു.
സത്യത്തിന്റെ പിതാവായ ദൈവമേ,
അങ്ങു പരിശുദ്ധനാകുന്നു.
അങ്ങയുടെ ഏകജാതനായ
ഞങ്ങളുടെ കർത്താവീശോമിശിഹായും പരിശുദ്ധനാകുന്നു.
സൃഷ്ടിക്കപ്പെടാത്ത ദൈവസ്വഭാവമുള്ളവനും
സകലത്തിന്റെയും കാരണഭൂതനുമായ
റൂഹാദ്ക്കുദ്ശയും പരിശുദ്ധനാകുന്നു.
അവിടത്തെ നാമം പരിശുദ്ധമാകുന്നു.
അവിടത്തെ വാസസ്ഥലവും പരിശുദ്ധമാകുന്നു.
തന്റെ കൃപയുടെ ദാനം സ്വീകരിക്കാൻ
അർഹരാക്കപ്പെട്ട സകലരെയും
അവിടന്നു സത്യത്തിൽ പവിത്രീകരിക്കുന്നു.
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും
സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും
ഞങ്ങൾ സമർപ്പിക്കുന്നു.

കർത്താവായ ദൈവമേ,
ഞങ്ങൾ അങ്ങയെ ആരാധിക്കുകയും
ഞങ്ങൾക്കു നല്കിയ സകല കൃപാവരങ്ങൾക്കുമായി
അങ്ങയെ ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ,
ഇല്ലായ്മയിൽനിന്ന് അങ്ങു ഞങ്ങളെ സൃഷ്ടിച്ചു.
സ്വാതന്ത്ര്യവും ബുദ്ധിശക്തിയും നല്കി,
ബഹുമാനത്തിന് അങ്ങു ഞങ്ങളെ യോഗ്യരാക്കി.
ആദിമുതൽ എല്ലാ സമയവും
ഞങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിൽ
അങ്ങു ശ്രദ്ധാലുവാകുന്നു.

www.malankaralibrary.com

അങ്ങയുടെ മഹനീയവും
ഭയഭക്തിജനകവുമായ നാമത്തിനുമുമ്പിൽ
ഞങ്ങൾ കുമ്പിട്ട് ആരാധിക്കുന്നു.
സ്വർഗീയരുടെ എല്ലാ ഗണങ്ങളും
ഞങ്ങളോടുകൂടെ അങ്ങയെ സ്തുതിക്കുകയും
അവർണനീയമായ കൃപയെക്കുറിച്ച്
അങ്ങേക്കു നന്ദി പറയുകയും ചെയ്യുന്നു.

മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി
ഏകജാതനും വചനവുമായ ദൈവം
അങ്ങയോടുള്ള സമാനത പരിഗണിക്കാതെ
തന്നെത്തന്നെ ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ചു.
അവിടന്നു സ്വർഗത്തിൽനിന്നിറങ്ങി
പരിശുദ്ധാത്മാവിന്റെ ശക്തിയാൽ
കന്യകയിൽനിന്നു മനുഷ്യത്വം ധരിച്ച്,
മർത്ത്യമായ ശരീരവും
അമർത്ത്യമായ ആത്മാവും സ്വീകരിച്ചു.

ലോകസൃഷ്ടിക്കുമുമ്പുതന്നെ
അങ്ങയുടെ അനന്തജ്ഞാനത്താൽ ഒരുക്കപ്പെട്ടിരുന്ന
മഹനീയവും വിസ്മയാവഹവുമായ രക്ഷാപദ്ധതി മുഴുവനും
കാലത്തിന്റെ തികവിൽ
അവിടന്നു തന്റെ കരങ്ങൾവഴി
നിറവേറ്റുകയും പൂർത്തിയാക്കുകയും ചെയ്തു.
ദൈവത്വത്തിന്റെ പൂർണത മുഴുവനും
അവിടന്നിൽ വസിക്കുന്നു.
അവിടന്നു സഭയുടെ ശിരസ്സും
മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാകുന്നു.
സകലത്തിന്റെയും പൂർത്തീകരണവും
സകലവും പൂർത്തിയാക്കുന്നവനും അവിടന്നാകുന്നു.
നിത്യനായ പരിശുദ്ധരൂഹാവഴി
അവിടന്നു തന്നെത്തന്നെ നിർമലമായി

www.malankaralibrary.com

ദൈവത്തിനു ബലിയർപ്പിക്കുകയും
തന്റെ ശരീരത്തിന്റെ ഒരിക്കൽ മാത്രമുള്ള സമർപ്പണത്താൽ
ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തു.
കുരിശിലെ തന്റെ രക്തത്താൽ
സ്വർഗത്തെയും ഭൂമിയെയും രമ്യതപ്പെടുത്തി.
ഞങ്ങളുടെ പാപങ്ങൾനിമിത്തം
അവിടന്ന് ഏല്പിച്ചുകൊടുക്കപ്പെടുകയും
ഞങ്ങളെ നീതീകരിക്കാൻ
ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.

കാർമി. താൻ ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ
തന്റെ വിശുദ്ധ ശ്ലീഹന്മാരോടുകൂടെ
മഹനീയവും പരിശുദ്ധവും ദൈവികവുമായ ഈ രഹസ്യം
ഈശോ പരികർമം ചെയ്തു.
തന്റെ പരിശുദ്ധമായ കരങ്ങളിൽ അപ്പമെടുത്ത്
(പീലാസ എടുക്കുന്നു) വാഴ്ത്തി ✠ വിഭജിച്ച്
ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അവിടന്ന് അരുൾചെയ്തു:
ഇതു ലോകത്തിന്റെ ജീവനുവേണ്ടി,
പാപമോചനത്തിനായി വിഭജിക്കപ്പെടുന്ന
എന്റെ ശരീരമാകുന്നു.
നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.

സമൂ. ആമ്മേൻ.

കാർമി. അപ്രകാരംതന്നെ കാസയുമെടുത്ത് (കാസ എടുക്കുന്നു)
കൃതജ്ഞതാസ്തോത്രംചെയ്ത്, വാഴ്ത്തി ✠
അവർക്കു നല്കിക്കൊണ്ട് അരുൾചെയ്തു:
ഇതു പാപമോചനത്തിനായി
അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന
പുതിയ ഉടമ്പടിയുടെ എന്റെ രക്തമാകുന്നു.
നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ.

സമൂ. ആമ്മേൻ.

www.malankaralibrary.com

കാർമി. **ഞാൻ ഈ ചെയ്തത്**
നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ
എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.

എല്ലാവരും കുനിഞ്ഞ് ആചാരം ചെയ്യുന്നു.
കാർമികൻ പ്രണാമജപം തുടരുന്നു.

കാർമി. **കർത്താവേ, നീ ഞങ്ങളോടു കല്പിച്ചതുപോലെ**
ഈ ദാസർ ഒരുമിച്ചുകൂടിയിരിക്കുന്നു.
മനുഷ്യവംശത്തിനുമുഴുവൻ രക്ഷ നല്കിയ
സമുന്നതവും ഭയഭക്തിജനകവും
പരിശുദ്ധവും ദൈവികവുമായ ഈ രഹസ്യം
എളിയവരും ബലഹീനരും നിസ്സാരരുമായ ഞങ്ങൾ
നിന്റെ കൃപയാൽ അനുഷ്ഠിക്കുന്നു.

കാർമി. **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും**
സ്തുതിയും ബഹുമാനവും കൃതജ്ഞതയും
ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

ശുശ്രൂ. **ഹൃദയംകൊണ്ടു നിങ്ങൾ പ്രാർഥിക്കുവിൻ.**
സമാധാനം നമ്മോടുകൂടെ.

താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമി. കർത്താവേ, ശക്തനായ ദൈവമേ,
പരിശുദ്ധ കത്തോലിക്കാസഭ മുഴുവനും
അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച
നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാർ,
പ്രവാചകന്മാർ, ശ്ലീഹന്മാർ,
രക്തസാക്ഷികൾ, വന്ദകർ എന്നിവർക്കും
പുരോഹിതന്മാർ, ഭരണകർത്താക്കൾ,

www.malankaralibrary.com

മേലധികാരികൾ എന്നിവർക്കും
രോഗികൾ, ക്ലേശിതർ,
ആകുലർ, പീഡിതർ,
അഗതികൾ, ദുഃഖിതർ,
മരണംമൂലം ഞങ്ങളിൽനിന്നു വേർപെട്ടുപോയവർ
എന്നിവർക്കും
അങ്ങയുടെ കാരുണ്യത്തെ
പ്രത്യാശാപൂർവം കാത്തിരിക്കുന്ന ഈ ജനത്തിനും
എളിയവനും ബലഹീനനുമായ എനിക്കുംവേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ കാരുണ്യത്തിനും
കൃപാധിക്യത്തിനും യോജിച്ചവിധം
അങ്ങയുടെ ജനത്തോടും
എളിയവനായ എന്നോടും വർത്തിക്കണമേ.
എന്റെ പാപങ്ങൾക്കും തെറ്റുകൾക്കും തക്കവിധം
അങ്ങു പ്രവർത്തിക്കരുതേ.
അങ്ങയുടെ കൃപയാൽ യഥാർഥവിശ്വാസത്തോടെ
ഞങ്ങൾ സ്വീകരിക്കുന്ന ഈ തിരുശരീരംവഴി
ഞാനും ഇവരും കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും യോഗ്യരാകട്ടെ. ആമ്മേൻ.

കാർമി. **കർത്താവേ, ആശീർവദിക്കണമേ.**

ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾനീട്ടി
വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ,
നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ.

ബലിപീഠത്തിനുനേരേ തിരിയുന്നു.

സമൂ. **മിശിഹാ അങ്ങയുടെ പ്രാർഥന കേൾക്കുകയും**
കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ.

www.malankaralibrary.com

കാർമികൻ നാലാം പ്രണാമജപം ചൊല്ലുന്നു.

കാർമി. കർത്താവേ, ഞങ്ങൾ അങ്ങയെ
ആരാധിക്കുകയും സ്തുതിക്കുകയും
അങ്ങേക്കു നന്ദി പറയുകയും ചെയ്യുന്നു.
എന്തുകൊണ്ടെന്നാൽ, പാപംമൂലം അയോഗ്യരായിരുന്നിട്ടും
അങ്ങു കാരുണ്യാതിരേകത്താൽ
ഞങ്ങളെ അങ്ങിലേക്കടുപ്പിക്കുകയും
പരിശുദ്ധാത്മാവിന്റെ കൃപയാൽ
നവീകരിച്ചു വിശുദ്ധീകരിക്കുകയും ചെയ്തു.
ഞങ്ങളുടെ രക്ഷയ്ക്കായുള്ള
ഭയഭക്തിജനകവും ദൈവികവുമായ ഈ ശുശ്രൂഷ
അങ്ങയുടെ മുമ്പാകെ പരികർമം ചെയ്യുന്നതിന്
അങ്ങു ഞങ്ങളെ യോഗ്യരാക്കി.
അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ
ഈശോമിശിഹാവഴി
ഞങ്ങൾക്കെല്ലാവർക്കും കൈവന്ന മഹത്തായ രക്ഷ
കൃതജ്ഞതാപൂർവം ഞങ്ങൾ ഏറ്റുപറയുന്നു.

തുടർന്നുവരുന്ന പ്രണാമജപഭാഗം പ്രത്യുത്തരത്തോടു
കൂടിയോ അല്ലാതെയോ ചൊല്ലുന്നു.

കാർമി. ലോകത്തിന്റെ പാപം നീക്കുന്ന
ദൈവകുഞ്ഞാടിന്റെ രഹസ്യമാകുന്ന
സജീവവും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി
നുറുങ്ങിയ ഹൃദയത്തോടും എളിയ ആത്മാവോടുംകൂടെ
അങ്ങയുടെ മഹനീയത്രിത്വത്തിന്റെ മുമ്പാകെ
ഞങ്ങൾ അർപ്പിക്കുന്നു.
പാപമോചനത്തിനായി അർപ്പിക്കപ്പെടുന്ന
നിർമലവും പരിശുദ്ധവുമായ ഈ ബലിയിൽ
അങ്ങു സംപ്രീതനായി
കാരുണ്യപൂർവം ഇതു സ്വീകരിക്കണമേ.

www.malankaralibrary.com

കർത്താവേ, ഞങ്ങളുടെ ദൈവമേ,
പരിശുദ്ധ കത്തോലിക്കാസഭയിൽ
അങ്ങയുടെ ശാന്തിയും സമാധാനവും
എന്നെന്നും വസിക്കാൻ ഇടയാക്കണമേ.
കലഹങ്ങളും ഭിന്നതകളും പീഡനങ്ങളും വിഭാഗീയതകളും
സഭയിൽനിന്നകറ്റണമേ.
നിർമലഹൃദയത്തോടും ഏകമനസ്സോടും
പൂർണസ്നേഹത്തോടുംകൂടെ
ഞങ്ങളെല്ലാവരും ഐക്യത്തിൽ ജീവിക്കാൻ ഇടയാക്കണമേ.

സത്യത്തിന്റെ ശുശ്രൂഷ നിർവഹിക്കുന്ന
സാർവത്രികസഭയുടെ പിതാവും തലവനുമായ
മാർ (പേര്) പാപ്പായും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായും
ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ
മാർ (പേര്) മെത്രാപ്പോലീത്തായും
ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ
മാർ (പേര്) മെത്രാനും എല്ലാ മെത്രാന്മാരും
പുരോഹിതന്മാരും മ്ശംശാനമാരും
– സമർപ്പിതരും അല്മായപ്രേഷിതരും –
തിരുമുമ്പിൽ നിർമലതയോടും ഭക്തിയോടും
വിശുദ്ധിയോടുംകൂടെ ശുശ്രൂഷ ചെയ്യുന്നതിനും
അങ്ങയെ പ്രസാദിപ്പിക്കുന്നതിനും
ഞങ്ങളുടെ കർത്താവീശോമിശിഹാ പ്രത്യക്ഷനാകുമ്പോൾ
മഹോന്നതഭാഗ്യത്തിനു യോഗ്യരാകുന്നതിനുംവേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.

കർത്താവായ ദൈവമേ,
ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള
പരിശുദ്ധ കത്തോലിക്കാസഭയുടെ മക്കളെല്ലാവരും
ജീവന്റെ രക്ഷയ്ക്കുവേണ്ടി
സത്യവിശ്വാസത്തോടും സത്പ്രവൃത്തികളോടുംകൂടെ

www.malankaralibrary.com

തിരുമുമ്പാകെയുള്ള ആരാധനയിൽ വളരാൻ
ഇടയാക്കണമേ.
പാപിയും അയോഗ്യനുമായ ഈ ദാസനെയും
ഈ ബലിയിൽ പ്രത്യേകമായി
അനുസ്മരിക്കപ്പെടുന്ന എല്ലാവരെയും
തിരുസന്നിധിയിൽ കൃപയും ദയയും കണ്ടെത്താൻ
യോഗ്യരാക്കണമേ.
അങ്ങയുടെ കൃപയാൽ
ഭൂമിയുടെ ഫലങ്ങളെയും കാലാവസ്ഥയെയും
വത്സരത്തിന്റെ വിളവുകളെയും അനുഗ്രഹിക്കണമേ.

(അല്ലെങ്കിൽ)

പ്രത്യുത്തരത്തോടുകൂടിയ പ്രണാമജപഭാഗം

കാർമി. ലോകത്തിന്റെ പാപം നീക്കുന്ന
ദൈവകുഞ്ഞാടിന്റെ രഹസ്യമാകുന്ന
സജീവവും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി
നുറുങ്ങിയ ഹൃദയത്തോടും എളിയ ആത്മാവോടുംകൂടെ
അങ്ങയുടെ മഹനീയത്രിത്വത്തിന്റെ മുമ്പാകെ
ഞങ്ങൾ അർപ്പിക്കുന്നു.
പാപമോചനത്തിനായി അർപ്പിക്കപ്പെടുന്ന
നിർമലവും പരിശുദ്ധവുമായ ഈ ബലിയിൽ
അങ്ങു സംപ്രീതനാകണമേ.

സമൂ. ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

കാർമി. കർത്താവേ, ഞങ്ങളുടെ ദൈവമേ,
പരിശുദ്ധ കത്തോലിക്കാസഭയിൽ
അങ്ങയുടെ ശാന്തിയും സമാധാനവും
എന്നെന്നും വസിക്കാൻ ഇടയാക്കണമേ.
കലഹങ്ങളും ഭിന്നതകളും പീഡനങ്ങളും വിഭാഗീയതകളും
സഭയിൽനിന്നകറ്റണമേ.

www.malankaralibrary.com

നിർമലഹൃദയത്തോടും ഏകമനസ്സോടും
പൂർണസ്നേഹത്തോടുംകൂടെ
ഞങ്ങളെല്ലാവരും ഐക്യത്തിൽ ജീവിക്കാൻ ഇടയാക്കണമേ.

സമൂ. ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

കാർമി. സത്യത്തിന്റെ ശുശ്രൂഷ നിർവഹിക്കുന്ന
സാർവത്രികസഭയുടെ പിതാവും തലവനുമായ
മാർ (പേര്) പാപ്പായും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായും
ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ
മാർ (പേര്) മെത്രാപ്പോലീത്തായും
ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ
മാർ (പേര്) മെത്രാനും എല്ലാ മെത്രാന്മാരും
പുരോഹിതന്മാരും മ്ശംശാനമാരും
– സമർപ്പിതരും അല്മായപ്രേഷിതരും –
തിരുമുമ്പിൽ നിർമലതയോടും ഭക്തിയോടും
വിശുദ്ധിയോടുംകൂടെ ശുശ്രൂഷ ചെയ്യുന്നതിനും
അങ്ങയെ പ്രസാദിപ്പിക്കുന്നതിനും
ഞങ്ങളുടെ കർത്താവീശോമിശിഹാ പ്രത്യക്ഷനാകുമ്പോൾ
മഹോന്നതഭാഗ്യത്തിനു യോഗ്യരാകുന്നതിനും
ഇടയാക്കണമേ.

സമൂ. ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

കാർമി. കർത്താവായ ദൈവമേ,
ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള
പരിശുദ്ധ കത്തോലിക്കാസഭയുടെ മക്കളെല്ലാവരും
ജീവന്റെ രക്ഷയ്ക്കുവേണ്ടി
സത്യവിശ്വാസത്തോടും സത്പ്രവൃത്തികളോടുംകൂടെ
തിരുമുമ്പാകെയുള്ള ആരാധനയിൽ വളരാൻ
ഇടയാക്കണമേ.

www.malankaralibrary.com

പാപിയും അയോഗ്യനുമായ ഈ ദാസനെയും
ഈ ബലിയിൽ പ്രത്യേകമായി
അനുസ്മരിക്കപ്പെടുന്ന എല്ലാവരെയും
തിരുസന്നിധിയിൽ കൃപയും ദയയും കണ്ടെത്താൻ
യോഗ്യരാക്കണമേ.
അങ്ങയുടെ കൃപയാൽ
ഭൂമിയുടെ ഫലങ്ങളെയും കാലാവസ്ഥയെയും
വത്സരത്തിന്റെ വിളവുകളെയും അനുഗ്രഹിക്കണമേ.

സമൂ. ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

കാർമികൻ തുടരുന്നു

കാർമി. കർത്താവേ, സത്യവിശ്വാസത്തോടെ
ഈ ലോകത്തിൽനിന്നു മരിച്ചുപോയവർ
നിത്യസൗഭാഗ്യത്തിൽ പ്രവേശിക്കുന്നതിനുവേണ്ടി
ഞങ്ങൾ പ്രാർഥിക്കുന്നു.
അങ്ങു മാത്രമാണ് സത്യത്തിന്റെ പിതാവായ ദൈവമെന്ന്
എല്ലാ മനുഷ്യരും അറിയണമെന്നും
യഥാർഥജ്ഞാനത്തിലേക്കു തിരിഞ്ഞ്
എല്ലാവരും രക്ഷിക്കപ്പെടണമെന്നും
അങ്ങ് ആഗ്രഹിക്കുന്നുവല്ലോ.

അങ്ങ് അനാദിമുതൽ കർത്താവാണെന്നും
സൃഷ്ടിക്കപ്പെടാത്തവനും
സകലത്തിന്റെയും സ്രഷ്ടാവുമായ
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമാണെന്നും
അവർ അറിയട്ടെ.
മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി
ദൈവപുത്രനും ദൈവവചനവുമായ കർത്താവീശോമിശിഹാ
പൂർണമനുഷ്യത്വം ധരിച്ച്
ദൈവത്തിന്റെ ശക്തിയാലും പരിശുദ്ധാത്മാവിനാലും
സകലതും പൂർത്തീകരിക്കുകയും

www.malankaralibrary.com

നീതീകരിക്കുകയും ചെയ്തുവെന്നും
അവിടന്നു ദൈവത്തിന്റെയും മനുഷ്യരുടെയും മധ്യസ്ഥനും
നിത്യജീവന്റെ ദാതാവുമാണെന്നും
എല്ലാവരും ഗ്രഹിക്കട്ടെ.

കർത്താവേ, മർത്ത്യമായ ശരീരത്തിലും
അമർത്ത്യമായ ആത്മാവിലും
ഞങ്ങളുടെ പരേതരായ സഹോദരർ ചെയ്തുപോയ
തെറ്റുകളും കുറ്റങ്ങളും
അങ്ങയുടെ മുമ്പാകെ
അവർക്കു വന്നുപോയിട്ടുള്ള വീഴ്ചകളും
കൃപാപൂർവം മോചിക്കണമേ.
എന്തുകൊണ്ടെന്നാൽ,
പാപം ചെയ്യാത്തവരും
അങ്ങയുടെ പക്കൽനിന്നു കരുണയും പാപമോചനവും
ആവശ്യമില്ലാത്തവരുമായി ആരുമില്ല.
അങ്ങു കാരുണ്യപൂർവം ഞങ്ങളിൽ സംപ്രീതനാകണമെന്ന്
ഞങ്ങൾ യാചിക്കുകയും അപേക്ഷിക്കുകയും
പ്രാർഥിക്കുകയും ചെയ്യുന്നു.

കർത്താവേ, ആരാധ്യനായ ദൈവമേ,
ഞങ്ങളുടെ അധരങ്ങളുടെ ഫലമായ ഈ സ്തോത്രബലി
കാരുണ്യപൂർവം സ്വീകരിച്ച്
ഞങ്ങളിൽ സംപ്രീതനാകണമേ.

ശുശ്രൂ. നിങ്ങൾ നിശ്ശബ്ദരായി ആദരപൂർവം പ്രാർഥിക്കുവിൻ.
സമാധാനം നമ്മോടുകൂടെ.

www.malankaralibrary.com

കാർമികൻ ദിവ്യരഹസ്യങ്ങൾക്കു മുകളിൽ കൈകളുയർത്തി, ഇടത്തുകൈ അടിയിലും വലത്തുകൈ മുകളിലുമായി കുരിശാകൃതിയിൽ കമഴ്ത്തിപ്പിടിക്കുന്നു.

കാർമി. **പരിശുദ്ധാത്മാവിന്റെ കൃപ**
ഞങ്ങളുടെയും ഈ കുർബാനയുടെയുംമേൽ ഇറങ്ങിവരട്ടെ.
ഈ അപ്പത്തിലും ഈ കാസയിലും അവിടന്ന് അധിവസിച്ച്
ഇവയെ പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ
ആശീർവദിക്കുകയും പവിത്രീകരിക്കുകയും
മുദ്രിതമാക്കുകയും ചെയ്യട്ടെ.
കർത്താവേ, അങ്ങയുടെ നാമത്തിന്റെ ശക്തിയാൽ
ഈ അപ്പവും ഈ കാസയും
മിശിഹായുടെ ശരീരവും രക്തവുമായി ഭവിക്കട്ടെ.

(തുടരുന്നു)

സത്യവിശ്വാസത്തോടെ
ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും
കാസയിൽനിന്നു പാനം ചെയ്യുകയും ചെയ്യുന്നവർക്ക്
ഇവ കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും
ആത്മാവിന്റെയും ശരീരത്തിന്റെയും രക്ഷയ്ക്കും
നിത്യമഹത്ത്വത്തിനും കാരണമാകട്ടെ.
ദിവ്യകല്പനകൾക്കനുസൃതം വ്യാപരിച്ച്
അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരോടുമൊപ്പം
സ്വർഗരാജ്യത്തിൽ നിത്യസൗഭാഗ്യം അനുഭവിക്കാൻ
കർത്താവീശോമിശിഹായുടെ കൃപയാൽ
ഞങ്ങളേവരും യോഗ്യരാകട്ടെ.

ബലിപീഠം ചുംബിക്കുന്നു.

www.malankaralibrary.com

കാർമി. സ്വർഗത്തിലും ഭൂമിയിലും
ഞങ്ങളെല്ലാവരുമൊന്നിച്ച്
പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും
യോഗ്യമാംവിധം സ്തുതിക്കുകയും ആരാധിക്കുകയും
പുകഴ്ത്തുകയും ചെയ്യുമാറാകട്ടെ.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

(തുടർന്ന് കുർബാനയുടെ പൊതുക്രമം കാണുക)

(സ്വർഗവാസികളുടെ സമാധാനവും ... പേജ് - 85)

www.malankaralibrary.com

മൂന്നാമത്തെ കൂദാശക്രമം

മാർ നെസ്തോറിയസിന്റെ ക്രമം

വിശ്വാസപ്രമാണത്തിനുശേഷം കാർമികൻ ശുശ്രൂഷിയെ ആശീർവദിച്ചുകൊണ്ട് ചൊല്ലുന്നു.

കാർമി. **സകലത്തിന്റെയും നാഥനായ ദൈവം**
തന്റെ സ്തുതികൾ ആലപിക്കാൻ
നിന്നെ ✠ ശക്തനാക്കട്ടെ.

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്ന് താഴെവരുന്ന കാറോസൂസ ചൊല്ലുന്നു.

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**
പാത്രിയാർക്കീസുമാരും മേജർ ആർച്ചുബിഷപ്പുമാരും
മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ
നമ്മുടെ പിതാക്കന്മാർ, പുരോഹിതന്മാർ,
ശുശ്രൂഷികൾ എന്നിവരുടെയും
ബ്രഹ്മചാരികളുടെയും കന്യകകളുടെയും
നമ്മുടെ മാതാപിതാക്കന്മാർ, പുത്രീപുത്രന്മാർ,
സഹോദരീസഹോദരന്മാർ എന്നിവരുടെയും
ഓർമ ആചരിച്ചുകൊണ്ടു നിങ്ങൾ പ്രാർഥിക്കുവിൻ.
മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ
എല്ലാ ഭരണകർത്താക്കളെയും
സത്യവിശ്വാസത്തോടെ മരിച്ച്,
ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ
എല്ലാവരെയും അനുസ്മരിക്കുവിൻ.

എല്ലാ പ്രവാചകന്മാരെയും ശ്ലീഹന്മാരെയും
രക്തസാക്ഷികളെയും വന്ദകരെയും ഓർമിക്കുവിൻ.
മരിച്ചവരുടെ ഉയിർപ്പിൽ അവരെ മുടിചൂടിക്കുന്ന ദൈവം
അവരോടുകൂടെ നമുക്കു പ്രത്യാശയും പങ്കാളിത്തവും ജീവനും
സ്വർഗരാജ്യത്തിൽ അവകാശവും നല്കട്ടെ.
ഈ കുർബാന സംപ്രീതിയോടെ സ്വീകരിക്കപ്പെടുകയും
ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മാവിനാലും
വിശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ.

www.malankaralibrary.com

മിശിഹായുടെ കൃപയാൽ
ഈ ബലി നമുക്കു സഹായത്തിനും രക്ഷയ്ക്കും
സ്വർഗരാജ്യത്തിൽ നിത്യജീവനും കാരണമാകട്ടെ.

ഈ സമയത്ത് കാർമികൻ മൂന്നു പ്രാവശ്യം നന്നായി കുനിഞ്ഞ് ആചാരംചെയ്യുന്നു. ഓരോ ആചാരത്തിനും ശേഷം അല്പാല്പം മുമ്പോട്ടു കയറി ബലിപീഠത്തെ സമീപിക്കുന്നു. തദവസരത്തിൽ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമി. **ഞങ്ങളുടെ കർത്താവായ ദൈവമേ,**
അങ്ങു ഞങ്ങളുടെമേൽ വർഷിച്ച
സമൃദ്ധമായ അനുഗ്രഹങ്ങളെപ്രതി
ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു.
അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളാകുന്ന
ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകാൻ
എളിയവരും പാപികളുമായിരുന്നിട്ടും
ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി.
അങ്ങു നല്കിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും
ഉറച്ച വിശ്വാസത്തോടുംകൂടി പരികർമംചെയ്യാൻ
ഞങ്ങളെ ശക്തരാക്കണമെന്ന്
അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കാർമികൻ ബലിപീഠത്തെ സമീപിച്ച്, ആരാധനാസമൂഹം നില്ക്കുന്ന അതേദിശയിൽത്തന്നെ ബലിപീഠത്തിന് അഭിമുഖമായി നിലകൊള്ളുകയും ബലിപീഠത്തിൽ മധ്യത്തിലും ഇടത്തേയറ്റത്തും വലത്തേയറ്റത്തും ആചാരംചെയ്ത് ചുംബിക്കുകയും ചെയ്യുന്നു. അനന്തരം മധ്യത്തിൽവന്ന് കാർമികൻ സമൂഹത്തോടു പ്രാർഥന യാചിക്കുന്നു.

കാർമി. **കർത്താവേ, ആശീർവദിക്കണമേ.**

ജനങ്ങൾക്കുനേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ,
ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ
നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ.

ബലിപീഠത്തിനുനേരേ തിരിയുന്നു.

സമൂ. **സകലത്തിന്റെയും നാഥനായ ദൈവം**
തന്റെ അഭീഷ്ടം നിറവേറ്റാൻ അങ്ങയെ ശക്തനാക്കട്ടെ.

www.malankaralibrary.com

ഈ കുർബാന അവിടന്നു സ്വീകരിക്കട്ടെ.
അങ്ങേക്കും ഞങ്ങൾക്കും ലോകം മുഴുവനുംവേണ്ടി
അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ
അവിടന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

അനന്തരം താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമി. കർത്താവും ദൈവവുമായ മിശിഹായേ,
ഞങ്ങളുടെ നിരവധിയായ പാപങ്ങൾ പരിഗണിക്കരുതേ.
ഞങ്ങളുടെ ദുഷ്ടതയുടെ ആധിക്യംനിമിത്തം നീ കോപിക്കരുതേ.
നീ സ്വീകരിച്ച ഞങ്ങളുടെ മനുഷ്യത്വത്തോടെ
സമയത്തിന്റെ സമാപ്തിയിൽ നീ പ്രത്യക്ഷനാകുമ്പോൾ,
തിരുസന്നിധിയിൽ കൃപയും അനുഗ്രഹവും കണ്ടെത്തുന്നതിനും
സ്വർഗീയഗണങ്ങളോടുചേർന്നു നിന്നെ സ്തുതിക്കുന്നതിനും
ഞങ്ങൾ യോഗ്യരാകാൻവേണ്ടി
ഈ ബലി നിന്റെ അവർണനീയകൃപയാൽ പവിത്രീകരിക്കണമേ.
ഞങ്ങളുടെ പാപങ്ങൾ തുടച്ചുനീക്കാൻ
ഇതിനു ശക്തി നല്കുകയും ചെയ്യണമേ.

കാർമികൻ കുനിഞ്ഞുനിന്ന് കരങ്ങൾകൂപ്പി ഒന്നാം പ്രണാമജപം (ഗ്ഹാന്ത) ചൊല്ലുന്നു.

കാർമി. **നഷ്ടപ്പെട്ടുപോയവരെ കണ്ടെത്തുകയും**
ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും
അകന്നുപോയവരെ അടുപ്പിക്കുകയും
വഴിതെറ്റിയവരെ സത്യത്തിന്റെ അറിവിലേക്ക്
തിരിച്ചുകൊണ്ടുവരികയും ചെയ്യുന്ന കർത്താവേ,
നിന്നെ ഞാൻ സ്തുതിക്കുന്നു.

ബലഹീനനായ എന്നെ നിന്റെ കൃപയാൽ വിളിച്ച്
കാരുണ്യത്താൽ നിന്റെ പക്കലേക്ക് ആനയിക്കുകയും
നിന്റെ ശ്രേഷ്ഠശരീരമാകുന്ന
പരിശുദ്ധ കത്തോലിക്കാസഭയിലെ
സവിശേഷ അംഗമായി നിയമിക്കുകയും
ബലിയർപ്പിക്കാൻ നിയോഗിക്കുകയും ചെയ്ത കർത്താവേ,
നിനക്കു ഞാൻ നന്ദി പറയുന്നു.

www.malankaralibrary.com

ഞങ്ങളുടെ രക്ഷകനായ ഈശോമിശിഹായിൽ സംപ്രീതനായി
സകല മനുഷ്യരുടെയും പാപങ്ങൾ മോചിച്ച്
അനുരഞ്ജിപ്പിക്കാൻ തിരുമനസ്സായ ദൈവമേ,
അങ്ങയുടെ പ്രിയപുത്രന്റെ
പീഡാനുഭവത്തിന്റെയും മരണത്തിന്റെയും
സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും
ഓർമയാചരണമായ
സജീവവും പരിശുദ്ധവും സ്വീകാര്യവുമായ ഈ ബലി
അങ്ങയുടെ മുമ്പാകെ ഞാൻ സമർപ്പിക്കട്ടെ.

കാർമികൻ ബലിപീഠം ചുംബിച്ചതിനുശേഷം കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തുവച്ചുകൊണ്ട് ചൊല്ലുന്നു.

കാർമി. സത്യത്തിന്റെ പിതാവായ ദൈവമേ, അങ്ങേക്കും
അങ്ങയുടെ ഏകജാതനായ കർത്താവീശോമിശിഹായ്ക്കും
ജീവിക്കുന്നവനും ജീവിപ്പിക്കുന്നവനുമായ പരിശുദ്ധാത്മാവിനും
സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും
ഞങ്ങൾ സമർപ്പിക്കുന്നു.

(തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു)

ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

ഈ സമയത്ത് ശുശ്രൂഷികൾ ബലിപീഠത്തിന്റെ താഴത്തെ പടിയിൽ നില്ക്കുന്നു. കാർമികൻ ജനങ്ങൾക്കുനേരേ തിരിഞ്ഞ് ആശീർവദിക്കുന്നു.

കാർമി. സമാധാനം ✠ നിങ്ങളോടുകൂടെ.

സമൂ. അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമികനിൽനിന്ന് ആർച്ചുഡീക്കൻ ശുശ്രൂഷി സമാധാനം സ്വീകരിച്ച് മറ്റു ശുശ്രൂഷിക്ക് ക്രമപ്രകാരം നല്കുന്നു.

ശുശ്രൂ. സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ
നിങ്ങൾ സമാധാനം നല്കുവിൻ.

www.malankaralibrary.com

അനന്തരം ശുശ്രൂഷി മദ്ബഹയിൽ വലത്തും ഇടത്തും നില്ക്കുന്നവർക്കും അതിനുശേഷം ഗായകവേദിയിലുള്ളവർക്കും സമാധാനം നല്കുന്നു. സഹായികളിലൊരാൾ സമൂഹവേദിയിൽ നില്ക്കുന്നവർക്കു സമാധാനം നല്കുന്നു. എല്ലാവരും സമാധാനം നല്കുന്നു. ഈ സമയത്ത് ശുശ്രൂഷി (സഹകാർമികരുണ്ടെങ്കിൽ അവരിലൊരാൾ) ജനങ്ങൾക്കഭിമുഖമായിനിന്ന് അനുസ്മരണപ്രാർഥന (ഡിപ്റ്റിക്സ്) ചൊല്ലുന്നു.

ശുശ്രൂ. **മരണംമൂലം ഈ ലോകത്തിൽനിന്നു വേർപെട്ടുപോയ**
പാത്രിയാർക്കീസുമാർ, മേജർ ആർച്ചുബിഷപ്പുമാർ,
മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, പുരോഹിതന്മാർ,
ശുശ്രൂഷികൾ എന്നിവർക്കും
സഭാസമൂഹത്തിലെ മറ്റു ജീവിതാന്തസ്സുകളിൽപ്പെട്ട
പരേതർക്കും (പ്രത്യേകിച്ച് ... ഉം) വേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.
ലോകത്തിൽ സമാധാനം ഉണ്ടാകാനും
വത്സരത്തിലെ വിവിധ കാലങ്ങൾ അങ്ങയുടെ കൃപയാൽ
അനുഗൃഹീതവും ഐശ്വര്യപൂർണവുമാകാനുംവേണ്ടി
ഈ ബലി അങ്ങു കൈക്കൊള്ളണമേ.
അങ്ങയുടെ സന്നിധിയിൽ അർപ്പിക്കപ്പെടുന്ന
ഈ കുർബാനയുടെ സ്വീകരണത്തിനു യോഗ്യരായ
എല്ലാ സഭാതനയർക്കുവേണ്ടിയും
ഇപ്പോൾ തിരുമുമ്പിൽ നില്ക്കുന്ന
അങ്ങയുടെ ദാസന്മാർക്കും ദാസികൾക്കും
ഞങ്ങൾക്കും മറ്റെല്ലാവർക്കുംവേണ്ടിയും
(പ്രത്യേകിച്ച് ... വേണ്ടിയും)
ഈ കുർബാന അങ്ങു സ്വീകരിക്കണമേ.
എന്നേക്കും. ആമ്മേൻ.

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു ചൊല്ലുന്നു.

ശുശ്രൂ. **നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ**
കർത്താവിനു നന്ദി പറയുകയും
അവിടത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം.
നിങ്ങൾ ആദരപൂർവംനിന്ന്
ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ
സൂക്ഷിച്ചുവീക്ഷിക്കുവിൻ.

www.malankaralibrary.com

ഭയഭക്തിജനകമായ രഹസ്യങ്ങൾ കൂദാശ ചെയ്യപ്പെടുന്നു.
പുരോഹിതൻ (മെത്രാപ്പോലീത്തായോ, മെത്രാനോ ആണ് ബലിയർപ്പിക്കുന്നതെങ്കിൽ **പുരോഹിതശ്രേഷ്ഠൻ** എന്നു പറയുന്നു.)
തന്റെ മാധ്യസ്ഥ്യംവഴി സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി
പ്രാർഥിക്കാൻ തുടങ്ങുന്നു.
കണ്ണുകൾ താഴ്ത്തി, വിചാരങ്ങൾ സ്വർഗത്തിലേക്കുയർത്തി
നിശ്ശബ്ദരായി, ഏകാഗ്രതയോടും ഭക്തിയോടുംകൂടെ
നിങ്ങൾ ഹൃദയത്തിൽ പ്രാർഥിക്കുവിൻ.
സമാധാനം നമ്മോടുകൂടെ.

ശുശ്രൂഷി 'നമുക്കെല്ലാവർക്കും' എന്ന് ആരംഭിക്കുമ്പോൾ കാർമികൻ താഴെവരുന്ന പ്രാർഥന (മുട്ടുകുത്തി) താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമി. **കർത്താവേ, ശക്തനായ ദൈവമേ,**
ബലഹീനനായ എന്നെ ദയാപൂർവം സഹായിക്കണമേ.
അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും
ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി
സജീവവും വിശുദ്ധവുമായ ഈ ബലി
തിരുസന്നിധിയിൽ അർപ്പിക്കാൻ
അങ്ങയുടെ അനുഗ്രഹത്താൽ
എന്നെ യോഗ്യനാക്കുകയും ചെയ്യണമേ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

കാർമികൻ (എഴുന്നേറ്റുനിന്ന്) ദിവ്യരഹസ്യങ്ങളെ മൂടിയിരിക്കുന്ന ശോശപ്പ എടുത്ത് അവയ്ക്കുചുറ്റും വച്ചുകൊണ്ട് ചൊല്ലുന്നു.

കാർമി. **കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും**
കൃപാപൂർവം നീ എന്നെ യോഗ്യനാക്കി.
അപ്രകാരംതന്നെ, വിധിദിവസത്തിൽ
നിന്റെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

ശുശ്രൂഷി കുന്തുരുക്കവും ധൂപകലശവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

കാർമി. **പിതാവും പുത്രനും പരിശുദ്ധാത്മാവുമായ**
അങ്ങയുടെ ബഹുമാനത്തിനായി
ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം

www.malankaralibrary.com

അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠
ആശീർവദിക്കപ്പെടട്ടെ.
ഇത് അങ്ങയുടെ പ്രസാദത്തിനും
അങ്ങയുടെ അജഗണത്തിന്റെ
പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

അനന്തരം കാർമികൻ അവിടെ നിന്നുകൊണ്ടുതന്നെ ബലി വസ്തുക്കളും ബലിപീഠവും ധൂപിക്കുന്നു.

ധൂപിക്കുമ്പോൾ കാർമ്മികൻ ചൊല്ലുന്നു

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ മഹനീയമായ ആലയത്തിലെ
വിശുദ്ധ ബലിപീഠത്തിനു മുമ്പിൽ
ഞങ്ങൾ സമർപ്പിക്കുന്ന പരിമളധൂപം
അങ്ങയെ പ്രസാദിപ്പിക്കട്ടെ.
അങ്ങയുടെ പരിശുദ്ധനാമത്തിന്റെ സംപ്രീതിക്കും
അങ്ങയുടെ ദാസരായ ഞങ്ങളുടെയും
അങ്ങയുടെ അജഗണത്തിന്റെയും
പാപങ്ങളുടെ മോചനത്തിനും ഇതു കാരണമാകട്ടെ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവേശ്വരാ, എന്നേക്കും.

ധൂപകലശം ശുശ്രൂഷിയെ ഏല്പിച്ചുകൊണ്ട് ചൊല്ലുന്നു.

എപ്പോഴും തന്റെ അഭീഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നതിന്
മിശിഹാ നിന്നെ ശക്തനാക്കട്ടെ.

ഉയർന്നസ്വരത്തിൽ ആലപിക്കുന്നു / ചൊല്ലുന്നു.

കാർമി. മിശിഹാകർത്താവിൻ കൃപയും
ദൈവപിതാവിൻ സ്നേഹമതും
റൂഹാതൻ സഹവാസവുമീ ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
നമ്മോടൊത്തുണ്ടാകട്ടെ.

സമൂ. ആമ്മേൻ.

കാർമികൻ കൈകൾ ഉയർത്തിക്കൊണ്ട്

കാർമി. ക്രോവേ, സ്രാപ്പേവൃന്ദങ്ങൾ
സ്തുതിഗീതങ്ങൾ പാടീടും
ഉയരങ്ങളിലേക്കുയരട്ടെ
ഹൃദയവികാരവിചാരങ്ങൾ.

www.malankaralibrary.com

സമൂ. പൂർവപിതാവാം അബ്രാഹം,
ഇസഹാക്ക്, യാക്കോബ് എന്നിവർതൻ
ദൈവമേ, നിത്യം ആരാധ്യൻ
രാജാവേ, നിൻ സന്നിധിയിൽ.

കാർമി. മർത്ത്യകുലത്തിന്നാദ്യഫലം
മിശിഹാതൻ തിരുബലിയല്ലോ
സൃഷ്ടികുലത്തിൻ രക്ഷയ്ക്കായ്
സർവാധിപനായ് അർപ്പിപ്പൂ.

സമൂ. ന്യായവുമാണതു യുക്തവുമാം
ന്യായവുമാണതു യുക്തവുമാം.

(അല്ലെങ്കിൽ)

കാർമി. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും
പിതാവായ ദൈവത്തിന്റെ സ്നേഹവും
പരിശുദ്ധാത്മാവിന്റെ സഹവാസവും
നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

കാർമികൻ കൈകൾ ഉയർത്തിക്കൊണ്ട്

കാർമി. ക്രോവേമാരും സ്രാപ്പേമാരും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന്
നിരന്തരം പ്രകീർത്തിക്കുന്ന
ഭയഭക്തിജനകവും മഹത്ത്വപൂർണവുമായ ഉന്നതങ്ങളിലേക്ക്
നിങ്ങളുടെ വിചാരങ്ങൾ ഉയർത്തുവിൻ.

സമൂ. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും
യാക്കോബിന്റെയും ദൈവമേ,
ആരാധ്യനായ രാജാവേ,
അങ്ങയുടെ സന്നിധിയിലേക്ക്.

കാർമി. പ്രവാചകന്മാർ പ്രതീകങ്ങളിലൂടെ സൂചിപ്പിച്ചതും
ശ്ലീഹന്മാർ പരസ്യമായി പ്രസംഗിച്ചതും
രക്തസാക്ഷികൾ ജീവാർപ്പണംകൊണ്ടു സ്വന്തമാക്കിയതും

www.malankaralibrary.com

മല്പാന്മാർ ദൈവാലയങ്ങളിൽ വ്യാഖ്യാനിച്ചതും
പുരോഹിതന്മാർ വിശുദ്ധ ബലിപീഠത്തിന്മേൽ അർപ്പിച്ചതും
മ്ശംശാനമാർ തങ്ങളുടെ കരങ്ങളിൽ വഹിച്ചതും
ജനതകൾ പാപപ്പരിഹാരത്തിനായി സ്വീകരിച്ചതുമായ,
മനുഷ്യവംശത്തിന്റെ ആദ്യഫലമായ മിശിഹായുടെ
സജീവവും മാനുഷികവും
രക്തരഹിതവുമായ കുർബാന
സർവസൃഷ്ടികൾക്കുംവേണ്ടി
സകലത്തിന്റെയും നാഥനായ ദൈവത്തിന്
എല്ലായിടത്തും അർപ്പിക്കപ്പെടുന്നു.

സമൂ. **അതു ന്യായവും യുക്തവുമാകുന്നു.**

ശുശ്രൂ. **സമാധാനം നമ്മോടുകൂടെ.**

(അല്ലെങ്കിൽ)

ശുശ്രൂ. **തന്റെ ശരീരത്താൽ**
നമ്മുടെ ദുഃഖം സന്തോഷമാക്കി പകർത്തുകയും
തന്റെ ജീവരക്തം
നമ്മുടെ ഹൃദയങ്ങളുടെമേൽ തളിക്കുകയും ചെയ്ത്
നമ്മുടെ രക്ഷകനായ മിശിഹാ നമുക്കുവേണ്ടി
പൂർത്തീകരിച്ച അദ്ഭുതാവഹമായ രക്ഷാപദ്ധതിയെ
നിങ്ങൾ ഓർക്കുകയും നൈർമല്യത്തോടും
ശ്രദ്ധയോടുംകൂടെ പ്രാർഥിക്കുകയും ചെയ്യുവിൻ.
സമാധാനം നമ്മോടുകൂടെ.

കാർമികൻ താഴ്ന്ന സ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമി. എന്റെ കർത്താവേ, അങ്ങയുടെ കൃപയെ ഞാൻ ആരാധിക്കുന്നു.
അങ്ങയുടെ കാരുണ്യത്തെ ഞാൻ സ്തുതിക്കുന്നു.
എന്തുകൊണ്ടെന്നാൽ, ഞാൻ അയോഗ്യനാണെങ്കിലും
സ്തുത്യർഹവും ദൈവികവുമായ രഹസ്യങ്ങൾ
അങ്ങേക്കു സമർപ്പിക്കാൻ അങ്ങയുടെ ദയയാൽ
അങ്ങ് എന്നെ യോഗ്യനാക്കി.
ലോകത്തിന്റെ ശാന്തിക്കും സൃഷ്ടിയുടെ സമാധാനത്തിനും
അങ്ങയുടെ വിശ്വസ്തസഭയുടെ നിലനില്പിനും
പുരോഹിതന്മാരുടെ വിശുദ്ധിക്കും വിശ്വാസികളുടെ വളർച്ചയ്ക്കും
നീതിമാന്മാരുടെ സംരക്ഷണത്തിനും ഇവ കാരണമാകട്ടെ.

www.malankaralibrary.com

അനുതാപികളുടെ കടങ്ങളുടെ പൊറുതിക്കും
തെറ്റിപ്പോയവരുടെ തിരിച്ചുവരവിനും
സകലമനുഷ്യരുടെയും സഹായത്തിനും രക്ഷയ്ക്കും
ഇപ്പോൾ തിരുമുമ്പാകെ നില്ക്കുന്ന
അങ്ങയുടെ ദാസീദാസന്മാരുടെ തെറ്റുകൾ
അങ്ങയുടെ കൃപയാലും കരുണയാലും മായിച്ചുകളയാനുംവേണ്ടി
കർത്താവേ, അങ്ങയോടു ഞാൻ അപേക്ഷിക്കുകയും
യാചിക്കുകയും ചെയ്യുന്നു. എന്നേക്കും, ആമ്മേൻ.

കാർമികൻ കുനിഞ്ഞുനിന്നു താഴ്ന്നസ്വരത്തിൽ രണ്ടാം പ്രണാമജപം ചൊല്ലുന്നു. (പ്രണാമജപങ്ങൾ ചൊല്ലുമ്പോൾ കരങ്ങൾ കൂപ്പിപ്പിടിച്ചുകൊണ്ടോ ഇരുകരങ്ങളും മുകളിലേക്കു തുറന്നുപിടിച്ചുകൊണ്ടോ ചൊല്ലാവുന്നതാണ്).

കാർമി. **കർത്താവേ, സർവശക്തനും നിത്യനുമായ ദൈവമേ,**
സകലത്തെയും പരിപാലിക്കുന്ന പിതാവേ,

ഞങ്ങൾ എല്ലാക്കാലത്തും എല്ലാനേരത്തും
അങ്ങേക്കു സ്തുതിയും മഹത്ത്വവും ആരാധനയും
അർപ്പിക്കുന്നതു ന്യായവും യുക്തവും യോഗ്യവുമാകുന്നു.
സൃഷ്ടിക്കപ്പെടാത്തവനും
സർവസൃഷ്ടികളുടെയും ഗ്രഹണശക്തിക്ക് അതീതനും
സർവവ്യാപിയുമായ സത്യദൈവമേ,
വിവേകപൂർവകമായ ശുശ്രൂഷയ്ക്കായി
തകർന്നഹൃദയത്തോടും വിനീതമായ ആത്മാവോടുംകൂടെ
ആത്മീയഫലങ്ങളർപ്പിക്കാൻ
ഞങ്ങൾ അധരങ്ങൾ തുറക്കുമ്പോൾ
അങ്ങു ഞങ്ങൾക്കു വചനം നല്കണമേ.
എന്തുകൊണ്ടെന്നാൽ, അങ്ങു ഞങ്ങളുടെ ദൈവവും,
ഞങ്ങളുടെ രാജാവും കർത്താവും രക്ഷകനും പ്രത്യാശയുമായ
ഈശോമിശിഹായുടെ പിതാവും ആകുന്നുവല്ലോ.
അവിടത്തെപ്പക്കൽ ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും
സർവനിക്ഷേപങ്ങളും നിഗൂഢമായിരിക്കുന്നു.
അങ്ങിൽനിന്നു പുറപ്പെടുന്നവനും
അങ്ങയുടെ ദൈവത്വത്തിന്റെ അദൃശ്യസ്വഭാവം ഉള്ളവനുമായ
പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ജ്ഞാനം
മിശിഹാവഴി ഞങ്ങൾ പ്രാപിച്ചു.
വിവേചനാശക്തിയുള്ള ദൃശ്യരും അദൃശ്യരുമായ സർവരും
അവൻവഴി ശക്തിയും പൂർണതയും വിശുദ്ധിയും പ്രാപിക്കുന്നു.

www.malankaralibrary.com

അങ്ങേക്കും അങ്ങയുടെ ഏകജാതനും
അങ്ങയുടെ പരിശുദ്ധാത്മാവിനും
ഞങ്ങൾ നിരന്തരം സ്തുതിയർപ്പിക്കുന്നു.
എന്തുകൊണ്ടെന്നാൽ, സർവവും അങ്ങയുടെ പ്രവൃത്തിയാകുന്നു.
ഇല്ലായ്മയിൽനിന്ന് അങ്ങു ഞങ്ങളെ
അസ്തിത്വത്തിലേക്കാനയിക്കുകയും
എല്ലാം ക്രമപ്പെടുത്തുകയും ചെയ്തു.
ഞങ്ങൾ ഇടറിവീഴുകയും ക്ഷയിക്കുകയും ചെയ്തപ്പോൾ
അങ്ങു ഞങ്ങളെ എഴുന്നേല്പിക്കുകയും
നവീകരിക്കുകയും വീണ്ടെടുക്കുകയും ചെയ്തു.
അളവറ്റ കരുതലോടെ ഞങ്ങളെ സന്ദർശിക്കുന്നതിൽനിന്ന്
അങ്ങു വിരമിച്ചില്ല. അങ്ങയുടെ കരുണയാൽ
ഞങ്ങളെ സ്വർഗത്തിലേക്ക് ഉയർത്തുകയും
വരാനുള്ള രാജ്യം ഞങ്ങൾക്കു നല്കുകയും ചെയ്തു.
അങ്ങു ഞങ്ങളുടെമേൽ ചൊരിഞ്ഞ
ഗ്രാഹ്യവും അഗ്രാഹ്യവും രഹസ്യവും പരസ്യവുമായ
സകല കൃപാവരങ്ങൾക്കുമായി
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയെ
ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു.
ഈ ശുശ്രൂഷ ഞങ്ങളുടെ കരങ്ങളിൽനിന്ന് സ്വീകരിക്കണമേ.
അങ്ങയുടെ ശക്തിയുടെ
വിസ്മയനീയമായ പ്രവൃത്തികൾ വിവരിക്കുന്നതിനും
അങ്ങയുടെ മഹത്ത്വം പ്രഘോഷിക്കുന്നതിനും
ഞങ്ങൾ അശക്തരാകുന്നു.
എന്റെ കർത്താവേ,
സകല സൃഷ്ടികളുടെയും അധരങ്ങളും നാവുകളും
ഒന്നുചേർന്നാൽപോലും
അങ്ങയുടെ മഹിമ വർണിക്കാനാവില്ലെന്ന്
ഞങ്ങൾ ഏറ്റുപറയുന്നു.

കാർമികൻ ബലിപീഠം ചുംബിക്കുന്നു. അനന്തരം കൈകൾ ഉയർത്തി ആലപിക്കുന്നു / ചൊല്ലുന്നു.

കാർമി. ഒന്നായ് ഉച്ചസ്വരത്തിലവർ
തിരുസ്സന്നിധിയിൽ അനവരതം
സ്തുതിഗീതങ്ങൾ പാടുന്നു.

www.malankaralibrary.com

സമു. **ദൈവം നിത്യമഹത്ത്വത്തിൻ**
കർത്താവെന്നും പരിശുദ്ധൻ
ബലവാനീശൻ പരിശുദ്ധൻ.

മണ്ണും വിണ്ണും നിറയുന്നു
മന്നവനവനുടെ മഹിമകളാൽ.
ഉന്നതവീഥിയിലോശാന
ദാവീദിൻ സുതനോശാന.

കർത്താവിൻ തിരുനാമത്തിൽ
വന്നവനും യുഗരാജാവായ്
വീണ്ടും വരുവോനും ധന്യൻ
ഉന്നതവീഥിയിലോശാന.

(അല്ലെങ്കിൽ)

കാർമി. **എന്റെ കർത്താവേ,**
അങ്ങയുടെ ത്രിത്വത്തിന്റെ മുമ്പാകെ
സ്വർഗവാസികളുടെ ആയിരങ്ങളും
മാലാഖമാരുടെ പതിനായിരങ്ങളും ഒരുമിച്ച്
നിരന്തരം സ്തുതിയും സ്തോത്രവുമർപ്പിച്ചുകൊണ്ട്
ഒന്നുചേർന്ന് ഉദ്ഘോഷിക്കുന്നു.

സമു. **ബലവാനും കർത്താവുമായ ദൈവം**
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.
അവിടത്തെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
ഉന്നതങ്ങളിൽ ഓശാന; ദാവീദിന്റെ പുത്രന് ഓശാന.
കർത്താവിന്റെ നാമത്തിൽ വന്നവനും
വരാനിരിക്കുന്നവനുമായവൻ
അനുഗൃഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാന.

കാർമികൻ ഈ സമയം ബലിപീഠം ചുംബിച്ചതിനുശേഷം (മുട്ടുകുത്തി) താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന ചൊല്ലുന്നു.

കാർമി. ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു.
അങ്ങു മാത്രമാകുന്നു യഥാർഥ പിതാവ്.
സ്വർഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും
അങ്ങിൽനിന്നാകുന്നു.

www.malankaralibrary.com

നിത്യനായ പുത്രാ, അങ്ങു പരിശുദ്ധനാകുന്നു.
സമസ്തവും അങ്ങുവഴി സൃഷ്ടിക്കപ്പെട്ടു.
റൂഹാദ്ക്കുദ്ശായേ, അങ്ങു പരിശുദ്ധനാകുന്നു.
എല്ലാം അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു.

(കാർമികൻ തുടരുന്നു.)

ഹാ, എനിക്കു ദുരിതം! ഞാൻ അസ്വസ്ഥനായിരിക്കുന്നു.
കാരണം, എന്റെ അധരങ്ങൾ അശുദ്ധമാകുന്നു.
അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ
ഞാൻ വസിക്കുകയും ചെയ്യുന്നു.
ബലവാനും കർത്താവുമായ രാജാവിനെ എന്റെ നയനങ്ങൾ ദർശിച്ചു.
കർത്താവിനെ ഇന്നു ഞാൻ അഭിമുഖം കണ്ട ഈ സ്ഥലം
എത്ര ഭീതിജനകം! ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല.
കർത്താവേ, അങ്ങയുടെ കൃപ ഞങ്ങളുടെമേൽ ഉണ്ടാകട്ടെ.
അശുദ്ധരായ ഞങ്ങളെ ശുദ്ധീകരിക്കുകയും
ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ.
എന്റെ കർത്താവേ, നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ
സ്രാപ്പേമാരുടെയും മുഖ്യദൂതരുടെയും
സ്തോത്രങ്ങളോടു ചേർക്കണമേ.
ഭൂവാസികളെ സ്വർഗവാസികളോടൊന്നിപ്പിച്ച
അങ്ങയുടെ കാരുണ്യത്തിനു സ്തുതി.

(അല്ലെങ്കിൽ)

കാർമി. ബലവാനായ കർത്താവേ,
പാപിയും കുറ്റക്കാരനും ദുർഭഗനുമായ ഈ ദാസന്റെ
കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനുംവേണ്ടി
കരുണാസമ്പന്നനായ നിന്നോട് അപേക്ഷിക്കുന്നു.
ജീവദായകവും പരിശുദ്ധവുമായ ഈ ബലി
എനിക്കും നിന്റെ രക്ഷയെ പ്രതീക്ഷിക്കുന്ന ഈ ജനത്തിനുംവേണ്ടി
ബലഹീനനായ എന്റെ കരങ്ങളിൽനിന്നു സ്വീകരിക്കണമേ.
എന്റെ കർത്താവേ, ഇതു ഞങ്ങൾക്കു
പാപപ്പരിഹാരത്തിനും രോഗശാന്തിക്കും കരുണയ്ക്കും കാരണമാകട്ടെ.
നിന്റെ തിരുശരീരവും തിരുരക്തവും
ഞങ്ങളുടെ ശരീരങ്ങളോടും ആത്മാക്കളോടും
സംയോജിപ്പിക്കപ്പെടുമ്പോൾ
അവ പാപമാലിന്യങ്ങളിൽനിന്നു ഞങ്ങളെ വെടിപ്പാക്കുകയും
സാത്താന്റെ സകല തിന്മയും വഞ്ചനയും
ഞങ്ങളിൽനിന്നു നീക്കിക്കളയുകയും ചെയ്യട്ടെ.

www.malankaralibrary.com

സത്യവിശ്വാസത്താലും
രക്ഷാപദ്ധതിയെക്കുറിച്ചുള്ള അറിവിന്റെ പ്രകാശത്താലും
കർത്താവായ നിന്റെ പൂർണസ്നേഹത്താലും
നിന്റെ കൃപയിലുള്ള നല്ലശരണത്താലും ഞങ്ങൾ നിറയട്ടെ.
തിരുമുമ്പാകെയുള്ള നിർമലവും പരിശുദ്ധവുമായ
ഈ ശുശ്രൂഷ കൈക്കൊള്ളണമേ.
ഞങ്ങളെല്ലാവരും എല്ലായിടത്തും
ഏക ആത്മാവോടും ഏകവിചാരത്തോടും
സത്യവിശ്വാസത്തോടും പൂർണസ്നേഹത്തോടുംകൂടെ
തിരുഹിതം നിറവേറ്റാൻ യോഗ്യരാകട്ടെ.
ഞങ്ങളുടെമേൽ ചൊരിഞ്ഞ
അവർണനീയമായ സകല കൃപകൾക്കുമായി
നിന്റെ കർത്തൃത്വത്തെ മഹത്ത്വപ്പെടുത്താൻ
ഞങ്ങൾ യോഗ്യരാകുകയും ചെയ്യട്ടെ.

(കാർമികൻ എഴുന്നേല്ക്കുന്നു)

കാർമി. **കർത്താവേ, ആശീർവദിക്കണമേ.**

ജനങ്ങൾക്കുനേരേ തിരിഞ്ഞു കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്

എന്റെ സഹോദരരേ, ഈ കുർബാന
എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ
നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ.

ബലിപീഠത്തിനുനേരേ തിരിയുന്നു.

സമൂ. **മിശിഹാ അങ്ങയുടെ പ്രാർഥന കേൾക്കുകയും**
കുർബാന സ്വീകരിക്കുകയും ചെയ്യട്ടെ.
അങ്ങയുടെ പൗരോഹിത്യത്തെ
അവിടന്നു സ്വർഗരാജ്യത്തിൽ മഹത്ത്വപ്പെടുത്തട്ടെ.
അങ്ങേക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും
അവിടത്തെ കൃപയും അനുഗ്രഹവും
പ്രത്യാശാപൂർവം കാത്തിരിക്കുന്ന
ലോകം മുഴുവനുവേണ്ടിയും
അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ
അവിടന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

കാർമികൻ മൂന്നാം പ്രണാമജപം ചൊല്ലുന്നു.

കാർമി. **നല്ലവനായ കർത്താവേ, കരുണയുള്ള പിതാവേ,**
ഈ സ്വർഗീയഗണങ്ങളോടുകൂടെ
ഞങ്ങളും ഉദ്ഘോഷിക്കുന്നു.

www.malankaralibrary.com

എന്തുകൊണ്ടെന്നാൽ, അങ്ങു യഥാർഥത്തിൽ
പരിശുദ്ധനും മഹത്ത്വമുള്ളവനും
സ്തുത്യർഹനും ഉന്നതനുമാകുന്നു.

ഭൂമിയിൽ അങ്ങയെ ആരാധിക്കുന്നവരെ
സ്വർഗത്തിൽ അങ്ങയെ മഹത്ത്വപ്പെടുത്തുന്നവരോടു
സദൃശരാകാൻ അങ്ങു യോഗ്യരാക്കി.
അനാദിമുതൽ അങ്ങയോടുകൂടെയുള്ളവനും
അങ്ങയുടെ സ്വഭാവമുള്ളവനും
സർവസൃഷ്ടികളെയും രൂപപ്പെടുത്തുന്നവനുമായ
റൂഹായോടൊത്ത് അങ്ങയുടെ ഏകജാതനായ
കർത്താവീശോമിശിഹായും പരിശുദ്ധനാകുന്നു.

അങ്ങിൽ മറഞ്ഞിരിക്കുന്ന ആത്മജാതനും
അങ്ങയോടു സദൃശനും അങ്ങിൽനിന്നുള്ള പ്രകാശവും
അങ്ങയുടെ സത്തയുടെ പ്രതിച്ഛായയുമായ
വചനമാകുന്ന ദൈവത്തെ ഞങ്ങൾ വാഴ്ത്തുന്നു.
അങ്ങയോടുള്ള സമാനത
നിലനിറുത്തേണ്ട കാര്യമായി പരിഗണിക്കാതെ
അവൻ തന്നെത്തന്നെ ശൂന്യനാക്കി
ദാസന്റെ രൂപം സ്വീകരിച്ച്
വിവേകവും ബുദ്ധിയുമുള്ള
അമർത്ത്യമായ ആത്മാവോടും
മർത്ത്യമായ ശരീരത്തോടുംകൂടെ
പരിപൂർണമനുഷ്യനായി.

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ
സകലരുടെയും രക്ഷയ്ക്കായി
മഹത്ത്വത്തിലും അധികാരത്തിലും ബഹുമാനത്തിലും
അവൻ ഞങ്ങളുടെ നശ്വരമായ മനുഷ്യപ്രകൃതിയെ
തന്നോടു ചേർക്കുകയും ഒന്നാക്കിമാറ്റുകയും ചെയ്തു.
ആദത്തിൽ മൃതരായവരെയെല്ലാം ജീവിപ്പിക്കുന്നതിന്
സ്ത്രീയിൽനിന്നു ജാതനായി.
നിയമത്തിൻ കീഴിലുള്ളവരെ വീണ്ടെടുക്കുന്നതിനായി
അവൻ നിയമത്തിനു വിധേയനായി.
അവൻ തന്റെ കല്പനകളാൽ നിയമം പൂർത്തിയാക്കി
തന്റെ ശരീരത്തിൽ പാപത്തെ നിഹനിച്ചു.

www.malankaralibrary.com

ഞങ്ങളുടെ അന്ധമായിരുന്ന മനോനേത്രങ്ങൾ തുറക്കുകയും
രക്ഷയുടെ മാർഗം തെളിക്കുകയും
ദൈവികജ്ഞാനത്തിന്റെ പ്രകാശത്താൽ
ഞങ്ങളെ ദീപ്തരാക്കുകയും ചെയ്തു.
തന്നെ സ്വീകരിച്ചവർക്ക്
ദൈവമക്കളാകാൻ അവൻ അധികാരം നല്കി;
പരിശുദ്ധജലത്താലുള്ള മാമോദീസായാൽ
ഞങ്ങളെ കഴുകി ശുദ്ധരാക്കി;
പരിശുദ്ധാത്മാവിന്റെ ദാനംവഴി
തന്റെ കൃപയാൽ ഞങ്ങളെ വിശുദ്ധീകരിച്ചു.
മാമോദീസായിൽ തന്നോടൊത്തു മരിച്ചു സംസ്കരിക്കപ്പെട്ടവരെ
തന്റെ വാഗ്ദാനമനുസരിച്ച് ഉയിർപ്പിക്കുകയും
തന്നോടൊത്തു സ്വർഗത്തിൽ ഉപവിഷ്ടരാക്കുകയും ചെയ്തു.
ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ
അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു.
എല്ലാവർക്കും ജീവൻ നല്കുന്നതിനും
മനുഷ്യവംശത്തിന്റെ പാപകടങ്ങൾ വീട്ടുന്നതിനുംവേണ്ടി
അവൻ മോചനദ്രവ്യമായിത്തീർന്നു;
പാപംനിമിത്തം മരണത്തിന് അടിമകളായിത്തീർന്ന
ഞങ്ങൾക്കെല്ലാവർക്കുംവേണ്ടി തന്നെത്തന്നെ സമർപ്പിച്ചു;
തന്റെ വിലയേറിയ രക്തത്താൽ
ഞങ്ങളെ വിലയ്ക്കുവാങ്ങുകയും രക്ഷിക്കുകയും ചെയ്തു.
അവൻ പാതാളത്തിലേക്കിറങ്ങുകയും
മരണത്തിന്റെ ബന്ധനങ്ങളെ അഴിക്കുകയും ചെയ്തു.
പാതാളത്തിൽ അടക്കപ്പെടാൻ കഴിയാത്ത അവൻ
ഞങ്ങളുടെ രക്ഷയുടെ ആദ്യഫലമായി
മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു.
സകലത്തിലും ഒന്നാമനാകാൻ
അവൻ നിദ്രപ്രാപിച്ചവരുടെ ആദ്യഫലമായിത്തീർന്നു;
സ്വർഗത്തിലേക്ക് ആരോഹിതനാകുകയും
അങ്ങയുടെ മഹത്ത്വത്തിന്റെ വലത്തുഭാഗത്ത്
ഇരിക്കുകയും ചെയ്തു.
അങ്ങയുടെ തിരുമുമ്പാകെ
ഞങ്ങൾ അർപ്പിക്കുന്ന ഈ രഹസ്യം
ഞങ്ങളുടെ രക്ഷയുടെ ഓർമയ്ക്കായി
അവൻ ഞങ്ങൾക്ക് ഏല്പിച്ചുതന്നു.

www.malankaralibrary.com

പീഡാസഹനത്തിനും മരണത്തിനുമുള്ള
സമയം ആസന്നമായപ്പോൾ,
ലോകത്തിന്റെ ജീവനുവേണ്ടി
താൻ ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ
ശിഷ്യന്മാരോടൊത്ത് മൂശെയുടെ നിയമപ്രകാരം
പെസഹാ ആചരിച്ച വേളയിൽ
ഈശോ തന്റെ പുതിയ പെസഹാ സ്ഥാപിച്ചു.
ഞങ്ങൾക്കുവേണ്ടി മുറിക്കപ്പെട്ടവനായ മിശിഹാ
ഞങ്ങളെ ഭരമേല്പിച്ചപ്രകാരം
അവൻ സ്വർഗത്തിൽനിന്നു വീണ്ടും പ്രത്യക്ഷനാകുന്നതുവരെ
അവന്റെ ഓർമയ്ക്കായി
ഞങ്ങൾ ഈ പെസഹാ അനുഷ്ഠിക്കുന്നു.

കാർമി. പെസഹാഭക്ഷണസമയത്ത് ഈശോ
കറയില്ലാത്തതും നിർമലവുമായ തന്റെ തൃക്കരങ്ങളിൽ
അപ്പമെടുത്ത് (പീലാസ എടുക്കുന്നു)
വാഴ്ത്തി ✠ വിഭജിച്ച്, ഭക്ഷിക്കുകയും
തന്റെ ശിഷ്യന്മാർക്കു നല്കുകയും
ചെയ്തുകൊണ്ട് അരുൾചെയ്തു:
ഇതു പാപമോചനത്തിനായി
നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന
എന്റെ ശരീരമാകുന്നു.
നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.

സമൂ. ആമ്മേൻ.

കാർമി. (കാസ എടുക്കുന്നു) അപ്രകാരംതന്നെ കാസയിൽ
വീഞ്ഞും വെള്ളവും കലർത്തി
കൃതജ്ഞതാസ്തോത്രം ചെയ്തു വാഴ്ത്തി ✠
പാനംചെയ്തശേഷം
തന്റെ ശിഷ്യന്മാർക്ക് നല്കിക്കൊണ്ട് അരുൾചെയ്തു:
ഇതു പാപമോചനത്തിനായി
അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന
പുതിയ ഉടമ്പടിയുടെ എന്റെ രക്തമാകുന്നു.
നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനംചെയ്യുവിൻ.

സമൂ. ആമ്മേൻ.

www.malankaralibrary.com

(കാർമികൻ തുടരുന്നു)

എന്റെ പ്രത്യാഗമനംവരെ
എന്റെ ഓർമയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്യുവിൻ.
എന്തുകൊണ്ടെന്നാൽ, ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും
ഈ കാസയിൽനിന്ന് പാനംചെയ്യുകയും ചെയ്യുമ്പോഴെല്ലാം
എന്റെ ആഗമനംവരെ
എന്റെ മരണമാണ് നിങ്ങൾ അനുസ്മരിക്കുന്നത്.

എല്ലാവരും കുനിഞ്ഞ് ആചാരം ചെയ്യുന്നു.
കാർമികൻ പ്രണാമജപം തുടരുന്നു.

ആകയാൽ, എന്റെ കർത്താവേ,
സത്യവിശ്വാസത്തോടെ
ഇവയെ സമീപിച്ചു കൈക്കൊള്ളുന്നവർക്ക്
ഇവ കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
മരിച്ചവരിൽനിന്നുള്ള ഉയിർപ്പിനും
സ്വർഗരാജ്യത്തിൽ നവജീവനും കാരണമാകട്ടെ.

(ബലിപീഠം ചുംബിക്കുന്നു)

കാർമി. **ആരാധ്യനായ പിതാവേ, അങ്ങേക്കും**
സ്തുത്യർഹനായ പുത്രനും
ജീവിക്കുന്നവനും ജീവിപ്പിക്കുന്നവനുമായ
പരിശുദ്ധറൂഹായ്ക്കും
ഞങ്ങൾ സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

(അല്ലെങ്കിൽ)

ബുദ്ധിയുടെ ദീപ്തമായ നേത്രങ്ങൾകൊണ്ടും
മനസ്സിന്റെ നിർമലമായ ചിന്തകൾകൊണ്ടും
നമ്മുടെ രക്ഷകനായ മിശിഹായുടെ ശാന്തതയും
എളിമയും അനുസരണവും നിങ്ങൾ ദർശിക്കുവിൻ.

www.malankaralibrary.com

സ്ലീവായിലെ തന്റെ കഠിനമായ പീഡാനുഭവത്തിനായി
ആനയിക്കപ്പെടുന്ന ഏകജാതനെ
നിങ്ങൾ സൂക്ഷിച്ചുവീക്ഷിക്കുവിൻ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമികൻ താഴ്ന്ന സ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ) ചൊല്ലുന്നു.

കാർമി. കർത്താവേ, ശക്തനായ ദൈവമേ,
അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച
നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാർ,
പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകർ
എന്നിവരുടെ ബഹുമാനത്തിനുവേണ്ടിയും
പരിശുദ്ധ കത്തോലിക്കാസഭമുഴുവനുവേണ്ടിയും
പുരോഹിതന്മാർ, ഭരണകർത്താക്കൾ,
മേലധികാരികൾ എന്നിവർക്കുവേണ്ടിയും
രോഗികൾ, ക്ലേശിതർ, ആകുലർ, പീഡിതർ, അഗതികൾ, ദുഃഖിതർ,
മരണംമൂലം ഞങ്ങളിൽനിന്നു വേർപെട്ടുപോയവർ
എന്നിവർക്കുവേണ്ടിയും, അങ്ങയുടെ കാരുണ്യം
പ്രത്യാശാപൂർവം കാത്തിരിക്കുന്ന ഈ ജനത്തിനും
എളിയവനും ബലഹീനനുമായ എനിക്കുംവേണ്ടി
ഈ കുർബാന സ്വീകരിക്കണമേ.
ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ കാരുണ്യത്തിനും കൃപാധിക്യത്തിനും യോജിച്ചവിധം
അങ്ങയുടെ ജനത്തോടും എളിയവനായ എന്നോടും വർത്തിക്കണമേ.
എന്റെ പാപങ്ങൾക്കും തെറ്റുകൾക്കും തക്കവിധം
അങ്ങു പ്രവർത്തിക്കരുതേ.
അങ്ങയുടെ കൃപയാൽ യഥാർഥവിശ്വാസത്തോടെ
ഞങ്ങൾ സ്വീകരിക്കുന്ന ഈ തിരുശരീരംവഴി
ഞാനും ഇവരും കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും യോഗ്യരാകട്ടെ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. കർത്താവേ, ദയാലുവും കാരുണ്യവാനും അലിവുള്ളവനുമായ ദൈവമേ,
ഞാൻ കേവലം പൂഴിമണ്ണും ചാരവുമാകുന്നു.
പാപിയും ബലഹീനനും
അമ്മയുടെ ഉദരത്തിൽവച്ചുതന്നെ
അങ്ങയുടെ മുമ്പാകെ കടക്കാരനുമായ ഞാൻ
ഇപ്പോൾ തിരുമുമ്പാകെ പ്രാർഥിക്കാൻ തുടങ്ങുന്നു.

www.malankaralibrary.com

കർത്താവേ, കാരുണ്യപൂർവം എന്നോടു ദയതോന്നണമേ.
അങ്ങയുടെ കാരുണ്യത്താൽ കടങ്ങളുടെ കടലിൽനിന്ന്
എന്നെ പിടിച്ചുകയറ്റണമേ. അങ്ങയുടെ മനസ്സലിവിനാൽ
പാപഗർത്തത്തിൽനിന്ന് എന്നെ ഉയർത്തുകയും
എല്ലാം സൗഖ്യമാക്കുന്ന അങ്ങയുടെ ഔഷധത്താൽ
എന്റെ തിന്മകളുടെ മുറിവുകളും കുറ്റങ്ങളുടെ വ്രണങ്ങളും
സുഖപ്പെടുത്തുകയും ചെയ്യണമേ.

കർത്താവേ, തിരുമുമ്പാകെ എന്റെ അധരങ്ങൾ തുറക്കണമേ.
യാചനകൾ സമർപ്പിക്കാൻ എന്നെ അങ്ങു യോഗ്യനാക്കണമേ.
എന്റെയും എന്റെ സഹോദരങ്ങളുടെയും
കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനുമായി
അങ്ങയോടപേക്ഷിക്കാനും
ദൈവമായ അങ്ങേക്കു യോജിച്ചവയും
അങ്ങയോട് ഉണർത്തിക്കേണ്ടവയുമായ കാര്യങ്ങൾ
യാചിക്കാനും എന്നെ അനുവദിക്കണമേ.
എന്തുകൊണ്ടെന്നാൽ, അക്ഷയമായ സമ്പത്തിന്റെ നിധി
അങ്ങയുടെ പക്കലുണ്ടല്ലോ.
എല്ലാനേരവും അങ്ങേക്കു യാചനകൾ സമർപ്പിക്കപ്പെടുന്നു.
സമൃദ്ധമായ ദാനങ്ങൾ അങ്ങ് ഉദാരമായി നല്കുകയും ചെയ്യുന്നു.
മാധുര്യവാനും ദീർഘക്ഷമയുള്ളവനുമായ അങ്ങ്
എന്നോടു കോപിക്കരുതേ.
എന്തുകൊണ്ടെന്നാൽ, തിരുമുമ്പാകെ മുഖപ്രസാദത്തോടെ നില്ക്കാൻ
എനിക്കു മനോധൈര്യമില്ല.
എങ്കിലും അങ്ങയുടെ നാമത്തിൽ ഞാൻ വിളിക്കപ്പെട്ടിരിക്കുന്നതിനാൽ
അങ്ങ് എന്നെ കൈക്കൊള്ളണമേ.
അങ്ങയുടെ ജനത്തിനും
അങ്ങയുടെ മേച്ചിൽപ്പുറത്തെ ആടുകൾക്കുംവേണ്ടി
എന്റെ ബലഹീനകരങ്ങളിൽനിന്ന് ഈ ബലി സ്വീകരിക്കണമേ.
ഇവയെല്ലാറ്റിനെയുംപ്രതി
അങ്ങയുടെ നാമത്തിനു ഞാൻ സ്തോത്രം ചെയ്യുകയും
കർത്താവായ അങ്ങേക്ക് ആരാധന അർപ്പിക്കുകയും ചെയ്യുന്നു.
ഇപ്പോഴും എപ്പോഴും എന്നേക്കും, ആമ്മേൻ.

കാർമികൻ നാലാം പ്രണാമജപം ചൊല്ലുന്നു.

കാർമി. **കർത്താവേ, സർവശക്തനും പിതാവുമായ ദൈവമേ,
ഞങ്ങൾക്കായി നല്കപ്പെട്ട ഈ രക്ഷയെയും
ഞങ്ങൾക്കുവേണ്ടി പരികർമംചെയ്യപ്പെട്ട
എല്ലാറ്റിനെയും ഞങ്ങൾ അനുസ്മരിക്കുന്നു.**

www.malankaralibrary.com

എല്ലാറ്റിനുമുപരിയായി, സത്യപിതാവായ ദൈവമേ,
അങ്ങിൽനിന്നുള്ളവനും അങ്ങയോടു സമനായവനും
അങ്ങയോട് ഐക്യപ്പെട്ടവനും അനാദിയുമായ
അങ്ങയുടെ ഏകജാതന്റെ ജനനവും
ഞങ്ങൾക്കായുള്ള രക്ഷാപദ്ധതിയും
ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു.
അവന്റെ സ്ലീവായും പീഡാനുഭവവും
മരണവും സംസ്കാരവും
മൂന്നാംനാളിലെ ഉത്ഥാനവും സ്വർഗാരോഹണവും
പിതാവിന്റെ വലത്തുഭാഗത്തുള്ള സ്ഥാനവും
മരിച്ചവർക്കും ജീവിക്കുന്നവർക്കും
അവരവരുടെ പ്രവൃത്തികൾക്കനുസൃതം
പ്രതിഫലംനല്കി
വിധിക്കാനായുള്ള രണ്ടാമത്തെ ആഗമനവും
ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു.

പിതാവേ, അങ്ങിൽനിന്നു പുറപ്പെടുകയും
അങ്ങയോടും അങ്ങയുടെ ഏകജാതനോടുംകൂടെ
ഒരുപോലെ എല്ലാവരാലും ആരാധിക്കപ്പെടുകയും
സ്തുതിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്ന,
അങ്ങയുടെ ദൈവത്വത്തിന്റെ മഹനീയസത്തയിൽനിന്നുള്ള
സത്യത്തിന്റെ ആത്മാവായ പരിശുദ്ധാരൂപിയെയും
ഞങ്ങൾ ഏറ്റുപറയുന്നു.

ഭൂമിയുടെ ഒരതിർത്തിമുതൽ മറ്റേ അതിർത്തിവരെയുള്ള
ഏകവും പരിശുദ്ധവും ശ്ലൈഹികവും കാതോലികവുമായ സഭ
എല്ലാവിധ ഇടർച്ചകളിൽനിന്നും
വീഴ്ചയും ഉപദ്രവവുംകൂടാതെ സംരക്ഷിക്കപ്പെടാനായി
സജീവവും പരിശുദ്ധവും സ്വീകാര്യവും സംപൂജ്യവും
ഭയഭക്തിജനകവും മഹോന്നതവും
കളങ്കരഹിതവുമായ ഈ ബലി
സർവസൃഷ്ടികൾക്കുംവേണ്ടി ഞങ്ങൾ അർപ്പിക്കുന്നു.

സത്യമായും ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,
കറയോ മാലിന്യമോ ചുളിവോ ഇല്ലാതെ
നിന്റെ സഭയെ എല്ലാവിധ ഇടർച്ചകളിലുംനിന്ന്
ഇളക്കവും ഉപദ്രവവും കൂടാതെ കാത്തുകൊള്ളണമേ.

www.malankaralibrary.com

പാതാളവാതിലുകൾ ഒരുനാളും അതിനെ തോല്പിക്കില്ലെന്ന്
അങ്ങയുടെ വത്സലപുത്രനും ഞങ്ങളുടെ കർത്താവുമായ
ഈശോമിശിഹാവഴി അങ്ങ് അരുൾചെയ്തിട്ടുണ്ടല്ലോ.

തുടർന്നു വരുന്ന പ്രണാമജപഭാഗം പ്രത്യുത്തരത്തോടു കൂടിയോ അല്ലാതെയോ തുടരുന്നു.

കാർമി. സാർവത്രികസഭയുടെ പിതാവും തലവനുമായ
മാർ (പേര്) പാപ്പായ്ക്കും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും
ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ (പേര്)
മെത്രാപ്പോലീത്തായ്ക്കും
ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ
മാർ (പേര്) മെത്രാനും വേണ്ടിയും
സത്യവിശ്വാസത്തിന്റെ വചനം പ്രഘോഷിക്കുന്ന
എല്ലാസ്ഥലങ്ങളിലുമുള്ള
ഞങ്ങളുടെ പിതാക്കന്മാരായ മെത്രാന്മാർക്കും
നീതിയോടും സത്യത്തിന്റെ നൈർമല്യത്തോടുംകൂടെ
നിന്റെ മുമ്പാകെ ശുശ്രൂഷചെയ്യുന്ന
എല്ലാ പുരോഹിതന്മാർക്കും
നിർമലമനഃസാക്ഷിയോടെ
വിശ്വാസരഹസ്യം മുറുകെപ്പിടിച്ചിരിക്കുന്ന
എല്ലാ മ്ശംശാനമാർക്കും
– സമർപ്പിതർക്കും അല്മായപ്രേഷിതർക്കും –
അങ്ങയുടെ ജനത്തിനുംവേണ്ടിയും
ഞങ്ങൾ പ്രാർഥിക്കുന്നു.

അങ്ങയുടെ ജനത്തിനും
അറിഞ്ഞും അറിയാതെയും
തിരുസന്നിധിയിൽ പാപംചെയ്തുപോയ എല്ലാവർക്കും
ഞങ്ങളിൽനിന്ന് വേർപിരിഞ്ഞുപോയ
എല്ലാ മരിച്ചവർക്കുംവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.
തിരുമുമ്പാകെ ഈ കുർബാന അർപ്പിക്കാൻ
അങ്ങയുടെ കൃപയാൽ യോഗ്യനായിത്തീർന്ന
ബലഹീനനായ ഈ ദാസനും
നീതിയുടെ പ്രവൃത്തികളാൽ അങ്ങയുടെ പരിശുദ്ധസഭയെ
സവിശേഷമായി പരിപാലിക്കുന്നവർക്കും

www.malankaralibrary.com

ദരിദ്രർക്ക് ഉദാരമായി ദാനധർമം ചെയ്യുന്നവർക്കുംവേണ്ടി
ഞങ്ങൾ പ്രാർഥിക്കുന്നു.
എല്ലാ ഭരണാധികാരികൾക്കും
ഈ ലോകത്തിലെ നേതാക്കൾക്കും അധികാരികൾക്കും
രാജ്യങ്ങളുടെ സുസ്ഥിതിക്കുംവേണ്ടി
അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.
കർത്താവേ, അങ്ങയോടുള്ള ഭയഭക്തി
അവരിൽ സ്ഥിരപ്പെടുത്തണമേ.
അങ്ങയുടെ സത്യം അവരിൽ നട്ടുവളർത്തണമേ.

യുദ്ധങ്ങൾ ഒഴിവാക്കുകയും
യുദ്ധപ്രിയരായ ജനതകളെ ചിതറിക്കുകയും ചെയ്യണമേ.
അതുവഴി ഞങ്ങൾ വിനയത്തോടും ദൈവഭയത്തോടുംകൂടെ
സമാധാനപരവും ശാന്തവുമായ ജീവിതം നയിക്കാൻ
ഇടയാകട്ടെ.
അങ്ങയുടെ കൃപയാൽ
ഭൂമിയിൽ ഫലവർഗങ്ങൾ സമൃദ്ധമാക്കുകയും
നല്ല കാലാവസ്ഥ സംജാതമാക്കുകയും
വത്സരങ്ങൾ അനുഗൃഹീതമാക്കുകയും ചെയ്യണമേ.
അങ്ങയുടെ ദയയാൽ
എല്ലാ ദേശങ്ങളോടും ദേശവാസികളോടും
കരുണ കാണിക്കുകയും
അവരെ അനുഗ്രഹിക്കുകയും
കാത്തുപരിപാലിക്കുകയും ചെയ്യണമേ.

കരയിലും കടലിലും ആകാശത്തും
യാത്രചെയ്യുന്നവരെ സംരക്ഷിക്കണമേ.
അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി
ഞെരുക്കങ്ങളിലും സങ്കടങ്ങളിലും
പീഡനങ്ങളിലും വിഷമങ്ങളിലും ഉൾപ്പെട്ടിരിക്കുന്നവരും
ബന്ധനങ്ങളിലും കാരാഗൃഹങ്ങളിലും കഷ്ടതയനുഭവിക്കുന്നവരും
നിരന്തരമായ മർദനങ്ങളിലും അടിമത്തത്തിലും
കഴിയുന്നവരുമായ എല്ലാ സഹോദരങ്ങൾക്കുംവേണ്ടി
ഞങ്ങൾ അപേക്ഷിക്കുന്നു.
രോഗങ്ങളും കഠിനവേദനകളുംമൂലം പരീക്ഷിക്കപ്പെടുകയും
അത്യധികം വ്യാകുലപ്പെട്ടിരിക്കുകയും ചെയ്യുന്ന
എല്ലാവരെയും അങ്ങു സഹായിക്കണമേ.

www.malankaralibrary.com

എല്ലാ മനുഷ്യരും ജീവിക്കുകയും
സത്യത്തിന്റെ ജ്ഞാനത്തിലേക്കു തിരിയുകയും ചെയ്യണമെന്ന്
ആഗ്രഹിക്കുന്ന കർത്താവേ,
അങ്ങയുടെ വത്സലപുത്രനും ഞങ്ങളുടെ കർത്താവുമായ
ഈശോമിശിഹാവഴി
അങ്ങു ഞങ്ങളോടു കല്പിച്ചിട്ടുള്ളതുപോലെ,
ഞങ്ങളെ ദ്വേഷിക്കുന്നവർക്കും
ഞങ്ങൾക്കെതിരായി തിന്മചെയ്യുന്നവർക്കും
ഞങ്ങളുടെ എല്ലാ ശത്രുക്കൾക്കുംവേണ്ടി
അങ്ങയുടെ കരുണ ഞങ്ങൾ യാചിക്കുന്നു.
കർത്താവേ, ബലവാനായ ദൈവമേ,
അവരുടെ ശിക്ഷയ്ക്കോ
അവരോടുള്ള പ്രതികാരത്തിനോ വേണ്ടിയല്ല
പ്രത്യുത, അങ്ങയുടെ കാരുണ്യത്താൽ
അവരുടെ പാപമോചനത്തിനും രക്ഷയ്ക്കുംവേണ്ടി
ഞങ്ങൾ അപേക്ഷിക്കുന്നു.

(അല്ലെങ്കിൽ)

പ്രത്യുത്തരത്തോടുകൂടിയ പ്രണാമജപഭാഗം

കാർമി. സാർവത്രികസഭയുടെ പിതാവും തലവനുമായ
മാർ (പേര്) പാപ്പായ്ക്കും
ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ
മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും
ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ
മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും
ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ
മാർ (പേര്) മെത്രാനും വേണ്ടിയും
സത്യവിശ്വാസത്തിന്റെ വചനം പ്രഘോഷിക്കുന്ന
എല്ലാസ്ഥലങ്ങളിലുമുള്ള
ഞങ്ങളുടെ പിതാക്കന്മാരായ മെത്രാന്മാർക്കും
നീതിയോടും സത്യത്തിന്റെ നൈർമല്യത്തോടുംകൂടെ
നിന്റെ മുമ്പാകെ ശുശ്രൂഷചെയ്യുന്ന എല്ലാ പുരോഹിതന്മാർക്കും
നിർമലമനഃസാക്ഷിയോടെ
വിശ്വാസരഹസ്യം മുറുകെപ്പിടിച്ചിരിക്കുന്ന
എല്ലാ മ്ശംശാനമാർക്കും

www.malankaralibrary.com

– സമർപ്പിതർക്കും അല്മായപ്രേഷിതർക്കും –
അങ്ങയുടെ ജനത്തിനുംവേണ്ടിയും
ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

കാർമി. അറിഞ്ഞും അറിയാതെയും
തിരുസന്നിധിയിൽ പാപം ചെയ്തുപോയ എല്ലാവർക്കും
ഞങ്ങളിൽനിന്ന് വേർപിരിഞ്ഞുപോയ
എല്ലാ മരിച്ചവർക്കുംവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.
തിരുമുമ്പാകെ ഈ കുർബാന അർപ്പിക്കാൻ
അങ്ങയുടെ കൃപയാൽ യോഗ്യനായിത്തീർന്ന
ബലഹീനനായ ഈ ദാസനും
നീതിയുടെ പ്രവൃത്തികളാൽ അങ്ങയുടെ പരിശുദ്ധസഭയെ
സവിശേഷമായി പരിപാലിക്കുന്നവർക്കും
ദരിദ്രർക്ക് ഉദാരമായി ദാനധർമം ചെയ്യുന്നവർക്കുംവേണ്ടി
ഞങ്ങൾ പ്രാർഥിക്കുന്നു.
എല്ലാ ഭരണാധികാരികൾക്കും
ഈ ലോകത്തിലെ നേതാക്കൾക്കും അധികാരികൾക്കും
രാജ്യങ്ങളുടെ സുസ്ഥിതിക്കുംവേണ്ടി
അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.
കർത്താവേ, അങ്ങയോടുള്ള ഭയഭക്തി
അവരിൽ സ്ഥിരപ്പെടുത്തുകയും അങ്ങയുടെ സത്യം
അവരിൽ നട്ടുവളർത്തുകയും ചെയ്യണമേ.

സമൂ. ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

കാർമി. എന്റെ കർത്താവേ, അങ്ങയോടു ഞങ്ങൾ
അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു.
യുദ്ധങ്ങൾ ഒഴിവാക്കുകയും
യുദ്ധപ്രിയരായ ജനതകളെ ചിതറിക്കുകയും ചെയ്യണമേ.
അതുവഴി, ഞങ്ങൾ വിനയത്തോടും ദൈവഭയത്തോടുംകൂടെ
സമാധാനപരവും ശാന്തവുമായ ജീവിതം നയിക്കാൻ
ഇടയാകട്ടെ.
അങ്ങയുടെ കൃപയാൽ
ഭൂമിയിൽ ഫലവർഗങ്ങൾ സമൃദ്ധമാക്കുകയും

www.malankaralibrary.com

നല്ല കാലാവസ്ഥ സംജാതമാക്കുകയും
വത്സരങ്ങൾ അനുഗൃഹീതമാക്കുകയും ചെയ്യണമേ.
അങ്ങയുടെ ദയയാൽ
എല്ലാ ദേശങ്ങളോടും ദേശവാസികളോടും
കരുണകാണിക്കുകയും
അവരെ അനുഗ്രഹിക്കുകയും
കാത്തുപരിപാലിക്കുകയും ചെയ്യണമേ.

സമൂ. ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

കാർമി. കരയിലും കടലിലും ആകാശത്തും
യാത്രചെയ്യുന്നവരെ സംരക്ഷിക്കണമേ.
അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി
ഞെരുക്കങ്ങളിലും സങ്കടങ്ങളിലും
പീഡനങ്ങളിലും വിഷമങ്ങളിലും ഉൾപ്പെട്ടിരിക്കുന്നവരും
ബന്ധനങ്ങളിലും കാരാഗൃഹങ്ങളിലും
കഷ്ടതയനുഭവിക്കുന്നവരും
നിരന്തരമായ മർദനങ്ങളിലും അടിമത്തത്തിലും
കഴിയുന്നവരുമായ എല്ലാ സഹോദരങ്ങൾക്കുംവേണ്ടി
ഞങ്ങൾ അപേക്ഷിക്കുന്നു.
രോഗങ്ങളും കഠിനവേദനകളുംമൂലം പരീക്ഷിക്കപ്പെടുകയും
അത്യധികം വ്യാകുലപ്പെട്ടിരിക്കുകയും ചെയ്യുന്ന
എല്ലാവരെയും അങ്ങു സഹായിക്കണമേ.

സമൂ. ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

കാർമി. എല്ലാ മനുഷ്യരും ജീവിക്കുകയും
സത്യത്തിന്റെ ജ്ഞാനത്തിലേക്കു തിരിയുകയും ചെയ്യണമെന്ന്
ആഗ്രഹിക്കുന്ന കർത്താവേ,
അങ്ങയുടെ വത്സലപുത്രനും ഞങ്ങളുടെ കർത്താവുമായ
ഈശോമിശിഹാവഴി
അങ്ങു ഞങ്ങളോടു കല്പിച്ചിട്ടുള്ളതുപോലെ,
ഞങ്ങളെ ദ്വേഷിക്കുന്നവർക്കും
ഞങ്ങൾക്കെതിരായി തിന്മചെയ്യുന്നവർക്കും
ഞങ്ങളുടെ എല്ലാ ശത്രുക്കൾക്കുംവേണ്ടി
അങ്ങയുടെ കരുണ ഞങ്ങൾ യാചിക്കുന്നു.
കർത്താവേ, ബലവാനായ ദൈവമേ,
അവരുടെ ശിക്ഷയ്ക്കോ
അവരോടുള്ള പ്രതികാരത്തിനോ വേണ്ടിയല്ല
പ്രത്യുത, അങ്ങയുടെ കാരുണ്യത്താൽ

www.malankaralibrary.com

അവരുടെ പാപമോചനത്തിനും രക്ഷയ്ക്കുംവേണ്ടി
ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. ആമ്മേൻ. കർത്താവേ, കരുണയുണ്ടാകണമേ.

കാർമികൻ തുടരുന്നു.

കാർമി. കർത്താവേ, മർത്ത്യരായ ഞങ്ങൾ
അങ്ങയുടെ കല്പന ലംഘിച്ചു പാപം ചെയ്തുപോയി.
എല്ലാറ്റിനെയും ഭരിക്കുന്ന നല്ലവനായ
അങ്ങയുടെ കരുണയാൽ ഞങ്ങളോടു ക്ഷമിച്ച്
ഞങ്ങളുടെ പാപങ്ങൾ മോചിക്കണമേ.
ഞങ്ങൾ ഒന്നുചേർന്ന്
അങ്ങേക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. ഹൃദയംകൊണ്ടു നിങ്ങൾ പ്രാർഥിക്കുവിൻ.
സമാധാനം നമ്മോടുകൂടെ.

(അല്ലെങ്കിൽ)

ശുശ്രൂ. അത്യുന്നതങ്ങളിലേക്കു കണ്ണുകൾ ഉയർത്തുവിൻ.
ഹൃദയജ്ഞാനത്തോടെ വീക്ഷിക്കുവിൻ.
നിങ്ങൾ പ്രാർഥിക്കുകയും
ഇപ്പോൾ അനുഷ്ഠിക്കപ്പെടുന്നവയെക്കുറിച്ചു
ധ്യാനിക്കുകയും ചെയ്യുവിൻ.
മിശിഹായുടെ മഹനീയമായ സിംഹാസനത്തിനുമുമ്പിൽ
സ്രാപ്പേമാർ ഭയത്തോടെ നില്ക്കുന്നു.
അവരെല്ലാവരും, പ്രാർഥിക്കുന്ന ജനത്തോടും
ലോകംമുഴുവനുംവേണ്ടി അനുഗ്രഹം യാചിക്കുന്ന
പുരോഹിതനോടുംചേർന്ന്,
സജ്ജമാക്കപ്പെട്ടിരിക്കുന്ന ശരീരത്തെയും
കലർത്തപ്പെട്ടിരിക്കുന്ന കാസയെയും
ഉയർന്നസ്വരത്തിൽ നിരന്തരം പാടിസ്തുതിക്കുന്നു.

കാർമികൻ താഴ്ന്നസ്വരത്തിൽ യാചനാപ്രാർഥന (കൂശാപ്പ)
ചൊല്ലുന്നു.

www.malankaralibrary.com

കാർമി. ഞങ്ങളുടെ കർത്താവീശോമിശിഹായേ, നിനക്കു സ്തുതി.
പുരോഹിതരുടെ ഗണത്തിൽ എന്നെ ചേർക്കുകയും
നിന്റെ വിശുദ്ധരുടെ ഗണത്തിൽ
എന്നെ ഉൾപ്പെടുത്തുകയുംചെയ്ത നിനക്കു സ്തുതി.
നിന്റെ ജനത്തിനുവേണ്ടി
മനോധൈര്യത്തോടെ മാധ്യസ്ഥ്യംവഹിക്കാനും
നിന്റെ കാരുണ്യത്തിന്റെ വസ്ത്രാഞ്ചലത്തിൽ സ്പർശിക്കാനും
എന്നെ യോഗ്യനാക്കിയ കർത്താവേ, നിനക്കു സ്തുതി.
എന്റെ കർത്താവേ, നിന്റെ കാരുണ്യം പ്രതീക്ഷിച്ചുനില്ക്കുന്ന
നിന്റെ ജനത്തോടു മനസ്സലിവു തോന്നണമേ.

നിന്റെ ആലയിൽനിന്നു വഴിതെറ്റിപ്പോയ
ആടുകളോടു ദയതോന്നണമേ.
നിന്റെ കല്പന ലംഘിച്ച പാപികളോടു ക്ഷമിക്കണമേ.
നിന്റെ കാരുണ്യാതിരേകത്താൽ
സർവസൃഷ്ടികളോടും കരുണ കാണിക്കണമേ.
നിന്റെ ദയയാൽ കടക്കാരോടു ക്ഷമിക്കുകയും
നിന്റെ ആർദ്രതയാൽ കുറ്റക്കാരോടു രമ്യതപ്പെടുകയും ചെയ്യണമേ.
തെറ്റിപ്പോയവരെ നിന്റെ തൊഴുത്തിലേക്കു തിരിച്ചുകൊണ്ടുവരണമേ.
ചിതറിപ്പോയവരെ നിന്റെ ഭവനത്തിലേക്കു കൂട്ടിച്ചേർക്കണമേ.
ഞെരുക്കത്തിലിരിക്കുന്നവരെ നിന്റെ കൃപയാൽ ആശ്വസിപ്പിക്കണമേ.
ഹൃദയം തകർന്നവർക്കു നിന്റെ ദയയാൽ ആശ്വാസം നല്കണമേ.
നിന്റെ തിരുനാമത്തെപ്രതി പ്രവർത്തിക്കുന്നവരുടെ
ആവശ്യങ്ങൾ നിറവേറ്റണമേ.
നിന്നിലുള്ള പ്രത്യാശയിൽ
സത്യമാർഗത്തിലൂടെ ചരിക്കുന്നവരെ സഹായിക്കണമേ.
നിന്നിലുള്ള ശരണത്തിൽ
മരണനിദ്രപ്രാപിച്ചവരെ ഉയിർപ്പിക്കണമേ.
നിന്റെ കൃപയാൽ അവരെ വലത്തുഭാഗത്തു നിറുത്തുകയും
ആദിമുതൽ നിന്നെ പ്രസാദിപ്പിച്ച
സകലനീതിമാന്മാരോടും നിർമലരോടുംകൂടെ
നിന്റെ രാജ്യത്തിലെ സ്വർഗീയഭാഗ്യങ്ങളാൽ
ആനന്ദിപ്പിക്കുകയും ചെയ്യണമേ.

ഈ നാഴികയിൽ നിന്റെ നാമത്തിൽ ഒരുമിച്ചുകൂടി
തിരുമുമ്പാകെ നില്ക്കുന്ന
നിന്റെ ജനത്തിന്റെ കടങ്ങൾ പൊറുക്കുകയും
കറകൾ നീക്കിക്കളയുകയും പാപങ്ങൾ മോചിക്കുകയും ചെയ്യണമേ.

www.malankaralibrary.com

അവരുടെ വേദനകൾ ശമിപ്പിക്കുകയും
രോഗങ്ങൾ സുഖമാക്കുകയും ചെയ്യണമേ.
അവരുടെ ശത്രുക്കളെ ദുർബലരാക്കണമേ.
അവരെ വെറുക്കുന്നവരെ പരാജയപ്പെടുത്തണമേ.
അവരുടെ കറകൾ മായിച്ചുകളയുകയും
മുറിവുകൾ കഴുകുകയും കുറവുകൾ നികത്തുകയും ചെയ്യണമേ.
അവരെ നാശത്തിൽനിന്നു തിരിച്ചുകൊണ്ടുവരണമേ.
നിർജീവാവസ്ഥയിലുള്ളവർക്ക് നവജീവൻ പ്രദാനം ചെയ്യണമേ.
പീഡിതരെ ആശ്വസിപ്പിക്കണമേ. കലഹങ്ങൾ ശമിപ്പിക്കണമേ.
അവരെ വലയംചെയ്തിരിക്കുന്ന അന്ധകാരത്തിൽ
പ്രകാശം ചൊരിയണമേ.
വീണുപോയവരെ എഴുന്നേല്പിക്കുകയും
ദരിദ്രരെ സമ്പന്നരാക്കുകയും ചെയ്യണമേ.
ഞെരുക്കങ്ങളിൽ അവർക്ക് ആശ്വാസം നല്കണമേ.
അവർക്കുവേണ്ടിയും പാപിയും ദരിദ്രനുമായ എനിക്കുവേണ്ടിയുമുള്ള
എളിയവനായ എന്റെ പ്രാർഥന കേൾക്കണമേ.
എന്തുകൊണ്ടെന്നാൽ, നിന്റെ മുമ്പാകെ കുമ്പിട്ടുനില്ക്കാൻ
ഈ സമയത്ത് എന്നെ നിയോഗിച്ചുവല്ലോ.
എന്നെ സഹായിച്ചു രക്ഷിക്കണമേ.
വീണുപോയ എന്നെ എഴുന്നേല്പിക്കണമേ.
നിസ്സാരനായ എന്നെ ഉയർത്തണമേ.
പാപിയായ എന്നിൽ കനിയണമേ.
എന്റെ കുറ്റങ്ങൾ അവഗണിച്ച് എന്റെ പ്രാർഥന കേൾക്കുകയും
യാചന സ്വീകരിക്കുകയും
നിന്റെ മാർഗത്തിലൂടെ എന്നെ നടത്തുകയും
നിന്റെ വാഗ്ദാനങ്ങളിൽ എന്നെ ഉറപ്പിക്കുകയും
നിന്റെ രഹസ്യങ്ങളിൽ എന്നെ പങ്കാളിയാക്കുകയും ചെയ്യണമേ.
നിന്റെ നിത്യസൗഭാഗ്യത്തിൽ
എന്നെ നിന്റെ വലത്തുഭാഗത്തു നിറുത്തുകയും
എല്ലാവരോടുമൊത്ത് നിന്റെ ഭവനത്തിൽ വിരുന്നിനിരുത്തുകയും
നിന്റെ സകല വിശുദ്ധരോടുംകൂടെ
നിന്റെ മഹത്ത്വത്തിന്റെ സിംഹാസനത്തിൻ മുമ്പാകെ
മനോവിശ്വാസത്തോടെ നില്ക്കാൻ
എന്നെ യോഗ്യനാക്കുകയും ചെയ്യണമേ.
നിന്നെ ബഹുമാനിക്കുന്ന ഭൂവാസികളായ മനുഷ്യരുടെയും
നിന്നെ മഹത്ത്വപ്പെടുത്തുന്ന ക്രോവേമാരുടെയും സ്രാപ്പേമാരുടെയും
നിന്നെ പാടിസ്തുതിക്കുന്ന ദൂതരുടെയും പ്രാർഥനകൾവഴി
പാപിയായ എന്റെമേൽ നിന്റെ കാരുണ്യധാര ഒഴുക്കണമേ. ആമ്മേൻ.

www.malankaralibrary.com

കാർമികൻ അഞ്ചാം പ്രണാമജപം ചൊല്ലുന്നു.

കാർമി. കർത്താവേ, സർവശക്തനായ ദൈവമേ,
ഞങ്ങളുടെ പിതാവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.
അങ്ങയുടെ മുമ്പാകെ ഞങ്ങൾ പ്രണമിച്ച് ആരാധിക്കുന്നു.

തെറ്റിപ്പോയവരെ തിരിച്ചുകൊണ്ടുവരണമേ.
അന്ധകാരത്തിലായിരിക്കുന്നവരെ പ്രകാശിപ്പിക്കണമേ.
ബലഹീനരെ ശക്തിപ്പെടുത്തണമേ.
വീണവരെ എഴുന്നേല്പിക്കണമേ.
നിലനില്ക്കുന്നവരെ വീഴാതെ കാക്കണമേ.
ഓരോരുത്തർക്കും ഉപകാരപ്രദവും ആവശ്യകവുമായവ
കാരുണ്യപൂർവം അങ്ങു പ്രദാനം ചെയ്യണമേ.
ഞങ്ങളുടെ കർത്താവേ,
അങ്ങയോടു ഞങ്ങൾ യാചിക്കുകയും
തിരുമുമ്പാകെ അപേക്ഷിക്കുകയും ചെയ്യുന്നു.
എല്ലാ പിതാക്കന്മാരെയും പാത്രിയാർക്കീസുമാരെയും
പ്രവാചകന്മാരെയും ശ്ലീഹന്മാരെയും
രക്തസാക്ഷികളെയും വന്ദകരെയും
മെത്രാന്മാരെയും മല്പാന്മാരെയും
പുരോഹിതരെയും മ്ശംശാനമാരെയും
ഞങ്ങളുടെ ഈ ശുശ്രൂഷയിൽ പങ്കുചേർന്ന്
ലോകം വിട്ടുപോയ എല്ലാവരെയും
സത്യവിശ്വാസത്തോടെ നിദ്രപ്രാപിച്ചു
കടന്നുപോയിരിക്കുന്ന എല്ലാവരെയും അങ്ങ് ഓർക്കണമേ.
അവരുടെ നാമം അങ്ങ് അറിയുന്നുവല്ലോ.
പാപത്തിലേക്കു ചാഞ്ഞിരിക്കുന്നവരും
പ്രലോഭനങ്ങൾക്കും ദുരാശകൾക്കും അടിമപ്പെട്ടവരുമായ
മനുഷ്യരെന്ന നിലയിൽ
തിരുമുമ്പാകെ പാപം ചെയ്ത് അകന്നുപോയവരോടു
പൊറുക്കുകയും ക്ഷമിക്കുകയും ചെയ്യണമേ.

അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരുടെയും
പ്രാർഥനയാലും അപേക്ഷയാലും
അങ്ങു ഞങ്ങളിലേക്കു തിരിയണമേ. ഞങ്ങളുടെയും,
അങ്ങയുടെ വിശുദ്ധമദ്ബഹയുടെ മുമ്പാകെ നില്ക്കുന്ന

www.malankaralibrary.com

എല്ലാ ദാസന്മാരുടെയും ദാസികളുടെയുംമേൽ
കരുണയായിരിക്കണമേ.
സ്വർഗീയപ്രകാശത്തിൽ അങ്ങയുടെ വിശുദ്ധർ പ്രാപിച്ച
ഓഹരിക്കും അവകാശത്തിനും
ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കണമേ.
ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ഈ പ്രവാസകാലത്ത്
നിഷ്കളങ്കമായ സ്നേഹത്തിലും നിർമലമായ വിചാരങ്ങളിലും
തിരുസന്നിധിയിൽ ജീവിക്കാൻ
ഞങ്ങൾക്കു കൃപ നല്കണമേ.

അങ്ങിലുള്ള സത്യവിശ്വാസത്തിന്റെ
യഥാർഥജ്ഞാനം ഞങ്ങൾ സമ്പാദിക്കുകയും
അങ്ങയുടെ ഭയഭക്തിജനകവും പരിശുദ്ധവും
ദൈവികവുമായ രഹസ്യങ്ങളിൽ
പങ്കുകാരാകുകയും ചെയ്തുകൊണ്ട്
അങ്ങയുടെ മഹത്ത്വത്തിന്റെ ഭീതിജനകമായ
സിംഹാസനത്തിനുമുമ്പിൽ നില്ക്കുമ്പോൾ
ഞങ്ങൾ ലജ്ജിക്കാനും ശിക്ഷയ്ക്ക്
വിധിക്കപ്പെടാനും ഇടയാക്കരുതേ.

ഭയഭക്തിജനകവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ
അങ്ങയുടെ രഹസ്യങ്ങളുടെ ശുശ്രൂഷയ്ക്ക്
ഈ ലോകത്തിൽ ഞങ്ങളെ യോഗ്യരാക്കിയതുപോലെ
വരാനിരിക്കുന്ന ലോകത്തിൽ
കടന്നുപോകാത്തതും അഴിയാത്തതുമായ
സകലസൗഭാഗ്യങ്ങളിലും
പ്രസന്നവദനരായി പങ്കുകാരാകാൻ
ഞങ്ങളെ യോഗ്യരാക്കണമേ.

ഇവിടെ ഞങ്ങൾ കണ്ണാടിയിലെന്നപോലെ
അവ്യക്തമായി അനുഭവിക്കുന്നവയ്ക്ക്
അങ്ങ് അന്ത്യം വരുത്തുമ്പോൾ,
അവിടെ തെളിവായി സ്വർഗത്തിലുള്ള
അതിവിശുദ്ധസ്ഥലം പ്രാപിക്കാൻ
ഞങ്ങളെ അനുഗ്രഹിക്കണമേ.

www.malankaralibrary.com

ആകയാൽ, ഞങ്ങളുടെ കർത്താവേ,
എളിയവരും നിസ്സാരരും ബലഹീനരുമായ ഞങ്ങൾ
(കാർമികൻ കൈകൾ കുരിശാകൃതിയിൽ നെഞ്ചോടുചേർത്തു പിടിക്കുന്നു) അങ്ങിൽനിന്ന് അകന്നവരായിരുന്നെങ്കിലും
അങ്ങയുടെ കാരുണ്യാതിരേകത്താൽ
തിരുമുമ്പിൽ നില്ക്കുന്നതിനും
ഭീതിജനകവും മഹത്ത്വപൂർണവുമായ ഈ ശുശ്രൂഷ
പരികർമം ചെയ്യുന്നതിനും
അങ്ങു ഞങ്ങളെ യോഗ്യരാക്കി.
സകല സൃഷ്ടികളെയും നവീകരിക്കുന്ന
ആരാധ്യമായ അങ്ങയുടെ ദൈവത്വത്തോട്
ഞങ്ങൾ ഒരുമിച്ച് അപേക്ഷിക്കുന്നു.

ശുശ്രൂ. നിങ്ങൾ നിശബ്ദരായി ആദരപൂർവം പ്രാർഥിക്കുവിൻ.
സമാധാനം നമ്മോടുകൂടെ.

(അല്ലെങ്കിൽ)

ശുശ്രൂ. ഈ സമയം എത്രയോ ഭയഭക്തിജനകവും
ആശ്ചര്യജനകവുമാകുന്നു.
ഇതാ, പുരോഹിതൻ റൂഹായെ വിളിക്കുകയും
റൂഹാ ഉന്നതത്തിൽ നിന്നിറങ്ങി
തിരുവിഷ്ടം നിറവേറ്റുകയും ചെയ്യുന്നു.
നമ്മുടെ രക്ഷകനായ മിശിഹായുടെ
ശരീരവും രക്തവുമാകുന്ന ഈ സ്വർഗീയ കുർബാന
അതു സ്വീകരിക്കുന്നവരുടെ കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനുമായി
പവിത്രീകരിക്കപ്പെടുന്നു.
നിങ്ങൾ ശാന്തരായി,
ഭയഭക്തിയോടെനിന്ന് പ്രാർഥിക്കുവിൻ.
സമാധാനം നമ്മോടുകൂടെ.

കാർമികൻ ദിവ്യരഹസ്യങ്ങൾക്കു മുകളിൽ കൈകളുയർത്തി, ഇടത്തുകൈ അടിയിലും വലത്തുകൈ മുകളിലുമായി കുരിശാകൃതിയിൽ കമഴ്ത്തിപ്പിടിക്കുന്നു.

കാർമി. എന്റെ കർത്താവേ, പരിശുദ്ധറൂഹായുടെ കൃപ
എഴുന്നള്ളിവരുകയും

www.malankaralibrary.com

അങ്ങയുടെ മുമ്പാകെ ഞങ്ങളർപ്പിക്കുന്ന
ഈ കുർബാനയിൽ ആവസിക്കുകയും കുടികൊള്ളുകയും
ഈ അപ്പത്തെയും കാസയെയും വാഴ്ത്തി വിശുദ്ധീകരിച്ച്
ഞങ്ങളുടെ കർത്താവീശോമിശിഹായുടെ
ശരീരവും രക്തവുമാക്കി പൂർത്തീകരിക്കുകയും ചെയ്യട്ടെ.
ആരാധ്യവും പരിശുദ്ധവുമായ ഈ രഹസ്യങ്ങൾ,
അവ സ്വീകരിക്കുന്നവർക്കെല്ലാം
ശരീരത്തിന്റെയും ആത്മാവിന്റെയും ശുദ്ധീകരണത്തിനും
ബുദ്ധിയുടെ പ്രകാശനത്തിനും
മരിച്ചവരിൽനിന്നുള്ള ഉയിർപ്പിനും നിത്യജീവനും
തിരുസന്നിധിയിലുള്ള സംപ്രീതിക്കും
ഞങ്ങളുടെ കർത്താവീശോമിശിഹാവഴി
അങ്ങു ഞങ്ങൾക്കു വാഗ്ദാനം ചെയ്തിരിക്കുന്ന
രക്ഷയ്ക്കും കാരണമാകട്ടെ.
ഏകപ്രത്യാശയിൽ ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതിനാൽ
ഏകശരീരവും ഏകആത്മാവുമായിത്തീരാൻതക്കവിധം
സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ബന്ധത്താൽ
ഞങ്ങളെ അന്യോന്യം യോജിപ്പിക്കണമേ.

(കാർമികൻ തുടരുന്നു)

ആരും തന്റെ ശരീരത്തിന്റെയും ആത്മാവിന്റെയും
ശിക്ഷാവിധിക്കായി ഇതു ഭക്ഷിക്കാനും പാനം ചെയ്യാനും
ഇടയാകാതിരിക്കട്ടെ.

പാപംമൂലം അയോഗ്യരായിരിക്കെ
ഈ അപ്പത്തിൽനിന്നു ഭക്ഷിക്കുന്നതും
ഈ കാസയിൽനിന്നു പാനം ചെയ്യുന്നതും
രോഗത്തിനും ബലഹീനതയ്ക്കും കാരണമാകാതിരിക്കട്ടെ.
പ്രത്യുത, അങ്ങേക്കു പ്രീതികരമായ സകലതിലും
ഞങ്ങളെ ശക്തിപ്പെടുത്തുകയും
ഉറപ്പിക്കുകയും ചെയ്യട്ടെ.

അങ്ങനെ ഞങ്ങൾ നിർമലമനഃസാക്ഷിയോടുകൂടെ
അങ്ങയുടെ അഭിഷിക്തന്റെ ശരീരത്തോടും രക്തത്തോടും
ഐക്യപ്പെടാൻ യോഗ്യരായിത്തീരട്ടെ.

www.malankaralibrary.com

അങ്ങയുടെ മഹോന്നതവും ഭയഭക്തിജനകവുമായ
സിംഹാസനത്തിന്റെ മുമ്പാകെ
ന്യായവിധിക്കായി ഞങ്ങൾ നില്ക്കുമ്പോൾ
തിരുസന്നിധിയിൽ കരുണയും ദയയും ഞങ്ങൾ കണ്ടെത്തട്ടെ.
ആദിമുതൽ അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരോടുംകൂടെ
അങ്ങയുടെ ഏകജാതന്റെ കൃപയിലും കരുണയിലും
ഞങ്ങൾ ആനന്ദിക്കാൻ ഇടയാകട്ടെ.

(ബലിപീഠം ചുംബിക്കുന്നു)

കാർമി. കർത്താവേ, അങ്ങേക്കും അങ്ങയുടെ ഏകജാതനും
ജീവിക്കുന്നവനും ജീവിപ്പിക്കുന്നവനുമായ
പരിശുദ്ധാത്മാവിനും മഹത്ത്വവും ബഹുമാനവും
ആധിപത്യവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും ✠ (ദിവ്യരഹസ്യങ്ങളിന്മേൽ റൂശ്മ ചെയ്യുന്നു)
എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

(തുടർന്ന് കുർബാനയുടെ പൊതുക്രമം കാണുക)
(സ്വർഗവാസികളുടെ സമാധാനവും ... പേജ് - 85)

www.malankaralibrary.com

വിശുദ്ധ കുർബാനയിലെ മാറിവരുന്ന പ്രാർഥനകൾ

(പ്രോപ്രിയ)

മംഗളവാർത്തക്കാലം

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പുത്രനായ മിശിഹായുടെ മനുഷ്യാവതാരംവഴി രക്ഷാവാഗ്ദാനം പൂർത്തിയാക്കിയ അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. മിശിഹായിൽ, ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തി ദൈവപുത്രസ്ഥാനത്തിന് അർഹരാക്കിയ അങ്ങയുടെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി ഈ വിശുദ്ധ കുർബാന യോഗ്യതയോടെ അർപ്പിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 96, 97, 98 (മർമീസ 38)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവിന്നപദാനങ്ങൾ
കീർത്തിപ്പിൻ പുതുഗാനത്താൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ
പാർത്തലമെല്ലാമുടയവനെ.

സമൂ. നരരക്ഷകനാം മിശിഹായേ,
മഹനീയം നിന്നാഗമനം
വാനവരൊപ്പം നിൻ സ്തുതികൾ
പാടാനർഹതയേകീ നീ.

www.malankaralibrary.com

നാഥൻ വാണരുളീടുന്നു
പാരിൽ മുഴുവനുമാനന്ദം
മോദമോടാർത്തുവിളിച്ചീടാം
സ്തുതിഗീതങ്ങൾ പാടീടാം.

ഇമ്പമൊടിന്നു മുഴക്കീടാം
കൊമ്പും കുഴലും കിന്നരവും
ഗിരിശിഖരങ്ങൾ തിരുമുമ്പിൽ
ഒരുമിച്ചാർത്തുവിളിക്കട്ടെ.

കരഘോഷത്താലരുവികളും
ആഴിയുമതിലെ ജീവികളും
ഊഴിയുമതിലെ നിവാസികളും
സ്വരമുച്ചത്തിലുയർത്തട്ടെ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിനു പുതിയ കീർത്തനം പാടുവിൻ;
ഭൂമിമുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

സമൂ. (കാനോന) ലോകരക്ഷകനായ മിശിഹായേ,
നിന്റെ ആഗമനം അനുഗൃഹീതമാകുന്നു.
മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കാൻ
നീ ഞങ്ങളെ യോഗ്യരാക്കി.

കാർമി. കർത്താവു ഭരണം നടത്തുന്നു;
ഭൂമി ആനന്ദിക്കട്ടെ.

സമൂ. കിന്നരംമീട്ടി കർത്താവിനെ കീർത്തിക്കുവിൻ;
വാദ്യഘോഷത്തോടെ സ്തുതിക്കുവിൻ;
കാഹളം മുഴക്കി, രാജാവായ കർത്താവിനെ വാഴ്ത്തുവിൻ.

www.malankaralibrary.com

കാർമി. സമുദ്രം അതിന്റെ നിറവിൽ ഇളകിമറിയട്ടെ;
ഭൂമിയും അതിലെ നിവാസികളും ആഹ്ലാദിക്കട്ടെ.

സമൂ. കർത്താവിന്റെ സന്നിധിയിൽ കാട്ടാറുകൾ കൈയടിക്കട്ടെ;
പർവതങ്ങൾ സ്തുതിപാടട്ടെ.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ലോകരക്ഷകനായ മിശിഹായേ,
നിന്റെ ആഗമനം അനുഗൃഹീതമാകുന്നു.
മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കാൻ
നീ ഞങ്ങളെ യോഗ്യരാക്കി.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I കർത്താവിന്റെ രക്ഷ പ്രതിദിനം പ്രഘോഷിക്കുവിൻ.

(സങ്കീ 96, 2)

സമൂ. സർവജഗത്തിൻ രക്ഷയുമൊരുപോൽ ഉൾക്കൊണ്ടീടും
മംഗളവാർത്തയിഹത്തിൽ കന്യകയാൾ കൈക്കൊൾകേ
ദൈവാരൂപിയിറങ്ങി മറിയത്തിൽ കുടികൊണ്ടു.
ഉടലാർന്നവളിൽ വചനം, കന്യകയോ മാതാവായ്
അത്യുന്നതമാം ശക്തി മറിയത്തിൽ കൃപയായ് നിവസിച്ചു.

ഗായക. II ദൈവമാഹാത്മ്യം ജനതകളോടുണർത്തിക്കുവിൻ.

(സങ്കീ 96, 3)

സമൂ. പൂർണതയോലും പ്രത്യാശയൊടെ മറിയം നിലകൊൾകേ
നാരീമണികളിലേറ്റം ഉന്നതയായ് പൂർണയുമായ്.
ദൈവാത്മജനാം വചനം മറിയത്തിൻ സുതനായി
നമ്മോടൊത്തു വസിക്കാൻ തിരുമനസ്സായ് തൻ കൃപയാൽ
നമ്മിൽ കരുണ ചൊരിഞ്ഞു സ്രഷ്ടാവാം ദൈവം
ആരാധ്യൻ.

www.malankaralibrary.com

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. കർത്താവീശോ മിശിഹായേ, നീ കനിവോടെന്നാളും
കാക്കണമേ നിൻ സഭയെ സ്ലീവാതൻ ചിറകുകളിൽ.
അവളിൽ തിന്മ വരുത്തും വഞ്ചകരെ നീക്കേണം.
ശാന്തി വിതയ്ക്കണമവളിൽ നിൻ പ്രഭ നീ ചൊരിയേണം.
അഗതിക്കഭയം നല്കും തുറമുഖമായ് അവളെ വളർത്തേണം.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. കർത്താവീശോ മിശിഹായേ, ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നാഥാ, സകലേശാ,
നിന്നൊടു സമനായി
വേറില്ലൊരു ദൈവം. (സങ്കീ 86, 8)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിൻ തിരുജനനത്തിൻ
മംഗളകരമാം വൃത്താന്തം
ഘോഷിക്കാം ഇന്നീ വേദികയിൽ.

ശുശ്രൂ. II നിന്നുടെ സൃഷ്ടികളാം
ജനതകളഖിലം നിൻ
സന്നിധിചേരുന്നു. (സങ്കീ 86, 9)

സമൂ. ദിവ്യാത്മാവിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ...

www.malankaralibrary.com

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 80, 1.2)
(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

ക്രോവേമാരാൽ സംവാഹിതനേ,
രക്ഷകനായ് നീയണയുക വേഗം.

നിന്റെ ജനത്തിനു ദിവ്യമഹത്ത്വം
വെളിവാക്കീടാൻ ദയ തോന്നണമേ.

ജീവനിവർക്കു പകർന്നീടാനായ്
തിരുമുഖദർശനമേകണമേ നീ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിന്നും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

I

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും (സാധാരണദിവസങ്ങളിൽ - അനുതാപത്തോടും ഭക്തിയോടും -) കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. ആദത്തിന്റെ പാപംമൂലം അധഃപതിച്ച മനുഷ്യർക്കു രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായേ, ഞങ്ങൾക്ക് പാപമോചനവും രക്ഷയും നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പൂർവപിതാക്കന്മാർ പ്രത്യാശയോടെ പാർത്തിരുന്ന മിശിഹായേ, കൃപാവരങ്ങൾ നല്കി തിരുസഭയെ ധന്യമാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. രക്ഷകനായ നിന്നെ സ്വീകരിക്കാൻ പ്രവാചകന്മാരിലൂടെ ജനഹൃദയങ്ങളെ സജ്ജമാക്കിയ കർത്താവേ, അനുദിനജീവിതത്തിൽ നിന്നെ സ്വീകരിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെയും ഒരുക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സ്വർഗത്തിന്റെ കവാടം ഞങ്ങൾക്കു തുറന്നുതരാൻ മനുഷ്യനായി അവതരിച്ച മിശിഹായേ, നിന്റെ ആഗമനം പ്രഘോഷിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മനുഷ്യാവതാരംവഴി മനുഷ്യവംശത്തെ മഹത്ത്വമണിയിച്ച മിശിഹായേ, ദൈവസ്നേഹചൈതന്യത്താൽ ഞങ്ങളുടെ കുടുംബങ്ങളെ ധന്യമാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയ നന്മകൾ നല്കി അനുഗ്രഹിക്കുന്ന കർത്താവേ, നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

II

(സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും മാലാഖയെ ...)

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. കർത്താവായ മിശിഹായേ, തികഞ്ഞ പ്രത്യാശയോടെ നിന്റെ പിറവിത്തിരുനാളിനൊരുങ്ങുന്ന ഞങ്ങളുടെ പ്രാർഥന കേൾക്കണമേ. നിനക്കു പ്രിയങ്കരമായവ മാത്രം ചെയ്യാനും പുണ്യപ്രവൃത്തികളിലൂടെ ഞങ്ങളുടെ ഹൃദയങ്ങളെ ഒരുക്കാനും ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. നിനക്കു ഞാൻ സമാധാനം ആശംസിക്കും. (സങ്കീ 121, 8)

സമൂ. ദൂതൻ ചൊല്ലിയതാം
മൊഴികൾ കേൾക്കുകയാൽ
മറിയം ഭയമാർന്നു.
പരിപാവനനാം റൂഹാതൻ
ശക്തിവരത്താൽ കന്യകയാൾ
സ്വർഗപിതാവാം ദൈവത്തിൻ
സുതനാം നാഥനു മാതാവായ്
വാഴ്ത്തുന്നു നാഥാ, തിരുനാമം.

ഗായക. നിന്റെ കോട്ടയ്ക്കുള്ളിൽ സമാധാനമുണ്ടാകട്ടെ. (സങ്കീ 121, 7)

സമൂ. വിണ്ണിൽ ദൈവത്തിൻ
സ്തുതികൾ, മന്നിതിലോ
ശാന്തി, സമാധാനം.
മാനവരൂപമെടുത്തവനാം
ദൈവാത്മജനാം തിരുനാഥൻ
മർത്ത്യകുലത്തിനു നല്കുന്നു
നിതരാം ഉത്തമപ്രത്യാശ
വാഴ്ത്തുന്നു നാഥാ, തിരുനാമം.

(അല്ലെങ്കിൽ)

ഗായക. നിനക്കു ഞാൻ സമാധാനം ആശംസിക്കും. (സങ്കീ 121, 8)

സമൂ. മാലാഖയുടെ അഭിവാദനം കേട്ട മറിയം അസ്വസ്ഥയായി. അവൾ പുരുഷനെ അറിഞ്ഞിരുന്നില്ലെങ്കിലും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഗർഭം ധരിച്ചു. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സകല മനുഷ്യർക്കും സമാധാനവും നല്ല പ്രത്യാശയും! നമ്മുടെ മനുഷ്യസ്വഭാവത്തിൽ പ്രത്യക്ഷനാകുകയും മർത്ത്യകുലത്തിന് സമാശ്വാസം നല്കുകയും ചെയ്ത പിതാവിന്റെ ഏകജാതൻ വാഴ്ത്തപ്പെട്ടവനാകട്ടെ.

www.malankaralibrary.com

ഗായക. നിന്റെ കോട്ടയ്ക്കുള്ളിൽ സമാധാനമുണ്ടാകട്ടെ. (സങ്കീ 121, 7)

സമൂ. മാലാഖയുടെ അഭിവാദനം കേട്ട ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. പാവനമാം നിൻ നിണഗാത്രങ്ങൾ
ഞങ്ങൾക്കേകിയ ദൈവകുമാരാ,

നിൻ രാജ്യത്തിൽ ശാശ്വതജീവൻ
ഞങ്ങൾക്കേകാൻ കനിവാകണമേ.

(അല്ലെങ്കിൽ)

സമൂ. സ്വന്തം ശരീരവും രക്തവും ഞങ്ങൾക്കു നല്കിയ ദൈവ പുത്രാ, നിന്റെ രാജ്യത്തിൽ ഞങ്ങൾക്കു ജീവൻ നല്കണമേ.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. കരുണാവാരിധി തന്നുടെ കൃപയാൽ
പാപകടങ്ങൾ നീക്കീടുന്നു.

ദൈവികജനമേ, തിരുനാമത്തിനു
നന്ദിയൊടെന്നും സ്തുതികൾ പാടൂ.

മാലാഖാമാർ പാടിവണങ്ങും
ദിവ്യരഹസ്യം കൈക്കൊണ്ടീടാം.

(അല്ലെങ്കിൽ)

ശുശ്രൂ. ജനതകളേ, തന്റെ കൃപയാൽ നിങ്ങളുടെ കടങ്ങൾ പൊറുത്ത കാരുണ്യത്തിന് നന്ദി പറയുവിൻ. മാലാഖമാരാൽ സ്തുതിക്കപ്പെടുന്ന രഹസ്യങ്ങളിൽ പങ്കുചേരുവിൻ.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ,അങ്ങയെ സ്തുതിക്കാനും ആരാധിക്കാനും കാരുണ്യപൂർവം അങ്ങു ഞങ്ങളെ യോഗ്യരാക്കി; മിശിഹായുടെ ശരീരവും രക്തവും നല്കി, ഞങ്ങളെ പരിപോഷിപ്പിക്കുകയും സ്വർഗരാജ്യത്തിലേക്കു ക്ഷണിക്കുകയും ചെയ്തു. ഈ മഹനീയദാനത്തിന് ഞങ്ങൾ നന്ദി പറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ലോകരക്ഷകനായ മിശിഹായേ, ഞങ്ങളെ ദൈവമക്കളാക്കാനും പാപാന്ധകാരത്തിൽനിന്ന് പ്രകാശത്തിന്റെ പാതയിലേക്കു നയിക്കാനും തിരുമനസ്സായ നിനക്കു ഞങ്ങൾ നന്ദി പറയുന്നു. വിശുദ്ധ കുർബാനയിൽ നിന്നെ സ്വീകരിച്ച ഞങ്ങൾ, സത്യത്തിലും സ്നേഹത്തിലും വ്യാപരിച്ച്, ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായിത്തീരാൻ കൃപ നല്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. മർത്ത്യകുലത്തിൻ രക്ഷയ്ക്കായ്
മാനവരൂപമെടുത്തവനാം
കർത്താവീശോ മിശിഹാതൻ
നാമം പൂജിതമാകട്ടെ.

രക്ഷകനീശോമിശിഹായെ
ആമോദത്തോടെതിരേല്ക്കാൻ
ദൈവത്തിൻ ജനമേ, നിങ്ങൾ
യോഗ്യതയെന്നും നേടട്ടെ.

www.malankaralibrary.com

മിശിഹാതൻ തിരുവചനത്താൽ,
പാവനമാം നിണഗാത്രത്താൽ
പോഷിതരായവരാം നിങ്ങൾ
ദിവ്യമഹത്ത്വം ചൂടട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. ലോകരക്ഷയ്ക്കായി മനുഷ്യാവതാരംചെയ്ത നമ്മുടെ കർത്താവിന്റെ നാമം വാഴ്ത്തപ്പെടട്ടെ. ദൈവത്തിന്റെ ജനമേ, രക്ഷയുടെ ദിവസം സമാഗതമാകുമ്പോൾ രക്ഷകനെ സ്വീകരിക്കാൻ നിങ്ങൾ യോഗ്യരാകട്ടെ. തിരുവചനം ശ്രവിക്കുകയും തിരുശരീരരക്തങ്ങൾ സ്വീകരിക്കുകയും ചെയ്ത നിങ്ങളെ അവിടന്ന് മഹത്ത്വമണിയിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്ന് സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

പിറവിക്കാലം

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനെ നല്കാൻ തക്കവിധം, ലോകത്തെ അത്രമാത്രം സ്നേഹിച്ച അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച മിശിഹാകർത്താവിനെ പൂർണദൈവവും പൂർണമനുഷ്യനുമായി ഞങ്ങൾ ഏറ്റുപറഞ്ഞ് ആരാധിക്കുന്നു. വിശുദ്ധ രഹസ്യങ്ങൾ യോഗ്യതയോടെ പരികർമം ചെയ്യാനും മനുഷ്യാവതാരത്തിന്റെ മഹനീയഫലങ്ങൾ നേടാനും ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനമാല 96, 97, 98 (മർമീസ 38)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. നാഥൻ തൻ തിരുരക്ഷയിതാ
തെളിവായ് കാണിച്ചുലകത്തിൽ
തന്നുടെ നീതിയുമഖിലേശൻ
വെളിവാക്കുകയായ് ജനതകളിൽ.

സമൂ. നരരക്ഷകനാം മിശിഹായേ,
മഹനീയം നിൻ തിരുജനനം
വാനവരൊപ്പം നിൻ സ്തുതികൾ
പാടാനർഹതയേകീ നീ.

നീതിയെഴുന്നോർക്കീ ധരയിൽ
സത്യവെളിച്ചമുദിച്ചല്ലോ
നിർമലമാനസരേവർക്കും
സമ്മോദം കൈവന്നല്ലോ.

www.malankaralibrary.com

തന്റെ ജനത്തോടുള്ളിലെഴും
വിശ്വസ്തതയും വൻകൃപയും
ഓർമിച്ചവനാം കർത്താവിൻ
തിരുനാമസ്തുതി പാടിടുവിൻ.

തൃക്കാഴ്ചകളോടവിടത്തെ
തിരുമുറ്റത്തു പ്രവേശിപ്പിൻ
പാവനമണ്ഡപമതിനുള്ളിൽ
ആരാധനയവനേകിടുവിൻ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. നീതിമാന്മാർക്കു പ്രകാശമുദിച്ചു;
പരമാർഥഹൃദയർക്ക് ആഹ്ലാദമുണ്ടായി.

സമൂ. (കാനോന) ലോകരക്ഷകനായ മിശിഹായേ,
നിന്റെ ജനനം അനുഗൃഹീതമാകുന്നു.
മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കാൻ
നീ ഞങ്ങളെ യോഗ്യരാക്കി.

കാർമി. കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു;
ജനതകളുടെ മുമ്പാകെ നീതി വെളിപ്പെടുത്തിയിരിക്കുന്നു.

സമൂ. ഇസ്രായേൽഭവനത്തോടുള്ള കൃപയും വിശ്വസ്തതയും
അവിടന്ന് അനുസ്മരിച്ചു.

കാർമി. ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ;
അവിടത്തേക്കു ബഹുമാനമേകുവിൻ;
തിരുനാമത്തിന് ആദരം നല്കുവിൻ.

സമൂ. കാഴ്ചകളുമായി അങ്കണത്തിൽ പ്രവേശിക്കുവിൻ;
തിരുമുറ്റത്ത് അവിടത്തെ ആരാധിക്കുവിൻ.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ലോകരക്ഷകനായ മിശിഹായേ,
നിന്റെ ജനനം അനുഗൃഹീതമാകുന്നു.
മാലാഖമാരോടുകൂടെ നിന്നെ സ്തുതിക്കാൻ,
നീ ഞങ്ങളെ യോഗ്യരാക്കി.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I ജനമേ, ജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ.
(നിയ 32, 43)

സമൂ. സർവരുമൊന്നായ് വരുവിൻ നിതരാം സ്തുതി പാടീടാൻ
ദൈവാത്മജനാം മിശിഹാ മറിയത്തിൻ സുതനായി
മർത്ത്യസ്വഭാവം പുല്കി രക്ഷയവൻ തന്നരുളി
അജ്ഞത ദൂരെയകറ്റി ദൈവികമാം പ്രഭയേകി
തന്നുടെ നന്മയിലീശോ ശാശ്വതമാം ജീവനുമേകുന്നു.

ഗായക. II ജനതകളേ, ഭൂവാസികളേ, ശ്രദ്ധിക്കുവിൻ. (സങ്കീ 49, 1)

സമൂ. സർവരുമൊന്നായ് വരുവിൻ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. കർത്താവീശോ മിശിഹായേ, നിൻ സ്ലീവായെന്നാളും
നന്മയ്ക്കുറവിടമതുപോൽ ജീവൻതൻ കാരണവും
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
സ്ലീവാ ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ്
തോല്പിച്ചീടട്ടെ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. കർത്താവീശോ മിശിഹായേ, നിൻ ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. കർത്താവിൻ നാമം
വാഴ്ത്തി വണങ്ങീടാം
ദൈവികഭവനത്തിൽ. (സങ്കീ 29, 2)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
മിശിഹാതൻ തിരുജനനത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II ബലികളണച്ചീടാം
സ്തുതിയും ബഹുമതിയും
നാഥനു നല്കീടാം. (സങ്കീ 29, 1)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

തിരുമുൽക്കാഴ്ചയുമായി വരുന്നു
ഉദയ ദിശതൻ രാജാക്കന്മാർ.

www.malankaralibrary.com

നിസ്വർക്കിടയിൽ ശിശുവായ് നൃപനാം
കന്യാസുതനെ കണ്ടെത്തുന്നു.

പൊന്നും മീറയുമൊപ്പം പരിമള-
താലവുമവനായ് അർപ്പിക്കുന്നു.

താതനുമതുപോൽ സുതനും പാവന-
രൂഹായ്ക്കും സ്തുതിയുണ്ടാകട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും (സാധാരണദിവസങ്ങളിൽ - അനുതാപത്തോടും ഭക്തിയോടും -) കൂടെനിന്ന് മനുഷ്യനായി പിറന്ന മിശിഹായെ ധ്യാനിച്ചുകൊണ്ട് 'ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു' എന്ന് ഏറ്റുപറയാം.

സമൂ. ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂ. വിനീതരായ ആട്ടിടയരെയും വിജ്ഞാനികളായ രാജാക്കന്മാരെയും ദിവ്യശിശുവിന്റെ സവിധത്തിലേക്കു നയിച്ച ദൈവമേ,

സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂ. തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരംവഴി എളിമയുടെയും ദാരിദ്ര്യത്തിന്റെയും മാതൃക കാട്ടുകയും സമാധാനവും പ്രത്യാശയും നല്കി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമേ,

സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂ. പാപംമൂലം അടയ്ക്കപ്പെട്ട പറുദീസായുടെ വാതിൽ തുറന്നുതരുന്നതിനും മനുഷ്യശരീരമെടുത്ത് ഞങ്ങളുടെ പാപങ്ങൾക്കു

www.malankaralibrary.com

പരിഹാരം ചെയ്യുന്നതിനും അങ്ങയുടെ പ്രിയസുതനെ അയച്ച ദൈവമേ,

സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂ. തന്റെ ഏകജാതനിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ അവർക്കു നിത്യജീവൻ ഉണ്ടാകേണ്ടതിന്, അവനെ നല്കാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവമേ,

സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂ. ദാസന്റെ രൂപംധരിച്ച് കാലിത്തൊഴുത്തിൽ പിറന്ന ദിവ്യസുതൻ വഴി പതിതരെയും പാവപ്പെട്ടവരെയും തന്നിലേക്കടുപ്പിച്ച ദൈവമേ,

സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കുന്ന ദൈവമേ,

സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂ. പുത്രനായ മിശിഹായുടെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യുന്ന ദൈവമേ,

സമൂ. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

www.malankaralibrary.com

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. കർത്താവായ ദൈവമേ, ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ അങ്ങയുടെ തിരുക്കുമാരനെ നല്കിയതിന് ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. നിത്യകന്യകയായ പരിശുദ്ധമറിയത്തോടും നീതിമാനായ മാർ യൗസേപ്പിനോടും വിനീതരായ ആട്ടിടയരോടും ഒന്നുചേർന്ന് ഞങ്ങളും ദിവ്യപൈതലിനെ സ്വീകരിച്ച് ആരാധിക്കുന്നു. ഞങ്ങളുടെ ചിന്തയിലും പ്രവൃത്തിയിലും മിശിഹാ അവതീർണനാകാനും ദൈവമക്കൾക്ക് ഉചിതമായ ജീവിതം നയിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. അംബരവീഥിയിൽ കർത്താവിനെ സ്തുതിക്കുവിൻ.

(സങ്കീ 148, 1)

സമൂ. മഹിമാപൂരിതനാം
കന്യാസൂനുവിനാൽ
സർവം നൂതനമായ്.
മർത്ത്യനു നിത്യസമാധാനം
മാലാഖാമാർ നേർന്നപ്പോൾ
സൃഷ്ടികുലത്തിനു കൈവന്നു
നവമാം നല്ലൊരു പ്രത്യാശ
രക്ഷകനേ, സ്തുതിയും കീർത്തനവും.

ഗായക. ആകാശം ആഹ്ലാദിക്കയും ഭൂതലം ആനന്ദിക്കയും ചെയ്യട്ടെ.

(സങ്കീ 96, 11)

സമൂ. ഉദയം ചെയ്തുലകിൽ
പാപം നീക്കീടും
മിശിഹാ ദൈവസുതൻ

www.malankaralibrary.com

സ്രഷ്ടാവാകും ദൈവത്തിൻ
സ്നേഹവുമതുപോൽ രക്ഷയുമാ-
ദൈവാത്മജനിൽ ദർശിക്കും
മർത്ത്യർ മോദം കൊള്ളുന്നു
രക്ഷകനേ, സ്തുതിയും കീർത്തനവും.

(അല്ലെങ്കിൽ)

ഗായക. അംബരവീഥിയിൽ കർത്താവിനെ സ്തുതിക്കുവിൻ.

(സങ്കീ 148, 1)

സമൂ. കന്യകയിൽനിന്നു ജാതനായ മഹത്ത്വപൂർണനായ പുത്രനാൽ ആകാശവും ഭൂമിയും നവീകരിക്കപ്പെട്ടു. മാലാഖമാർ സമാധാനം ആശംസിച്ചപ്പോൾമുതൽ അവരുടെ വാക്കുകളാൽ സൃഷ്ടി നല്ല പ്രത്യാശയാൽ നിറഞ്ഞു. നമ്മുടെ പാപങ്ങൾ നീക്കിക്കളയുന്നവൻ ബേത്ലഹേമിൽ പ്രത്യക്ഷപ്പെട്ടതിനാൽ പിന്നീടൊരിക്കലും പാപത്തിന്റെ കഠിനദാസ്യത്തിൽ സൃഷ്ടി വ്യാപരിക്കുന്നില്ല. സൃഷ്ടികുലം ഇനിമേൽ ജീർണാവസ്ഥയിൽ ഉപേക്ഷിക്കപ്പെടുകയില്ല. നമുക്കുവേണ്ടി മധ്യസ്ഥനും ബലിയുമായിത്തീർന്ന തന്റെ പുത്രൻവഴി, സ്രഷ്ടാവ് തന്റെ സ്നേഹത്താൽ പ്രാവർത്തികമാക്കിയ രക്ഷയെപ്രതി സൃഷ്ടി ആനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ രക്ഷകാ, നിന്റെ ജനനദിവസത്തിൽ ആകാശവും ഭൂമിയും ആഹ്ലാദിക്കുന്നു. നിനക്ക് എന്നേക്കും മഹത്ത്വമുണ്ടായിരിക്കട്ടെ.

ഗായക. ആകാശം ആഹ്ലാദിക്കയും ഭൂതലം ആനന്ദിക്കയും ചെയ്യട്ടെ.

(സങ്കീ 96, 11)

സമൂ. കന്യകയിൽനിന്നു ജാതനായ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. മർത്ത്യർക്കിടയിൽ വന്നു പിറന്ന
ദൈവകുമാരനു നന്ദിയണയ്ക്കാം.

തന്നുടെ കൃപയാൽ ദിവ്യരഹസ്യം
മനുജർക്കേകിയ നാഥനെ വാഴ്ത്താം.

www.malankaralibrary.com

വാനവഗണവും മാനവരൊപ്പം
അവനുടെ നാമം കീർത്തിക്കുന്നു.

കർത്താവേ, നീ മഹിമാപൂർണൻ
സ്തുത്യൻ നിത്യൻ പരിശുദ്ധനുമാം.

(അല്ലെങ്കിൽ)

സമൂ. മനുഷ്യനായി നമ്മുടെ ഇടയിലേക്ക് ഇറങ്ങിവരികയും തന്റെ കൃപയാൽ മനുഷ്യവംശത്തിന് ഉന്നതദാനമായ ദിവ്യരഹസ്യങ്ങൾ നല്കുകയും ചെയ്ത രാജകുമാരനു നമുക്കു നന്ദി പറയാം. മാലാഖമാരുടെ ഗണം വലിയ ഭയത്തോടും വിറയലോടുംകൂടെ അവന്റെ നാമം പ്രകീർത്തിക്കുന്നു. വലിയ വിസ്മയത്തോടെ നമ്മോടുചേർന്ന് അവർ സ്തുതിക്കുകയും കർത്താവ് പരിശുദ്ധൻ, ദൈവം പരിശുദ്ധൻ, അനാദിമുതലുള്ളവൻ പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. കർത്താവേ, നിൻ ചെയ്തികളെല്ലാം
തലമുറയഖിലം ഘോഷിച്ചീടും.

നിന്നുടെയുന്നതശക്തിമഹത്ത്വം
വെളിവാക്കീടും വിസ്മയപൂർവം.

അദ്ഭുതമേറും മനമോടിവരും
നിന്റെ മഹത്ത്വം വർണിച്ചീടും.

(അല്ലെങ്കിൽ)

ശുശ്രൂ. തലമുറ തലമുറകളോട് നിന്റെ പ്രവൃത്തികൾ ഉദ്ഘോഷിക്കുകയും നിന്റെ ശക്തി വെളിപ്പെടുത്തുകയും ചെയ്യും. വലിയ അദ്ഭുതത്തോടുകൂടെ നിന്റെ മഹത്ത്വത്തിന്റെ ശക്തി അവർ വിവരിക്കും. ഞങ്ങളും വലിയ വിസ്മയത്തോടെ നിന്റെ മഹിമ വർണിക്കും.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, മിശിഹായെ ലോകരക്ഷകനായി ഞങ്ങൾക്കു നല്കിയ അങ്ങയുടെ സ്നേഹാതിരേകത്തിനു ഞങ്ങൾ നന്ദി പറയുന്നു. മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിച്ച ഞങ്ങൾ എന്നും അങ്ങയുടെ സജീവസാക്ഷികളായിത്തീരട്ടെ. അങ്ങയുടെ ദാനത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. പിതാവിന്റെ പ്രതിരൂപമായ മിശിഹായേ, നിന്നിൽ പിതാവിനെ കാണാനും തിരുപ്പിറവിയുടെ ആനന്ദത്തിൽ ജീവിക്കാനും ഞങ്ങളെ അനുഗ്രഹിച്ചതിനു നന്ദി പറയുന്നു. വിശുദ്ധ കുർബാനയിലൂടെ നിന്നെത്തന്നെ ഞങ്ങൾക്കു ഭക്ഷണപാനീയങ്ങളായി നല്കിയതിനു ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. രക്ഷയുടെ അച്ചാരമായ ഈ ദിവ്യരഹസ്യങ്ങൾ ഞങ്ങൾക്കു നിത്യസൗഭാഗ്യത്തിനു കാരണമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. മൃതിയുടെ നിഴലിൽ, കൂരിരുളിൽ
കഴിയും മാനവവംശത്തിൽ
ഉദയംചെയ്ത മഹോന്നതനാം
സത്യപ്രഭയെ വാഴ്ത്തിടുവിൻ.

ജീവിതവീഥിയിലെന്നാളും
കർത്താവീശോമിശിഹായെ
കണ്ടെത്താനായ് തേടിടുവിൻ
സാമോദം കൈക്കൊണ്ടിടുവിൻ.

www.malankaralibrary.com

ഉലകിൻ പ്രഭയാം മിശിഹായെ
രക്ഷകനും തിരുനാഥനുമായ്
ജനതകളൊന്നായ് ഘോഷിക്കാൻ
സത്കൃത്യങ്ങൾ ചെയ്തിടുവിൻ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. അന്ധകാരത്തിൽ ചരിക്കുന്നവർക്കും മരണത്തിന്റെ നിഴലിൽ വസിക്കുന്നവർക്കും വലിയ പ്രകാശമായി ഉദിച്ച മിശിഹായെ നിങ്ങൾ വാഴ്ത്തുവിൻ. ജ്ഞാനികൾ രക്ഷകനെ അന്വേഷിച്ചുകണ്ടെത്തിയപോലെ എല്ലാ ജീവിതസാഹചര്യങ്ങളിലും മിശിഹായെ കണ്ടെത്താൻ നിങ്ങൾക്ക് ഇടയാകട്ടെ. നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സകലജനങ്ങളും ലോകത്തിന്റെ പ്രകാശമായ മിശിഹായെ രക്ഷകനും നാഥനുമായി ഏറ്റുപറയട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലും നിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദനഹാക്കാലം

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, സകലമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായി അങ്ങയുടെ പ്രിയപുത്രനെ ലോകത്തിലേക്ക് അയച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോ മിശിഹാ ഭരമേല്പിച്ച ഈ ദിവ്യരഹസ്യങ്ങൾ യഥായോഗ്യം പരികർമം ചെയ്യാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനമാല 96, 97, 98 (മർമീസ 38)

(തൂയെ .../ കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവിന്നപദാനങ്ങൾ
കീർത്തിപ്പിൻ പുതുഗാനത്താൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ
പാർത്തലമെല്ലാമുടയവനെ.

സമൂ. മാമോദീസാ യോർദാനിൽ
കൈക്കൊണ്ടവനാം മിശിഹായേ,
ഭൂവിനു മോദം നല്കിയ നീ
വാഴ്ത്തപ്പെട്ടവനനവരതം.

ദൈവത്തിൻ തിരുനീതി സദാ
ഉദ്ഘോഷിക്കുന്നാകാശം
ജനതകളെല്ലാം കർത്താവിൻ
ദിവ്യമഹത്ത്വം ദർശിപ്പൂ.

നീതിയെഴുന്നോർക്കീ ധരയിൽ
സത്യവെളിച്ചമുദിച്ചല്ലോ
നിർമലമാനസരേവർക്കും
ആനന്ദം കൈവന്നല്ലോ.

www.malankaralibrary.com

തന്നുടെ ദൈവികനീതിയവൻ
ജനതകൾ മധ്യേ വെളിവാക്കി
ദൈവികരക്ഷാപദ്ധതികൾ
ഭൂതലമഖിലം ദർശിച്ചു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിനു പുതിയ കീർത്തനം പാടുവിൻ;
ഭൂമിമുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

സമൂ. (കാനോന) യോർദാനിൽനിന്നു മാമോദീസ സ്വീകരിക്കയും
അതുവഴി ലോകത്തെ ആനന്ദിപ്പിക്കയുംചെയ്ത മിശിഹായേ,
നീ അനുഗൃഹീതനാകുന്നു.

കാർമി. ആകാശം ദൈവനീതി പ്രഘോഷിക്കുന്നു;
ജനതകളെല്ലാം ദിവ്യമഹത്ത്വം ദർശിക്കുന്നു.

സമൂ. നീതിമാന്മാർക്കു പ്രകാശമുദിച്ചു;
പരമാർഥഹൃദയർക്ക് ആഹ്ലാദമുണ്ടായി.

കാർമി. കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു;
ജനതകളുടെ മുമ്പാകെ നീതി വെളിപ്പെടുത്തിയിരിക്കുന്നു.

സമൂ. നമ്മുടെ ദൈവത്തിന്റെ രക്ഷ
ഭൂതലംമുഴുവൻ ദർശിച്ചിരിക്കുന്നു.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) യോർദാനിൽനിന്നു മാമോദീസ സ്വീകരിക്കയും
അതുവഴി ലോകത്തെ ആനന്ദിപ്പിക്കയുംചെയ്ത മിശിഹായേ,
നീ അനുഗൃഹീതനാകുന്നു.

www.malankaralibrary.com

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I യുഗങ്ങൾക്കു മുമ്പേയുള്ളവൻ. (സങ്കീ 55, 19)

സമൂ. സർവയുഗങ്ങൾക്കഗ്രാഹ്യം നിൻ ത്രിത്വരഹസ്യങ്ങൾ
സുതനാമീശോ തന്നുടെ ദനഹായിൽ വെളിവാക്കാൻ
സ്രഷ്ടാവാം നീ മനസ്സായ് സൃഷ്ടികളാം സകലർക്കും
വാനവരൊപ്പം നരരും പാവനമാം ത്രിത്വത്തിൻ
മഹിമയെ വാഴ്ത്തുകയായി, സ്രഷ്ടാവാം
ദൈവം മഹനീയൻ.

ഗായക. II കർത്താവു തന്റെ രക്ഷ വെളിപ്പെടുത്തിയിരിക്കുന്നു. (സങ്കീ 98, 3)

സമൂ. സർവയുഗങ്ങൾക്കഗ്രാഹ്യം ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ഭൂസ്വർഗങ്ങൾ രഞ്ജിതമാക്കും രക്ഷകനീശോയേ,
ശാന്തി വിതയ്ക്കണമെന്നും മന്നവരിൽ, വൈദികരിൽ
സുസ്ഥിരമാക്കണമേ നീ തിരുസഭയെ നിൻ ദയയാൽ
വാഴ്ച നടത്തണമുലകിൽ പാവനമാം വിശ്വാസം
കാത്തരുളീടുക നാഥാ, നിൻ പ്രിയരെ കനിവോടെന്നാളും.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. ഭൂസ്വർഗങ്ങൾ രഞ്ജിതമാക്കും ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. ഞങ്ങൾ കേട്ടവയീ
ദൈവികനഗരത്തിൽ
നേരിൽ കണ്ടല്ലോ. (സങ്കീ 48, 8)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിൻ തിരുദനഹാതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

www.malankaralibrary.com

ശുശ്രൂ. II കർത്താവിൻ കൃപയീ
ദൈവികഭവനത്തിൽ
ഞങ്ങൾ ഘോഷിപ്പൂ.

സമൂ. ദിവ്യാത്മാവിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 93, 1.2)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

മഹിമയണിഞ്ഞു വിളങ്ങും നാഥൻ
രാജാധിപനായ് വാണരുളുന്നു.

ഉന്നതശക്തി ധരിക്കും നാഥൻ
പ്രാബല്യത്തൊടു രാജിക്കുന്നു.

നിത്യം വാഴും കർത്താവിൻ തിരു-
സിംഹാസനവും സുസ്ഥിരമല്ലോ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിന്നും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും (സാധാരണദിവസങ്ങളിൽ - അനുതാപത്തോടും ഭക്തിയോടും -) കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയാൻ സഭയെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സകലനീതിയും പൂർത്തിയാക്കാൻ യോഹന്നാനിൽനിന്നു മാമോദീസ സ്വീകരിച്ച മിശിഹായേ, നിന്റെ കല്പനകൾ വിശ്വസ്തതാപൂർവം പാലിച്ചുകൊണ്ട് ദൈവഹിതത്തിനു പൂർണമായി കീഴ്വഴങ്ങാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. യോർദാനിൽ വെളിപ്പെടുത്തപ്പെട്ട പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയെ മാതൃകയാക്കി യഥാർഥമായ ക്രൈസ്തവജീവിതം നയിക്കാൻ സഭാമക്കളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ലോകത്തിന്റെ പ്രകാശമായ നിന്നിലൂടെ ലഭിച്ച വിശ്വാസത്തിൽ വളരാനും സത്പ്രവൃത്തികളാൽ നിന്നെ മഹത്ത്വപ്പെടുത്താനും അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർദ്ധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. ലോകത്തിന്റെ പ്രകാശമായ മിശിഹായേ, നിന്റെ മാമോദീസാവഴി സ്വർഗീയമഹത്ത്വം ഞങ്ങൾക്കു വെളിപ്പെടുത്തിയതിന് നിനക്കു ഞങ്ങൾ നന്ദിപറയുന്നു. പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ നിറഞ്ഞ്, മാമോദീസായുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കാനും നിനക്കു സജീവസാക്ഷ്യം വഹിക്കാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. കർത്താവു മഹത്ത്വത്തോടെ ഭരണം നടത്തുന്നു. (സങ്കീ 93, 1)

സമൂ. മാമോദീസായിൽ
പാവനറൂഹായാൽ
നിർമലസലിലത്താൽ
നവ്യതയാർന്നവരേ, നിങ്ങൾ
അക്ഷയജീവനണിഞ്ഞിടുവിൻ
മാമോദീസാ യോർദാനിൽ
നാഥൻ കൈക്കൊണ്ടീടുകയാൽ
നിർമലമായ് തണ്ണീരുറവെല്ലാം.

ഗായക. ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. (എഫേ 6, 11)

സമൂ. പാപം മോചിക്കും
നാഥാ, നീ ധരയിൽ
ഉദയം ചെയ്യുകയാൽ
മാനവരാകും ഞങ്ങൾതൻ
ആത്മാക്കൾക്കുയിരേകി നീ
മർത്ത്യനു ശുദ്ധി പകർന്നീടും
സദയം ധന്യതയേകീടും
മിശിഹായേ, സ്തുതിയും കീർത്തനവും.

(അല്ലെങ്കിൽ)

ഗായക. കർത്താവു മഹത്ത്വത്തോടെ ഭരണം നടത്തുന്നു. (സങ്കീ 93, 1)

സമൂ. വിശ്വാസികളേ, ജലത്താലും റൂഹായാലുമുള്ള നവീകരണത്താൽ നിങ്ങൾ അക്ഷയത്വം ധരിക്കുവിൻ. നമ്മുടെ രക്ഷകൻ യോർദാനിൽ മാമോദീസ മുങ്ങിയതുമുതൽ ജലം വിശുദ്ധിയാൽ നിറഞ്ഞു. ഇനിമേൽ സൃഷ്ടി പ്രളയജലത്താൽ നശിപ്പിക്കപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ, അതിക്രമങ്ങൾ ക്ഷമിക്കുന്നവൻ യോർദാനിൽ പ്രത്യക്ഷപ്പെട്ടു. ഇനിമേൽ പാപികൾ പ്രളയജലത്താൽ നശിപ്പിക്കപ്പെടുകയില്ല; പ്രത്യുത ജലത്താലുള്ള മാമോദീസായാൽ രക്ഷിക്കപ്പെടും. വിശ്വാസികളേ, നിങ്ങൾ ജലത്താലും ആത്മാവിനാലും

www.malankaralibrary.com

നവീകരിക്കപ്പെട്ട്, അക്ഷയത്വം ധരിച്ച് ഉദ്ഘോഷിക്കുവിൻ: ഞങ്ങളുടെ ആത്മാക്കളെ ധന്യമാക്കുന്ന മിശിഹായേ, നിനക്കു മഹത്ത്വം ഉണ്ടായിരിക്കട്ടെ.

ഗായക. ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ.

(എഫേ 6, 11)

സമൂ. വിശ്വാസികളേ, ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. ദുഷ്ടനിൽനിന്നും മർത്ത്യകുലത്തിനു
മോചനമേകിയ നാഥനെ വാഴ്ത്താം.

തന്നുടെ കൃപയാൽ നാഥൻ തൻതിരു-
നിണഗാത്രങ്ങൾ നമ്മൾക്കേകി.

മാനവപാപകടങ്ങൾ നീക്കും
വിണ്ണിൻദാനം! ഹല്ലേലുയ്യാ.

(അല്ലെങ്കിൽ)

സമൂ. വരുവിൻ, മനുഷ്യകുലത്തെയും ലോകം മുഴുവനെയും ദുഷ്ടനിൽനിന്ന് വിമോചിക്കുന്നവനെ നമുക്ക് ഒന്നു ചേർന്ന് ഏറ്റുപറയുകയും ആരാധിക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ, അവൻ തന്റെ കൃപയാൽ കടങ്ങളുടെ പൊറുതിക്കായി തന്റെ ശരീരരക്തങ്ങളാകുന്ന സ്വർഗീയദാനം നമുക്കു നല്കി. ഹല്ലേലുയ്യാ.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. കാണുക നരരേ, കൃപയാലെന്നും
പാപവിമോചനമേകും ദാനം.

വരുവിൻ, നിങ്ങൾ കൈക്കൊണ്ടിടുവിൻ,
ശുദ്ധി വരിപ്പിൻ, സ്തുതി പാടിടുവിൻ.

(അല്ലെങ്കിൽ)

ശുശ്രൂ. പാപമോചനം നല്കുന്ന ദൈവകൃപയുടെ ഈ ദാനം കാണുവിൻ. സഹോദരരേ, ഇതു സ്വീകരിച്ച് ശുദ്ധീകരിക്കപ്പെടുവിൻ.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, മാമോദീസാവഴി ഞങ്ങളുടെ മനുഷ്യപ്രകൃതിയെ നവീകരിക്കുകയും രക്ഷയുടെ മാർഗം വെളിപ്പെടുത്തുകയും ചെയ്ത അങ്ങയെ ഞങ്ങൾ മഹത്ത്വപ്പെടുത്തുന്നു. ജലത്താലും ആത്മാവിനാലും ഞങ്ങളെ ദൈവമക്കളും മിശിഹായുടെ കൂട്ടവകാശികളുമാക്കിത്തീർത്ത അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാനും അവിടത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരാനും ഞങ്ങളെ യോഗ്യരാക്കിയതിന് അങ്ങേക്കു നന്ദിപറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ഞങ്ങളുടെ രക്ഷകനും കർത്താവുമായ മിശിഹായേ, മാമോദീസായിലൂടെ നീ ഞങ്ങളുടെ പാപക്കറകൾ കഴുകുകയും പരിശുദ്ധാത്മാവിനാൽ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തു. ദിവ്യരഹസ്യങ്ങളിൽ പങ്കുകാരായ ഞങ്ങളെ ദൈവികജീവനിൽ വളർത്തി നിത്യജീവിതത്തിലേക്ക് ആനയിക്കുന്ന നിന്റെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. ദൈവം നിത്യസമാരാധ്യൻ
ഭൂവിലയച്ചു തൻസുതനെ
യോർദാൻനദിയിൽ ത്രിത്വത്തിൻ
ദിവ്യരഹസ്യം വെളിവാക്കി.

പാവനരക്തശരീരത്താൽ
മാനവപാപം നീക്കി മുദാ
ദത്തവകാശം നല്കിയവൻ
നിങ്ങൾക്കാശിസ്സേകട്ടെ.

www.malankaralibrary.com

നരരെ ദൈവികസുതരാക്കി
സത്യത്തിൻ പരിപൂർണതയിൽ
കാത്തുനയിക്കും റൂഹാ തൻ
ശക്തിയുമൻപും ചൊരിയട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. രക്ഷകനായ മിശിഹായെ ലോകത്തിലേക്കയയ്ക്കുകയും യോർദാനിൽ പരിശുദ്ധത്രിത്വത്തിന്റെ രഹസ്യം വെളിപ്പെടുത്തുകയുംചെയ്ത പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തന്റെ ശരീരരക്തങ്ങളാൽ പാപങ്ങൾ ക്ഷമിച്ച് സ്വർഗരാജ്യത്തിന് നമ്മെ അവകാശികളാക്കിയ ഈശോമിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവപുത്രസ്ഥാനത്തേക്ക് ഉയർത്തുകയും സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് നിങ്ങളെ ശക്തിപ്പെടുത്തട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്ന് സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

നോമ്പുകാലം

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരന്റെ രക്ഷാരഹസ്യങ്ങളിൽ ഞങ്ങളെ പങ്കുകാരാക്കിയതിനു ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പാപംമൂലം അങ്ങിൽനിന്ന് അകന്നുപോയ ഞങ്ങൾ അനുതപിക്കുന്ന ഹൃദയത്തോടെ തിരുസന്നിധിയിലണയുന്നു. എളിമയോടും ഹൃദയവിശുദ്ധിയോടുംകൂടെ പാപപ്പരിഹാരത്തിന്റെയും കൃതജ്ഞതയുടെയും ഈ ബലി അർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനമാല 144, 145, 146 (മർമീസ 59)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കരുണാമയനാം തിരുനാഥൻ
കൃപതന്നക്ഷയനിക്ഷേപം
ദയതൻ വിളനിലമവനല്ലോ
ക്ഷമതൻ വാരിധിയെന്നാളും.

സമൂ. നരരക്ഷകനാം മിശിഹായേ,
തുണ നീ ഞങ്ങൾക്കേകണമേ
പാവനമാം നിൻ നാമത്താൽ
പാപവിമോചനമേകണമേ.

വീഴുന്നവരെ കനിവോടെ
നാഥൻ താങ്ങിനിറുത്തുന്നു
നിപതിച്ചവരാമഖിലരെയും
സദയം താങ്ങിയുയർത്തുന്നു.

ഉള്ളു തുറന്നു വിളിക്കുമ്പോൾ
നാഥനടുത്തുണ്ടതു കേൾക്കാൻ
അഗതികളെയവനലിവോടെ
നിത്യം കാത്തരുളീടുന്നു.

www.malankaralibrary.com

പൊട്ടിനുറുങ്ങിയ മനസ്സുകളിൽ
ദൈവം സൗഖ്യം പകരുന്നു
ആകുലമാകെയകറ്റിയവൻ
ശാന്തി ജനത്തിനു നല്കുന്നു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവ് ദയാലുവും കരുണാമയനുമാകുന്നു;
ക്ഷമാശീലനും കൃപാനിധിയുമാകുന്നു.

സമൂ. (കാനോന) ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ
സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

കാർമി. വീഴുന്നവരെ അവിടന്നു താങ്ങുന്നു.
വീണവരെ എഴുന്നേല്പിക്കുന്നു.

സമൂ. ആത്മാർഥമായി തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക്
കർത്താവു സമീപസ്ഥനാകുന്നു.

കാർമി. കർത്താവു നീതിമാന്മാരെ സ്നേഹിക്കുന്നു;
അഗതികളെ പരിപാലിക്കുന്നു.

സമൂ. ഹൃദയം തകർന്നവരെ അവിടന്നു സുഖപ്പെടുത്തും;
അവരുടെ വ്യഥകൾ ഇല്ലാതാക്കും.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ
സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

www.malankaralibrary.com

മദ്ബഹാഗീതം (ഒാനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I ദൈവത്തിന്റെ ശുശ്രൂഷകരേ, വന്നു കേൾക്കുവിൻ. (സങ്കീ 66, 16)

സമൂ. സ്ലീവായാലെ രക്ഷിതരായോർ പാടീടട്ടെ
പീഡ സഹിച്ചു നമുക്കായ് രക്ഷകനാം ദൈവസുതൻ
അവനുടെ പാവനമാകും നിണഗാത്രം കൈക്കൊള്ളാൻ
നമ്മുടെ ഗാത്രമൊരുക്കാം നിർമലമായ് ആത്മാവും
ഹൃദയവിശുദ്ധിയൊടെന്നും ഈശോതൻ
സേവകരായ്ത്തീരാം.

ഗായക. II മക്കളേ, വന്ന് എന്നെ ശ്രവിക്കുവിൻ. (സങ്കീ 34, 11)

സമൂ. സ്ലീവായാലെ രക്ഷിതരായോർ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. മനവും തനുവും നിർമലമാക്കാം ഹൃദയമൊരുക്കീടാം
ദുഷ്ചെയ്തികളും ദുരയും പാപത്തിൻ ചായ്വുകളും
കോപവുമകലെയകറ്റാം ആർജിക്കാം ആനന്ദം
അഭയംതേടാം നിത്യം പൂർണതയാം മിശിഹായിൽ
മാനവപാപം പോക്കും രഹസ്യങ്ങൾ മനനം ചെയ്തീടാം.

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. തിന്മ വെടിഞ്ഞീടാം
നന്മ പുണർന്നീടാം
ശാന്തി വരിച്ചീടാം. (സങ്കീ 34, 14)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിന്നുപവാസത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

www.malankaralibrary.com

ശുശ്രൂ. II ദുഷ്ടതയേശാതെ
വ്യാജം പറയാതെ
നാവു നിയന്ത്രിക്കാം. (സങ്കീ 34, 13)

സമൂ. ദിവ്യാത്മാവിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 26, 6-9)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

കർത്താവേ, ഞാനെന്നുടെ കൈകൾ
നിന്നുടെ കൃപയാൽ നിർമലമാക്കി.

താവകസ്തുതികളുയർത്തി നിതാന്തം
നിൻ ബലിപീഠം ചുറ്റിവണങ്ങി.

നിന്നുടെയാലയശുശ്രൂഷകളും
സിംഹാസനവും സ്നേഹിപ്പൂ ഞാൻ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിന്നും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർത്ഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും (സാധാരണദിവസങ്ങളിൽ - അനുതാപത്തോടും ഭക്തിയോടും -) കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു യാചിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പരിശുദ്ധാത്മാവിനാൽ മരുഭൂമിയിലേക്കു നയിക്കപ്പെടുകയും നാല്പതു രാവും നാല്പതു പകലും തപസ്സനുഷ്ഠിക്കുകയും ചെയ്ത കർത്താവേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയാൽ ഞങ്ങളെ നിറയ്ക്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സ്നേഹത്തിന്റെ ബലിവസ്തുവായ മിശിഹായേ, ഞങ്ങളുടെ ശരീരത്തെയും അതിന്റെ ദുർവാസനകളെയും നിന്നോടുകൂടെ ക്രൂശിക്കുന്നതിനു ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സാത്താനെ പരാജയപ്പെടുത്തി ഞങ്ങൾക്കു മാതൃകയും മനോധൈര്യവും നല്കിയ മിശിഹായേ, പ്രലോഭനങ്ങളെ അതിജീവിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. ഞങ്ങളുടെ കർത്താവായ മിശിഹായേ, ലോകപാപങ്ങളുടെ പരിഹാരമായ നിന്റെ സഹനജീവിതത്തോടു യോജിച്ചുകൊണ്ട് ആത്മവിശുദ്ധീകരണത്തിനായി യത്നിക്കുന്ന നിന്റെ സഭയെ കാരുണ്യപൂർവം കടാക്ഷിക്കണമേ. കുരിശുകൾ സന്തോഷത്തോടെ വഹിച്ചുകൊണ്ട് നിന്റെ ബലിജീവിതം തുടരാൻ ഞങ്ങളെ ശക്തരാക്കണമേ. യഥാർഥമായ പ്രാർഥനാചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തി ഈ നോമ്പുകാലം ഫലദായകമാക്കാൻ ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം.

(സങ്കീ 95, 1)

സമൂ. ഹൃദയവിചാരങ്ങൾ
പാവനമാക്കീടാം,
നിർമലരായീടാം.
അനുതാപത്തിൻ കണ്ണീരാൽ
പാപക്കറകൾ കഴുകീടാം.
പശ്ചാത്താപം തിങ്ങീടും
മനസ്സും ഹൃദയവുമാത്മാവും
വിനയമൊടെ ബലിയായർപ്പിക്കാം.

ഗായക. ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.

(സങ്കീ 51, 10)

സമൂ. വിധിയുടെ ത്രോണോസിൽ
കർത്താവാം ദൈവം
ആഗതനാകുമ്പോൾ
കരുണയുമലിവും നേടീടാൻ
സത്കൃത്യങ്ങൾ ചെയ്തീടാം
സ്വീകൃതമതുപോൽ പാവനമാം
ബലിയായ് സാദരമർപ്പിക്കാം
കരുണയ്ക്കായ് നിതരാം യാചിക്കാം.

(അല്ലെങ്കിൽ)

ഗായക. വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം. (സങ്കീ 95, 1)

സമൂ. നമ്മുടെ മനസ്സിലെ എല്ലാ വിചാരങ്ങളും നമുക്കു ശുദ്ധീകരിക്കാം. നമ്മുടെ പാപങ്ങളുടെ മാലിന്യങ്ങളെല്ലാം അനുതാപത്തിന്റെ കണ്ണുനീരാൽ വെടിപ്പാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യാം. വിനയമുള്ള ആത്മാവും പശ്ചാത്തപിക്കുന്ന മനസ്സുമുള്ള വരായിത്തീരുകയും പരിഹാരകൃത്യങ്ങളോടുചേർത്ത്, നമ്മെത്തന്നെ കറയില്ലാത്തതും സ്വീകാര്യവുമായ ബലി വസ്തുവായി മിശിഹായ്ക്കു സമർപ്പിക്കുകയും ചെയ്യാം.

www.malankaralibrary.com

ഭീതിജനകമായ വിധിയുടെ സിംഹാസനം ഒരുക്കപ്പെടുമ്പോൾ നമ്മുടെ ആത്മാക്കളുടെമേൽ കരുണ ചൊരിയാനായി നമുക്ക് അവനോട് അപേക്ഷിക്കാം.

ഗായക. ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.
(സങ്കീ 51, 10)

സമൂ. നമ്മുടെ മനസ്സിലെ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. ജീവൻ നല്കിടുമൗഷധമിവിടെ
മർത്ത്യകുലത്തിന്നേകീടുന്നു.
കൈക്കൊള്ളാമീ ദൈവികദാനം
ശാശ്വതമാകും ജീവൻ നേടാം.

(അല്ലെങ്കിൽ)

സമൂ. ഇതാ, ജീവന്റെ ഔഷധം നല്കപ്പെടുന്നു. സഹോദരരേ, ഈ ദാനം സ്വീകരിക്കുകയും ജീവൻ പ്രാപിക്കുകയും ചെയ്യാം.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. ഉപവാസത്തിൽ മരുവും ജനമേ,
പൈദാഹത്താൽ വലയുന്നവരേ,
ജീവൻ നിറയും തൻനിണഗാത്രം
മിശിഹാ നിങ്ങൾക്കേകീടുന്നു.
ഭക്ഷിപ്പവരെ പാവനരാക്കും
പരിപാവനനെ കൈക്കൊണ്ടീടാം.

(അല്ലെങ്കിൽ)

ശുശ്രൂ. ഉപവസിക്കുന്ന സഹോദരരേ, വരുവിൻ. തന്നെ ഭക്ഷിക്കുന്നവരെ വിശുദ്ധീകരിക്കുന്ന പരിശുദ്ധനെ സ്വീകരിക്കുവിൻ. മിശിഹായുടെ ശരീരവും രക്തവും നല്കപ്പെടുന്നു. വിശപ്പും ദാഹവും സഹിക്കുന്നവരേ, ജീവിക്കുന്ന രഹസ്യത്തെ അനുഭവിച്ചറിയുവിൻ.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, തിരുവചനത്താൽ വിശുദ്ധീകരിക്കപ്പെട്ട് ദിവ്യരഹസ്യങ്ങളാൽ നവജീവൻ പ്രാപിക്കാൻ പാപികളും ബലഹീനരുമായ ഞങ്ങളെ വിളിച്ചതിന് അങ്ങേക്ക് നന്ദിപറയുന്നു. അങ്ങയുടെ കല്പനകൾ വിശ്വസ്തതാപൂർവം പാലിച്ച് രക്ഷയുടെ അനുഭവം പങ്കുവയ്ക്കാനും നിരന്തരം അങ്ങേക്കു സ്തുതികളർപ്പിക്കാനും ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. പാപികളെ വിളിക്കുന്നവനും അനുതാപികൾക്കു വാതിൽ തുറന്നുകൊടുക്കുന്നവനുമായ മിശിഹായേ, നിന്റെ ശരീര രക്തങ്ങൾ സ്വീകരിക്കാൻ അനന്തമായ കൃപയാൽ ഞങ്ങളെ നീ അർഹരാക്കി. നിന്റെ രാജ്യത്തിന്റെ മഹത്ത്വത്തിൽ പ്രവേശിച്ച് നീതിമാന്മാരോടുകൂടെ സ്വർഗീയഓറെശ്ലെമിൽ നിന്നെ സ്തുതിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. പാപികളെയനുതാപത്തിൻ
പാതയിലേക്കു വിളിക്കാനായ്
പാരിൽ വന്നവനീശോയെ
വാഴ്ത്തിപ്പാടി നമിച്ചീടാം.

സത്യവെളിച്ചം മിശിഹാ തൻ
തിരുവചനത്തിൻ പാതകളിൽ
തീക്ഷ്ണതയോടെ ചരിച്ചീടാൻ
ദീപ്തി നിതാന്തം ചൊരിയട്ടെ.

www.malankaralibrary.com

പാവനരക്തശരീരങ്ങൾ
കൈക്കൊണ്ടവരാമഖിലർക്കും
നിത്യവിരുന്നിൽ ചേർന്നീടാൻ
നാഥൻ യോഗ്യതയേകട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമു. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. പാപികളെ പശ്ചാത്താപത്തിലേക്കു വിളിക്കാൻ വന്ന നമ്മുടെ കർത്താവീശോമിശിഹായെ നാം സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്തു. വചനത്തിന്റെ പാതയിൽ ചരിക്കാൻ നമുക്കാവശ്യകമായ പ്രകാശം അവിടന്ന് നല്കട്ടെ. തിരുശരീരരക്തങ്ങൾ സ്വീകരിച്ച് വിശുദ്ധീകൃതരായ നമ്മെ ദൈവരാജ്യത്തിലെ നിത്യവിരുന്നിൽ അവിടന്ന് പങ്കുകാരാക്കട്ടെ. നമ്മുടെയും ലോകം മുഴുവന്റെയും തിരുസഭയുടെയും അവളുടെ സന്താനങ്ങളുടെയുംമേൽ കർത്താവ് തന്റെ കൃപയും അനുഗ്രഹവും വർഷിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്ന് സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമു. ആമ്മേൻ.

www.malankaralibrary.com

ഉയിർപ്പുകാലം

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ മഹത്ത്വപൂർണമായ ഉത്ഥാനംവഴി, മനുഷ്യവംശത്തിന് ആനന്ദവും പ്രത്യാശയും നല്കിയതിന് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. പാപികളായ ഞങ്ങളെ പവിത്രീകരിക്കുന്ന ഈ പരിഹാരബലി, യോഗ്യതയോടെ അർപ്പിക്കാനും അങ്ങയുടെ തിരുക്കുമാരന്റെ ഉത്ഥാനം നിരന്തരം പ്രകീർത്തിക്കാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 46, 47, 48 (മർമീസ 17, 18)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. ബലവാനാകും സകലേശൻ
നമ്മോടൊത്തു വസിക്കുന്നു
യാക്കോബിൻ പരിപാലകനാം
ദൈവം നമ്മുടെയവലംബം.

സമൂ. കർത്താവീശോ മിശിഹായേ,
മഹനീയം നിന്നുത്ഥാനം
ആനന്ദിക്കുന്നിവരെല്ലാം
നിൻ തിരുനാമം വാഴ്ത്തുന്നു.

കരഘോഷങ്ങൾ മുഴക്കിടുവിൻ
തിരുസന്നിധിയിൽ ജനതകളേ,
ദൈവത്തിൻ തിരുഭവനത്തിൽ
കീർത്തനമെന്നുമുയർത്തിടുവിൻ.

കർത്താവുന്നതനാകുന്നു
സ്തുത്യർഹൻ തൻ നഗരത്തിൽ
ജനതയ്ക്കെല്ലാമധിനാഥൻ
നിത്യം വാഴ്വൂ ത്രോണോസിൽ.

www.malankaralibrary.com

നമ്മുടെ ദൈവമവൻ മാത്രം
തലമുറതോറുമിതറിയിപ്പിൻ
മൃതിതൻ സീമയ്ക്കപ്പുറവും
നമ്മെ നയിക്കും നാഥനവൻ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. ശക്തനായ കർത്താവ് നമ്മോടുകൂടെ;
യാക്കോബിന്റെ ദൈവം നമ്മുടെ സഹായകനും.

സമൂ. (കാനോന) ഉയിർത്തെഴുന്നേറ്റ കർത്താവേ,
അവിടത്തെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

കാർമി. ജനതകളേ, കരഘോഷം മുഴക്കുവിൻ.
കീർത്തനംപാടി ദൈവത്തെ സ്തുതിക്കുവിൻ.

സമൂ. ദൈവം ജനതകളുടെമേൽ വാഴുന്നു;
വിശുദ്ധ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നു.

കാർമി. ദൈവമാണ് ഭൂമിയുടെ അധിനാഥൻ;
അവിടന്നാണ് മഹോന്നതൻ.

സമൂ. നമ്മുടെ കർത്താവ് ഉന്നതനാകുന്നു;
ദൈവത്തിന്റെ നഗരത്തിൽ
അത്യന്തം സ്തുത്യർഹനാകുന്നു.

കാർമി. വരുംതലമുറയോട് ഉണർത്തിക്കാൻവേണ്ടി
അതിന്റെ കോട്ടകൾ നിരീക്ഷിക്കുവിൻ.

സമൂ. അവിടന്നാണ് ദൈവം, എന്നേക്കുമുള്ള നമ്മുടെ ദൈവം;
മരണത്തിനതീതമായി
അവിടന്ന് നമ്മെ നയിച്ചുകൊണ്ടിരിക്കും.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ഉയിർത്തെഴുന്നേറ്റ കർത്താവേ,
അവിടത്തെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I കർത്താവു ഭരണം നടത്തുന്നു. (സങ്കീ 97, 1)

സമൂ. ജനമേ, നിങ്ങൾ ആശ്വാസമൊടെ ആനന്ദിച്ചീടിൻ.
മൃത്യുവിനപജയമേറ്റി മിശിഹാ തൻ സഹനത്താൽ
ഉത്ഥാനത്താൽ നാഥൻ നല്കുകയായ് നിങ്ങൾക്കായ്
ശാശ്വതമാകും ജീവൻ ഉന്നതമാം വാഗ്ദാനം
നാശോന്മുഖനാം മർത്ത്യന്നുയിരേകും നാഥനെ
വാഴ്ത്തീടാം.

ഗായക. II ആഹ്ലാദിക്കുവിൻ, ആലപിക്കുവിൻ, പുകഴ്ത്തുവിൻ.
(സങ്കീ 98, 4)

സമൂ. ജനമേ, നിങ്ങൾ ആശ്വാസമൊടെ ആനന്ദിച്ചീടിൻ.
മൃത്യുവിനപജയമേറ്റി മിശിഹാതൻ സഹനത്താൽ
ഭൂസ്വർഗങ്ങളിലൊരുപോൽ ആനന്ദം നിറയുകയായ്
വാനവരെല്ലാമൊന്നായ് ഒരുഗണമായ് മോദമൊടെ
ഉദ്ഘോഷിക്കുന്നീശോ ഉത്ഥിതനായ് ഹല്ലേലുയ്യാ.

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. രക്ഷകനേ, നിൻ ആശീർവാദം ചൊരിയണമെന്നാളും
നിൻ കൃപയിവരിൽ നിത്യം നിവസിക്കാൻ കനിയേണം.
നിൻ പ്രീതിക്കായ്മാത്രം നിലകൊള്ളും ദൂതർപോൽ
സ്നേഹത്തികവിൽ പുലരാൻ ദൈവികമാം ശക്തി സദാ
അലിവോടിവരിൽ നാഥാ, അനുദിനവും വർഷിച്ചീടേണം.

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നാഥാ, സകലേശാ,
പാതാളത്തിൽ നീ
കൈവിട്ടില്ലെന്നെ. (ശ്ലീഹ 2, 27)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിന്നുത്ഥാനത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II നിന്നുടെ പരിശുദ്ധൻ
മണ്ണിൽ വീണഴിയാൻ
ഇടയാകുകയില്ല. (ശ്ലീഹ 2, 27)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 97, 1.2)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

കർത്താവെന്നും വാണീടുന്നു
ഭൂതലമഖിലം മോദിക്കട്ടെ.

www.malankaralibrary.com

കൂരിരുളൊപ്പം വെൺമേഘവുമാ
നാഥനു ചുറ്റിലുമണിചേരുന്നു.

നീതിയിലും പരിശുദ്ധിയിലും തൻ
ത്രോണോസവനോ സുസ്ഥിരമാക്കി.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിന്നും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും (സാധാരണദിവസങ്ങളിൽ - അനുതാപത്തോടും ഭക്തിയോടും -) കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വഴിയും സത്യവും ജീവനുമായ മിശിഹായേ, നിന്റെ ഉത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽനിന്നു സത്യത്തിലേക്കും മരണത്തിൽനിന്നു മരണമില്ലായ്മയിലേക്കും ആനയിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പരിഹാസത്തിന്റെ അടയാളമായിരുന്ന കുരിശിനെ ഉത്ഥാനം വഴി മഹത്ത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ, ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടെ കുരിശിൽ തറയ്ക്കാനും ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്താനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും സത്യത്തെപ്രതി പീഡയനുഭവിക്കുന്നവരും അങ്ങയുടെ മഹത്ത്വപൂർണമായ ഉത്ഥാനത്തെയും അവർണനീയമായ സ്വർഗഭാഗ്യത്തെയും ഓർത്തുകൊണ്ട് നല്ല ഓട്ടം ഓടാനും വിശ്വാസം സംരക്ഷിക്കാനും വരം തരണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വിശുദ്ധ കുർബാനയിൽ സജീവമായി പങ്കെടുക്കാനും ഞങ്ങളുടെ ജീവന്റെയും ഉയിർപ്പിന്റെയും കാരണമായ തിരുശരീരരക്തങ്ങൾ യോഗ്യതയോടുകൂടെ സ്വീകരിക്കാനും ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

www.malankaralibrary.com

കാർമി. മരണത്തെ ജയിച്ചടക്കിയ മിശിഹായേ, നിന്റെ സഭയിൽ സദാ സന്നിഹിതനായി നവജീവൻകൊണ്ട് അതിനെ നിറയ്ക്കണമേ. നിന്റെ പെസഹാരഹസ്യത്തിൽ പങ്കുചേർന്ന്, ഉത്ഥാനത്തിന്റെ മഹത്ത്വത്തിനു യോഗ്യരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ സമാധാനവും ശാന്തിയും ഞങ്ങളുടെ സമൂഹത്തിലും കുടുംബങ്ങളിലും മനുഷ്യവർഗം മുഴുവനിലും നിരന്തരം വസിക്കാൻ ഇടയാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

(സങ്കീ 144, 1)

സമൂ. കുരിശിൽ മൃതനായി
കല്ലറ പൂകിയവൻ
ഉത്ഥാനം ചെയ്തു.
ഉന്നതനായ് സർവാധിപനായ്
മഹിമാപൂരിതരാജാവായ്
വിണ്ണിൽ വാഴും മിശിഹായാം
നാഥൻ വീണ്ടും വന്നീടും
അഖിലരെയും വിധിചെയ്തീടാനായ്.

ഗായക. അവിടത്തെ ശക്തി വെളിപ്പെടുത്തേണ്ടതിന്. (സങ്കീ 106, 8)

സമൂ. കുരിശിൽ മൃതനായി ...

(അല്ലെങ്കിൽ)

ഗായക. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

(സങ്കീ 144, 1)

സമൂ. മിശിഹാ ക്രൂശിക്കപ്പെടുകയും മരിക്കുകയും അടക്കപ്പെടുകയും ചെയ്തു. എന്നാൽ, മഹത്ത്വത്തിന്റെ ഉന്നതരാജാവായി ഉയിർത്തെഴുന്നേറ്റു. അവൻ സ്വർഗത്തിലേക്കു കരേറി, സകലത്തിന്റെയുംമേൽ എന്നേക്കും ഭരണം നടത്തുന്നു.

www.malankaralibrary.com

ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വരാനിരിക്കുന്നു.

ഗായക. അവിടത്തെ ശക്തി വെളിപ്പെടുത്തേണ്ടതിന്. (സങ്കീ 106, 8)

സമൂ. മിശിഹാ ക്രൂശിക്കപ്പെടുകയും ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

സമൂ. സ്വർഗത്തിൽനിന്നാഗതമാം
ഭക്ഷണപാനീയങ്ങളിതാ
പാവനമീ ബലി പാപികളെ
പരിചൊടു നിർമലരാക്കുന്നു.

ദൈവത്തിൻ സുതനീശോ തൻ
പാവനമാകും ഗാത്രമിതാ
അൻപൊടു പങ്കിട്ടേകുന്നു
വിശ്വാസികളാം നമ്മൾക്കായ്.

(അല്ലെങ്കിൽ)

സമൂ. ഇത് പാപികളെ വിശുദ്ധീകരിക്കുന്ന പരിശുദ്ധ ബലിയാകുന്നു. സ്വർഗീയഭക്ഷണവും ഉന്നതത്തിൽനിന്ന് നമുക്കുവേണ്ടി ഒഴുകിവന്ന പാനീയവുമാകുന്നു. ദൈവപുത്രൻ തന്റെ കരുണയാൽ നമുക്കുവേണ്ടി വിഭജിച്ചുതരുന്ന തന്റെ ശരീരമാകുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. പാപവിമോചനമേകും ദാനം
ജീവൻ നല്കും തീക്കനലല്ലോ.

ചിന്തകളെല്ലാം പാവനമാക്കാം
നിർമലരായ് തിരുസന്നിധിചേരാം.

കരുണാപൂർവം നാഥൻ നല്കും
ദിവ്യരഹസ്യം കൈക്കൊണ്ടീടാം.

www.malankaralibrary.com

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, മനസ്സാക്ഷിയുടെ നൈർമല്യത്തോടും വിശുദ്ധമായ ചിന്തകളോടുംകൂടെ പാപമോചനത്തിനായി കാരുണ്യപൂർവം നല്കപ്പെട്ടിരിക്കുന്ന ജീവദായകമായ ഈ തീക്കട്ടയെ നമുക്കു സമീപിക്കാം.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ ഞങ്ങളുടെ ഉത്ഥാനത്തിന് അച്ചാരമായി ഭവിക്കട്ടെ. മനുഷ്യവംശത്തെ മഹത്ത്വമണിയിച്ച അങ്ങയെ സ്വർഗരാജ്യത്തിൽ സകല നീതിമാന്മാരോടുംകൂടെ സ്തുതിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവംശത്തിന്റെ പ്രത്യാശയായ മിശിഹായേ, ഈ കുർബാനവഴി ഉത്ഥാനത്തിന്റെ രഹസ്യത്തിൽ നീ ഞങ്ങളെ പങ്കുകാരാക്കി. തിരുരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ ഞങ്ങൾ നിന്റെ അനന്തകാരുണ്യത്തിന് എന്നും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. ഉത്ഥാനത്താൽ മാനവരിൽ
മോദമുണർത്തിയ തിരുനാഥൻ
തൻപ്രിയവധുവാം തിരുസഭയിൽ
വാഴ്ത്തപ്പെട്ടവനാകട്ടെ.

ഉത്ഥിതനീശോമിശിഹാതൻ
ശാശ്വതമായ സമാധാനം
സഭയിലുമവൾതൻ തനയരിലും
നിതരാം ശാന്തിവിതയ്ക്കട്ടെ.

www.malankaralibrary.com

വിശ്വാസത്തിൽ, സ്നേഹത്തിൽ
ഉത്ഥാനത്തിൻ സാക്ഷികളായ്
ധരയിതിലെങ്ങും പ്രഭ വീശാൻ
നാഥൻ തൻ കൃപ ചൊരിയട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. ഉത്ഥാനത്തിലൂടെ മനുഷ്യവംശത്തെ മുഴുവൻ ആനന്ദിപ്പിച്ച മിശിഹാ സഭയിൽ എന്നും വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടന്ന് സാത്താനെയും മരണത്തെയും പരാജയപ്പെടുത്തുകയും പാപ കടങ്ങളിൽനിന്ന് നമ്മെ മോചിക്കുകയും ചെയ്തു. ഉത്ഥിതനായ മിശിഹായുടെ സമാധാനം നമ്മിൽ എന്നും വസിക്കട്ടെ. വിശ്വാസത്തിലും സ്നേഹത്തിലും വളരാനും ഉത്ഥാന രഹസ്യം എല്ലാവരോടും പ്രഘോഷിക്കാനും അവിടന്ന് നമ്മെ അനുഗ്രഹിക്കട്ടെ. ജീവദായകമായ ദിവ്യരഹസ്യങ്ങളാൽ സന്തുഷ്ടരാക്കപ്പെട്ട നിങ്ങളെ അവിടന്ന് നിത്യമഹത്വത്തിലേക്കു പ്രവേശിപ്പിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ശ്ലീഹാക്കാലം

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങയുടെ തിരുനാമത്തിൽ ഒരുമിച്ചുകൂടിയിരിക്കുന്ന ഞങ്ങളെ തൃക്കൺ പാർക്കണമേ. അങ്ങയുടെ പ്രിയപുത്രന്റെ രക്ഷാരഹസ്യങ്ങൾ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾവഴി, തിരുസഭയിലൂടെ തുടരുന്നതിനെയോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഈ ദിവ്യരഹസ്യങ്ങളുടെ പരികർമത്തിന് ബലഹീനരായ ഞങ്ങളെ കാരുണ്യപൂർവം യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 144, 145, 146 (മർമീസ 59)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവേ, നിൻ ദാസന്മാർ
നിൻ സ്തുതിഗീതം പാടുന്നു
നീതിയെഴുന്നവരെല്ലാരും
നിൻ തിരുനാമം വാഴ്ത്തുന്നു.

സമൂ. കർത്താവേ, നിൻ റൂഹായെ
പാരിലയയ്ക്കാൻ കനിയണമേ
അഖിലവുമപ്പോളുരുവാകും
നൂതനമായി ഭവിച്ചീടും.

നാഥാ, നിൻ കൃപയെന്നാളും
നിന്റെ വിശുദ്ധർ കണ്ടെത്തും
നിൻ രാജ്യത്തിൻ മഹിമയവർ
മർത്ത്യരെ നിത്യവുമറിയിക്കും.

ഭക്തജനത്തിൽ കർത്താവേ,
സംപ്രീതൻ നീ എന്നാളും
ശരണം നിന്നിലണച്ചീടും
നരരിൽ മോദം കൊള്ളുന്നു.

www.malankaralibrary.com

എന്നാളും ഭരണാധിപനായ്
കർത്താവേ, നീ വാഴുന്നു;
സെഹിയോനേ, നിൻ ദൈവമിതാ
തലമുറ തലമുറ നിലനില്പു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവേ, അങ്ങയുടെ ദാസർ അങ്ങയെ സ്തുതിക്കുന്നു;
നീതിമാന്മാർ അങ്ങയെ പ്രകീർത്തിക്കുന്നു.

സമൂ. (കാനോന) അങ്ങയുടെ അരൂപിയെ അയയ്ക്കുക;
അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും;
ഭൂമുഖം പുതുതാകുകയും ചെയ്യും.

കാർമി. അങ്ങയുടെ കൃപാതിരേകത്തിന്റെ സ്മരണ
നീതിമാന്മാർ അന്വേഷിക്കും;
അവർ അതു കണ്ടെത്തുകയും ചെയ്യും.

സമൂ. അങ്ങയുടെ മഹത്ത്വവും രാജ്യത്തിന്റെ പ്രതാപവും
മാനവരോട് അവർ പ്രഘോഷിക്കും.

കാർമി. തന്റെ ഭക്തരിലും തന്റെ കൃപ കാത്തിരിക്കുന്നവരിലും
കർത്താവു സംപ്രീതനാകുന്നു.

സമൂ. കർത്താവ് എന്നേക്കും വാഴുന്നു;
സെഹിയോനേ, നിന്റെ ദൈവം തലമുറകളോളം.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) അങ്ങയുടെ അരൂപിയെ അയയ്ക്കുക;
അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും;
ഭൂമുഖം പുതുതാകുകയും ചെയ്യും.

www.malankaralibrary.com

മദ്ബഹാഗീതം (ഒാനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം.

(സങ്കീ 95, 1)

സമൂ. ഉച്ചസ്വരത്തിൽ സ്രഷ്ടാവിന്നായ് സ്തുതികൾ പാടീടാം.
നിത്യസമുന്നതനീശൻ അവനേറ്റം ബലവാനും
നിത്യപിതാവായ് സുതനായ് പാവനനാം റൂഹായായ്
ദൈവസ്വഭാവമതൊപ്പം അക്ഷയമാം ശക്തിയുമായ്
വാണിടുമവനെ വാഴ്ത്താം വിനയമൊടെ ഏറ്റുപറഞ്ഞീടാം.

ഗായക. II കാഹളം മുഴക്കി രാജാധിരാജനെ വാഴ്ത്തുവിൻ.

(സങ്കീ 98, 6)

സമൂ. ഉച്ചസ്വരത്തിൽ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. നിവ്യരുമൊപ്പം ശ്ലീഹരുമതുപോൽ മല്പാന്മാരും
വൈദികഗണവും മേവും പാവനമീ ഭവനത്തിൽ
ആദാത്മജരുടെ പാപം നീക്കീടും പീഠമിതാ
സജ്ജീകൃതമാണിവിടെ, ദൈവികമീ വേദികയിൽ
സ്തുതിപാടീടുക യുക്തം ദൈവത്തിൻ
നാമം വാഴ്ത്തീടാം.

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നിന്നുടെ റൂഹായെ
കനിവൊടയയ്ക്കുമ്പോൾ
സകലവുമുരുവാകും. (സങ്കീ 104, 29)

ആത്മീയതയാൽ മധുരിതമാം
ഹല്ലേലുയ്യാ ഗീതികളാൽ
ദൈവാത്മാവിന്നാഗമനം
കൊണ്ടാടീടാം സാനന്ദം
അവനെന്നും സ്തോത്രം പാടീടാം.

www.malankaralibrary.com

ശുശ്രൂ. II ഭൂതലമഖിലം നീ
നൂതനമാക്കീടും
നാഥാ, സകലേശാ. (സങ്കീ 104, 29)

സമൂ. ആത്മീയതയാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ആത്മീയതയാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ആത്മീയതയാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 51, 10.11)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നിർമലമായൊരു ഹൃദയം നാഥാ,
അലിവോടെന്നിൽ ഉരുവാക്കണമേ.

ദൈവികമാം തവചൈതന്യം നീ
നൂതനമാക്കിത്തീർക്കണമെന്നിൽ.

നിന്നുടെ പാവനറൂഹായെ നീ
എന്നിൽനിന്നുമെടുത്തീടല്ലേ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിന്നും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും (സാധാരണദിവസങ്ങളിൽ - അനുതാപത്തോടും ഭക്തിയോടും -) കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു എന്നരുൾചെയ്ത മിശിഹായേ, സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ട് നിന്റെ സത്യത്തിനു സാക്ഷികളാകാൻ ഞങ്ങളെ അനുഗ്രഹിക്കമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെ മാതൃകയനുസരിച്ച് സത്യവിശ്വാസത്തിനുവേണ്ടി മരിക്കാൻ സന്നദ്ധരായ അനേകം പ്രേഷിതരെ സഭയ്ക്കു നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വിശുദ്ധ കൂദാശകളിലൂടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ പവിത്രീകരിക്കുകയും ദൈവികജീവൻ പ്രദാനം ചെയ്യുകയും ചെയ്യുന്ന കർത്താവേ, കൗദാശികജീവിതത്തിലൂടെ വിശുദ്ധിയിൽ വളരാൻ ഞങ്ങൾക്കു കൃപ നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പീഡനങ്ങളിലും ക്ലേശങ്ങളിലും ശ്ലീഹന്മാർക്ക് പ്രത്യാശയും ധൈര്യവും പ്രദാനം ചെയ്യാൻ പരിശുദ്ധാത്മാവിനെ നല്കിയ കർത്താവേ, ജീവിതക്ലേശങ്ങളുടെ മധ്യേ വസിക്കുന്ന ഞങ്ങൾക്ക് പ്രത്യാശയും ധൈര്യവും നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി

www.malankaralibrary.com

ലോകമെങ്ങും പ്രശോഭിക്കാൻ സഹായിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതി രൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാരെ സുവിശേഷം പ്രസംഗിക്കാൻ നിയോഗിച്ച കർത്താവേ, ഉത്ഥിതനായ നിന്നെ അനുഭവിച്ചറിയുന്നതിനും രക്ഷയുടെ സുവിശേഷം ലോകമെങ്ങും പ്രഘോഷിക്കുന്നതിനും ഞങ്ങളെ അനുഗ്രഹിക്കണമേ. എല്ലാ മനുഷ്യരും നിന്നെ രക്ഷകനായി ഏറ്റുപറഞ്ഞു മഹത്ത്വപ്പെടുത്തുന്നതിന് ഇടയാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. വിശുദ്ധ മന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ.
(സങ്കീ 150, 1)

സമൂ. താതനുമാത്മജനും
പാവനറൂഹായും
ത്രിത്വവുമേകവുമാം.
മാനവബുദ്ധിക്കെന്നാളും
ദുർഗ്രഹമായ് നിലനില്ക്കുകിലും
ആദിയുമന്തവുമില്ലാതെ
മഹിതം ദൈവസ്വഭാവത്തിൽ
വാണീടും ത്രിത്വം സ്തുത്യർഹൻ.

ഗായക. അങ്ങയുടെ നാമം എന്നേക്കും പുകഴ്ത്തും. (സങ്കീ 144, 2)

സമൂ. ഒന്നായൊരുഗണമായ്
പാവനത്രിത്വത്തിൻ
സ്തുതികൾ പാടീടാം.
അവനുടെ ശക്തി സമുന്നതവും
ആരാധ്യവുമാണെന്നാളും
നിത്യനദൃശ്യൻ ദൈവത്തിൻ
ഭരണം സുസ്ഥിരമതുപോലെ
നിലനില്ക്കും രാജ്യം ചിരകാലം.

(അല്ലെങ്കിൽ)

ഗായക. വിശുദ്ധ മന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ.
(സങ്കീ 150, 1)

സമൂ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവത്തിന്റെ ഉന്നതവും ആരാധ്യവുമായ ശക്തിയെ നമുക്കു പുകഴ്ത്താം. അവിടത്തെ ഭരണം നമുക്ക് ഏറ്റുപറയാം. അഗ്രാഹ്യനും ദൈവസ്വഭാവമുള്ളവനും അവസാനമില്ലാത്തവനുമായ പരിശുദ്ധ ത്രിത്വത്തെ നമുക്കു പാടിപ്പുകഴ്ത്താം. അനാദിമുതൽ നിത്യകാലത്തേക്ക് അവന്റെ രാജത്വം നിലനില്ക്കും.

www.malankaralibrary.com

ഗായക. അങ്ങയുടെ നാമം എന്നേക്കും പുകഴ്ത്തും. (സങ്കീ 144, 2)

സമൂ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

സമൂ. തൻ തിരുരക്തശരീരത്തിൻ
നിത്യനിഗൂഢരഹസ്യമിതാ
മിശിഹാനാഥൻ തൻ കൃപയാൽ
മാനവമക്കൾക്കേകുന്നു.

പാവനമീബലിപീഠത്തിൻ
ചുറ്റിലുമായണിചേർന്നീടും
മാലാഖാമാരൊരുഗണമായ്
സ്തുതിഗീതങ്ങൾ പാടുന്നു.

(അല്ലെങ്കിൽ)

സമൂ. ഇതാ, മിശിഹായുടെ തിരുശരീരരക്തങ്ങളാകുന്ന നിഗൂഢ രഹസ്യങ്ങൾ നല്കപ്പെടുന്നു. ഈ ആത്മീയവിരുന്നിനെ മാലാഖമാരുടെ ഗണങ്ങൾ പ്രകീർത്തിക്കുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

ശുശ്രൂ. രക്ഷകനീശോതൻ കൃപയാൽ
വിശ്വാസത്തിൻ തികവോടെ
തിരുസന്നിധിയിലണഞ്ഞീടാം
സ്തുതിഗീതങ്ങൾ പാടീടാം.

ദൈവത്തിൻ സുതനീശോതൻ
പാവനരക്തശരീരങ്ങൾ
കൈക്കൊണ്ടീടാം നന്ദിയൊടെ
ഹല്ലേലുയ്യാ പാടീടാം.

www.malankaralibrary.com

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, രക്ഷകന്റെ കൃപയാൽ, ദൈവപുത്രനായ മിശിഹായുടെ ശരീരരക്തങ്ങളെ നമുക്കെല്ലാവർക്കും വിശ്വാസത്തോടെ സമീപിക്കുകയും സ്വീകരിക്കുകയും ഹല്ലേലുയ്യാ പാടി സ്തുതിക്കുകയും ചെയ്യാം.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, പാപികളും ബലഹീനരുമായ ഞങ്ങളെ പരിശുദ്ധറൂഹായുടെ ദാനങ്ങൾ നല്കി അനുഗ്രഹിച്ചതിന് ഞങ്ങൾ നന്ദി പറയുന്നു. എല്ലാവരോടും സുവിശേഷം അറിയിക്കാൻ നിയോഗിക്കപ്പെട്ട ഞങ്ങളെ, അങ്ങ് തിരുവചനത്താൽ പ്രകാശിപ്പിക്കുകയും ആത്മീയഭോജനത്താൽ പരിപോഷിപ്പിക്കുകയും ചെയ്തു. അങ്ങയുടെ അനന്തമായ സ്നേഹത്തിന് നിരന്തരം കൃതജ്ഞതയർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ഞങ്ങളുടെ കർത്താവും രക്ഷകനുമായ മിശിഹായേ, നിന്റെ ശരീരവും രക്തവും നല്കി, പരിശുദ്ധാത്മാവിനാൽ ഞങ്ങളെ പവിത്രീകരിച്ചതിനെയോർത്ത് നിനക്കു ഞങ്ങൾ നന്ദി പറയുന്നു. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും നിനക്ക് സാക്ഷികളാകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സ്വർഗവാസികളോടും ഭൂവാസികളോടുംചേർന്ന്, ഈ അനന്ത ദാനത്തിന് നിനക്കു ഞങ്ങൾ കൃതജ്ഞതയർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. സ്നേഹപിതാവാം സകലേശൻ
സൃഷ്ടിച്ചല്ലോ മാനവരെ
തൻ പ്രിയസുതനാൽ രക്ഷിച്ചു
റൂഹാ തൻ വരമേകുകയായ്.

ത്രിത്വസ്തുതികൾ പാടി മുദാ
ദിവ്യരഹസ്യം ഘോഷിക്കും
നമ്മിൽ മാനവസ്നേഹിതനാം
നാഥൻ തൻ കൃപ ചൊരിയട്ടെ.

പരിപാവനമീയാഗത്തിൽ
പങ്കാളികളായ്ത്തീർന്നവരാം
നമ്മെ നിതാന്തം സകലേശൻ
പ്രേഷിതരായി നയിക്കട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. പിതാവായ ദൈവം തന്റെ അനന്തമായ സ്നേഹത്താൽ നമ്മെ സൃഷ്ടിക്കുകയും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നല്കി നമ്മെ അനുഗ്രഹിക്കുകയും ചെയ്തു. ദൈവത്തിന്റെ അനുഗൃഹീത ജനമേ, കർത്താവിന്റെ അജഗണമേ, വിശുദ്ധ കുർബാനയിൽ പങ്കുചേർന്ന നിങ്ങളെല്ലാവരും മിശിഹായുടെ തിരുഹിതം നിറവേറ്റുന്നവരും സുവിശേഷസന്ദേശം ലോകമെങ്ങും പ്രഘോഷിക്കുന്നവരുമാകട്ടെ. ദൈവികരഹസ്യങ്ങളുടെ ഓർമയാചരിച്ചുകൊണ്ട് ദൈവത്തെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്ത നിങ്ങളെ അവിടന്നു തന്റെ രാജ്യത്തിൽ പ്രവേശിപ്പിക്കുമാറാകട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

കൈത്താക്കാലം

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ശ്ലീഹന്മാരാകുന്ന അടിത്തറമേൽ പണിയപ്പെട്ട അങ്ങയുടെ സഭയെ ദയാപൂർവം കടാക്ഷിക്കണമേ. അങ്ങയുടെ വചനമനുസരിച്ച് വിശുദ്ധിയിൽ വളരാനും നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കാനും ഞങ്ങൾക്കിടയാകട്ടെ. രക്ഷയുടെ ഉറവിടമായ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടെ പരികർമം ചെയ്യാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 144, 145, 146 (മർമീസ 59)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. നല്ലതുമുചിതവുമല്ലോ നാം
പാടുക ദൈവസ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം
ദൈവം നിത്യൻ സ്തുത്യർഹൻ.

സമൂ. അൻപൊടു നാഥാ, തിരുസഭയെ
പരിപാലിച്ചു വളർത്തണമേ
വിശ്വാസത്തിൻ കോട്ടയതാൽ
പരിരക്ഷിച്ചു നയിക്കണമേ.

ചിതറിയൊരിസ്രേൽ ജനതതിയെ
നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലേം നഗരിയവൻ
കരുണാവാരിധിയവനല്ലോ.

ഭക്തജനത്തിനു സകലേശൻ
ആഗ്രഹപൂർത്തി വരുത്തുന്നു
അവരുടെ യാചന കേട്ടു സദാ
പരിചൊടു കാത്തരുളീടുന്നു.

www.malankaralibrary.com

യാക്കോബിൻ ബലമാം ദൈവം
തുണയായുള്ളോൻ ഭാഗ്യധനൻ
കർത്താവാകും ദൈവത്തിൽ
ശരണം നിതരാമവനുണ്ടാം.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. ദൈവത്തെ പ്രകീർത്തിക്കുന്നത്
നല്ലതും ആനന്ദകരവുമാകുന്നു;
സ്തുതി അവിടത്തേക്കു യോഗ്യമാകുന്നു.

സമൂ. (കാനോന) സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ;
വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

കാർമി. കർത്താവ് ഓറെശ്ലെം പണിതുയർത്തുന്നു;
ചിതറിപ്പോയ ഇസ്രായേൽജനത്തെ ഒരുമിച്ചുകൂട്ടുന്നു.

സമൂ. ഭക്തരുടെ ആഗ്രഹങ്ങൾ അവിടന്നു സഫലമാക്കുന്നു;
അവരുടെ യാചനകൾ ശ്രവിക്കുന്നു; അവരെ രക്ഷിക്കുന്നു.

കാർമി. യാക്കോബിന്റെ ദൈവം തുണയായുള്ളവൻ ഭാഗ്യവാൻ;
അവന്റെ ആശ്രയം ദൈവമായ കർത്താവിലാകുന്നു.

സമൂ. എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
ആയുഷ്കാലംമുഴുവൻ അവിടത്തെ പുകഴ്ത്തുക.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമേ;
വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ.

www.malankaralibrary.com

മദ്ബഹാഗീതം (ഒാനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I എന്നെന്നും ഞങ്ങൾ അങ്ങയെ സ്തുതിക്കും. (സങ്കീ 79, 13)

സമൂ. രക്ഷകനാകും മിശിഹാനാഥൻ തന്നുടെ കൃപയാലെ
പാവനമാം തൻ നിണവും ഗാത്രവുമാം ദാനങ്ങൾ
കൈക്കൊണ്ടീടാൻ മഹിതം യോഗ്യതയീ വംശത്തിൽ
വർഷിച്ചുന്നതദാനം നല്കുകയായ് നമ്മൾക്കായ്
നന്ദിയണയ്ക്കാം അവനായ് അനുദിനവും
സ്തുതികൾ പാടീടാം.

ഗായക. II പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ഉത്ഥിതനീശോ മിശിഹായേ, നീ ഉന്നതനാരാധ്യൻ
മഹിമാപൂർണൻ നിന്നെ കർത്താവായ് നിൻ താതൻ
വാഴിച്ചുന്നതവിണ്ണിൽ മഹിമയെഴും രാജ്യത്തിൽ
നിന്നുടെ വലുതാം കൃപയാൽ കാക്കണമേ തിരുസഭയെ
പരിപാലിക്കുകയെന്നും സ്നീവായാൽ സഭതൻ സുതരെയും.

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. കർത്താവിൻ പ്രിയരാം
നീതിയെഴുന്നവരേ,
അവനെ സ്നേഹിപ്പിൻ. (സങ്കീ 31, 23)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
സത്ഫലമേകും തിരുസഭതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

www.malankaralibrary.com

ശുശ്രൂ. II കർത്താവിൽ നിതരാം
ശരണമണയ്ക്കുന്നോർ
ശക്തി ധരിച്ചീടും. (സങ്കീ 31, 24)

സമൂ. ദിവ്യാത്മാവിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 41, 1-3)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നിസ്വർക്കൻപൊടു തുണയായീടും
മാനവനെന്നും ഭാഗ്യമിയന്നോൻ.

കഷ്ടത വന്നുഭവിക്കും നാളിൽ
സംരക്ഷണമവനേകും നാഥൻ.

നന്മകളവനിൽ വർഷിച്ചീടും
അക്ഷയമാകും ജീവൻ നല്കും.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിന്നും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും (സാധാരണദിവസങ്ങളിൽ - അനുതാപത്തോടും ഭക്തിയോടും -) കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നിന്റെ തിരുരക്തത്താൽ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്ക് പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും പ്രേഷിതദൗത്യം വിജയപ്രദമായി തുടരുന്നതിനും ശക്തി നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സഭയോടൊത്തു ചിന്തിക്കാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകാനുമുള്ള സന്മനസ്സ് ദൈവജനത്തിനു നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വിവിധ സഭകൾക്കിടയിൽ പരസ്പരധാരണയും ഐക്യവും വളർത്തി ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയിൽ, യഥാർഥപ്രേഷിതരാകാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ദൈവവിളിക്കനുസൃതമായി സുവിശേഷവേലചെയ്ത് നീതിമാന്മാരോടൊപ്പം സ്വർഗസൗഭാഗ്യത്തിന് അർഹരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

www.malankaralibrary.com

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതി രൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. സുവിശേഷത്തിനു സാക്ഷികളാകാൻ ഞങ്ങളെ വിളിച്ച കർത്താവേ, സഭയോടുചേർന്ന് ഏകമനസ്സായി പ്രേഷിതവേല ചെയ്യാൻ ഞങ്ങളെ സഹായിക്കണമേ. വിശുദ്ധിയോടും തീക്ഷ്ണതയോടുംകൂടെ സഭയിൽ ശുശ്രൂഷചെയ്ത് നിന്നെ മഹത്ത്വപ്പെടുത്താൻ, പ്രേഷിതരംഗങ്ങളിൽ സേവന മനുഷ്ഠിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. കർത്താവിന്റെ മാലാഖമാരേ, അവിടത്തെ വാഴ്ത്തുവിൻ.

(സങ്കീ 103, 20)

സമൂ. ഏകവുമതുപോലെ
ത്രിത്വവുമായീടും
മൂന്നാളുകളെയും
മാലാഖാമാർ മോദമൊടെ
ആരാധിച്ചു വണങ്ങുന്നു.
സൃഷ്ടികളഖിലം ത്രിത്വത്തിൻ
നാമം വാഴ്ത്തിപ്പാടുന്നു
ബലവാനാം ഏകൻ പരിശുദ്ധൻ.

ഗായക. അവന്റെ അഭീഷ്ടം നിറവേറ്റുന്ന ശുശ്രൂഷികൾ.

(സങ്കീ 103, 20)

സമൂ. ഏകവുമതുപോലെ ...

(അല്ലെങ്കിൽ)

ഗായക. കർത്താവിന്റെ മാലാഖമാരേ, അവിടത്തെ വാഴ്ത്തുവിൻ.

(സങ്കീ 103, 20)

സമൂ. മാലാഖമാരുടെ ഗണം ഏകനും ത്രിത്വവുമായ ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. സൃഷ്ടികൾ അവിടത്തെ ആരാധിച്ചുകൊണ്ട് എന്നേക്കും സ്തുതി ഉയർത്തുന്നു. എല്ലാവരും വിശുദ്ധമായ സ്വരത്താൽ ഏകനും ബലവാനും അദൃശ്യസത്തയുമായ ദൈവത്തെ പുകഴ്ത്തുന്നു.

ഗായക. അവന്റെ അഭീഷ്ടം നിറവേറ്റുന്ന ശുശ്രൂഷികൾ.

(സങ്കീ 103, 20)

സമൂ. മാലാഖമാരുടെ ഗണം ...

www.malankaralibrary.com

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. ജീവിപ്പവനാം ദൈവത്തിൻ തിരു-
കുഞ്ഞാടീശോ ബലിയായ്ത്തീർന്നു.

വാനവരെല്ലാമീവേദികയിൽ
നമ്മോടൊത്തതു വീക്ഷിക്കുന്നു.

കൈക്കൊള്ളാമീ നിണഗാത്രങ്ങൾ
നിതരാം പാടാം ഹല്ലേലുയ്യാ.

(അല്ലെങ്കിൽ)

സമൂ. വിശുദ്ധ മദ്ബഹയിൽ, നമ്മുടെ മുമ്പിൽ ബലിയർപ്പിക്കപ്പെട്ട, ജീവനുള്ള ദൈവത്തിന്റെ കുഞ്ഞാടിനുമുമ്പിൽ നമ്മോടൊപ്പം സ്വർഗീയ സൈന്യങ്ങൾ നിലകൊള്ളുന്നു. മിശിഹായുടെ ശരീര രക്തങ്ങൾ സ്വീകരിച്ച് അവിടത്തേക്കു ഹല്ലേലുയ്യാ പാടാം.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. നമ്മിൽ ശുദ്ധി നിറയ്ക്കാൻ നാഥൻ
തൻ തിരുനിണവും ഗാത്രവുമേകി.

വാനവർപോലും തിരുസന്നിധിയിൽ
ഭയഭക്തിയൊടെ നിലകൊള്ളുന്നു.

ദിവ്യരഹസ്യം കൈക്കൊണ്ടീടാം
വാഴ്ത്തിപ്പാടാം ഹല്ലേലുയ്യാ.

(അല്ലെങ്കിൽ)

ശുശ്രൂ. നമ്മെ വിശുദ്ധീകരിക്കാൻ സ്വന്തം ശരീരരക്തങ്ങൾ നമുക്കു നല്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. സഹോദരരേ, വരുവിൻ. മാലാഖമാർപോലും ഭയഭക്തിയോടെ വീക്ഷിക്കുന്ന ഈ രഹസ്യം നമുക്കു വിശ്വാസപൂർവം സ്വീകരിക്കാം.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, ദിവ്യരഹസ്യങ്ങളിലൂടെ ഞങ്ങളെ പരിപോഷിപ്പിച്ചതിന് ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അവർണനീയമായ ഈ ദാനത്തെക്കുറിച്ച് നിരന്തരം അങ്ങയെ സ്തുതിക്കാനും സ്വർഗവാസികളോടു ചേർന്ന് അങ്ങയെ പുകഴ്ത്താനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോമിശിഹായേ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ ദിവ്യരഹസ്യങ്ങൾവഴി ഞങ്ങളുടെ കടങ്ങളും പാപങ്ങളും നീ പൊറുക്കുകയും അപരാധങ്ങൾ ക്ഷമിക്കുകയും ചെയ്തു. വിശ്വാസംവഴി നിനക്കു വിധേയരായി ജീവിക്കാനും പ്രത്യാശയോടെ നിന്റെ നാമം വിളിച്ചപേക്ഷിക്കാനും സ്നേഹത്തിന്റെ സദ്ഫലങ്ങൾ പുറപ്പെടുവിച്ചു നിത്യസൗഭാഗ്യത്തിനർഹരാകാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. മാമോദീസാവഴി നാഥൻ
നമ്മൾക്കേകി നവജീവൻ
ദിവ്യനിണത്താൽ ഗാത്രത്താൽ
നല്കീ വിണ്ണിൻ സമ്പത്തും.

തിരുവചനത്താൽ കനിവോടെ
ധന്യത നല്കി, ലോകത്തിൽ
സുവിശേഷത്തിൻ സാക്ഷികളായ്
ജീവിതവീഥിയിൽ നീങ്ങിടുവാൻ.

www.malankaralibrary.com

വിശ്വാസത്തിലധിഷ്ഠിതമാം
സ്നേഹസമൂഹം തീർത്തെന്നും
സഭയുടെ നിസ്തുലചൈതന്യം
പാരിതിലെങ്ങും നല്കിടുവിൻ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. മാമോദീസാവഴി ദൈവികജീവനിൽ നമ്മെ പങ്കുകാരാക്കുകയും വചനത്താലും തിരുശരീരരക്തങ്ങളാലും നമ്മെ പരിപോഷിപ്പിക്കുകയും ചെയ്ത കർത്താവും രക്ഷകനുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. അനുദിന ജീവിതസാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യംവഹിക്കാൻ അവിടന്നു നിങ്ങളെ ശക്തരാക്കട്ടെ. വിശ്വാസത്തിലും പ്രാർഥനയിലും അധിഷ്ഠിതമായ ജീവിതം നയിച്ച്, സഭയിൽ ഫലം പുറപ്പെടുവിക്കാൻ അവിടന്നു നിങ്ങളെ അനുഗ്രഹിക്കട്ടെ. ദിവ്യരഹസ്യങ്ങളിൽ പങ്കുചേർന്ന നിങ്ങളെ അവിടന്നു നിത്യസൗഭാഗ്യത്തിന് യോഗ്യരാക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ഏലിയാ-സ്ലീവ-മൂശെ കാലങ്ങൾ

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനത്തെ കാത്തിരിക്കുന്ന ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. വിശുദ്ധ കുരിശിന്റെ തണലിൽ അഭയം തേടാനും സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. പാപികളെ പവിത്രീകരിക്കുന്ന ഈ ദിവ്യരഹസ്യങ്ങളുടെ പരികർമത്തിന് ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 96, 97, 98 (മർമീസ 38)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവിന്നപദാനങ്ങൾ
കീർത്തിപ്പിൻ പുതുഗാനത്താൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ
പാർത്തലമെല്ലാമുടയവനെ.

സമൂ. വാനവിതാനം ദൈവത്തിൻ
നീതി നിതാന്തം കീർത്തിപ്പൂ
വിധികർത്താവാമവിടത്തെ
സന്നിധിചേർന്നു വണങ്ങീടാം.

നാഥൻ വാണരുളീടുന്നു
ഭൂവിനു കൈവരുമാനന്ദം
നീതിയിലതുപോൽ ന്യായത്തിൽ
സ്ഥാപിതമവനുടെയധികാരം.

രക്ഷയവൻ വെളിവാക്കി മുദാ
നീതി ജനങ്ങളെയറിയിച്ചു
ആദരപൂർവം കർത്താവിൻ
നാമം വാഴ്ത്തിപ്പാടിടുവിൻ.

www.malankaralibrary.com

നീതിവിധിക്കായ് തിരുനാഥൻ
ആഗതനാകുന്നീ ധരയിൽ
അവനീ ലോകം മുഴുവനെയും
ന്യായം നോക്കി വിധിച്ചീടും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിനു പുതിയ കീർത്തനം പാടുവിൻ;
ഭൂമിമുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

സമൂ. (കാനോന) ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന
നീതിമാന്മാരെ വിളിച്ചുകൂട്ടുവിൻ;
ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു;
എന്തുകൊണ്ടെന്നാൽ, വിധിക്കുന്നവൻ ദൈവമാകുന്നു.

കാർമി. കർത്താവു ഭരണം നടത്തുന്നു;
ഭൂമി ആനന്ദിക്കട്ടെ. ദ്വീപസമൂഹങ്ങൾ സന്തോഷിക്കട്ടെ.

സമൂ. മഹത്ത്വവും തേജസ്സും തിരുസന്നിധിയിലാകുന്നു;
ശക്തിയും സ്തുതിയും വിശുദ്ധ മന്ദിരത്തിലും.

കാർമി. നീതിയിലും ന്യായത്തിലും
അവിടന്നു തന്റെ സിംഹാസനം സ്ഥാപിച്ചിരിക്കുന്നു.

സമൂ. കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു;
ജനതകളുടെ മുമ്പാകെ നീതി വെളിപ്പെടുത്തിയിരിക്കുന്നു.

കാർമി. അവിടത്തേക്ക് ബഹുമാനമേകുവിൻ;
തിരുനാമത്തിന് ആദരം നല്കുവിൻ.

സമൂ. അവിടന്നു ഭൂമിയെ വിധിക്കാൻ വരുന്നു;
ലോകത്തെ ന്യായത്തോടെയും
ജനതകളെ നീതിയോടെയും വിധിക്കാനണയുന്നു.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ബലിയാൽ ഉടമ്പടി ഉറപ്പിച്ചിരിക്കുന്ന
നീതിമാന്മാരെ വിളിച്ചുകൂട്ടുവിൻ;
ആകാശം ദൈവനീതിയെ പ്രകീർത്തിക്കുന്നു;
എന്തുകൊണ്ടെന്നാൽ, വിധിക്കുന്നവൻ ദൈവമാകുന്നു.

മദ്ബഹാഗീതം (ഒാനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I കർത്താവ് ഉന്നതങ്ങളിൽ പ്രകീർത്തിക്കപ്പെടുന്നു.
(സങ്കീ 93, 5)

സമൂ. ഉന്നതവിണ്ണിൽ സ്വർഗതലത്തിൽ വാഴും സ്ലീവാ തൻ
ശാന്തി നിതാന്തം ചൊരിയുന്നാഴിയിലും ഭൂമിയിലും
സ്നേഹസരിത്താം ത്രിത്വം വാണീടും വാനിടമോ
ശാന്തി വഴിഞ്ഞൊഴുകീടും കൂടാരം സമ്പന്നം
ശാന്തി നിറയ്ക്കുക നാഥാ, കനിവോടെ
മർത്ത്യരിലെന്നാളും.

ഗായക. II കർത്താവ് യുദ്ധങ്ങൾ ഇല്ലാതാക്കുന്നു. (സങ്കീ 46, 9)

സമൂ. ഉന്നതവിണ്ണിൽ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. കർത്താവേ, നിൻ ആരാധകരീ പാവനഗേഹത്തിൻ
അങ്കണമതിലായഭയം തേടുന്നു പ്രാർഥനയിൽ
തുണയും തണലും നിറയും ഭവനത്തിൻ നന്മകളാൽ
ശാന്തി നിതാന്തം നാഥാ, ചൊരിയണമേ മാനവരിൽ
കീർത്തനവീചികളാലെ തിരുനാമം നിത്യം വാഴ്ത്തീടാം.

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. വാനും ഭൂതലവും
സർവചരാചരവും
താവകമെന്നാളും. (സങ്കീ 89, 11)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാഗീതികളാൽ
മർത്ത്യകുലത്തിൻ രക്ഷകനാം
മിശിഹാതൻ പുനരാഗമനം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II ദിക്കുകളെല്ലാം നിൻ
സൃഷ്ടികളാണല്ലോ
നാഥാ, സകലേശാ. (സങ്കീ 89, 12)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 118, 73-76)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

തൃക്കരമതിനാലെന്നെ മെനഞ്ഞു
നിൻ നിയമത്തിൽ ശിക്ഷണമേകി.

www.malankaralibrary.com

തിരുലിഖിതത്തിൽ പ്രത്യാശിക്കും
എന്നിൽ നിൻ ജനമാനന്ദിക്കും.

വാഗ്ദാനംപോൽ ദാസനു നിന്നുടെ
സാന്ത്വനമേകാൻ കനിയണമേ നീ.

താതനുമതുപോൽ സുതനും പാവന
റൂഹായ്ക്കും സ്തുതിയുണ്ടാകട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും (സാധാരണദിവസങ്ങളിൽ - അനുതാപത്തോടും ഭക്തിയോടും -) കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പ്രമാണങ്ങളെയും പ്രവാചകന്മാരെയും സമാദരിക്കുകയും എല്ലാ നിയമങ്ങളും പൂർത്തിയാക്കുകയും ചെയ്ത മിശിഹായേ, തിരുസഭയുടെ പ്രബോധനങ്ങൾക്കു വിധേയരായി ജീവിക്കാൻ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ഏലിയായുടെ തീക്ഷ്ണതയോടും മൂശെയുടെ ധൈര്യത്തോടുംകൂടെ ജീവിതകാലംമുഴുവൻ നിനക്കു ശുശ്രൂഷചെയ്യാൻ സഭാതനയരെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. താബോർമലയിൽവച്ചു രൂപാന്തരപ്പെടുകയും നിന്റെ മഹത്ത്വം കണ്ടു ഭീതിപൂണ്ട വത്സലശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും ചെയ്ത മിശിഹായേ, വിധിദിവസത്തിൽ മഹത്ത്വപൂർണനായി നീ പ്രത്യക്ഷപ്പെടുമ്പോൾ, ആനന്ദത്തോടെ നിന്നെ എതിരേല്ക്കാൻ ഞങ്ങളെ യോഗ്യരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സ്വർഗരാജ്യത്തെ ലക്ഷ്യമാക്കി കുരിശിന്റെ മാർഗത്തിലൂടെ അനുദിനം മുന്നേറാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

www.malankaralibrary.com

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. പ്രവാചകന്മാരുടെ പ്രതീക്ഷയും പഴയനിയമത്തിന്റെ പൂർത്തീകരണവുമായ മിശിഹായേ, ദൈവദൂതന്മാരാൽ പരിസേവിതനായി കുരിശടയാളത്തോടുകൂടെ വാനമേഘങ്ങളിൽ നീ ആഗതനാകുമ്പോൾ വിശുദ്ധരോടൊന്നിച്ചു നിന്നെ എതിരേല്ക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ പെസഹാരഹസ്യത്തിൽ സജീവമായി പങ്കെടുക്കുന്ന ഞങ്ങളെ സ്വർഗരാജ്യത്തിന് അവകാശികളാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. വിശുദ്ധ മന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ.

(സങ്കീ 150, 1)

സമൂ. നാഥാ, ഞങ്ങൾക്കായ്
മോചനമേകാൻ നീ
പീഠമൊരുക്കുന്നു.
നിർമലമാനസരെല്ലാരും
നിൻതിരുസന്നിധിയണയുന്നു
പാപിക്കും നീയേകുന്നു
പാപവിമോചകമീ ദാനം
ഈ ബലിയിൽ വാഴ്ത്താം നിൻ നാമം.

ഗായക. ശുദ്ധമായ കരങ്ങളും നിർമലമായ ഹൃദയവുമുള്ളവൻ.

(സങ്കീ 24, 4)

സമൂ. നാഥാ, ഞങ്ങൾക്കായ് ...

www.malankaralibrary.com

(അല്ലെങ്കിൽ)

ഗായക. വിശുദ്ധ മന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ.

(സങ്കീ 150, 1)

സമൂ. കർത്താവേ, നീ ഞങ്ങൾക്കു മുമ്പിൽ വിമോചനത്തിനായുള്ള പീഠമൊരുക്കുന്നു. കളങ്കമില്ലാത്തവനും നിർമലമായ കരങ്ങൾ ഉള്ളവനും ഹൃദയത്തിൽ നൈർമല്യമുള്ളവനും വിശുദ്ധിയോടെ അതിനെ സമീപിക്കുന്നു. ദൈവമേ, പാപമോചകമായ കുർബാന നല്കിയതിന് അങ്ങേക്കു സ്തുതി.

ഗായക. ശുദ്ധമായ കരങ്ങളും നിർമലമായ ഹൃദയവുമുള്ളവൻ.

(സങ്കീ 24, 4)

സമൂ. കർത്താവേ, നീ ഞങ്ങൾക്കു മുമ്പിൽ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. പരിപാവനമാം നിണഗാത്രങ്ങൾ
മർത്ത്യർക്കേകുന്നീ വേദികയിൽ.

നമ്മിൽനിന്നും പാപകടങ്ങൾ
മായിച്ചീടും വിണ്ണിൻ ഭോജ്യം.

നമ്മെ പാവനരാക്കും ദാനം
കൈക്കൊണ്ടീടാം സ്തുതി പാടീടാം.

പരിശുദ്ധൻ നീ പരിശുദ്ധൻ നീ
സർവാധിപനേ, പരിശുദ്ധൻ നീ.

(അല്ലെങ്കിൽ)

സമൂ. വിശുദ്ധീകരിക്കുന്ന രഹസ്യവും അമൂല്യമായ തിരുരക്തവും നല്കപ്പെടുന്നു. നമുക്കെല്ലാവർക്കും 'സകലത്തിന്റെയും നാഥാ, നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു പാടി സ്തുതിക്കാം. കടങ്ങളിൽനിന്നുള്ള മോചനത്തിനായി ഇതാ, സകലജനതകൾക്കും സ്വർഗീയഅപ്പം നല്കപ്പെടുന്നു. നമുക്ക് ഈ ദിവ്യരഹസ്യത്തെ സമീപിക്കുകയും മാലാഖമാരോടൊത്ത് ഹല്ലേലുയ്യാ പാടുകയും ചെയ്യാം.

www.malankaralibrary.com

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. ജീവനെഴുന്നോരുന്നത ദാനം
പാപം പോക്കും ജീവൻ പകരും.
അർഹതയുള്ളോർക്കിതു നല്കുന്നു
കൃപയും നന്മയുമളവില്ലാതെ.
വരുവിൻ ജനമേ, നൈർമല്യത്തൊടു-
കൈക്കൊള്ളുവിനീ ദിവ്യരഹസ്യം.

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, പാപങ്ങൾ മോചിച്ച് ജീവൻ പ്രദാനം ചെയ്യുന്ന ഈ രഹസ്യത്തിൽ പങ്കുകാരാകുവിൻ. ഇതു ജീവൻ മറഞ്ഞിരിക്കുന്ന വലിയ രഹസ്യമാകുന്നു. അർഹതയുള്ളവന് ഇത് എല്ലാ നന്മകളും നല്കുന്നു. നമ്മെ ശുദ്ധീകരിക്കുകയും നമുക്ക് സൗഖ്യം നല്കുകയും ചെയ്യുന്ന ഈ ദാനം നിർമലഹൃദയത്തോടെ നമുക്ക് സ്വീകരിക്കാം.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, തിരുവചനത്തിലൂടെ വിശുദ്ധ കുരിശിന്റെ രഹസ്യം വെളിപ്പെടുത്തിയതിന് അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. ദിവ്യരഹസ്യങ്ങളിൽ പങ്കുകൊണ്ട് അങ്ങയുടെ നാമത്തെ മഹത്ത്വപ്പെടുത്താനും അങ്ങയുടെ വചനം പ്രഘോഷിക്കാനും ബലഹീനരായ ഞങ്ങൾക്കു ശക്തി നല്കി. ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, ഈ ദിവ്യ രഹസ്യങ്ങൾവഴി നിന്റെ മഹത്ത്വം പ്രകീർത്തിക്കാൻ നീ ഞങ്ങൾക്കു കൃപ നല്കി. സകലത്തെയും പവിത്രീകരിക്കുന്ന നിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച ഞങ്ങളെ നിത്യസൗഭാഗ്യത്തിൽ എത്തിച്ചേരാൻ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. നിസ്തുല ദിവ്യരഹസ്യങ്ങൾ
പരികർമം നാം ചെയ്യുകയാൽ
നാഥൻ തന്റെ മഹത്ത്വത്തിൽ
പങ്കാളികളായ്ത്തീർത്തല്ലോ.

പീഡകളെങ്ങും നിറയുമ്പോൾ
വിശ്വാസത്തിൽ നിലനില്ക്കാൻ
സ്നേഹപിതാവാം സകലേശൻ
കൃപയും ശക്തിയുമരുളട്ടെ.

ദൈവത്തിൻ പരിപാലനമീ
ഭൂവിൽ നിങ്ങൾക്കെന്നാളും
നല്വരദാനം നല്കീടും
സംരക്ഷണവും ചിരകാലം.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ശരീര രക്തങ്ങൾവഴി തന്റെ മഹത്ത്വത്തിൽ നമ്മെ പങ്കുകാരാക്കിയ കർത്താവ് സഭയിൽ വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവത്തിന്റെ അനുഗൃഹീതജനമേ, ദൈവരാജ്യത്തിനുവേണ്ടി പീഡകളും ക്ലേശങ്ങളും അനുഭവിക്കേണ്ടിവരുമ്പോഴും വിശ്വാസത്തിൽ ഉറച്ചുനില്ക്കാൻ അവിടന്നു നിങ്ങളെ അനുഗ്രഹിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

പള്ളിക്കൂദാശക്കാലം

പ്രാരംഭപ്രാർഥന

കാർമി. കർത്താവായ ദൈവമേ, തിരുസഭയെ സ്ഥാപിക്കുകയും സ്വർഗീയസൗന്ദര്യത്താൽ അവളെ അലങ്കരിക്കുകയും ചെയ്ത അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. കൂദാശകൾവഴി സഭയിൽ രക്ഷ പ്രദാനം ചെയ്യാൻ തിരുമനസ്സായ അങ്ങയുടെ അനന്തകാരുണ്യത്തിന് ഞങ്ങൾ നന്ദിപറയുന്നു. സഭയുടെ മഹത്ത്വീകരണം അനുസ്മരിക്കുന്ന ഞങ്ങളെ വിശുദ്ധിയോടെ ഈ കുർബാനയർപ്പിക്കാനും മാലാഖമാരോടൊത്ത് അങ്ങയെ സ്തുതിക്കാനും ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 147, 148, 149, 150 (മർമീസ 60)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവിൻ തിരുഭവനത്തിൽ
സ്തുതിഗീതങ്ങളുയർത്തിടുവിൻ
പ്രാഭവമേറും ഗഗനത്തിൽ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ.

സമൂ. ദൈവത്തിൻ സുതനീശോയാൽ
ശുദ്ധീകൃതരായ്ത്തീർന്നവരേ,
തന്നുടെ രാജ്യം പൂകാനായ്
നാഥൻ നമ്മെ വിളിക്കുന്നു.

ഓറെശ്ലേമേ, സെഹിയോനേ,
കർത്താവിൻ സ്തുതി പാടിടുവിൻ
ദ്യോവിൽ മേവും സേനകളേ,
നാഥനെ വാഴ്ത്തിവണങ്ങിടുവിൻ.

www.malankaralibrary.com

സ്വന്തജനത്തിന്നഭിമാനം
നാഥനുയർത്തുന്നനുവേലം
ശാശ്വതമാകും മഹിമയവൻ
ധർമിഷ്ഠർക്കായേകുന്നു.

ദൈവികമഹിമ ധരിച്ചവരാം
നീതിയെഴുന്നോർ മഹിമയൊടെ
ദൈവത്തിൻ തിരുഭവനത്തിൽ
നിതരാം സ്തുതികൾ പാടട്ടെ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. വിശുദ്ധ മന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ;
പ്രഭാവമേറിയ ആകാശപ്പരപ്പിൽ
അവിടത്തെ പുകഴ്ത്തുവിൻ.

സമൂ. (കാനോന) ദൈവപുത്രൻ നമ്മെ പവിത്രീകരിക്കുകയും
തന്റെ രാജ്യത്തിലേക്കു ക്ഷണിക്കുകയും ചെയ്തു.

കാർമി. ഓറെശ്ലേമേ, കർത്താവിനെ സ്തുതിക്കുക;
സെഹിയോനേ, നിന്റെ ദൈവത്തെ പുകഴ്ത്തുക.

സമൂ. സകലമാലാഖമാരേ, അവിടത്തെ സ്തുതിക്കുവിൻ;
സ്വർഗീയസൈന്യങ്ങളേ, അവിടത്തെ പുകഴ്ത്തുവിൻ.

കാർമി. സ്വന്തജനത്തിന്റെ അഭിമാനം അവിടന്ന് ഉയർത്തുന്നു;
തന്റെ ധർമിഷ്ഠർക്കു മഹത്ത്വമേകുന്നു.

സമൂ. നീതിമാന്മാർ മഹത്ത്വത്തിൽ ശക്തിപ്പെടട്ടെ;
അധരങ്ങളാൽ സ്തുതിഘോഷം ഉയർത്തട്ടെ.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ദൈവപുത്രൻ നമ്മെ പവിത്രീകരിക്കുകയും
തന്റെ രാജ്യത്തിലേക്കു ക്ഷണിക്കുകയും ചെയ്തു.

www.malankaralibrary.com

മദ്ബഹാഗീതം (ഒാനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I അങ്ങു സ്വന്തമാക്കിയ സമൂഹത്തെ ഓർക്കണമേ.

(സങ്കീ 74, 21)

സമൂ. കർത്താവേ, നിൻ തിരുസഭയെ നീ കാക്കണമെന്നാളും
ആദിയിലവളെ സദയം നിൻ കൃപയാൽ ഉരുവാക്കി.
കലഹമകറ്റി ദൃഢമാം ഐക്യത്തിൽ പുലരാനായ്
അവളുടെ സുതരെ നിതരാം ചേർക്കുക നീ സ്നേഹത്തിൽ
നിൻ തിരുനാമം നിത്യം ധരയിതിലും പൂജിതമായീടാൻ.

ഗായക. II അങ്ങയോട് അടുത്തിരിക്കുന്നവരെ കാരുണ്യപൂർവം
പാലിക്കണമേ. (സങ്കീ 36, 10)

സമൂ. കർത്താവേ, നിൻ തിരുസഭയെ നീ കാക്കണമെന്നാളും
അവളുടെ വൈദികനിരയിൽ പുലരട്ടെ ശാന്തി സദാ
സത്യവുമേകവുമാകും വിശ്വാസം കാക്കുമവർ
അജപാലകരായ് കരതാർ തിരുമുമ്പിൽ നീട്ടീടാൻ
കാരുണ്യത്തിൻ വരമീ ദാസരിലായ്
ചൊരിയണമെന്നാളും.

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. രക്ഷകനീശോ മിശിഹായേ, നീ സഭതൻ ശിരസല്ലോ
ആദിമുതല്ക്കേ ദൃഢമായ് നിന്റേതാം തിരുസഭയിൽ
പാലിച്ചീടുക കേപ്പായ്ക്കേകിയതാം വാഗ്ദാനം
ശക്തി വരിക്കരുതവളിൽ നരകത്തിൻ വാതിലുകൾ
അവളുടെയുന്നതനൃപനും മഹിമയുമാം
നിന്നെ വാഴ്ത്തീടാം.

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. ദൈവികഭവനത്തിൽ
പോകാം സാമോദം
ആദരമർപ്പിക്കാം. (സങ്കീ 131, 7)

ദാവീദിനെയോർത്തഖിലേശാ
അഭിഷിക്തനെ നീ തള്ളരുതേ
അവനുടെ സുതനെ നിയതം ഞാൻ
സുസ്ഥിരനാക്കും ത്രോണോസിൽ
നിൻ ശപഥം നിതരാം ഓർക്കണമേ.

ശുശ്രൂ. II വിശ്രമഗേഹത്തിൽ
പേടകമൊപ്പം നീ
ആഗതനാകണമേ. (സങ്കീ 131, 8)

സമൂ. ദാവീദിനെയോർത്തഖിലേശാ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദാവീദിനെയോർത്തഖിലേശാ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദാവീദിനെയോർത്തഖിലേശാ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 84, 1-4)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

ബലവാനാകും കർത്താവേ, നിൻ
ഭവനം നിത്യവുമെത്ര മനോജ്ഞം.

www.malankaralibrary.com

നിൻ ഭവനത്തിൻ മുറ്റത്തണയാൻ
എന്നാത്മാവു കൊതിച്ചീടുന്നു.

നിൻ സ്തുതി പാടിത്തിരുഭവനത്തിൽ
പാർക്കുന്നവരോ ഭാഗ്യമിയന്നോർ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടെ, തിരുസഭയുടെ ഭാവി മഹത്ത്വത്തെ സ്മരിച്ചുകൊണ്ട് 'കർത്താവേ, നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

ശുശ്രൂ. "ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന വാഗ്ദാനമനുസരിച്ച്, സഭയിൽ നിരന്തരം വസിച്ചുകൊണ്ട്, അവളെ നിത്യസൗഭാഗ്യത്തിലേക്കു നയിക്കുന്ന കർത്താവേ,

സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

ശുശ്രൂ. സഭയെ സ്നേഹിക്കുകയും നിർമലവധുവായിരിക്കാൻ അവൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത കർത്താവേ,

സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

ശുശ്രൂ. ലോകസൃഷ്ടിക്കുമുമ്പുതന്നെ നിനക്കുണ്ടായിരുന്ന മഹത്ത്വത്തിൽ ഞങ്ങൾ പങ്കുകാരാകാൻവേണ്ടി അനുദിനം ഞങ്ങളുടെ

www.malankaralibrary.com

കുരിശുമെടുത്ത് നിന്നെ അനുഗമിക്കാൻ ആഹ്വാനം ചെയ്ത കർത്താവേ,

സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

ശുശ്രൂ. സകലജനപദങ്ങളും നിന്നെ രക്ഷകനായി ഏറ്റുപറയാൻ, രക്ഷയുടെ അടയാളവും സമാധാനത്തിന്റെ തുറമുഖവുമായി സഭയെ സ്ഥാപിച്ച കർത്താവേ,

സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കുന്ന കർത്താവേ,

സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

ശുശ്രൂ. കൃപയാൽ ഞങ്ങളെ രക്ഷിക്കുകയും ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യുന്ന കർത്താവേ,

സമൂ. നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. തിരുസഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കാൻ കാൽവരിയിൽ ജീവാർപ്പണം ചെയ്ത മിശിഹായേ, നിന്റെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്ന ഈ സമൂഹത്തിൽ നീ പ്രസാദിക്കണമേ. പരിശുദ്ധാത്മാവിന്റെ സ്നേഹത്തിൽ നീ പിതാവിനോട് ഒന്നായിരിക്കുന്നതുപോലെ

www.malankaralibrary.com

ഞങ്ങളും നിന്നിൽ ഒന്നായിരിക്കാൻ സഹായിക്കണമേ.
നിത്യസൗഭാഗ്യം നോക്കിപ്പാർത്തിരിക്കുന്ന ഞങ്ങളേവരെയും
നിലനില്പിന്റെ വരം നല്കി അനുഗ്രഹിക്കുകയും ചെയ്യണമേ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

(സങ്കീ 144, 1)

സമൂ. മിശിഹാരാജാവേ,
നിൻ തിരുരക്തത്താൽ
സഭയെ രക്ഷിച്ചു.
നല്കണമേ നിൻ കാരുണ്യം
തിരുഹിതമെന്നും നിറവേറ്റാൻ
നിർമലമാകും ഹൃദയമൊടെ
ഞങ്ങൾ തിരുബലിയർപ്പിക്കും
സ്തുതിപാടും നാഥൻ പരിശുദ്ധൻ.

ഗായക. വൈരികളിൽനിന്ന് അങ്ങു ഞങ്ങളെ രക്ഷിച്ചു.

(സങ്കീ 44, 7)

സമൂ. മിശിഹാരാജാവേ,
നിൻ തിരുരക്തത്താൽ
സഭയെ രക്ഷിച്ചു.
നല്കണമേ നിൻ കാരുണ്യം
തിരുഹിതമെന്നും നിറവേറ്റാൻ
വാനവനിരയൊടു ചേർന്നേവം
ഞങ്ങൾ നിൻ സ്തുതി പാടീടും
രക്ഷകനാം ദൈവം പരിശുദ്ധൻ.

www.malankaralibrary.com

(അല്ലെങ്കിൽ)

ഗായക. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

(സങ്കീ 144, 1)

സമൂ. രാജാവായ മിശിഹായേ, നിന്റെ അമൂല്യമായ രക്തത്താൽ സഭയെ എല്ലാ തെറ്റുകളിൽനിന്നും നീ സംരക്ഷിച്ചു. എല്ലായ്പ്പോഴും നിന്റെ ഹിതം നിറവേറ്റാനുള്ള ശക്തി കാരുണ്യപൂർവം ഞങ്ങൾക്കു നല്കണമേ. വിശുദ്ധവും നിർമലവുമായ ഹൃദയത്തോടുകൂടെ നിനക്കു ബലി അർപ്പിക്കാൻ ഞങ്ങൾക്കിടയാകട്ടെ. ഞങ്ങളുടെ രക്ഷകനും കർത്താവുമായ ദൈവമേ, നീ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഭക്ത്യാദരങ്ങളോടെ ഉദ്ഘോഷിച്ചുകൊണ്ട് മാലാഖവൃന്ദത്തോടുകൂടെ ഞങ്ങളും നിന്നെ സ്തുതിക്കട്ടെ.

ഗായക. വൈരികളിൽനിന്ന് അങ്ങു ഞങ്ങളെ രക്ഷിച്ചു.

(സങ്കീ 44, 7)

സമൂ. രാജാവായ മിശിഹായേ, നിന്റെ അമൂല്യമായ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. വിശ്വാസത്തിൻ പാറയിലല്ലോ
സഭയെ മിശിഹാനാഥനുയർത്തി.

ബോധനമേകാൻ ശ്ലീഹർക്കൊപ്പം
മല്പാന്മാരെ നല്കിയവൾക്കായ്.

സഭയിൽ സത്യം കാത്തുവളർത്തും
മിശിഹാ നിത്യം സ്തുത്യർഹൻതാൻ.

(അല്ലെങ്കിൽ)

സമൂ. വിശ്വാസമാകുന്ന പാറമേൽ സഭയെ പണിതുയർത്തുകയും ശ്ലീഹന്മാരെയും പ്രവാചകന്മാരെയും സത്യപ്രബോധകരായ മല്പാന്മാരെയും സഭയ്ക്കു നല്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. വിജയകിരീടം ചാർത്തി മഹേശൻ
വധുവാം സഭയെയലംകൃതയാക്കി.

തിരുനാമസ്തുതി പാടുകയല്ലോ
ആദരവോടെ തിരുസഭയെന്നും.

കർത്താവിൻ തിരുഗാത്രനിണങ്ങൾ
ജീവൻ നല്കിടുമച്ചാരം താൻ.

വാനവനിരയാലനുഗതരായി
വൈദികരവയെ വഹിച്ചീടുന്നു.

(അല്ലെങ്കിൽ)

ശുശ്രൂ. മിശിഹാ തന്റെ സഭയെ വിജയമകുടം ചൂടിച്ചു. എല്ലാ അധരങ്ങളിൽനിന്നും അവന്റെ നാമത്തിനു മഹത്ത്വമുണ്ടായിരിക്കട്ടെ. ഇതാ, വൈദികർ മാലാഖമാരോടുകൂടെ ജീവന്റെ അച്ചാരം സംവഹിക്കുന്നു. വരുവിൻ, തിരുശരീരരക്തങ്ങൾ സ്വീകരിച്ച് ജീവൻ പ്രാപിക്കുവിൻ.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ സ്നേഹവും പരിപാലനവും നല്കി അനുഗ്രഹിച്ചതിന് അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. പുതിയ ഓറെശ്ലെമായി സഭയെ തിരഞ്ഞെടുത്ത അങ്ങയുടെ അനന്തകാരുണ്യം ഞങ്ങൾ വാഴ്ത്തുന്നു. തിരുനാമത്തിൽ ഒന്നുചേർന്ന് അങ്ങയെ ആരാധിക്കാനും ദിവ്യരഹസ്യങ്ങളിൽ പങ്കുചേരാനും ഭാഗ്യം ലഭിച്ച ഞങ്ങളെ സ്വർഗവാസികളോടുകൂടെ അങ്ങയെ പരിശുദ്ധൻ എന്നു പാടി സ്തുതിക്കാൻ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

www.malankaralibrary.com

കാർമി. കാരുണ്യവാനായ കർത്താവേ, നിന്റെ അമൂല്യരക്തത്താൽ ഞങ്ങളെ വിശുദ്ധീകരിച്ച നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്റെ തിരുവചനം ശ്രവിക്കാനും തിരുശരീരരക്തങ്ങൾ അനുഭവിക്കാനും ഞങ്ങളെ യോഗ്യരാക്കിയതിന് നിനക്കു ഞങ്ങൾ നന്ദി പറയുന്നു. പരിശുദ്ധാത്മാവിന്റെ ആലയമാകുന്ന ഞങ്ങളുടെ ശരീരങ്ങളെ വിശുദ്ധമായി സംരക്ഷിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. സഭയുടെ ചെറിയ പതിപ്പായ കുടുംബങ്ങളെ വിശ്വാസത്തിൽ വളർത്തണമെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. വാഗ്ദാനത്തിൻ പൂർത്തിക്കായ്
സുതനെ നല്കിയ താതന്നും
സഭതൻ വരനാം മിശിഹായ്ക്കും
സ്തുതിഗീതങ്ങൾ പാടീടാം.

ദൈവികമാകും തീക്ഷ്ണതയാൽ
നിറയാൻ നിർമലരായീടാൻ
നമ്മെ നയിക്കും റൂഹായ്ക്കായ്
നിതരാം നന്ദിയുയർത്തീടാം.

അന്ത്യവിധിക്കായ് രാജാവാം
മിശിഹായാഗതനാകുമ്പോൾ
വലതുവശത്തണിചേർന്നീടാൻ
നാഥൻ തൻ കൃപ ചൊരിയട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

(അല്ലെങ്കിൽ)

കാർമി. വാഗ്ദാനപൂർത്തീകരണത്തിനായി തന്റെ ഏകജാതനെ നല്കിയ പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. തന്റെ പ്രിയമണവാട്ടിയായി സഭയെ സ്വീകരിക്കുകയും യുഗാന്തത്തിൽ സ്വർഗീയഓറെശ്ലെമിലേക്ക് അവളെ ആനയിക്കാൻ ആഗതനാകുകയും ചെയ്യുന്ന മിശിഹായെ നമുക്കാരാധിക്കാം. ഈ ഭവനത്തിൽ നമ്മെ ഒരുമിച്ചുകൂട്ടിയ പരിശുദ്ധാത്മാവിനു നമുക്കു നന്ദി പറയാം. ദൈവത്തിന്റെ ആലയത്തോടുള്ള തീക്ഷ്ണതയിൽ ജ്വലിക്കാനും ആത്മാവിന്റെ ആലയങ്ങളായി വിശുദ്ധിയോടും നൈർമല്യത്തോടുംകൂടെ ജീവിക്കാനും അവിടന്ന് നിങ്ങളെ അനുഗ്രഹിക്കട്ടെ. മിശിഹാ, രാജാവും വിധികർത്താവുമായി അണയുമ്പോൾ അവിടത്തെ വലത്തുഭാഗത്ത് അണിനിരക്കാൻ നിങ്ങൾക്കിടയാകട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

www.malankaralibrary.com

തിരുനാളുകൾ

ദനഹാത്തിരുനാൾ

(ജനുവരി 6)

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ മാമോദീസാവേളയിൽ ത്രിത്വൈകരഹസ്യം ഞങ്ങൾക്കു വെളിപ്പെടുത്തിത്തന്ന അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷകനായ മിശിഹായെ കർത്താവും ദൈവപുത്രനുമായി ഏറ്റുപറയാനും ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടെ പരികർമംചെയ്യാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 96, 97, 98 (മർമീസ 38)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. നാഥനു ഗാനമുയർത്തിടുവിൻ
ഭുവനം മുഴുവനിലെന്നാളും
മഹനീയം തൻ തിരുനാമം
ഏറ്റുപറഞ്ഞു പുകഴ്ത്തിടുവിൻ.

സമൂ. ജനരാശികളുടെ മധ്യേ ഞാൻ
നിൻ സ്തുതിഗീതം പാടീടും
വളരെ ജനത്തിൻ മുമ്പിൽ ഞാൻ
നിൻ സ്തുതി പാടി വണങ്ങീടും.

മഹിമയുമതുപോൽ തേജസ്സും
കർത്താവിൻ തിരുസന്നിധിയിൽ
സ്തുതിയും ശക്തിയുമെന്നാളും
ദൈവത്തിൻ തിരുഭവനത്തിൽ.

www.malankaralibrary.com

നീതിയെഴുന്നോർക്കുലകത്തിൽ
നിത്യവെളിച്ചമുദിച്ചല്ലോ
കർത്താവിൻ പരിശുദ്ധിയവർ
ഏറ്റുപറഞ്ഞു പുകഴ്ത്തട്ടെ.

വാഗ്ദാനംപോലിസ്രേലിൽ
നാഥൻ തൻ കൃപ വർഷിച്ചു
അവനുടെ രക്ഷാകൃത്യങ്ങൾ
ഭൂതലമഖിലം ദർശിച്ചു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിനു പുതിയ കീർത്തനം പാടുവിൻ;
ഭൂമിമുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

സമൂ. (കാനോന) ജനതകളുടെ ഇടയിൽ ഞാൻ അങ്ങയെ
സ്തുതിക്കും; ജനസമൂഹത്തിൽ പാടിപ്പുകഴ്ത്തും.

കാർമി. മഹത്ത്വവും തേജസ്സും തിരുസന്നിധിയിലാകുന്നു;
ശക്തിയും സ്തുതിയും വിശുദ്ധമന്ദിരത്തിലും.

സമൂ. കർത്താവിനെ പ്രകീർത്തിക്കുവിൻ;
തിരുനാമം വാഴ്ത്തിപ്പാടുവിൻ.

കാർമി. നീതിമാന്മാർക്കു പ്രകാശമുദിച്ചു;
പരമാർഥഹൃദയർക്ക് ആഹ്ലാദമുണ്ടായി.

സമൂ. നീതിമാന്മാരേ, നിങ്ങൾ കർത്താവിലാനന്ദിക്കുവിൻ;
അവിടത്തെ പരിശുദ്ധി പ്രകീർത്തിക്കുവിൻ.

കാർമി. ഇസ്രായേൽഭവനത്തോടുള്ള കൃപയും വിശ്വസ്തതയും
അവിടന്ന് അനുസ്മരിച്ചു.

സമൂ. നമ്മുടെ ദൈവത്തിന്റെ രക്ഷ
ഭൂതലംമുഴുവൻ ദർശിച്ചിരിക്കുന്നു.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ജനതകളുടെ ഇടയിൽ ഞാൻ അങ്ങയെ
സ്തുതിക്കും; ജനസമൂഹത്തിൽ പാടിപ്പുകഴ്ത്തും.

മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

(സങ്കീ 144, 1)

സമൂ. കർത്താവേ, നിൻ ദിവ്യമഹത്ത്വം നിന്നുടെ ത്രോണോസിൽ
അതിനുടെ ചുറ്റിലുമെന്നും ക്രോവേമാർ നിരനിരയായ്
ഭയഭക്ത്യാദരവോടെ നീങ്ങീടും വേളയതിൽ
ഭീതിയൊടവരോ വദനം മൂടുന്നു ചിറകുകളാൽ
നിന്നുടെ ദൈവമഹത്ത്വം ദൂതർക്കും നിതരാമഗ്രാഹ്യം.

ഗായക. II ദൈവത്തിന്റെ സിംഹാസനം ശാശ്വതമാകുന്നു.

(സങ്കീ 45, 6)

സമൂ. കർത്താവേ, നീ മഹിമാപൂർണൻ എത്ര മനോജ്ഞൻ
എങ്കിലുമങ്ങീ ധരയിൽ മാനവർതൻ മദ്ധ്യത്തിൽ
നിവസിച്ചീടുന്നവരെ ദൈവികമാം അഗ്നിയതാൽ
എരിയിക്കാനല്ലവരെ പ്രോജ്ജ്വലരായ് മാറ്റീടാൻ
നിന്നുടെ കരുണ നിനച്ചിവരെന്നും നാഥാ, നിൻ
സ്തുതികൾ പാടീടും.

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. രക്ഷകനേ, നിൻ ദാസർ നിതരാം കാത്തുവസിക്കുന്നു
ശാശ്വതമായ് നിലനില്ക്കും സൗഭാഗ്യം ജീവിതവും
സ്ലീവാതന്നുടെ ചിറകിൽ തേടുന്നു സങ്കേതം
നിറവേറ്റീടുക നാഥാ, നിതരാം നിൻ വാഗ്ദാനം
യോഗ്യതയേകുക നാഥാ, നിൻ സ്തുതികൾ
നിതരാം പാടീടാൻ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. രക്ഷകനേ, നിൻ ദാസർ ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. ദൈവം മോദമൊടെ
നിന്നെ തൈലത്താൽ
അഭിഷേകംചെയ്തു. (സങ്കീ 45, 7)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാഗീതികളാൽ
മിശിഹാതൻ മാമോദീസാ
കൊണ്ടാടീടാം സാമോദം
വാഴ്ത്തീടാം നിത്യം തിരുനാമം.

ശുശ്രൂ. II പരിമളദ്രവ്യത്താൽ
സുരഭിലമല്ലോ നിൻ
ഉടയാടകളെല്ലാം. (സങ്കീ 45, 8)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 45, 1)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നല്ലോരാശയമെൻ മനതാരിൽ
വന്നുനിറഞ്ഞു തുളുമ്പീടുന്നു.

രാജാവിൻ തിരുമുമ്പിൽ കീർത്തന-
മധുവായ് ഞാനതൊഴുക്കീടട്ടെ.

www.malankaralibrary.com

ഏറ്റമനുഗ്രഹപൂരിതനാം കവി
തൻ തൂലികപോലെൻ നാവിപ്പോൾ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സ്വയം വിനീതനാക്കിക്കൊണ്ട്, യോഹന്നാൻമാംദാനയിൽനിന്ന് മാമോദീസ സ്വീകരിക്കുകയും സൃഷ്ടികളെ വിശുദ്ധീകരിക്കുകയും പാപികൾക്ക് അനുതാപത്തിന്റെ വാതിൽ തുറന്നു കൊടുക്കുകയും ചെയ്ത മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. യോർദാനിലെ നിന്റെ മാമോദീസായിലൂടെ തന്നെത്തന്നെയും പരിശുദ്ധത്രിത്വത്തെയും ഞങ്ങൾക്കു വെളിപ്പെടുത്തിയ മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നിന്റെ മാമോദീസാവഴി ഞങ്ങളിലെ പാപക്കറകൾ കഴുകി വെടിപ്പാക്കുകയും ഞങ്ങൾക്കു രക്ഷയും സ്വാതന്ത്ര്യവും നല്കുകയും ചെയ്ത മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. പരിശുദ്ധമാമോദീസായാൽ ഞങ്ങളെ ദൈവമക്കളും സ്വർഗത്തിനു അവകാശികളുമാക്കിയ മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നിന്റെ മാമോദീസായാൽ സമുദ്രങ്ങളെയും നദികളെയും മറ്റെല്ലാ ജലസ്രോതസ്സുകളെയും വിശുദ്ധീകരിച്ച മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കുന്ന കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യുന്ന കർത്താവായ മിശിഹായേ, ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

www.malankaralibrary.com

കാർമി. കാരുണ്യവാനായ കർത്താവേ, ലോകരക്ഷയ്ക്കായി നീ മനുഷ്യനായിത്തീരുകയും മാമോദീസായിൽ നിന്റെ മഹത്ത്വം ഞങ്ങൾക്കു വെളിപ്പെടുത്തുകയും ചെയ്തു. ദനഹാത്തിരുനാൾ ആഘോഷിക്കുന്ന ഞങ്ങൾ, സഭയിലൂടെ നല്കപ്പെട്ട മാമോദീസായുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിച്ച് നിനക്കു സജീവസാക്ഷ്യം വഹിക്കുന്നവരായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാ കർത്താവിൻ ...)

ഗായക. കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ.

(സങ്കീ 149, 1)

സമൂ. സർവചരാചരവും
മിശിഹാകർത്താവിൽ
നൂതനമായ്ത്തീർന്നു.
മാമോദീസാവേളയതിൽ
രക്ഷകനെയവ ദർശിച്ചു.
യോർദാൻനദിയിൽ ത്രിത്വത്തിൻ
സത്യവുമവനിൽ വെളിവായി
വാഴ്ത്തീടാം ത്രിത്വം പരിശുദ്ധൻ.

ഗായക. ഭൂമിയും അതിലെ സമസ്തവും കർത്താവിന്റേതാകുന്നു.

(സങ്കീ 24, 1)

സമൂ. ഇവനെൻ പ്രിയപുത്രൻ
ഇവനിൽ പ്രീതൻ ഞാൻ
താതനരുൾചെയ്തു.
പാവനറൂഹാ വിണ്ണിൽനി-
ന്നവനിലിറങ്ങി വസിച്ചല്ലോ
നിത്യനനാദ്യൻ മിശിഹാതൻ
ദൈവികമഹിമാവറിയിച്ചു
വാഴ്ത്തീടാം ത്രിത്വം പരിശുദ്ധൻ.

www.malankaralibrary.com

(അല്ലെങ്കിൽ)

ഗായക. കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ. (സങ്കീ 149, 1)

സമൂ. കർത്താവിനാൽ സൃഷ്ടി നവീകരിക്കപ്പെടുകയും രക്ഷകനെ അറിയുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ, അവൻ മാമോദീസ മുക്കപ്പെടുകയും യോർദാനിൽ ത്രിത്വത്തിന്റെ സത്യം വെളിവാക്കപ്പെടുകയും ചെയ്തു. "ഇവൻ എന്റെ പ്രിയ പുത്രനാകുന്നു, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നു പ്രഖ്യാപിച്ച പിതാവും മിശിഹായിൽ വന്നു വസിക്കുകയും യുഗങ്ങൾക്കു മുമ്പേയുള്ള അവന്റെ മഹത്ത്വം അറിയിക്കുകയും ചെയ്ത പരിശുദ്ധറൂഹായും വാഴ്ത്തപ്പെട്ടവനാകട്ടെ.

ഗായക. ഭൂമിയും അതിലെ സമസ്തവും കർത്താവിന്റേതാകുന്നു.

സമൂ. സൃഷ്ടി തന്റെ കർത്താവിനാൽ ...

പ്രത്യേകഗീതം (ദ്ഹീലത്ത്)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. ഭീതിദനാം നീ സ്വർഗത്തിൽ,
വാഴ്വൂ നിത്യമഹത്ത്വത്തിൽ
വാഴ്ത്തും ഞാനീ ഭവനത്തിൽ
ഹല്ലേലുയ്യാ ഗീതികളാൽ.

സമൂ. ഇസ്രായേലിൻ നായകനായ്
യാക്കോബിൽനിന്നൊരു താരം
ഉദയം ചെയ്യുന്നുലകത്തിൽ
ജനതകളവനെ വാഴ്ത്തുന്നു.

കാർമി. അവനുടെ മുമ്പിൽ നിലകൊൾവൂ
സംഖ്യാതീതം ദൂതന്മാർ
അവനുടെ മഹിമ പ്രകീർത്തിപ്പൂ
ഹല്ലേലുയ്യാ ഗീതികളാൽ.

സമൂ. സ്വർഗത്തിൽനിന്നൊരു ശബ്ദം
താതൻ തന്നുടെ ദിവ്യസ്വരം
നീയാണെന്നുടെ പ്രിയപുത്രൻ
നിന്നിൽ ഞാനോ സംപ്രീതൻ.

www.malankaralibrary.com

കാർമി. മാനവസ്നേഹിതനീശോതൻ
ശുശ്രൂഷകരായ്ത്തീർന്നീടാം
തിരുസന്നിധിയിൽ പാടീടാം
ദൈവസുതൻ നീ പരിശുദ്ധൻ.

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)
(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. മർത്ത്യകുലത്തിനു മോചനമേകും
മിശിഹാനാഥനെ വാഴ്ത്തിപ്പാടാം.
പാപകടങ്ങൾ നീക്കാൻ നാഥൻ
നല്കീ തൻ തിരുനിണഗാത്രങ്ങൾ.
വിണ്ണിൻ ദാനം കൈക്കൊണ്ടീടാം
ഒരുമയൊടവനെ ആരാധിക്കാം.

(അല്ലെങ്കിൽ)

സമൂ. വരുവിൻ, മനുഷ്യവംശത്തെയും ലോകം മുഴുവനെയും ദുഷ്ടനിൽനിന്നു മോചിച്ച രക്ഷകനെ നമുക്ക് ഒന്നുചേർന്ന് ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ, നമ്മുടെ കടങ്ങളിൽനിന്നുള്ള മോചനത്തിനായി, തന്റെ ശരീരരക്തങ്ങളാകുന്ന സ്വർഗീയദാനം അവൻ തന്റെ കൃപയാൽ നമുക്കു നല്കി.

അനുഗീതം (ഓനീസാ ദ്വാത്തേ)
(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. റൂഹായാലും സലിലത്താലും
സഭയിൽ ശുദ്ധി വരിച്ചു നിങ്ങൾ.
നാഥൻ തന്നുടെ ഗാത്രനിണങ്ങൾ
ജീവൻ നിങ്ങൾക്കേകീടുന്നു.

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, ജലത്താലും റൂഹായാലും നിങ്ങൾ വിശുദ്ധീകൃതരായി. മിശിഹായുടെ ശരീരത്താലും രക്തത്താലും നിങ്ങൾ ജീവൻ നേടുന്നു.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, മാമോദീസായാൽ ഞങ്ങളുടെ മനുഷ്യ പ്രകൃതിയെ നവീകരിക്കുകയും രക്ഷയുടെ മാർഗം വെളിപ്പെടുത്തുകയുംചെയ്ത അങ്ങയെ ഞങ്ങൾ മഹത്ത്വപ്പെടുത്തുന്നു. ജലത്താലും പരിശുദ്ധാരൂപിയാലും ഞങ്ങളെ ദൈവമക്കളാക്കുകയും തിരുശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കുകയും ചെയ്ത അങ്ങയുടെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ഞങ്ങളുടെ രക്ഷകനും കർത്താവുമായ മിശിഹായേ, മാമോദീസായിലൂടെ നിന്റെ മരണത്തിലും ഉത്ഥാനത്തിലും ഞങ്ങളെ പങ്കുകാരാക്കിയതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പരിശുദ്ധാത്മാവിനാൽ ഞങ്ങളെ വിശുദ്ധീകരിക്കുകയും ദിവ്യരഹസ്യങ്ങളിൽ പങ്കുകാരാക്കുകയും ദൈവികജീവനിൽ ഞങ്ങളെ വളർത്തി നിത്യസൗഭാഗ്യത്തിന് അർഹരാക്കുകയും ചെയ്ത നിന്റെ അനന്തകാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. ദൈവം നിത്യവുമാരാധ്യൻ
ഭൂവിലയച്ചൂ തൻസുതനെ
യോർദാൻ നദിയിൽ ത്രിത്വത്തിൻ
ദിവ്യരഹസ്യം വെളിവാക്കി.

സുതരായ് നമ്മെയുയർത്തീടാൻ
തിരുമനസ്സായി ദൈവസുതൻ
ദിവ്യനിണത്താൽ, ഗാത്രത്താൽ
നമ്മുടെ പാപകടം നീക്കി.

www.malankaralibrary.com

പാവനറൂഹാ സത്യത്തിൻ
നിറവിൽ നമ്മെ നയിച്ചീടും
നമ്മിൽ നിത്യം നിവസിക്കും
നമ്മെ ദൈവികരാക്കീടും.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. രക്ഷകനായ മിശിഹായെ ലോകത്തിലേക്കയക്കുകയും യോർദാനിൽ പരിശുദ്ധത്രിത്വത്തിന്റെ രഹസ്യം വെളിപ്പെടുത്തുകയും ചെയ്ത പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തന്റെ ശരീരരക്തങ്ങളാൽ നമ്മുടെ പാപങ്ങൾ ക്ഷമിച്ച് സ്വർഗരാജ്യത്തിനു നമ്മെ അവകാശികളാക്കിയ മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവമക്കളുടെ സ്ഥാനത്തേക്കു നമ്മെ ഉയർത്തുകയും സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുകയും ചെയ്യുന്ന പരിശുദ്ധറൂഹാ നിങ്ങളെ ശക്തിപ്പെടുത്തട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

സ്വർഗാരോഹണത്തിരുനാൾ

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുസുതനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ മഹത്ത്വപൂർണമായ സ്വർഗാരോഹണം ആഘോഷിക്കുന്ന ഞങ്ങളെ സ്വർഗോന്മുഖരായി ജീവിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയുടെ പ്രിയപുത്രനോടൊപ്പം സ്വർഗീയ മഹത്ത്വത്തിൽ ഞങ്ങളും പങ്കുചേരുമെന്ന പ്രത്യാശയിൽ രക്ഷാകരമായ ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതാപൂർവം പരികർമം ചെയ്യാൻ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 46, 47, 48 (മർമീസ 17, 18)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവുന്നതനാകുന്നു
സ്തുത്യർഹൻ നിജ നഗരത്തിൽ
ലോകം മുഴുവനിലവനെന്നും
രാജാവായി വിളങ്ങുന്നു.

സമൂ. സ്വർഗാരോഹണസുദിനത്താൽ
സന്തോഷത്തിൻ നിറവേകി
സഭയെ നൂതനമാക്കീടും
നാഥനെ വാഴ്ത്തിപ്പാടീടാം.

ജനമേ, ജനതകളേ, നിങ്ങൾ
കരഘോഷങ്ങളുയർത്തിടുവിൻ
കീർത്തനഗാനം പാടി സദാ
സകലേശ്വരനെ വാഴ്ത്തിടുവിൻ.

ദിവ്യമഹത്ത്വമണിഞ്ഞവനായ്
കാഹളധ്വനിയോടനവരതം
ആരോഹിതനായുന്നതനായ്
വാഴും നാഥനു സ്തുതിപാടാം.

www.malankaralibrary.com

അത്യുന്നതനാം ദൈവം തൻ
സിംഹാസനമതിലുപവിഷ്ടൻ
സർവാധിപനാണവനെന്നും
അവനുടെ ഗേഹം പരിശുദ്ധം.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. നമ്മുടെ കർത്താവ് ഉന്നതനാകുന്നു;
ദൈവത്തിന്റെ നഗരത്തിൽ അത്യന്തം സ്തുത്യർഹനാകുന്നു.

സമൂ. (കാനോന) സഭയേ, നിന്നെ നവീകരിക്കുകയും
നിന്റെ താഴ്മയെ മഹത്ത്വപ്പെടുത്തുകയുംചെയ്ത നാഥന്
സ്തുതി പാടുക. അവിടന്ന് തന്റെ സ്വർഗാരോഹണത്താൽ
നിന്നെ ആനന്ദിപ്പിച്ചു.

കാർമി. ജനതകളേ, കരഘോഷം മുഴക്കുവിൻ;
കീർത്തനംപാടി ദൈവത്തെ സ്തുതിക്കുവിൻ.

സമൂ. നമ്മുടെ രാജാവിനു കീർത്തനമാലപിക്കുവിൻ;
ദൈവം ഭൂമി മുഴുവന്റെയും രാജാവാണ്.

കാർമി. ദൈവം ജനതകളുടെമേൽ വാഴുന്നു;
വിശുദ്ധ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നു.

സമൂ. മഹത്ത്വത്തോടും കാഹളശബ്ദത്തോടുംകൂടെ
ദൈവമായ കർത്താവ് ആരോഹണം ചെയ്യുന്നു.

കാർമി. ദൈവമാണു ഭൂമിയുടെ അധിനാഥൻ;
അവിടന്നാണു മഹോന്നതൻ.

സമൂ. അത്യുന്നതന്റെ വാസസ്ഥലം പരിശുദ്ധമാകുന്നു;
ദൈവം അതിനുള്ളിലുണ്ട്; അത് ഇളകുകയില്ല.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

www.malankaralibrary.com

കാർമി. (കാനോന) സഭയേ, നിന്നെ നവീകരിക്കുകയും നിന്റെ താഴ്മയെ മഹത്ത്വപ്പെടുത്തുകയുംചെയ്ത നാഥന് സ്തുതി പാടുക. അവിടന്ന് തന്റെ സ്വർഗാരോഹണത്താൽ നിന്നെ ആനന്ദിപ്പിച്ചു.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I ദൈവത്തിന്റെ സിംഹാസനം ശാശ്വതമാകുന്നു. (സങ്കീ 45, 6)

സമൂ. കർത്താവേ, നിൻ ദിവ്യമഹത്ത്വം നിന്നുടെ ത്രോണോസിൽ
അതിനുടെ ചുറ്റിലുമെന്നും ക്രോവേമാർ നിരനിരയായ്
ഭയഭക്ത്യാദരവോടെ നീങ്ങീടും വേളയതിൽ
ഭീതിയൊടവരോ വദനം മൂടുന്നു ചിറകുകളാൽ
നിന്നുടെ ദൈവമഹത്ത്വം ദൂതർക്കും നിതരാമഗ്രാഹ്യം.

ഗായക. II അവിടത്തെ സിംഹാസനം സ്വർഗത്തിലാകുന്നു. (സങ്കീ 11, 4)

സമൂ. കർത്താവേ, നീ മഹിമാപൂർണൻ എത്ര മനോജ്ഞൻ
എങ്കിലുമങ്ങീ ധരയിൽ മാനവർതൻ മധ്യത്തിൽ
നിവസിച്ചീടുന്നവരെ ദൈവികമാം അഗ്നിയതാൽ
എരിയിക്കാനല്ലവരെ പ്രോജ്ജ്വലരായ് മാറ്റീടാൻ
നിന്നുടെ കരുണ നിനച്ചിവരെന്നും നന്ദിയൊടെ
സ്തുതികൾ പാടീടും.

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. രക്ഷകനേ, നിൻ ദാസർ നിതരാം കാത്തുവസിക്കുന്നു
ശാശ്വതമായ് നിലനില്ക്കും സൗഭാഗ്യം, ജീവിതവും.
സ്ലീവാതന്നുടെ ചിറകിൽ തേടുന്നു സങ്കേതം.
നിറവേറ്റീടുക നാഥാ, നിതരാം നിൻ വാഗ്ദാനം.
യോഗ്യതയേകുക നാഥാ, നിൻ സ്തുതികൾ നിതരാം
പാടീടാൻ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. രക്ഷകനേ, നിൻ ദാസർ ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. കർത്താവാം ദൈവം
കാഹളധ്വനിയോടെ
ആരോഹിതനായി.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവീശോമിശിഹാതൻ
സ്വർഗാരോഹണമോർമിക്കാം,
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II നൃപനാം ദൈവത്തെ
മഹിമാപൂരിതനെ
വാഴ്ത്തിപ്പാടിടുവിൻ.

സമൂ. ദിവ്യാത്മാവിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 68, 33-35)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

വാനിൽ മഹിമയൊടാഗതനാകും
കർത്താവിൻ സ്തുതി പാടുക നിങ്ങൾ.

ദൈവം തന്നുടെ തിരുഭവനത്തിൽ
അതിബലവാനും തേജോമയനും.

www.malankaralibrary.com

സ്വന്തജനത്തിനു ശക്തി നിതാന്തം
നല്കും നാഥനെ വാഴ്ത്തിപ്പാടാം.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വാനമേഘങ്ങളിൽ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തവനും വീണ്ടും വരാനിരിക്കുന്നവനുമായ മിശിഹായേ, യുഗാന്തത്തെ പ്രതീക്ഷിച്ചുകൊണ്ട് നിഷ്കളങ്കരായി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. രക്ഷാദൗത്യത്തെപ്പറ്റി പ്രവാചകരിലൂടെ അരുൾചെയ്തതെല്ലാം പൂർത്തിയാക്കി മഹത്ത്വത്തോടുകൂടെ ഉന്നതങ്ങളിൽ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായ മിശിഹായേ, യുഗാന്തത്തിൽ നിന്റെ വലത്തുഭാഗത്ത് അണിനിരക്കാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മനുഷ്യവംശത്തെ മറ്റെല്ലാ സൃഷ്ടികൾക്കുമുപരി ഉയർത്തുകയും മർത്ത്യരായ ഞങ്ങൾക്ക് സ്വർഗത്തിൽ നിത്യമായ

www.malankaralibrary.com

വാസസ്ഥലം ഒരുക്കുകയുംചെയ്യുന്ന മിശിഹായേ, മനുഷ്യവംശത്തിന്റെ ആദ്യഫലമായ നിന്റെ മാതൃകയ്ക്കനുസൃതം ജീവിക്കാൻ ശക്തി തരണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ശിഷ്യന്മാരുടെ സാന്നിധ്യത്തിൽ സ്വർഗാരോഹണം ചെയ്ത മിശിഹായേ, നിന്റെ സാന്നിധ്യം അനുഭവിക്കാനും സ്വർഗോന്മുഖരായി ജീവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നിന്റെ മരണത്തിനും ഉത്ഥാനത്തിനും സാക്ഷികളാകാൻ ഞങ്ങളെ വിളിച്ച മിശിഹായേ, ജീവിതസാഹചര്യങ്ങളിൽ രക്ഷാകരമായ സുവിശേഷം പ്രഘോഷിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. സ്വർഗാരോഹിതനായി പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായ മിശിഹായേ, നിന്റെ രക്ഷാകരമായ സാന്നിധ്യം എന്നും അനുഭവിക്കാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും ദൈവിക മാക്കാനും നിന്റെ ഉത്ഥാനത്തിന്റെ സാക്ഷികളായി ജീവിച്ച് സ്വർഗീയമഹത്ത്വത്തിന് അർഹരാകാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. എത്ര വിശിഷ്ടവും മനോഹരവുമാകുന്നു. (സങ്കീ 132, 1)

സമൂ. കാനാൻ യാത്രയതിൽ
മൂശെയൊരുക്കിയതാം
പാവനകൂടാരം
സ്വർഗാരോഹിതനീശോതൻ
കൂടാരത്തിൻ നിഴലല്ലോ.
ആചാര്യത്വപദംവഴിയായ്
അക്ഷയരാജ്യം സ്ഥാപിച്ചു
രക്ഷകനാം മിശിഹാ സ്വർഗത്തിൽ.

ഗായക. യാക്കോബിന്റെ കൂടാരങ്ങളെക്കാൾ
അതു മനോഹരമാകുന്നു. (സങ്കീ 87, 2)

സമൂ. മാനവരോടൊപ്പം
വാസം ചെയ്യാനായ്
മർത്ത്യത പൂണ്ടവനാം

www.malankaralibrary.com

ദൈവാത്മജനാം വചനമിതാ
വിധികർത്താവായ് ശിരസ്സായി
മർത്ത്യനു ജീവൻ നല്കാനായ്
വിണ്ണിൽ വാഴുന്നെന്നാളും
നാഥനെ നാം നിതരാം വാഴ്ത്തീടാം.

(അല്ലെങ്കിൽ)

ഗായക. എത്ര വിശിഷ്ടവും മനോഹരവുമാകുന്നു. (സങ്കീ 132, 1)

സമൂ. മുൻകാലത്ത് മൂശെ നിർമിച്ചതും പ്രധാനപുരോഹിതൻ മാത്രം പ്രവേശിച്ചിരുന്നതുമായ കൂടാരത്തെക്കാൾ ഉന്നതമാണ് നമ്മുടെ രക്ഷകൻ പ്രവേശിച്ച കൂടാരം. പൗരോഹിത്യ ശുശ്രൂഷ ചെയ്യാനും ശാശ്വതമായ രാജ്യം ഒരുക്കാനുമായി മിശിഹാ സ്വർഗത്തിൽ പ്രവേശിച്ചു. മരണാർഹ നല്ലാതിരുന്നിട്ടും, നമ്മുടെ നീതീകരണത്തിനുവേണ്ടി അവിടന്ന് സ്വയം മരണത്തിന് വിധേയനായി. മർത്ത്യശരീരം സ്വീകരിച്ച് നമ്മോടൊത്തു വസിച്ചവനും നമ്മുടെ ശിരസ്സും നാഥനും വിധികർത്താവും അത്യുന്നതങ്ങളിൽ വസിക്കുന്നവനും പിതാവിൽനിന്നുള്ള വചനവുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു.

ഗായക. യാക്കോബിന്റെ കൂടാരങ്ങളെക്കാൾ
അതു മനോഹരമാകുന്നു. (സങ്കീ 87, 2)

സമൂ. മുൻകാലത്ത് മൂശെ ...

പ്രത്യേകഗീതം (ദ്ഹീലത്ത്)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. അത്യുന്നതനേ, ഭീതിദനേ,
കർത്താവേ, നിൻ ഭവനത്തിൽ
സ്തുത്യർഹൻ നീ എന്നാളും
നിൻ മഹിമാവും നിസ്തുലമാം.

സമൂ. സ്വർഗാരോഹണ സുദിനത്തിൽ
വാനവവൃന്ദം സ്തുതിപാടി
ജയഘോഷത്തോടാനാളിൽ
നാഥാ, വിണ്ണിലുയർന്നു നീ.

www.malankaralibrary.com

കാർമി. സ്വർഗാരോഹിതനാം നിന്നെ
വെൺമേഘങ്ങൾ കൈക്കൊൾകേ
കണ്ണിൽനിന്നു മറഞ്ഞതിനാൽ
വിസ്മയമാർന്നു ശിഷ്യന്മാർ.

സമൂ. കർത്താവീശോ മിശിഹായേ,
മർത്ത്യകുലത്തിൻ രക്ഷകനേ,
വിണ്ണിൽനിന്നും ബഹുമതിയും
മഹിമയുമങ്ങു ധരിച്ചല്ലോ.

കാർമി. സോദരഗണമേ, കർത്താവിൻ
പാവനമാം നിണഗാത്രങ്ങൾ
കൈക്കൊണ്ടീടാം സ്തുതി പാടാം
ഹല്ലേലുയ്യാ ഗീതികളാൽ.

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. ഉന്നതവാനിൽ വാണീടുന്നു
മിശിഹാനാഥൻ തേജോമയനായ്.

പാപവിമോചനമേകിയ നാഥൻ
ജനതയ്ക്കെല്ലാം രക്ഷയുമേകി.

കർത്താവേ, നിൻ ദിവ്യരഹസ്യം
ഞങ്ങൾക്കെല്ലാം ശക്തിപകർന്നു.

എത്രയശക്തം നാവുകളെല്ലാം
നിൻ സ്തുതിപാടാൻ, നന്ദിയുണർത്താൻ.

(അല്ലെങ്കിൽ)

സമൂ. നമ്മുടെ കർത്താവും സകലത്തിന്റെയും രക്ഷകനുമായ മിശിഹാ, അത്യുന്നതസ്വർഗത്തിൽനിന്ന് മഹത്ത്വവും പ്രതാപവും ബഹുമാനവും അണിഞ്ഞിരിക്കുന്നു. അവൻ സകലർക്കും രക്ഷയും പാപങ്ങളിൽനിന്നും കടങ്ങളിൽ നിന്നും മോചനവും പ്രദാനം ചെയ്തു. കർത്താവേ, നിന്റെ ശരീരരക്തങ്ങളാൽ നീ ഞങ്ങളെ സംതൃപ്തരാക്കി. നിന്റെ നാമത്തിനു നന്ദി പറയാൻ ഞങ്ങളുടെ നാവുകൾ എത്ര അപര്യാപ്തങ്ങളാകുന്നു!

www.malankaralibrary.com

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. തന്നുടെ ദൗത്യം പൂർണമതാക്കി
രക്ഷകനീശോ ആരോഹിതനായ്.

മഹിമയിൽനിന്നു മഹോന്നതനീശോ
മഹിതം സ്വർഗതലത്തിലുയർന്നു.

വിണ്ണിൻ വാതിൽ തുറന്നഖിലേശൻ
മാലാഖമാർ സ്തുതികൾ പാടി.

താതൻ പരിചോടുരചെയ്യുകയായ്
എൻ പ്രിയസുതനേ, വന്നീടുക നീ.

(അല്ലെങ്കിൽ)

ശുശ്രൂ. തന്റെ കാരുണ്യത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ഉന്നതത്തിലേക്കു മഹത്ത്വപൂർണനായി കരേറുകയും ചെയ്ത മിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ഇതാ, വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു. മാലാഖമാർ അവനെ സ്തുതിക്കുന്നു. പിതാവ് അരുൾചെയ്യുന്നു: എനിക്കു പ്രിയപ്പെട്ടവനേ, വരുക, പ്രവേശിക്കുക.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, ഞങ്ങളുടെ രക്ഷകനായ മിശിഹായുടെ മഹത്ത്വപൂർണമായ സ്വർഗാരോഹണം ആഘോഷിക്കുന്ന ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി അങ്ങു കരുണയാലും കൃപയാലും പൂർത്തിയാക്കിയ രക്ഷാകർമം അവർണനീയമാകുന്നു. ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

www.malankaralibrary.com

കാർമി. സ്വർഗാരോഹണംചെയ്തു നിത്യമഹത്ത്വത്തിൽ പ്രവേശിച്ച മിശിഹായേ, നിന്റെ ദിവ്യവിരുന്നിൽ നീ ഞങ്ങളെ പങ്കുകാരാക്കി. ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ സ്വർഗീയമഹത്ത്വത്തിന്റെ അച്ചാരമായി ഭവിക്കട്ടെ. നിന്റെ സ്വർഗീയവിരുന്നിൽ പങ്കുചേരാമെന്ന പ്രത്യാശയോടെ ജീവിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമു. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. മിശിഹാനാഥൻ സ്ലീവായാൽ
രക്ഷാകർമം നിറവേറ്റി
സ്വർഗാരോഹിതനായ് വിണ്ണിൽ
ദിവ്യമഹത്ത്വവിരാജിതനായ്.

ഭൂസ്വർഗങ്ങൾക്കധിനാഥൻ
ഈശോമിശിഹാ സ്തുത്യർഹൻ
കൃപയും ശാന്തിയുമന്യൂനം
നമ്മിൽ നിതരാം ചൊരിയട്ടെ.

താതൻ തന്റെ വലംഭാഗേ
വാഴും നാഥൻ മാനവരെ
സ്നേഹപിതാവിൻ ഭവനത്തിൽ
ചേർക്കാനെന്നും കനിയട്ടെ.

സ്വർഗാരോഹണവേളയതിൽ
ആശിസ്സേകിയ തിരുനാഥൻ
ദിവ്യാനുഗ്രഹമരുളട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമു. ആമ്മേൻ.

www.malankaralibrary.com

(അല്ലെങ്കിൽ)

കാർമി. കുരിശിലൂടെ രക്ഷാകർമം പൂർത്തിയാക്കി മഹത്ത്വത്തിൽ പ്രവേശിക്കുകയും സ്വർഗാരോഹണത്തിലൂടെ സകലത്തിന്റെയും നാഥനായി ഉയർത്തപ്പെടുകയും ചെയ്ത മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായ മിശിഹാ നമ്മെയും സ്വർഗഭാഗ്യത്തിന് അർഹരാക്കട്ടെ. അവിടത്തെ അനുഗ്രഹവും സമാധാനവും നമ്മിൽ നിറയട്ടെ. സ്വർഗാരോഹണവേളയിൽ കൈകൾ ഉയർത്തി ശിഷ്യരെ അനുഗ്രഹിച്ച കർത്താവ് നിങ്ങളെ അനുഗ്രഹിക്കുകയും എല്ലാ വിപത്തുകളിലുംനിന്ന് നിങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

പന്തക്കുസ്താ തിരുനാൾ

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, രക്ഷാകർമം പൂർത്തിയാക്കിയ അങ്ങയുടെ പുത്രനെ മഹത്ത്വത്തിലേക്ക് ഉയർത്തിയ അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. ഉത്ഥിതനായ മിശിഹായെ ലോകാവസാനത്തോളം സധൈര്യം പ്രഘോഷിക്കാനും സത്യത്തിന്റെ പൂർണതയിലേക്ക് എല്ലാ മനുഷ്യരെയും നയിക്കാനും പന്തക്കുസ്താദിനത്തിൽ പരിശുദ്ധ റൂഹായെ അയച്ച അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. നിർമലഹൃദയത്തോടും വിശുദ്ധ വിചാരങ്ങളോടുംകൂടെ ഈ രക്ഷാരഹസ്യങ്ങൾ പരികർമം ചെയ്യാൻ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 144, 145, 146 (മർമീസ 59)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. നാഥാ, നിൻ പ്രിയദാസന്മാർ
നിൻ സ്തുതിഗീതം പാടുന്നു
നീതിയെഴുന്നവരെല്ലാരും
നിൻ തിരുനാമം വാഴ്ത്തുന്നു.

സമൂ. കർത്താവിൻ സംപ്രീതി സദാ
തന്നുടെ ഭക്തരിലെന്നാളും.
കൃപയും സത്യവുമോർത്തു സദാ
തിരുനാമസ്തുതി പാടീടാം.

നീതിയെഴുന്നവരെന്നാളും
നാഥാ, നിൻ കൃപ തേടീടും
അവരതു നിയതം കണ്ടെത്തും
മർത്ത്യരെ നിത്യമതറിയിക്കും.

www.malankaralibrary.com

എന്നാത്മാവേ, പാടുക നീ
കർത്താവിൻ സ്തുതിഗീതങ്ങൾ
ജീവിതകാലം മുഴുവൻ ഞാൻ
നാഥനു ഗീതികൾ പാടീടും.

നല്ലതുമുചിതവുമല്ലോ നാം
പാടുക ദൈവസ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം
ദൈവം നിത്യൻ സ്തുത്യർഹൻ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവേ, അങ്ങയുടെ ദാസന്മാർ അങ്ങയെ സ്തുതിക്കുന്നു;
നീതിമാന്മാർ അങ്ങയെ പ്രകീർത്തിക്കുന്നു.

സമൂ. (കാനോന) കർത്താവിന്റെ സംപ്രീതി
അവിടത്തെ ഭയപ്പെടുന്നവരുടെമേൽ ഉണ്ടായിരിക്കട്ടെ.
അവിടത്തെ കൃപയെയും സത്യത്തെയുംപ്രതി
ഞങ്ങൾ തിരുനാമം പ്രകീർത്തിക്കുന്നു.

കാർമി. അങ്ങയുടെ കൃപാതിരേകത്തിന്റെ സ്മരണ
നീതിമാന്മാർ അന്വേഷിക്കും;
അവർ അതു കണ്ടെത്തുകയുംചെയ്യും.

സമൂ. അങ്ങയുടെ രാജ്യത്തിന്റെ പ്രതാപം അവർ വെളിപ്പെടുത്തും;
അങ്ങയുടെ ശക്തി വിളംബരംചെയ്യും.

കാർമി. അങ്ങയുടെ മഹത്ത്വവും രാജ്യത്തിന്റെ പ്രതാപവും
മാനവരോട് അവർ പ്രഘോഷിക്കും.

സമൂ. എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
ആയുഷ്കാലംമുഴുവൻ അവിടത്തെ പുകഴ്ത്തുക.

കാർമി. ജീവിച്ചിരിക്കുന്നിടത്തോളം കാലം
ഞാൻ എന്റെ ദൈവത്തെ പാടിസ്തുതിക്കും.

www.malankaralibrary.com

സമൂ. ദൈവത്തെ പ്രകീർത്തിക്കുന്നത്
നല്ലതും ആനന്ദകരവുമാകുന്നു;
സ്തുതി അവിടത്തേക്കു യോഗ്യമാകുന്നു.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) കർത്താവിന്റെ സംപ്രീതി
അവിടത്തെ ഭയപ്പെടുന്നവരുടെമേൽ ഉണ്ടായിരിക്കട്ടെ.
അവിടത്തെ കൃപയെയും സത്യത്തെയുംപ്രതി
ഞങ്ങൾ തിരുനാമം പ്രകീർത്തിക്കുന്നു.

മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം.

(സങ്കീ 95, 1)

സമൂ. ഉച്ചസ്വരത്തിൽ സ്രഷ്ടാവിന്നായ് സ്തുതികൾ പാടീടാം.
നിത്യസമുന്നതനീശൻ അവനേറ്റം ബലവാനും
നിത്യപിതാവായ് സുതനായ് പാവനനാം റൂഹായായ്
ദൈവസ്വഭാവമതൊപ്പം അക്ഷയമാം ശക്തിയുമായ്
വാണിടുമവനെ വാഴ്ത്താം വിനയമൊടെ ഏറ്റുപറഞ്ഞീടാം.

ഗായക. II കാഹളം മുഴക്കി രാജാധിരാജനെ വാഴ്ത്തുവിൻ.

(സങ്കീ 98, 6)

സമൂ. ഉച്ചസ്വരത്തിൽ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. നിവ്യരുമൊപ്പം ശ്ലീഹരുമതുപോൽ മല്പാന്മാരും
വൈദികഗണവും മേവും പാവനമീ ഭവനത്തിൽ
ആദാത്മജരുടെ പാപം നീക്കീടും പീഠമിതാ
സജ്ജീകൃതമാണിവിടെ ദൈവികമീ വേദികയിൽ
സ്തുതിപാടീടുക യുക്തം ദൈവത്തിൻ
നാമം വാഴ്ത്തീടാം.

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നിന്നുടെ റൂഹായെ
കനിവൊടയക്കുമ്പോൾ
സകലവുമുരുവാകും. (സങ്കീ 104, 29)

ആത്മീയതയാൽ മധുരിതമാം
ഹല്ലേലുയ്യാ ഗീതികളാൽ
ദൈവാത്മാവിന്നാഗമനം
സാനന്ദം കൊണ്ടാടീടാം
അവനെന്നും സ്തോത്രം പാടീടാം.

ശുശ്രൂ. II ഭൂതലമഖിലം നീ
നൂതനമാക്കീടും
നാഥാ, സകലേശാ. (സങ്കീ 104, 29)

സമൂ. ആത്മീയതയാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ആത്മീയതയാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ആത്മീയതയാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 51, 9.10)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നിർമലമായൊരു ഹൃദയം നാഥാ,
ഉരുവാക്കീടണമെന്നുടെയുള്ളിൽ.

ദൈവികമാം തവചൈതന്യം നീ
നൂതനമാക്കിത്തീർക്കണമെന്നിൽ.

www.malankaralibrary.com

നിന്നുടെ പാവനറൂഹായെ നീ
എന്നിൽനിന്നുമെടുത്തീടല്ലേ.

താതനുമതുപോൽ സുതനും പാവന-
റൂഹായ്ക്കും സ്തുതിയുണ്ടാകട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണ പ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്ന് അപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നിന്റെ വാഗ്ദാനം പൂർത്തീകരിക്കുകയും ഇന്നേദിവസം പരിശുദ്ധറൂഹായെ അഗ്നിനാവുകളുടെ രൂപത്തിൽ ശിഷ്യ സമൂഹത്തിന്മേൽ അയയ്ക്കുകയും ചെയ്ത മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പന്തക്കുസ്താനാളിൽ പരിശുദ്ധറൂഹായാൽ, ശിഷ്യന്മാരെ സമാശ്വസിപ്പിക്കുകയും അവരുടെ ദുഃഖമകറ്റുകയും അവരിലൂടെ അടയാളങ്ങളും അദ്ഭുതങ്ങളും പ്രവർത്തിക്കുകയും ചെയ്ത മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കൂദാശകളിലൂടെ പരിശുദ്ധറൂഹായാൽ ഞങ്ങളെ പവിത്രീകരിക്കുകയും ദൈവികജീവൻ ഞങ്ങൾക്കു നല്കുകയും ചെയ്യുന്ന മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. ക്ലേശങ്ങളിലും പീഡനങ്ങളിലും ധൈര്യവും പ്രത്യാശയും പ്രദാനംചെയ്യാൻ ശ്ലീഹന്മാർക്കു പരിശുദ്ധരൂഹായെ നല്കിയ മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ ജോലിചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ പരിശുദ്ധരൂഹായെ നല്കിയ മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

www.malankaralibrary.com

കാർമി. പരിശുദ്ധറൂഹായാൽ പൂരിതരായി സുവിശേഷം പ്രസംഗിക്കാൻ ശ്ലീഹന്മാരെ നിയോഗിച്ച കർത്താവേ, ഉത്ഥിതനായ നിന്നെ അനുഭവിച്ചറിയുന്നതിനും രക്ഷയുടെ സുവിശേഷം ലോകമെങ്ങും പ്രഘോഷിക്കുന്നതിനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകല മനുഷ്യരും നിന്നെ ഏകരക്ഷകനും നാഥനുമായി ഏറ്റുപറയുന്നതിനും വിശ്വാസവും മാമോദീസായും സ്വീകരിച്ച് സഭയിൽ നിന്നെ മഹത്ത്വപ്പെടുത്തുന്നതിനും ഇടയാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. വിശുദ്ധ മന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ. (സങ്കീ 150, 1)

സമൂ. താതനുമാത്മജനും
പാവനറൂഹായും
ത്രിത്വവുമേകവുമാം.
മാനവബുദ്ധിക്കെന്നാളും
ദുർഗ്രഹമായ് നിലനില്ക്കുകിലും
ആദിയുമന്തവുമില്ലാതെ
മഹിതം ദൈവസ്വഭാവത്തിൽ
വാണീടും ത്രിത്വം സ്തുത്യർഹൻ.

ഗായക. അങ്ങയുടെ നാമം എന്നേക്കും പുകഴ്ത്തും. (സങ്കീ 144, 2)

സമൂ. ഒന്നായൊരുഗണമായ്
പാവനത്രിത്വത്തിൻ
സ്തുതികൾ പാടീടാം.
അവനുടെ ശക്തി സമുന്നതവും
ആരാധ്യവുമാണെന്നാളും
നിത്യനദൃശ്യൻ ദൈവത്തിൻ
ഭരണം സുസ്ഥിരമതുപോലെ
നിലനില്ക്കും രാജ്യം ചിരകാലം.

www.malankaralibrary.com

(അല്ലെങ്കിൽ)

ഗായക. വിശുദ്ധ മന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ.

(സങ്കീ 150, 1)

സമൂ. പിതാവും പുത്രനും പരിശുദ്ധരൂഹായുമായ ദൈവത്തിന്റെ ഉന്നതവും ആരാധ്യവുമായ ശക്തിയെ നമുക്കു പുകഴ്ത്താം. അവിടത്തെ ഭരണം നമുക്ക് ഏറ്റുപറയാം. അഗ്രാഹ്യനും ദൈവ സ്വഭാവമുള്ളവനും അവസാനമില്ലാത്തവനുമായ പരിശുദ്ധ ത്രിത്വത്തെ നമുക്കു പാടിപ്പുകഴ്ത്താം. അനാദിമുതൽ അവന്റെ രാജത്വം എന്നേക്കും നിലനില്ക്കും.

ഗായക. അങ്ങയുടെ നാമം എന്നേക്കും പുകഴ്ത്തും. (സങ്കീ 144, 2)

സമൂ. പിതാവും പുത്രനും പരിശുദ്ധരൂഹായുമായ ...

പ്രത്യേകഗീതം (ദ്ഹീലത്ത്)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

കാർമി. അത്യുന്നതനാം കർത്താവേ, നീ
ഭീതിദനല്ലോ തിരുഭവനത്തിൽ.

സമൂ. സകലേശാ, നിന്നപദാനങ്ങൾ
കീർത്തിതമല്ലോ നിൻ ഗേഹത്തിൽ.

കാർമി. നിർമലമായൊരു ഹൃദയം നാഥാ
ഞങ്ങളിലൻപൊടു നിർമിക്കണമേ.

സമൂ. പാവനമാം തവചൈതന്യം നീ
നൂതനമാക്കണമിവരുടെയുള്ളിൽ.

കാർമി. ഈ സുദിനത്തിൽ പാവനറൂഹാ
തീനാവുകൾപോൽ പാരിലിറങ്ങി.

സമൂ. നിൻ പ്രിയരാകും ദാസരെയെല്ലാം
തൻ ദാനത്താൽ ജ്ഞാനികളാക്കി.

കാർമി. മേഷസമാനം മിശിഹായേ, നീ
ബലിയായ്ത്തീർന്നു പെസഹാനാളിൽ.

സമൂ. നിൻ വിജയത്തിന്നടയാളം നീ
പന്തക്കുസ്തയിലേകീ സദയം.

കാർമി. വാനവരൊപ്പം മാനവരെല്ലാം
പാടീടുന്നു ഹല്ലേലുയ്യാ.

www.malankaralibrary.com

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

സമൂ. തൻ തിരുരക്തശരീരത്തിൻ
നിത്യനിഗൂഢരഹസ്യമിതാ
മിശിഹാനാഥൻ തൻ കൃപയാൽ
മാനവമക്കൾക്കേകുന്നു.

പാവനമീബലിപീഠത്തിൻ
ചുറ്റിലുമായണിചേർന്നീടും
മാലാഖാമാരൊരുഗണമായ്
സ്തുതിഗീതങ്ങൾ പാടുന്നു.

(അല്ലെങ്കിൽ)

സമൂ. ഇതാ, മിശിഹായുടെ തിരുശരീരരക്തങ്ങളാകുന്ന നിഗൂഢരഹസ്യങ്ങൾ നല്കപ്പെടുന്നു. ഈ ആത്മീയ വിരുന്നിനെ മാലാഖമാരുടെ ഗണങ്ങൾ പ്രകീർത്തിക്കുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

ശുശ്രൂ. രക്ഷകനീശോതൻ കൃപയാൽ
വിശ്വാസത്തിൻ തികവോടെ
തിരുസന്നിധിയിലണഞ്ഞീടാം
സ്തുതിഗീതങ്ങൾ പാടീടാം.

ദൈവത്തിൻ സുതനീശോതൻ
പാവനരക്തശരീരങ്ങൾ
കൈക്കൊണ്ടീടാം നന്ദിയൊടെ
ഹല്ലേലുയ്യാ പാടീടാം.

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, രക്ഷകനും ദൈവപുത്രനുമായ മിശിഹായുടെ കൃപയാൽ, അവിടത്തെ ശരീരരക്തങ്ങളെ നമുക്കെല്ലാവർക്കും വിശ്വാസത്തോടുകൂടെ സമീപിക്കുകയും സ്വീകരിക്കുകയും ഹല്ലേലുയ്യാ പാടി അവിടത്തെ സ്തുതിക്കുകയും ചെയ്യാം.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, പാപികളും ബലഹീനരുമായ ഞങ്ങളെ പരിശുദ്ധറൂഹായുടെ ദാനങ്ങൾ നല്കി അനുഗ്രഹിച്ചതിന് ഞങ്ങൾ നന്ദി പറയുന്നു. സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കാൻ നിയോഗിക്കപ്പെട്ട ഞങ്ങളെ, അങ്ങു തിരുവചനത്താൽ പ്രകാശിപ്പിക്കുകയും ആത്മീയഭോജനത്താൽ പരിപോഷിപ്പിക്കുകയുംചെയ്തു. അങ്ങയുടെ അനന്തമായ സ്നേഹത്തിന് നിരന്തരം കൃതജ്ഞതയർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ഞങ്ങളുടെ കർത്താവും രക്ഷകനുമായ മിശിഹായേ, നിന്റെ ശരീരവും രക്തവും നല്കി പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടാൻ നീ ഞങ്ങളെ അർഹരാക്കി. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും വിശുദ്ധീകരിക്കപ്പെട്ട് സ്വർഗത്തിൽ നിത്യമഹത്ത്വം അനുഭവിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സ്വർഗവാസികളോടും ഭൂവാസികളോടും ചേർന്ന് ഈ അനന്തദാനത്തിന് നിനക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. പന്തക്കുസ്താ തിരുനാളിൽ
വാഗ്ദാനങ്ങൾ നിറവേറി
ശ്ലീഹന്മാരിലെഴുന്നള്ളി
പാവനറൂഹാ സ്തുത്യർഹൻ.

ഉത്ഥിതനീശോ കർത്താവും
ദൈവവുമാണെന്നനുദിനവും
ഉദ്ഘോഷിക്കാൻ നിങ്ങൾക്കായ്
റൂഹാ തൻ വരമേകട്ടെ.

www.malankaralibrary.com

റൂഹാ നിങ്ങളിലെന്നാളും
നിവസിക്കട്ടെ മിശിഹാതൻ
തിരുവചനത്തിൻ മാർഗത്തിൽ
നിങ്ങൾ സുസ്ഥിരരാകട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. നമ്മുടെ കർത്താവീശോമിശിഹായുടെ വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ട് പന്തക്കുസ്താദിവസം ശ്ലീഹന്മാരുടെമേൽ ആവസിച്ച പരിശുദ്ധറൂഹാ സഭയിൽ സ്തുത്യർഹനാകുന്നു. പരിശുദ്ധറൂഹായാൽ പ്രചോദിതരായി, ഈശോയെ കർത്താവും ദൈവവുമായി ഏറ്റുപറയാൻ നിങ്ങൾ ശക്തരാകട്ടെ. ഒരേ ശരീരത്തിലെ അംഗങ്ങളായ നിങ്ങൾക്ക് വിവിധ ശുശ്രൂഷകളിലൂടെ മിശിഹായുടെ മൗതികശരീരമായ സഭയെ പടുത്തുയർത്താൻ ഇടയാകട്ടെ. പരിശുദ്ധറൂഹാ നിങ്ങളോടുകൂടെ വസിച്ച് മിശിഹായുടെ പ്രബോധനങ്ങളിൽ നിങ്ങളെ സ്ഥിരീകരിക്കയും സത്യത്തിന്റെ മാർഗത്തിലൂടെ സ്വർഗരാജ്യത്തിലേക്ക് ആനയിക്കയും ചെയ്യട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ

(ആഗസ്റ്റ് 6)

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ രൂപാന്തരീകരണംവഴി ദൈവികതേജസ് ലോകത്തിനു വെളിപ്പെടുത്താൻ തിരുമനസ്സായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. സ്വർഗത്തിൽനിന്ന് അങ്ങു വെളിപ്പെടുത്തിയതുപോലെ അങ്ങയുടെ വത്സലസുതനെ നിരന്തരം ശ്രവിക്കാനും ഞങ്ങളെ അങ്ങയിലേക്ക് രൂപാന്തരപ്പെടുത്തുന്ന ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടെ പരികർമം ചെയ്യാനും ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 96,97, 98 (മർമീസ 38)

(തൂയൈ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവിന്നപദാനങ്ങൾ
കീർത്തിപ്പിൻ പുതുഗാനത്താൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ
പാർത്തലമെല്ലാമുടയവനെ.

സമൂ. തന്റെ മഹത്ത്വം താബോറിൽ
തെളിവായ് കാട്ടിയ സകലേശൻ
മിശിഹാനാഥൻ സ്തുത്യർഹൻ
അവനെന്നും സ്തുതി പാടീടാം.

നാഥൻ വാണരുളീടുന്നു
ഭൂവിനു കൈവരുമാനന്ദം
നീതിയിലും പരിശുദ്ധിയിലും
സ്ഥാപിതമവനുടെയധികാരം.

www.malankaralibrary.com

മഹിമയുമതുപോൽ തേജസ്സും
കർത്താവിൻ തിരുസന്നിധിയിൽ
സ്തുതിയും ശക്തിയുമെന്നാളും
ദൈവത്തിൻ തിരുഭവനത്തിൽ.

നീതിയെഴുന്നോർക്കുലകത്തിൽ
നിത്യവെളിച്ചമുദിച്ചല്ലോ
കർത്താവിൻ പരിശുദ്ധിയവർ
ഏറ്റുപറഞ്ഞു പുകഴ്ത്തട്ടെ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിനു പുതിയകീർത്തനം പാടുവിൻ;
ഭൂമിമുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

സമൂ. (കാനോന) താബോർമലയിൽ
തന്റെ മഹത്ത്വം വെളിപ്പെടുത്തിയ
സകലത്തിന്റെയും കർത്താവായ മിശിഹാ
വാഴ്ത്തപ്പെട്ടവനാകുന്നു.

കാർമി. കർത്താവു ഭരണം നടത്തുന്നു;
ഭൂമി ആനന്ദിക്കട്ടെ. ദ്വീപസമൂഹങ്ങൾ സന്തോഷിക്കട്ടെ.

സമൂ. നീതിയിലും ന്യായത്തിലും
അവിടന്നു തന്റെ സിംഹാസനം സ്ഥാപിച്ചിരിക്കുന്നു.

കാർമി. മഹത്ത്വവും തേജസ്സും തിരുസന്നിധിയിലാകുന്നു;
ശക്തിയും സ്തുതിയും വിശുദ്ധ മന്ദിരത്തിലും.

സമൂ. നീതിമാന്മാർക്കു പ്രകാശമുദിച്ചു;
പരമാർഥഹൃദയർക്ക് ആഹ്ലാദമുണ്ടായി.

കാർമി. നീതിമാന്മാരേ, നിങ്ങൾ കർത്താവിൽ ആനന്ദിക്കുവിൻ;
അവിടത്തെ പരിശുദ്ധി പ്രകീർത്തിക്കുവിൻ.

www.malankaralibrary.com

സമൂ. അവിടന്നു ഭൂമിയെ വിധിക്കാൻ വരുന്നു;
ലോകത്തെ ന്യായത്തോടെയും
ജനതകളെ നീതിയോടെയും വിധിക്കാനണയുന്നു.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) താബോർമലയിൽ
തന്റെ മഹത്ത്വം വെളിപ്പെടുത്തിയ
സകലത്തിന്റെയും കർത്താവായ മിശിഹാ
വാഴ്ത്തപ്പെട്ടവനാകുന്നു.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I വരുവിൻ, നമുക്കിന്ന് ഉല്ലസിച്ചാനന്ദിക്കാം. (സങ്കീ 117, 24)

സമൂ. രക്ഷകനീശോ തേജോമയനായ് ഈ സുദിനത്തിൽ
തന്നുടെ ദിവ്യമഹത്ത്വം താബോറിൽ വെളിവാക്കി
ഉന്നതനവനുടെ വലുതാം മഹിമയതാൽ തിരുവദനം
ശോഭിതമായി വസനം വെണ്മയതാൽ പൂരിതമായ്
ദൈവികപദ്ധതിയോർക്കാം നന്ദിയൊടെ
സ്തുതികൾ പാടീടാം.

ഗായക. II കർത്താവിനെ അന്വേഷിക്കുന്നവരുടെ ഹൃദയം
ആനന്ദിക്കട്ടെ. (സങ്കീ 105, 3)

സമൂ. വിശ്വാസത്തിൻ മകുടമണിഞ്ഞോൻ ദാനിയേൽ നിവ്യാ
ദൈവാത്മജനെ കണ്ടു സാക്ഷിച്ചു സാമോദം
മഹിമാപൂരിതനായി വെൺമേഘ ചിറകുകളിൽ
ആഗതനായിടുമവനെ ദർശിച്ചു റൂഹായിൽ
ആദിമുതൽ തൻ ഭരണം വിണ്ണിലുമീ ധരയിലുമെന്നാളും.

(ദാനി 7, 9)

www.malankaralibrary.com

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. കർത്താവീശോ മിശിഹായേ, നിൻ സ്ലീവായെന്നാളും
നന്മയ്ക്കുറവിടമതുപോൽ ജീവൻതൻ കാരണവും
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
സ്ലീവാ ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ്
തോല്പിച്ചീടട്ടെ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. കർത്താവീശോ മിശിഹായേ, ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. ജനതകൾതൻ മുമ്പിൽ
ദൈവികനീതി ചിരം
നാഥൻ വെളിവാക്കി. (സങ്കീ 98, 2)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാഗീതികളാൽ
തേജോമയനാം മിശിഹാതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II കർത്താവോർമിച്ചു
പ്രിയരോടുള്ളിലെഴും
കൃപയുമുടമ്പടിയും. (സങ്കീ 98, 3)

സമൂ. ദിവ്യാത്മാവിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ...

www.malankaralibrary.com

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 97, 10-12)
(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നാഥനെ നിയതം സ്നേഹിപ്പവരോ
തിന്മയെ നിതരാം ദ്വേഷിക്കുന്നു.

നീതിയെഴുന്നോർക്കരിയ പ്രകാശം
നിർമലഹൃദയർക്കുന്നതമോദം.

കർത്താവിൻ പരിശുദ്ധിയിലെന്നും
ആനന്ദിച്ചവർ സ്തുതി പാടട്ടെ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ശ്ലീഹന്മാരെ താബോർമലയിലേക്കു കൂട്ടിക്കൊണ്ടുപോയി, വരാനിരിക്കുന്ന ലോകത്തിന്റെ മഹത്ത്വവും നീതിമാന്മാർ ധരിക്കാനിരിക്കുന്ന തേജസ്സും കാണിച്ചുകൊടുത്ത മിശിഹായേ,

www.malankaralibrary.com

ഈ ദൈവാലയത്തിൽ നിന്റെ മഹത്ത്വം ദർശിച്ചനുഭവിക്കാൻ അനുഗ്രഹം തരണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. അന്ധകാരത്തിലായിരുന്ന ഞങ്ങളെ, വിസ്മയകരമായ രൂപാന്തരീകരണത്താലും മഹത്ത്വപൂർണമായ തേജസ്സിനാലും പ്രകാശിപ്പിച്ച മിശിഹായേ, നിന്നിൽ രൂപാന്തരപ്പെട്ട മനുഷ്യരായിത്തീരാൻ കൃപ തരണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സ്വർഗീയപിതാവിന്റെ തിരുഹിതം നിറവേറ്റിയ മിശിഹായേ, ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും നിന്റെ മാതൃകയനുസരിച്ചു ദൈവമക്കളായി ജീവിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മഹത്ത്വപൂർണമായ രൂപാന്തരീകരണംവഴി ശിഷ്യന്മാരെ വിശ്വാസത്തിൽ ഉറപ്പിച്ച കർത്താവേ, ഞങ്ങളുടെ അനുദിന ജീവിതത്തിൽ നിന്റെ ദിവ്യസാന്നിധ്യം അനുഭവിച്ചറിയാനും വിശ്വാസത്തിൽ ആഴപ്പെടാനും സഹായിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ആസന്നമായ കടന്നുപോകലിനെക്കുറിച്ച് ഏലിയായോടും മൂശെയോടും സംസാരിച്ച മിശിഹായേ, സഹനത്തിന്റെ മാർഗം പിഞ്ചെന്നു മഹത്ത്വത്തിൽ പ്രവേശിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. വിശുദ്ധ കുർബാനയിൽ തിരുമുഖം ദർശിക്കാനും ശിഷ്യന്മാരെപ്പോലെ നിന്റെ മഹത്ത്വത്തിനു സാക്ഷികളാകാനും ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർദ്ധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. പിതാവായ ദൈവത്തിൽനിന്ന് ബഹുമാനവും മഹത്ത്വവും സ്വീകരിച്ച് ഞങ്ങൾക്കു സ്വയം വെളിപ്പെടുത്തിയ മിശിഹായേ, നിന്റെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. തിരുവചനം ശ്രവിച്ച ഞങ്ങളെ, നിന്റെ പെസഹാരഹസ്യത്തിൽ പങ്കുചേർന്നു നിന്നോട് അനുരൂപപ്പെടാൻ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. **ജീവന്റെ നീരുറവ അങ്ങേ പക്കലാണല്ലോ.** (സങ്കീ 36, 9)

സമൂ. **മിശിഹാനാഥാ, നീ**
താബോർമലമുകളിൽ
മഹിമാപൂരിതനായ്.
ദിവ്യാനുഗ്രഹസ്രോതസ്സും
ശാന്തിയെഴുന്നൊരു തുറമുഖവും
കനിവോടേകി അതുവഴിയായ്
ഞങ്ങൾ തിന്മ വെടിഞ്ഞണയാൻ
നാഥാ, നീ നിതരാം കൃപയേകി.

ഗായക. **മധുരമുള്ള നീർച്ചാലിൽനിന്ന് അങ്ങ് അവരെ കുടിപ്പിക്കുന്നു.** (സങ്കീ 36, 9)

സമൂ. **മിശിഹാനാഥാ, നീ**
മഹിമാപൂരിതമാം
ദൈവസ്വഭാവത്തിൻ,
താതൻ, പുത്രൻ, റൂഹായാം
പാവനത്രിത്വരഹസ്യത്തിൻ
അറിവുപകർന്നു ഞങ്ങൾക്കായ്
നിതരാം വാഴ്ത്താം നന്ദിയൊടെ
നല്ലവനേ, പാടാം സ്തുതിഗീതം.

(അല്ലെങ്കിൽ)

ഗായക. **ജീവന്റെ നീരുറവ അങ്ങേ പക്കലാണല്ലോ.** (സങ്കീ 36, 9)

സമൂ. **മിശിഹായേ, നിന്റെ മഹത്ത്വപൂർണമായ രൂപാന്തരീകരണംവഴി നന്മകളുടെ ഉറവിടവും സമാധാനത്തിന്റെ തുറമുഖവും നീ ഞങ്ങൾക്കായി ഒരുക്കി. സൃഷ്ടവസ്തുക്കളെ ആരാധിക്കുന്ന തെറ്റിൽനിന്ന് ഞങ്ങളെ നിന്നിലേക്കു മാനസാന്തരപ്പെടുത്തി. മഹത്ത്വപൂർണവ്യക്തികളായ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും ദൈവസ്വഭാവത്തെക്കുറിച്ചുള്ള**

www.malankaralibrary.com

യഥാർഥ അറിവു ഞങ്ങൾക്കു നല്കി. ആകയാൽ ഏകനന്മ
യായ അങ്ങയെ സങ്കീർത്തനങ്ങളാലും സ്തുതികളാലും
ഞങ്ങൾ പാടിപ്പുകഴ്ത്തും.

ഗായക. മധുരമുള്ള നീർച്ചാലിൽനിന്ന് അങ്ങ് അവരെ കുടിപ്പിക്കുന്നു.
(സങ്കീ 36, 9)

സമൂ. മിശിഹായേ, നിന്റെ മഹത്ത്വപൂർണമായ ...

പ്രത്യേകഗീതം (ദ്ഹീലത്ത്)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

കാർമി. കർത്താവീശോമിശിഹായേ, നീ
മഹിമയണിഞ്ഞു ദിവ്യപ്രഭയും.

സമൂ. മേലങ്കിക്കുസമാനം നീയാ
നിത്യപ്രഭയാലാവൃതനായി.

കാർമി. താബോർ മലയിൽ രക്ഷാകരമാം
ദിവ്യമഹത്ത്വം നീ വെളിവാക്കി.

സമൂ. വിധിനാളിൽ നിന്നാഗമനത്തിൽ
വെളിവായീടും ദൈവമഹത്ത്വം.

കാർമി. സ്വർഗത്തിൽനിന്നൊരു സ്വരമുണ്ടായ്
"എൻ സുതനിവനിൽ സംപ്രീതൻ ഞാൻ."

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

സമൂ. കർത്താവീശോമിശിഹാതൻ
നിത്യനിഗൂഢരഹസ്യമിതാ
ഭോജനമായ് ബലിപീഠത്തിൽ
വാനവരതിനെ വാഴ്ത്തുന്നു.

രക്ഷകനീശോതൻ കൃപയാൽ
വിശ്വാസത്തിൻ തികവോടെ
നിണഗാത്രങ്ങൾ കൈക്കൊള്ളാം
ഹല്ലേലുയ്യാ പാടീടാം.

www.malankaralibrary.com

(അല്ലെങ്കിൽ)

സമൂ. മിശിഹായുടെ നിഗൂഢമായ രഹസ്യങ്ങൾ നല്കപ്പെടുന്ന ഈ ആത്മീയപീഠത്തെ മാലാഖമാരുടെ വൃന്ദം പാടി സ്തുതിക്കുന്നു. നമ്മുടെ രക്ഷകനും ദൈവപുത്രനുമായ മിശിഹായുടെ കൃപയാൽ, നമുക്കെല്ലാവർക്കും വിശ്വാസത്തോടെ സമീപിച്ച്, അവിടത്തെ ശരീരരക്തങ്ങൾ സ്വീകരിക്കുകയും ഹല്ലേലുയ്യാ പാടി സ്തുതിക്കുകയും ചെയ്യാം.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. കർത്താവേ, നിൻ നിണഗാത്രങ്ങൾ
ഭോജനമായ് നീ നല്കീടുന്നു.
സ്തുതിയും നന്ദിയുമനവരതം നിൻ
തിരുനാമത്തിനു ചിതമാണെന്നും.
സോദരഗണമേ, വരുവിൻ, നിങ്ങൾ
കൈക്കൊണ്ടീടുക ദൈവികദാനം.

(അല്ലെങ്കിൽ)

ശുശ്രൂ. കർത്താവേ, നിന്റെ ശരീരരക്തങ്ങൾ നീ ഞങ്ങൾക്കു ഭക്ഷണമായി നല്കി. നിന്റെ തിരുനാമത്തിനു യഥായോഗ്യം നന്ദി പ്രകാശിപ്പിക്കാൻ ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു. സഹോദരരേ, വരുവിൻ, ഈ ആത്മീയദാനം സ്വീകരിക്കുവിൻ.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനായ ഈശോ മിശിഹായുടെ രൂപാന്തരീകരണംവഴി ദൈവികതേജസ്സ് ഈ ലോകത്തിനു വെളിപ്പെടുത്തിയതിനു ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ പ്രിയപുത്രന്റെ തിരുശരീര രക്തങ്ങൾ നല്കി ദൈവികജീവനിൽ പങ്കുകാരാക്കിയതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണംവഴി ഞങ്ങളിൽ രൂപാന്തരീകരണം സാധ്യമാക്കാൻ അങ്ങയുടെ കൃപ നിരന്തരം വർഷിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

www.malankaralibrary.com

കാർമി. താബോർമലയിൽവച്ചു രൂപാന്തരപ്പെട്ട മിശിഹായേ, സ്വർഗീയ മഹത്ത്വത്തിന്റെ മുന്നാസ്വാദനമായ വിശുദ്ധ കുർബാനയിൽ പങ്കുചേരാൻ ഞങ്ങളെ യോഗ്യരാക്കിയതിന് നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. പരിശുദ്ധാത്മാവിന്റെ കൃപയാൽ രൂപാന്തരപ്പെട്ടവരായി വിശുദ്ധിയുടെ വെണ്മയാർന്ന വസ്ത്രങ്ങളണിഞ്ഞ് ഈ ലോകത്തിൽ സ്വർഗീയമഹത്ത്വത്തിനു സാക്ഷികളാകാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. താബോർ മലയിൽ മിശിഹാതൻ
ദൈവമഹത്ത്വം ശ്ലീഹർക്കായ്
തെളിവായ് കാട്ടിയ സകലേശൻ
തൻ കൃപ നമ്മിൽ ചൊരിയട്ടെ.

മിശിഹാനാഥനിലൻപോടെ
നമ്മെ വിളിച്ചവനഖിലർക്കും
തൻ തിരുദർശനഭാഗ്യത്തിൻ
യോഗ്യത സദയം നല്കട്ടെ.

ജീവൻ പകരും ദൈവികമാം
ശുദ്ധിയെഴുന്ന രഹസ്യങ്ങൾ
കൈക്കൊണ്ടവരാമഖിലരിലും
ദൈവം വരനിര ചൊരിയട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

(അല്ലെങ്കിൽ)

കാർമി. രൂപാന്തരീകരണംവഴി മിശിഹായുടെ ദൈവികതേജസ്സ് ലോകത്തിനു വെളിപ്പെടുത്താൻ തിരുമനസ്സായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. മിശിഹായിൽ നമ്മെ വിളിക്കുകയും ഒരുമിച്ചുകൂട്ടുകയും ചെയ്ത അവിടന്നു നമ്മെ അനുഗ്രഹിക്കുകയും മിശിഹായോട് അനുരൂപപ്പെടുത്തുകയും യുഗാന്തത്തിൽ അവിടത്തെ ദർശിക്കുന്നതിന് യോഗ്യരാക്കുകയും ചെയ്യട്ടെ. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളിൽ പങ്കുകൊണ്ട നിങ്ങളെല്ലാവരും കർത്താവിന്റെ സജീവമായ സ്ലീവായാൽ മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

(സെപ്തംബർ 14)

പ്രാരംഭപ്രാർഥന

കാർമി. കർത്താവായ ദൈവമേ, കുരിശുമരണംവഴി ഞങ്ങളെ രക്ഷിക്കാൻ അങ്ങയുടെ പ്രിയപുത്രനെ ഞങ്ങളുടെ പക്കലേക്കയച്ചതിന് ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. രക്ഷയുടെ അടയാളമായ വിശുദ്ധ കുരിശിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ മിശിഹായുടെ രക്ഷാരഹസ്യം യഥായോഗ്യം പരികർമംചെയ്യാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 96, 97, 98 (മർമീസ 38)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവിന്നപദാനങ്ങൾ
കീർത്തിപ്പിൻ പുതുഗാനത്താൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ
പാർത്തലമെല്ലാമുടയവനെ.

സമൂ. കർത്താവേ, നിൻ സ്ലീവാതൻ
ഉന്നതശക്തിമഹത്ത്വത്താൽ
കൃപയും തുണയും രക്ഷയുമീ
ദാസർക്കേകാൻ കനിയണമേ.

തിരുഭവനത്തിൽ നിറയുന്നു
ശക്തിയുമുന്നത തേജസ്സും
കർത്താവിൻ തിരുമാഹാത്മ്യം
ജനതകളോടായ് ഘോഷിപ്പിൻ.

www.malankaralibrary.com

നീതിയെഴുന്നോർക്കുലകത്തിൽ
സത്യവെളിച്ചമുദിച്ചല്ലോ
പരമാർഥികളാം സകലർക്കും
ആനന്ദം കൈവന്നല്ലോ.

ധരയെ വിധിക്കാൻ നീതിയെഴും
കർത്താവാഗതനാകുന്നു
അരുവികൾ താളമടിക്കട്ടെ
ഗിരിനിരകൾ സ്തുതി പാടട്ടെ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ;
ഭൂമിമുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

സമൂ. (കാനോന) ഞങ്ങളുടെ കർത്താവേ,
അങ്ങയുടെ കുരിശിന്റെ വലിയ ശക്തിയാൽ
ആരാധകർക്കു സഹായവും രക്ഷയും
അനുഗ്രഹവും നല്കണമേ.

കാർമി. കർത്താവിന്റെ മഹത്ത്വം
ജനതകളുടെ ഇടയിൽ വർണിക്കുവിൻ;
മഹത്ത്വവും തേജസ്സും തിരുസന്നിധിയിലാകുന്നു.

സമൂ. നീതിമാന്മാർക്കു പ്രകാശമുദിച്ചു;
പരമാർഥഹൃദയർക്ക് ആഹ്ലാദമുണ്ടായി.

കാർമി. കർത്താവിന്റെ സന്നിധിയിൽ കാട്ടാറുകൾ കൈയടിക്കട്ടെ;
പർവതങ്ങൾ സ്തുതിപാടട്ടെ.

സമൂ. അവിടന്നു ഭൂമിയെ വിധിക്കാൻ വരുന്നു;
ലോകത്തെ ന്യായത്തോടെയും
ജനതകളെ നീതിയോടെയും വിധിക്കാനണയുന്നു.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ഞങ്ങളുടെ കർത്താവേ,
അങ്ങയുടെ കുരിശിന്റെ വലിയ ശക്തിയാൽ
ആരാധകർക്കു സഹായവും രക്ഷയും
അനുഗ്രഹവും നല്കണമേ.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I ദൈവമേ, എനിക്കു ന്യായവിധി നടത്തിത്തരണമേ.

(സങ്കീ 43, 1)

സമൂ. ഈ സുദിനത്തിൽ കർത്താവേ, നിൻ സ്ലീവായൊളിവീശി
നാനാദിക്കിലുമൊരുപോൽ പ്രഭചൊരിയും സ്ലീവായെ
നിൻ മഹിമയ്ക്കായ് ചിരമായ് അഭിഷിക്തർ വൈദികരോ
കൈകളിലേന്തുന്നേറ്റം ആദരവിൽ സാമോദം
സ്ലീവാ ഞങ്ങൾക്കെന്നും ദൈവികമാം രക്ഷയ്ക്കടയാളം.

ഗായക. II മിന്നൽപ്പിണറുകൾ ലോകത്തെ പ്രകാശിപ്പിക്കുന്നു.

(സങ്കീ 97, 4)

സമൂ. ഈ സുദിനത്തിൽ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. രക്ഷകനേ, നിൻ തിരുസഭ തന്നുടെ നിർമലകരതാരിൽ
വിണ്ണിൻ നിധിയും നിത്യം നിലനില്ക്കും സമ്പത്തും
പാവനഗ്രന്ഥവുമതുപോൽ പൂജിതമാം സ്ലീവായും
നിന്നെ പരിചൊടു മന്നിൽ വെളിവാക്കും ദൈവികമാം
അടയാളങ്ങളുമവയാൽ നിന്നിലവൾ ശരണം തേടുന്നു.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. രക്ഷകനേ, നിൻ തിരുസഭ ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. ദൈവം ശാശ്വതമാം
കൃപയുടെ വരമാരി
നിന്നിൽ വർഷിച്ചു. (സങ്കീ 45, 2)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാഗീതികളാൽ
മഹിമാപൂരിതസ്ലീവാതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II സൈന്യാധിപനേ, നീ
മഹിമാവിന്നുടവാൾ
കൈകളിലേന്തീടൂ. (സങ്കീ 45, 3)

സമൂ. ദിവ്യാത്മാവിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ...

ഹല്ലേലുയ്യാഗീതം (സൂമാറ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

ഭൂസ്വർഗങ്ങളിലൊരുപോലെന്നും
നിൻ തിരുസ്ലീവാ വാണരുളുന്നു.

www.malankaralibrary.com

കുരിശിനെയേറ്റുപറഞ്ഞവരതിനാൽ
വിജയകിരീടം ചൂടീടുന്നു.

നിന്നുടെ കൃപയും സ്നേഹവുമലിവും
ഞങ്ങളിലെന്നും ചൊരിയണമേ നീ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടെ നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്ന് അപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വിശുദ്ധ ഹെലേനാവഴി ഓറെശ്ലെത്തുനിന്നും നിന്റെ സ്ലീവ കണ്ടെടുക്കാൻ ഇടയാക്കുകയും സ്ലീവായുടെ മഹനീയ ശക്തി വെളിപ്പെടുത്തുകയും ചെയ്ത മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വിശുദ്ധ സ്ലീവായെ മാലാഖമാരും മനുഷ്യരും ആഘോഷമായി സംവഹിക്കാനും വണങ്ങാനും ഇടയാക്കിയ മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. അന്തിമവിധിനാളിൽ കുരിശടയാളത്തോടുകൂടെ വാന മേഘങ്ങളിൽ വരാനിരിക്കുന്നവനും ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. ഞങ്ങൾ കുരിശിന്റെ പാതയിൽ സഞ്ചരിച്ച് മഹത്ത്വം പ്രാപിക്കാനായി സ്ലീവായിൽ ഉയർത്തപ്പെട്ട കർത്താവായ മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ശിക്ഷയുടെയും പരിഹാസത്തിന്റെയും അടയാളമായിരുന്ന കുരിശിനെ മഹത്ത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

www.malankaralibrary.com

കാർമി. ഞങ്ങൾക്കുവേണ്ടി ക്രൂശിതനായ മിശിഹായേ, നിന്റെ സ്ലീവ ഞങ്ങൾക്കു രക്ഷയുടെ അടയാളവും അഭയസ്ഥാനവുമാകുന്നു. സ്ലീവായിൽ അഭിമാനംകൊള്ളാനും അനുദിന ജീവിതത്തിലെ കുരിശുകൾ വഹിച്ച് നിന്നെ അനുഗമിക്കാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

(സങ്കീ 144, 1)

സമൂ. മഹിതം സ്ലീവാതൻ
ദിവ്യരഹസ്യമിതാ
ഘോഷിതമാകുന്നു.
സർവചരാചരസൃഷ്ടികളും
ആനന്ദത്താൽ നിറയുന്നു
മിശിഹാരാജൻ ലോകത്തിൽ
നിതരാം കീർത്തിതനാകുകയാൽ
പാവനമായ് വിണ്ണും ഭൂതലവും.

ഗായക. സ്വർഗത്തിലും ഭൂമിയിലും തിരുനാമം
പ്രകീർത്തിക്കപ്പെടുന്നു. (സങ്കീ 148, 13)

സമൂ. മഹിതം സ്ലീവാതൻ ...

(അല്ലെങ്കിൽ)

ഗായക. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും

(സങ്കീ 144, 1)

സമൂ. സ്ലീവായുടെ രഹസ്യം പ്രസംഗിക്കപ്പെടുകയും സർവസൃഷ്ടികളും സന്തോഷിക്കുകയുംചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, മിശിഹാരാജാവ് പ്രഘോഷിക്കപ്പെടുകയും ലോകംമുഴുവൻ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

www.malankaralibrary.com

ഗായക. സ്വർഗത്തിലും ഭൂമിയിലും തിരുനാമം
പ്രകീർത്തിക്കപ്പെടുന്നു. (സങ്കീ 148, 13)

സമൂ. സ്ലീവായുടെ രഹസ്യം ...

പ്രത്യേകഗീതം (ദ്ഹീലത്ത്)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

കാർമി. ലോകം നിന്ദിതമെന്നു ധരിച്ചൊരു
സ്ലീവാ വിജയവിരാജിതമായി.

സമൂ. വാനവഗണവും മാനവനിരയും
സ്ലീവായ്ക്കാദരമേകീടുന്നു.

കാർമി. സോദരഗണമേ, വരുവിൻ, നാഥൻ
രക്ഷകനീശോ ക്രൂശിതനായി.

സമൂ. സഭയോടിയലും സ്നേഹത്താലെ
ബലിയായ് നാഥൻ പാപിക്കായും.

കാർമി. ദൈവസുതൻതൻ നിണഗാത്രത്തിൻ
പാവനയാഗം ദർശിച്ചിടുവിൻ.

സമൂ. ബലഹീനൻപോൽ ക്രൂശിതനായി
ജീവൻ മർത്ത്യനു നല്കീ ദൈവം.

കാർമി. സ്ലീവാ തൻപ്രഭ തെളിവായ് കാട്ടിയ
സുദിനം മുദമൊടു കൊണ്ടാടീടാം.

സമൂ. വാനവരൊപ്പം നാഥനെ വാഴ്ത്താം
ഹല്ലേലുയ്യാ പാടിവണങ്ങാം.

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. സ്ലീവാവഴിയായ് വിജയം നേടി
മിശിഹാരാജൻ ശാന്തിപകർന്നു.

തൻ തിരുനിണവും ഗാത്രവുമീശോ
സഭയാം നിർമലവധുവിനു നല്കി.

www.malankaralibrary.com

വാനവനിരയൊടു ചേർന്നു നമുക്കും
കുരിശിൻ തിരുനാൾ ഘോഷിച്ചീടാം.

നന്ദിയൊടെന്നും നാഥനെ വാഴ്ത്താം
ഹല്ലേലുയ്യാ പാടിവണങ്ങാം.

(അല്ലെങ്കിൽ)

സമൂ. തന്റെ സ്ലീവായാൽ വിജയം വരിക്കുകയും ഭൂമിയിലും സ്വർഗത്തിലും സമാധാനം സ്ഥാപിക്കുകയും തിരുശരീരരക്തങ്ങൾ സഭയ്ക്കു നല്കുകയും ചെയ്ത മിശിഹായെ കുരിശിന്റെ തിരുനാളിൽ മാലാഖമാരോടൊത്ത് നമുക്കു സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യാം. ഹല്ലേലുയ്യാ.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. മഹിമാലംകൃതമാകും സ്ലീവാ
തൻ പ്രഭയാലിരുൾ ദൂരെയകറ്റി.

വാനവരൊപ്പം മാനവരെല്ലാം
വിസ്മയമോടെ സ്തുതി പാടുന്നു.

നമ്മെ നവീകൃതരാക്കും സ്ലീവാ
നമ്മിൽ രമ്യതയുളവാക്കുന്നു.

തൻ തിരുരക്തശരീരം നമ്മൾ-
ക്കേകിയ നാഥനു സ്തുതിപാടീടാം.

(അല്ലെങ്കിൽ)

ശുശ്രൂ. പ്രകാശമാനമായ സ്ലീവ ഭൂമിയിൽ തെളിയുകയും പാപാന്ധകാരത്തെ അകറ്റുകയും ചെയ്തു. നമ്മെ നവീകരിക്കുകയും സ്വർഗത്തെയും ഭൂമിയെയും അനുരഞ്ജിപ്പിക്കുകയുംചെയ്ത ആരാധ്യമായ കുരിശ് എല്ലാവരിലും വിസ്മയം ജനിപ്പിക്കുന്നു. സഹോദരരേ, വരുവിൻ, തന്റെ തിരുശരീരരക്തങ്ങൾ നമുക്കു ഭക്ഷണപാനീയങ്ങളായി നല്കിയ കർത്താവിനെ മഹത്ത്വപ്പെടുത്തി നിങ്ങൾ ഈ ദാനം സ്വീകരിക്കുവിൻ.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, വിശുദ്ധ സ്ലീവായുടെ ശക്തിയാൽ സത്യത്തിലും നീതിയിലും വ്യാപരിച്ച് ദുഷ്ടന്റെ തന്ത്രങ്ങളെ പരാജയപ്പെടുത്താൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. കുരിശിൽ അഭിമാനംകൊള്ളാനും കുരിശിന്റെ വഴിയിൽ അങ്ങയെ അനുഗമിക്കാനും ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. കുരിശുമരണത്തിലൂടെ ഞങ്ങളെ രക്ഷിച്ച മിശിഹായേ, നിന്റെ ബലിയിൽ പങ്കുചേർന്നുകൊണ്ട് ദിവ്യമഹത്ത്വം പ്രകീർത്തിക്കാൻ ഞങ്ങൾക്കു നീ കൃപ നല്കി. സകലത്തെയും പവിത്രീകരിക്കുന്ന നിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച ഞങ്ങളെ സ്വർഗത്തിൽ നിന്റെ വലത്തുഭാഗത്ത് അണിനിരക്കാൻ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. കുരിശാൽ രക്ഷപകർന്നവനാം
മിശിഹാനാഥൻ സ്തുത്യർഹൻ
തൻ സഹനത്തിൻ, മരണത്തിൻ
പൊരുളറിയാൻ വരമേകട്ടെ.

കുരിശിൻ പാവനസന്ദേശം
സകലജനത്തിനുമേകീടാൻ
സ്നേഹത്തികവും തീക്ഷ്ണതയും
മിശിഹാ നിങ്ങൾക്കേകട്ടെ.

www.malankaralibrary.com

പാവനരക്തശരീരങ്ങൾ
കൈക്കൊണ്ടവരാമഖിലർക്കും
കുരിശിൻ ദൈവികമാം പ്രഭയിൽ
ജീവിക്കാൻ വരമരുളട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. കുരിശിലൂടെ ദൈവമഹത്ത്വം വെളിപ്പെടുത്തുകയും രക്ഷ നല്കുകയും ചെയ്ത കർത്താവു വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും രക്ഷാകരമായ അർഥം മനസ്സിലാക്കാൻ മിശിഹാ നമ്മെ സഹായിക്കട്ടെ. കുരിശിന്റെ സന്ദേശം എല്ലാവർക്കും പകർന്നു കൊടുക്കാൻ നമ്മുടെ ഹൃദയങ്ങൾ ദൈവസ്നേഹത്താൽ ജ്വലിക്കട്ടെ. മഹത്ത്വപൂർണമായ സ്ലീവായുടെ പ്രകാശത്തിൽ നിത്യം വസിക്കാൻ, ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച നിങ്ങളെ അവിടന്ന് അനുഗ്രഹിക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം

(ആഗസ്റ്റ് 15)

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, പരിശുദ്ധ കന്യകാമറിയത്തെ ശരീരത്തോടും ആത്മാവോടുംകൂടെ സ്വർഗീയമഹത്ത്വത്തിലേക്ക് ഉയർത്തുകയും നിത്യകിരീടമണിയിക്കുകയും ചെയ്ത അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ രക്ഷാകരമായ ദിവ്യരഹസ്യങ്ങൾ വിശുദ്ധിയോടെ പരികർമം ചെയ്യാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 96, 97, 98 (മർമീസ 38)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവദ്ഭുത കാര്യങ്ങൾ
പരിചൊടു ചെയ്തീ ഭുവനത്തിൽ
അവനു മഹത്ത്വം നല്കിടുവിൻ
നവമൊരു ഗാനം പാടിടുവിൻ.

സമൂ. കർത്താവാഗതനാകുമ്പോൾ
നീതിയെഴുന്നോർ മഹിമയൊടെ
വെൺമേഘത്തിൻ നിരകളിലേ-
ക്കുയരും സ്വാഗതമരുളാനായ്.

നാഥനെയെന്നും കീർത്തിപ്പിൻ
പാവനനാമം വാഴ്ത്തിടുവിൻ
രക്ഷയവൻ വെളിവാക്കി മുദാ
നീതി ജനങ്ങളെയറിയിച്ചു.

www.malankaralibrary.com

വിശ്വസ്തതയോടിസ്രേലിൽ
നാഥൻ തൻ കൃപ വർഷിച്ചു
ഭൂതലമഖിലം ദൈവത്തിൻ
രക്ഷാകർമം ദർശിച്ചു.

ഭക്തജനത്തിൻ ജീവനവൻ
പരിചൊടു പാലിച്ചീടുന്നു
ദുഷ്ടജനത്തിൽ നിന്നവരെ
സംരക്ഷിക്കുന്നനവരതം.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിനു പുതിയ കീർത്തനം പാടുവിൻ;
എന്തുകൊണ്ടെന്നാൽ, അവിടന്ന് അദ്ഭുതം ചെയ്തിരിക്കുന്നു.

സമൂ. (കാനോന) കർത്താവ് ആഗതനാകുമ്പോൾ
നീതിമാന്മാർ മഹത്ത്വമണിഞ്ഞ്
എതിരേല്പിനായി അണയുന്നു;
മേഘനിരകളിലേക്കു പറന്നുയരുന്നു.

കാർമി. കർത്താവിനെ പ്രകീർത്തിക്കുവിൻ;
തിരുനാമം വാഴ്ത്തിപ്പാടുവിൻ.

സമൂ. കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു;
ജനതകളുടെ മുമ്പാകെ നീതി വെളിപ്പെടുത്തിയിരിക്കുന്നു.

കാർമി. ഇസ്രായേൽഭവനത്തോടുള്ള കൃപയും വിശ്വസ്തതയും
അവിടന്ന് അനുസ്മരിച്ചു.

സമൂ. തന്റെ നീതിമാന്മാരുടെ ആത്മാക്കളെ
അവിടന്ന് പരിപാലിക്കുന്നു;
ദുഷ്ടരുടെ കരങ്ങളിൽനിന്ന് അവരെ കാത്തുരക്ഷിക്കുന്നു.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) കർത്താവ് ആഗതനാകുമ്പോൾ നീതിമാന്മാർ
മഹത്ത്വമണിഞ്ഞ് എതിരേല്പിനായി അണയുന്നു;
മേഘനിരകളിലേക്കു പറന്നുയരുന്നു.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I ആകാശം ആഹ്ലാദിക്കട്ടെ; ഭൂതലം ആനന്ദിക്കട്ടെ.

(സങ്കീ 96, 11)

സമൂ. ഈ സുദിനത്തിൽ കന്യാമറിയം ധരയിൽനിന്നും
വിടവാങ്ങീടും നേരം സ്വർഗത്തിൻ ദൂതന്മാർ
മധുമയഗീതികൾ പാടി നിലകൊണ്ടു സവിധത്തിൽ
വാനിൽനിന്നുമിറങ്ങി പൊൻരഥമാ കന്യകതൻ
നിർമലമാകും ഗാത്രം കൈക്കൊണ്ടു വിണ്ണിൽ കരയേറ്റി.

ഗായക. II കർത്താവിന്റെ ദാസരേ, അവിടത്തെ സ്തുതിക്കുവിൻ.

(സങ്കീ 113, 1)

സമൂ. ഈ സുദിനത്തിൽ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. തൻ സ്നേഹത്താൽ ഏകാത്മജനെ നല്കിയ താതാ,
കന്യകയിൽനിന്നുലകിൽ വന്നവനാം ദൈവസുതാ,
സ്വർഗാരോപണസുദിനം മാനിക്കും റൂഹായേ,
നിതരാമർപ്പിച്ചീടാം നന്ദിയൊടെ സ്തുതിഗീതം
അവളുടെ പ്രാർഥനയാലീ സുതരിൽ നിൻ
കരുണയൊഴുക്കേണം.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. തൻ സ്നേഹത്താൽ ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. രാജകുമാരികതൻ
ഉള്ളിന്നഴകല്ലോ
അവളുടെ സൗന്ദര്യം. (സങ്കീ 45, 13)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
സ്വർഗാരോപിത മാതാവിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II ശുദ്ധി നിറഞ്ഞീടും
കാഞ്ചനകവചിതമാ-
ണവളുടെ മേലങ്കി. (സങ്കീ 45, 13)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പൊഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 45, 9-11)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

മകളേ, കേൾക്കൂ സ്വന്തജനത്തെ,
പിതൃഭവനത്തെ, മറന്നീടുക നീ.

www.malankaralibrary.com

കന്യകയാളേ, മന്നവനപ്പോൾ
നിന്നുടെയഴകിൽ പ്രീതിതനാകും.

ഓഫീർ സ്വർണമണിഞ്ഞൊരു രാജ്ഞി
വലത്തുവശത്തായ് നിലകൊണ്ടീടും.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്ന് അപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. രണ്ടാമത്തെ ഹവ്വായായ നിർമലകന്യകയെ റൂഹായുടെ ആവാസത്താൽ പരിശുദ്ധയാക്കിത്തീർത്ത മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കഷ്ടപ്പെടുന്നവർക്ക് പ്രത്യാശയുടെ തുറമുഖവും ആവശ്യത്തിലിരിക്കുന്നവർക്ക് അദ്ഭുതകരമായ അഭയസങ്കേതവുമായി പരിശുദ്ധ അമ്മയെ നല്കിയ മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സ്വർഗാരോപണത്തിലൂടെ മാലാഖമാരുടെയും മനുഷ്യരുടെയും മുമ്പിൽ തന്റെ അനുഗൃഹീതയായ അമ്മയെ ബഹുമാനിച്ച മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

www.malankaralibrary.com

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. "ഇതാ, ഞാൻ കർത്താവിന്റെ ദാസി"എന്നു പ്രത്യുത്തരിച്ചു കൊണ്ട് ദൈവഹിതം പൂർണമായി നിറവേറ്റിയ പരിശുദ്ധ കന്യകാമറിയത്തെ സ്വർഗീയമഹത്ത്വത്തിലേക്ക് പ്രവേശിപ്പിച്ച മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പരിശുദ്ധകന്യകാമറിയത്തിന്റെ സ്വർഗാരോപണദിവസംതന്നെ ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ കൃപ നല്കുകയും ഭാരതത്തെയും ഭാരതമക്കളെയും ദൈവപുത്ര സ്വാതന്ത്ര്യത്തിലേക്ക് ആനയിക്കുകയും ചെയ്യുന്ന മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതി രൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യുന്ന മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

www.malankaralibrary.com

കാർമി. ഞങ്ങളുടെ കർത്താവായ മിശിഹായേ, നിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യംവഴി നിന്നോടു ഞങ്ങൾ വിനയപൂർവം അപേക്ഷിക്കുന്നു. സ്വർഗാരോപിതയായ മറിയത്തിന്റെ പ്രാർഥനകൾ ഈ ലോകത്തിൽ ഞങ്ങൾക്ക് ഉറപ്പുള്ള സഹായവും സംരക്ഷണവുമായിരിക്കട്ടെ. അനുഗൃഹീതയും കൃപാവരപൂർണയുമായ പരിശുദ്ധ കന്യകാമറിയത്തെപ്പോലെ വചനം ഹൃദയത്തിൽ സംഗ്രഹിച്ച് സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. ദൈവത്തിന്റെ ശുശ്രൂഷകരേ, വന്നു കേൾക്കുവിൻ. (സങ്കീ 66, 16)

സമൂ.
സുതനാം ദൈവത്തെ
പരിചിൽ വഹിച്ചവളാം
നിർമലകന്യകയെ
മരണം വന്നുവിളിച്ചപ്പോൾ
നാഥൻ തന്നുടെ ദൂതർക്കായ്
കല്പനയേകി പാവനമാം
ഗാത്രം പരിചൊടു മാനിക്കാൻ
മറിയത്തിൻ സുതനെ വാഴ്ത്തീടാം

ഗായക. ജനതകളേ, ഭൂവാസികളേ, ശ്രദ്ധിക്കുവിൻ. (സങ്കീ 49, 1)

സമൂ.
കല്പന കേട്ടുടനെ
വിണ്ണിൽ നിന്നുമിതാ
ദൂതരിറങ്ങുകയായ്.
ആദരവോടെ സാഘോഷം
അവളെ വഹിച്ചു ദൂതന്മാർ
സ്വർലോകത്തിൻ മഹിമയതിൽ
അവളെ പരിചിലുയർത്തിയവൻ
സ്തുത്യർഹൻ വാഴ്ത്താം തിരുനാമം.

www.malankaralibrary.com

(അല്ലെങ്കിൽ)

ഗായക. ദൈവത്തിന്റെ ശുശ്രൂഷകരേ, വന്നു കേൾക്കുവിൻ. (സങ്കീ 66, 16)

സമൂ. ആദത്തിന്റെ പാപംമൂലം വന്നുഭവിച്ച മരണം ദൈവസുതനെ വഹിച്ച നിർമലശരീരത്തെയും സമീപിച്ചു. തന്റെ മാതാവിന്റെ ശരീരത്തെ ആദരിക്കാൻ കർത്താവു മാലാഖമാരോടു കല്പിച്ചു. കല്പിക്കപ്പെട്ടതുപോലെ അവർ ആദരപൂർവം ആഘോഷത്തോടെ അവളെ സ്വർഗത്തിലേക്കു സംവഹിക്കുകയും ചെയ്തു. അവളുടെ കടന്നുപോകലിന്റെ ദിവസത്തെ മഹത്ത്വപ്പെടുത്തിയവനു സ്തുതി.

ഗായക. ജനതകളേ, ഭൂവാസികളേ, ശ്രദ്ധിക്കുവിൻ. (സങ്കീ 49, 1)

സമൂ. ആദത്തിന്റെ പാപംമൂലം വന്നുഭവിച്ച മരണം ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. മിശിഹാ തന്നുടെ അക്ഷയമാകും
നിണഗാത്രങ്ങൾ കൈക്കൊണ്ടീടാം.

മാനവരക്ഷകനീശോ തന്നുടെ
തിരുമരണത്തിൽ പ്രത്യാശിക്കാം.

മഹനീയം തൻ തിരുവുത്ഥാനം
വിശ്വാസത്തൊടു ഘോഷിച്ചീടാം.

ഏകമനസ്സായ് വാനവരൊപ്പം
നാഥനെ വാഴ്ത്താം, ഹല്ലേലുയ്യാ.

(അല്ലെങ്കിൽ)

സമൂ. നമ്മുടെ രക്ഷകനായ മിശിഹായുടെ അക്ഷയശരീരവും അമൂല്യരക്തവും ഏകമനസ്സോടെ നമുക്കു സ്വീകരിക്കാം. നമുക്കുവേണ്ടിയുള്ള അവന്റെ മരണത്തിലും ഉത്ഥാനത്തിലും വിശ്വസിക്കുകയും പ്രത്യാശ വയ്ക്കുകയും ചെയ്യാം. മാലാഖമാരോടുകൂടെ അവനെ ഹല്ലേലുയ്യാ പാടി സ്തുതിക്കാം.

www.malankaralibrary.com

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. സ്ത്രീകളിലേറ്റം ഭാഗ്യവതീ നിൻ
സ്വർഗാരോപണസുദിനം ധന്യം.

സൃഷ്ടികളൊപ്പം വാനും ഭൂവും
ആനന്ദിക്കുന്നീ സുദിനത്തിൽ.

നിൻ തിരുസുതനെ കൈക്കൊണ്ടീടാം
വാഴ്ത്താമവനെ വാനവരൊപ്പം.

(അല്ലെങ്കിൽ)

ശുശ്രൂ. സ്ത്രീകളിൽ ഏറ്റവും അനുഗൃഹീതയായ മറിയമേ, നീ ഭാഗ്യവതിയാകുന്നു. നിന്റെ കടന്നുപോകലിന്റെ ദിവസം സ്വർഗം ആനന്ദിക്കുകയും ഭൂമി ആഹ്ലാദിക്കുകയും ചെയ്തു. സഹോദരരേ, വരുവിൻ, നമുക്കു മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച് മാലാഖമാരോടുകൂടെ അവനു സ്തുതി പാടാം.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. ആത്മശരീരത്തോടെ സ്വർഗീയസൗഭാഗ്യം അനുഭവിക്കാൻ പരിശുദ്ധകന്യകാമറിയത്തിനു കൃപ നല്കിയ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. നിത്യസൗഭാഗ്യത്തിന്റെ ഉറവിടവും അച്ചാരവുമായ ഈ കുർബാനയിൽ പങ്കുചേരാൻ ഞങ്ങളെ കാരുണ്യപൂർവം യോഗ്യരാക്കിയതിന് ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹായേ, സകലത്തെയും പവിത്രീകരിക്കുന്ന അമൂല്യമായ ശരീരരക്തങ്ങൾ നീ ഞങ്ങൾക്കു നല്കി. ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച ഞങ്ങളുടെ ശരീരങ്ങൾ, ഉയിർപ്പിന്റെ മഹത്ത്വത്തിന് അർഹമാകട്ടെ. അവർണനീയമായ ഈ ദാനത്തെപ്രതി ഞങ്ങൾ നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. പാവനകന്യാമറിയത്തിൻ
പൂജിതഗാത്രവുമാത്മാവും
ദൈവം വിണ്ണിലുയർത്തുകയാൽ
സ്തുതികൾ പാടാം സാമോദം.

സുതനാമീശോമിശിഹാതൻ
അമ്മയുയർത്തും പ്രാർഥനയാൽ
ദൈവാനുഗ്രഹമണിയാനായ്
നിങ്ങൾ യോഗ്യത നേടട്ടെ.

കർത്താവാഗതനാകുമ്പോൾ
മോദമൊടവനെ എതിരേല്ക്കാൻ
സ്വർഗമഹത്ത്വം പ്രാപിക്കാൻ
മറിയം തുണയായ്ത്തീരട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. പരിശുദ്ധ കന്യകാമറിയത്തെ ആത്മാവോടും ശരീരത്തോടുംകൂടെ സ്വർഗീയമഹത്ത്വത്തിലേക്കു പ്രവേശിപ്പിച്ച സർവശക്തനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവമാതാവായ കന്യകാമറിയത്തിന്റെ പ്രാർഥനയാൽ നിങ്ങൾ എല്ലാ അനുഗ്രഹങ്ങൾക്കും യോഗ്യരായിത്തീരട്ടെ. കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിൽ മനോധൈര്യത്തോടെ അവിടത്തെ സ്വീകരിക്കാനും സ്വർഗീയ മഹത്ത്വത്തിൽ ആനന്ദിക്കാനും അവളുടെ മാധ്യസ്ഥ്യം നിങ്ങളെ സഹായിക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ

(പൊതുവായിട്ടുള്ളത്)

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവർഗത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി അങ്ങയുടെ പ്രിയപുത്രനെ ഞങ്ങൾക്കു നല്കിയതിന് അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. മിശിഹായുടെ മാതാവായ പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്കു മാതാവായി നല്കിയ അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. രക്ഷാരഹസ്യത്തിന്റെ അനുസ്മരണവും ആഘോഷവുമായ ഈ കുർബാന യോഗ്യതാപൂർവം അർപ്പിക്കാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 96, 97, 98 (മർമീസ 38)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവദ്ഭുത കൃത്യങ്ങൾ
പരിചൊടു ചെയ്തീ ഭുവനത്തിൽ
അവനു മഹത്ത്വം നല്കിടുവിൻ
നവമൊരു ഗാനം പാടിടുവിൻ.

സമൂ. അത്യുന്നതനാം കർത്താവിൻ
ഭവനം പാവനമതിനുള്ളിൽ
ദൈവം വാണരുളീടുന്നു
ഇളകുകയില്ലാ തിരുഗേഹം.

നാഥനെയെന്നും കീർത്തിപ്പിൻ
പാവനനാമം വാഴ്ത്തിടുവിൻ
രക്ഷയവൻ വെളിവാക്കി മുദാ
നീതി ജനങ്ങളെയറിയിച്ചു.

www.malankaralibrary.com

വിശ്വസ്തതയോടിസ്രേലിൽ
നാഥൻ തൻ കൃപ വർഷിച്ചു
ഭൂതലമഖിലം ദൈവത്തിൻ
രക്ഷാകർമം ദർശിച്ചു.

ഭക്തജനത്തിൻ ജീവനവൻ
പരിചൊടു പാലിച്ചീടുന്നു
ദുഷ്ടജനത്തിൽ നിന്നവരെ
സംരക്ഷിക്കുന്നനവരതം.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിനു പുതിയ കീർത്തനം പാടുവിൻ;
എന്തുകൊണ്ടെന്നാൽ, അവിടന്ന് അദ്ഭുതം ചെയ്തിരിക്കുന്നു.

സമൂ. (കാനോന) അത്യുന്നതന്റെ വാസസ്ഥലം പരിശുദ്ധമാകുന്നു;
ദൈവം അതിനുള്ളിലുണ്ട്, അത് ഇളകുകയില്ല.

കാർമി. കർത്താവിനെ പ്രകീർത്തിക്കുവിൻ;
തിരുനാമം വാഴ്ത്തിപ്പാടുവിൻ.

സമൂ. കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു;
ജനതകളുടെ മുമ്പാകെ നീതി വെളിപ്പെടുത്തിയിരിക്കുന്നു.

കാർമി. ഇസ്രായേൽഭവനത്തോടുള്ള കൃപയും വിശ്വസ്തതയും
അവിടന്ന് അനുസ്മരിച്ചു.

സമൂ. തന്റെ നീതിമാന്മാരുടെ ആത്മാക്കളെ
അവിടന്ന് പരിപാലിക്കുന്നു;
ദുഷ്ടരുടെ കരങ്ങളിൽനിന്ന് അവരെ കാത്തുരക്ഷിക്കുന്നു.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) അത്യുന്നതന്റെ വാസസ്ഥലം പരിശുദ്ധമാകുന്നു;
ദൈവം അതിനുള്ളിലുണ്ട്, അത് ഇളകുകയില്ല.

www.malankaralibrary.com

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I **കർത്താവിന്റെ മുമ്പാകെ ഞങ്ങൾക്കായി പ്രാർഥിക്കണമേ.**
(ജറെ 42, 20)

സമൂ. **രക്ഷകനീശോ മിശിഹാനാഥാ, നിന്നുടെ മാതാവിൻ**
പ്രാർഥനവഴിയായിവരെ അൻപോടെ കാക്കണമേ
മഹിമാപൂരിതബലിയാൽ നന്മകൾ നീ ചൊരിയണമേ
അർപ്പിക്കുന്നിവരെന്നും അമ്മയ്ക്കായ് ബഹുമാനം
അവളുടെയർഥനയാലീ സുതരിൽ നീ കനിയണമെന്നാളും.

ഗായക. II **ഞാൻ നിന്റെ നന്മയ്ക്കുവേണ്ടി പ്രാർഥിക്കും.** (സങ്കീ 121, 9)

സമൂ. **ദൈവികകൃപയാൽ പൂരിതയാകും കന്യാമാതാവേ,**
അൻപൊടു മാനവനിരയെ കാക്കണമേ പ്രാർഥനയാൽ
ദുഷ്ടപിശാചിൻ വലയിൽ വീഴാതാ ചിറകുകളാൽ
ഒന്നായ് ചേർക്കണമിവരെ മിശിഹാതൻ തിരുസവിധേ
വചനം കേൾക്കാനവനിൽ മേവാനും തുണ നീയേകേണം.

ഗായക. I **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

സമൂ. **കർത്താവീശോ മിശിഹായേ, നിൻ സ്ലീവായെന്നാളും**
നന്മയ്ക്കുറവിടമതുപോൽ ജീവൻതൻ കാരണവും
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
സ്ലീവാ ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

ഗായക. II **ആദിമുതൽ എന്നേക്കും, ആമ്മേൻ.**

സമൂ. **കർത്താവീശോ മിശിഹായേ, ...**

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. **സീയോൻ ഗിരിയല്ലോ**
ഉന്നതരാജാവിൻ
പൂജിതമാം നഗരം. (സങ്കീ 87, 1)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ

www.malankaralibrary.com

മിശിഹാതൻ പ്രിയമാതാവിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II രാജകുമാരികതൻ
ഉള്ളിന്നഴകല്ലോ
അവളുടെ സൗന്ദര്യം. (സങ്കീ 45, 13)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 87, 1.2)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പാവനമാകും ഗിരിശൃംഗത്തിൽ
സെഹിയോൻ നഗരം സ്ഥാപിതമെന്നും.

യാക്കോബിന്നുടെ കൂടാരങ്ങൾ
കർത്താവിന്നു പ്രിയങ്കരമെന്നും.

സെഹിയോൻ തന്നുടെ ധന്യകവാടം
കർത്താവതിലും സ്നേഹിക്കുന്നു.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. "ഇതാ, ഞാൻ കർത്താവിന്റെ ദാസി" എന്നു പ്രത്യുത്തരിച്ചുകൊണ്ട് ദൈവഹിതത്തിന് പൂർണമായി സമർപ്പിച്ച പരിശുദ്ധ കന്യകാമറിയത്തെപ്പോലെ ദൈവതിരുമനസ്സിനു വിധേയരായി ജീവിക്കാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവിൽനിന്നു കേട്ട വചനം വിശ്വസിക്കുകയും ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും ചെയ്ത പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയിൽ ജീവിക്കാൻ സഹായിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കാനായിലെ കല്യാണവേളയിൽ ദൈവമഹത്ത്വം വെളിപ്പെടുത്താൻ വഴിയൊരുക്കിയ പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃക സ്വീകരിച്ച്, അനുദിനജീവിതസാഹചര്യങ്ങളിൽ മറ്റുള്ളവർക്കു ദൈവികസാന്നിദ്ധ്യം അനുഭവവേദ്യമാക്കാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ആദിമാതാവായ ഹവ്വായുടെ അനുസരണക്കേടുമൂലമുണ്ടായ ശാപം നീക്കുന്നതിന് അനുസരണംവഴി രക്ഷാകർമത്തിൽ സഹകരിച്ച പരിശുദ്ധ കന്യകാമറിയത്തെപ്പോലെ, ഞങ്ങളും രക്ഷയുടെയും പ്രത്യാശയുടെയും ഉപകരണങ്ങളായിത്തീരാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. കർത്താവായ ദൈവമേ, പരിശുദ്ധ കന്യകാമറിയത്തിന്റെ (...) തിരുനാൾ ആഘോഷിക്കുന്ന ഞങ്ങളുടെ പ്രാർഥനകൾ കരുണാപൂർവം സ്വീകരിക്കണമേ. തിരുഹിതത്തിന് സമ്പൂർണമായി സമർപ്പിക്കാനും വിശുദ്ധിയിൽ വളരാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ജീവിതാന്ത്യത്തിൽ മഹത്ത്വത്തിലേക്കു പ്രവേശിക്കാനും പരിശുദ്ധ അമ്മയോടൊപ്പം സ്വർഗഭാഗ്യം അനുഭവിക്കാനും ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു. (ലൂക്കാ 1, 42)

സമൂ. കന്യാമാതാവേ,
മന്നിൽ ഭാഗ്യവതീ,
നിന്നെ വണങ്ങുന്നു.
നല്കീ നിത്യസമുന്നതനാം
വിണ്ണിൻ നാഥനു ജന്മം നീ
എന്നുമനുഗ്രഹപൂരിതയാം
ധന്യേ ഞങ്ങൾ തേടുന്നു
ദൈവത്തിൻ ദാനം ചിരകാലം.

ഗായക. നിന്റെ ദാസർക്കുവേണ്ടി പ്രാർഥിക്കണമേ. (1 സാമു 12, 19)

സമൂ. കൃപയാൽ പൂരിതയാം
കന്യാമാതാവേ,
നിന്നെ വണങ്ങുന്നു.
യുദ്ധവുമതുപോൽ ശത്രുതയും
ധരയിൽനിന്നുമകറ്റാനും
വത്സരമഖിലം നന്മകളാൽ
നിത്യം പൂരിതമാക്കാനും
സുതനോടായ് പ്രാർഥിച്ചീടണമേ.

(അല്ലെങ്കിൽ)

ഗായക. നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു. (ലൂക്കാ 1, 42)

സമൂ. മറിയമേ, നീ അനുഗൃഹീതയാകുന്നു. നിന്റെ സൗഭാഗ്യം അവർണനീയമാകുന്നു. ഉന്നതങ്ങളിലും അഗാധങ്ങളിലും ശക്തനും അധിനാഥനുമായ രാജാധിരാജനു ജന്മം നല്കിയ നീ എത്രയോ സമുന്നതയാകുന്നു. ഭാഗ്യപ്പെട്ട അമ്മേ, ഭൂമിയുടെ അതിർത്തികളിൽനിന്ന് യുദ്ധങ്ങൾ ഒഴിവാക്കുന്നതിനും തന്റെ നന്മയാൽ വത്സരം മുഴുവനും അനുഗൃഹീതമാകുന്നതിനുംവേണ്ടി നിന്റെ ഉദരഫലമായ പ്രിയപുത്രനോടു നിരന്തരം പ്രാർഥിക്കണമേ.

www.malankaralibrary.com

ഗായക. നിന്റെ ദാസർക്കുവേണ്ടി പ്രാർഥിക്കണമേ. (1 സാമു 12, 19)

സമൂ. മറിയമേ, നീ അനുഗൃഹീതയാകുന്നു. ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. മിശിഹാ തന്നുടെയക്ഷയമാകും
നിണഗാത്രങ്ങൾ കൈക്കൊണ്ടീടാം.

മാനവരക്ഷകനീശോ തന്നുടെ
തിരുമരണത്തിൽ പ്രത്യാശിക്കാം.

മഹനീയം തൻ തിരുവുത്ഥാനം
വിശ്വാസത്തൊടു ഘോഷിച്ചീടാം.

ഏകമനസ്സായ് വാനവരൊപ്പം
നാഥനെ വാഴ്ത്താം ഹല്ലേലുയ്യാ.

(അല്ലെങ്കിൽ)

സമൂ. നമ്മുടെ രക്ഷകനായ മിശിഹായുടെ അക്ഷയശരീരവും അമൂല്യരക്തവും ഏകമനസ്സോടെ നമുക്കു സ്വീകരിക്കാം. നമുക്കുവേണ്ടിയുള്ള അവന്റെ മരണത്തിലും ഉത്ഥാനത്തിലും വിശ്വസിക്കുകയും പ്രത്യാശ വയ്ക്കുകയും ചെയ്യാം. മാലാഖമാരോടുകൂടെ അവനെ ഹല്ലേലുയ്യാ പാടി സ്തുതിക്കാം.

അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. മർത്ത്യകുലത്തിനു മാതൃകയാകും
കന്യാമാതേ, ഭാഗ്യവതി നീ.

നിന്നുടെ നാമം നിൻ തിരുസുതനാൽ
ധന്യം, അതുലമഹോന്നതമെന്നും.

സോദരഗണമേ, കന്യാസുതനുടെ
നിണഗാത്രങ്ങൾ കൈക്കൊണ്ടീടാം.

(അല്ലെങ്കിൽ)

ശുശ്രൂ. മനുഷ്യവംശത്തിനു മാതൃകയായ മറിയമേ, നീ അനുഗൃഹീതയാകുന്നു. തിരുസുതനെപ്രതി നിന്റെ നാമം

www.malankaralibrary.com

മഹോന്നതമാകയാൽ, നീ വാഴ്ത്തപ്പെട്ടവളാകുന്നു. സഹോദരരേ, ഹല്ലേലുയ്യാ പാടിക്കൊണ്ട് മിശിഹായുടെ തിരുശരീരരക്തങ്ങൾ നമുക്കു സ്വീകരിക്കാം.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. മിശിഹായുടെ മാതാവാകാൻ പരിശുദ്ധ കന്യകാമറിയത്തെ തിരഞ്ഞെടുത്ത ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ പ്രിയപുത്രന്റെ പെസഹാരഹസ്യത്തിൽ പൂർണമായി പങ്കുചേർന്ന പരിശുദ്ധഅമ്മയെപ്പോലെ മിശിഹാരഹസ്യത്തിന്റെ ആഘോഷമായ ഈ കുർബാനയിൽ പങ്കുചേരാൻ ഞങ്ങളെ യോഗ്യരാക്കിയതിന് അങ്ങേക്കു നന്ദിപറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹായേ, സകലത്തെയും പവിത്രീകരിക്കുന്ന അമൂല്യമായ ശരീരരക്തങ്ങൾ നീ ഞങ്ങൾക്കു നല്കി. ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച ഞങ്ങളുടെ ശരീരങ്ങൾ ഉയിർപ്പിന്റെ മഹത്ത്വത്തിന് അർഹമാകട്ടെ. അവർണനീയമായ ഈ ദാനത്തെപ്രതി നിനക്കു ഞങ്ങൾ സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. വിശ്വാസത്തിൻ പൂർണതയിൽ
ദൈവപിതാവിനെ വാഴ്ത്തീടാം
നല്കീ കന്യാമറിയത്തെ
തൻ പ്രിയസുതനിഹ മാതാവായ്.

കുരിശിൻ സവിധേ നില്ക്കുമ്പോൾ
നരവംശത്തിനു മാതാവായ്
മിശിഹാനാഥൻ നല്കുകയായ്
അൻപൊടു കന്യാമറിയത്തെ.

www.malankaralibrary.com

റൂഹാതൻ സഹവാസത്താൽ
കൃപയാൽ കന്യക പൂരിതയായ്
അവളോടൊപ്പം ത്രിത്വത്തിൻ
സ്തുതിഗീതങ്ങൾ പാടീടാം.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
രക്ഷിതരായി ഭവിക്കട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. മിശിഹായുടെ മാതാവായി പരിശുദ്ധ കന്യകാമറിയത്തെ തിരഞ്ഞെടുത്ത പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. "ഇതാ, നിന്റെ അമ്മ" എന്നരുൾചെയ്തുകൊണ്ട് മറിയത്തെ നമുക്ക് അമ്മയായി നല്കിയ മിശിഹായെ സ്തുതിക്കാം. തന്റെ ആവാസത്താൽ മറിയത്തെ കൃപാപൂരിതയാക്കിയ പരിശുദ്ധാത്മാവിനു നമുക്കു കൃതജ്ഞതയർപ്പിക്കാം. പരിശുദ്ധ കന്യകാമറിയത്തെപ്പോലെ സ്വർഗീയകിരീടത്തിന് യോഗ്യരാകത്തക്കവിധത്തിൽ ജീവിക്കാൻ ഈ ദിവ്യ രഹസ്യങ്ങൾ നിങ്ങൾക്ക് ശക്തി നല്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

മാർ യൗസേപ്പ് പിതാവിന്റെ തിരുനാൾ

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ ദൈവമായ കർത്താവേ, മനുഷ്യവംശത്തെ വീണ്ടെടുക്കാൻ തന്റെ പ്രിയപുത്രനെ ലോകത്തിലേക്കയച്ച അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. രക്ഷകനായ ഈശോയുടെ വളർത്തുപിതാവും സംരക്ഷകനുമായി വിശുദ്ധ യൗസേപ്പിനെ തിരഞ്ഞെടുത്തതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവതരിച്ച വചനത്തിന് ജീവിതം സമ്പൂർണമായി സമർപ്പിച്ച മാർ യൗസേപ്പിനോടൊപ്പം നിർമലഹൃദയത്തോടെ ഈ ബലിയർപ്പിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 19, 20, 21 (മർമീസ 7)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവിൻ തിരുനിയമങ്ങൾ
നേത്രങ്ങൾക്കു പ്രകാശംതാൻ
നിർമലദൈവികഭക്തി സദാ
നിലനിന്നീടും സുസ്ഥിരമായ്.

സമൂ. നീതിയെഴുന്നോനീ ധരയിൽ
കർത്താവിൻ തിരുഭവനത്തിൻ
അങ്കണമധ്യേ ലബനോനിൻ
തരുവിനുതുല്യം പുഷ്പിക്കും.

കർത്താവേ നിൻ നിയമങ്ങൾ
നീതി നിറഞ്ഞവയാണല്ലോ
രത്നത്തേക്കാളഭികാമ്യം
തേൻകട്ടയിലും മധുരതരം.

രഥവ്യൂഹത്തിൽ, കുതിരകളിൽ
ശരണം വയ്പവരുണ്ടെന്നാൽ
കർത്താവേ, നിൻ ശക്തിയിലായ്
അരചൻ മോദം കൊള്ളുന്നു.

www.malankaralibrary.com

അവനുടെ ഹൃത്തിന്നഭിലാഷം
കർത്താവേ, നീ നിറവേറ്റി
മഹിമയെഴുന്നൊരു മണിമകുടം
അവനുടെ ശിരസ്സിൽ ചൂടിച്ചു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നെതുപോലെ
ആമ്മേൻ ആമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിന്റെ പ്രമാണം ഉത്കൃഷ്ടമാണ്;
അതു നേത്രങ്ങളെ ദീപ്തമാക്കുന്നു.

സമൂ. (കാനോന) നീതിമാൻ പനപോലെ വളരും;
കർത്താവിന്റെ ഭവനാങ്കണത്തിൽ നട്ടിരിക്കുന്ന
ലെബനോനിലെ ദേവദാരുപോലെ പുഷ്പിക്കും.

കാർമി. കർത്താവിനോടുള്ള ഭക്തി പവിത്രമാണ്;
അത് എന്നേക്കും നിലനില്ക്കുന്നു.

സമൂ. കർത്താവിന്റെ നിയമം നീതിയുക്തമാണ്;
അതു ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.

കാർമി. കർത്താവിന്റെ വിധികൾ സത്യസന്ധവും
സകലത്തിലും നീതിയുക്തവുമാണ്.

സമൂ. സ്വർണത്തെയും രത്നത്തെയുംകാൾ അതു ശ്രേഷ്ഠമാണ്;
തേനിനെയും തേൻകട്ടയെയുംകാൾ മധുരവുമാണ്.

കാർമി. ചിലർ രഥങ്ങളെയും മറ്റു ചിലർ കുതിരകളെയും ആശ്രയിക്കുന്നു;
കർത്താവേ, അങ്ങയുടെ ശക്തിയിൽ രാജാവാനന്ദിക്കുന്നു.

സമൂ. അവന്റെ ഹൃദയാഭിലാഷം അങ്ങു നിറവേറ്റി;
മഹിമയുടെ കിരീടം അവന്റെ ശിരസ്സിലണിയിച്ചു.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) നീതിമാൻ പനപോലെ വളരും;
കർത്താവിന്റെ ഭവനാങ്കണത്തിൽ നട്ടിരിക്കുന്ന
ലെബനോനിലെ ദേവദാരുപോലെ പുഷ്പിക്കും.

www.malankaralibrary.com

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I നീതിമാന്മാർ നിത്യജീവനിലേക്കു പ്രവേശിക്കും. (മത്താ 25, 45)

സമൂ. നീതിയെഴുന്നോൻ മാർ യൗസേപ്പേ, ഉന്നതവിണ്ണിൽ
നിന്നുടെ പാവനനാമം, ജീവൻതൻ ഗ്രന്ഥത്തിൽ
ആലേഖിതമാണതിനാൽ ഞങ്ങൾക്കായ് പ്രാർഥിക്ക
നിൻ പ്രിയസുതരാം ഞങ്ങൾ രക്ഷകനാം മിശിഹായാൽ
സ്വീകൃതരാകാനവനുടെ രാജ്യത്തിൽ സ്തുതികൾ പാടീടാൻ.

ഗായക. II നീതിയുടെ കിരീടം എനിക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.
(2 തിമോ 4, 8)

സമൂ. നീതിയെഴുന്നോൻ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. മിശിഹാ തൻ പ്രിയവത്സലനാകും മാർ യൗസേപ്പേ,
ശുദ്ധി നിറഞ്ഞുവിളങ്ങും നീയെന്നും ഞങ്ങൾക്കായ്
പ്രാർഥിച്ചീടുക നാഥൻ അനവരതം കൃപയേകാൻ
വൈദികനിരയിൽ നിരതം ഉന്നതിയും ശ്രേഷ്ഠരിലായ്
സത്യസ്ഥിതമാം അറിവും ഉന്നതമാം സ്ഥൈര്യവുമേകീടാൻ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. മിശിഹാ തൻ പ്രിയവത്സലനാകും ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നീതി നിറഞ്ഞവനാം
മനുജൻ തരുതുല്യം
വളരും, ഫലമണിയും. (സങ്കീ 92, 12)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
നീതിയെഴും മാർ യൗസേപ്പിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

www.malankaralibrary.com

ശുശ്രൂ. II ദൈവികഭവനത്തിൻ
അങ്കണമതിനുള്ളിൽ
വളരുമവൻ നിയതം. (സങ്കീ 92, 12)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 15, 1.2)
(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

ആരുവസിക്കും കർത്താവേ, നിൻ
പാവനഗിരിയിൽ, കൂടാരത്തിൽ?

കറകൂടാതിഹ ജീവിപ്പവനും
നീതിയിലെന്നും നിലനില്പവനും.

ഹൃത്തിൽ നിതരാം നേരുള്ളവനും
നാവാൽ വഞ്ചന ചെയ്യാത്തവനും.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെനിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്ന് അപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പരിശുദ്ധ കന്യകാമറിയത്തെ സംരക്ഷിക്കാൻ ദാവീദിന്റെ ഭവനത്തിൽനിന്നും മാർ യൗസേപ്പിനെ തിരഞ്ഞെടുത്ത ദൈവമേ, സഭയോടൊത്തു ചിന്തിക്കാനും അവളുടെ സംരക്ഷണത്തിനും വളർച്ചയ്ക്കുംവേണ്ടി ജീവിതം സമർപ്പിക്കാനും ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നസ്രത്തിലെ കുടുംബത്തിൽ ഈശോയെ പരിപാലിച്ചു വളർത്തിയ മാർ യൗസേപ്പിനെപ്പോലെ വിശ്വാസത്തിലും വിശുദ്ധിയിലും തങ്ങളുടെ മക്കളെ ദൈവോന്മുഖരായി വളർത്താൻ എല്ലാ മാതാപിതാക്കളെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. തിരുക്കുടുംബത്തെ പുലർത്താൻ നിരന്തരം അധ്വാനിച്ച മാർ യൗസേപ്പിനെപ്പോലെ തൊഴിലിനോടു വിശ്വസ്തത പുലർത്താനും അതിൽ അർഥവും ആനന്ദവും കണ്ടെത്താനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ദൈവസ്വരത്തിനു കാതോർത്തു ജീവിച്ച മാർ യൗസേപ്പിന്റെ മാതൃകയിൽ, ദൈവഹിതത്തിനു സ്വയം സമർപ്പിച്ച് ജീവിതത്തിലെ എല്ലാ പ്രതിസന്ധികളെയും തരണംചെയ്യാൻ സഭാതനയർക്കു ശക്തിനല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്ന് കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർദ്ധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. നസ്രത്തിലെ തിരുക്കുടുംബത്തിൽ മാർ യൗസേപ്പിന്റെ സംരക്ഷണയിൽ, ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്ന ഈശോയേ, അനുസരണത്തിന്റെയും പ്രാർഥനയുടെയും അധ്വാനത്തിന്റെയും ജീവിതം നയിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ദൈവം ഞങ്ങളെ ഭരമേല്പിക്കുന്ന ചുമതലകൾ നിന്റെ വളർത്തുപിതാവിനെപ്പോലെ വിശ്വസ്തതയോടെ നിറവേറ്റാൻ ഞങ്ങളെ പഠിപ്പിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. നീതിമാന്റെ സ്മരണ നിത്യം നിലനില്ക്കും. (സങ്കീ 112, 6)

സമൂ. മാനവരക്ഷകനാം
ഈശോമിശിഹായെ
ശൈശവകാലത്തിൽ
പരിപാലിച്ച വിശുദ്ധാത്മാ,
പാവനമാം നിന്നോർമയിതാ
തിരുനാമത്തൊടു ചേർത്തിവരും
മോദമൊടെന്നും ഘോഷിപ്പൂ
പ്രാർഥനയാൽ സുതരെ കാക്കണമേ.

ഗായക. ദൈവസന്നിധിയിൽ അവൻ എന്നേക്കും നിലനില്ക്കും. (സങ്കീ 61, 7)

സമൂ. മാനവരക്ഷകനാം ...

(അല്ലെങ്കിൽ)

ഗായക. നീതിമാന്റെ സ്മരണ നിത്യം നിലനില്ക്കും. (സങ്കീ 112, 6)

സമൂ. മാർ യൗസേപ്പേ, മിശിഹായുടെ സ്മരണയോടുകൂടെ നിന്റെ ഓർമ തിരുസഭയിൽ ആഘോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശിഷ്ടവും സമുന്നതവുമായ രീതിയിൽ നീ അവനെ ശൈശവകാലത്ത് വളർത്തി. നിന്റെ പ്രാർഥന ഞങ്ങളുടെ സമൂഹത്തെ സഹായിക്കുകയും എല്ലാ തിന്മകളിലുംനിന്ന് ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

ഗായക. ദൈവസന്നിധിയിൽ അവൻ എന്നേക്കും നിലനില്ക്കും. (സങ്കീ 61, 7)

സമൂ. മാർ യൗസേപ്പേ, ...

www.malankaralibrary.com

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. വിശ്വാസികളാം സോദരഗണമേ,
പാവനമീ ദിനമാഘോഷിക്കാം.

നീതിയെഴുന്നോൻ മാർ യൗസേപ്പിൻ
സ്മരണയിലവനെ ബഹുമാനിക്കാം.

അനവരതം സ്തുതിഗീതമുയർത്താം
നാഥനെ വാഴ്ത്താം ഹല്ലേലുയ്യാ.

(അല്ലെങ്കിൽ)

സമൂ. നീതിമാനായ മാർ യൗസേപ്പിന്റെ ഓർമ ആചരിക്കുന്ന നമുക്ക് അനവരതം സ്തുതികീർത്തനങ്ങൾ ആലപിക്കുകയും സന്തോഷപൂർവം ഹല്ലേലുയ്യാ പാടുകയും ചെയ്യാം.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. മാർ യൗസേപ്പേ, മധ്യസ്ഥാ, നീ
പ്രാർഥിക്കണമേ ഞങ്ങൾക്കായി.

നിന്നർഥനയാൽ തിന്മയിൽനിന്നും
ഞങ്ങൾ രക്ഷിതരായീടട്ടെ.

ഹല്ലേലുയ്യാ ഗീതികളാലെ
നാഥനെ ഞങ്ങൾ വാഴ്ത്തീടുന്നു.

അവനുടെ പാവനഗാത്രനിണങ്ങൾ
ജീവൻ ഞങ്ങൾക്കേകീടട്ടെ.

(അല്ലെങ്കിൽ)

ശുശ്രൂ. ഞങ്ങളുടെ മധ്യസ്ഥനായ മാർ യൗസേപ്പേ, നിന്റെ പ്രാർഥനയാൽ ഞങ്ങൾ തിന്മയിൽനിന്നു സംരക്ഷിതരായി, കർത്താവിനെ ഹല്ലേലുയ്യാ പാടി സ്തുതിക്കട്ടെ. സഹോദരരേ, നിത്യജീവൻ നല്കുന്ന തിരുശരീരരക്തങ്ങൾ നമുക്കു സ്വീകരിക്കാം.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, തിരുക്കുടുംബത്തിന്റെ പാലകനായ മാർ യൗസേപ്പിന്റെ ഈ ഓർമദിനത്തിൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളിൽ പങ്കുചേരാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, വിശുദ്ധ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കാളികളാക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. നിന്നെ പാലിച്ചുവളർത്തിയ മാർ യൗസേപ്പിനെപ്പോലെ, ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും ഞങ്ങളെയും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. നീതിയെഴും മാർ യൗസേപ്പിൻ
മാധ്യസ്ഥ്യത്താൽ ഭവനങ്ങൾ
ശോഭിതമായിത്തീരട്ടെ
തിരുഭവനംപോലെന്നെന്നും.

അനുദിനജീവിത പാതകളിൽ
തിരുഹിതമൻപൊടു നിറവേറ്റാൻ
നല്വരദാനം നല്കട്ടെ
ദൈവം നിങ്ങൾക്കനവരതം.

www.malankaralibrary.com

ക്ലേശം നിറയും നാളുകളിൽ
മാർ യൗസേപ്പിൻ മാതൃകയിൽ
ശാന്തതയോടെ മുന്നേറാൻ
ദൈവം തൻ കൃപ ചൊരിയട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. മിശിഹായുടെ വളർത്തുപിതാവായ മാർ യൗസേപ്പിന്റെ മാധ്യസ്ഥ്യത്താൽ എല്ലാ കുടുംബങ്ങളിലും സ്നേഹവും സമാധാനവും നിറയട്ടെ. ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും ദൈവേഷ്ടം നിറവേറ്റാൻ നിങ്ങൾ പ്രാപ്തരായിത്തീരട്ടെ. ജീവിതത്തിലെ ക്ലേശകരമായ അനുഭവങ്ങളിൽ ശാന്തതയോടെ വ്യാപരിക്കാൻ മാർ യൗസേപ്പിന്റെ മാതൃക നിങ്ങൾക്കു പ്രചോദനമാകട്ടെ. അനുദിനജീവിതത്തിൽ നീതിയോടെ വർത്തിച്ച് സ്വർഗീയഭവനത്തിന് അർഹരായിത്തീരാനും സകല വിശുദ്ധരോടുമൊത്ത് അനവരതം സ്തുതിഗീതങ്ങൾ ആലപിക്കാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലും നിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

വിശുദ്ധ സ്നാപകയോഹന്നാൻ

പ്രാരംഭപ്രാർഥന

കാർമി. കർത്താവായ ദൈവമേ, മിശിഹായുടെ മാമോദീസാ വേളയിൽ ത്രിത്വരഹസ്യം വെളിപ്പെടുത്തിയ അങ്ങയുടെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. മിശിഹായ്ക്കു സാക്ഷ്യം വഹിച്ച യോഹന്നാൻ മാംദാനയെ അനുകരിച്ച് സത്യത്തിലും നീതിയിലും വളരാൻ ഞങ്ങൾ പ്രാപ്തരാകട്ടെ. ദൈവികരഹസ്യങ്ങളുടെ ആഘോഷമായ ഈ വിശുദ്ധ കുർബാന യോഗ്യതാപൂർവം പരികർമം ചെയ്യാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 19, 20, 21 (മർമീസ 7)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവിൻ തിരുകല്പനകൾ
നേത്രങ്ങൾക്കു പ്രകാശംതാൻ
ദൈവികഭക്തി സനാതനമായ്
പാവനമായ് നിലനിന്നീടും.

സമൂ. നീതിയെഴുന്നവനെതിരായി
ദുഷ്ടൻ നോക്കിയിരിക്കുന്നു
കർത്താവെന്നാൽ നല്ലവനെ
ദുഷ്ടനു വിട്ടുകൊടുക്കില്ല.

കർത്താവിൻ തിരുവചനങ്ങൾ
സത്യവുമതുപോൽ നീതിയുമാം
രത്നത്തേക്കാളഭികാമ്യം
തേൻകട്ടയിലും മധുരതരം.

കഷ്ടതയേറും നാളുകളിൽ
കർത്താവുത്തരമരുളട്ടെ
യാക്കോബിൻ പരിപാലകനാം
ദൈവം തുണയായ്ത്തീരട്ടെ.

www.malankaralibrary.com

കർത്താവേ, നിൻ ശക്തിയിൽ നീ
മഹിമ നിറഞ്ഞു വിളങ്ങുന്നു;
നിന്നുടെ പ്രാഭവമിവരെന്നും
ഏറ്റുപറഞ്ഞു പുകഴ്ത്തട്ടെ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതിയെന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവിന്റെ പ്രമാണം ഉത്കൃഷ്ടമാണ്;
അതു നേത്രങ്ങളെ ദീപ്തമാക്കുന്നു.

സമൂ. (കാനോന) ദുഷ്ടൻ നീതിമാനെ നോക്കിയിരിക്കുന്നു;
അവനെ വധിക്കാൻ തക്കം പാർത്തിരിക്കുന്നു.
കർത്താവ് അവനെ ദുഷ്ടന്റെ കൈകളിൽ വിട്ടുകൊടുക്കില്ല.

കാർമി. കർത്താവിനോടുള്ള ഭക്തി പവിത്രമാണ്.
അത് എന്നേക്കും നിലനില്ക്കുന്നു.

സമൂ. കർത്താവിന്റെ വിധികൾ സത്യസന്ധവും
സകലത്തിലും നീതിയുക്തവുമാണ്.

കാർമി. സ്വർണത്തെയും രത്നത്തെയുംകാൾ അതു ശ്രേഷ്ഠമാണ്;
തേനിനെയും തേൻകട്ടയെയുംകാൾ മധുരവുമാണ്.

സമൂ. കഷ്ടതയുടെ ദിനത്തിൽ കർത്താവു നിനക്ക് ഉത്തരമരുളട്ടെ;
യാക്കോബിന്റെ ദൈവം നിന്നെ സഹായിക്കട്ടെ.

കാർമി. കർത്താവു നിന്റെ ഹൃദയാഭിലാഷം സാധിച്ചുതരട്ടെ;
നിന്റെ ആഗ്രഹങ്ങൾ പൂർത്തിയാക്കട്ടെ.

സമൂ. കർത്താവേ, അങ്ങയുടെ ശക്തിയിൽ
അങ്ങു മഹത്ത്വപ്പെടട്ടെ;
അങ്ങയുടെ പ്രഭാവം ഞങ്ങൾ പാടിപ്പുകഴ്ത്തട്ടെ.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

www.malankaralibrary.com

കാർമി. (കാനോന) ദുഷ്ടൻ നീതിമാനെ നോക്കിയിരിക്കുന്നു;
അവനെ വധിക്കാൻ തക്കം പാർത്തിരിക്കുന്നു.
കർത്താവ് അവനെ ദുഷ്ടന്റെ കൈകളിൽ വിട്ടുകൊടുക്കില്ല.

മദ്ബഹാഗീതം (ഒാനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I ജനതകളേ, ഭൂവാസികളേ, ശ്രദ്ധിക്കുവിൻ. (സങ്കീ 49, 1)

സമൂ. ദൈവികകൃപയാൽ ഏലീശ്വാതൻ വന്ധ്യത നീങ്ങി
അവളിൽനിന്നു പിറന്നു യോഹന്നാൻ മാംദാനാ
മാനവപാപം നീക്കും കുഞ്ഞാടാം ഈശോയ്ക്കായ്
വീഥിയൊരുക്കുകയായി താപസനാ മരുഭൂവിൽ
മാമോദീസായേകി യോർദ്ദാനിൽ നിർമലസലിലത്താൽ.

ഗായക. II ആദിയിൽ വിശുദ്ധിയുടെ പ്രതാപത്തോടെ. (സങ്കീ 110, 3)

സമൂ. ദൈവികകൃപയാൽ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. നന്ദിയൊടെന്നും സ്തുതി പാടീടാം നൃപനാം മിശിഹായ്ക്കായ്
സ്ലീവാവഴിയായ് നമ്മെ രക്ഷിക്കാൻ ആഗതനാം
മിശിഹാ തൻ തിരുബലിയാൽ മരണത്തെ നിഹനിച്ചു
നീതിയെഴുന്നോർ മകുടം സാനന്ദം കൈക്കൊള്ളും
സ്വർഗീയോർശ്ലേം നഗരിയിലാനന്ദം വാഗ്ദാനം ചെയ്തു.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. നന്ദിയൊടെന്നും സ്തുതി ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നീതിയെഴുന്നവനാം
മർത്ത്യൻ വിജ്ഞാനം
ഉരുവിട്ടീടുന്നു. (സങ്കീ 37, 30)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാഗീതികളാൽ

www.malankaralibrary.com

വിശ്രുതസഹദാ യോഹന്നാൻ
മാംദാനാ തന്നോർമദിനം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II അവനുടെ നാവു സദാ
നീതിയുതിർക്കുന്നു
ന്യായവുമെന്നാളും. (സങ്കീ 37, 30)

സമൂ. ദിവ്യാത്മാവിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 118, 161)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നാഥാ, നിന്നുടെ തിരുവചനത്തിൽ
എന്നുടെ ഹൃദയം ശരണംതേടി.

തിന്മകളഖിലം ദ്വേഷിക്കും ഞാൻ
നിൻ നിയമത്തിൽ സന്തോഷിക്കും.

നീതിയെഴും നിൻ വിധിയോർത്തനിശം
തിരുനാമം ഞാൻ കീർത്തിച്ചീടും.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

www.malankaralibrary.com

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽ നിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയാൻ നിന്റെ സഭയെ അനുഗ്രഹിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ മുന്നോടിയായ യോഹന്നാൻ മാംദാനയെപ്പോലെ ഞങ്ങൾ സത്യത്തിന്റെ സാക്ഷികളും പരിത്യാഗത്തിന്റെ മാതൃകകളും ആയിത്തീരാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. യോഹന്നാനെ അനുകരിച്ച് നിസ്വാർഥമായ ജീവിതത്തിലൂടെ അങ്ങയുടെ മഹത്ത്വം ലക്ഷ്യമാക്കി ജീവിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. "അവൻ വളരുകയും ഞാൻ കുറയുകയും ചെയ്യണ"മെന്നു പറഞ്ഞ യോഹന്നാന്റെ ചൈതന്യം ഉൾക്കൊണ്ട്, സഹോദരങ്ങളുടെ വളർച്ചയിലും ഉന്നമനത്തിലും സന്തോഷിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

www.malankaralibrary.com

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതി രൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്ന് കർത്താവേ, നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. കർത്താവായ ദൈവമേ, യോഹന്നാൻ മാംദാനയുടെ സ്വരം ശ്രവിച്ച് മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും നിന്നെ പിഞ്ചെല്ലാനും ഞങ്ങളെ ശക്തരാക്കണമേ. അതുവഴി ഞങ്ങൾ നിനക്കു സാക്ഷ്യം വഹിക്കുന്നവരും നിന്നെ പ്രഘോഷിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. വരുവിൻ, ദൈവത്തിന്റെ പ്രവൃത്തികൾ കാണുവിൻ. (സങ്കീ 46, 8)

സമൂ. കർത്താവാം മിശിഹാ
മാമോദീസായ്ക്കായ്
ശിരസ്സു നമിച്ചപ്പോൾ
വിനയാന്വിതനാം യോഹന്നാൻ
വിറപൂണ്ടവനായുരചെയ്തു:
മാമോദീസാ നല്കീടാൻ
തെല്ലും യോഗ്യത ഇവനില്ല
നിന്നിൽ ഞാൻ സ്നാനം കൊള്ളട്ടെ.

ഗായക. ദൈവത്തിന്റെ ശുശ്രൂഷകരേ, വന്നു കേൾക്കുവിൻ. (സങ്കീ 66, 16)

സമൂ. നാഥനരുൾചെയ്തു
നിറവേറ്റുക നീതി
ഇപ്പോൾ ഇതു യുക്തം.
ഭയമെല്ലാം നീ കൈവെടിയൂ
മാമോദീസാ നല്കുക നീ
ഞാനിതു നോക്കിപ്പാർക്കുന്നു
ഇതുതാനിപ്പോൾ ദൈവേഷ്ടം;
അവനുടനെ കർമം നിറവേറ്റി.

(അല്ലെങ്കിൽ)

ഗായക. വരുവിൻ, ദൈവത്തിന്റെ പ്രവൃത്തികൾ കാണുവിൻ. (സങ്കീ 46, 8)

സമൂ. സകലത്തിന്റെയും നാഥൻ മാമോദീസായ്ക്കായി തലകുനിച്ചു നില്ക്കുമ്പോൾ, പ്രഘോഷകനായ യോഹന്നാൻ വികാരഭരിതനായി ഉദ്ഘോഷിച്ചു: 'കർത്താവേ, നിന്നെ മാമോദീസ മുക്കുവാൻ ഞാൻ യോഗ്യനല്ല.' എന്നാൽ അവിടന്ന് അവനെ ധൈര്യപ്പെടുത്തിക്കൊണ്ടു പറഞ്ഞു: 'വരൂ, മാമോദീസ നല്കൂ. എന്തുകൊണ്ടെന്നാൽ, ഞാൻ നിന്നിൽനിന്നു മാമോദീസ സ്വീകരിക്കേണ്ടിയിരിക്കുന്നു.'

ഗായക. ദൈവത്തിന്റെ ശുശ്രൂഷകരേ, വന്നു കേൾക്കുവിൻ. (സങ്കീ 66, 16)

സമൂ. സകലത്തിന്റെയും നാഥൻ ...

www.malankaralibrary.com

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

സമൂ. നൃപനാമീശോമിശിഹായ്ക്കായ്
പാതയൊരുക്കാനീ ഭൂവിൽ
താതൻ കനിവൊടയച്ചവനാം
യോഹന്നാനെ വണങ്ങീടാം.

അനുതാപത്തിൻ കാഹളമാം
യോഹന്നാനാ യോർദാനിൽ
പാപകടങ്ങൾ നീക്കീടാൻ
മാമോദീസാ നല്കുകയായ്.

ഉത്തമനായ പ്രവാചകനാം
മാംദാനാതൻ തിരുനാളിൽ
നാഥനു നന്ദിയണച്ചീടാം
ഹല്ലേലുയ്യാ പാടീടാം.

(അല്ലെങ്കിൽ)

സമൂ. സഭയേ, മിശിഹായുടെ ആഗമനത്തിനുമുമ്പ് വഴിയൊരുക്കാനായി അയയ്ക്കപ്പെട്ട ഉത്തമപ്രവാചകന്റെ മഹത്ത്വപൂർണമായ ഈ തിരുനാളിൽ എല്ലാ അധരങ്ങളും നന്ദി പറയട്ടെ. മാനസാന്തരപ്പെടുവിനെന്ന് അവൻ പ്രസംഗിക്കുകയും കടങ്ങളിൽനിന്നുള്ള മോചനത്തിനായി യോർദാൻ നദിയിൽ മാമോദീസ നല്കുകയുംചെയ്തു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. യോഹന്നാൻ തന്നോർമദിനത്തിൽ
നമ്മുടെ ദേഹിയലംകൃതമാക്കാം.

ജീവനെഴും തിരുനിണഗാത്രങ്ങൾ
അൻപോടേകും നാഥനെ വാഴ്ത്താം.

ഹൃദയവിശുദ്ധി നിറഞ്ഞീ ദാനം
കൈക്കൊണ്ടീടാം സ്തുതി പാടീടാം.

www.malankaralibrary.com

(അല്ലെങ്കിൽ)

ശുശ്രൂ. കർത്താവിനു മാമോദീസ നല്കിയ യോഹന്നാന്റെ തിരുനാളിൽ നമുക്ക് നമ്മെത്തന്നെ ആത്മീയമായി അലങ്കരിക്കാം. സഹോദരരേ, വരുവിൻ. തന്റെ സ്നേഹത്താൽ സ്വശരീരരക്തങ്ങൾ നല്കിയ കർത്താവിനെ സ്വീകരിച്ച് അവിടത്തെ പുകഴ്ത്തുവിൻ.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, അങ്ങയുടെ മഹനീയമായ നാമത്തിനു സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുക യുക്തവും യോഗ്യവുമാകുന്നു. ഞങ്ങളുടെ രക്ഷകനും നാഥനുമായ മിശിഹായുടെ മുന്നോടിയായ യോഹന്നാൻ മാംദാനയുടെ ഓർമ ആചരിക്കാനും കർത്താവിന്റെ രക്ഷാരഹസ്യത്തിൽ പങ്കുചേരാനും അങ്ങു ഞങ്ങളെ അർഹരാക്കി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായേ, നിന്റെ അമൂല്യമായ തിരുശരീരരക്തങ്ങൾ സ്വീകരിക്കാൻ നീ കൃപാപൂർവം ഞങ്ങളെ യോഗ്യരാക്കി. ഞങ്ങൾ കൈക്കൊണ്ട ഈ ദിവ്യരഹസ്യങ്ങൾ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും സ്വർഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. ദൈവാത്മജനാം മിശിഹായ്ക്കായ്
പാതയൊരുക്കാൻ വന്നവനാം
യോഹന്നാനിൽ സകലേശൻ
തൻ കൃപയൻപൊടു വർഷിച്ചു.

www.malankaralibrary.com

സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ
വലിയവനാകും യോഹന്നാൻ
ത്യാഗോജ്ജ്വലനായ് ഗുരുവിന്നായ്
സാക്ഷ്യമണച്ചു സഹദായായ്.

സുവിശേഷത്തിൻ മാർഗത്തിൽ
മരണംവരെയും മിശിഹാതൻ
സാക്ഷികളാകാൻ നിങ്ങൾക്കും
ദൈവം കൃപയരുളീടട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. മിശിഹായ്ക്കു വഴിയൊരുക്കാനും അനുതാപത്തിന്റെ മാമോദീസ പ്രഘോഷിക്കാനും സ്ത്രീകളിൽനിന്നു ജനിച്ചവരിൽ ഏറ്റവും വലിയവനായ യോഹന്നാൻ മാംദാനയെ അയച്ചതിനു നമുക്കു കർത്താവിനു നന്ദി പറയാം. ദൈവികമായ വരദാനങ്ങളാൽ അനുഗൃഹീതനായ യോഹന്നാനെപ്പോലെ ത്യാഗപൂർണമായ ജീവിതം നയിച്ചുകൊണ്ടു മരണംവരെയും മിശിഹായ്ക്കു സാക്ഷ്യം വഹിക്കാനും ദൈവരാജ്യത്തിന്റെ സദ്വാർത്ത അറിയിക്കാനും അവിടന്നു നിങ്ങൾക്ക് കൃപനല്കട്ടെ. നിങ്ങൾ സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ അതിനു നിങ്ങളെ ശക്തരാക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലും നിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ

(ജൂലൈ 3)

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങയുടെ പ്രിയപുത്രനിലൂടെ രക്ഷയുടെ സന്ദേശം ലോകത്തിനു നല്കാൻ അങ്ങു തിരുമനസ്സായല്ലോ. "എന്റെ കർത്താവേ, എന്റെ ദൈവമേ," എന്ന് ഏറ്റുപറഞ്ഞ് മിശിഹായ്ക്കു പൂർണമായി സമർപ്പിച്ച മാർ തോമായെ ഭാരതത്തിന്റെ ശ്ലീഹായും വിശ്വാസത്തിൽ ഞങ്ങളുടെ പിതാവുമായി നല്കിയതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. മിശിഹായുടെ ദിവ്യരഹസ്യങ്ങൾ ഭക്ത്യാദരപൂർവം അർപ്പിക്കാനും രക്ഷയുടെ ഫലങ്ങൾ അനുഭവിക്കാനും ഈ ദുക്റാനത്തിരുനാളിൽ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 25, 26, 27 (മർമീസ 9)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. എന്നാത്മാവിനെ നാഥാ, ഞാൻ
തിരുസന്നിധിയിലുയർത്തുന്നു
ശരണം നിന്നിലണയ്ക്കുന്നു
ലജ്ജിതനായ് ഞാൻ തീരില്ല.

സമൂ. ഞാനറിയാത്തൊരു ജനപദമെൻ
ശുശ്രൂഷയ്ക്കായ് നിലകൊള്ളും
എന്നുടെയാജ്ഞകളവരെല്ലാം
ശ്രദ്ധാപൂർവം പാലിക്കും.

കർത്താവേ, നിൻ ഭവനത്തിൻ
സേവനമനിശം തേടീ ഞാൻ
ദിവ്യമഹത്ത്വം കുടികൊള്ളും
നിൻ ഭവനം ഞാൻ സ്നേഹിച്ചു.

www.malankaralibrary.com

എന്റെ പ്രകാശം കർത്താവാം
എൻ ജീവന്റെ കരുത്തുമവൻ
ഒരു കാര്യം ഞാൻ കാംക്ഷിപ്പൂ
അതു മാത്രം ഞാൻ ചോദിപ്പൂ.

ജീവിതകാലം മുഴുവനിലും
കർത്താവിൻ തിരുഭവനത്തിൽ
പാർക്കണമെന്നും ദൈവികമാം
മാധുര്യം ഹൃദി നുകരേണം.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേൻ ആമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവേ, എന്റെ ആത്മാവിനെ
അങ്ങയുടെ സന്നിധിയിലേക്കു ഞാൻ ഉയർത്തുന്നു.

സമൂ. (കാനോന) ഞാൻ അറിയാത്തവർ എന്നെ സേവിക്കും;
അവർ ശ്രദ്ധാപൂർവം എന്റെ ആജ്ഞ പാലിക്കും.

കാർമി. എന്റെ ദൈവമേ, അങ്ങിൽ ഞാൻ ശരണപ്പെടുന്നു;
ഞാൻ ഒരിക്കലും ലജ്ജിക്കയില്ല.

സമൂ. കർത്താവേ, അങ്ങയുടെ ആലയത്തിലെ ശുശ്രൂഷയും
അങ്ങയുടെ മഹത്ത്വം കുടികൊള്ളുന്ന സ്ഥലവും
ഞാൻ ഇഷ്ടപ്പെടുന്നു.

കാർമി. കർത്താവ് എന്റെ പ്രകാശവും രക്ഷയുമാകുന്നു;
ഞാൻ ആരെ ഭയപ്പെടണം?

സമൂ. കർത്താവ് എന്റെ ജീവന്റെ ശക്തിയാകുന്നു;
ആരുടെ മുമ്പിൽ ഞാൻ പരിഭ്രമിക്കണം?

കാർമി. ഒരു കാര്യം കർത്താവിനോടു ഞാൻ ചോദിച്ചിട്ടുണ്ട്;
അതുതന്നെ ഞാൻ അപേക്ഷിക്കുന്നു.

www.malankaralibrary.com

സമൂ. എനിക്കു ജീവിതകാലംമുഴുവൻ
കർത്താവിന്റെ ഭവനത്തിൽ വസിക്കണം;
കർത്താവിന്റെ മാധുര്യം ആസ്വദിക്കണം.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ഞാൻ അറിയാത്തവർ എന്നെ സേവിക്കും;
അവർ ശ്രദ്ധാപൂർവം എന്റെ ആജ്ഞ പാലിക്കും.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I എത്ര വിശിഷ്ടവും മനോഹരവുമാകുന്നു! (സങ്കീ 132, 1)

സമൂ. എത്രവിശിഷ്ടം മാർ തോമായേ, നിന്നുടെ ദുക്റാന
ഭാരതഭൂവിനു മോദാൽ നീയേകി വിശ്വാസം
മോഹനമാമൊരു ഭവനം ഉന്നതമാം സ്വർഗത്തിൽ
അക്ഷയമായ മഹത്ത്വം സൗഭാഗ്യം ആനന്ദം
നിന്നെയയച്ചവനെന്നും നന്ദിയൊടെ സ്തുതികൾ പാടീടാം.

ഗായക. II ദൈവത്തിന്റെ പ്രവൃത്തികൾ വന്നു കാണുവിൻ. (സങ്കീ 66, 5)

സമൂ. എത്രവിശിഷ്ടം മാർ തോമായേ, ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. നിന്നുടെ തിരുനാൾ കൊണ്ടാടീടും ഭക്തരെയെന്നാളും
പ്രാർഥനയാകും തണലിൽ കാക്കുക നീ മാർ തോമാ
നിന്നുടെ നാഥൻ മിശിഹാ വിധി ചെയ്യാനണയുമ്പോൾ
നിൻ പ്രിയസുതരാമിവരെ ദീപ്തിയെഴും സ്വർഗത്തിൽ
നിന്നോടൊപ്പം ചേർക്കാൻ നാഥനൊടായ് അർഥിച്ചീടേണം.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. നിന്നുടെ തിരുനാൾ ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നീതി നിറഞ്ഞീടും
തലമുറയെന്നാളും
നിത്യമനുഗ്രഹമാം. (സങ്കീ 112, 2)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
ധന്യൻ തോമാശ്ലീഹാതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II അവരുടെ സന്തതിയീ
ധരയിൽ നേടീടും
പ്രബലതയെന്നാളും. (സങ്കീ 112, 2)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 118, 114.163)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

കർത്താവേ, നീ എന്നുടെ ദൈവം
അഭയം നല്കും രക്ഷാകേന്ദ്രം.

നിൻ നിയമം ഞാൻ സ്നേഹിക്കുന്നു
പ്രത്യാശയുമതിലർപ്പിക്കുന്നു.

www.malankaralibrary.com

വൻനിധി നേടിയ വർത്തകനെപ്പോൽ
തിരുവചനത്തിൽ മോദിക്കുന്നു.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്ന് അപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. "വഴിയും സത്യവും ജീവനും ഞാനാകുന്നു" എന്ന് ഞങ്ങൾക്കു വെളിപ്പെടുത്തിയ മിശിഹായേ, നിന്നെ ഞങ്ങളുടെ സർവസ്വവുമായി സ്വീകരിച്ചു ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഉദ്ഘോഷിച്ചുകൊണ്ട് നിന്നിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ തോമാശ്ലീഹായെപ്പോലെ കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. "നമുക്കും അവനോടുകൂടെ പോയി മരിക്കാം" എന്നു പറഞ്ഞുകൊണ്ടു ധീരതയോടെ നിന്നെ അനുഗമിച്ച തോമാശ്ലീഹായെപ്പോലെ, നിന്നെപ്രതി ജീവൻപോലും ത്യജിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെ മാതൃക അനുകരിച്ചു സത്യവിശ്വാസത്തിനുവേണ്ടി മരിക്കാൻ സന്നദ്ധരായ അനേകം മിഷണറിമാരെ സഭയ്ക്കു നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ഭാരതത്തിന്റെ ശ്ലീഹായും ഞങ്ങളുടെ പിതാവുമായ മാർതോമായോടുകൂടെ, നീതിമാന്മാരുടെ ഉയിർപ്പിൽ ഞങ്ങൾക്ക് ഓഹരിയും ഭാഗഭാഗിത്വവും നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്ന് കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

www.malankaralibrary.com

കാർമി. ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹായേ, നിന്നിൽ ദൃഢമായി വിശ്വസിച്ച മാർ തോമായെ ഞങ്ങൾക്കു ശ്ലീഹായും പിതാവുമായി നല്കിയ നിന്റെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. ഈ പുണ്യ പിതാവിന്റെ വിശ്വാസതീക്ഷ്ണതയും ധൈര്യവും പ്രേഷിതചൈതന്യവും ഞങ്ങൾക്കു നല്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. നീ ഭാഗ്യവാൻ; നിനക്കു നന്മ ഭവിക്കും. (സങ്കീ 127, 2)

സമൂ. താതാ, മാർ തോമാ,
ഭാഗ്യമിയന്നവനേ,
കൃപയാൽ പൂരിതനേ,
ഉത്ഥിതനീശോമിശിഹാതൻ
പാർശ്വം നിൻ വിരൽ സ്പർശിച്ചു
വിശ്വാസത്തിൻ പൂർണതയിൽ
ദൃഢമായ് ഏറ്റുപറഞ്ഞല്ലോ
കർത്താവേ, നീയാണെൻ ദൈവം.

ഗായക. എന്റെ അസ്ഥികളെല്ലാം ഉദ്ഘോഷിക്കും. (സങ്കീ 35, 10)

സമൂ. താതാ, മാർ തോമാ,
ഭാഗ്യമിയന്നോൻ നീ
മിശിഹാനാഥനൊടായ്
ദൃഢമായ് ഏറ്റുപറഞ്ഞല്ലോ
എന്നുടെ കർത്താവെൻ ദൈവം
നിന്നൊടുചേർന്നീ സുതരെല്ലാം
നിതരാം ഘോഷിച്ചീടുന്നു
കർത്താവേ, നീയാണെൻ ദൈവം.

www.malankaralibrary.com

(അല്ലെങ്കിൽ)

ഗായക. നീ ഭാഗ്യവാൻ; നിനക്കു നന്മ ഭവിക്കും. (സങ്കീ 127, 2)

സമൂ. ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായേ, നീ ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ, മിശിഹായുടെ ഉയിർപ്പിനുശേഷം അവിടത്തെ പാർശ്വത്തിൽ നീ സ്പർശിക്കുകയും "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഉദ്ഘോഷിച്ചുകൊണ്ട് വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തു. നിന്നോടുചേർന്ന് ഞങ്ങളും മിശിഹായിലുള്ള വിശ്വാസം ഏറ്റുപറയുന്നു.

ഗായക. എന്റെ അസ്ഥികളെല്ലാം ഉദ്ഘോഷിക്കും. (സങ്കീ 35, 10)

സമൂ. ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായേ, ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

സമൂ. ധന്യപിതാവാം മാർ തോമാ,
മഹനീയം നിന്നോർമദിനം
ശ്ലീഹായേ, നിൻ സാക്ഷ്യത്തിൻ
മകുടമതല്ലോ നിൻ മരണം.

തെറ്റിൽ നിന്നും ജനതകളെ
മാറ്റിയനുഗ്രഹമാക്കി നീ.
മഹിമയെഴുന്നൊരു സദനമിതാ
നാഥനൊരുക്കി നിനക്കായി.

താതനൊടൊപ്പം തിരുസുതനും
പാവനനാകും റൂഹായും
നിൻ മഹിമയ്ക്കായ് സ്വർഗത്തിൽ
വിജയകിരീടം മെനയുന്നു.

നാഥൻ നിന്നെ തൻ നിധികൾ
ഭരമേല്പിച്ചു സാമോദം
ക്രോവേമാരോടൊപ്പമിവർ
മിശിഹാനാഥനെ വാഴ്ത്തുന്നു.

www.malankaralibrary.com

(അല്ലെങ്കിൽ)

സമൂ. ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായേ, നിന്റെ ഓർമദിനം മഹനീയമാകുന്നു. നിന്റെ രക്തസാക്ഷിത്വം അതിലുപരി മഹനീയമാകുന്നു. മഹത്ത്വത്തിന്റെ സിംഹാസനം നിനക്കായി ഒരുക്കപ്പെട്ടു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം നിനക്കായി സ്വർഗത്തിൽ വിജയകിരീടം ഒരുക്കി. നിന്നെ തിരഞ്ഞെടുത്തു തന്റെ ദാനങ്ങളാൽ സമ്പന്നനാക്കിയ ദൈവത്തിനു ക്രോവേമാർ മഹത്ത്വമർപ്പിക്കുന്നു. അവരോടുചേർന്നു ഞങ്ങളും അവനെ ഹല്ലേലുയ്യാ പാടി സ്തുതിക്കുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. ആധ്യാത്മികനാം വർത്തകനേ, നീ
നാഥനിൽനിന്നും കക്രാ വാങ്ങി.

ദൈവഹിതംപോൽ തീക്ഷ്ണതയോടെ
വർധിപ്പിച്ചതു തിരികെ നല്കി.

മിശിഹാനാഥൻ നിന്നെ വിളിച്ചു
ദൈവികരാജ്യം പൂകീടാനായ്.

സോദരഗണമേ, വരുവിൻ, നിങ്ങൾ
ദിവ്യരഹസ്യം കൈക്കൊണ്ടീടാം.

(അല്ലെങ്കിൽ)

ശുശ്രൂ. ആധ്യാത്മികനായ വ്യാപാരീ, നിന്റെ കർത്താവിൽനിന്ന് നീ കക്രാ സ്വീകരിച്ചു. അവന്റെ അഭീഷ്ടത്തിനൊത്ത് വ്യാപാരം ചെയ്തവനേ, അവൻതന്നെ നിന്നെ തന്റെ രാജ്യത്തിലേക്കു ക്ഷണിച്ചു. നിന്നെ തിരഞ്ഞെടുത്ത് തന്റെ ഭണ്ഡാഗാരത്തിന്റെ അധികാരിയാക്കി. തന്റെ ദാനം നിന്നെ ഭരമേല്പിച്ചവനെ ക്രോവേമാരുടെ ഗണങ്ങൾ ഒരുമിച്ചു സ്തുതിക്കുന്നു. സഹോദരരേ, വരുവിൻ. ഈ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ച് നമുക്കു ദൈവത്തെ മഹത്ത്വപ്പെടുത്താം.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിൽ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേരാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. അവർണനീയമായ ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ ആശീർവദിക്കണമേ.

കാർമി. ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, വിശുദ്ധ കുർബാന വഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ ക്ഷമിക്കുകയും നിത്യജീവന്റെ അച്ചാരം ഞങ്ങൾക്കു നല്കുകയും ചെയ്തു. മാർ തോമാശ്ലീഹായെപ്പോലെ ഞങ്ങളും നിന്നെ ഏറ്റുപറയുന്നതിനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിച്ച് നിത്യസൗഭാഗ്യത്തിൽ എത്തിച്ചേരുന്നതിനും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. സുവിശേഷത്തിൻ സന്ദേശം
ഭാരതനാടിനു നല്കീടാൻ
മാർ തോമായെ സകലേശൻ
കരുണാപൂർവമയച്ചല്ലോ.

വിശ്വാസത്തിൻ ഭാസുരമാം
ദീപ്തിയിലേവരുമണിചേരാൻ
സുവിശേഷം കതിർചൂടട്ടെ
സഭയിൽ സ്നേഹം വളരട്ടെ.

www.malankaralibrary.com

വത്സലതാതൻ മാർ തോമാ
മാതൃക നിങ്ങൾക്കേകട്ടെ
പ്രേഷിതരായിഹ ജീവിക്കാൻ
ജീവിതസാക്ഷ്യം നല്കീടാൻ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. ഭാരതത്തിനു സുവിശേഷവെളിച്ചം നല്കാൻ തന്റെ വത്സല ശിഷ്യനായ മാർ തോമാശ്ലീഹായെ അയച്ച കാരുണ്യവാനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തോമാശ്ലീഹായിൽനിന്ന് വിശ്വാസം സ്വീകരിച്ച എല്ലാവരും സ്നേഹത്തിൽ ഐക്യപ്പെട്ട് സുവിശേഷത്തിന്റെ പ്രഘോഷകരും സാക്ഷികളുമായിത്തീരട്ടെ. ഈ ധീരപ്രേഷിതന്റെ മാതൃക അനുകരിക്കാനും സഭയുടെ വിശ്വസ്തസന്താനങ്ങളായി ജീവിക്കാനും ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. വിശുദ്ധ കുർബാനയിൽ സംബന്ധിച്ച നിങ്ങളെല്ലാവരും പിതാവായ മാർ തോമാശ്ലീഹായോടൊപ്പം സ്വർഗത്തിൽ ത്രിയേകദൈവത്തെ സ്തുതിക്കാൻ അർഹരാകട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

മാർ പത്രോസ്
മാർ പൗലോസ് ശ്ലീഹന്മാർ

പ്രാരംഭപ്രാർഥന

കാർമി. കർത്താവായ ദൈവമേ, ശ്ലീഹന്മാരിലൂടെ ഞങ്ങൾക്കു വിശ്വാസം പകർന്നുനല്കിയതിന് ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ശ്ലീഹന്മാരായ പത്രോസിന്റെയും പൗലോസിന്റെയും ഓർമ ആചരിക്കുന്ന ഞങ്ങളെ വിശ്വാസതീക്ഷ്ണതയാൽ നിറയ്ക്കണമേ. രക്ഷാരഹസ്യങ്ങളുടെ ആഘോഷമായ ഈ വിശുദ്ധ കുർബാന യോഗ്യതയോടെ പരികർമം ചെയ്യാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 33, 34, 35 (മർമീസ 12)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. നീതിയെഴുന്നവരേ, നിങ്ങൾ
കർത്താവിൻ സ്തുതി പാടിടുവിൻ
നിർമലമാനസരേ, നിങ്ങൾ
നാഥനെ വാഴ്ത്തുക ചിതമല്ലോ.

സമൂ. തൻ പ്രിയദാസരെ സകലേശൻ
സദയം രക്ഷിച്ചീടുന്നു
ആശ്രയമവനിലണയ്ക്കുന്നോർ
വിധിയിൽ ശിക്ഷിതരാകില്ല.

കർത്താവിനെ ഞാനെപ്പോഴും
വാഴ്ത്തിപ്പാടി നമിച്ചീടും.
എന്നോടൊപ്പം നാഥൻതൻ
തിരുനാമസ്തുതി പാടിടുവിൻ.

സർവാധിപനാം ദൈവത്തെ
കൈക്കൊള്ളുന്നോരതിധന്യർ
അവകാശികളായ് തിരുനാഥൻ
കൈക്കൊണ്ടവരും ഭാഗ്യധനർ.

www.malankaralibrary.com

തൻ പ്രിയദാസർ നിസ്തുലമാം
ശാന്തി നുകർന്നു വസിച്ചീടാൻ
കാംക്ഷിച്ചീടും കർത്താവിൻ
ഉന്നതിയവരുദ്ഘോഷിക്കും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. നീതിമാന്മാരേ, കർത്താവിനെ പുകഴ്ത്തുവിൻ;
അവിടത്തെ സ്തുതിക്കുന്നത്
പരമാർഥഹൃദയർക്ക് ഉചിതമല്ലോ.

സമൂ. (കാന്നോന) കർത്താവു തന്റെ ദാസരുടെ ആത്മാക്കളെ വീണ്ടെടുക്കും.
അവിടത്തെ ശരണം പ്രാപിക്കുന്നവർ
ശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ല.

കാർമി. എപ്പോഴും ഞാൻ കർത്താവിനെ വാഴ്ത്തും;
അവിടത്തെ സ്തുതികളാൽ എന്റെ അധരങ്ങൾ നിറഞ്ഞിരിക്കും.

സമൂ. എന്നോടൊത്തു കർത്താവിനെ മഹത്ത്വപ്പെടുത്തുവിൻ;
നമുക്കൊരുമിച്ച് അവിടത്തെ നാമം സ്തുതിക്കാം.

കാർമി. കർത്താവു ദൈവമായുള്ള ജനത അനുഗൃഹീതം;
അവിടത്തെ അവകാശമായി തിരഞ്ഞെടുക്കപ്പെട്ടവർ ഭാഗ്യമുള്ളവർ.

സമൂ. തന്റെ ദാസന്റെ സമാധാനം കാംക്ഷിക്കുന്ന കർത്താവ്
വലിയവൻ എന്ന് അവർ എപ്പോഴും ഉദ്ഘോഷിക്കും.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാന്നോന) കർത്താവു തന്റെ ദാസരുടെ ആത്മാക്കളെ വീണ്ടെടുക്കും.
അവിടത്തെ ശരണം പ്രാപിക്കുന്നവർ
ശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ല.

www.malankaralibrary.com

മദ്ബഹാഗീതം (ഒാനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I ഒരു മനുഷ്യനെ ഞാൻ തിരഞ്ഞെടുത്തുയർത്തി.

(സങ്കീ 89, 19)

സമൂ. വിശ്വാസത്തിൽ കേപ്പായാകും ശ്ലീഹായ്ക്കന്നാളിൽ
നല്കി സമുന്നതസ്ഥാനം മിശിഹാ തൻ തിരുസഭയിൽ
തീക്ഷ്ണതയേറും ശ്ലീഹാ പൗലോസോ മിശിഹാതൻ
ശക്തി ധരിച്ചതിമോദം മിശിഹായ്ക്കായ് ജനതകളെ
നേടുകയായി, ശ്ലീഹർ പ്രാർഥനയാൽ തുണയായ്ത്തീരട്ടെ.

ഗായക. II വിശുദ്ധരുടെ സംഘത്തിൽ ദൈവം സന്നിഹിതനാണ്.

(സങ്കീ 89, 7)

സമൂ. വിശ്വാസത്തിൽ കേപ്പായാകും ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ഈ ഭവനത്തിൽ ദൈവസ്തുതികൾ സമുചിതമല്ലോ.
നിവ്യർക്കൊപ്പം ശ്ലീഹർ, സഹദാമാർ, മല്പാന്മാർ
വൈദികനിരയും നിതരാം നിവസിക്കും ഭവനത്തിൽ
പരിചിലൊരുങ്ങുകയല്ലോ ആദത്തിൻ മക്കൾതൻ
പാപവിമോചകപീഠം, രക്ഷകനാം നാഥനെ വാഴ്ത്തീടാം.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. ഈ ഭവനത്തിൽ ദൈവസ്തുതികൾ ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നീതിയെഴുന്നോർതൻ
ഭവനത്തിൽനിന്നും
ജയഘോഷം കേൾപ്പൂ. (സങ്കീ 117, 15)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
പത്രോസ്, പൗലോസ് ശ്ലീഹർതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

www.malankaralibrary.com

ശുശ്രൂ. II തന്നുടെ ചെയ്തികളും
കരബലവും ദൈവം
മന്നിൽ വെളിവാക്കി. (സങ്കീ 117, 15)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 32, 1.2)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

ആഹ്ലാദിപ്പിൻ നാഥനിലെന്നും
നീതിയെഴുന്നോർ സ്തുതിപാടട്ടെ.

ഇമ്പമെഴും മണിവീണകൾ മീട്ടി
നാഥനു ഗീതം പാടുവിനെന്നും.

കിന്നരഗാനം പാടി നിതാന്തം
മോദമൊടീശനെ വാഴ്ത്തുകയെന്നും.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ശ്ലീഹന്മാരിലൂടെ ഞങ്ങൾക്കു ലഭിച്ച വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ദൈവരാജ്യത്തിന്റെ താക്കോലുകൾ കേപ്പായ്ക്കു നല്കുകയും പൗലോസിനെ മൂന്നാം സ്വർഗംവരെ ഉയർത്തുകയും ചെയ്ത കർത്താവേ, ഞങ്ങളെയും സ്വർഗരാജ്യത്തിന് അർഹരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. അജഗണങ്ങളെ പരിപാലിക്കാൻ കേപ്പായെ ഭരമേല്പിക്കുകയും ജനതകളോടു സുവിശേഷം പ്രഘോഷിക്കാൻ പൗലോസിനെ നിയോഗിക്കുകയും ചെയ്ത കർത്താവേ, ഞങ്ങളുടെ വിളിക്കനുസൃതം ജീവിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വിശ്വാസത്തെപ്രതി രക്തസാക്ഷിത്വം വരിച്ച പത്രോസ്, പൗലോസ് ശ്ലീഹന്മാരെപ്പോലെ എല്ലാറ്റിലും ഉപരിയായി അങ്ങയെ സ്നേഹിക്കാനും അങ്ങേക്കുവേണ്ടി ജീവൻ അർപ്പിക്കാനും ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സുവിശേഷപ്രഘോഷണം സർവപ്രധാന ദൗത്യമാക്കിയ പത്രോസ്, പൗലോസ് ശ്ലീഹന്മാരെപ്പോലെ ജീവിതകാലം

www.malankaralibrary.com

മുഴുവൻ സുവിശേഷത്തിനു സാക്ഷികളാകാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതി രൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്ന് കർത്താവേ, നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. കർത്താവായ ദൈവമേ, നിന്റെ സഭയെ പഠിപ്പിക്കാനും നയിക്കാനും നീ നിയോഗിച്ച പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ജീവിതമാതൃക ഞങ്ങൾക്കു മാർഗദീപമാകട്ടെ. നിന്നിലുള്ള വിശ്വാസം ഏറ്റുപറയാനും നിന്റെ വചനം പ്രഘോഷിക്കാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

(സങ്കീ 144, 1)

സമൂ. ശ്ലീഹരിലുന്നതനാം
കേപ്പായ്ക്കൊപ്പം നിൻ
പൗലോസ് ശ്ലീഹായെ
ഓർമിച്ചീടാനീ സുദിനം
നല്കിയ കർത്താവീശോയേ,
അവരോടൊപ്പം സ്വർഗത്തിൽ
നിൻ രാജ്യത്തിൽ സ്തുതി പാടാൻ
അർഹത നീ ഞങ്ങൾക്കേകണമേ.

ഗായക. തിരഞ്ഞെടുക്കപ്പെട്ടവർ അവന്റെ മുമ്പിൽ ഒരുമിച്ചുകൂടി.

(സങ്കീ 50, 5)

സമൂ. ധീരപ്രഘോഷകരാം
ശ്ലീഹരിലെന്നാളും
ആനന്ദിച്ചീടും
വാനും ഭൂവും സ്നേഹമൊടെ
പ്രാർഥിച്ചീടുന്നനവരതം
സഭയിൽ ശാന്തി പുലർന്നീടാൻ
കലഹമകന്നീ ധരയഖിലം
നിൻ സ്തുതികൾ നിതരാം പാടീടാൻ.

(അല്ലെങ്കിൽ)

ഗായക. രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

(സങ്കീ 144, 1)

സമൂ. കർത്താവായ മിശിഹായേ, ശ്ലീഹന്മാരുടെ തലവനായ കേപ്പായുടെയും ജനതകളുടെ ശ്ലീഹായായ പൗലോസിന്റെയും ഓർമയാചരിക്കുന്നതിന് നിന്റെ ആരാധകരെ ക്ഷണിക്കാൻ നീ തിരുമനസ്സായി. അവരുടെ ഓർമദിനത്തിൽ സ്വർഗ വാസികളും ഭൂവാസികളും സന്തോഷിക്കുകയും സഭയിൽ സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു. കർത്താവേ, പിശാചിന്റെ കെണികളിൽനിന്ന് നിന്റെ സഭയെ കാത്തുകൊള്ളണമേ. വിശുദ്ധരോടൊത്ത് സ്വർഗീയമണവറയിൽ നിന്നെ സ്തുതിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ.

www.malankaralibrary.com

ഗായക. തിരഞ്ഞെടുക്കപ്പെട്ടവർ അവന്റെ മുമ്പിൽ ഒരുമിച്ചുകൂടി.
(സങ്കീ 50, 5)

സമൂ. കർത്താവായ മിശിഹായേ, ശ്ലീഹന്മാരുടെ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. വിശ്വാസത്തിൻ പാറയിലല്ലോ
സഭയെ നാഥൻ സ്ഥാപിച്ചുലകിൽ.
സത്യജ്ഞാനം ഘോഷിച്ചീടാൻ
ശ്ലീഹരെ നല്കിയ നാഥനെ വാഴ്ത്താം.
നിവ്യർക്കൊപ്പം മല്പാന്മാരെ
സഭയിലുയർത്തിയ നാഥനെ വാഴ്ത്താം.

(അല്ലെങ്കിൽ)

സമൂ. വിശ്വാസമാകുന്ന പാറമേൽ വിശുദ്ധ സഭയെ സ്ഥാപിക്കുകയും അതിൽ ശ്ലീഹന്മാരെയും പ്രവാചകന്മാരെയും മല്പാന്മാരെയും നിയമിച്ചാക്കുകയുംചെയ്ത കർത്താവേ, അങ്ങ് വാഴ്ത്തപ്പെട്ടവനാകുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. മേയ്ക്കുക നീയെന്നജവൃന്ദത്തെ
കേപ്പായ്ക്കീശോ കല്പനയേകി.
ജനതകൾ തന്നുടെ ശ്ലീഹായായി
നിയമിച്ചാക്കീ പൗലോസിനെയും.
ത്രിത്വത്തിൻ തിരുനാമം പരിചോ-
ടറിയിച്ചീടാൻ ദൗത്യവുമേകി.
ജീവൻ പകരും നിണഗാത്രങ്ങൾ
കൈക്കൊള്ളാമീ ഓർമദിനത്തിൽ.

(അല്ലെങ്കിൽ)

ശുശ്രൂ. ശ്ലീഹന്മാരുടെ തലവനായ കേപ്പായോട് "നീ എന്റെ ആടുകളെയും കുഞ്ഞാടുകളെയും മേയ്ക്കുക" എന്നും ജനതകളുടെ ശ്ലീഹായായി തിരഞ്ഞെടുക്കപ്പെട്ട പൗലോസിനോട് "നീ സകല ജാതികളെയും പഠിപ്പിക്കുക" എന്നും

www.malankaralibrary.com

കർത്താവരുൾച്ചെയ്തു. സഹോദരരേ, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾദിനമായ ഇന്ന് നമുക്ക് മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാം.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, മിശിഹായുടെ ജീവദായകവും രക്ഷാകരവുമായ സന്ദേശം ശ്ലീഹന്മാരിലൂടെ ഞങ്ങൾക്കു നല്കി അനുഗ്രഹിച്ച അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ സ്ഥാപിച്ച സഭയുടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാൻ ഞങ്ങളെ യോഗ്യരാക്കിയതിനു ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. കർത്താവായ മിശിഹായേ, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ രക്തസാക്ഷിത്വത്തിലൂടെ നീ ധന്യമാക്കിയ സഭയിൽ നിനക്കു ഞങ്ങൾ നന്ദിപറയുന്നു. അവരെപ്പോലെ നിന്നിലുള്ള വിശ്വാസം ഏറ്റുപറയാനും നിന്റെ വചനം പ്രഘോഷിക്കാനും നിത്യസൗഭാഗ്യം പ്രാപിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. മർത്ത്യകുലത്തിൻ രക്ഷകനായ്
പുത്രനെ മന്നിലയച്ചവനാം
ദൈവപിതാവിനു സ്തുതി പാടാം
പാവനമല്ലോ തിരുനാമം.

പത്രോസിൻ പരിപാവനമാം
വിശ്വാസത്തിൻ പാറയതിൽ
സഭയെയുർത്തിയ രക്ഷകനാം
മിശിഹാനാഥനെ വാഴ്ത്തീടാം.

www.malankaralibrary.com

പൗലോസിൻ തിരുവാക്യംപോൽ
നമ്മിൽ വാസം ചെയ്തു സദാ
സത്യത്തിൻ തികവേകീടും
പാവനസഭയെ വാഴ്ത്തീടാം.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. നമ്മുടെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കാൻ തിരുമനസ്സായ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസമാകുന്ന പാറമേൽ തന്റെ സഭയെ സ്ഥാപിച്ച മിശിഹായെ നമുക്കു സ്തുതിക്കാം. സഭയിൽ എന്നും വസിച്ചുകൊണ്ട് സത്യത്തിന്റെ പൂർണതയിലേക്കു നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിനെ നമുക്ക് പ്രകീർത്തിക്കാം. മിശിഹായെ എല്ലാറ്റിനുമുപരി സ്നേഹിക്കുകയും ദൈവഹിതമനുസരിച്ചു സഭയെ പടുത്തുയർത്താൻ യത്നിക്കുകയും ചെയ്ത പത്രോസ്, പൗലോസ് ശ്ലീഹന്മാർ നിങ്ങൾക്കു സജീവമാതൃകകളായിരിക്കട്ടെ. നിങ്ങൾ സ്വീകരിച്ച ഈ കൂദാശ തിരുസന്നിധിയിലുള്ള സംപ്രീതിക്കും സ്വർഗീയ ഓറെശ്ലീമിൽ മിശിഹായുടെ വലത്തുഭാഗത്തുള്ള സ്ഥാനത്തിനും നിങ്ങളെ യോഗ്യരാക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ശ്ലീഹന്മാരുടെ തിരുനാൾ

(പൊതുവായിട്ടുള്ളത്)

പ്രാരംഭപ്രാർഥന

കാർമി. കർത്താവായ ദൈവമേ, അങ്ങയുടെ മക്കളായ ഞങ്ങളുടെ നന്മയ്ക്കും രക്ഷയ്ക്കുംവേണ്ടി അങ്ങയുടെ പ്രിയപുത്രനെ ഞങ്ങൾക്കു നല്കിയതിനു നന്ദി പറയുന്നു. മിശിഹായ്ക്കു സാക്ഷ്യം വഹിക്കുകയും സുവിശേഷം അറിയിക്കുകയും ചെയ്ത ശ്ലീഹന്മാരുടെ (... ശ്ലീഹായുടെ) ഓർമ ആചരിക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവം നല്കിയ ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ പരികർമത്തിനു പാപികളായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 144, 145, 146 (മർമീസ 59)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. നാഥാ, നിൻ പ്രിയദാസന്മാർ
നിതരാം നിൻ സ്തുതി പാടുന്നു
നിൻ രാജ്യത്തിൻ മഹിമയതും
ശക്തിയുമവരിഹ വർണിക്കും.

സമൂ. നാഥൻ തന്നുടെ പ്രീതി സദാ
ഭക്തജനത്തിൽ വർഷിക്കും
തന്നിൽ ശരണം തേടീടും
മർത്ത്യരിലാനന്ദിച്ചീടും.

ചിതറിയൊരിസ്രേൽ ജനതതിയെ
നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലീം നഗരിയവൻ
കരുണാവാരിധിയവനല്ലോ.

www.malankaralibrary.com

ഭക്തജനത്തിനു സകലേശൻ
ആഗ്രഹപൂർത്തി വരുത്തുന്നു
അവരുടെ യാചന കേട്ടു മുദാ
രക്ഷ പകർന്നരുളീടുന്നു.

യാക്കോബിൻ ബലമാം ദൈവം
തുണയായുള്ളോൻ ഭാഗ്യധനൻ
കർത്താവാകും ദൈവത്തിൽ
അവനുടെയാശ്രയമെന്നാളും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവേ, അങ്ങേ ദാസന്മാർ അങ്ങയെ സ്തുതിക്കുന്നു;
നീതിമാന്മാർ അങ്ങയെ പ്രകീർത്തിക്കുന്നു.

സമൂ. (കാനോന) കർത്താവ് തന്റെ ഭക്തരിൽ പ്രസാദിക്കുന്നു;
അവിടത്തെ ആശ്രയിക്കുന്നവരിൽ ആനന്ദിക്കുന്നു.

കാർമി. കർത്താവ് ഓറെശ്ലെം പണിതുയർത്തുന്നു;
ചിതറിപ്പോയ ഇസ്രായേൽജനത്തെ ഒരുമിച്ചുകൂട്ടുന്നു.

സമൂ. ഭക്തരുടെ ആഗ്രഹങ്ങൾ അവിടന്നു സഫലമാക്കുന്നു;
അവരുടെ യാചനകൾ ശ്രവിക്കുന്നു;
അവരെ രക്ഷിക്കുന്നു.

കാർമി. യാക്കോബിന്റെ ദൈവം തുണയായുള്ളവൻ
ഭാഗ്യവാനാകുന്നു;
അവന്റെ ആശ്രയം ദൈവമായ കർത്താവിലാകുന്നു.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. (കാനോന) കർത്താവ് തന്റെ ഭക്തരിൽ പ്രസാദിക്കുന്നു;
അവിടത്തെ ആശ്രയിക്കുന്നവരിൽ ആനന്ദിക്കുന്നു.

www.malankaralibrary.com

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I അവയുടെ സന്ദേശം ഭൂമിമുഴുവനുമെത്തുന്നു. (സങ്കീ 19, 4)

സമൂ. രക്ഷകനീശോ മിശിഹാതന്നുടെ ഉത്ഥാനത്തിൻ
സാക്ഷികളാകും ശ്ലീഹർ, പ്രേഷിതരാം ധന്യഗണം,
ഉദ്ഘോഷിച്ചതിധീരം മിശിഹായെ ലോകത്തിൽ
ജനതകളെല്ലാമവരാൽ വിശ്വാസം കൈക്കൊണ്ടു
ജ്ഞാനത്തികവു വരിച്ചു സത്യത്തിൽ നിതരാം നിവസിച്ചു.

ഗായക. II അറിയിപ്പ് ലോകത്തിന്റെ അതിർത്തിയോളം വ്യാപിക്കുന്നു.
(സങ്കീ 19, 4)

സമൂ. രക്ഷകനീശോ മിശിഹാ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. പാപംവഴിയായ് മർത്ത്യസ്വഭാവം നാശോന്മുഖമായി
മിശിഹാതൻ തിരുസ്ലീവാ പാപത്തെ നിഹനിച്ചു.
വിജയവിരാജിതമായ് സ്ലീവായാ കാൽവരിയിൽ
സാത്താനപജിതനായി ദുഷ്ടൻ തൻ സൈനികരും
ജനവും ജനതയുമവനെ വീക്ഷിച്ചു ഭക്ത്യാദരവോടെ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. പാപംവഴിയായ് മർത്ത്യസ്വഭാവം ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. കർത്താവിൻ പ്രിയരാം
അഗതികൾ നേടീടും
ഭൂമിക്കവകാശം.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
ശ്ലീഹന്മാർതൻ (ശ്ലീഹാതന്നുടെ) ഓർമദിനം
കൊണ്ടാടാമീ വേദികയിൽ
ദൈവത്തിൻ സ്തുതികൾ പാടീടാം.

www.malankaralibrary.com

ശുശ്രൂ. II തിങ്ങും ദൈവികമാം
ശാന്തി, സമാധാനം
എളിയജനം നുകരും.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 34, 7.19.22)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നല്ലവനാകും കർത്താവിങ്കൽ
അഭയം തേടും മനുജർ ധന്യർ.

കർത്താവിന്നുടെ മാലാഖാമാർ
ഭക്തരെയഖിലം വലയംചെയ്‌വൂ.

യാതൊരനർഥവുമേശാതവരുടെ
ദേഹിയെ നാഥൻ പരിപാലിക്കും.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. രക്ഷകനായ മിശിഹായേ, നിന്റെ ദിവ്യരക്തത്താൽ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയുംചെയ്ത സഭയ്ക്കു പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയകരമായി തുടരുന്നതിനും ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സഭയോടൊത്തു ചിന്തിക്കാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകാനുമുള്ള സന്മനസ്സ് നിന്റെ ജനത്തിനു നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വിവിധ സഭകൾക്കിടയിൽ പരസ്പരധാരണയും ഐക്യവും വളർത്തി ഏകസത്യവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കാൻ ശിഷ്യന്മാരെ നിയോഗിച്ച കർത്താവേ, ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയിൽ യഥാർഥപ്രേഷിതരാകാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ദൈവവിളിക്കനുസൃതമായി സുവിശേഷവേലചെയ്ത നീതിമാന്മാരോടൊപ്പം സ്വർഗഭാഗ്യത്തിന് അർഹരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതി രൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്ന് കർത്താവേ, നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. സുവിശേഷത്തിനു സാക്ഷികളാകാൻ ഞങ്ങളെ വിളിച്ച കർത്താവേ, ശ്ലീഹന്മാരുടെ മാതൃക പിഞ്ചെന്ന് വിശുദ്ധിയോടും തീക്ഷ്ണതയോടുംകൂടെ നിനക്കു ശുശ്രൂഷചെയ്യാൻ ഞങ്ങളെ സഹായിക്കണമേ. സഭയോടുചേർന്ന് ഏകമനസ്സായി പ്രേഷിതവേലചെയ്യാനും നിന്നെ മഹത്ത്വപ്പെടുത്താനും എല്ലാവരെയും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. ഭൂമിയിൽ അങ്ങുമാത്രം അത്യുന്നതനാകുന്നു. (സങ്കീ 83, 18)

മഹിമാപൂരിതനാം
ബലവാനങ്ങല്ലോ
നാഥാ, സകലേശാ,
ദൈവികമാകും തേജസ്സാൽ
നിൻ ബലിപീഠമുയർത്തിയ നീ
വിശ്വാസിനിയാം തിരുസഭതൻ
സുതരെ മകുടം ചൂടിച്ചു
വാഴ്ത്തീടാം നിത്യം തിരുനാമം.

ഗായക. മഹത്ത്വവും ബഹുമാനവും അങ്ങ് അവനെ അണിയിച്ചു. (സങ്കീ 83, 18)

സമൂ. മിശിഹാകർത്താവേ,
മഹിമാപൂരിതനേ,
ശക്തിയിലുന്നതനേ,
നിന്റെ ജനത്തിൽ ശാശ്വതമാം
ശാന്തിയുമൻപും ചൊരിയും നീ
അക്ഷയമായ സമാധാനം
നിത്യം സുതരിൽ പൂവണിയാൻ
ഞങ്ങളിലായ് നിതരാം വാഴണമേ.

(അല്ലെങ്കിൽ)

ഗായക. ഭൂമിയിൽ അങ്ങുമാത്രം അത്യുന്നതനാകുന്നു. (സങ്കീ 83, 18)

സമൂ. ശക്തനായ കർത്താവേ, നിന്റെ ബലിപീഠത്തെ നീ മഹത്ത്വപ്പെടുത്തി. സഭയിലെ വിശ്വാസികളെ നീ വിജയകിരീടമണിയിച്ചു. കർത്താവേ, സമാധാനവും ശാശ്വതശാന്തിയും നിന്റെ ജനങ്ങളിൽ വർദ്ധിപ്പിക്കണമേ.

ഗായക. മഹത്ത്വവും ബഹുമാനവും അങ്ങ് അവനെ അണിയിച്ചു. (സങ്കീ 83, 18)

സമൂ. ശക്തനായ കർത്താവേ, നിന്റെ ബലിപീഠത്തെ ...

www.malankaralibrary.com

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമു. നൃപരുടെ നൃപനാം മിശിഹാനാഥൻ
ദിവ്യവിരുന്നിനു നമ്മെ വിളിപ്പൂ.

തൻ തിരുനിണവും ഗാത്രവുമാകും
വിണ്ണിൻ ദാനം നല്കീടുന്നു.

അനുരഞ്ജനവും നവജീവിതവും
അക്ഷയജീവനുമതു നല്കീടും.

ഹൃദയമൊരുക്കാം ദിവ്യരഹസ്യം
നല്കും നാഥനെ വാഴ്ത്തിപ്പാടാം.

(അല്ലെങ്കിൽ)

സമു. രാജാക്കന്മാരുടെ രാജാവായ ദൈവം മിശിഹായുടെ ശരീര രക്തങ്ങളാകുന്ന ആത്മീയവിരുന്നിന് നമ്മെ ക്ഷണിക്കുന്നു. ഇത് അമർത്ത്യതയുടെ അച്ചാരവും നിത്യതയുടെ ഉടമ്പടിയുമാകുന്നു. ദൈവപുത്രനെ സ്വീകരിക്കാൻ നമ്മുടെ ആത്മാക്കളെ സജ്ജമാക്കാം. തന്റെ ദിവ്യരഹസ്യങ്ങളാകുന്ന ദാനം നമുക്കു നല്കിയ മിശിഹായ്ക്ക് ഹല്ലേലുയ്യാ പാടി നന്ദിപറയാം.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. സോദരഗണമേ, കൈക്കൊണ്ടിടുവിൻ
പാപംപോക്കും ദിവ്യരഹസ്യം.

വിണ്ണിൻ ദാനം നല്കിയ നാഥനു
സ്തുതി പാടിടുവിൻ ഹല്ലേലുയ്യാ.

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, വരുവിൻ, പാപപരിഹാരാർഥമുള്ള ഈ രഹസ്യത്തെ നിങ്ങൾ സമീപിക്കുവിൻ. തന്റെ ദിവ്യരഹസ്യങ്ങളാകുന്ന ദാനം നല്കിയ മിശിഹായെ സ്തുതിക്കുകയും അവിടത്തേക്കു ഹല്ലേലുയ്യാ പാടുകയും ചെയ്യുവിൻ.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, തിരുവചനത്താൽ ഞങ്ങളെ പരിപോഷിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്ത അങ്ങേക്കു സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുക എല്ലാ സമയവും ഉചിതമാകുന്നു. ലോകത്തിന്റെ അതിർത്തികൾവരെയും സുവിശേഷം പ്രഘോഷിച്ച ശ്ലീഹന്മാരുടെ ഓർമ ആചരിക്കാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. അവരുടെ മാതൃക പിഞ്ചെന്ന് സഭയിൽ നിരന്തരം അങ്ങയെ പാടിപ്പുകഴ്ത്താൻ ഞങ്ങൾക്കിടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ ആശീർവദിക്കണമേ.

കാർമി. കർത്താവായ മിശിഹായേ, ജീവദായകമായ ശരീരവും രക്തവും നീ ഞങ്ങൾക്ക് ഭക്ഷണപാനീയങ്ങളായി നല്കി. സ്വർഗീയമായ ഈ വിരുന്ന് ഞങ്ങൾക്ക് പാപമോചനവും നിത്യജീവനും പ്രദാനം ചെയ്തു. അവർണനീയമായ ഈ ദാനത്തിന് ഞങ്ങളെ യോഗ്യരാക്കിയ കർത്താവേ, സ്വർഗത്തിൽ വിശുദ്ധ ശ്ലീഹന്മാരോടൊപ്പം നിന്നെ നിരന്തരം സ്തുതിക്കാനും മഹത്ത്വപ്പെടുത്താനും ഞങ്ങളെ അർഹരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. രക്ഷകനീശോമിശിഹാതൻ
ഉത്ഥാനത്തിൻ സാക്ഷികളായ്
താതൻ നമ്മെ വിളിച്ചതിനാൽ
സ്തുതിഗീതങ്ങൾ പാടീടാം.

മിശിഹാനാഥനെ ശ്ലീഹന്മാർ
അനുഭവമാക്കിയ സ്മരണകളിൽ
ജീവിച്ചീടാം നന്ദിയൊടെ
നേടാം നൂതനസൗഭാഗ്യം.

www.malankaralibrary.com

ശ്ലീഹന്മാരുടെ ചൈതന്യം
ഉൾക്കൊണ്ടീടാം ഹൃദയത്തിൽ
റൂഹാ നമ്മിൽ നിറയുമ്പോൾ
തിങ്ങും വരനിരയാത്മാവിൽ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. ലോകത്തിന്റെ അതിർത്തികൾവരെയും മിശിഹായുടെ ഉയിർപ്പിനു സാക്ഷ്യംവഹിക്കാൻ നമ്മെ വിളിച്ച പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തന്റെ ശരീരമായ സഭയെ ഭൂമിയിൽ പടുത്തുയർത്താനും സ്വർഗീയസഭയിൽ അവിടത്തെ സഹവാസം അനുഭവിക്കാനും കർത്താവീശോമിശിഹാ നിങ്ങളുടെമേൽ കൃപാവരം ചൊരിയട്ടെ. സുവിശേഷത്തിനുവേണ്ടി ജീവനർപ്പിക്കാൻ ശ്ലീഹന്മാരെ ശക്തരാക്കിയ പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുകയും ആത്മീയ വരങ്ങളാൽ നിറയ്ക്കുകയും ചെയ്യട്ടെ മിശിഹായ്ക്കു സാക്ഷ്യം നല്കിയ ശ്ലീഹന്മാരുടെ ചൈതന്യം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

വിശുദ്ധരുടെ തിരുനാൾ

(പൊതുവായിട്ടുള്ളത്)

പ്രാരംഭപ്രാർഥന

കാർമി. കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ മഹത്ത്വപൂർണമായ ഉത്ഥാനത്തിൽ പങ്കുചേർന്ന് സ്വർഗഭാഗ്യം അനുഭവിക്കുന്ന വിശുദ്ധരെ (വിശുദ്ധ ...) ഇന്നു ഞങ്ങൾ അനുസ്മരിക്കുന്നു. വിശുദ്ധരെപ്പോലെ ജീവിതത്തിലും മരണത്തിലും കർത്താവിനു സാക്ഷ്യം വഹിച്ചുകൊണ്ട് അങ്ങയെ മഹത്ത്വപ്പെടുത്തി സ്വർഗഭാഗ്യത്തിന് അർഹരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഈ ഓർമദിനത്തിൽ മിശിഹായുടെ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടെ പരികർമം ചെയ്യാൻ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 33, 34, 35 (മർമീസ 12)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. നീതിയെഴുന്നവരേ, നിങ്ങൾ
കർത്താവിൻ സ്തുതി പാടിടുവിൻ
നിർമലമാനസരേ, നിങ്ങൾ
നാഥനെ വാഴ്ത്തുക ചിതമല്ലോ.

സമൂ. തൻ പ്രിയദാസരെ സകലേശൻ
സദയം രക്ഷിച്ചീടുന്നു
ആശ്രയമവനിലണയ്ക്കുന്നോർ
വിധിയിൽ ശിക്ഷിതരാകില്ല.

സകലേശനെ ഞാനെപ്പോഴും
വാഴ്ത്തിപ്പാടി നമിച്ചീടും.
എന്നോടൊപ്പം കർത്താവിൻ
തിരുനാമസ്തുതി പാടിടുവിൻ.

www.malankaralibrary.com

സർവാധിപനാം ദൈവത്തെ
കൈക്കൊള്ളുന്നോരതിധന്യർ
അവകാശികളായ് തിരുനാഥൻ
കൈക്കൊണ്ടവരും ഭാഗ്യധനർ.

തൻ പ്രിയദാസർ നിസ്തുലമാം
ശാന്തി നുകർന്നു വസിച്ചീടാൻ
കാംക്ഷിച്ചീടും കർത്താവിൻ
ഉന്നതിയവരുദ്ഘോഷിക്കും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. നീതിമാന്മാരേ, കർത്താവിനെ പുകഴ്ത്തുവിൻ;
അവിടത്തെ സ്തുതിക്കുന്നത്
പരമാർഥഹൃദയർക്ക് ഉചിതമല്ലോ.

സമൂ. (കാനോന) കർത്താവു തന്റെ ദാസരുടെ ആത്മാക്കളെ
വീണ്ടെടുക്കും. അവിടത്തെ ശരണം പ്രാപിക്കുന്നവർ
ശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ല.

കാർമി. എപ്പോഴും ഞാൻ കർത്താവിനെ വാഴ്ത്തും;
അവിടത്തെ സ്തുതികളാൽ എന്റെ അധരങ്ങൾ നിറഞ്ഞിരിക്കും.

സമൂ. എന്നോടൊത്തു കർത്താവിനെ മഹത്ത്വപ്പെടുത്തുവിൻ;
നമുക്കൊരുമിച്ച് അവിടത്തെ നാമം സ്തുതിക്കാം.

കാർമി. കർത്താവു ദൈവമായുള്ള ജനത അനുഗൃഹീതം;
അവിടത്തെ അവകാശമായി തിരഞ്ഞെടുക്കപ്പെട്ടവർ
ഭാഗ്യമുള്ളവർ.

സമൂ. തന്റെ ദാസന്റെ സമാധാനം കാംക്ഷിക്കുന്ന കർത്താവ്
വലിയവൻ എന്ന് അവർ എപ്പോഴും ഉദ്ഘോഷിക്കും.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

www.malankaralibrary.com

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) കർത്താവു തന്റെ ദാസരുടെ ആത്മാക്കളെ വീണ്ടെടുക്കും. അവിടത്തെ ശരണം പ്രാപിക്കുന്നവർ ശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ല.

മദ്ബഹാഗീതം (ഒാനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I വലിയ സഭയിൽ ഞാൻ അങ്ങയെ സ്തുതിക്കും.

(സങ്കീ 35, 14)

സമൂ. ഈ ഭവനത്തിൽ ദൈവസ്തുതികൾ സമുചിതമല്ലോ.
നിവ്യർക്കൊപ്പം ശ്ലീഹർ, സഹദാമാർ, മല്പാന്മാർ
വൈദികനിരയും നിതരാം നിവസിക്കും ഭവനത്തിൽ
പരിചിലൊരുങ്ങുകയല്ലോ ആദത്തിൻ മക്കൾതൻ
പാപവിമോചകപീഠം രക്ഷകനാം നാഥനെ വാഴ്ത്തീടാം.

ഗായക. II ജനസമൂഹത്തിൽ ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും.

(സങ്കീ 35, 14)

സമൂ. ഈ ഭവനത്തിൽ ദൈവസ്തുതികൾ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. കർത്താവീശോ മിശിഹായേ, നിൻ സ്ലീവായെന്നാളും
നന്മയ്ക്കുറവിടമതുപോൽ ജീവൻതൻ കാരണവും
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
സ്ലീവാ ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. കർത്താവീശോ മിശിഹായേ, നിൻ ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. അനുദിനമങ്ങേക്കായ്
ഞങ്ങൾ സഹിക്കുന്നു
നാഥാ, സകലേശാ. (സങ്കീ 44, 22)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിന്റെ വിശുദ്ധർ തൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II ബലിയായ് തീർന്നീടും
മേഷഗണങ്ങൾപോൽ
നാഥാ, ഞങ്ങളിതാ. (സങ്കീ 44, 23)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 44, 24.25)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

കർത്താവേ, നീയുണരുക വേഗം
ഞങ്ങളെയനുദിനമോർത്തീടണമേ.

താണിവർ പൂഴിയതോളം നാഥാ,
മേനികൾ മണ്ണിലടിഞ്ഞു കിടപ്പൂ.

www.malankaralibrary.com

ഇവരിൽനിന്നു മുഖം മാറ്റരുതേ
പീഡകളങ്ങു മറന്നീടരുതേ.

താതനുമതുപോൽ സുതനും പാവന-
റൂഹായ്ക്കും സ്തുതിയുണ്ടാകട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്ന് അപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. അങ്ങയുടെ ധീരസാക്ഷികളായ വിശുദ്ധരെപ്പോലെ ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടെ കുരിശിൽ തറയ്ക്കാനും ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്താനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. അങ്ങയുടെ മഹത്ത്വപൂർണമായ ഉത്ഥാനത്തെയും അവർണനീയമായ സ്വർഗഭാഗ്യത്തെയും ഓർത്തുകൊണ്ട് നല്ല ഓട്ടം ഓടാനും വിശ്വാസം സംരക്ഷിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വിശുദ്ധരുടെ ഓർമ ആചരിക്കുന്ന ഞങ്ങളെല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണെന്ന ബോധ്യത്തിൽ വളരാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായി ജീവിച്ച വിശുദ്ധരെ അനുകരിച്ച്, വിവേകത്തോടും നൈർമല്യത്തോടുംകൂടെ ജീവിക്കാൻ സഹായിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പ്രാർഥനയിലും ഉപവാസത്തിലും ദിനരാത്രങ്ങൾ ചെലവഴിച്ച വിശുദ്ധരെ അനുകരിച്ച്, പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും ജീവിതം നയിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

www.malankaralibrary.com

കാർമി. കർത്താവായ ദൈവമേ, നിന്നെ അനുകരിച്ച വിശുദ്ധരെ (വിശുദ്ധ ...) അനുസ്മരിക്കുന്ന ഞങ്ങൾ, നിന്നെ സ്തുതിക്കുന്നു. ജീവിതത്തിലും മരണത്തിലും നിനക്കു നിർഭയം സാക്ഷ്യംവഹിച്ച്, കണ്ണു കണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയം ആസ്വദിച്ചിട്ടില്ലാത്തതുമായ സ്വർഗസൗഭാഗ്യത്തിൽ, സകലവിശുദ്ധരോടുമൊത്ത് നിന്നെ സ്തുതിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. കർത്താവിന്റെ ഭവനാങ്കണത്തിൽ അവൻ പുഷ്പിക്കും.

(സങ്കീ 92, 13)

സമൂ. പറുദീസാതന്നിൽ
വിരിയും സുന്ദരമാം
പരിമളപുഷ്പംപോൽ
സഭയാം പാവനപൂന്തോപ്പിൽ
പരിശോഭിച്ച വിശുദ്ധാ, നിൻ (വിശുദ്ധേ, നിൻ)
നാഥൻ തൻ പരിശുദ്ധി സദാ
നിത്യം നീവഴിയഖിലരിലും
ചൊരിയാനായ് പ്രാർഥിച്ചീടണമേ.

ഗായക. ലെബനോനിലെ ദേവദാരുപോലെ അവൻ പുഷ്പിക്കും.

(സങ്കീ 92, 13)

സമൂ. സഭയാം പൂങ്കാവിൽ
ദിവ്യസുഗന്ധത്താൽ
ഔഷധമായവനേ, (ളേ,)
ദൈവികമാകും സ്നേഹത്താൽ,
സഹനങ്ങൾതൻ മകുടത്താൽ,
സമലംകൃതനാ (യാ) യ്ത്തീർന്നവനേ, (ളേ,)
നാഥൻ കരുണയൊഴുക്കാനായ്
ഞങ്ങൾക്കായ് പ്രാർഥിച്ചീടണമേ.

www.malankaralibrary.com

(അല്ലെങ്കിൽ)

ഗായക. കർത്താവിന്റെ ഭവനാങ്കണത്തിൽ അവൻ പുഷ്പിക്കും.
(സങ്കീ 92, 13)

സമൂ. മിശിഹായുടെ പടയാളികളായ വിശുദ്ധരേ, നിങ്ങൾ പറുദീസായിലെപ്പോലെ സഭയിലും ഔഷധഗുണമുള്ള പുഷ്പങ്ങളാണല്ലോ. നിങ്ങളുടെ വിജയത്തിന്റെ പരിമളത്താൽ നിങ്ങൾ എല്ലായിടവും വിശുദ്ധീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നിങ്ങൾ മിശിഹായ്ക്കുവേണ്ടിയാണ് മരണം വരിച്ചത്. അവനിലൂടെ എല്ലാ രോഗങ്ങൾക്കും നിങ്ങൾ ഔഷധം നല്കുന്നു. സഹനത്തിന്റെ കിരീടത്തോടെ പരസ്നേഹത്തിൽ പ്രശോഭിക്കുന്ന നിങ്ങൾ, ഞങ്ങളോടു കരുണയുണ്ടാകാൻ സകലത്തിന്റെയും നാഥനോടു പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുവിൻ.

ഗായക. ലെബനോനിലെ ദേവദാരുപോലെ അവൻ പുഷ്പിക്കും.
(സങ്കീ 92, 13)

സമൂ. മിശിഹായുടെ പടയാളികളായ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. ധന്യർ തന്നുടെയോർമദിനത്തിൽ
കർത്താവിൻ സ്തുതിഗീതം പാടാം.

പാവനമാകും ബലിവേദികയിൽ
അവരുടെയോർമയുമാലേഖിതമാം.

ദൈവസുതൻ തൻ നിണഗാത്രങ്ങൾ
കൈക്കൊണ്ടീടാം നാഥനെ വാഴ്ത്താം.

ജീവൻ നിറയും ദിവ്യരഹസ്യം
നമ്മൾക്കക്ഷയ ജീവൻ നല്കും.

www.malankaralibrary.com

(അല്ലെങ്കിൽ)

സമൂ. വിശുദ്ധരുടെ ഓർമദിവസമായ ഇന്ന് സകലത്തിന്റെയും നാഥനായ ദൈവപുത്രന്റെ അമൂല്യമായ ശരീരവും സജീവവും ജീവദായകവുമായ രക്തവും സ്വീകരിക്കാം. അവൻ അവരുടെ ഓർമ തന്റെ ബലിപീഠത്തിൽ ഉല്ലേഖനം ചെയ്യുന്നു. വിശുദ്ധ സഭയിൽ അവരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അവരിലൂടെ നാം അനുഗൃഹീതരാകാൻ കർത്താവ് അവർക്കു ശക്തി നല്കിയിരിക്കുന്നു. വിശുദ്ധ സഭയിൽ നമുക്കു ഹല്ലേലുയ്യാഗീതം ആലപിക്കാം.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. ആത്മീയതയാൽ പരിശോഭിതരേ,
പ്രാർഥിക്കണമേ ഞങ്ങൾക്കായി.

നിങ്ങളിലനിതരശക്തി നിതാന്തം
വർഷിച്ചീശോ മിശിഹാനാഥൻ.

സുതനാം ദൈവം ഞങ്ങളിലെന്നും
കരുണയൊഴുക്കാനർഥിക്കണമേ.

സഭയിൽ നിതരാം സ്തുതിപാടീടാൻ
ഞങ്ങളുമർഹത നേടീടട്ടെ.

(അല്ലെങ്കിൽ)

ശുശ്രൂ. ആത്മീയകാര്യസ്ഥരായ വിശുദ്ധരേ, നിങ്ങളുടെ പ്രാർഥനകളാൽ ഞങ്ങളെ സഹായിക്കണമേ. എന്തുകൊണ്ടെന്നാൽ, മിശിഹാ നിങ്ങളുടെ ഓർമ മദ്ബഹയിൽ മുദ്രണംചെയ്തു. വിശുദ്ധ സഭയ്ക്ക് എല്ലാ സഹായങ്ങളും നല്കാനും സഭയിൽ ഞങ്ങൾ സ്തുതി പാടാനുമായി, അവൻ നിങ്ങളിൽ തന്റെ നിഗൂഢശക്തി ആവസിപ്പിച്ചു. വിശുദ്ധർക്ക് വിസ്മയനീയമായ ശക്തിയും ധൈര്യവും നല്കിയ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവപുത്രന്റെ സാക്ഷികളേ, മിശിഹാ ഞങ്ങളോടു കാരുണ്യം കാണിക്കാൻ നിങ്ങൾ പ്രാർഥിക്കുവിൻ.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. സർവശക്തനും നിത്യം ജീവിക്കുന്നവനുമായ ദൈവമേ, വിശുദ്ധരിൽ അങ്ങയുടെ കൃപാവരത്തിന്റെ വിജയം ഞങ്ങൾ ആഘോഷിക്കുന്നു. കർത്താവീശോമിശിഹായുടെ തിരുശരീരരക്തങ്ങളാൽ ഞങ്ങളെ ധന്യരാക്കിയ അങ്ങയുടെ കാരുണ്യാതിരേകത്തിനു ഞങ്ങൾ നന്ദിപറയുന്നു ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ, സ്വർഗത്തിൽ വിശുദ്ധരുടെ ഗണത്തിൽ പങ്കുചേർന്ന് നിത്യസൗഭാഗ്യം അനുഭവിക്കാൻ ഞങ്ങളെ യോഗ്യരാക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവംശത്തിന്റെ പ്രത്യാശയായ മിശിഹായേ, നിന്റെ ഉത്ഥാനത്തിന്റെ മഹത്ത്വത്തിൽ പങ്കുചേർന്ന സകലവിശുദ്ധരോടുംകൂടെ സഭയിൽ നിന്നെ പ്രകീർത്തിക്കാൻ നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ അനന്തമായ ഈ സ്നേഹത്തിന് നന്ദി പ്രകാശിപ്പിക്കാൻ ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. മിശിഹാനാഥനു ലോകത്തിൽ
സാക്ഷ്യമണച്ച വിശുദ്ധർതൻ
മഹിമാപൂരിത മാതൃകയാൽ
സഭയാം അമ്മയലംകൃതയായ്.

ദൈവമവർക്കായ് നല്കീടും
ദിവ്യമഹത്ത്വം ദർശിക്കാൻ
ആധ്യാത്മികമാം നയനങ്ങൾ
നാഥൻ നിങ്ങൾക്കേകെട്ടെ.

www.malankaralibrary.com

പാവനബലിയിൽ മോദമൊടെ
പങ്കാളികളായ്ത്തീർന്നവരാം
നിങ്ങളെയൻപൊടു സകലേശൻ
പാവനരാക്കിത്തീർക്കട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. രക്തസാക്ഷികളുടെയും വന്ദകരുടെയും മറ്റു വിശുദ്ധരുടെയും ജീവിതസാക്ഷ്യംവഴി സഭയെ മഹത്ത്വമണിയിച്ച മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ വിശ്വസ്ത ദാസരുടെ മാതൃക നിങ്ങൾക്കു പ്രചോദനമേകട്ടെ. വിശുദ്ധർക്ക് അവകാശമായി അവിടന്നു വാഗ്ദാനം ചെയ്തിരിക്കുന്ന മഹത്ത്വത്തിന്റെ സമൃദ്ധി മനസ്സിലാക്കാൻ നിങ്ങളുടെ ആന്തരികനേത്രങ്ങളെ അവിടന്നു പ്രകാശിപ്പിക്കട്ടെ. ഈ കുർബാനയിൽ പങ്കുകൊണ്ട നിങ്ങളെ കർത്താവ് തന്റെ വിശുദ്ധിയുടെ പരിമളത്താൽ മഹത്ത്വമണിയിക്കുകയും സ്വർഗീയമഹത്ത്വത്തിന് അർഹരാക്കുകയും ചെയ്യട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ഇടവക മധ്യസ്ഥന്റെ (മധ്യസ്ഥയുടെ) തിരുനാൾ

പ്രാരംഭപ്രാർഥന

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ രക്ഷാപദ്ധതിയിൽ പങ്കുചേരാൻ ഞങ്ങളെ വിളിച്ച അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ ഇടവക മധ്യസ്ഥനായ (മധ്യസ്ഥയായ) (പേര്) ഓർമ ആചരിച്ചുകൊണ്ട് ഈ ദിവ്യരഹസ്യങ്ങൾ വിശുദ്ധിയോടെ പരികർമം ചെയ്യാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 63, 64, 65 (മർമീസ 23, 24)

(രക്തസാക്ഷിയെങ്കിൽ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. ദാഹജലത്തിനു കേണീടും
വിണ്ടുവരണ്ട നിലംപോലെ
നിന്നെപ്പാർത്തുവസിക്കുന്നേൻ
നാഥാ, നീയാണെൻ ദൈവം.

സമൂ. നീതിയെഴുന്നോനീ ഭൂവിൽ
കർത്താവിൻ തിരുഭവനത്തിൻ
അങ്കണമധ്യേ ലബനോനിൻ
തരുവിനുതുല്യം പുഷ്പിക്കും.

നീതിയെഴുന്നോർ കർത്താവിൽ
ആനന്ദിച്ചിടുമെന്നാളും
ആശ്രയമങ്ങിലണച്ചീടും
നിർമലരെന്നും സ്തുതി പാടും.

താവകപ്രീതി വരിച്ചീടാൻ
അർഹതയുള്ളോൻ ഭാഗ്യധനൻ
തിരുഭവനത്തിൽ പാർക്കാനായ്
നിൻ കരമവനെ നയിച്ചീടും.

www.malankaralibrary.com

അവനെന്നും നിൻ ഭവനത്തിൻ
നന്മയിലും പരിശുദ്ധിയിലും
ഭയവും ഭക്തിയുമുളവാക്കും
നിൻ നീതിയിലും സംപ്രീതൻ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. ദൈവമേ, അങ്ങ് എന്റെ ദൈവമാകുന്നു;
അങ്ങയെ ഞാൻ കാത്തിരിക്കുന്നു.

സമൂ. (കാനോന) നീതിമാൻ പനപോലെ വളരും;
കർത്താവിന്റെ ഭവനാങ്കണത്തിൽ നട്ടിരിക്കുന്ന
ലെബനോനിലെ ദേവദാരുപോലെ പുഷ്പിക്കും.

കാർമി. വരണ്ടുണങ്ങിയ ഭൂമി ജലത്തിനെന്നപോലെ
എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു.
എന്റെ ശരീരം അങ്ങയെ പാർത്തിരിക്കുന്നു.

സമൂ. നീതിനിഷ്ഠർ കർത്താവിലാനന്ദിക്കയും
അവിടന്നിൽ ആശ്രയിക്കയും ചെയ്യും;
പരമാർഥഹൃദയർ അവിടത്തെ സ്തുതിക്കും.

കാർമി. അങ്ങയുടെ സംപ്രീതിക്ക് അർഹനായവൻ ഭാഗ്യവാൻ;
അങ്ങയുടെ ഭവനത്തിൽ വസിക്കാനായി
അങ്ങ് അവനെ ആനയിക്കും.

സമൂ. അങ്ങയുടെ ഭവനത്തിലെ നന്മകളാലും
ദൈവാലയത്തിലെ വിശുദ്ധിയാലും
അങ്ങയുടെ ഭയഭക്തിജനകമായ നീതിയാലും
അവൻ സംപ്രീതനാകും.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) നീതിമാൻ പനപോലെ വളരും;
കർത്താവിന്റെ ഭവനാങ്കണത്തിൽ നട്ടിരിക്കുന്ന
ലെബനോനിലെ ദേവദാരുപോലെ പുഷ്പിക്കും.

(മറ്റു വിശുദ്ധരെങ്കിൽ)

സങ്കീർത്തനങ്ങൾ 25, 26, 27 (മർമീസ 9)
(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. എന്നാത്മാവിനെ നാഥാ, ഞാൻ
തിരുസന്നിധിയിലുയർത്തുന്നു
ശരണം നിന്നിൽ വയ്ക്കുന്നു
ലജ്ജിതനായ് ഞാൻ തീരില്ല.

സമൂ. ഞാനറിയാത്തൊരു ജനപദമെൻ
ശുശ്രൂഷയ്ക്കായ് നിലകൊള്ളും
എന്നുടെയാജ്ഞകളവരെല്ലാം
ശ്രദ്ധാപൂർവം പാലിക്കും.

കർത്താവേ, നിൻ ഭവനത്തിൻ
സേവനമനിശം തേടീ ഞാൻ
ദിവ്യമഹത്ത്വം കുടികൊള്ളും
നിൻ ഭവനം ഞാൻ സ്നേഹിച്ചു.

എന്റെ വെളിച്ചം കർത്താവാം
എൻ ജീവന്റെ കരുത്തുമവൻ
ഒരു കാര്യം ഞാൻ കാംക്ഷിപ്പൂ
അതുമാത്രം ഞാൻ ചോദിപ്പൂ.

ജീവിതകാലം മുഴുവനിലും
കർത്താവിൻ തിരുഭവനത്തിൽ
പാർക്കണമെന്നും ദൈവികമാം
മാധുര്യം ഹൃദി നുകരേണം.

www.malankaralibrary.com

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവേ, എന്റെ ആത്മാവിനെ
അങ്ങയുടെ സന്നിധിയിലേക്കു ഞാൻ ഉയർത്തുന്നു.

സമൂ. (കാനോന) ഞാൻ അറിയാത്തവർ എന്നെ സേവിക്കും;
അവർ ശ്രദ്ധാപൂർവം എന്റെ ആജ്ഞ പാലിക്കും.

കാർമി. എന്റെ ദൈവമേ, അങ്ങിൽ ഞാൻ ശരണപ്പെടുന്നു;
ഞാൻ ഒരിക്കലും ലജ്ജിക്കയില്ല.

സമൂ. കർത്താവേ, അങ്ങയുടെ ആലയത്തിലെ ശുശ്രൂഷയും
അങ്ങയുടെ മഹത്ത്വം കുടികൊള്ളുന്ന സ്ഥലവും
ഞാൻ ഇഷ്ടപ്പെടുന്നു.

കാർമി. കർത്താവ് എന്റെ പ്രകാശവും രക്ഷയുമാകുന്നു;
ഞാൻ ആരെ ഭയപ്പെടണം?

സമൂ. കർത്താവ് എന്റെ ജീവന്റെ ശക്തിയാകുന്നു;
ആരുടെ മുമ്പിൽ ഞാൻ പരിഭ്രമിക്കണം?

കാർമി. ഒരു കാര്യം കർത്താവിനോടു ഞാൻ ചോദിച്ചിട്ടുണ്ട്;
അതുതന്നെ ഞാൻ അപേക്ഷിക്കുന്നു.

സമൂ. എനിക്കു ജീവിതകാലംമുഴുവൻ
കർത്താവിന്റെ ഭവനത്തിൽ വസിക്കണം;
കർത്താവിന്റെ മാധുര്യമാസ്വദിക്കണം.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ഞാൻ അറിയാത്തവർ എന്നെ സേവിക്കും;
അവർ ശ്രദ്ധാപൂർവം എന്റെ ആജ്ഞ പാലിക്കും.

www.malankaralibrary.com

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I കർത്താവ് ഉന്നതങ്ങളിൽ പ്രകീർത്തിക്കപ്പെടുന്നു. (സങ്കീ 93, 4)

സമൂ. മിശിഹാനാഥൻ തൻ സ്നേഹിതനാം ധന്യാ, നിൻ നാമം
(മിശിഹാനാഥൻ തൻ സ്നേഹിതയാം ധന്യേ, നിൻ നാമം)
ദൂതഗണത്തോടൊപ്പം ചേർക്കുകയായ് സ്വർഗത്തിൽ
വിജയവിരാജിതരായി മഹിമയൊടെ രാജിക്കും
നീതിയെഴുന്നോർക്കൊപ്പം മണിമകുടം ചൂടീടും
സഹദാമാർക്കും നല്കും ഭവനം നിൻ ശാശ്വതമവകാശം.

ഗായക. II പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. നിർമലമാകും നിൻ പ്രാർഥനകൾ ഞങ്ങൾക്കെന്നാളും
ഉന്നതമായിടുമഭയം നല്കട്ടെ കോട്ടസമം
മർത്ത്യനു കെണികളൊരുക്കും ദുഷ്ടൻതൻ ശരനിരകൾ
നിഷ്ഫലമാകട്ടെന്നും തകരട്ടെ തന്ത്രങ്ങൾ
പ്രാർഥനയാകും കരതാർ നിൻ സുതരിൽ തണലായ്ത്തീരട്ടെ.

ഗായക. I ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. നിർമലമാകും നിൻ ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നീതിനിറഞ്ഞീടും
മനുജരെയെന്നാളും
സകലരുമോർമിക്കും. (സങ്കീ 112, 6)

പരിപാവനമീ ഭവനത്തിൻ
പേരിനു കാരണമായീടും
ധന്യാത്മാവിൻ ഓർമദിനം
കൊണ്ടാടീടാം സാമോദം
ദൈവത്തിൻ നാമം വാഴ്ത്തീടാം.

ശുശ്രൂ. II അവനുടെയധരങ്ങൾ
ജ്ഞാനം ഘോഷിക്കും
നീതിയുമെന്നാളും. (സങ്കീ 37, 30)

www.malankaralibrary.com

സമൂ. പരിപാവനമീ ഭവനത്തിൻ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. പരിപാവനമീ ഭവനത്തിൻ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. പരിപാവനമീ ഭവനത്തിൻ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 15, 1-3)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

ആരുവസിക്കും കർത്താവേ, നിൻ
കൂടാരത്തിൽ, പാവനഗിരിയിൽ?

കറകൂടാതെ ചരിക്കുന്നവനും
നീതിയിലെന്നും നിലനില്പവനും.

നാവിൽ വഞ്ചനയില്ലാത്തവനും
സത്യം മാത്രം പറയുന്നവനും.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്ന് അപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. വിശുദ്ധരുടെ മാതൃകയനുകരിച്ച് അനുദിനജീവിതത്തിലെ സന്തോഷങ്ങളും സങ്കടങ്ങളും സമചിത്തതയോടെ സ്വീകരിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നിത്യാനന്ദവും അവർണനീയാനുഗ്രഹങ്ങളും അനശ്വര ജീവനും നല്കി വിശുദ്ധരെ അനുഗ്രഹിച്ച മിശിഹായേ, സ്വർഗസൗഭാഗ്യം ലക്ഷ്യംവച്ചുകൊണ്ട് വിശുദ്ധ ജീവിതം നയിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ മാർഗം പിഞ്ചെന്ന ഞങ്ങളുടെ ഇടവക മധ്യസ്ഥന്റെ (മധ്യസ്ഥയുടെ) മാതൃക അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെടാനും വിശുദ്ധിയിൽ വളരാനും വരം നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ചെറിയകാര്യങ്ങളിൽപോലും വിശ്വസ്തരായിരുന്ന ദാസരെപ്പോലെ അങ്ങു നല്കിയ താലന്തുകളെ പ്രയോജനപ്പെടുത്താനും വർധിപ്പിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ഞങ്ങളുടെ ഇടവക മധ്യസ്ഥന്റെ (മധ്യസ്ഥയുടെ) പ്രാർഥനയാൽ ദൃശ്യവും അദൃശ്യവുമായ എല്ലാ വിപത്തുകളിലുംനിന്നു ഞങ്ങളെ കാത്തുരക്ഷിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

www.malankaralibrary.com

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്ന് കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. കർത്താവായ ദൈവമേ, ഞങ്ങളുടെ യാചനകൾ ശ്രവിക്കണമേ. ഈ ഇടവകയുടെ മധ്യസ്ഥനായ (മധ്യസ്ഥയായ) വിശുദ്ധ (...) ന്റെ / യുടെ ഓർമ ആചരിക്കുന്ന ഞങ്ങൾക്ക് അങ്ങയുടെ ദാനങ്ങൾ സമൃദ്ധമായി നല്കണമേ. വിശുദ്ധരുടെ പ്രാർഥനകളാൽ അങ്ങയുടെ കൃപയ്ക്കു ഞങ്ങൾ അർഹരാകുകയും നിത്യാനന്ദത്തിൽ പങ്കുകാരാകുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. നീതിമാന്റെ സ്മരണ നിത്യം നിലനില്ക്കും. (സങ്കീ 112, 6)

സമൂ. നാഥനോടൊപ്പം നിൻ
സ്മരണകളീ സഭയിൽ
ദീപ്തം, സമ്പൂർണ്ണം.
എളിമയൊടെ നീ മിശിഹാതൻ
സ്ലീവാ കൈകളിലേന്തി സദാ
പൂർണതയോടെ കല്പനതൻ
മാർഗം പിഞ്ചെന്നീടുകയാൽ
തിരുനാഥൻ നിന്നെ കൈക്കൊണ്ടു.

ഗായക. കരുണയും സത്യവും പാലിക്കുന്നവൻ
എന്നേക്കും നിലനില്ക്കും. (സങ്കീ 61, 7)

സമൂ. മിശിഹാകർത്താവിൻ
പാവനസ്നേഹത്തിൻ
ശക്തി ധരിച്ചവനേ, (ളേ,)
വിധിദിവസത്തിൽ നിൻ പ്രിയരിൽ
നാഥൻ കരുണ പൊഴിക്കാനും
സ്വർലോകത്തിൻ ശാശ്വതമാം
ഭാഗ്യം നാഥൻ നല്കാനും
ഞങ്ങൾക്കായ് പ്രാർഥിച്ചീടണമേ.

(അല്ലെങ്കിൽ)

ഗായക. നീതിമാന്റെ സ്മരണ നിത്യം നിലനില്ക്കും. (സങ്കീ 112, 6)

സമൂ. വിശുദ്ധ (...), നിന്റെ സ്മരണ മിശിഹായുടെ സ്മരണയോടുകൂടെ സഭയിൽ നിന്റെ ഓർമ്മ സമ്പൂർണമാകട്ടെ. എന്തുകൊണ്ടെന്നാൽ, മിശിഹായുടെ സ്ലീവ നീ എളിമയോടെ വഹിക്കുകയും കല്പനകൾ നിറവേറ്റുന്നതിനായി അവനെ പിഞ്ചെല്ലുകയുംചെയ്തു. അതിനാൽ, തന്നോടുകൂടെ എന്നും ആയിരിക്കേണ്ടതിന് മിശിഹാ തന്റെ പക്കലേക്കു നിന്നെ ആനയിക്കും. യഥാർഥസ്നേഹത്തിന്റെ മാതൃകയായ വിശുദ്ധ (...),

www.malankaralibrary.com

നീതിവിധിയിൽ നീ ഞങ്ങൾക്കു മധ്യസ്ഥനാ(യാ)യിരിക്കണമേ. നിന്റെ പ്രാർഥനകൾവഴി ഞങ്ങൾ കരുണയ്ക്കും നീ ആസ്വദിക്കുന്ന സൗഭാഗ്യത്തിനും യോഗ്യരാകട്ടെ.

ഗായക. കരുണയും സത്യവും പാലിക്കുന്നവൻ
എന്നേക്കും നിലനില്ക്കും. (സങ്കീ 61, 7)

സമൂ. വിശുദ്ധ (...), നിന്റെ സ്മരണ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. നിന്നുടെ തിരുനാൾ മഹിമാപൂർണം
നിന്നുടെ മരണമതേറ്റം ധന്യം.

നിന്നുടെ ദിവ്യപ്രബോധനമുലകിൽ
ശാന്തിക്കതിരൊളി വീശീടുന്നു.

സജ്ജീകൃതമാണങ്ങേക്കായി
വിണ്ണിൽ നവമാം വാസസ്ഥാനം.

നിൻ മഹിമയ്ക്കായ് പാവനത്രിത്വം
വിജയകിരീടമൊരുക്കീടുന്നു.

(അല്ലെങ്കിൽ)

സമൂ. നിന്റെ ഓർമദിനം മഹത്ത്വപൂർണമാകുന്നു. നിന്റെ മരണം അതിലേറെ ധന്യമാകുന്നു. സമാധാനം വിതയ്ക്കുന്ന പ്രഘോഷകാ (പ്രഘോഷകേ,) മഹത്ത്വത്തിന്റെ സിംഹാസനം നിനക്കുവേണ്ടി സജ്ജമായിരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധരൂഹായും നിന്റെ ബഹുമാനത്തിനായി അത്യുന്നതങ്ങളിൽ വിജയമകുടം മെനയുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. ദിവ്യരഹസ്യം കൈക്കൊണ്ടീടാം
ധന്യർ തന്നുടെയോർമദിനത്തിൽ.

www.malankaralibrary.com

പരിപാവനമാം ബലിപീഠത്തിൽ
ആലേഖിതമാണവരുടെ നാമം.

തൻ നിണഗാത്രം നല്കിയ നാഥനെ
ധന്യർക്കൊപ്പം വാഴ്ത്തിപ്പാടാം.

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, വിശുദ്ധന്റെ (വിശുദ്ധയുടെ) ഓർമദിനത്തിൽ സകലത്തിന്റെയും കർത്താവായ പുത്രന്റെ അമൂല്യമായ ശരീരവും ജീവദായകമായ രക്തവും സ്വീകരിച്ച് സ്തുതി പാടുവിൻ. എന്തുകൊണ്ടെന്നാൽ, അവിടന്ന് തന്റെ ബലിപീഠത്തിൽ വിശുദ്ധ (...) ന്റെ / യുടെ ഓർമ ആലേഖനം ചെയ്തു.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, ഞങ്ങളുടെ ഇടവക മധ്യസ്ഥന്റെ (മധ്യസ്ഥയുടെ) ഓർമ ആചരിച്ചുകൊണ്ട് സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേരാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. ഞങ്ങളുടെ പ്രത്യാശയായ മിശിഹായേ, വിശുദ്ധ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ ക്ഷമിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുകാരാക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ (...) പ്പോലെ ഞങ്ങളും ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയാനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കാനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. മാമോദീസാ സലിലത്താൽ
തിരുസഭയാകും ഭവനത്തിൽ
സുതരായ് നമ്മെയുയർത്തീടും
താതനെ വാഴ്ത്താം സാമോദം.

മധ്യസ്ഥർവഴി അനുദിനവും
മാതൃക നല്കും തിരുനാഥൻ
കൃപയും കരുണയുമനവരതം
നിങ്ങളിലെന്നും ചൊരിയട്ടെ.

ഏകശരീരംപോലെന്നും
സ്നേഹത്തിൽ നിലനിന്നീടാൻ
പാവനറൂഹാ അനുദിനവും
നിങ്ങളൊടൊത്തു വസിക്കട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. മാമോദീസായിലൂടെ തിരുസഭയിലെ അംഗങ്ങളായി നമ്മെ ഉയർത്തിയ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. ഈ ഇടവക സമൂഹത്തിന്റെ പ്രത്യേക മധ്യസ്ഥനും (യും) മാതൃകയുമായ വിശുദ്ധ (...) മാധ്യസ്ഥ്യംവഴി നിരവധിയായ അനുഗ്രഹങ്ങൾ മിശിഹാ നിങ്ങളുടെമേൽ വർഷിക്കട്ടെ. ഒരേ ശരീരത്തിലെ അവയവങ്ങൾപോലെ പരസ്പരം സ്നേഹിച്ചും സഹായിച്ചും ജീവിച്ച്, വിശുദ്ധിയിൽ വളരാൻ പരിശുദ്ധറൂഹാ നിങ്ങളെ സഹായിക്കട്ടെ. ഈ ദിവ്യരഹസ്യങ്ങളിൽ പങ്കുചേർന്ന നിങ്ങളെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

വിശുദ്ധ കുര്യാക്കോസ് ഏലിയാസ്
(ജനുവരി 3)

പ്രാരംഭപ്രാർഥന

കാർമി. സർവനന്മകളുടെയും ഉറവിടവും എല്ലാ അനുഗ്രഹങ്ങളുടെയും ദാതാവുമായ ദൈവമേ, വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെ ദിവ്യവരങ്ങളാൽ സമൃദ്ധമായി അലംകൃതനാക്കിയ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. തിരുസഭയെ നവീകരിക്കാനും സഭാമക്കളെ വിശ്വാസത്തിൽ വളർത്താനും നേതൃത്വം വഹിച്ച ഈ പുണ്യാത്മാവിനെ അനുസ്മരിക്കുന്ന ഞങ്ങളെ, ഈ ദൈവികരഹസ്യങ്ങൾ വിശ്വാസത്തോടും ഹൃദയനൈർമല്യത്തോടുംകൂടെ പരികർമം ചെയ്യാൻ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനം 145
(തൂയെ ... / കർത്താവേ മമരാജാവേ ...)

കാർമി. എന്നാത്മാവേ, പാടുക നീ
കർത്താവിൻ സ്തുതിഗീതങ്ങൾ
ജീവിതകാലം മുഴുവൻ ഞാൻ
നാഥനു ഗീതികൾ പാടീടും.

സമൂ. നീതിയെഴുന്നോനീ ധരയിൽ
കർത്താവിൻ തിരുഭവനത്തിൻ
അങ്കണമധ്യേ ലബനോനിൻ
തരുവിനുതുല്യം പുഷ്പിക്കും.

നീതിപുലർത്തും മാനവരെ
കർത്താവെന്നും സ്നേഹിപ്പൂ
അഗതികളെയവനലിവോടെ
നിത്യം കാത്തരുളീടുന്നു.

www.malankaralibrary.com

വിധവകളെയുമനാഥരെയും
ദൈവം തീറ്റിപ്പോറ്റുന്നു
ദുഷ്ടജനത്തിൻ മാർഗമവൻ
നിയതം തട്ടിനശിപ്പിക്കും.

എന്നാളും ഭരണാധിപനായ്
കർത്താവല്ലോ വാഴുന്നു
സെഹിയോനേ, നിൻ ദൈവത്തിൻ
ഭരണം നിതരാം നിലനില്ക്കും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക.
ആയുഷ്കാലംമുഴുവൻ അവിടത്തെ പുകഴ്ത്തുക.

സമൂ. (കാനോന) നീതിമാൻ പനപോലെ വളരും;
കർത്താവിന്റെ ഭവനാങ്കണത്തിൽ നട്ടിരിക്കുന്ന
ലെബനോനിലെ ദേവദാരുപോലെ പുഷ്പിക്കും.

കാർമി. അവിടന്ന് എന്നെന്നും സത്യം സംരക്ഷിക്കുന്നു;
മർദിതർക്കു നീതിനടത്തുന്നു.

സമൂ. കർത്താവു നീതിമാന്മാരെ സ്നേഹിക്കുന്നു.
അഗതികളെ പരിപാലിക്കുന്നു.

കാർമി. അനാഥരെയും വിധവകളെയും പോറ്റുന്നു.
അധർമികളുടെ മാർഗം തകർക്കുന്നു.

സമൂ. കർത്താവ് എന്നേക്കും വാഴുന്നു.
സെഹിയോനേ, നിന്റെ ദൈവം തലമുറകളോളം.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) നീതിമാൻ പനപോലെ വളരും;
കർത്താവിന്റെ ഭവനാങ്കണത്തിൽ നട്ടിരിക്കുന്ന
ലെബനോനിലെ ദേവദാരുപോലെ പുഷ്പിക്കും.

മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I എല്ലാ ദാസരിലും കർത്താവു കരുണ ചൊരിയുന്നു. (സങ്കീ 144, 9)

സമൂ. കർത്താവേ, നിൻ ധന്യഗണത്തിൻ സ്മരണകളെന്നേക്കും;
അവരുടെ പ്രാർഥന വിണ്ണിൽ ഞങ്ങൾക്കായ് ഉയരുമ്പോൾ
കരുണ പൊഴിക്കണമിവരിൽ, ശരണം നീ കർത്താവേ,
നിതരാം നിന്നുടെ സത്യം ഘോഷിക്കാൻ, നാഥാ, നിൻ
കൃപയും സ്നേഹവുമെന്നും ചൊരിയാൻ നീ കനിവായീടേണം.

ഗായക. II കർത്താവു ഭക്തരുടെ യാചനകൾ ശ്രവിക്കുന്നു. (സങ്കീ 144, 19)

സമൂ. നീതിയെഴുന്നോർ ധരയിതിലെന്നും ലവണസമാനം
അവരുടെ പ്രാർഥനയെന്നും കോട്ടസമം ലോകത്തിൽ
പൂർവികരായ പിതാക്കൾ വിനയമൊടെ യാചിക്കേ
അവരുടെയർഥന കേട്ടു നല്ലവനാം സകലേശൻ
നിന്റെ വിശുദ്ധരുയർത്തും പ്രാർഥനകൾ നാഥാ, കേൾക്കേണം.

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. കർത്താവീശോ മിശിഹായേ, നിൻ സ്ലീവായെന്നാളും
നന്മയ്ക്കുറവിടമതുപോൽ ജീവൻതൻ കാരണവും
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
സ്ലീവാ ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.
കർത്താവീശോ മിശിഹായേ, ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നീതി നിറഞ്ഞവനാം
മനുജൻ തരുതുല്യം
വളരും, ഫലമണിയും. (സങ്കീ 92, 12)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
വിശുദ്ധനായിടുമാചാര്യൻ
കുര്യാക്കോസിന്നോർമദിനം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II ദൈവികഭവനത്തിൻ
അങ്കണമതിനുള്ളിൽ
വളരുമവൻ നിയതം. (സങ്കീ 92, 12)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലൂയ്യാഗീതം (സൂമാറ) (സങ്കീ 118, 1.2)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നിർമലമാർഗം പിൻതുടരുന്നോർ
നിസ്തുലമാകും ഭാഗ്യമെഴുന്നോർ.

തിരുകല്പനകൾ പാലിപ്പവരും
തിരുസവിധത്തിൽ ഭാഗ്യമിയന്നോർ.

www.malankaralibrary.com

സ്നേഹത്തികവിൽ നാഥനെയെന്നും
തേടുന്നവരും ഭാഗ്യമെഴുന്നോർ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയാൻ നിന്റെ സഭയെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ആഴമായ പ്രാർഥനയുടെയും തീവ്രമായ ദൈവസ്നേഹത്തിന്റെയും മാതൃക ഞങ്ങൾക്കു നല്കിയ വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെപ്പോലെ, നിരന്തരമായ പ്രാർഥനയിലൂടെ ദൈവസ്നേഹത്തിൽ വളരാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ആധ്യാത്മികതയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി അധ്വാനിച്ച വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെപ്പോലെ, സഭയുടെ നാനാവിധമായ പ്രവർത്തനങ്ങളോടു സഹകരിച്ച് വിശുദ്ധരായിത്തീരാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. സന്ന്യാസജീവിതത്തിന്റെ ഉദാത്തമാതൃകയായ വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെപ്പോലെ, സമർപ്പിതജീവിതം നയിക്കുന്നവർ സ്വർഗീയപ്രത്യാശയിൽ ദൈവജനത്തെ വളർത്താൻ ഇടവരുത്തണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. കർത്താവായ ദൈവമേ, മാമോദീസായിൽ ലഭിച്ച പരിശുദ്ധിയും നൈർമല്യവും അഭംഗുരം പാലിക്കാൻ വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെ അനുഗ്രഹിച്ച അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. ഈ വിശുദ്ധന്റെ മാതൃകയനുകരിച്ച് സഭയോടൊത്തു ചിന്തിക്കാനും വിശ്വാസത്തിലും വിശുദ്ധിയിലും വളർന്നുവരാനും ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. ദൈവഭയം നിങ്ങളെ ഞാൻ അഭ്യസിപ്പിക്കാം. (സങ്കീ 34, 11)

സമൂ. മിശിഹാനാഥൻ തൻ
സഭയെ വളർത്തീടാൻ
ശ്ലീഹരെ നല്കിയപോൽ
സമയത്തികവിലയച്ചല്ലോ
മല്പാന്മാരെ, വന്ദകരെ,
അജപാലകരാം വൈദികരെ
സഭതൻ സേവകരായീടാൻ
വാഴ്ത്തീടാം നിത്യം തിരുനാമം.

ഗായക. രാത്രിയിൽ ഞാൻ തിരുനാമമോർക്കുന്നു. (സങ്കീ 118, 55)

സമൂ. ദൈവത്തിൻ സുതനാം
ഈശോമിശിഹാതൻ
പ്രേഷിതരായ്ത്തീരാൻ
അർപ്പിതരാകും സന്ന്യസ്തർ
നിശയിൽ ജാഗ്രതയാർന്നെന്നും
മർത്ത്യകുലത്തിൻ രക്ഷയ്ക്കായ്
നിതരാം പ്രാർഥിച്ചീടുന്നു
ത്രിത്വത്തിൻ സ്തുതികൾ പാടുന്നു.

(അല്ലെങ്കിൽ)

ഗായക. ദൈവഭയം നിങ്ങളെ ഞാൻ അഭ്യസിപ്പിക്കാം. (സങ്കീ 34, 11)

സമൂ. സഭയെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ശ്ലീഹന്മാരെയും മല്പാന്മാരെയും അജപാലകരെയും നല്കിയ മിശിഹായേ, ദിവസത്തിന്റെ ജോലി കഴിഞ്ഞ് എല്ലാവരും വിശ്രമിക്കുന്ന രാത്രിയാമങ്ങളിലും സന്ന്യസ്തരുടെ അധരങ്ങൾവഴി സഭ നിനക്ക് സ്തുതി ആലപിക്കുന്നു.

ഗായക. രാത്രിയിൽ ഞാൻ തിരുനാമമോർക്കുന്നു. (സങ്കീ 118, 55)

സമൂ. സഭയെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ...

www.malankaralibrary.com

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. രക്ഷകനീശോ കനിവൊടു നല്കിയ
ദിവ്യരഹസ്യം കൈക്കൊണ്ടീടാം.

മർത്ത്യനു ശുദ്ധിപകർന്നരുളീടും
പരിഹാരത്തിൻ ദിവ്യരഹസ്യം.

ഒരുമനമോടെ സ്നേഹത്തികവിൽ
സ്തുതികൾ പാടാം, ഹല്ലേലുയ്യാ.

(അല്ലെങ്കിൽ)

സമൂ. മനുഷ്യരുടെ വിശുദ്ധീകരണത്തിനായി നമ്മുടെ രക്ഷകൻ നല്കിയ പരിഹാരരഹസ്യങ്ങളെ സ്നേഹത്തോടും ഐക്യത്തോടുംകൂടെ സ്മരിക്കുകയും ഹല്ലേലുയ്യാ പാടി അവിടത്തെ സ്തുതിക്കുകയും ചെയ്യാം.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. സോദരഗണമേ, വരുവിൻ നിങ്ങൾ
കാണുക പാപവിമോചക ദാനം.

നിണഗാത്രങ്ങൾ കൈക്കൊണ്ടീടാം
ആത്മാവിൻ പരിശുദ്ധി വരിക്കാം.

(അല്ലെങ്കിൽ)

ശുശ്രൂ. പാപമോചനത്തിനായി നല്കപ്പെടുന്ന ദാനമിതാ! സഹോദരരേ, വരുവിൻ. തിരുശരീരരക്തങ്ങൾ സ്വീകരിച്ച് വിശുദ്ധി പ്രാപിക്കുവിൻ.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, വിശുദ്ധ കുര്യാക്കോസ് ഏലിയാസിന്റെ ഈ ഓർമദിനത്തിൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേരാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദിവ്യദാനത്തെ പ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, വിശുദ്ധ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെപ്പോലെ ഞങ്ങളും ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയാനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യംവഹിക്കാനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. കരുണാമയനാം സകലേശൻ
തന്റെ വിശുദ്ധരിലെന്നാളും
പ്രീതി നിറഞ്ഞു വസിക്കുന്നു
ത്രിത്വസ്തുതികൾ പാടീടാം.

കുര്യാക്കോസിൻ മാതൃകയിൽ
ജീവിതശുദ്ധി നിറഞ്ഞവരെ
സഭയാം അമ്മയ്ക്കെന്നാളും
ദൈവം കനിവോടേകട്ടെ.

www.malankaralibrary.com

തന്റെ വിശുദ്ധരെ മഹിമാവിൻ
മകുടം ചാർത്തിയ തിരുനാഥൻ
നിങ്ങളെയവനുടെ മാർഗത്തിൽ
സ്വർഗത്തേക്കു നയിക്കട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. വിശുദ്ധരിൽ വസിക്കുകയും അവരിൽ സംപ്രീതനാകുകയും ചെയ്യുന്ന കാരുണ്യവാനായ ദൈവത്തെ നമുക്കു സ്തുതിക്കാം. വിശുദ്ധ കുര്യാക്കോസ് ഏലിയാസിന്റെ മാതൃക അനുകരിച്ച് സഭയ്ക്കും സമൂഹത്തിനുംവേണ്ടി ജീവിക്കാൻ ധാരാളം സമർപ്പിതരെ ദൈവം പ്രദാനം ചെയ്യട്ടെ. വിശുദ്ധരായ പൂർവികരെപ്പോലെ ധീരതയോടുകൂടെ വിശ്വാസം സംരക്ഷിക്കാനും പ്രഘോഷിക്കാനും ദൈവം നിങ്ങളെ ശക്തരാക്കട്ടെ. വിശുദ്ധരെ മഹത്ത്വത്തിന്റെ കിരീടമണിയിക്കുന്ന ദൈവം, വിശുദ്ധിയുടെ മാർഗത്തിലൂടെ നിങ്ങളെ നയിച്ച് നിത്യസമ്മാനത്തിന് അർഹരാക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

വിശുദ്ധ മറിയം ത്രേസ്യ

(ജൂൺ 8)

പ്രാരംഭപ്രാർഥന

കാർമി. അനന്തനന്മയും സകല അനുഗ്രഹങ്ങളുടേയും ദാതാവുമായ ത്രിയേക ദൈവമേ, വിശുദ്ധ മറിയം ത്രേസ്യയെ കരുണാർദ്ര സ്നേഹത്തിന്റെ ഉന്നതകൃപയാൽ നിറച്ച അങ്ങയുടെ നാമത്തിനു ഞങ്ങൾ സ്തുതിയും മഹത്ത്വവും അർപ്പിക്കുന്നു. കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനായി ജീവിതം സമർപ്പിച്ച വിശുദ്ധയിലൂടെ ഞങ്ങളുടെ കുടുംബങ്ങളിലും തിരുക്കുടുംബത്തിൽ വിളങ്ങിയിരുന്ന സ്നേഹവും ഐക്യവും നിലനില്ക്കാൻ അനുഗ്രഹിക്കണമേ. ഈ പുണ്യവതിയുടെ തിരുനാൾ ആചരിക്കുന്ന ഞങ്ങൾക്ക് വിശ്വാസത്തിന്റെ മഹാരഹസ്യമായ ഈ വിശുദ്ധബലി യോഗ്യതയോടെ അർപ്പിക്കാൻ കൃപ നല്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനം 23

(തൂയെ ... / കർത്താവേ മമരാജാവേ ...)

കാർമി. കർത്താവാണെൻ നല്ലിടയൻ
കുറവിനിയൊന്നുമെനിക്കില്ല
പച്ചവിരിച്ചൊരു പുൽമേട്ടിൽ
മേയ്ച്ചിടുമെന്നെ കനിവോടെ.

സമൂ. സംരക്ഷകനാം കർത്താവിൽ
പ്രത്യാശിക്കാമനുദിനവും
തിരുഭവനത്തിൽ നിവസിക്കും
മർത്ത്യനു തുണയവനെന്നാളും.

തെളിനീരൊഴുകും ചോലയിലേ-
ക്കെന്നെ നയിക്കുമവൻ നൂനം
നീതിയെഴുന്നൊരു മാർഗത്തിൽ
തൃക്കരമേകി നടത്തീടും.

www.malankaralibrary.com

മരണത്തിൻ കരിനിഴൽ വീഴും
താഴ്വരയിൽ ഞാൻ നീങ്ങുകിലും
എന്നോടൊത്തങ്ങുള്ളതിനാൽ
ഭീതിയശേഷമെനിക്കില്ല.

കർത്താവിൻ തിരുഭവനത്തിൽ
ചിരകാലം ഞാൻ നിവസിക്കാൻ
കൃപയും കരുണയുമെന്നാളും
പരിചോടെന്നെ പിന്തുടരും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവ് എന്റെ ഇടയനാകുന്നു;
എനിക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.

സമൂ. (കാനോന) നമ്മുടെ ഉത്കണ്ഠകൾ കർത്താവിനു സമർപ്പിക്കാം;
തന്റെ ഭവനവാസികളുടെ സംരക്ഷകൻ അവിടന്നാണല്ലോ.

കാർമി. സമൃദ്ധമായ പുൽത്തകിടികളിൽ
അവിടന്ന് എനിക്ക് വിശ്രമമേകുന്നു;
പ്രശാന്തമായ ജലാശയത്തിലേക്ക് എന്നെ ആനയിക്കുന്നു.

സമൂ. തിരുനാമത്തെപ്രതി, എന്റെ ആത്മാവിനെ
നീതിയുടെ മാർഗത്തിലൂടെ അവിടന്ന് നയിക്കുന്നു.

കാർമി. മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെ നടന്നാലും
അങ്ങ് എന്നോടുകൂടെയുള്ളതിനാൽ
അനർഥമൊന്നും ഞാൻ ഭയപ്പെടില്ല.

സമൂ. അങ്ങയുടെ ചെങ്കോലും വടിയും എനിക്കുറപ്പേകുന്നു;
എന്റെ ശത്രുക്കളുടെ മുമ്പിൽ
അങ്ങ് എനിക്കു വിരുന്നൊരുക്കുന്നു.

കാർമി. എന്റെ ശിരസ്സിൽ തൈലം പൂശുന്നു;
എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു.

www.malankaralibrary.com

സമൂ. കർത്താവിന്റെ ഭവനത്തിൽ
ദീർഘനാൾ ഞാൻ വസിക്കേണ്ടതിന്
അങ്ങയുടെ കൃപയും കരുണയും
ജീവിതകാലംമുഴുവൻ എന്നെ പിന്തുടരട്ടെ.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) നമ്മുടെ ഉത്കണ്ഠകൾ കർത്താവിനു സമർപ്പിക്കാം;
തന്റെ ഭവനവാസികളുടെ സംരക്ഷകൻ അവിടന്നാണല്ലോ.

മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I കർത്താവേ, എന്റെ പ്രാർഥന ശ്രവിക്കണമേ. (യൂദി 9, 12)

സമൂ. കർത്താവേ, നിൻ ധന്യഗണത്തിൻ സ്മരണകളെന്നേക്കും;
അവരുടെ പ്രാർഥന വിണ്ണിൽ ഞങ്ങൾക്കായ് ഉയരുമ്പോൾ
കരുണ പൊഴിക്കണമിവരിൽ, ശരണം നീ കർത്താവേ,
നിതരാം നിന്നുടെ സത്യം ഘോഷിക്കാൻ, നാഥാ, നിൻ
കൃപയും സ്നേഹവുമെന്നും ചൊരിയാൻ നീ കനിവായീ
ടേണം.

ഗായക. II അവിടന്ന് അവരുടെ പ്രാർഥന കേട്ടു. (നെഹ 9, 27)

സമൂ. നീതിയെഴുന്നോർ ധരയിതിലെന്നും ലവണസമാനം
അവരുടെ പ്രാർഥനയെന്നും കോട്ടസമം ലോകത്തിൽ
പൂർവികരായ പിതാക്കൾ വിനയമൊടെ യാചിക്കേ
അവരുടെയർഥന കേട്ടു നല്ലവനാം സകലേശൻ
നിന്റെ വിശുദ്ധരുയർത്തും പ്രാർഥനകൾ നാഥാ, കേൾക്കേണം.

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. കർത്താവീശോ മിശിഹായേ, നിൻ സ്ലീവായെന്നാളും
നന്മയ്ക്കുറവിടമതുപോൽ ജീവൻതൻ കാരണവും
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
സ്ലീവാ ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. കർത്താവീശോ മിശിഹായേ, നിൻ ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നീതി നിറഞ്ഞീടും
മർത്ത്യൻ തരുതുല്യം
വളരും, ഫലമണിയും. (സങ്കീ 92, 12)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
മറിയം ത്രേസ്യാ കന്യകതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II ദൈവികഭവനത്തിൻ
അങ്കണമതിനുള്ളിൽ
വളരുമവൻ നിയതം. (സങ്കീ 92, 12)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലൂയ്യാഗീതം (സൂമാറ) (സങ്കീ 118, 1.2)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നിർമലമാർഗം പിൻതുടരുന്നോർ
നിസ്തുലമാകും ഭാഗ്യമെഴുന്നോർ.

തിരുകല്പനകൾ പാലിപ്പവരും
തിരുസവിധത്തിൽ ഭാഗ്യമിയന്നോർ.

www.malankaralibrary.com

സ്നേഹത്തികവിൽ നാഥനെയെന്നും
തേടുന്നവരും ഭാഗ്യമെഴുന്നോർ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ട് നിന്റെ സത്യത്തിനു സാക്ഷികളാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പുണ്യവതിയായ മറിയം ത്രേസ്യയെ അനുകരിച്ച്, ദിവ്യബലിയിൽ സജീവമായും പൂർണമായും പങ്കുചേരാനും ബലിജീവിതം തുടരാനും ഞങ്ങളെ സഹായിക്കണമെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സഹനങ്ങളെ ഭാഗ്യപ്പെട്ട സമ്മാനങ്ങളായി സ്വീകരിച്ച വിശുദ്ധ മറിയം ത്രേസ്യയെ അനുകരിച്ചു ഞങ്ങളുടെ അനുദിന ജീവിതത്തിലെ സഹനങ്ങൾ രക്ഷാകരമാക്കാനുള്ള കൃപ നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നാരകീയശക്തികളുടെമേൽ വിജയം വരിച്ച വിശുദ്ധ മറിയം ത്രേസ്യയെ അനുകരിച്ച്, ദുഷ്ടാരൂപികളുടെ തന്ത്രങ്ങളെ പരാജയപ്പെടുത്തി, വിശ്വാസത്തിലും സ്നേഹത്തിലും ജീവിക്കാൻ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

www.malankaralibrary.com

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. കർത്താവായ ദൈവമേ, ഈ ലോകത്തിൽ അങ്ങല്ലാതെയാതൊന്നും വേണ്ടായെന്നു ജീവിതംകൊണ്ടു പ്രഘോഷിക്കാൻ വിശുദ്ധ മറിയം ത്രേസ്യയെ അങ്ങ് അനുഗ്രഹിച്ചു. ഈ ലോകസുഖങ്ങളെ ഉപേക്ഷിച്ച് സ്വർഗം എന്ന ഏക നിക്ഷേപത്തിൽ ഹൃദയമുറപ്പിച്ചു ജീവിക്കാൻ ഞങ്ങളെ സഹായിക്കണമെ. ത്യാഗപൂർണവും സ്നേഹനിർഭരവുമായ ജീവിതത്തിലൂടെ തിരുസഭയിൽ അങ്ങേക്കു സാക്ഷ്യം വഹിക്കാനും അനേകരെ അങ്ങിലേക്ക് ആകർഷിക്കാനും ഞങ്ങളെ ശക്തരാക്കണമെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. കർത്താവ് അരുൾചെയ്തവ വിശ്വസിച്ചവൾ ഭാഗ്യവതി. (ലൂക്കാ 1, 45)

സമൂ. ദൈവികപദ്ധതികൾ
തന്നിൽ നിറവേറാൻ
കാത്തുകഴിഞ്ഞവളേ,
വിശ്വാസത്തിൻ പൂർണതയിൽ
ദൈവസ്വരം നീ കൈക്കൊണ്ടു.
മറിയം ത്രേസ്യാ കന്യകയേ,
നിന്നുടെ ഭാഗ്യമതുല്യം താൻ
വാഴ്ത്തീടാം ദൈവം പരിശുദ്ധൻ.

ഗായക. നീതിമാന്മാരുടെ സമൂഹത്തിൽ കർത്താവിനെ
കീർത്തിക്കുവിൻ. (സങ്കീ 149, 1)

സമൂ. ദൈവികപദ്ധതിതൻ
പാതയിലനവരതം
നീങ്ങിയ കന്യകയേ,
വിശ്വാസത്തിൻ ദീപ്തിയെഴും
മാർഗം പൂകിയ പുണ്യവതീ,
നിന്നുടെ ചരിതം ദൈവത്താൽ
ഉന്നതമായി വിളങ്ങുന്നു
വാഴ്ത്തീടാം നാഥൻ പരിശുദ്ധൻ.

(അല്ലെങ്കിൽ)

ഗായക. കർത്താവ് അരുൾചെയ്തവ വിശ്വസിച്ചവൾ ഭാഗ്യവതി. (ലൂക്കാ 1, 45)

സമൂ. ദൈവീകപദ്ധതികൾ നിറവേറുമെന്നു പരിപൂർണമായി വിശ്വസിക്കുകയും ദൈവസ്വരത്തിനു കാതോർക്കുകയും ചെയ്ത വിശുദ്ധമറിയം ത്രേസ്യേ, നീ ഭാഗ്യവതിയാകുന്നു. ദൈവികമാർഗത്തിൽ വിശ്വാസദീപവുമേന്തി സഞ്ചരിച്ച ധീരയായ വിശുദ്ധ കന്യകേ, നിന്റെ ജീവിതം എത്ര സമുന്നതം! അത്യുന്നതനും സർവശക്തനുമായ ദൈവം സ്തുതിക്കപ്പെടട്ടെ.

www.malankaralibrary.com

ഗായക. നീതിമാന്മാരുടെ സമൂഹത്തിൽ കർത്താവിനെ
കീർത്തിക്കുവിൻ. (സങ്കീ 149, 1)

സമൂ. ദൈവം തനിക്കായി കരുതിവച്ചിരുന്ന ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. നിർമലമാകും ഹൃദയത്തോടെ
ബലിപീഠത്തിൻ ചാരത്തണയാം.

വിണ്ണിൻ ഭോജ്യം നല്കാൻ നാഥൻ
അൻപൊടു നമ്മെ വിളിച്ചീടുന്നു.

സാദരമനുപമഗീതികൾ പാടി
നിണഗാത്രങ്ങൾ കൈക്കൊണ്ടീടാം.

(അല്ലെങ്കിൽ)

സമൂ. ഹൃദയനൈർമല്യത്തോടെ വിശുദ്ധ ബലിപീഠത്തെ സമീപിക്കുകയും, സ്വർഗീയ വിരുന്നിന്റെ മുന്നാസ്വാദനമായി ദിവ്യരക്ഷകൻ നല്കുന്ന തിരുശരീരരക്തങ്ങൾ സ്വീകരിച്ച്, സ്തുതികീർത്തനങ്ങളാൽ അവിടത്തെ പ്രകീർത്തിക്കുകയും ചെയ്യാം.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. നിത്യതയേകിടുമൗഷധമിവിടെ
നിങ്ങൾക്കൻപൊടു നല്കീടുന്നു.

ദൈവികദാനം കൈക്കൊണ്ടീടാം
ആത്മാവിൻ പരിശുദ്ധി വരിക്കാം.

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, ഇതാ നിത്യജീവന്റെ ദിവ്യ ഔഷധം നമുക്കായി നല്കപ്പെടുന്നു. ഈ ദിവ്യദാനം സ്വീകരിച്ച് നമുക്ക് ആത്മീയ വിശുദ്ധി പ്രാപിക്കാം.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, വിശുദ്ധ മറിയം ത്രേസ്യയുടെ ഈ ഓർമദിനത്തിൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ ദിവ്യരഹസ്യങ്ങളിൽ പങ്കുചേരാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, ഈ വിശുദ്ധ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുകാരാക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. ഈ ഭൂമിയിൽ കരുണാർദ്ര സ്നേഹത്തിന്റെ പ്രേഷിതയായി ജീവിച്ച വിശുദ്ധ മറിയം ത്രേസ്യയെപ്പോലെ ഞങ്ങളും ആ സ്നേഹത്തിനു സാക്ഷ്യം വഹിക്കാനും വിശുദ്ധ ജീവിതംവഴി അങ്ങയെ മഹത്ത്വപ്പെടുത്താനും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. മറിയം ത്രേസ്യാകന്യകയെ
പാരിനു നല്കിയ ദൈവത്തിൻ
സ്തുതിഗീതങ്ങൾ പാടീടാം
പാവനനാമം വാഴ്ത്തീടാം.

സ്നേഹവുമൈക്യവുമാർദ്രതയും
നിറയും ഭവനം തീർത്തവളാം
മറിയം ത്രേസ്യാ നിങ്ങൾക്കായ്
പ്രാർഥനയാൽ തുണയേകട്ടെ.

www.malankaralibrary.com

കുരിശിൻ മാർഗം പുല്കീടാൻ
തപസിൻ പാത പുണർന്നീടാൻ
ജീവിതസരണിയിലെന്നെന്നും
കൃപ ചൊരിയട്ടെ സകലേശൻ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. വിശുദ്ധ മറിയം ത്രേസ്യായെ നമുക്കു മാതൃകയും മധ്യസ്ഥയുമായിത്തന്ന സർവകൃപാവരങ്ങളുടെയും ഉറവിടമായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. പ്രാർഥനയും ശുശ്രൂഷയും സമന്വയിപ്പിച്ച്, ജീവിതം ധന്യമാക്കിയ ഈ പുണ്യവതി നിങ്ങൾക്കു പ്രചോദനമേകട്ടെ. ദൈവതിരുമനസ്സു നിറവേറട്ടെ എന്ന പ്രാർഥനയിലൂടെ ജീവിതപ്രയാസങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച വിശുദ്ധ മറിയം ത്രേസ്യായെപ്പോലെ, അനുദിനജീവിതത്തിൽ ദൈവതിരുമനസ്സു നിറവേറ്റാൻ നിങ്ങൾ ശക്തരാകട്ടെ. ഈ വിശുദ്ധബലിയിൽ പങ്കുകൊണ്ട നിങ്ങളെല്ലാവരും സ്വർഗീയ മഹത്ത്വത്തിന് അർഹരാകട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

വിശുദ്ധ അൽഫോൻസ

(ജൂലൈ 28)

പ്രാരംഭപ്രാർഥന

കാർമി. കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായോടുള്ള സ്നേഹത്തെപ്രതി സ്വയം പരിത്യജിച്ച്, സ്വന്തം കുരിശുമെടുത്ത് അവിടത്തെ പിഞ്ചെന്ന വിശുദ്ധ അൽഫോൻസയെ മഹത്ത്വത്തിലേക്ക് ഉയർത്താൻ തിരുമനസ്സായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഈ വിശുദ്ധയുടെ തിരുനാൾ ആചരിക്കുന്ന ഞങ്ങളെ അങ്ങയോടുള്ള സ്നേഹത്തിൽ നിലനിറുത്തണമേ. അങ്ങയുടെ തിരുക്കുമാരന്റെ രക്ഷാദായകമായ ബലി വിശുദ്ധിയോടെ പരികർമംചെയ്യാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 144,145,146 (മർമീസ 59)

(തൂയെ ... / കർത്താവേ മമരാജാവേ ...)

കാർമി. നല്ലതുമുചിതവുമല്ലോ നാം
പാടുക ദൈവസ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം
ദൈവം നിത്യൻ സ്തുത്യർഹൻ.

സമൂ. തിരുനാഥൻ തൻ പ്രീതി സദാ
ഭക്തജനത്തിൽ വർഷിക്കും
തന്നിൽ ശരണം തേടീടും
മർത്ത്യരിലാനന്ദിച്ചീടും.

ചിതറിയൊരിസ്രേൽ ജനതതിയെ
നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലേം നഗരിയവൻ
കരുണാവാരിധിയവനല്ലോ.

www.malankaralibrary.com

ഭക്തജനത്തിനു സകലേശൻ
ആഗ്രഹപൂർത്തി വരുത്തുന്നു
അവരുടെ യാചന കേട്ടു സദാ
പരിചൊടു കാത്തരുളീടുന്നു.

യാക്കോബിൻ ബലമാം ദൈവം
തുണയായുള്ളോൻ ഭാഗ്യധനൻ
കർത്താവാകും ദൈവത്തിൽ
ശരണം നിതരാമവനുണ്ടാം.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. ദൈവത്തെ പ്രകീർത്തിക്കുന്നത്
നല്ലതും ആനന്ദകരവുമാകുന്നു;
സ്തുതി അവിടത്തേക്കു യോഗ്യമാകുന്നു.

സമു. (കാനോന) കർത്താവ് തന്റെ ഭക്തരിൽ പ്രസാദിക്കുന്നു;
അവിടത്തെ ആശ്രയിക്കുന്നവരിൽ ആനന്ദിക്കുന്നു.

കാർമി. കർത്താവ് ഓറെശ്ലം പുനരുദ്ധരിക്കുന്നു;
ചിതറിപ്പോയ ഇസ്രായേൽജനത്തെ ഒരുമിച്ചുകൂട്ടുന്നു.

സമു. ഭക്തരുടെ ആഗ്രഹങ്ങൾ അവിടന്നു സഫലമാക്കുന്നു;
അവരുടെ യാചനകൾ ശ്രവിക്കുന്നു;
അവരെ സംരക്ഷിക്കുന്നു.

കാർമി. യാക്കോബിന്റെ ദൈവം തുണയായുള്ളവൻ
ഭാഗ്യവാനാകുന്നു;
അവന്റെ ആശ്രയം ദൈവമായ കർത്താവിലാകുന്നു.

സമു. എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
ആയുഷ്കാലംമുഴുവൻ അവിടത്തെ പുകഴ്ത്തുക.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) കർത്താവ് തന്റെ ഭക്തരിൽ പ്രസാദിക്കുന്നു; അവിടത്തെ ആശ്രയിക്കുന്നവരിൽ ആനന്ദിക്കുന്നു.

മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I കർത്താവേ, എന്റെ പ്രാർഥന ശ്രവിക്കണമേ. (യൂദി 9, 12)

സമൂ. കർത്താവേ, നിൻ ധന്യഗണത്തിൻ സ്മരണകളെന്നേക്കും;
അവരുടെ പ്രാർഥന വിണ്ണിൽ ഞങ്ങൾക്കായ് ഉയരുമ്പോൾ
കരുണ പൊഴിക്കണമിവരിൽ, ശരണം നീ കർത്താവേ,
നിതരാം താവകസത്യം ഘോഷിക്കാൻ, ഗോതമ്പിൻ
മണിപോലുലകിൽ അഴിയാൻ ഫലമേകാൻ
കൃപ നീ ചൊരിയേണം.

ഗായക. II അവിടന്ന് അവരുടെ പ്രാർഥന കേട്ടു. (നെഹ 9, 27)

സമൂ. കർത്താവേ, നിൻ ധന്യഗണത്തിൻ ...

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. കർത്താവീശോ മിശിഹായേ, നിൻ സ്ലീവായെന്നാളും
നന്മയ്ക്കുറവിടമതുപോൽ ജീവൻതൻ കാരണവും
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
സ്ലീവാ ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. കർത്താവീശോ മിശിഹായേ, നിൻ ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നീതി നിറഞ്ഞീടും
മർത്ത്യൻ തരുതുല്യം
വളരും, ഫലമണിയും. (സങ്കീ 92, 12)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ

www.malankaralibrary.com

വിശുദ്ധയാം അൽഫോൻസാതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II ദൈവികഭവനത്തിൻ
അങ്കണമതിനുള്ളിൽ
വളരുമവൻ നിയതം. (സങ്കീ 92, 12)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലൂയ്യാഗീതം (സൂമാറ) (സങ്കീ 118, 1.2)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.
നിർമലമാർഗം പിന്തുടരുന്നോർ
നിസ്തുലമാകും ഭാഗ്യമെഴുന്നോർ.

തിരുകല്പനകൾ പാലിപ്പവരും
തിരുസവിധത്തിൽ ഭാഗ്യമിയന്നോർ.
സ്നേഹത്തികവിൽ നാഥനെയെന്നും
തേടുന്നവരും ഭാഗ്യമെഴുന്നോർ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.
ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

www.malankaralibrary.com

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ട് നിന്റെ സത്യത്തിനു സാക്ഷികളാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ജീവിതത്തിലെ വിവിധരംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ദൈവസ്നേഹത്തെപ്രതി എല്ലാം സഹിക്കുകയും അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്ത വിശുദ്ധ അൽഫോൻസയെപ്പോലെ ദൈവേഷ്ടത്തിന് ഞങ്ങളെത്തന്നെ സമർപ്പിക്കുന്നതിനും ജീവിതക്ലേശങ്ങളെയും പ്രയാസങ്ങളെയും വീരോചിതമായി നേരിടുന്നതിനും ആവശ്യമായ അനുഗ്രഹം നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നിലത്തുവീണഴിഞ്ഞ് ഫലം പുറപ്പെടുവിക്കുന്ന ഗോതമ്പുമണിപോലെ ദൈവരാജ്യത്തിന്റെ ഫലങ്ങൾ സഭയിൽ പുറപ്പെടുവിക്കാൻ സമർപ്പിതർക്കു വരം നല്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവിന്റെ വിളി ശ്രവിച്ചുകൊണ്ട് സ്വയം പരിത്യജിച്ച് സമർപ്പിതജീവിതം നയിക്കാൻ, ധാരാളം യുവതീയുവാക്കന്മാരെ പ്രചോദിപ്പിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

www.malankaralibrary.com

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. കർത്താവായ ദൈവമേ, അങ്ങയെപ്രതി എല്ലാം ഉപേക്ഷിക്കാനും ക്ലേശങ്ങൾ സഹിക്കാനും വിശുദ്ധ അൽഫോൻസയെ ശക്തയാക്കിയതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ആഴമേറിയ വിശ്വാസത്തിന്റെയും ദൈവസ്നേഹത്തിന്റെയും സാക്ഷ്യമായ ഈ സമർപ്പിതജീവിതം ഞങ്ങൾക്കു മാതൃകയാകട്ടെ. ഈ പുണ്യവതിയുടെ മാധ്യസ്ഥ്യം തേടുന്ന ഞങ്ങൾക്ക് പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും അരൂപിയും ദൈവസ്നേഹചൈതന്യവും നല്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാ കർത്താവിൻ തിരുമെയ് ...)

ഗായക. കർത്താവു സെഹിയോനിൽ സംപ്രീതനാണ്. (സങ്കീ 131, 13)

സമൂ. തിരുസഭ സാനന്ദം
വാനവരോടൊപ്പം
സ്തുതികൾ പാടുന്നു.
നിർമലകന്യകയായീടും
അൽഫോൻസായിൽ സകലേശൻ
സദയം തൻ കൃപ ചൊരിയുകയാൽ
നിതരാം അഖിലരുമവിടത്തെ
വാഴ്ത്തുന്നു ദൈവം മഹനീയൻ.

ഗായക. കർത്താവേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. (സങ്കീ 101, 1)

സമൂ. തിരുസഭ സാനന്ദം ...

(അല്ലെങ്കിൽ)

ഗായക. കർത്താവു സെഹിയോനിൽ സംപ്രീതനാണ്. (സങ്കീ 131, 13)

സമൂ. വിശുദ്ധ അൽഫോൻസായുടെ ഓർമ ആചരിക്കുന്ന ഈ ദിവസം തിരുസഭ സന്തോഷിക്കുന്നു. അത്യുന്നതങ്ങളിൽ മാലാഖമാർ ആരാധിക്കുന്ന സർവശക്തനും മഹത്ത്വപൂർണനുമായ ദൈവത്തെ ഭൂമിയിൽ എല്ലാവരും സ്തുതിക്കുന്നു. എന്തുകൊണ്ടെന്നാൽ, തന്റെ അനന്തകരുണയാൽ നിസ്സാരരായ മനുഷ്യരാൽ സ്തുതിക്കപ്പെടാൻ അവിടന്ന് തിരുമനസ്സായി.

ഗായക. കർത്താവേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. (സങ്കീ 101, 1)

സമൂ. വിശുദ്ധ അൽഫോൻസായുടെ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. പാപംപോക്കും പാവനമാകും
നിണഗാത്രങ്ങൾ കൈക്കൊള്ളുക നാം.
ശാശ്വതജീവൻ നല്കും പൂജിത
ദിവ്യരഹസ്യം മധുരിതമെന്നും.

www.malankaralibrary.com

സ്നേഹത്തികവിൽ ദിവ്യരഹസ്യം
കൈക്കൊള്ളുന്നോർ നിർമലരാകും.

കർത്താവിൻ തിരുവാഗ്ദാനംപോൽ
സ്വർഗം നേടിടുമന്ത്യദിനത്തിൽ.

(അല്ലെങ്കിൽ)

സമൂ. പാപമോചനം നല്കുന്ന മിശിഹായുടെ ശരീരവും രക്തവും നമുക്കു സ്വീകരിക്കാം. മാധുര്യം നിറഞ്ഞ മഹാരഹസ്യവും നിത്യജീവന്റെ അച്ചാരവുമാണിത്. സ്നേഹപൂർവം ഇതു സ്വീകരിക്കുന്നവർ പവിത്രീകരിക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ വാഗ്ദാനമനുസരിച്ച് സ്വർഗരാജ്യത്തിനവകാശികളായിത്തീരുകയും ചെയ്യുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലൂയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. വരുവിൻ സോദരഗണമേ, നിങ്ങൾ
കൈക്കൊള്ളുവിനീ ദിവ്യരഹസ്യം.

അർഹതയുള്ളോർക്കിതു നല്കീടും
നന്മകളെല്ലാം കുറവില്ലാതെ.

ചിന്തകളെല്ലാം പാവനമാക്കും
സൗഖ്യവുമക്ഷയജീവനുമേകും.

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, വരുവിൻ. പാപപ്പൊറുതി നേടി നിത്യജീവൻ പ്രാപിക്കാൻ ഈ ദിവ്യരഹസ്യങ്ങൾ നിങ്ങൾ സ്വീകരിക്കുവിൻ. അർഹതയുള്ളവർക്ക് എല്ലാ നന്മകളും നല്കുന്നതും ജീവൻ മറഞ്ഞിരിക്കുന്നതുമായ ഈ വലിയ രഹസ്യത്തെ പരിശുദ്ധമായ ഹൃദയത്തോടെ നിങ്ങൾ സമീപിക്കുവിൻ. ഇതുവഴി നമ്മുടെ ചിന്തകൾ വിശുദ്ധീകരിക്കപ്പെടുകയും രോഗങ്ങൾ സുഖമാക്കപ്പെടുകയും ചെയ്യും. ഹല്ലേലൂയ്യാ.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, വിശുദ്ധ അൽഫോൻസായുടെ ഈ ഓർമദിനത്തിൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളിൽ പങ്കുചേരാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. അവർണ്ണനീയമായ ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, വിശുദ്ധ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുചേർക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ അൽഫോൻസായെപ്പോലെ ഞങ്ങളും ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയുന്നതിനും ജീവിതത്തിലൂടെ നിനക്കു സാക്ഷ്യം വഹിക്കുന്നതിനും സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. അൽഫോൻസാതൻ മാതൃകപോൽ
മുദമൊടു കുരിശു വഹിച്ചീടാൻ
സ്വർഗം നേടാൻ നിങ്ങൾക്കായ്
ദൈവം തൻ കൃപ ചൊരിയട്ടെ.

നന്മ നരർക്കു വരുത്താനായ്
എന്നും ത്യാഗപഥം തേടാൻ
തുണയും ശക്തിയുമനവരതം
ദൈവം നിങ്ങൾക്കേകട്ടെ.

www.malankaralibrary.com

രക്ഷാകരമീ തിരുബലിയിൽ
പങ്കാളികളായ്ത്തീർന്നവരേ,
ദൈവൈക്യത്തിൽ ജീവിക്കാൻ
നാഥനനുഗ്രഹമേകട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. വിശുദ്ധ അൽഫോൻസായുടെ മാതൃക അനുകരിച്ച് ജീവിത ക്ലേശങ്ങളാകുന്ന കുരിശെടുത്ത് മിശിഹായെ അനുഗമിക്കാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. സഭയ്ക്കും സമൂഹത്തിനുംവേണ്ടി ത്യാഗങ്ങൾ സഹിക്കാൻ അവിടന്നു നിങ്ങളെ ശക്തരാക്കട്ടെ. എല്ലാം പവിത്രീകരിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവായ ദൈവം നിങ്ങളെ വിശുദ്ധിയുടെ മാർഗത്തിലൂടെ നയിച്ച് സ്വർഗഭാഗ്യത്തിന് അർഹരാക്കട്ടെ. രക്ഷാകരമായ ഈ ദിവ്യരഹസ്യങ്ങളിൽ പങ്കുകാരായ നിങ്ങളെ ദൈവൈക്യത്തിൽ നിരന്തരം ജീവിക്കാനും പ്രവർത്തിക്കാനും ദൈവം അനുഗ്രഹിക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

വിശുദ്ധ എവുപ്രാസ്യ

(ആഗസ്റ്റ് 29)

പ്രാരംഭപ്രാർഥന

കാർമി. കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായോടുള്ള സ്നേഹത്താൽ ജ്വലിച്ച്, നിരന്തരമായ പ്രാർഥനയാലും വീരോചിതമായ തപശ്ചര്യകളാലും നിസ്വാർഥമായ പരോപകാരപ്രവൃത്തികളാലും അവിടത്തെ പിഞ്ചെന്ന വിശുദ്ധ എവുപ്രാസ്യയെ മഹത്ത്വത്തിലേക്ക് ഉയർത്തിയ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഈ പുണ്യവതിയുടെ ഓർമ ആചരിക്കുന്ന ഞങ്ങളെ അങ്ങയോടുള്ള സ്നേഹത്തിൽ നിലനിറുത്തണമേ. അങ്ങയുടെ പ്രിയപുത്രന്റെ രക്ഷാകര ബലി വിശുദ്ധിയോടെ പരികർമം ചെയ്യാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനം 23

(തൂയെ ... / കർത്താവേ മമരാജാവേ ...)

കാർമി. കർത്താവാണെൻ നല്ലിടയൻ
കുറവിനിയൊന്നുമെനിക്കില്ല
പച്ചവിരിച്ചൊരു പുൽമേട്ടിൽ
മേയ്ച്ചിടുമെന്നെ കനിവോടെ.

സമൂ. സംരക്ഷകനാം കർത്താവിൽ
പ്രത്യാശിക്കാമനുദിനവും
തിരുഭവനത്തിൽ നിവസിക്കും
മർത്ത്യനു തുണയവനെന്നാളും.

തെളിനീരൊഴുകും ചോലയിലേ-
ക്കെന്നെ നയിക്കുമവൻ നൂനം
നീതിയെഴുന്നൊരു മാർഗത്തിൽ
തൃക്കരമേകി നടത്തീടും.

www.malankaralibrary.com

മരണത്തിൻ കരിനിഴൽ വീഴും
താഴ്വരയിൽ ഞാൻ നീങ്ങുകിലും
എന്നോടൊത്തങ്ങുള്ളതിനാൽ
ഭീതിയശേഷമെനിക്കില്ല.

കർത്താവിൻ തിരുഭവനത്തിൽ
ചിരകാലം ഞാൻ നിവസിക്കാൻ
കൃപയും കരുണയുമെന്നാളും
പരിചോടെന്നെ പിന്തുടരും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവ് എന്റെ ഇടയനാകുന്നു;
എനിക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.

സമൂ. (കാനോന) നമ്മുടെ ഉത്കണ്ഠകൾ കർത്താവിനു സമർപ്പിക്കാം;
തന്റെ ഭവനവാസികളുടെ സംരക്ഷകൻ അവിടന്നാണല്ലോ.

കാർമി. സമൃദ്ധമായ പുൽത്തകിടികളിൽ
അവിടന്ന് എനിക്ക് വിശ്രമമേകുന്നു;
പ്രശാന്തമായ ജലാശയത്തിലേക്ക് എന്നെ ആനയിക്കുന്നു.

സമൂ. തിരുനാമത്തെപ്രതി, എന്റെ ആത്മാവിനെ
നീതിയുടെ മാർഗത്തിലൂടെ അവിടന്ന് നയിക്കുന്നു.

കാർമി. മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെ നടന്നാലും
അങ്ങ് എന്നോടുകൂടെയുള്ളതിനാൽ
അനർഥമൊന്നും ഞാൻ ഭയപ്പെടില്ല.

സമൂ. അങ്ങയുടെ ചെങ്കോലും വടിയും എനിക്കുറപ്പേകുന്നു;
എന്റെ ശത്രുക്കളുടെ മുമ്പിൽ
അങ്ങ് എനിക്കു വിരുന്നൊരുക്കുന്നു.

കാർമി. എന്റെ ശിരസ്സിൽ തൈലം പൂശുന്നു;
എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു.

www.malankaralibrary.com

സമു. കർത്താവിന്റെ ഭവനത്തിൽ
ദീർഘനാൾ ഞാൻ വസിക്കേണ്ടതിന്
അങ്ങയുടെ കൃപയും കരുണയും
ജീവിതകാലംമുഴുവൻ എന്നെ പിന്തുടരട്ടെ.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമു. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) നമ്മുടെ ഉത്കണ്ഠകൾ കർത്താവിനു സമർപ്പിക്കാം;
തന്റെ ഭവനവാസികളുടെ സംരക്ഷകൻ അവിടന്നാണല്ലോ.

മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I എല്ലാ ദാസരിലും കർത്താവു കരുണ ചൊരിയുന്നു.
(സങ്കീ 144, 9)

സമു. കർത്താവേ, നിൻ ധന്യഗണത്തിൻ സ്മരണകളെന്നേക്കും;
അവരുടെ പ്രാർഥന വിണ്ണിൽ ഞങ്ങൾക്കായ് ഉയരുമ്പോൾ
കരുണ പൊഴിക്കണമിവരിൽ, ശരണം നീ കർത്താവേ,
നിതരാം നിന്നുടെ സത്യം ഘോഷിക്കാൻ, നാഥാ, നിൻ
കൃപയും സ്നേഹവുമെന്നും ചൊരിയാൻ നീ
കനിവായീടേണം.

ഗായക. II ഭക്തരുടെ യാചനകൾ കർത്താവു ശ്രവിക്കുന്നു. (സങ്കീ 144, 19)

സമു. നീതിയെഴുന്നോർ ധരയിതിലെന്നും ലവണസമാനം
അവരുടെ പ്രാർഥനയെന്നും കോട്ടസമം ലോകത്തിൽ
പൂർവികരായ പിതാക്കൾ വിനയമൊടെ യാചിക്കേ
അവരുടെയർഥന കേട്ടു നല്ലവനാം സകലേശൻ
നിന്റെ വിശുദ്ധരുയർത്തും പ്രാർഥനകൾ നാഥാ, കേൾക്കേണം.

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമു. കർത്താവീശോ മിശിഹായേ, നിൻ സ്ലീവായെന്നാളും
നന്മയ്ക്കുറവിടമതുപോൽ ജീവൻതൻ കാരണവും
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,
സ്ലീവാ ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

www.malankaralibrary.com

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. കർത്താവീശോ മിശിഹായേ, നിൻ ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നീതി നിറഞ്ഞീടും
മർത്ത്യൻ തരുതുല്യം
വളരും, ഫലമണിയും. (സങ്കീ 92, 12)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
വിശുദ്ധയായൊരു കന്യകയാം
എവുപ്രാസ്യാ തൻ ഓർമദിനം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II ദൈവികഭവനത്തിൻ
അങ്കണമതിനുള്ളിൽ
വളരുമവൻ നിയതം. (സങ്കീ 92, 12)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലൂയ്യാഗീതം (സൂമാറ) (സങ്കീ 118, 1.2)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

നിർമലമാർഗം പിന്തുടരുന്നോർ
നിസ്തുലമാകും ഭാഗ്യമെഴുന്നോർ.

www.malankaralibrary.com

തിരുകല്പനകൾ പാലിപ്പവരും
തിരുസവിധത്തിൽ ഭാഗ്യമിയന്നോർ.

സ്നേഹത്തികവിൽ നാഥനെയെന്നും
തേടുന്നവരും ഭാഗ്യമെഴുന്നോർ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും കൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സുവിശേഷഭാഗ്യങ്ങൾക്കൊത്തവിധം ജീവിച്ചുകൊണ്ട് നിന്റെ സത്യത്തിനു സാക്ഷികളാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ലോകരക്ഷകനായ മിശിഹായേ, നിന്നോട് ഐക്യപ്പെട്ടു ദൈവഹിതം ജീവിതാവസാനംവരെ പൂർണമായി നിറവേറ്റാൻ നിരന്തരപ്രാർഥനയും കഠിനതപശ്ചര്യകളും അനുഷ്ഠിച്ച വിശുദ്ധ എവുപ്രാസ്യയെപ്പോലെ പരിത്യാഗവും പ്രായശ്ചിത്തവുംവഴി എല്ലാ സന്ന്യസ്തരും ലോകത്തിനു മാർഗദീപമാകാൻ ഇടയാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

www.malankaralibrary.com

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ദൈവത്തോടുള്ള ബന്ധത്തിൽ തീക്ഷ്ണതയും, സഹോദരങ്ങളോടുള്ള ബന്ധത്തിൽ അനുകമ്പയും പുലർത്തിയ വിശുദ്ധ എവുപ്രാസ്യയെപ്പോലെ ജീവിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവിന്റെ വിളി ശ്രവിച്ചുകൊണ്ട് സ്വയം പരിത്യജിച്ച് സമർപ്പിതജീവിതം നയിക്കാൻ, ധാരാളം യുവതീയുവാക്കന്മാരെ പ്രചോദിപ്പിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

www.malankaralibrary.com

കാർമി. കർത്താവായ ദൈവമേ, തിരുഹിതം വിശ്വസ്തതയോടെ നിറവേറ്റി അങ്ങയുടെ പുത്രനു സാക്ഷ്യം വഹിക്കാൻ വിശുദ്ധ എവുപ്രാസ്യയെ അങ്ങ് അനുഗ്രഹിച്ചല്ലോ. അങ്ങയുടെ ജനത്തിന് സേവനം ചെയ്തുകൊണ്ടു സ്നേഹത്തിന്റെ പ്രമാണം പൂർത്തിയാക്കാൻ ഞങ്ങളെ ശക്തരാക്കണമേ. സഹനങ്ങളെ സന്തോഷപൂർവം സ്വീകരിക്കാനും ത്യാഗ പൂർണമായ ജീവിതംവഴി അങ്ങയെ മഹത്ത്വപ്പെടുത്താനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. കർത്താവു സെഹിയോനിൽ സംപ്രീതനാണ്. (സങ്കീ 131, 13)

സമൂ. തിരുസഭ സാനന്ദം
വാനവരോടൊപ്പം
സ്തുതികൾ പാടുന്നു.
നിർമലകന്യകയായീടും
എവുപ്രാസ്യായിൽ സകലേശൻ
സദയം തൻ കൃപ ചൊരിയുകയാൽ
നിതരാം അഖിലരുമവിടത്തെ
വാഴ്ത്തുന്നു ദൈവം ആരാധ്യൻ.

ഗായക. കർത്താവേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. (സങ്കീ 101, 1)

സമൂ. തിരുസഭ സാനന്ദം ...

(അല്ലെങ്കിൽ)

ഗായക. കർത്താവു സെഹിയോനിൽ സംപ്രീതനാണ്. (സങ്കീ 131, 13)

സമൂ. വിശുദ്ധ എവുപ്രാസ്യയുടെ ഓർമ ആചരിക്കുന്ന ഈ ദിവസം തിരുസഭ സന്തോഷിക്കുന്നു. അത്യുന്നതങ്ങളിൽ മാലാഖമാർ ആരാധിക്കുന്ന സർവശക്തനും മഹത്ത്വപൂർണനുമായ ദൈവത്തെ ഭൂമിയിൽ ഞങ്ങൾ സ്തുതിക്കുന്നു. എന്തുകൊണ്ടെന്നാൽ, തന്റെ അനന്തകരുണയാൽ നിസ്സാരരായ മനുഷ്യരാൽ സ്തുതിക്കപ്പെടാൻ അവിടന്ന് തിരുമനസ്സായി.

www.malankaralibrary.com

സകലത്തിന്റെയും സ്രഷ്ടാവായ ദൈവം എന്നെന്നും ആരാധിക്കപ്പെടട്ടെ.

ഗായക. കർത്താവേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. (സങ്കീ 101, 1)

സമൂ. വിശുദ്ധ എവുപ്രാസ്യയുടെ ഓർമ ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. പാപവിമോചനമേകും രക്ഷക
നിണഗാത്രങ്ങൾ കൈക്കൊള്ളുക നാം.

ശാശ്വതജീവൻ നല്കും പൂജിത
ദിവ്യരഹസ്യം മധുരിതമെന്നും.

സ്നേഹത്തികവിൽ ദിവ്യരഹസ്യം
കൈക്കൊള്ളുന്നോർ നിർമലരാകും.

കർത്താവിൻ തിരുവാഗ്ദാനം പോൽ
സ്വർഗം നേടിടുമന്ത്യദിനത്തിൽ.

(അല്ലെങ്കിൽ)

സമൂ. പാപമോചനം നല്കുന്ന മിശിഹായുടെ ശരീരവും രക്തവും നമുക്കു സ്വീകരിക്കാം. മാധുര്യം നിറഞ്ഞ മഹാരഹസ്യവും നിത്യജീവന്റെ അച്ചാരവുമാണിത്. സ്നേഹപൂർവം ഇതു സ്വീകരിക്കുന്നവർ പവിത്രീകരിക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ വാഗ്ദാനമനുസരിച്ച് സ്വർഗരാജ്യത്തിനവകാശികളായിത്തീരുകയും ചെയ്യുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. വരുവിൻ സോദരഗണമേ, നിങ്ങൾ
കൈക്കൊള്ളുവിനീ ദിവ്യരഹസ്യം.

അർഹതയുള്ളോർക്കിതു നല്കീടും
നന്മകളെല്ലാം കുറവില്ലാതെ.

ചിന്തകളെല്ലാം പാവനമാക്കും
സൗഖ്യവുമക്ഷയജീവനുമേകും.

www.malankaralibrary.com

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, വരുവിൻ. പാപപ്പൊറുതി നേടി നിത്യജീവൻ പ്രാപിക്കാൻ ഈ ദിവ്യരഹസ്യങ്ങൾ നിങ്ങൾ സ്വീകരിക്കുവിൻ. അർഹതയുള്ളവർക്ക് എല്ലാ നന്മകളും നല്കുന്നതും ജീവൻ മറഞ്ഞിരിക്കുന്നതുമായ ഈ വലിയ രഹസ്യത്തെ പരിശുദ്ധഹൃദയത്തോടെ നിങ്ങൾ സമീപിക്കുവിൻ. ഇതുവഴി നമ്മുടെ ചിന്തകൾ വിശുദ്ധീകരിക്കപ്പെടുകയും രോഗങ്ങൾ സുഖമാക്കപ്പെടുകയും ചെയ്യും. ഹല്ലേലൂയ്യാ.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, വിശുദ്ധ എവുപ്രാസ്യയുടെ ഈ ഓർമദിനത്തിൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേരാൻ അങ്ങു ഞങ്ങൾക്കു കൃപ നല്കി. ഈ ദാനത്തെപ്രതി അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, വിശുദ്ധ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മോചിക്കുകയും നിത്യജീവനിൽ ഞങ്ങളെ പങ്കുകാരാക്കുകയും ചെയ്തു. ഈ അമൂല്യദാനം എന്നും വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധ എവുപ്രാസ്യയെപ്പോലെ, ഈ ഭൂമിയിൽ നിന്നെ ഏറ്റുപറയാനും നിനക്കു സാക്ഷ്യം വഹിക്കാനും ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. കരുണാമയനാം സകലേശൻ
തന്റെ വിശുദ്ധരിലെന്നാളും
പ്രീതി നിറഞ്ഞു വസിക്കുന്നു
ത്രിത്വസ്തുതികൾ പാടീടാം.

വീരോചിതമാം സഹനത്താൽ,
നിതരാമുയരും പ്രാർഥനയാൽ
ധന്യത നേടിയ എവുപ്രാസ്യാ
മാതൃക നമ്മൾക്കേകെട്ടെ.

സ്നേഹത്തികവിൽ, വിനയത്തിൽ
സേവനമേകാൻ, ദൈവത്തിൻ
സാക്ഷികളാകാൻ നിങ്ങൾക്കായ്
മിശിഹാ തൻകൃപ ചൊരിയട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. വിശുദ്ധരിൽ വസിക്കുകയും അവരിൽ സംപ്രീതനാകുകയും ചെയ്യുന്ന കാരുണ്യവാനായ ദൈവത്തെ നമുക്കു സ്തുതിക്കാം. വിശുദ്ധ എവുപ്രാസ്യയെ അനുകരിച്ചു നിരന്തര പ്രാർഥനയും വീരോചിതസഹനവുംവഴി സകലർക്കും ശുശ്രൂഷ ചെയ്യാൻ, അവിടന്ന് നിങ്ങളെ ശക്തരാക്കട്ടെ. സ്നേഹത്തോടും വിനയത്തോടുംകൂടിയുള്ള ശുശ്രൂഷവഴി മിശിഹായുടെ യഥാർഥശിഷ്യരാകാനും അവിടത്തെ സജീവസാക്ഷികളാകാനും ആവശ്യമായ കൃപയും അനുഗ്രഹവും ദൈവം നിങ്ങളിൽ വർഷിക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

മൂന്നുനോമ്പ്

(നിനിവേ ഉപവാസം)

(മൂന്നുനോമ്പിലെ ദിവസങ്ങളിൽ ഉപയോഗിക്കാവുന്നത്)

പ്രാരംഭപ്രാർഥന

കാർമി. പാപികളായ ഞങ്ങളുടെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, അങ്ങയുടെ ഏകപുത്രൻ ഞങ്ങൾക്കുവേണ്ടി അർപ്പിച്ച പരിഹാരബലിയിൽ യോഗ്യതയോടെ പങ്കുചേരാൻ ഞങ്ങളെ ശക്തരാക്കണമേ. യോനാപ്രവാചകനിലൂടെ കർത്താവിന്റെ തിരുഹിതമറിഞ്ഞ നിനിവേ നിവാസികൾ പ്രാർഥനയും ഉപവാസവുംവഴി പാപപരിഹാരം ചെയ്ത് അങ്ങയുടെ കാരുണ്യത്തിന് അർഹരായല്ലോ. അനുതാപചൈതന്യത്തോടെ ഈ പരിഹാരരഹസ്യങ്ങൾ അനുഷ്ഠിക്കാനും പാപമോചനം നേടാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനങ്ങൾ 102, 103 (മർമീസ 40)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. കർത്താവേ, എൻ പ്രാർഥന നീ
സദയം കേട്ടരുളീടണമേ
എന്നുടെ നിലവിളി തിരുമുമ്പിൽ
വന്നെത്താനിടയാകട്ടെ.

സമൂ. നിത്യം നിലനില്ക്കുന്നവനേ,
മാറ്റമെഴാത്ത പരാപരനേ,
നേർവഴിവിട്ടു ചരിച്ചവരാം
ഞങ്ങളിലെന്നും കനിയണമേ.

കഷ്ടതയേറും നാളുകളിൽ
തിരുമുഖമങ്ങു തിരിക്കരുതേ
നിന്നെ വിളിക്കും വേളകളിൽ
ഉത്തരമൻപൊടു നല്കണമേ.

www.malankaralibrary.com

പുകപോലെന്നുടെ ദിനമഖിലം
മായുന്നകലെപ്പോകുന്നു
വെണ്ണീർപോലെന്നസ്ഥികളും
വിളറിവെളുത്തെന്നോർക്കണമേ.

എന്നാത്മാവേ, കർത്താവിൻ
നാമം വാഴ്ത്തിപ്പാടുക നീ
നിന്റെയകൃത്യം മായ്ക്കുമവൻ
സൗഖ്യം കനിവോടേകീടും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

കാർമി. കർത്താവേ, എന്റെ പ്രാർഥന കേൾക്കണമേ;
എന്റെ നിലവിളി അങ്ങയുടെ പക്കലെത്തട്ടെ.

സമൂ. (കാനോന) ആയിരിക്കുന്നവനായ അങ്ങു മാറ്റമില്ലാത്ത
വനാകുന്നു; വഴിതെറ്റിപ്പോയ ഞങ്ങളിൽ കനിയണമേ.

കാർമി. എന്റെ കഷ്ടതയുടെ നാളിൽ
എന്നിൽനിന്നു മുഖം തിരിക്കരുതേ.

സമൂ. ഞാൻ അങ്ങയെ വിളിക്കുമ്പോൾ
എന്നെ ചെവിക്കൊള്ളണമേ;
വേഗം എനിക്കുത്തരമരുളണമേ.

കാർമി. എന്റെ ദിനങ്ങൾ പുകപോലെ മാഞ്ഞുപോകുന്നു;
എന്റെ അസ്ഥികൾ വെണ്ണീറുപോലെ വെളുത്തു.

സമൂ. ആഹാരം കഴിക്കാൻ ഞാൻ മറന്നതിനാൽ
എന്റെ ഹൃദയം പുല്ലിനുതുല്യം വാടിക്കരിഞ്ഞു.

കാർമി. എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക;
എന്റെ അസ്ഥികളേ, അവിടത്തെ തിരുനാമം പുകഴ്ത്തുക.

സമൂ. അവിടന്നു നിന്റെ അകൃത്യങ്ങളെല്ലാം ക്ഷമിക്കുന്നു;
രോഗങ്ങൾ സൗഖ്യമാക്കുന്നു.

www.malankaralibrary.com

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) ആയിരിക്കുന്നവനായ അങ്ങു മാറ്റമില്ലാത്തവനാകുന്നു; വഴിതെറ്റിപ്പോയ ഞങ്ങളിൽ കനിയണമേ.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I ജനതകളേ, ഭൂവാസികളേ, ശ്രദ്ധിക്കുവിൻ. (സങ്കീ 49, 1)

സമൂ. യോനായാലേ നിനിവേനഗരം മനസ്സുതിരിഞ്ഞു
പ്രഖ്യാപിതമായവിടെ പാവനമാം ഉപവാസം
മാദ്ധ്യസ്ഥ്യത്തിൻ കരവും പ്രാർഥനയും ഉയരുകയായ്
സംഹാരാഗ്നി വിതയ്ക്കും മരണത്തിൻ ദൂതന്മാർ
പിന്മാറുകയായ്, നിനിവെ രക്ഷിതമായ് ദൈവികകൃപയാലെ.

ഗായക. II പശ്ചാത്തപിക്കുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു. (മത്താ 3, 2)

സമൂ. പശ്ചാത്താപം നിറയും ഹൃദയം അർച്ചനയായ് നല്കാം
വേദനയോടെ വിളിക്കാം അർപ്പിക്കാം അശ്രുകണം.
അഭയം തേടാമെന്നും പാവനമാം വേദികയിൽ
നീതിയെഴുന്നോൻ സൂര്യൻ മിശിഹാതൻ കിരണത്താൽ
എരിയുംമുമ്പേ വിരവിൽ കാരുണ്യം യാചിച്ചീടാം.

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. സ്വർഗപഥത്തിൽ ചെന്നെത്തീടാൻ തിരുലിഖിതങ്ങൾ
വഴികാട്ടീടുന്നെന്നാൽ നമ്മൾതൻ ഹൃദയങ്ങൾ
വ്യർഥതതേടുന്നതുപോൽ നശ്വരമാം സമ്പത്തിൽ
ശരണം തേടുന്നവയെ വർജിക്കാം ഫലമേറും
ഉപവാസത്തിൽ ദൃഢമാം പ്രാർഥനയിൽ അഭയം തേടീടാം.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. സ്വർഗപഥത്തിൽ ചെന്നെത്തീടാൻ ...

www.malankaralibrary.com

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. എന്നുടെ യാചനകൾ
കേൾക്കും സകലേശൻ
വാഴ്ത്തപ്പെട്ടവനാം.

നാഥാ, നീയെൻ രക്ഷകനും
തുണയേകുന്ന പരാപരനും
ശരണം നിന്നിലണച്ചതിനാൽ
എന്നുടെ ഗാത്രം പോഷിതമായ്
നിൻ സ്തുതികൾ നിത്യം പാടും ഞാൻ.

ശുശ്രൂ. II സ്വന്തജനത്തിനു നീ
ശക്തി കൊടുക്കുന്നു
രക്ഷയുമേകുന്നു.

സമൂ. അഭിഷിക്തനു നീ തുണയേകി
നിന്നവകാശം കാത്തരുളി
നന്മകളനവധി നല്കി സദാ
അവരെയങ്ങു നയിക്കണമേ
എന്നേക്കും മേയിച്ചീടണമേ.

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. നാഥാ, നീയെൻ രക്ഷകനും ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. അഭിഷിക്തനു നീ തുണയേകി ...

www.malankaralibrary.com

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 1, 1.2)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

ദുഷ്ടജനത്തിൻ പങ്കിലവഴിയിൽ
നടകൊള്ളാത്തൊരു മനുജൻ, ധന്യൻ.

പരിഹാസികളൊടു ചേരാത്തവനും
ചിന്തയിൽ പാപം കലരാത്തവനും.

രാവും പകലും ദൈവികനിയമം
ധ്യാനിപ്പവനും ഭാഗ്യമിയന്നോൻ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടി നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു യാചിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. യോനായുടെ ആഹ്വാനം സ്വീകരിച്ച് അനുതാപപൂർവം ഉപവസിക്കുകയും പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്ത നിനിവേ നിവാസികളെപ്പോലെ, അനുതാപത്തിന്റെ ചൈതന്യത്തിൽ ജീവിക്കാൻവേണ്ട അനുഗ്രഹം നല്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ഞങ്ങളുടെ കർത്താവും നാഥനുമായ ദൈവമേ, അങ്ങയുടെ മാർഗത്തിൽനിന്നു വ്യതിചലിക്കാൻ ഇടയാകുന്ന സാഹചര്യങ്ങളെ

www.malankaralibrary.com

ഉപേക്ഷിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സകലർക്കുംവേണ്ടി തന്നെത്തന്നെ അർപ്പിച്ച മിശിഹായേ, ലോകംമുഴുവനുംവേണ്ടി അപേക്ഷകളും യാചനകളും സമർപ്പിക്കാനും സത്പ്രവൃത്തികളിലൂടെ സമ്പന്നരാകാനും അനുഗ്രഹിക്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സ്നേഹത്തിന്റെ ബലിവസ്തുവായ മിശിഹായേ, ഞങ്ങളുടെ ശരീരത്തെയും അതിന്റെ ദുർവാസനകളെയും നിന്നോടുകൂടെ ക്രൂശിക്കുന്നതിനു ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. പാപികളുടെ മാനസാന്തരം ആഗ്രഹിക്കുന്ന മിശിഹായേ, പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്ന ഞങ്ങളുടെ പ്രാർഥന ശ്രവിക്കണമേ. പരസ്പരം ക്ഷമിച്ചും സ്നേഹിച്ചും ഞങ്ങൾക്കുള്ളതു മറ്റുള്ളവരുമായി പങ്കുവച്ചും മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും ദൈവരാജ്യത്തിന്റെ സന്ദേശവാഹകരാകാനും അനുഗ്രഹിക്കണമേ സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. കുറ്റങ്ങൾക്കു മാപ്പു കിട്ടിയവൻ ഭാഗ്യവാനാകുന്നു.

(സങ്കീ 32, 1)

സമൂ. ആഗതമാണിപ്പോൾ
രക്ഷാകരസമയം
വിശ്വാസികളാകാം.
മിശിഹാതൻ തിരുസഭയാകും
പാവനതുറമുഖ വേദികയിൽ
സങ്കേതം കണ്ടെത്തീടാം
വിരവിൽ പാപം വർജിക്കാം
രക്ഷയവൾ നല്കും സ്ലീവായാൽ.

ഗായക. തിരുസന്നിധിയിൽ നിങ്ങളുടെ ഹൃദയം ചൊരിയുവിൻ.

(സങ്കീ 62, 8)

സമൂ. ആഗതമാണിപ്പോൾ ...

(അല്ലെങ്കിൽ)

ഗായക. കുറ്റങ്ങൾക്കു മാപ്പു കിട്ടിയവൻ ഭാഗ്യവാനാകുന്നു. (സങ്കീ 32, 1)

സമൂ. ഇതാ, രക്ഷയുടെ സമയം. ദൈവത്തിൽ വിശ്വസിക്കുവിൻ. മിശിഹായുടെ സഭ തുറമുഖവും സങ്കേതവുമാണ്.

www.malankaralibrary.com

സമുദ്രത്തിലെന്നപോലെ പാപത്തിൽ മുങ്ങുന്നവരെ അവൾ സ്വീകരിക്കുന്നു. സ്ലീവായുടെ വലിയ ശക്തിയാൽ അവൾ അവരെ രക്ഷിക്കുന്നു.

ഗായക. തിരുസന്നിധിയിൽ നിങ്ങളുടെ ഹൃദയം ചൊരിയുവിൻ.

(സങ്കീ 62, 8)

സമൂ. ഇതാ, രക്ഷയുടെ സമയം ...

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(തൂയെ ... / കർത്താവേ, മമരാജാവേ ...)

സമൂ. സ്ലീവാവഴിയായ് രക്ഷിതരാം
ജനരാശിക്കായ് തിരുമുമ്പിൽ
സഭയർപ്പിക്കും പ്രാർഥനകൾ
കർത്താവേ, നീ കേൾക്കണമേ.

പാപപ്പൊറുതിയുമാശിസ്സും
ആശിപ്പവരെ തിരുമെയ്യാൽ
ദിവ്യനിണത്താൽ നാഥാ, നിൻ
വാസസ്ഥലമായ്ത്തീർക്കണമേ.

(അല്ലെങ്കിൽ)

സമൂ. ഞങ്ങളുടെ കർത്താവേ, നിന്റെ സ്ലീവായാൽ വീണ്ടെടുക്കപ്പെട്ട നിന്റെ ജനത്തിനുവേണ്ടി വിശുദ്ധ സഭ അർപ്പിക്കുന്ന യാചനകൾ നീ സ്വീകരിക്കണമേ. എന്തുകൊണ്ടെന്നാൽ, ജനം പാപപ്പൊറുതി ആഗ്രഹിക്കുന്നു. കർത്താവേ, നിന്റെ ശരീരരക്തങ്ങളാൽ നിന്റെ മഹത്ത്വത്തിന്റെ വാസസ്ഥല മാകാൻ ഞങ്ങളെ യോഗ്യരാക്കണമേ.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. കറകൾ നീക്കും ഗാത്രവുമൊപ്പം
നിണവും പാവനബലിപീഠത്തിൽ.

പാപവിമുക്തി വരിക്കാതിവയെ
കൈക്കൊള്ളരുതേ, സോദരഗണമേ.

ദിവ്യരഹസ്യം നല്കിയ നാഥനു
നന്ദിയണയ്ക്കാം പാവനസഭയിൽ.

www.malankaralibrary.com

(അല്ലെങ്കിൽ)

ശുശ്രൂ. കറകൾ വെടിപ്പാക്കുന്ന ശരീരത്തെയും രക്തത്തെയും നാം പാപത്തോടുകൂടി സമീപിക്കരുത്. സഹോദരരേ, തിരുസഭയിൽ നമുക്കു സ്വന്തം ശരീരരക്തങ്ങൾ നല്കിയ പുത്രനു നന്ദി പറയുവിൻ.

കൃതജ്ഞതാപ്രാർഥനകൾ

കാർമി. കർത്താവായ ദൈവമേ, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടായ മിശിഹായെ ഞങ്ങൾക്കു നല്കിയ അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. പാപമോചകമായ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാൻ ഞങ്ങളെ അങ്ങു കാരുണ്യപൂർവം യോഗ്യരാക്കി. അങ്ങയുടെ അവർണനീയദാനത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമി. മനുഷ്യവംശത്തിന്റെ പ്രത്യാശയായ മിശിഹായേ, ഈ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പൊറുക്കുകയും ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്തു. ഈ ദിവ്യദാനത്താൽ ഞങ്ങളെ ദൈവികജീവനിൽ വളർത്തുകയും സ്വർഗത്തിന് അവകാശികളാക്കുകയും ചെയ്യണമേ. നിന്റെ അനന്തമായ സ്നേഹത്തിനു ഞങ്ങൾ നന്ദിപറയുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. അനുതാപത്തിൻ മാർഗത്തിൽ
രക്ഷ നുകർന്നു ചരിച്ചീടാൻ
മർത്ത്യകുലത്തെ വിളിച്ചവനാം
ദൈവം നിത്യം സ്തുത്യർഹൻ.

യോനാവഴിയായ് നിനിവേയിൽ
അനുതാപത്തിൻ ചൈതന്യം
നല്കിയ നാഥൻ നിങ്ങളിലും
തൻ കൃപയെന്നും ചൊരിയട്ടെ.

പാപത്തിൻ വഴി വിട്ടകലാൻ
സത്ഫലമെന്നും വിളയിക്കാൻ
ശാശ്വതജീവൻ നേടീടാൻ
നിത്യമനുഗ്രഹമരുളട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. എല്ലാവരും അനുതപിച്ചു രക്ഷയുടെ മാർഗത്തിലേക്കു വരണമെന്നു തിരുമനസ്സായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. മാനസാന്തരത്തിനുള്ള ആഹ്വാനവുമായി നിനിവേ നഗരത്തിലേക്ക് യോനാപ്രവാചകനെ അയച്ച അവിടന്ന് അനുതാപത്തിന്റെ ചൈതന്യം നിങ്ങളിൽ നിറയ്ക്കട്ടെ. മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചു നിത്യജീവൻ അവകാശമാക്കാൻ അവിടന്നു നിങ്ങളെ അനുഗ്രഹിക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

മരിച്ചവരുടെ ഓർമ

പ്രാരംഭപ്രാർഥന

കാർമി. കർത്താവായ ദൈവമേ, മരണംമൂലം വേർപെട്ടുപോയ ഞങ്ങളുടെ സഹോദരർക്ക് നിത്യജീവൻ പ്രദാനം ചെയ്യണമേ. മിശിഹായിൽ നിദ്രപ്രാപിച്ചവരുടെ ഓർമ ആചരിച്ചുകൊണ്ട്, മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി ഈ ദിവ്യരഹസ്യങ്ങൾ വിശുദ്ധിയോടെ പരികർമം ചെയ്യാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

സങ്കീർത്തനം 129

കാർമി. ആഴത്തിൽ നിന്നു ഞാൻ
ആർദ്രമായ് കേഴുന്നു
ദൈവമേ, എന്നെ നീ കേൾക്കേണമേ.

സമൂ. പാപങ്ങളെല്ലാം നീ
ഓർത്തിരുന്നാൽ നാഥാ
ആരാരീ ലോകത്തിൽ രക്ഷ നേടും.

പാപത്തിൻ മോചനം
നിന്നിൽ ഞാൻ തേടുന്നു
നീയാണെൻ മോക്ഷവും പ്രത്യാശയും.

പുലരുവാൻ കാക്കുന്ന
കാവല്ക്കാരെന്നപോൽ
സകലേശാ, നിന്നെ ഞാൻ കാത്തിരിപ്പൂ.

പാപങ്ങൾ മോചിക്കും
കാരുണ്യവാരിധേ,
ആത്മാക്കൾക്കാശ്വാസം നല്കേണമേ.

താതനും പുത്രനും
റൂഹായ്ക്കുമാദരാൽ
കീർത്തനഗീതികളെന്നേരവും.

(അല്ലെങ്കിൽ)

www.malankaralibrary.com

സങ്കീർത്തനം 88

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. രാവും പകലും നിൻ സവിധേ
നിലവിളിയെന്നുമുയർത്തുന്നേൻ
മമരക്ഷകനും ദൈവവുമേ,
യാചന കേൾക്കാൻ കനിയണമേ.

സമൂ. എന്നുടെ സ്നേഹിതവൃന്ദത്തെ,
അയൽവാസികളെയകറ്റീ നീ
എൻ പരിചിതരെ, സകലേശാ,
ദൂരത്താക്കിത്തീർത്തു നീ.

എന്നാത്മാവും തനുവുമിതാ
ദുരിതച്ചുഴിയിൽ താഴുന്നു
ശീയോലിന്നുടെയാഴത്തിൽ
നിപതിക്കുകയായെൻ ജീവൻ.

എന്നെ മറക്കരുതഖിലേശാ,
തിരുമുഖമങ്ങു മറയ്ക്കരുതേ
ബലഹീനൻ ഞാനീ ധരയിൽ
കഷ്ടപ്പാടിൽ കഴിയുന്നോൻ.

നിൻ മഹിതാദ്ഭുതമെൻ നാഥാ,
ഇരുളിൽപോലും വെളിവാകും
വിസ്മൃതിയുടെയാ ദേശത്തും
നിന്നുടെ നീതി വിളങ്ങീടും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

www.malankaralibrary.com

സങ്കീർത്തനം 129

കാർമി. അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്നു;
കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ;
എന്റെ പ്രാർഥന ചെവിക്കൊള്ളണമേ.

സമൂ. (കാനോന) മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

കാർമി. പാപങ്ങളെല്ലാം അങ്ങ് ഓർത്തിരുന്നാൽ
കർത്താവേ, ആർക്കു രക്ഷയുണ്ടാകും?

സമൂ. എന്തുകൊണ്ടെന്നാൽ, പാപമോചനം
അങ്ങയുടെ പക്കൽനിന്നാണല്ലോ.

കാർമി. കർത്താവിൽ ഞാൻ ശരണപ്പെടുന്നു;
എന്റെ പ്രതീക്ഷ അവിടത്തെ വാഗ്ദാനത്തിലാകുന്നു.

സമൂ. പ്രഭാതംമുതൽ പ്രഭാതംവരെ
കർത്താവിനെ ഞാൻ കാത്തിരിക്കുന്നു;
ഇസ്രായേലും അവിടത്തെ കാത്തിരിക്കട്ടെ.

കാർമി. എന്തുകൊണ്ടെന്നാൽ, അവിടന്നു കരുണയുള്ളവനാകുന്നു.
പൂർണമായ രക്ഷയും അവിടത്തെ പക്കലാകുന്നു.

സമൂ. അവിടന്ന് ഇസ്രായേലിനെ
അതിന്റെ പാപങ്ങളിൽ നിന്നെല്ലാം രക്ഷിക്കും.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

(അല്ലെങ്കിൽ)

www.malankaralibrary.com

സങ്കീർത്തനം 88

കാർമി. എന്റെ രക്ഷകനും ദൈവവുമായ കർത്താവേ,
രാവും പകലും ഞാൻ തിരുസന്നിധിയിൽ നിലവിളിക്കുന്നു.

സമൂ. (കാനോന) സ്നേഹിതരെയും അയല്ക്കാരെയും
അങ്ങ് അകറ്റിക്കളഞ്ഞു;
എന്റെ പരിചിതരെയെല്ലാം ദൂരെയാക്കി.

കാർമി. എന്തുകൊണ്ടെന്നാൽ, എന്റെ ആത്മാവ്
ദുരിതത്തിൽ മുഴുകിയിരിക്കുന്നു;
എന്റെ ജീവൻ ശീയോൽവരെ എത്തിയിരിക്കുന്നു.

സമൂ. കർത്താവേ, അങ്ങ് എന്നെ മറക്കരുതേ;
എന്നിൽനിന്നു മുഖം തിരിക്കരുതേ.

കാർമി. ബാല്യംമുതൽ ഞാൻ അവശനും നിസ്സഹായനുമാകുന്നു;
ഞാൻ ഉയർത്തപ്പെടുകയും താഴ്ത്തപ്പെടുകയും ചെയ്തു.

സമൂ. അങ്ങേ അദ്ഭുതം അന്ധകാരത്തിൽ അറിയപ്പെടും;
മറവിയുടെ നാട്ടിൽ നീതി വെളിപ്പെടും.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമി. (കാനോന) സ്നേഹിതരെയും അയല്ക്കാരെയും
അങ്ങ് അകറ്റിക്കളഞ്ഞു;
എന്റെ പരിചിതരെയെല്ലാം ദൂരെയാക്കി.

മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. I നീ എന്നേക്കും പുരോഹിതനാകുന്നു. (സങ്കീ 110, 4)

സമൂ. കറയില്ലാത്തൊരു ബലിയായവനാം മിശിഹാകർത്താവേ,
ജീവനിലേക്കു നയിക്കും ദൈവികമാം മാർഗത്തിൻ
ശ്രേഷ്ഠപുരോഹിതനീശോ രമ്യതതൻ നാഥൻ നീ
നീതിവിധിക്കായന്നാൾ ത്രോണോസിൽ അണയുമ്പോൾ
പാപപ്പൊറുതിയുമലിവും ദാസർക്കായ് നല്കാൻ കനിയേണം.

www.malankaralibrary.com

ഗായക. II മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും
പുരോഹിതനാകുന്നു. (സങ്കീ 110, 4)

സമൂ. നരവംശത്തിൻ രക്ഷയ്ക്കായ് നീ പീഡകളേറ്റു
ഘോരപരീക്ഷകളൊപ്പം കൈക്കൊണ്ടു മാനവർതൻ
ദുർബലമർത്ത്യസ്വഭാവം സഹനത്തിൻ കാസയതും.
നിന്നുടെ ദിവ്യരഹസ്യം തിരുമെയ്യും തിരുനിണവും
കൈക്കൊണ്ടവരുടെ പാപം വിധിനാളിൽ ഓർമിച്ചീടല്ലേ.

ഗായക. I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. മൃതരാം നരരിൽ മിശിഹായേ, നിൻ കൃപ നീ ചൊരിയേണം
വിധിയുടെ നാളിൽ ദാസർ നരകത്തിൽ വീഴാതെ
നിൻ കാരുണ്യം തുണയായ് കോട്ടയുമായ് നില്ക്കേണം
നീ വന്നണയും നാളിൽ സ്വർഗത്തിൽ ദൂതർതൻ
നിരയിലുയർത്തണമവരെ നിൻ സ്തുതികൾ
നിതരാം പാടീടാൻ.

ഗായക. II ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. മൃതരാം നരരിൽ മിശിഹായേ, ...

പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

കാർമി. നവമൊരു സൃഷ്ടിക്കായ്
നിന്നുടെ റൂഹായെ
ഭൂവിലയയ്ക്കുക നീ. (സങ്കീ 104, 30)

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
മൃതരാം സോദരവൃന്ദത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ. II ഭൂതലമഖിലം നിൻ
കൃപയാൽ നവമാകും
നാഥാ, സകലേശാ. (സങ്കീ 104, 30)

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

www.malankaralibrary.com

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. I ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ഹല്ലേലുയ്യാഗീതം (സൂമാറ) (സങ്കീ 51, 1-3)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

കർത്താവേ, നിൻ കൃപയാലെന്നിൽ
കരുണ നിതാന്തം വർഷിക്കണമേ.

എന്നുടെ തെറ്റുകളറിയുന്നു ഞാൻ
തിന്മകളഖിലം കാണുന്നു ഞാൻ.

അപരാധങ്ങൾ കഴുകണമേ നീ
ശുദ്ധിയെനിക്കു പകർന്നീടണമേ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടി നിന്ന് 'കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

www.malankaralibrary.com

ശുശ്രൂ. മാമോദീസാവഴി സ്വർഗരാജ്യത്തിന് അവകാശികളാകുകയും മരണംവഴി ഞങ്ങളിൽനിന്നു വേർപിരിയുകയുംചെയ്ത ഞങ്ങളുടെ സഹോദരങ്ങളെ നിത്യഭാഗ്യത്തിൽ ചേർക്കണമെന്ന്,

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. ശുദ്ധീകരണസ്ഥലത്തിൽ സങ്കടമനുഭവിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളെ നിത്യാശ്വാസമരുളി അനുഗ്രഹിക്കണമെന്ന്,

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. മിശിഹായുടെ പീഡാനുഭവങ്ങളെക്കുറിച്ച്, മരിച്ചവരുടെ കടങ്ങൾ മോചിക്കാൻ കരുണയുണ്ടാകണമെന്ന്,

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞ ഞങ്ങളുടെ സഹോദരങ്ങളെ മിശിഹായുടെ ഉയിർപ്പിന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കണമെന്ന്,

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. മിശിഹായുടെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടവരും മരണനിദ്ര പ്രാപിച്ചവരുമായ ഞങ്ങളുടെ സഹോദരങ്ങളെ നിത്യജീവൻ നല്കി അനുഗ്രഹിക്കണമെന്ന്.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. സൂര്യനെ വെല്ലുന്ന ശോഭയോടെ ഞങ്ങളും അവസാനവിധി ദിവസത്തിൽ ഉയിർത്തെഴുന്നേല്ക്കാൻ വരം തരണമെന്ന്,

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. ലോകാരംഭംമുതൽ നീതിമാന്മാർക്കായി സജ്ജമാക്കിയിരിക്കുന്ന സ്വർഗരാജ്യത്തിൽ ഞങ്ങളും എത്തിച്ചേരാൻ ഇടയാക്കണമെന്ന്,

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ്

www.malankaralibrary.com

മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്ന്,

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. അനന്തമായ കൃപയാൽ ഞങ്ങളെ രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്ന്,

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവം പ്രാർഥിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. മരിച്ചവരുടെ കടങ്ങൾ ക്ഷമിക്കുകയും അവരെ നിത്യമഹത്ത്വമണിയിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ഗായക. എന്റെ പാപങ്ങൾ മായിച്ചുകളയണമേ. (സങ്കീ 51, 4)

സമൂ. ഞങ്ങൾക്കഖിലർക്കും
രക്ഷകനായവനേ,
മാനവസ്നേഹിതനേ,
പരിശുദ്ധൻ എന്നനവരതം
ദൂതന്മാരാൽ കീർത്തിതനേ,
പാപവിമോചനമേകണമേ
എന്നും താവകസന്നിധിയിൽ
വിനയമൊടെ ഞങ്ങൾ യാചിപ്പൂ.

www.malankaralibrary.com

ഗായക. അങ്ങയുടെ സംപ്രീതിക്ക് അർഹനായവൻ ഭാഗ്യവാൻ.
(സങ്കീ 65, 4)

സമൂ. പ്രതിഫലമേകീടാൻ
ആഗതനായീടും
മിശിഹാകർത്താവേ,
നിൻ തിരുമെയ്യും തിരുനിണവും
കൈക്കൊണ്ടവരാം മർത്ത്യർതൻ
നന്മകളൊപ്പം തിന്മകളും
നാഥാ, നോക്കിവിധിക്കുമ്പോൾ
ഞങ്ങളിലായ് കനിവുണ്ടാകണമേ.

(അല്ലെങ്കിൽ)

ഗായക. എന്റെ പാപങ്ങൾ മായിച്ചുകളയണമേ. (സങ്കീ 51, 4)

സമൂ. മാലാഖമാരാൽ പരിശുദ്ധൻ എന്നു പ്രകീർത്തിക്കപ്പെടുന്നവനും ഞങ്ങളെ അത്യധികം സ്നേഹിക്കുന്ന രക്ഷകനുമായ മിശിഹായേ, കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനുമായി ഞങ്ങൾ ജീവിതത്തിലെ എല്ലാ ദിവസവും അങ്ങയോടു പ്രാർഥിക്കുന്നു. നിന്റെ ന്യായാസനത്തിൻ മുമ്പാകെ പ്രതിഫലം സ്വീകരിക്കാൻ ഞങ്ങൾ നിറുത്തപ്പെടുകയും ഞങ്ങളുടെ നന്മതിന്മകൾക്കനുസൃതം നീതിവിധി നടത്തപ്പെടുകയും ചെയ്യുമ്പോൾ, കർത്താവേ, നിന്റെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടവരുടെമേൽ കരുണയായിരിക്കണമേ.

ഗായക. അങ്ങയുടെ സംപ്രീതിക്ക് അർഹനായവൻ ഭാഗ്യവാൻ.
(സങ്കീ 65, 4)

സമൂ. മാലാഖമാരാൽ പരിശുദ്ധൻ എന്ന് ...

www.malankaralibrary.com

ദിവ്യകാരുണ്യഗീതം (ഓനീസാ ദ്വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

സമൂ. കർത്താവിൻ സ്വരമുയരുന്നേരം
മൃതരാമഖിലരുമെഴുന്നേല്ക്കുന്നു.

ഗാത്രങ്ങൾക്കുയിരേകിയ നാഥനു
സ്തുതിതൻ കീർത്തനമേകീടുന്നു.

മർത്ത്യനു രക്ഷയുമുയിരും നല്കിയ
ദൈവം നിത്യൻ സ്തുത്യർഹനുമാം.

(അല്ലെങ്കിൽ)

സമൂ. കർത്താവു വാഴ്ത്തപ്പെട്ടവനാകട്ടെ. എന്തുകൊണ്ടെന്നാൽ, അവിടത്തെ സ്വരം മരിച്ചവരെ കല്ലറകളിൽനിന്ന് ഉയിർപ്പിക്കുന്നു. ഉയിർത്തെഴുന്നേറ്റ അവർ തങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിച്ചവനു സ്തുതിസ്തോത്രങ്ങൾ സമർപ്പിക്കുന്നു.

അനുഗീതം (ഓനീസാ ദ്വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. കല്ലറ പൂകാൻ പാത തുറന്നു
പറുദീസായിലെ വൃക്ഷമതന്നാൾ.

മാനവനാശയ്ക്കുറവിടമീശോ
സ്വർഗം പൂകാൻ പാത തുറന്നു.

മിശിഹാതൻ തിരുമെയ്യും നിണവും
പുനരുത്ഥാനം ഘോഷിക്കുന്നു.

ദിവ്യരഹസ്യം കൈക്കൊണ്ടീടാം
രക്ഷയുമുയിരും നേടി വിളങ്ങാം.

(അല്ലെങ്കിൽ)

ശുശ്രൂ. മരത്തിൽ നിന്നുള്ള ഫലം കല്ലറയിലേക്കുള്ള വഴി തുറന്നുവെങ്കിൽ നമ്മുടെ വംശത്തിന്റെ പ്രത്യാശയായ മിശിഹാ നമുക്ക് സ്വർഗത്തിലേക്കുള്ള വഴി തുറന്നുതന്നു. രക്ഷ അറിയിക്കുന്നവന്റെ സ്വരംകേട്ട് മരിച്ചവർ ജീവിക്കുകയും അവർ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നു. സഹോദരരേ, വരുവിൻ. മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച്, മരിച്ചവരുടെ ഉയിർപ്പു നമുക്കു പ്രഘോഷിക്കാം.

www.malankaralibrary.com

കൃതജ്ഞതാപ്രാർഥനകൾ

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേരാൻ മർത്ത്യരായ ഞങ്ങളെ കാരുണ്യപൂർവം അങ്ങു യോഗ്യരാക്കി. ഞങ്ങളോടു കാണിച്ച ഈ വലിയ കൃപയെപ്രതി അങ്ങയുടെ മഹനീയനാമത്തിന് എപ്പോഴും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ. കർത്താവേ ആശീർവദിക്കണമേ.

കാർമി. മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, അമർത്ത്യതയുടെ ഔഷധമായ ഈ കുർബാനവഴി നീ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുകയും ഞങ്ങളുടെ ആത്മാക്കളെ പരിപോഷിപ്പിക്കുകയും ചെയ്തു. അമൂല്യമായ ഈ ദാനത്തെപ്രതി നിനക്കു ഞങ്ങൾ നന്ദിപറയുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയെ ... / കർത്താവാം മിശിഹാവഴിയായ് ...)

കാർമി. മരണംമൂലം മരണത്തെ
വിജയിച്ചവനാം മിശിഹായേ,
ശാശ്വതജീവന്നുറവിടമേ,
നിൻതിരുനാമം മഹനീയം.

നിന്നുടെ രക്തശരീരങ്ങൾ
കൈക്കൊള്ളുന്നവരെല്ലാരും
പാരിൽ മൃത്യു വരിച്ചാലും
ജീവിച്ചീടും സ്വർഗത്തിൽ.

www.malankaralibrary.com

അവരുടെ സ്മരണയുണർത്തിടുമീ
ബലിയിൽ ചേർന്നവരാം നിങ്ങൾ
സ്വർഗോന്മുഖരായ് ജീവിക്കാൻ
കൃപയാലെന്നും നിറയട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

കാർമി. കുരിശുമരണംവഴി മരണത്തെ പരാജയപ്പെടുത്തുകയും നിത്യജീവൻ നമുക്കു നേടിത്തരുകയും ചെയ്ത മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. തന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കുമെന്നും തന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നവർ സ്വർഗരാജ്യം അവകാശപ്പെടുത്തുമെന്നുമുള്ള അവിടത്തെ വാഗ്ദാനം, മരണംമൂലം നമ്മിൽനിന്നു വേർപിരിഞ്ഞുപോയ സഹോദരരിലും നമ്മിലും നിറവേറട്ടെ. കർത്താവിൽ മരണനിദ്ര പ്രാപിച്ചവർ ഉയിർപ്പിന്റെ മഹത്ത്വത്തിൽ പങ്കുകാരായി ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കാൻ യോഗ്യരാകട്ടെ. അവരുടെ സ്മരണ ആചരിച്ചുകൊണ്ട് ഈ കുർബാനയിൽ പങ്കെടുത്ത നിങ്ങളെ മരണത്തിന്റെയും ജീവന്റെയും നാഥനായ അവിടന്ന് സമൃദ്ധമായി അനുഗ്രഹിക്കട്ടെ. കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

www.malankaralibrary.com

അനുബന്ധം

I

പൊതുക്രമത്തിൽ ചേർത്തിരിക്കുന്നവയ്ക്കുപകരം പാടാവുന്ന ഗീതങ്ങൾ

പ്രാരംഭഗീതം

കാർമി. അന്തിമഭോജനവേളയിൽ നാഥൻ
അരുളിയ കല്പനപോൽ
അഖിലരുമൊന്നായാദരവായ്
അർപ്പിക്കാമീ ദിവ്യബലി.

സമൂ. രക്ഷണമേകാൻ ദൈവാത്മജനാം
രക്ഷകനേകിയ കല്പനപോൽ
സ്നേഹമൊടീബലിയർപ്പിക്കാം
സാദരമീബലിപീഠത്തിൽ.

അത്യുന്നതങ്ങളിൽ

കാർമി. അത്യുന്നതമാം സ്വർഗത്തിൽ
ദൈവത്തിനു കീർത്തനം. (3)

സമൂ. ഭൂമിയിലെല്ലാമർത്ത്യർക്കും
ശരണം, ശാന്തിയുമെന്നേക്കും.
ആമ്മേൻ. (3)

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ

കാർമി. സ്വർഗസ്ഥിതനാം താതാ, താവക
നാമം പൂജിതമാകണമേ
വന്നീടണമേ താവകരാജ്യം
അങ്ങു നിതാന്തം പരിശുദ്ധൻ.

സമൂ. സ്വർഗസ്ഥിതനാം താതാ, താവക
നിസ്തുലനിത്യമഹത്ത്വത്താൽ
നിറയുകയല്ലോ, നിരുപമമായ്
ഭൂവും സ്വർഗവുമൊരുപോലെ.

www.malankaralibrary.com

കീർത്തിക്കുകയായ് വാനവഗണവും
മാനവവൃന്ദവുമനവരതം
പരിശുദ്ധൻ, പരിശുദ്ധൻ
അങ്ങു നിതാന്തം പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, താവക
നാമം പൂജിതമാകണമേ
വന്നീടണമേ താവകരാജ്യം
തിരുഹിതമുലകിലുമാകണമേ.

അരുളണമലിവായ് ഞങ്ങൾക്കിന്നും
ആവശ്യകമാമാഹാരം
ഞങ്ങൾ ക്ഷമിച്ചതുപോലെ, കനിവായ്
പാപകടങ്ങൾ ക്ഷമിക്കണമേ.

ഞങ്ങൾ പരീക്ഷയിൽ വീഴാതെന്നും
രക്ഷിക്കണമേ കൃപയോടെ
ദുഷ്ടാരൂപിയിൽനിന്നലിവോടെ
ഞങ്ങളെ രക്ഷിച്ചരുളണമേ.

രാജ്യം ശക്തി മഹത്ത്വവുമഖിലം
നിത്യം താവകമാണല്ലോ.
കീർത്തിക്കുകയായ് വാനവഗണവും
മാനവവൃന്ദവുമൊരുപോലെ.

സങ്കീർത്തനം 146

കാർമി. അഖിലകീർത്തനത്തിനും
അർഹനായ ദൈവമേ,
ഉചിതമാണു മധുരമാം
ദിവ്യനാമകീർത്തനം.

സമൂ. മഹിതമാകുമോരാശ്ലേം
പണിയുമങ്ങു പാലകൻ
ഒരു ഗണത്തിലാക്കുമീ
ചിതറിടും ജനങ്ങളെ.

www.malankaralibrary.com

തകരുമേതു ഹൃദയവും
ശാന്തി കാണ്മതങ്ങയിൽ
കനിവെഴുന്നൊരങ്ങിലീ
ഭുവനദുഃഖമുക്തിയും.

താരകത്തിനൊക്കെയും
പേരിടുന്നു പാവനൻ
ഉന്നത പ്രതാപനായ്
വാണിടുന്നു പാലകൻ.

അഖിലലോകനായകൻ
അറിവു പൂർണമായവൻ
താഴ്ത്തിടുന്നു ദുഷ്ടരെ
താങ്ങിടുന്നു ശിഷ്ടരെ.

കീർത്തനങ്ങൾ പാടിടാം
വാഴ്ത്തിടാം മഹേശനെ
കിന്നരങ്ങൾ മീട്ടിയാ
നാമഗീതി പാടിടാം.

മൂടിടുന്നു വാനിടം
മുകിലിനാലെ പാലകൻ
മനമിയന്ന കനിവുപോൽ
മഴതരുന്നു പാരിതിൽ.

മുളയെടുത്തു മലകളിൽ
കളകളാർത്തു വളരുമേ
കിളികളും മൃഗങ്ങളും
കരളുണർന്നു പാടുമേ.

അശ്വശക്തിയാകിലും
മർത്ത്യശക്തിയാകിലും
പ്രീതിചേർക്കുകില്ലഹോ
നിത്യനാകുമീശനിൽ.

അഭയമാർന്നിടുന്നിതാ
ഭയമിയന്ന മാനവർ
ശാന്തി തേടിടുന്നിതാ
തന്നിലെന്നുമാകുലർ.

www.malankaralibrary.com

സങ്കീർത്തനം 150

(തൂയെ ... / കർത്താവേ, മമരാജാവേ ...)

കാർമി. തിരുഭവനത്തിൽ കർത്താവിൻ
സ്തുതിഗീതങ്ങളുയർത്തിടുവിൻ
ഉന്നതമാകും ഗഗനത്തിൽ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ.

സമൂ. അവനുടെ ശക്തിമഹത്ത്വത്തിൽ
നാഥനു സ്തുതികളുയർത്തിടുവിൻ
അവനെ ധ്യാനിച്ചനുവേലം
മഹിമകൾ വാഴ്ത്തിപ്പാടിടുവിൻ.

കാഹളനാദമുയർത്തി സദാ
സ്തുതിഗീതങ്ങൾ പാടിടുവിൻ
വീണകളൊപ്പം കിന്നരവും
മീട്ടി നിതാന്തം വാഴ്ത്തിടുവിൻ.

ഇമ്പമെഴും സ്വരതന്ത്രികളാൽ
നാഥനു സ്തുതികളുയർത്തിടുവിൻ
കർണാനന്ദം നല്കീടും
കൈത്താളങ്ങൾ മുഴക്കിടുവിൻ.

ആഹ്ലാദാരവഘോഷത്താൽ
ആർത്തുവിളിക്കുവിനവിരാമം
ജീവനെഴുന്നവർ കർത്താവിൻ
തിരുമുമ്പിൽ സ്തുതി പാടട്ടെ.

നമ്മുടെയോരോ ശ്വാസവുമാ
സ്തുതിഗീതികളായ് മാറട്ടെ
കർത്താവാകും ദൈവത്തിൻ
സ്തുതിയായ് സന്തതമുയരട്ടെ.

www.malankaralibrary.com

സകലത്തിന്റെയും നാഥാ

ഗായക. സാദരമഖിലേശാ,
സമൂ. നിന്നെ സ്തുതിക്കുന്നു
ഈശോമിശിഹായേ,
നിന്നെ നമിക്കുന്നു.

മർത്ത്യശരീരങ്ങൾ-
ക്കരുളുന്നുത്ഥാനം
ആത്മാവിനുമതുപോൽ
രക്ഷണമേകുന്നു.

ത്രിശുദ്ധകീർത്തനം

ശുശ്രൂ. സ്വരമുയർത്തി വാഴ്ത്തുവിൻ
സകലരും പുകഴ്ത്തുവിൻ
നിത്യവും സജീവനാം
നിഖിലലോക നാഥനെ.

ഗായക. പാവനനാം അഖിലേശാ,
സമൂ. പാവനനാം ബലവാനേ,
പാവനനാം അമർത്ത്യനേ,
നിൻകൃപ ഞങ്ങൾക്കരുളണമേ.

പ്രകീർത്തനം

കാർമി. ആകാശമണ്ഡലം ദൈവമഹത്ത്വം
നിത്യവും കീർത്തിക്കുന്നു

മാർ തോമാ ശ്ലീഹായെ
(കർത്താവിന്നുത്ഥാനം /
കന്യകാമറിയത്തെ)
ദിവ്യാത്മഗീതിയാൽ
പാടിയനുസ്മരിക്കാം.

ശുശ്രൂ. II വാനവിതാനങ്ങൾ വാഴ്ത്തുന്നു സാദരം
ദൈവിക ശില്പഭംഗി.

www.malankaralibrary.com

സമൂ. മാർ തോമാ ...

കാർമി. താതനും പുത്രനും പാവനാത്മാവിനും
സ്തോത്രമുണ്ടായിടട്ടെ.

സമൂ. മാർ തോമാ ...

ശുശ്രൂ. I ആദിയിലെന്നപോൽ എന്നേക്കുമാകണം
ഇപ്പോഴുമീമഹിയിൽ.

സമൂ. മാർ തോമാ ...

ഹല്ലേലുയ്യാഗീതം

ഹൃദയവീണയിലുണരുമീ
മധുരമാശയഗീതകം
ഉദയരശ്മികളെന്നപോൽ
വിരിയും തവ സന്നിധേ. ഹല്ലേലുയ്യാ (3)

അധികധന്യത പുലരുമീ
കവികുലോത്തമ കോകിലം
രചന സാധനയാക്കുമീ
മഹിതതൂലിക രസനയും. ഹല്ലേലുയ്യാ (3)

താതനും തിരുതനയനും
സ്തുതി, മഹോന്നതനാത്മനും
ആദിയിൽപ്പോലിന്നുമേ
നിത്യവും സ്തുതികീർത്തനം. ഹല്ലേലുയ്യാ (3)

ദിവ്യരഹസ്യഗീതം

ഗായക. അങ്ങിൽ ദൃഢമായ് ഞാൻ
സമൂ. ശരണം തേടുന്നു
ആദരപൂർവമിതാ
നില്പൂ തിരുമുൻപിൽ.

പാവനപീഠത്തിൽ
രക്തശരീരങ്ങൾ,
പാടാം ഭക്തിയൊടേ
ദൈവം പരിശുദ്ധൻ.

www.malankaralibrary.com

സ്നേഹവുമതുപോലെ
ഭയവും ഹൃദയത്തിൽ
നിറയും ചിന്തയുമായ്
നില്പു തിരുമുൻപിൽ.

വാനവനിരചേരും
പൂജിതമീ നിമിഷം
പാടാം ഭക്തിയൊടേ
ദൈവം പരിശുദ്ധൻ.

വിശ്വാസപ്രമാണം

കാർമി. സർവശക്തതാതനാമേകദൈവമേ,
വിശ്വസിപ്പു മർത്ത്യരാം ഞങ്ങളങ്ങയിൽ.

സമൂ. ദൃശ്യലോകമെന്നപോൽ അദൃശ്യലോകവും
സൃഷ്ടിചെയ്ത ദൈവമേ, സർവപാലകാ
സർവശക്തതാതനാമേകദൈവമേ,
വിശ്വസിപ്പു മർത്ത്യരാം ഞങ്ങളങ്ങയിൽ.

സർവസൃഷ്ടിജാലവും തീർത്ത ദൈവമാം
സത്യതാതനങ്ങിൽനിന്നാദ്യജാതനാം
സൃഷ്ടിയല്ല പുത്രനാമീശോദൈവജൻ,
വിശ്വസിപ്പു മർത്ത്യരാം ഞങ്ങളങ്ങയിൽ.

ദൈവസൂനു ദൈവമാണേകസത്തയിൽ
ലോകസൃഷ്ടി പൂർത്തിയായങ്ങിലൂടവേ
മർത്ത്യരക്ഷ നല്കുവാൻ പാവനാത്മനാൽ
മർത്ത്യരൂപമാർന്നിഹേ കന്യകാത്മജൻ.

പീലാത്തോസിൻവാഴ്ചയിൽ പീഡയേറ്റവൻ
ക്രൂശിലേറി ദാരുണം മൃത്യുവാർന്നവൻ
മൂന്നുനാളിനുള്ളിൽ സത്യദൈവസൂനുവീ
മന്നിലുത്ഥിതൻ മഹത്ത്വപൂർണശോഭയിൽ.

സ്വർഗമാർന്നു മഹിമയോടെ നിത്യപിതാവിൻ
വലതുഭാഗമാർന്നു വാഴ്വു മഹിതകാന്തിയിൽ
ഒടുവിലെത്തുമീമഹിയിൽ അന്നു വിധിയുമായ്,
സകലരും ശ്രവിക്കുമന്ത്യവിധി വിനീതരായ്.

www.malankaralibrary.com

താതനിൽനിന്നെന്നപോലെ സുതനിൽനിന്നുമേ
പ്രഭവമാർന്നു വാണിടുന്ന സത്യദൈവമായ്
ജീവനേകിടുന്ന മഹിതപാവനാത്മനിൽ
വിശ്വസിപ്പു പൂർണമായ് ഞങ്ങളേവരും.

ഏകമാണു ധന്യമാണു പാവനം സഭ
ശ്ലൈഹികപ്രഭാവമാർന്നു സാർവജനീനം
പാപമോചനംതരുന്നു, ജ്ഞാനസ്നാനവും
ഏറ്റുചൊല്വൂ സാദരം ഞങ്ങളേവരും.

മർത്ത്യമുക്തിയാമുയിർപ്പും നിത്യജീവനും
ഏറ്റുചൊല്വൂ പൂർണമായ് ഞങ്ങളേവരും
സർവശക്തതാതനാകുമേകദൈവമേ
വിശ്വസിപ്പു മർത്ത്യരാം ഞങ്ങളങ്ങയിൽ.

ഭാഷണകാനോന

കാർമി. ദൈവപിതാവിൻ സ്നേഹവും
നിർമലസൂനുവിൻ കാരുണ്യവും
പാവനാത്മാവിൻ സഹവാസവും ✠
നമ്മിലുണ്ടാകണമെന്നുമെന്നും.

സമൂ. ആമ്മേൻ.

കാർമി. വാനിലേക്കുയരട്ടെ ചിന്തകൾ.

സമൂ. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും
യാക്കോബിന്റെയും ദൈവമേ,
ആരാധ്യനാകും രാജാവാമങ്ങേ
സന്നിധി നിത്യവും ചേർന്നിടട്ടെ.

കാർമി. അർപ്പിക്കാമീബലി ഞങ്ങളങ്ങേ
പൂജിതമാം ബലിവേദികയിൽ.

സമൂ. എന്നെന്നും ന്യായ്യവും യുക്തവുമാം,
എന്നെന്നും ന്യായ്യവും യുക്തവുമാം.

www.malankaralibrary.com

പരിശുദ്ധൻ

കാർമി. വാനവരഖിലം പാടുകയായ്
പാവനമാം തവസന്നിധിയിൽ.

സമൂ. പൂജിതനെന്നും ബലവാനാം
നാഥൻ ദൈവം പരിശുദ്ധൻ
അവനിയുമതുപോൽ വിണ്ടലവും
മുഖരിതമങ്ങേ ഗീതികളാൽ.

ദാവീദിൻസുതനോശാന
ഉന്നതവീഥിയിലോശാന
തിരുനാമത്തിൽ വന്നവനും
വാഗ്ദാനംപോൽ വരുവോനും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

ഓശാന ... ഓശാന ...
ദാവീദിൻസുതനോശാന.

കാനോന

കാർമി. നാഥാ, പൂജിതമാം
നാമത്തിനു നിത്യം
സ്തുതിയും കീർത്തനവും ✠
നന്ദിയുമെന്നേക്കും.

സമൂ. ആമ്മേൻ.

തിരുശ്ശരീരം ഉയർത്തുമ്പോൾ

വിണ്ണിൽനിന്നിങ്ങാഗതമാം
ജീവദായകഭോജ്യം ഞാൻ
മാനസതാരിൽ കൈക്കൊള്ളും
മാനവരെന്നും ജീവിക്കും. (2)

വാനവരൊന്നായ് ബലിപീഠത്തിൻ
മുന്നിൽ നില്പൂ വിനയമൊടേ
വിഭജിക്കുകയായ് ദിവ്യശരീരം

www.malankaralibrary.com

യാഗവേദിയിൽ വൈദികൻ.
കൈകൾകൂപ്പി നില്ക്കാമൊന്നായ്
ധ്യാനലീനം നാം. (2) വിണ്ണിൽ ...

മാനവരെല്ലാം അനുതാപത്തിൻ
മാർഗം തേടാനണയുന്നു
കാരുണ്യത്തിൻ വാതിൽതുറക്കും
സ്നേഹനാഥനെ വാഴ്ത്തുവാൻ.
കൈകൾകൂപ്പി ... വിണ്ണിൽ ...

അനുതാപകീർത്തനം

സമൂ. അപരാധങ്ങൾ നീക്കണമേ
പാപകടങ്ങൾ മായ്ക്കണമേ.

ശുശ്രൂ. മനസ്സിൽ നിറയും മലിനതയെല്ലാം
കഴുകി ധന്യരാകാം.

സമൂ. അപരാധങ്ങൾ ...

ശുശ്രൂ. ശത്രുതയെല്ലാം നീക്കി നിതാന്തം
ഹൃദയം ദീപ്തമാക്കാം.

സമൂ. അപരാധങ്ങൾ ...

ശുശ്രൂ. ഹൃദയമൊരുക്കാം നാഥനു നിത്യം
നിറയാം ആത്മാവാൽ.

സമൂ. അപരാധങ്ങൾ ...

ശുശ്രൂ. ഏകമനസ്സായ് ദിവ്യരഹസ്യം
നിതരാമുൾക്കൊള്ളാം.

സമൂ. അപരാധങ്ങൾ ...

ശുശ്രൂ. ആത്മാവിൻ പരിരക്ഷണമതിനീ
നിണവും തിരുമെയ്യും.

സമൂ. അപരാധങ്ങൾ ...

ശുശ്രൂ. ഉത്ഥാനത്തിനുമതുപോൽ ജീവനും
കാരണമായിടുവാൻ.

സമൂ. അപരാധങ്ങൾ നീക്കണമേ
പാപകടങ്ങൾ മായ്ക്കണമേ.

www.malankaralibrary.com

സ്തോത്രപ്രാർഥന (തെശ്ബൊഹ്ത്ത)

സമൂ. ദിവ്യകാരുണ്യം സ്വീകരിക്കാൻ
നീട്ടിയ പാണികൾ ധന്യമാക്കൂ
സാഫല്യമെന്നെന്നും കൈവരിക്കാൻ
സ്നേഹസ്വരൂപാ യോഗ്യമാക്കൂ.

കീർത്തനംപാടിയ നാവുകളെ
വിണ്ണിൽ സ്തുതിക്കുവാൻ അർഹമാക്കൂ
ദിവ്യസ്തുതികേൾക്കും കാതുകളിൽ
ശിക്ഷാവിധിസ്വരം കേൾക്കരുതേ.

വിൺദീപ്തി ദർശിച്ച കണ്ണുകളാൽ
വീണ്ടും നിൻ ദർശനം സാധ്യമാക്കൂ
പാടിപ്പുകഴ്ത്തിയ മാനവരെ
വിണ്ണിലും പാടുവാൻ ആനയിക്കൂ.

ദൈവാലയത്തിൽ ചരിച്ച ഞങ്ങൾ
വിണ്ണിലും കാണട്ടെ പാദമുദ്ര
ദിവ്യശരീരമുൾക്കൊണ്ട ഞങ്ങൾ
നിത്യമാം ജീവൻ പുണർന്നിടട്ടെ.

അങ്ങയെ പാടിസ്തുതിച്ച ഞങ്ങൾ
ആശിസ്സു പൂർണമായ് നേടിടട്ടെ
ഞങ്ങളിലെന്നുമനന്തമായി
താവകസ്നേഹം വസിച്ചിടട്ടെ.

നിൻസ്തുതി പാടുവാനായി ഞങ്ങൾ
സ്നേഹത്തിലെന്നും വളർന്നീടട്ടെ
യാചനകൾക്കായ് തുറന്നീടേണേ
വിൺവാതിൽ, സ്വീകാര്യരാകുവാനായ്.

www.malankaralibrary.com

സമാപനാശീർവാദം

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

കാർമി. ദൈവപിതാവുതൻ സൂനുവാൽ
പാവനാത്മാവിന്റെ ദാനങ്ങൾ
കാരുണ്യമാർന്നേകി, മാനവർ
കൈവരിക്കാൻ സ്വർഗജീവിതം.

സമൂ. ആമ്മേൻ.

കാർമി. അക്ഷയഭാഗ്യത്തിൽ ചേരുവാൻ
ആത്മാവിൽ ശാന്തി തളിർക്കുവാൻ
നിത്യമനോഹരനാകത്തിൻ
നിസ്തുലസൗഭാഗ്യം തന്നിതാ.

സമൂ. ആമ്മേൻ.

കാർമി. നവ്യമാംജീവൻ പകർന്നിടും
സന്ദേശമെന്നെന്നുമോർത്തിടാം.
ദിവ്യശരീരവും രക്തവും
സ്വീകരിക്കുന്നവർ ജീവിക്കും.

സമൂ. ആമ്മേൻ.

കാർമി. അന്ത്യദിനത്തിന്റെ ശാന്തിയിൽ
ശിക്ഷാവിധി കാണാതാദിനം
ഉത്ഥാനമേകും ഞാനാ മർത്ത്യർ
നിത്യതപൂകുവാനെന്നുമേ.

സമൂ. ആമ്മേൻ.

കാർമി. ദിവ്യമാമീബലി നല്കീടും
നിത്യമഹത്ത്വത്തിൽ മുങ്ങുവാൻ
ദൈവികദാനങ്ങൾ നിങ്ങളിൽ
പൂർണപ്രഭാരശ്മിതൂകട്ടെ.

സമൂ. ആമ്മേൻ.

കാർമി. കുരിശാലെ മുദ്രിതരായ് നിങ്ങൾ
സർവവിപത്തുമകന്നിനി
സംരക്ഷപുല്കുമാറാകട്ടെ ✠
ഇപ്പോഴുമെപ്പോഴുമെന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

(സാധാരണദിവസങ്ങളിൽ)

കാർമി. ദൈവികമാമീതിരുബലിയാൽ
നാഥനെ വാഴ്ത്തി വണങ്ങീ നാം
ദിവ്യരഹസ്യം മാനവരിൽ
ജീവൻ നിത്യം പകരട്ടെ.

സമൂ. ആമ്മേൻ.

കാർമി. ദൈവികരാജ്യമഹത്ത്വത്തിൽ
നിത്യാനന്ദം നല്കിടുവാൻ
വാനവരൊത്തു വലംഭാഗം
ദൈവം കനിവാർന്നരുളട്ടെ.

സമൂ. ആമ്മേൻ.

കാർമി. തിരുസ്സുതൻ പ്രിയതനയരിലും
നമ്മിൽ ലോകം മുഴുവനിലും
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും ✠
വരവും കൃപയും ചൊരിയട്ടെ.

സമൂ. ആമ്മേൻ.

(മരിച്ചവരുടെ അനുസ്മരണാദിവസങ്ങളിൽ)

കാർമി. പാവനമങ്ങേസന്നിധിയിൽ
പ്രാർഥന നിത്യമണയ്ക്കുന്നു.
നാഥാ, മാനവയാചനകൾ
കൈക്കൊള്ളണമേ കനിവോടെ.

സമൂ. ആമ്മേൻ.

കാർമി. ബലികളുമതുപോൽ കാഴ്ചകളും
കൃപയൊടു തൃക്കൺപാർത്തെന്നും
മൃതരുടെ പാപം നീക്കണമേ
വാനവരാജ്യം നല്കണമേ.

സമൂ. ആമ്മേൻ.

കാർമി. ആബേലങ്ങേ സന്നിധിയിൽ
ജീവിതബലിയന്നർപ്പിച്ചു
നീതിയെഴുന്നോരബ്രാഹം
യോബും നോഹും പൂജിതരായ്.

സമൂ. ആമ്മേൻ.

www.malankaralibrary.com

കാർമി. അന്നുപ്രവാചകനേലിയയും
ശ്ലീഹന്മാരുമണച്ചതുപോൽ
ഞങ്ങളണച്ചൊരു തിരുബലി നീ
കനിവൊടു തൃക്കൺപാർക്കണമേ.

സമൂ. ആമ്മേൻ.

കാർമി. കർത്താവേ, നിൻ ദാസന്നായ്
(ദാസിക്കായ് / ദാസർക്കായ്)
അർപ്പിക്കുന്നീ ബലി ഞങ്ങൾ
വിധവയണച്ചൊരു നേർച്ചസമം
കൈക്കൊള്ളണമീ ദിവ്യബലി.

സമൂ. ആമ്മേൻ.

കാർമി. വാനവരൊത്തുനിരന്തരമാ
മഹിമയെഴും തിരുരാജ്യത്തിൽ
താവകഗീതികൾ പാടിടുവാൻ
കനിവാർന്നിവരെ ചേർക്കണമേ.

സമൂ. ആമ്മേൻ.

കാർമി. നാഥാ, താവക തിരുബലിയിൽ
പങ്കാളികളായ്ത്തീർന്നവരാം
ഞങ്ങൾക്കരുളുക വരദാനം ✠
ഇപ്പൊഴുമെപ്പൊഴും എന്നേക്കും.

സമൂ. ആമ്മേൻ.

www.malankaralibrary.com

അനുബന്ധം

II

പ്രാരംഭഗീതം

കാർമി. പെസഹായുടെ തിരുനാളിൽ
മിശിഹായരുൾചെയ്തതുപോൽ
പരിപാവനമാമീ ബലി
പുരുമോദമൊടർപ്പിക്കാം.

സമൂ. കരുണാമയനീശോതൻ
തിരുവായ്മൊഴിപോലിപ്പോൾ
പരിചോടീ ദിവ്യബലി
തിരുമുമ്പിലണച്ചീടാം.

അത്യുന്നതങ്ങളിൽ

കാർമി. അത്യുന്നതമാം സ്വർഗത്തിൽ
നിത്യവുമീശനു സ്തുതിഗീതം.

സമൂ. മർത്ത്യനു ശാന്തി നിരന്തരമാം
പ്രത്യാശയുമീ ഭൂമിയിലും.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ

കാർമി. സ്വർഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
തിരുനാമം പൂജിതമായിടേണം.
വരണമേ നിന്നുടെ രാജ്യമീ ഭൂമിയിൽ
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ.

സമൂ. സ്വർഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
നിസ്തുലമായ മഹിമാവുതൻ
നിരവദ്യശോഭയാൽ നിറയുന്നു സന്തതം
നിരുപമസ്വർഗവും ഭൂതലവും.

www.malankaralibrary.com

പരിചോടു പാടുന്നു മാലാഖമാരുടെ
നിരയോടു ചേർന്നിതാ മർത്ത്യവൃന്ദം:
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീയെന്നും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ.

സ്വർഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
തിരുനാമം പൂജിതമായിടേണം.
വരണം നിൻരാജ്യം, ഭവിക്കണം ഭൂമിയിൽ
തിരുവിഷ്ടം സ്വർഗത്തിലെന്നപോലെ.

തരണമേ ഞങ്ങൾക്കു വേണ്ടതാമാഹാരം
കരുണയോടിന്നു ദയാനിധിയേ
കനിവാർന്നു നാഥാ, പൊറുത്താലും ഞങ്ങൾതൻ
കടമെല്ലാം ഞങ്ങൾ ക്ഷമിച്ചപോലെ.

സതതം പരീക്ഷയിൽ വീഴാതെയെന്നെന്നും
സുതരെ പരിരക്ഷിച്ചീടണമേ.
ഒരുനാളും ദുഷ്ടന്റെ കൈണിയിൽ പതിക്കാതെ
കരുണയാൽ ഞങ്ങളെ കാത്തിടണേ.

അഖിലാണ്ഡമേകമാം വചനത്തിൻ ശക്തിയാൽ
വിരചിച്ചുവാണിടും പരമനാഥാ
പരിചോടു രാജ്യവും ശക്തിമഹത്ത്വവും
നിരൂപിക്കിൽ നിന്റേതാണെന്നുമാമ്മേൻ.

കാർമി. സ്തുതിപാടാം നമ്മൾക്കു താതനും പുത്രനും
പരിശുദ്ധ റൂഹായ്ക്കുമെന്നുമെന്നും
പരിചിൽ മുഴങ്ങട്ടെയാദിയിലെന്നപോൽ
തിരുനാമസ്തുതിഗീതമെന്നുമാമ്മേൻ.

സമൂ. സ്വർഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
തിരുനാമം പൂജീതമായിടേണം.
വരണമേ നിന്നുടെ രാജ്യമീ ഭൂമിയിൽ
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ.

സ്വർഗത്തിൽ വാഴുന്ന നിത്യനാം താതാ നിൻ
നിസ്തുലമായ മഹിമാവുതൻ
നിരവദ്യശോഭയാൽ നിറയുന്നു സന്തതം
നിരുപമസ്വർഗവും ഭൂതലവും.

www.malankaralibrary.com

പരിചോടുപാടുന്നു മാലാഖമാരുടെ
നിരയോടു ചേർന്നിതാ മർത്ത്യവൃന്ദം:
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീയെന്നും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ.

സങ്കീർത്തനം 27

ദൈവമെന്റെ രക്ഷകൻ
ദൈവമെന്റെ നായകൻ
ദൈവമെന്റെ ആശ്രയം
ദൈവമെന്റെ സർവ്വവും.

സൈന്യമെന്നെ വളഞ്ഞാലും
വൈരികൾ പിന്തുടർന്നാലും
ഭീതിയില്ലെനിക്കു തെല്ലും
ദൈവമാണെൻ പാലകൻ.

നിയതമങ്ങേ വസതിയിൽ
കഴിയുവാനെൻ മോഹം
മധുരമങ്ങേ മഹിമയിൽ
മറയുവാനെൻ ദാഹം.

കണ്ണിനങ്ങേ കതിരുകൾ
കണ്ടു കണ്ടു മയങ്ങണം
കാതിനങ്ങേ കനിവെഴും
കഥകൾ കേട്ടു ലയിക്കണം.

സങ്കീർത്തനം 144

കാർമി. മാമകരാജാവാം ദൈവമേ നിൻ തിരു-
നാമം പുകഴ്ത്തും ഞാനെന്നുമെന്നും
പാടിപ്പുകഴ്ത്തും ഞാൻ നിന്നപദാനങ്ങൾ
ചേണെഴും വാങ്മയത്തൂമധുവാൽ.

സമൂ. മാമകരാജാവാം ദൈവമേ, നിൻ തിരു-
നാമം പുകഴ്ത്തും ഞാനെന്നുമെന്നും
നാഥൻ മഹിമനിറഞ്ഞവനാണങ്ങേ
നാമം സ്തുതിക്കർഹമെന്നുമെന്നും.

www.malankaralibrary.com

സീമയെഴാത്ത മഹത്ത്വത്താൽ പൂരിതൻ
മാമകനാഥൻ, തൻ ചെയ്തികളെ
പാരം പ്രകീർത്തിച്ചിടുന്നു തലമുറ-
തോറുമീയൂഴിയിൽ മർത്ത്യപുത്രർ.

ശക്തമാം നിന്റെ പ്രവൃത്തികളൊക്കെയും
മർത്ത്യർ പ്രഘോഷിക്കും ഭക്തിപൂർവം
കണ്ണുകളഞ്ചിക്കും നിൻമഹിമാവിന്റെ
കാന്തിയെ വർണിച്ചു പാടിടും ഞാൻ.

താവകനന്മകൾ തേടിടുമെന്നെന്നും
നീതിമാന്മാരായ നിന്റെ മക്കൾ
സാമോദം കണ്ടെത്തും നിന്റെയനുഗ്രഹ-
പ്പൂമഴ പാരിലാ ഭാഗ്യവാന്മാർ.

പാരം ദയാലുവാം കർത്താവു കാരുണ്യ-
വാരിധിയാണെന്നറിഞ്ഞിടേണം
ചിന്മയനേറ്റവും ശാന്തനാണങ്ങയിൽ
നന്മനിറഞ്ഞു തുളുമ്പിടുന്നു.

മാരികണക്കെ പൊഴിയുന്നു കർത്താവിൻ
കാരുണ്യം തന്നുടെ ദാസന്മാരിൽ
നന്ദിനിറഞ്ഞവർ പാടിപ്പുകഴ്ത്തുന്നു.
നിന്നുടെ നന്മകളെന്നുമെന്നും.

താവകരാജ്യത്തിൻ നിത്യമഹത്ത്വത്തെ
ഭൂവിൽപ്പുകഴ്ത്തുന്നു നീതിമാന്മാർ
പാടവമോടവർ വർണിച്ചിടുന്നു നിൻ
പാണിതൻ വൈഭവം പാരിലെങ്ങും.

നിത്യവും സ്തുത്യർഹനായിടും കർത്താവേ,
നിത്യം നിലനില്ക്കും നിന്റെ രാജ്യം
ഉന്നതമാകിയ നിന്നധികാരവു-
മെന്നും നിലനില്ക്കും സുസ്ഥിരമായ്.

www.malankaralibrary.com

വിശ്വസ്തനാകുന്നു തന്നുടെ വാഗ്ദാന-
മൊക്കെ നിറവേറ്റും സർവശക്തൻ
അന്യൂനം നീതി നിറഞ്ഞവനാണങ്ങു
തന്നുടെ ചെയ്തികളൊക്കെയിലും.

ശക്തമാം തന്നുടെ പാണിയാൽ താങ്ങുന്നു
കർത്താവു പൂഴിയിൽ വീഴുവോരെ
വേഗം പിടിച്ചുയുർത്തുന്നു നിരാമയൻ
പാരിൽ നിപതിച്ചവരെയെല്ലാം.

സൃഷ്ടികൾക്കൊക്കെയും നാഥനാം കർത്താവിൻ
ദൃഷ്ടി പതിക്കുന്നു ലോകമെല്ലാം
തൃക്കരംകൊണ്ടവൻ നല്കുന്നിതാഹാരം
തക്കസമയത്തു വേണ്ടുവോളം.

നീതിനിറഞ്ഞവയാണല്ലോ കർത്താവിൻ
പാതകളൊക്കെയുമോർത്തിടുകിൽ
പാരം കൃപാപൂർണമാണു തൻ ചെയ്തികൾ
പാടിപ്പുകഴ്ത്തുവിൻ തന്റെ നാമം.

നിർമലമാനസമോടു വിളിപ്പവർ-
ക്കെന്നും സമീപസ്ഥനാണു നാഥൻ
തന്നുടെ ഭക്തർതൻ വാഞ്ഛിതമൊക്കെയും
ഉന്നതനങ്ങു സഫലമാക്കും.

നാഥനവരുടെ പ്രാർഥന കേൾക്കുന്നു
പ്രീതനായ് രക്ഷയും നല്കിടുന്നു
കർത്താവു തന്നുടെ ഭക്തരെയൊക്കെയും
നിത്യവും പാലിച്ചിടുന്നു മോദാൽ.

ശക്തിയേറുന്ന ഭുജത്താൽ നശിപ്പിക്കും
ദുഷ്ടജനങ്ങളെയാകെ നാഥൻ
പാടിടുമെന്റെയധരങ്ങൾ കർത്താവിൻ
പാവനനാമത്തിൻ ഗീതകങ്ങൾ.

പാരിടമെങ്ങും നിറഞ്ഞുകവിയുന്ന
ജീവജാലങ്ങളനവരതം
വാഴ്ത്തിപ്പുകഴ്ത്തിടും തൻതിരുനാമത്തെ
വാഴ്ത്തുവിൻ നിങ്ങളും തൻ മഹത്ത്വം.

www.malankaralibrary.com

സകലത്തിന്റെയും നാഥാ

ഗായക. സകലലോകനായകാ,
സമൂ. നമിച്ചിടുന്നുനിൻപദം
പ്രിയമോടീശോ നാഥനേ,
പുകഴ്ത്തിടുന്നു നിന്നെ ഞാൻ.
അരുളിടുന്നു മേനികൾക്കു
നീയുയിർപ്പു ദൈവമേ,
പരിചൊടാത്മ രക്ഷയും
തരുന്നു നാഥനായ നീ.

ത്രിശുദ്ധകീർത്തനം

ശുശ്രൂ. ശബ്ദമുയർത്തുക സർവരുമേ,
കർത്താവിൻ സ്തുതി പാടിടുവിൻ
നിത്യം ജീവിക്കുന്നവനാം
നാഥനെ വാഴ്ത്തിപ്പാടിടുവിൻ.

ഗായക. പരിശുദ്ധൻ നീ സർവേശാ,
സമൂ. പരിശുദ്ധൻ നീ ബലവാനേ,
പരിശുദ്ധൻ നീ അമർത്ത്യനേ,
കൃപ നീ ഞങ്ങൾക്കേകണമേ.

പ്രകീർത്തനം

കാർമി. ആകാശമണ്ഡലം വാഴ്ത്തിപ്പുകഴ്ത്തുന്നു
സാനന്ദം ദൈവമഹത്ത്വമെന്നും.
പാവനാത്മാവിന്റെ ഗീതികളാദരാൽ
പാടി, ഹല്ലേലുയ്യാഗീതികളാൽ
ധന്യനാം മാർ തോമാശ്ലീഹാതന്നോർമയും
(കർത്താവിൻ ദിവ്യജനനത്തിന്നോർമയും)
നമ്മൾക്കുകൊണ്ടാടാം ഹല്ലേലുയ്യാ.

ശുശ്രൂ. II തൻകരവൈഭവമല്ലോ വിളംബരം
ചെയ്യുന്നു നീലവിശാലവാനം.

www.malankaralibrary.com

സമൂ. പാവനാത്മാവിന്റെ ...

കാർമി. നിത്യപിതാവിനും പുത്രനും റൂഹായ്ക്കും
നിത്യം സ്തുതി നമുക്കാലപിക്കാം.

സമൂ. പാവനാത്മാവിന്റെ ...

ശുശ്രൂ. I ആദിയിലെപ്പോലെയിപ്പോഴുമെപ്പോഴു-
മായി ഭവിക്കട്ടെയെന്നുമാമ്മേൻ.

സമൂ. പാവനാത്മാവിന്റെ ...

ഹല്ലേലുയ്യാഗീതം

ഹല്ലേലുയ്യാ പാടാം ഹല്ലേലുയ്യാ പാടാം
ഹല്ലേലുയ്യാ പാടാം മോദമോടെ.

മാമകചിത്തത്തിലിന്നു മനോജ്ഞമാ-
മാശയമൊന്നു തുളുമ്പി നില്പൂ.

ആലപിച്ചീടും ഞാൻ കീർത്തനമായതു
രാജാവിൻ മുമ്പിലിന്നിമ്പമോടെ.

എന്നുടെ നാവിപ്പോളേറ്റമനുഗ്രഹം
ചേർന്ന കവിയുടെ തൂലികപോൽ.

താതനും പുത്രനും പാവനാത്മാവിനും
സ്തോത്രമുണ്ടാകട്ടെയുന്നതത്തിൽ.

ആദിമുതൽക്കെന്നപോലെ ഭവിക്കട്ടെ
ഇപ്പൊഴുമെപ്പൊഴുമെന്നുമാമ്മേൻ.

ദിവ്യരഹസ്യഗീതം

ഗായക. പരിശുദ്ധമീബലിപീഠത്തിൽ കർത്താവിൻ
സമൂ. തിരുമെയ്യും ദിവ്യമാം തിരുരക്തവും.
ഭയഭക്തിയോടെനമുക്കണഞ്ഞിടാമി
തിരുസന്നിധാനത്തിലീനിമിഷം.

www.malankaralibrary.com

ചിറകുവിരുത്തിയ മാലാഖമാരുടെ
നിരയോടുചേർന്നു മനോജ്ഞമായി
പരിശുദ്ധൻ പരിശുദ്ധൻ ദൈവമാം കർത്താവു
പരിശുദ്ധനെന്നു നമുക്കു പാടാം.

വിശ്വാസപ്രമാണം

കാർമി. സർവ്വശക്തനും പിതാവുമാകുമേകനീശനിൽ
ഞങ്ങൾ വിശ്വസിച്ചിടുന്നു ഭക്തിയാർന്നുനിത്യവും.

സമൂ. വിശ്വസിച്ചിടുന്നു ദൃശ്യമെന്നപോലദൃശ്യമാം
വിശ്വമൊക്കെയും രചിച്ച സർവസൃഷ്ടിനാഥനിൽ.

സർവനാഥനായൊരീശനുള്ളോരേകപുത്രനിൽ
സർവസൃഷ്ടികൾക്കുമുമ്പുമുള്ളോരാദ്യജാതനിൽ.

നിത്യനാം പിതാവിൽനിന്നു ജാതനെന്നിരിക്കിലും
സൃഷ്ടിയായ് ഭവിച്ചിടാത്തൊരേകനാഥനീശോയിൽ

വിശ്വസിച്ചിടുന്നു ഞങ്ങൾ, സത്യദൈവമാണവൻ
സത്തയിൽ പിതാവുമൊത്തു നിത്യമേകനാണവൻ.

സംവിധാനമങ്ങുചെയ്തുവിശ്വമാകെ ഭംഗിയിൽ
സൃഷ്ടമായിതങ്ങയാൽ സമസ്തസൃഷ്ടിജാലവും.

മർത്ത്യരാം നമുക്കു രക്ഷയേകിടാൻ ദയാന്വിതം
സ്വർഗലോകവും വെടിഞ്ഞു താണിറങ്ങിവന്നവൻ.

ദിവ്യമാമരൂപിയാലെ കന്യയായമേരിയിൽ
നിന്നു മേനിയും ധരിച്ചു മർത്ത്യനായ് പിറന്നവൻ.

പീഡകൾ സഹിച്ചു പീലാത്തോസു വാഴും നാളിലായ്
ക്രൂശിൽ ജീവനേകി വയ്ക്കപ്പെട്ടു കല്ലറയ്ക്കകം.

പിന്നെ മൂന്നാംനാളുയിർത്തു തിരുവെഴുത്തു ചൊന്നപോൽ
തുംഗമാം മഹത്ത്വമോടു തന്റെ ദിവ്യശക്തിയാൽ

പൂകി സ്വർഗലോകമങ്ങു, വാണിടുന്നു പൂജ്യനാം
താതനുള്ള വലതുഭാഗം ചേർന്നുനിത്യമഹിമയിൽ.

വീണ്ടുമങ്ങണഞ്ഞിടും വിധിക്കുവാൻ സജീവരാം
മർത്ത്യരോടുകൂടി മൃത്യു നിദ്രപുൽകിയോരെയും.

www.malankaralibrary.com

വിശ്വസിച്ചിടുന്നു ഞങ്ങളേക ദിവ്യാത്മാവിലും
ശ്ലൈഹികം പവിത്രമേക സാർവത്രിക സഭയിലും.

പാപമോചനത്തിനുള്ളോരേകമാമോദീസയും
മേനിതന്നുയിർപ്പും നിത്യമായിടുന്നൊരായുസ്സും.

ഏറ്റുചൊല്ലിടുന്നു ഞങ്ങളാദരാൽ നിരന്തരം
ഏറ്റുചൊല്ലിടുന്നു ഭക്തിപൂർവമെന്നുമെന്നുമേ.

ഭാഷണകാനോന

കാർമി. നമ്മോടൊപ്പം കർത്താവിൻ
കൃപയും നിത്യപിതാവിന്റെ
സ്നേഹവുമതുപോൽ റൂഹാതൻ ✠
സഹവാസവുമുണ്ടാകട്ടെ.

സമൂ. ആമ്മേൻ

കാർമി. ഉന്നതസ്വർഗംതേടട്ടെ
നിങ്ങടെ ഹൃദയവിചാരങ്ങൾ.

സമൂ. അബ്രാഹം പുനരിസഹാക്കും
യാക്കോബിവരുടെ കർത്താവേ,
പരമാരാധ്യൻ രാജാവേ,
പാവനമാം നിൻസന്നിധിയിൽ.

കാർമി. സകലചരാചരനാഥന്നായ്
പരിചൊടുനാംബലിയർപ്പിപ്പൂ.

സമൂ. ന്യായ്യമതെന്നും യുക്തവുമാം
ന്യായ്യമതെന്നും യുക്തവുമാം.

പരിശുദ്ധൻ

കാർമി. ഒരുമയിലവരുദ്ഘോഷിപ്പൂ
ഉച്ചസ്വരത്തിൽ നിരന്തരമായ്
തിരുസന്നിധിയിൽ സകലേശാ
നിസ്തുലമാം നിൻസ്തുതിഗീതം.

www.malankaralibrary.com

സമൂ. ബലവാനായൊരു കർത്താവാം
ദൈവം നിത്യം പരിശുദ്ധൻ
പരിശുദ്ധൻ തൻ മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറയുന്നു.
ഉയരങ്ങളിലായോശാന
ദാവീദാത്മജനോശാന
കർത്താവിൻ തിരുനാമത്തിൽ
വന്നവനിനിവരുവാനുള്ളോൻ
എന്നുമനുഗ്രഹസമ്പന്നൻ
ഉയരങ്ങളിലവനോശാന.

തിരുശ്ശരീരം ഉയർത്തുമ്പോൾ

സമൂ. സ്വർഗത്തിൽ നിന്നുമിറങ്ങിയ ജീവന്റെ
അപ്പമാകുന്നു ഞാൻ സ്നേഹപൂർവ്വം

എന്നെ സമീപിച്ചു സ്വീകരിക്കുന്നവ-
രെന്നെന്നും ജീവിക്കും, സ്വർഗരാജ്യം

നേടുമവരെന്നും ശിഷ്യരോടോതിനാൻ
മാനവരക്ഷകനേശുനാഥൻ.

തന്റെതിരുവിഷ്ടം പൂർത്തിയാക്കീടുന്ന
ക്രോവേമാർ, സ്രാപ്പേമാർ, മുഖ്യദൂതർ

സാദരമീ ബലിപീഠത്തിൻ മുമ്പിലായ്
കുമ്പിട്ടുനില്ക്കുന്നു ഭക്തിപൂർവം.

പാപകടങ്ങൾതൻ ശാന്തിക്കായീശോതൻ
പൂജ്യശരീരം വിഭജിച്ചീടും

വൈദികനെത്തന്നെ സൂക്ഷിച്ചുവീക്ഷിച്ചു
നില്ക്കുന്നവർ ഭയഭക്തിയോടെ

നീതിതൻ വാതിൽ തുറക്കുക ഞങ്ങൾക്കായ്
നീതിമാനായ നിൻകാരുണ്യത്താൽ

പാപികൾ ഞങ്ങളെ തന്റെ സവിധത്തിൽ
മാടിവിളിച്ച കൃപാനിധിയേ,

www.malankaralibrary.com

പാരമനുതപിക്കുന്നവർക്കൊക്കെയും
വാതിൽ തുറന്നുകൊടുപ്പവനേ

സാദരം നിൻതിരുസന്നിധിയിൽ ഞങ്ങൾ
രാപകൽ കീർത്തനമാലപിക്കും.

അനുതാപകീർത്തനം

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ശുശ്രൂ. ഭിന്നത, തർക്കങ്ങളൊക്കെയകറ്റിടാം
അന്തരംഗം പരിശുദ്ധമാക്കാം.

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ശുശ്രൂ. ശത്രുത, വിദ്വേഷമാകെ വെടിഞ്ഞുനാ-
മാത്മാക്കൾ പാവനമാക്കിടേണം.

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ശുശ്രൂ. ഭക്തിയോടീശോയെ കൈക്കൊണ്ടു റൂഹാതൻ
ശക്തിയാൽ നിർമലരായ് ഭവിക്കാം.

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ശുശ്രൂ. യോജിപ്പുമൈക്യവും ചേർന്നവരായിന്നു
ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാം.

സമൂ. കർത്താവേ, ദാസർതൻ പാപകടങ്ങൾ നീ
മോചിച്ചീടേണം കരുണയാലേ.

ശുശ്രൂ. ഞങ്ങൾക്കിവ രക്ഷയുത്ഥാനമെന്നിവ-
യ്ക്കങ്ങിന്നു കാരണമാക്കിടേണം.

സമൂ. നിത്യമാം ജീവനും കാരണമാകട്ടെ
സ്തുത്യർഹമീബലിയെന്നുമാമ്മേൻ.

www.malankaralibrary.com

സമാപനാശീർവാദം

കാർമി. കർത്താവാമീശോമിശിഹാവഴിയായി
നിത്യപിതാവായ ദൈവമിപ്പോൾ
പാവനാത്മാവിന്റെ ദാനങ്ങൾ നമ്മളിൽ
വർഷിച്ചനുഗ്രഹമേകിയല്ലോ.

സ്വർഗലോകത്തിൽ മഹിമയ്ക്കായ് നമ്മളെ
ദൈവം കനിഞ്ഞു വിളിച്ചുവല്ലോ.
അക്ഷയമായൊരു സൗഭാഗ്യം നേടുവാൻ
നമ്മെ നയിച്ചങ്ങു സ്നേഹപൂർവം.

"മാമകഗാത്രം ഭുജിക്കയുമെൻ നിണം
പാനം കഴിക്കയും ചെയ്യുന്നവൻ
എന്നിലും ഞാനങ്ങവനിലും വാണിടു-
മെന്നല്ല, നിശ്ചയമന്ത്യനാളിൽ.

ഞാനുയിർപ്പിക്കുമവനെയവൻ ശിക്ഷ
കാണാതെ സ്വർഗത്തിൽ ചെന്നുചേരും."
ഏവമരുളിയ നാഥന്റെ വാഗ്ദാനം
പോലെയീ ദിവ്യബലിയിലിപ്പോൾ.

പങ്കുവഹിച്ചൊരു നമ്മെയനുഗ്രഹ-
സമ്പന്നരാക്കട്ടെ സർവശക്തൻ
ദൈവികമായ രഹസ്യങ്ങൾ കൈക്കൊണ്ടു
സന്തുഷ്ടരായൊരു നമ്മെയെല്ലാം
കാരുണ്യവാനായ ദൈവം മഹത്ത്വത്തിൻ
ചാരുവസനമണിയിക്കട്ടെ.

ജീവനേകുന്ന കുരിശടയാളത്താൽ
മുദ്രിതരാകട്ടെ നമ്മളെല്ലാം
നാനാവിപത്തുകൾ തന്നിൽ നിന്നിപ്പോഴു ✠
മെപ്പോഴും രക്ഷിതരായിടട്ടെ.

സമു. ആമ്മേൻ.

www.malankaralibrary.com

ഖാനാ: ഇല്ലാ ആദ്യ മുതൽ അവസാനം
വരെയുള്ള ഭാഗം ഒരു പ്രാവശ്യം ചൊല്ലുക. ഈ
പ്രാർത്ഥന ഏഴു പ്രാവശ്യം ചൊല്ലുന്നു: ഓരോ
പ്രാവശ്യവും ഓരോ കുരിശു വരയ്ക്കുന്നു: ഓരോ
തവണയും ഓരോ കുമ്പിടീൽ നടത്തുന്നു.

ഏഴാമത്

ഏഴു പ്രാവശ്യം ആദ്യം മുതൽ അവസാനം: ഓരോ
തവണയും ഓരോ കുരിശു വരയ്ക്കുന്നു. ഓരോ
പ്രാവശ്യവും ഓരോ കുമ്പിടീൽ നടത്തുന്നു. **മറ്റേ:** വരെ.

എട്ടാമത്

ഗ്രന്ഥവായന

ഉടനെ ആരാധനക്രമ പുസ്തകം എടുത്ത്
അതിലെ ഏതെങ്കിലും ഒരു ഭാഗം വായിക്കുന്നു.
ഇതിനു ശേഷം ഒരു പ്രാർത്ഥന ചൊല്ലുന്നു:
അതിനു ശേഷം ഒരു ഗീതം പാടുന്നു: അതിനു
ശേഷം ഒരു പ്രാർത്ഥന ചൊല്ലുന്നു: ഓരോ
പ്രാവശ്യവും ✠ ഓരോ കുരിശു വരയ്ക്കുന്നു.
മറ്റേ: വരെ

www.malankaralibrary.com

ഖണ്ഡം: ഇന്നലെ രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു. ഞാൻ ഒരു ഉദ്യാനത്തിൽ ആയിരുന്നു. അവിടെ ധാരാളം പൂക്കൾ ഉണ്ടായിരുന്നു.

അനു: ഏതൊക്കെ നിറത്തിലുള്ള പൂക്കൾ. അവയുടെ പേരെന്തായിരുന്നു.

ഖണ്ഡം: അവയിൽ ചുവപ്പ് നിറത്തിലുള്ള പൂക്കൾ ഉണ്ടായിരുന്നു. അവയുടെ പേര് എനിക്കറിയില്ല.

അനു: അവയുടെ ഇതളുകൾ എങ്ങനെയുള്ളതായിരുന്നു. അവയുടെ ഗന്ധം എങ്ങനെയുള്ളതായിരുന്നു.

ഭാഷാഭ്യാസം

ഖണ്ഡം: ഈ ഭാഗത്തിലെ ക്രിയാപദങ്ങൾ ഏതൊക്കെയാണ്?

അനു: ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയാപദങ്ങൾ ഇവയാണ്. കണ്ടു. ഉണ്ടായിരുന്നു. അറിയില്ല. ഇവയുടെ കാലം ഭൂതകാലമാണ്. ഇന്നലെ രാത്രി എന്നതിനാൽ ഭൂതകാലം തന്നെ ഉപയോഗിക്കണം.

www.malankaralibrary.com

ഉദ്ഘടനം

അവതാരകൻ: ഉദ്ഘാടകനായ ശ്രീ ജോൺ കുന്നേൽ അവർകളെ സദസ്സിനു പരിചയപ്പെടുത്തുന്നു.

സംഘാടകൻ: ഉദ്ഘാടനം: ഉദ്ഘാടനം നിർവ്വഹിക്കുന്നു:
ഉദ്ഘാടകൻ ശ്രീ ജോൺ കുന്നേൽ: ഉദ്ഘാടനം നിർവ്വഹിക്കുന്നു.

ഗായകർ: ഈശ്വരാ നീയെന്റെ ഹൃദയത്തിൽ വരേണമേ.

ഉദ്ഘാടനം: ഉദ്ഘാടനം നിർവ്വഹിക്കുന്നു:
ഉദ്ഘാടകൻ ശ്രീ ജോൺ കുന്നേൽ: ഉദ്ഘാടനം നിർവ്വഹിക്കുന്നു.

സംഘാടകൻ: ഈ സദസ്സ് ... ഉദ്ഘാടനം ...

ഈശ്വരാ നീയെന്റെ

ഗായകസംഘം: ഈശ്വരാ നീയെന്റെ ഹൃദയത്തിൽ വരേണമേ
വരേണമേ. നിൻ തിരുമുഖം തെളിയുവാൻ വേണ്ടുവോളമെന്റെ
ഹൃദയം നിറയുവാൻ.

സംഘാടകൻ: ഈ സദസ്സ് നമ്മിൽ നിറയുന്നു.
കഴിഞ്ഞുപോയ വർഷങ്ങളിൽ നാം ചെയ്തുപോന്ന
നന്മകളെ

www.malankaralibrary.com

ഡോക്ടർ: രോഗിക്ക് കുറച്ച് കൊഴുപ്പ് മാത്രമേ ഉണ്ടാകാവൂ.
നഴ്സ്: ഈ ഗുളിക കഴിക്കൂ: ഇതിൽ കൊഴുപ്പ് ഇല്ല.
രോഗി: പക്ഷേ, ഇതിന്റെ രുചി: ഇതിന്റെ രുചി എന്താണ്? പക്ഷേ, ഇതിന്റെ രുചി എന്താണ്? ഇതിന്റെ രുചി എന്താണ്? ഇതിന്റെ രുചി എന്താണ്? ഇതിന്റെ രുചി എന്താണ്? ഇതിന്റെ രുചി എന്താണ്?

കുറച്ച് കാലം

കുറച്ച് കാലം കഴിഞ്ഞ്: ഒരു ദിവസം രാവിലെ രാജാവ് ഉണർന്നപ്പോൾ: തന്റെ മുഖത്ത് ചുളിവുകൾ കണ്ടു.
ഡോക്ടർ: തന്റെ മുഖത്തെ ചുളിവുകൾ മായ്ക്കാൻ ഈ ക്രീം പുരട്ടുക:
കുറച്ച് കാലം കഴിഞ്ഞ്: ഒരു ദിവസം രാവിലെ രാജാവ് ഉണർന്നപ്പോൾ: തന്റെ മുഖത്ത് ചുളിവുകൾ കണ്ടു.രോഗിക്ക് കുറച്ച് കൊഴുപ്പ് മാത്രമേ ഉണ്ടാകാവൂ.
നഴ്സ്: ഈ ഗുളിക കഴിക്കൂ ... കുറച്ച് കാലം ...

www.malankaralibrary.com

അനുബന്ധം III
സുറിയാനിഗീതങ്ങൾ

ഒന്നാം ഭാഗം ഞായർ: ഏഴാം മണി.

ഗീതം: ഏഴാം ശബ്ദം.

ഒന്നാം ഞായർ: ഇടയന്മാർക്കുള്ള ഗീതം. (ക വിടുക.)

ഗീതം ആദ്യം തന്നെ: ഓ ദൈവമേ, നിന്റെ കരുണയിൽ എന്നെ ഓർക്കേണമേ. ആമേൻ.

ഒന്നാം ഞായർ: ഓ ദൈവമേ, നിന്റെ കരുണയിൽ എന്നെ ഓർക്കേണമേ. ആമേൻ.

ഞായർ: ആദ്യം **ഒന്നാം ശബ്ദം:** ഇന്നു രാത്രി ഞാൻ ഉറങ്ങുന്നു: എന്റെ ഹൃദയം ഉണർന്നിരിക്കുന്നു. ആദ്യം ഉറങ്ങുന്നു: ഇന്നു രാത്രി ഞാൻ ഉറങ്ങുന്നു: എന്റെ ഹൃദയം ഉണർന്നിരിക്കുന്നു. ഇതാ എന്റെ പ്രിയൻ വാതിലിൽ മുട്ടുന്നു: എന്റെ പ്രിയൻ, എന്റെ കൂട്ടുകാരൻ, എന്റെ നിഷ്കളങ്കയായ പ്രാവ്, എന്റെ തലമുടി രാത്രിയിലെ മഞ്ഞുതുള്ളികൾകൊണ്ട് നിറഞ്ഞിരിക്കുന്നു. ഞാൻ എന്റെ വസ്ത്രം ഊരിക്കളഞ്ഞു: ഞാൻ എങ്ങനെ അതു ധരിക്കും? ഞാൻ എന്റെ പാദങ്ങൾ കഴുകിക്കഴിഞ്ഞു: ഞാൻ എങ്ങനെ അവയെ മലിനമാക്കും? എന്റെ പ്രിയൻ തന്റെ കൈ വാതിലിന്റെ ദ്വാരത്തിലൂടെ നീട്ടി: എന്റെ ഹൃദയം അവനുവേണ്ടി തുടിച്ചു. ഞാൻ എഴുന്നേറ്റു എന്റെ പ്രിയനു വാതിൽ തുറന്നുകൊടുത്തു: എന്റെ കൈകളിൽനിന്നു മീറ തുള്ളിയിറ്റുന്നു: എന്റെ വിരലുകളിൽനിന്നു ദ്രവീഭവിച്ച മീറ ഒഴുകുന്നു: എന്റെ പ്രിയൻ വന്നു: ഞാൻ അവനെ കണ്ടെത്തി: ഞാൻ അവനെ പിടിച്ചു: ഞാൻ അവനെ വിട്ടുകളയുകയില്ല. ആമേൻ.

www.malankaralibrary.com

ഉള്ളടക്കം

സീറോമലബാർസഭയുടെ കുർബാന: റാസക്രമം 1
മാർ തെയദോറിന്റെ കൂദാശക്രമം 121
മാർ നെസ്തോറിയസിന്റെ കൂദാശക്രമം 149

കാലവ്യത്യാസമനുസരിച്ചു മാറിവരുന്ന പ്രാർഥനകൾ (Propria)

മംഗളവാർത്തക്കാലം 183
പിറവിക്കാലം 194
ദനഹാക്കാലം 205
നോമ്പുകാലം 215
ഉയിർപ്പുകാലം 225
ശ്ലീഹാക്കാലം 235
കൈത്താക്കാലം 245
ഏലിയാ-സ്ലീവ-മൂശെ കാലങ്ങൾ 255
പള്ളിക്കൂദാശക്കാലം 265
ദനഹാത്തിരുനാൾ 277
സ്വർഗാരോഹണത്തിരുനാൾ 288
പന്തക്കുസ്താ തിരുനാൾ 300
കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ 311
വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ 323
പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം 334
പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ (പൊതുവായിട്ടുള്ളത്) 344
മാർ യൗസേപ്പ് പിതാവിന്റെ തിരുനാൾ 354
വിശുദ്ധ സ്നാപകയോഹന്നാൻ 364
മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ 374
മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാർ 385
ശ്ലീഹന്മാരുടെ തിരുനാൾ (പൊതുവായിട്ടുള്ളത്) 395
വിശുദ്ധരുടെ തിരുനാൾ (പൊതുവായിട്ടുള്ളത്) 405
ഇടവക മധ്യസ്ഥന്റെ (മധ്യസ്ഥയുടെ) തിരുനാൾ 416
വിശുദ്ധ കുര്യാക്കോസ് ഏലിയാസ് 428
വിശുദ്ധ മറിയം ത്രേസ്യ 438
വിശുദ്ധ അൽഫോൻസ 448
വിശുദ്ധ എവുപ്രാസ്യ 458
മൂന്നുനോമ്പ് (നിനിവേ ഉപവാസം) 468
മരിച്ചവരുടെ ഓർമ 478
അനുബന്ധം I 491
അനുബന്ധം II 505
അനുബന്ധം III സുറിയാനിഗീതങ്ങൾ 521